# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2021-23)

## മുപ്പത്തിയേഴാമത് റിപ്പോർട്ട്
(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 4.1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ എന്ന വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടിൽ ഉൾപ്പെട്ട ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2021-23)

## മുപ്പത്തിയേഴാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ് മാസം ..10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 4.1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ എന്ന വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടിൽ ഉൾപ്പെട്ട ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | I |
| മുഖവുര | : | II |
| റിപ്പോർട്ട് | : | III |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 187 |
| അനുബന്ധം II | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 219 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)

### ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)യുടെ മുപ്പത്തി ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 4.1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ എന്ന വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടിൽ ഉൾപ്പെട്ട ആലപ്പുഴ , പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 ആഗസ്റ്റ് മാസം 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023, ആഗസ്റ്റ്

# കരട് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 4.1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ എന്ന വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടിൽ ഉൾപ്പെട്ട ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്.

ഓഡിറ്റ് ഖണ്ഡിക

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ

വിവിധ ഫണ്ടുകൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ച ആസ്തികളിൽ പൊതുജനോപകാരപ്രദമല്ലാതെ നിഷ്ക്രിയമായി മാറിയവയുടെ സമഗ്രമായ വിലയിരുത്തലാണ് ഈ അവലോകന റിപ്പോർട്ടിലൂടെ നടത്തിയിരിക്കുന്നത്. കൂടാതെ, യഥാർത്ഥ ലക്ഷ്യങ്ങൾ നേടാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളും ശരിയായ വിധത്തിൽ പ്രവർത്തിക്കാത്തവയും അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ നിഷ്ക്രിയമാവാനുള്ള കാരണങ്ങളും പഠനവിധേയമാക്കിയിട്ടുണ്ട്.

ഒൻപതാം പഞ്ചവൽസര പദ്ധതി മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃതാസൂത്രണം വർദ്ധിച്ച തോതിലുള്ള സാമ്പത്തിക സ്വാതന്ത്ര്യമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ 40 ശതമാനം വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിവരുന്നു. പുതിയ ആസ്തികൾ ആർജ്ജിക്കുവാനും നിലവിലുള്ളവയെ പരിപോഷിപ്പിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാഹചര്യം വളരെയേറെ സഹായകരമായിട്ടുണ്ട്. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ആസ്തികളിൽ വൻതോതിലുള്ള വർദ്ധനവ് 9, 10, 11, 12 പദ്ധതിക്കാലയളവുകളിലായി ഉണ്ടായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ആർജ്ജിച്ച ആസ്തികളുടെ പ്രയോജനവും പരിപാലനവുമാണ് ഈ

വിഷയാധിഷ്ഠിത അവലോകനത്തിൽ പഠനവിധേയമാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുമുള്ള 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നിഷ്ക്രിയാസ്തികൾ സംബന്ധിച്ച് വിഷയാധിഷ്ഠിത അവലോകനം നടത്തിയിരിക്കുന്നത് (അവലോകന വിധേയമാക്കിയ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം ആയി താഴെ നൽകിയിരിക്കുന്നു). ഇവയിൽ 166 ഗ്രാമപഞ്ചായത്തുകളും 21 ബ്ലോക്ക് പഞ്ചായത്തുകളും 2 ജില്ലാ പഞ്ചായത്തുകളും 23 മുനിസിപ്പാലിറ്റികളും 5 മുനിസിപ്പൽ കോർപ്പറേഷനുകളും ഉൾപ്പെടുന്നു.

## അനുബന്ധം

## നിഷ്ക്രിയാസ്തികൾ – അവലോകന വിധേയമാക്കിയ സ്ഥാപനങ്ങൾ

| | | |
|---|---|---|
| തിരുവനന്തപുരം | 1. | ബാലരാമപുരം ഗ്രാമപഞ്ചായത്ത് |
| | 2 | ആറ്റിങ്ങൽ നഗരസഭ |
| | 3 | ആര്യനാട് ഗ്രാമപഞ്ചായത്ത് |
| | 4 | വെമ്പായം ഗ്രാമപഞ്ചായത്ത് |
| | 5 | കല്ലിയൂർ ഗ്രാമപഞ്ചായത്ത് |
| | 6 | പൂവാർ ഗ്രാമപഞ്ചായത്ത് |
| | 7 | കരകുളം ഗ്രാമപഞ്ചായത്ത് |
| | 8 | കഠിനംകുളം ഗ്രാമപഞ്ചായത്ത് |
| | 9 | ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് |
| | 10 | വെള്ളറട ഗ്രാമപഞ്ചായത്ത് |
| | 11 | വെട്ടൂർ ഗ്രാമപഞ്ചായത്ത് |
| | 12 | അതിയന്നൂർ ഗ്രാമപഞ്ചായത്ത് |
| | 13 | കിളിമാനൂർ ഗ്രാമപഞ്ചായത്ത് |
| | 14 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് |
| | 15 | നെയ്യാറ്റിൻകര നഗരസഭ |
| | 16 | വക്കം ഗ്രാമപഞ്ചായത്ത് |
| | 17 | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് |
| | 18 | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് |
| | 19 | പനവൂർ ഗ്രാമപഞ്ചായത്ത് |
| | 20 | ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| | 21 | അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് |
| | 22 | കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് |
| | 23 | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ |
| | 24 | കൊല്ലം നഗരസഭ |
| | 25 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് |
| | 26 | ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് |
| | 27 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് |
| | 28 | കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് |
| | 29 | ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് |
| | 30 | ചവറ ബ്ലോക്ക് പഞ്ചായത്ത് |
| | 31 | പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് |
| കൊല്ലം | 32 | പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് |
| | 33 | വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് |
| | 34 | മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് |
| | 35 | പന്മന ഗ്രാമപഞ്ചായത്ത് |
| | 36 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് |
| | 37 | കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| | 38 | കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് |
| | 39 | നെടുവത്തൂർ ഗ്രാമപഞ്ചായത്ത് |
| | 40 | നീണ്ടകര ഗ്രാമപഞ്ചായത്ത് |
| | 41 | ചിറ്റാർ ഗ്രാമപഞ്ചായത്ത് |
| പത്തനംതിട്ട | 42 | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് |
| | 43 | തിരുവല്ല നഗരസഭ |
| | 44 | ആലപ്പുഴ നഗരസഭ |
| ആലപ്പുഴ | 45 | വള്ളികുന്നം ഗ്രാമപഞ്ചായത്ത് |
| | 46 | ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് |
| | 47 | ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് |
| | 48 | മുട്ടാർ ഗ്രാമപഞ്ചായത്ത് |
| | 49 | അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് |
| | 50 | ഹരിപ്പാട് ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| | 51 | പുറക്കാട് ഗ്രാമപഞ്ചായത്ത് |
| | 52 | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് |
| | 53 | പട്ടണക്കാട് ഗ്രാമപഞ്ചായത്ത് |
| | 54 | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് |
| | 55 | വെണ്മണി ഗ്രാമപഞ്ചായത്ത് |
| | 56 | ബുധനൂർ ഗ്രാമപഞ്ചായത്ത് |
| | 57 | പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് |
| | 58 | എഴുപുന്ന ഗ്രാമപഞ്ചായത്ത് |
| | 59 | നൂറനാട് ഗ്രാമപഞ്ചായത്ത് |
| | 60 | ചെന്നിത്തല – തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത് |
| | 61 | പാലമേൽ ഗ്രാമപഞ്ചായത്ത് |
| | 62 | ചെറുതന ഗ്രാമപഞ്ചായത്ത് |
| | 63 | മുഹമ്മ ഗ്രാമപഞ്ചായത്ത് |
| | 64 | തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് |
| | 65 | ചേപ്പാട് ഗ്രാമപഞ്ചായത്ത് |
| | 66 | ചിങ്ങോലി ഗ്രാമപഞ്ചായത്ത് |
| | 67 | ആല ഗ്രാമപഞ്ചായത്ത് |
| | 68 | തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് |
| | 69 | ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് |
| | 70 | പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് |
| | 71 | കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് |
| | 72 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് |
| | 73 | ആര്യാട് ബ്ലോക്ക് പഞ്ചായത്ത് |
| | 74 | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് |
| | 75 | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് |
| | 76 | ചേർത്തല നഗരസഭ |
| | 77 | കായംകുളം നഗരസഭ |
| കോട്ടയം | 78 | കോട്ടയം നഗരസഭ |
| | 79 | ചങ്ങനാശ്ശേരി നഗരസഭ |
| | 80 | അയ്മനം ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| | 81 | മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് |
| | 82 | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് |
| | 83 | രാമപുരം ഗ്രാമപഞ്ചായത്ത് |
| | 84 | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് |
| | 85 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് |
| | 86 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് |
| | 87 | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് |
| | 88 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് |
| | 89 | കുമരകം ഗ്രാമപഞ്ചായത്ത് |
| | 90 | മീനടം ഗ്രാമപഞ്ചായത്ത് |
| | 91 | പായിപ്പാട് ഗ്രാമപഞ്ചായത്ത് |
| | 92 | കുരോപ്പട ഗ്രാമപഞ്ചായത്ത് |
| | 93 | അകലകുന്നം ഗ്രാമപഞ്ചായത്ത് |
| | 94 | പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് |
| | 95 | എരുമേലി ഗ്രാമപഞ്ചായത്ത് |
| | 96 | മീനച്ചിൽ ഗ്രാമപഞ്ചായത്ത് |
| | 97 | ഉഴവൂർ ഗ്രാമപഞ്ചായത്ത് |
| | 98 | മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് |
| ഇടുക്കി | 99 | ശാന്തൻപാറ ഗ്രാമപഞ്ചായത്ത് |
| | 100 | വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് |
| | 101 | കുമാരമംഗലം ഗ്രാമപഞ്ചായത്ത് |
| | 102 | കാമാക്ഷി ഗ്രാമപഞ്ചായത്ത് |
| | 103 | കരുണാപുരം ഗ്രാമപഞ്ചായത്ത് |
| | 104 | കുമളി ഗ്രാമപഞ്ചായത്ത് |
| | 105 | തൊടുപുഴ നഗരസഭ |
| | 106 | മാങ്കുളം ഗ്രാമപഞ്ചായത്ത് |
| | 107 | അടിമാലി ഗ്രാമപഞ്ചായത്ത് |
| | 108 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് |
| | 109 | മൂന്നാർ ഗ്രാമപഞ്ചായത്ത് |
| | 110 | കൊച്ചി നഗരസഭ |

| | | |
|---|---|---|
| എറണാകുളം | 111 | പെരുമ്പാവൂർ നഗരസഭ |
| | 112 | ആലുവ നഗരസഭ |
| | 113 | വെങ്ങോല ഗ്രാമപഞ്ചായത്ത് |
| | 114 | വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| | 115 | മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് |
| | 116 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് |
| | 117 | മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് |
| | 118 | മണീട് ഗ്രാമപഞ്ചായത്ത് |
| | 119 | അങ്കമാലി നഗരസഭ |
| | 120 | മരട് നഗരസഭ |
| | 121 | കോതമംഗലം നഗരസഭ |
| | 122 | ഏലൂർ നഗരസഭ |
| | 123 | പാലക്കുഴ നഗരസഭ |
| | 124 | തിരുമാറാടി ഗ്രാമപഞ്ചായത്ത് |
| | 125 | പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് |
| | 126 | ഇറവൂർ ഗ്രാമപഞ്ചായത്ത് |
| | 127 | പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് |
| | 128 | മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| | 129 | ആവോലി ഗ്രാമപഞ്ചായത്ത് |
| തൃശ്ശൂർ | 130 | തൃശ്ശൂർ നഗരസഭ |
| | 131 | കുഴൂർ ഗ്രാമപഞ്ചായത്ത് |
| | 132 | മേലൂർ ഗ്രാമപഞ്ചായത്ത് |
| | 133 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് |
| | 134 | ശ്രീ നാരായണപുരം ഗ്രാമപഞ്ചായത്ത് |
| | 135 | എടവിലങ്ങ് ഗ്രാമപഞ്ചായത്ത് |
| | 136 | മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് |
| | 137 | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് |
| | 138 | പാലക്കാട് നഗരസഭ |
| | 139 | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് |
| | 140 | പെരുവെമ്പ് ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| പാലക്കാട് | 141 | മലമ്പുഴ ഗ്രാമപഞ്ചായത്ത് |
| | 142 | വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് |
| | 143 | കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് |
| | 144 | തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് |
| | 145 | കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് |
| | 146 | കുഴൽമന്ദം ഗ്രാമപഞ്ചായത്ത് |
| | 147 | ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് |
| മലപ്പുറം | 148 | മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് |
| | 149 | വേങ്ങര ബ്ലോക്ക് പഞ്ചായത്ത് |
| | 150 | ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് |
| | 151 | എടരിക്കോട് ഗ്രാമപഞ്ചായത്ത് |
| | 152 | നിലമ്പൂർ നഗരസഭ |
| | 153 | പൊന്നാനി നഗരസഭ |
| | 154 | മമ്പാട് ഗ്രാമപഞ്ചായത്ത് |
| | 155 | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് |
| | 156 | എടവണ്ണ ഗ്രാമപഞ്ചായത്ത് |
| | 157 | പൊന്മുണ്ടം ഗ്രാമപഞ്ചായത്ത് |
| | 158 | വട്ടംകുളം ഗ്രാമപഞ്ചായത്ത് |
| | 159 | മൊറയൂർ ഗ്രാമപഞ്ചായത്ത് |
| | 160 | മുത്തേടം ഗ്രാമപഞ്ചായത്ത് |
| | 161 | വാഴക്കാട് ഗ്രാമപഞ്ചായത്ത് |
| | 162 | കാവനൂർ ഗ്രാമപഞ്ചായത്ത് |
| | 163 | കുറുവ ഗ്രാമപഞ്ചായത്ത് |
| | 164 | ആലിപറമ്പ് ഗ്രാമപഞ്ചായത്ത് |
| | 165 | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് |
| | 166 | കാളികാവ് ഗ്രാമപഞ്ചായത്ത് |
| | 167 | തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് |
| | 168 | ആലംകോട് ഗ്രാമപഞ്ചായത്ത് |
| | 169 | ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് |
| | 170 | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് |

| | | |
|---|---|---|
| മലപ്പുറം | 171 | ഊരകം ഗ്രാമപഞ്ചായത്ത് |
| | 172 | ഒഴൂർ ഗ്രാമപഞ്ചായത്ത് |
| | 173 | പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് |
| | 174 | നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് |
| | 175 | പൊന്മള ഗ്രാമപഞ്ചായത്ത് |
| | 176 | താഴെക്കോട് ഗ്രാമപഞ്ചായത്ത് |
| | 177 | കരുളായി ഗ്രാമപഞ്ചായത്ത് |
| | 178 | വഴിക്കടവ് ഗ്രാമപഞ്ചായത്ത് |
| | 179 | തിരൂർ നഗരസഭ |
| കോഴിക്കോട് | 180 | കോഴിക്കോട് നഗരസഭ |
| | 181 | എടച്ചേരി ഗ്രാമപഞ്ചായത്ത് |
| | 182 | നാദാപുരം ഗ്രാമപഞ്ചായത്ത് |
| | 183 | തോടന്നൂർ ഗ്രാമപഞ്ചായത്ത് |
| | 184 | തുറയൂർ ഗ്രാമപഞ്ചായത്ത് |
| | 185 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് |
| | 186 | കൊടുവള്ളി ഗ്രാമപഞ്ചായത്ത് |
| | 187 | ഉണ്ണികുളം ഗ്രാമപഞ്ചായത്ത് |
| | 188 | രാമനാട്ടുകര ഗ്രാമപഞ്ചായത്ത് |
| | 189 | നൊച്ചാട് ഗ്രാമപഞ്ചായത്ത് |
| | 190 | മുക്കം ഗ്രാമപഞ്ചായത്ത് |
| | 191 | പയ്യോളി ഗ്രാമപഞ്ചായത്ത് |
| | 192 | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| | 193 | കുടരഞ്ഞി ബ്ലോക്ക് പഞ്ചായത്ത് |
| | 194 | കാക്കൂർ ഗ്രാമപഞ്ചായത്ത് |
| | 195 | ഒളവണ്ണ ഗ്രാമപഞ്ചായത്ത് |
| | 196 | വടകര നഗരസഭ |
| | 197 | തലശ്ശേരി നഗരസഭ |
| | 198 | എരുവേശ്ശി ഗ്രാമപഞ്ചായത്ത് |
| | 199 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് |
| | 200 | മയ്യിൽ ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| | 201 | പയ്യാവൂർ ഗ്രാമപഞ്ചായത്ത് |
| കണ്ണൂർ | 202 | പെരളശ്ശേരി ഗ്രാമപഞ്ചായത്ത് |
| | 203 | കണ്ണൂർ നഗരസഭ |
| | 204 | വയനാട് ജില്ലാ പഞ്ചായത്ത് |
| | 205 | മാനന്തവാടി ഗ്രാമപഞ്ചായത്ത് |
| | 206 | കോട്ടത്തറ ഗ്രാമപഞ്ചായത്ത് |
| | 207 | പൊഴുതന ഗ്രാമപഞ്ചായത്ത് |
| | 208 | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് |
| വയനാട് | 209 | അമ്പലവയൽ ഗ്രാമപഞ്ചായത്ത് |
| | 210 | തരിയോട് ഗ്രാമപഞ്ചായത്ത് |
| | 211 | പടിഞ്ഞാറേത്തറ ഗ്രാമപഞ്ചായത്ത് |
| | 212 | കോടോംബേളൂർ ഗ്രാമപഞ്ചായത്ത് |
| | 213 | വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് |
| | 214 | പള്ളിക്കര ഗ്രാമപഞ്ചായത്ത് |
| | 215 | ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് |
| | 216 | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് |
| കാസർഗോഡ് | 217 | കാസർഗോഡ് നഗരസഭ |

ഓഡിറ്റ് ഖണ്ഡിക

## ആസ്തികൾ നിഷ്ക്രിയമാകുന്ന വഴികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ വികസന/ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ആർജ്ജിക്കുന്ന പല ആസ്തികളും ശരിയായ ആസൂത്രണവും സമയബന്ധിതമായ തുടർപ്രവർത്തനങ്ങളും ഇല്ലാത്തതിനാൽ നിഷ്ക്രിയമായി മാറുന്നു. പരിപാലനം, നടത്തിപ്പ് എന്നിവയിലെ വീഴ്ചമൂലം കോടിക്കണക്കിന് രൂപയുടെ ആസ്തികളാണ് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി നിഷ്ക്രിയാവസ്ഥയിൽ ഉള്ളത്. ഇവയിൽ പലതും പുനർ നിർമ്മാണം/നവീകരണം, പുനരാസൂത്രണം എന്നിവയിലൂടെ പ്രവർത്തന സജ്ജമാക്കാവുന്നവയാണെങ്കിലും തീർത്തും ഉപയോഗപ്രദമല്ലാത്ത അവസ്ഥയിലുള്ള നിരവധി ആസ്തികളും ഉണ്ട്. ആസ്തികൾ നിഷ്ക്രിയമായി മാറുന്നതിനുള്ള പ്രധാന കാരണങ്ങൾ ഇനിപ്പറയുന്നവയാണ്.

- പദ്ധതികൾ തയ്യാറാക്കുന്നതിൽ ശരിയായ ആസൂത്രണത്തിന്റെയും സാധ്യതാപഠനത്തിന്റെയും അഭാവം.
- പദ്ധതികൾ നടപ്പാക്കുന്നതിലെ കാര്യക്ഷമതയില്ലായ്മ.
- പദ്ധതികളിൽ തുടർനടപടികൾ കൈക്കൊള്ളുന്നതിലുള്ള കാലതാമസം.
- പൂർണ്ണമായും നടപ്പാക്കാൻ ആവശ്യമായ തുകകൾ കണ്ടെത്താതെ, പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്.
- ഗുണഭോക്താക്കളുടെ ആവശ്യം പരിഗണിക്കാതെയും പങ്കാളിത്തം ഉറപ്പുവരുത്താതെയുമുള്ള പദ്ധതികളുടെ നിർവ്വഹണം.
- സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള പദ്ധതികളിൽ ആയത് ലഭ്യമാക്കാതെ പദ്ധതികൾ നടപ്പാക്കുന്നത്.
- പൊതുജനങ്ങളെ ബോധവൽക്കരിക്കാതെ പദ്ധതികൾ നടപ്പാക്കുന്നതിനാൽ, എതിർപ്പുകൾ നേരിടേണ്ടി വരുന്നത്.
- ആസ്തികൾ പ്രയോജനപ്പെടുത്തുന്നതിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള വീഴ്ച.

**217 സ്ഥാപനങ്ങളിലായി 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികൾ**

<u>ഓഡിറ്റ് ഖണ്ഡിക</u>

**നിഷ്ക്രിയാസ്തികളും ഇനങ്ങളും**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൽപ്പാദനം/സേവനം/പശ്ചാത്തല മേഖലകളിലായി ഒട്ടേറെ നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് പഠനം നടത്തിയ 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമായി, ഈ മേഖലകളിലെ വിവിധയിനങ്ങളിൽ 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികളാണ് കണ്ടെത്തിയിട്ടുള്ളത്. ഏറ്റവുമധികം നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ള 10 ഇനങ്ങൾ ഇനിപ്പറയുന്നവയാണ്.

| ക്രമ നം | ഇനം | തുക | ശതമാനം |
|---|---|---|---|
| 1. | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ | 35.28 കോടി രൂപ | 41.50 |
| 2. | വ്യവസായ/വിപണന കേന്ദ്രങ്ങൾ | 10.62 കോടി രൂപ | 12.49 |
| 3. | കെട്ടിടങ്ങൾ/ഷോപ്പിംഗ് കോംപ്ലക്സ് | 8.21 കോടി രൂപ | 9.65 |
| 4. | കുടിവെള്ള/ജലവിതരണ പദ്ധതികൾ | 5.76 കോടി രൂപ | 6.78 |
| 5. | വിവിധ പദ്ധതികൾക്കായി വാങ്ങിയ ഭൂമികൾ | 4.77 കോടി രൂപ | 5.61 |
| 6. | മത്സ്യമാർക്കറ്റുകൾ/ചന്തകൾ | 3.94 കോടി രൂപ | 4.63 |
| 7. | ഭവനപദ്ധതികൾ | 3.37 കോടി രൂപ | 3.96 |
| 8. | പകൽ വീടുകൾ/വൃദ്ധ സദനങ്ങൾ | 2.66 കോടി രൂപ | 3.12 |
| 9. | അറവുശാലകൾ | 2.63 കോടി രൂപ | 3.09 |
| 10 | കാർഷികോപകരണങ്ങൾ | 2.34 കോടി രൂപ | 2.75 |

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ**

**(217 സ്ഥാപനങ്ങളിലായി 85 കോടി രൂപ)**

ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, അനുബന്ധ ഉപകരണങ്ങൾ, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ, സ്വീവേജ് പദ്ധതി എന്നിവയിലാണ് ഖരമാലിന്യ സംസ്കരണ രംഗത്തെ നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

വനിതാവ്യവസായ യൂണിറ്റുകൾ, വ്യവസായ കേന്ദ്രങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വ്യവസായ/സ്വയം തൊഴിൽ മേഖലയിലെ ഉപകരണങ്ങൾ, കാർഷിക വിപണന കേന്ദ്രങ്ങൾ, കുടുംബശ്രീ സംരംഭങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് വ്യവസായ മേഖലയിലെ നിഷ്ക്രിയാസ്തികൾ.

ഉപയോഗപ്രദമാക്കിയിട്ടില്ലാത്ത കെട്ടിടങ്ങൾ, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി, ബസ് സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, ടൂറിസം/കാർഷിക ഇൻഫർമേഷൻ സെന്ററുകൾ, ഹോസ്റ്റൽ എന്നിവയാണ് നിഷ്ക്രിയാസ്തികളായ കെട്ടിടങ്ങളിൽ ഉൾപ്പെടുന്നത്.

കുടിവെള്ള/ശുദ്ധജല വിതരണ പദ്ധതികളിൽ പ്രവർത്തിക്കാത്തവ, പണി പൂർത്തിയാക്കാത്തവ, ഉപേക്ഷിക്കപ്പെട്ട നിലയിൽ ഉള്ളവ, ഈ പദ്ധതികൾക്ക് വാങ്ങിയ ഉപകരണങ്ങളിൽ ഉപയോഗശൂന്യമായവ എന്നിവയാണ് കുടിവെള്ള മേഖലയിലെ നിഷ്ക്രിയാസ്തികൾ.

വിവിധ പദ്ധതികൾക്കായി വർഷങ്ങൾക്ക മുൻപ് വാങ്ങിയിട്ടും യാതൊരു പ്രവർത്തനവും തുടങ്ങാനാവാതെ കാടുപിടിച്ച് കിടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വസ്തുവകകളെയും നിഷ്ക്രിയാസ്തികളുടെ ഗണത്തിൽപ്പെടുത്തിയിട്ടുണ്ട്.

മത്സ്യമാർക്കറ്റുകൾ, ചന്തകൾ, ഫിഷ് പ്രോസസിംഗ് സെന്ററുകൾ, ഫിഷ്‌ലാന്റിംഗ് സെന്ററുകൾ തുടങ്ങിയ ആസ്തികളിൽ നിഷ്ക്രിയമായവയുടെ വിവരങ്ങളാണ് മത്സ്യമാർക്കറ്റ്/ ചന്ത എന്നയിനത്തിൽ ഉള്ളത്. ഭവന പദ്ധതികൾ, മോഡൽ വില്ലേജുകൾ എന്നിവയിൽ ലക്ഷ്യം കൈവരിക്കാത്തവയെയാണ് ഭവനപദ്ധതികളിലെ നിഷ്ക്രിയാസ്തികളായി വിലയിരുത്തിയിട്ടുള്ളത്.

പകൽ വീടുകൾ, വൃദ്ധസദനങ്ങൾ, വികലാംഗ മന്ദിരങ്ങൾ, ക്ഷേമകേന്ദ്രങ്ങൾ എന്നിവയിൽ പ്രവർത്തനമില്ലാത്തവയെ നിഷ്ക്രിയാസ്തികളായി കണക്കാക്കിയിരിക്കുന്നു. പ്രവർത്തനമില്ലാത്തവയും നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചവയുമായ അറവുശാലകളെയും യന്ത്രസാമഗ്രികളെയും അറവുശാലകൾ എന്ന ഇനത്തിലെ നിഷ്ക്രിയാസ്തികളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രവർത്തനമില്ലാതെ കിടക്കുന്ന കൊയ്ത്ത്-മെതിയന്ത്രങ്ങൾ, ട്രാക്ടർ-ട്രെയിലർ, മറ്റു കാർഷികോപകരണങ്ങൾ എന്നിവയാണ് കാർഷിക മേഖലയിലെ നിഷ്ക്രിയാസ്തികൾ.

ഓഡിറ്റ് ഖണ്ഡിക

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മറ്റു നിഷ്ക്രിയാസ്തികൾ

മുകളിൽ പറഞ്ഞിട്ടുള്ളവയ്ക്ക് പുറമേ, പ്രവർത്തനരഹിതമായ ഇ-ടോയ്‌ലെറ്റുകൾ, കംഫർട്ട് സ്റ്റേഷൻകൾ, തുരുമ്പെടുത്തു നശിക്കുന്ന വാഹനങ്ങൾ, ഉപയോഗിക്കാത്ത നിലയിലുള്ള ബോട്ടുജെട്ടികൾ, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, പഞ്ചിംഗ് സംവിധാനം, പ്രവർത്തനമില്ലാത്ത കാറ്റിൽ പൗണ്ട്/ഫാമുകൾ, ഉപയോഗ ശൂന്യമായ മഴവെള്ള സംഭരണികൾ, പണി പാതിവഴിയിൽ നിലച്ച സ്റ്റേഡിയങ്ങൾ, ഉപയോഗമില്ലാത്ത നിലയിലുള്ള പാർക്കുകൾ, പ്രവർത്തനമില്ലാത്ത ശ്മശാനം/ഗ്യാസ് ക്രിമറ്റോറിയം, പ്രവർത്തനം നിലച്ച ലിഫ്റ്റ് ഇറിഗേഷൻ/ജലസേചന പദ്ധതികൾ എന്നിവയെയും നിഷ്ക്രിയാസ്തികളായി കണക്കാക്കിയിട്ടുണ്ട്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മറ്റു നിഷ്ക്രിയാസ്തികൾ

| നിഷ്ക്രിയാസ്തിയുടെ ഇനം | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുണ്ടായ ചെലവ്(രൂപ) | ആകെ നിഷ്ക്രിയാസ്തിയിലെ ശതമാനം (85 കോടി രൂപ) |
|---|---|---|
| കമ്പ്യൂട്ടർ, മറ്റ് ഓഫീസ് സംവിധാനങ്ങൾ | 34,80,030 | 0.40 |
| ഇ-ടോയ്‌ലെറ്റുകൾ, കംഫർട്ട് സ്റ്റേഷനുകൾ | 1,47,37,565 | 1.73 |
| വാഹനങ്ങൾ, ബോട്ട്ജെട്ടികൾ | 89,09,203 | 1.05 |
| ഫാമുകൾ, കാറ്റിൽ പൗണ്ട് | 28,06,222 | 0.33 |
| മഴവെള്ള സംഭരണികൾ | 26,18,873 | 0.31 |
| സ്റ്റേഡിയങ്ങൾ,പാർക്കുകൾ | 96,48,858 | 1.14 |
| ശ്മശാനങ്ങൾ, ഗ്യാസ് | 58,63,077 | 0.69 |

| | | |
|---|---|---|
| ക്രിമറ്റോറിയങ്ങൾ | | |
| ജലസേചനം; ലിഫ്റ്റ് ഇറിഗേഷൻ | 55,54,097 | 0.65 |
| **ആകെ** | **5,36,17,925** | **6.57** |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1, 4.1.1, 4.1.2, 4.1.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധംII ആയി ചേർത്തിരിക്കുന്നു.

**1.** ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശ വിഷയങ്ങളുമായി ബന്ധപ്പെട്ട് വളരെ നിരുത്തരവാദപരവും ആധികാരികതയില്ലാത്തതും പരസ്പര വിരുദ്ധവുമായ മറുപടികളാണ് ഉദ്യോഗസ്ഥർ നൽകിയിട്ടുള്ളതെന്ന് മറുപടി പരിശോധിച്ചപ്പോൾ മനസ്സിലായതായും നിയമസഭയുടെ സമിതി എന്നത് നിയമസഭ തന്നെയാണെന്നും സമിതിയെ തെറ്റിദ്ധരിപ്പിക്കുക എന്നാൽ നിയമസഭയെ തെറ്റിദ്ധരിപ്പിക്കുക എന്നാണ് അർത്ഥമെന്നും ഉദ്യോഗസ്ഥർ സമിതിയെ തെറ്റിദ്ധരിപ്പിച്ചാൽ അത് കർശനമായി കാണേണ്ടിവരുമെന്നും സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടുകളോ പരിശോധനകളോ ഇല്ലാതെ പണം ചെലവഴിക്കുക എന്ന ലക്ഷ്യത്തോടുകൂടി മാത്രം ചെലവഴിച്ചതായാണ് കാണുന്നതെന്നും ആയതിനാലാണ് നിഷ്ക്രിയാസ്തികളുടെ തുക ഭീമമായി വർദ്ധിച്ചതെന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വിശദീകരണമുണ്ടായാൽ മാത്രമേ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങളിലേക്ക് കടക്കാൻ കഴിയുകയുള്ളുവെന്നും സമിതി ഉദ്യോഗസ്ഥരെ അറിയിച്ചു.

**2.** നഗരകാര്യ വകുപ്പിന് കീഴിലുള്ള മുനിസിപ്പാലിറ്റികളിൽ പല പദ്ധതികളിലായി നിർമ്മിച്ച നിരവധി ആസ്തികൾ പിന്നീട് ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയിലാണെന്നും പ്രധാനമായും സാങ്കേതിക കാരണങ്ങളാലാണ് അവ പലതും ഉപയോഗയോഗ്യമല്ലാതായിത്തീരുന്നതെന്നും ആയതിന് ഉദാഹരണമായി ആലപ്പുഴ നഗരസഭയിലെയും കൊല്ലം കോർപ്പറേഷനിലെയും

ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ പരിസരവാസികളുടെയും കോടതിയുടെയും ഇടപെടലുകൾ മൂലവും പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിക്കാത്തതുകൊണ്ടും പ്രവർത്തന ക്ഷമമാക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. കൂടാതെ കേരളത്തിൽ ഒരു മോഡൽ പ്ലാന്റായി പരിസരവാസികൾക്ക് കാണിച്ചുകൊടുക്കുന്നതിനായി ഇതുവരെ ഒരു ഖരമാലിന്യ സംസ്കരണ പ്ലാന്റ് പോലും നിർമ്മിച്ച്, അവരുടെ ആശങ്ക പരിഹരിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയുണ്ടായി. എല്ലാ ഖരമാലിന്യ പ്ലാന്റുകളും ആരംഭഘട്ടത്തിൽത്തന്നെ സ്തംഭിച്ചുനിൽക്കുകയാണെന്നും നിർമ്മാണം പൂർത്തിയാക്കിയവ പോലും പ്രവർത്തനക്ഷമമാക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും കാസർഗോഡ് നഗരസഭയിലെ സമീപ പഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി 5 ഏക്കർ സ്ഥലം വർഷങ്ങൾക്ക് മുൻപ് ഏറ്റെടുത്തെങ്കിലും പ്ലാന്റ് നിർമ്മാണത്തിനുള്ള സാങ്കേതികവിദ്യ നഗരസഭയ്ക്ക് ലഭ്യമായിട്ടുപോലും ജനങ്ങളുടെ ശക്തമായ എതിർപ്പുമൂലം നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നതെന്നും ടി ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

**3.** പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷമാണ് പ്ലാന്റിന്റെ പണി തുടങ്ങേണ്ടതെന്നും ഇത് വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിയതിന് ശേഷം മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കായി തുക ചെലവഴിക്കാവൂ എന്നും അഭിപ്രായപ്പെട്ട സമിതി, നിലവിൽ നിർമ്മാണ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചതിന് ശേഷം മാത്രമാണ് ക്ലിയറൻസ് സർട്ടിഫിക്കറ്റിനായി പൊല്യൂഷൻ കൺട്രോൾ ബോർഡിനെയും സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയെയും സമീപിക്കുന്നതെന്നും തദവസരത്തിൽ പ്രസ്തുത പ്രോജക്ടുകൾ നാശോന്മുഖമായിത്തീരുമെന്നും ഇക്കാര്യത്തിൽ പഞ്ചായത്തുകളെ മാത്രം കുറ്റപ്പെടുത്തിയിട്ട് അർത്ഥമില്ലെന്നും കൂടി സമിതി അഭിപ്രായപ്പെട്ടു.

**4.** ഗ്രാമീണ മേഖലയിൽ വനിതാ സംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി നിർമ്മിച്ച കെട്ടിടങ്ങൾ പലതും ശരിയായി ഉപയോഗിക്കുന്നില്ലെന്ന പരാമർശമാണ് കൂടുതലായിട്ടുള്ളതെന്ന് കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്

കമ്മീഷണർ സമിതി മുമ്പാകെ അറിയിച്ചു. 4 ജില്ലകളിലെ 20 ഗ്രാമപഞ്ചായത്തുകളിലെ വിഷയങ്ങളാണ് പരിശോധിക്കപ്പെട്ടുന്നതെന്നും പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം നിർജ്ജീവ അവസ്ഥയിലാണെന്നും, പകൽ വീടുകൾ, കുടിവെള്ള പദ്ധതികൾ എന്നിവയും പരാമർശങ്ങളിൽ ഉൾപ്പെടുന്നുണ്ടെന്നും ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്സ് അറിയിച്ചു. യാതൊരു സാങ്കേതിക പരിജ്ഞാനവുമില്ലാത്ത ഏജൻസികളെയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഏൽപ്പിച്ചിരിക്കുന്നതെന്ന് LSGD അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടു.

5. നിർമ്മാണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പൂർത്തിയാക്കാൻ കഴിയാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വീണ്ടും പെർമിസീവ് സാങ്ഷൻ കൊടുക്കുമ്പോൾ അത് തടയേണ്ടതല്ലേ എന്ന് സമിതി ചോദ്യമുന്നയിച്ചതിന് ഇപ്പോഴത്തെ കോ-ഓർഡിനേഷൻ കമ്മിറ്റി പോലും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന വർക്കുകൾ ഔട്ട്സോഴ്സ് ചെയ്യുകയാണ് ചെയ്യുന്നതെന്നും അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

## കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

6. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ വാഹനങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായത് എന്തു കൊണ്ടാണെന്നും അവ ഉപയോഗശൂന്യമായിട്ട് എത്ര വർഷമായെന്നും അവയുടെ ലേലം നടത്തുന്നതെങ്ങനെയാണെന്നും വാല്യുവേഷൻ ഫിക്സ് ചെയ്യുന്നത് ആരാണെന്നും സമിതി ആരാഞ്ഞതിന് 17 വാഹനങ്ങളിൽ 7 എണ്ണം റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ ലേലം ചെയ്ത് കയ്യൊഴിയുന്നതിന് 11/09/2018-ൽ കൗൺസിൽ തീരുമാനമെടുത്തെന്നും വളരെ വർഷങ്ങളായി അവ ഉപയോഗശൂന്യമാണെന്നും പത്ര പരസ്യം നൽകുകയും നോട്ടീസ് ബോർഡിലിടുകയും ചെയ്താണ് ലേലം നടത്തുന്നതെന്നും ചാലക്കുടിയിലെ P.W.D. മെക്കാനിക്കൽ

വിഭാഗമാണ് വാല്യുവേഷൻ ഫിക്സ് ചെയ്യുന്നതെന്നും നിലവിൽ വാല്യുവേഷൻ ഫിക്സ് ചെയ്തു തുകയ്ക്ക് ലേലം സ്വീകരിക്കാൻ ആരും തയ്യാറാകുന്നില്ലെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

7. തദ്ദേശസ്വയംഭരണ വകുപ്പിന് വാല്യുവേഷൻ നടത്താൻ സാധിക്കുകയില്ലേ എന്നും വാല്യുവേഷന് P.W.D. മെക്കാനിക്കൽ വിഭാഗത്തെ മാത്രമേ ചുമതലപ്പെടുത്താവൂ എന്ന ഉത്തരവ് ഉണ്ടോ എന്നും അത്തരത്തിൽ ഉത്തരവ് ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിൽ മാറ്റം വരുത്താൻ സാധിക്കുകയില്ലേ എന്നും സമിതി ആരാഞ്ഞപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിൽ മെക്കാനിക്കൽ എഞ്ചിനീയർമാർ ഇല്ലാത്തതിനാൽ വാല്യുവേഷൻ നടത്താൻ സാധിക്കില്ലെന്നും വാല്യുവേഷന് P.W.D. വിഭാഗത്തെ മാത്രമേ ചുമതലപ്പെടുത്താവൂ എന്ന് ഉത്തരവുണ്ടെങ്കിലും അപേക്ഷ നൽകിയാൽ ഉത്തരവിൽ മാറ്റം വരുത്താവുന്നതാണെന്നും അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. തുടർന്ന് കാലപ്പഴക്കം ചെന്ന വാഹനങ്ങളുടെ വാല്യുവേഷൻ ഫിക്സ് ചെയ്യുന്നതിന് P.W.D. മെക്കാനിക്കൽ വിഭാഗത്തെ മാത്രം ആശ്രയിക്കുന്നത് കാലതാമസം ഉണ്ടാക്കുന്നതിനാൽ അതിനായി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഫാൽക്കറ്റിയെ കൂടി നിയോഗിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

8. കൊച്ചി കോർപ്പറേഷനിലെ 93 വാഹനങ്ങളിൽ 53 എണ്ണം ഉപയോഗശൂന്യമായി കിടക്കുകയാണെന്നാണ് താലൂക്ക് സഭയിൽ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളതെന്നും എന്നാൽ അവ ഏത് വർക്ക് ഷോപ്പിലാണെന്നത് സംബന്ധിച്ച് അവർക്ക് യാതൊരു വിവരവുമില്ലെന്നും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് വർക്ക് ഷോപ്പുകൾ അനാവശ്യ കാലതാമസം വരുത്തുകയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

9. കൊച്ചി കോർപ്പറേഷനിൽ നടത്തിയ പരിശോധനയിൽ കോർപ്പറേഷൻ അധികൃതർക്ക് വാഹനങ്ങളെ സംബന്ധിച്ച കൃത്യമായ കണക്കില്ലെന്ന്

മനസ്സിലായതിനെത്തുടർന്ന് R.T.O. യിൽ നിന്ന് വിശദവിവരം ആരായുകയും തുടർന്ന് കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ 258 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ രേഖകൾ കണ്ടെത്താൻ കഴിഞ്ഞുവെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചപ്പോൾ അവ നേരത്തെ ഉണ്ടായിരുന്നവയാണെന്നും പലതും വിറ്റുപോയെങ്കിലും പേര് മാറ്റാത്തതാണെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു വാഹനം ഉപയോഗിച്ച് 1,65,000 കി.മീ. ആകുമ്പോഴോ അല്ലെങ്കിൽ വാഹനം വാങ്ങി 10 വർഷം തികയുമ്പോഴോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ സമയത്ത് വകുപ്പിന് പ്രസ്തുത വാഹനം കണ്ടം ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്നും വകുപ്പ് വാഹനങ്ങൾ വിൽക്കുമ്പോൾ യഥാസമയം ഉത്തരവാദപ്പെട്ടവരെ അറിയിച്ച് പേര് മാറ്റിയില്ലെങ്കിൽ പിന്നീട് ടാക്സ് ഉൾപ്പെടെ കോർപ്പറേഷൻ അടയ്ക്കേണ്ടിവരുമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിക്കുകയുണ്ടായി.

**10.** വാഹനങ്ങളുടെ മേൽനോട്ടച്ചുമതല ആർക്കാണെന്ന് സമിതി ആരാഞ്ഞതിന് വെഹിക്കിൾ എ.ഇ.ക്കാണ് പ്രസ്തുത ഉത്തരവാദിത്തമെന്നും വർക്ക് ഷോപ്പിലുള്ള 53 വാഹനങ്ങളിൽ കൂടുതലും ഖരമാലിന്യങ്ങൾ കൊണ്ടുപോകുന്നതിലേയ്ക്കായി ഉപയോഗിക്കുന്നവയാണെന്നും നിരന്തരം പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിലാണ് അവയെ അറ്റകുറ്റപ്പണികൾക്ക് വിധേയമാക്കുന്നതെന്നും കൂടി കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

**11.** ഒരു സ്പെഷ്യൽ ഓഡിറ്റ് നടത്തിയിട്ടും വാഹനങ്ങളെ സംബന്ധിച്ച കൃത്യമായ കണക്ക് നൽകുന്നതിന് കോർപ്പറേഷൻ തയ്യാറായില്ലെന്നും ആർ.ടി. ഓഫീസിൽ നിന്നും ലിസ്റ്റ് എടുക്കേണ്ടിവന്നത് കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള നിസ്സഹകരണത്തെ തുടർന്നാണെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. തുടർന്ന് വാഹനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുകയോ കമ്പ്യൂട്ടറൈസ് ചെയ്യുകയോ ചെയ്താൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്

ഇതുസംബന്ധിച്ച് കൃത്യമായ മറുപടി നൽകാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെടുകയും കൊച്ചി കോർപ്പറേഷൻ വാഹനങ്ങളുടെ കൃത്യമായ രജിസ്റ്ററും മറ്റും സൂക്ഷിക്കുന്നില്ലെന്ന വസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്താനും നിർദ്ദേശിച്ചു. കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ അസറ്റ് രജിസ്റ്ററുകൾ ജനുവരി 1-നു മുമ്പ് കമ്പ്യൂട്ടറൈസ് ചെയ്ത് അപ്ഡേറ്റ് ചെയ്യണമെന്നും കൂടാതെ വാഹനങ്ങൾ റിപ്പയറിംഗിന് നൽകുന്ന വർക്ക് ഷോപ്പുകളുടെ വിവരം കമ്പ്യൂട്ടറൈസ് ചെയ്ത് സൂക്ഷിക്കുകയും ലേലനടപടികൾ സുതാര്യമാക്കുന്നതിനായി പത്രപരസ്യം നൽകണമെന്നും വാഹനങ്ങളുടെ മൂവ്മെന്റ് അറിയാനുള്ള ആധുനിക സംവിധാനം ഉണ്ടാകണമെന്നും കൂടി അഭിപ്രായപ്പെടുകയും ചെയ്തു.

**12.** വാഹനങ്ങളുടെ മൂവ്മെന്റ് രജിസ്റ്റർ പരിശോധിക്കുന്നതാരാണെന്നും വാടകയ്ക്കെടുത്ത എത്ര വാഹനങ്ങളാണ് കോർപ്പറേഷനിൽ ഉള്ളതെന്നും പ്രസ്തുത വാഹനങ്ങളിൽ മൂടിയുള്ളതും ചോർച്ചയില്ലാത്തതുമായ എത്ര വാഹനങ്ങൾ ഉണ്ടെന്നും സമിതി ആരാഞ്ഞതിന് മൂവ്മെന്റ് രജിസ്റ്റർ പരിശോധിക്കുന്നത് വാഹനങ്ങളുടെ ചാർജ്ജ് വഹിക്കുന്ന എ.ഇ. ആണെന്നും വാടകയ്ക്കെടുത്ത 35 വാഹനങ്ങൾ കോർപ്പറേഷനിലുണ്ടെന്നും 2008-ന് ശേഷം രജിസ്റ്റർ ചെയ്തതും അടച്ചുമൂടിയതും ചോർന്നൊലിക്കാത്തതുമായ വാഹനങ്ങൾ മാത്രമേ മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത തരത്തിൽ അല്ലാത്ത വാഹനങ്ങൾ ഉപയോഗിച്ച കോൺട്രാക്ടർമാർക്കെതിരെ നടപടി സ്വീകരിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചപ്പോൾ മാലിന്യം കൊണ്ടുപോകുന്നത് നിർത്തി വയ്ക്കുമെന്ന് അവർ കോർപ്പറേഷനെ അറിയിച്ചതായും അത്തരത്തിൽ മുന്നോട്ടു പോവുകയാണെങ്കിൽ മാലിന്യം കൊണ്ടുപോകുന്നതിന് കോർപ്പറേഷന് മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതാകുന്ന സ്ഥിതിവിശേഷം സംജാതമാകുമെന്ന് കൂടി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

**13.** കൊച്ചിൻ കോർപ്പറേഷനിലെ മാലിന്യസംസ്കരണം സംബന്ധിച്ച വിഷയങ്ങൾ വളരെ ഗുരുതരമാണെന്നും ഈ പ്രശ്നം ഒരു പ്രത്യേക കേസായെടുത്ത്

പരിഹരിക്കുന്നതിനായി ദീർഘകാല ആൾട്ടർനേറ്റീവ് അറേഞ്ച്മെന്റ്സ് കോർപ്പറേഷൻ സ്വീകരിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ട സമിതി നല്ല രീതിയിൽ പബ്ലിസിറ്റി കൊടുത്ത് കൂടുതൽ ആൾക്കാരെ പങ്കെടുപ്പിച്ച് ലേലം വിളിക്കേണ്ടതാണെന്നും സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടെണ്ടർ വയലേഷന് നോട്ടീസ് നൽകേണ്ടതാണെന്നും അതോടൊപ്പം വാർഡ് തിരിച്ച് വികേന്ദ്രീകൃതാടിസ്ഥാനത്തിൽ ലേലം വിളിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ ആലോചിക്കണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

14. **കൊച്ചി കോർപ്പറേഷന്റെ അധീനതയിലുള്ള വാഹനങ്ങളുടെ കൃത്യമായ കണക്ക് കോർപ്പറേഷന്റെ കൈവശമില്ലെന്നും കോർപ്പറേഷനിലെ 93 വാഹനങ്ങളിൽ ഉപയോഗശൂന്യമായ 53 എണ്ണം ഏത് വർക്ക് ഷോപ്പിലാണുള്ളത് എന്നത് സംബന്ധിച്ച് കോർപ്പറേഷന്റെ പക്കൽ യാതൊരു വിവരവുമില്ലെന്നും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് വർക്ക് ഷോപ്പുകൾ അനാവശ്യ കാലതാമസം വരുത്തുകയാണെന്നും സമിതി നിരീക്ഷിക്കുന്നു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ വിവരം ഉൾക്കൊള്ളുന്ന വാഹന രജിസ്റ്റർ, വാഹനങ്ങൾ റിപ്പയറിംഗിന് നൽകുന്ന വർക്ക്ഷോപ്പുകളുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ എന്നിവ സൂക്ഷിക്കണമെന്നും വാഹനങ്ങളുടെ മൂവ്മെന്റ് രജിസ്റ്റർ കൃത്യമായി പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

15. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കാലപ്പഴക്കം ചെന്ന വാഹനങ്ങളുടെ വാല്യുവേഷൻ ഫിക്സ് ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിഭാഗത്തെ മാത്രം ആശ്രയിക്കുന്നത് കാലതാമസം ഉണ്ടാക്കുന്നതിനാൽ ആയതിനായി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഫാക്കൽറ്റികളെയും കൂടി നിയോഗിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

16. കൊച്ചി കോർപ്പറേഷനിലെ മാലിന്യ സംസ്ക്കരണം സംബന്ധിച്ച വിഷയങ്ങൾ വളരെ ഗുരുതരമാണെന്നും പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ദീർഘകാല ബദൽ ക്രമീകരണം കോർപ്പറേഷൻ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണെന്നും സമിതി നിരീക്ഷിക്കുന്നു.

17. മാലിന്യസംസ്കരണ പ്ലാന്റിനെതിരെയുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ ഇതുവരെ കഴിഞ്ഞില്ലെന്ന് സമിതി വിലയിരുത്തുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം മാത്രമേ പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കാവൂ എന്നും പ്ലാന്റ് മികച്ച രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി വിപുലമായ രീതിയിൽ പ്രചരണം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം ;**
**മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവുമധികം നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള പദ്ധതികളിലാണ്. ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികളിൽ 35.28 കോടി രൂപയുടേതും (41.50%) ഖരമാലിന്യ സംസ്കരണ മേഖലയിലാണ്.

വിവിധ കാരണങ്ങളാലാണ് ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകുന്നത്. ശരിയായ ആസൂത്രണമില്ലാതെ പദ്ധതികൾ ആവിഷ്കരിക്കുകയും, നടപ്പാക്കുകയും ചെയ്യുന്നതാണ് ഇവയിൽ പ്രധാനപ്പെട്ട പോരായ്മ. ഇതുമൂലം തുടർപ്രവർത്തനങ്ങൾ നടത്താനാവാതെ പദ്ധതികൾ ഉപേക്ഷിക്കപ്പെടുന്നു. കൂടാതെ ജനങ്ങളുടെയിടയിൽ വേണ്ടരീതിയിൽ ബോധവൽക്കരണം നടത്താതെ ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ ആരംഭിക്കുന്നതിനാൽ, പ്രദേശവാസികളുടെ എതിർപ്പും നേരിടേണ്ടി വരുന്നു. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകാൻ കാരണമാവുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാവസ്ഥയിലുള്ള ഖരമാലിന്യ സംസ്കരണ പദ്ധതികൾക്ക് ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു**

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്ത് 2007-08 മുതൽ 2010-11 വരെ 3,91,333/- രൂപ ചെലവിട്ട ഖരമാലിന്യസംസ്കരണ കേന്ദ്രം നിർമ്മാണത്തിലെ അപാകതകളാൽ ഉപയോഗിക്കാതെ നാശോന്മുഖമാണ്.

തിരുവല്ല നഗരസഭ 2012-13 ൽ 5,48,785/-രൂപ ചെലവിട്ട് നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റുകൾ ഉപയോഗശൂന്യമാണ്. നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി വാങ്ങിയ പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് ഉപകരണങ്ങൾ ഉപയോഗമില്ലാതെ നഗരസഭാ കോമ്പൗണ്ടിലും, ഷോപ്പിംഗ് കോംപ്ലക്സ് കോമ്പൗണ്ടിലുമായി ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുകയാണ്. 3,44,835/- രൂപ ചെലവിട്ടാണ് ഈ ഉപകരണങ്ങൾ വാങ്ങിയത്.

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് കോയിക്കൽ ചന്തയിലെ ഷോപ്പിംഗ് കോംപ്ലക്സിൽ 4,39,607/- രൂപ ചെലവഴിച്ച് 2009-10, 2010-11 വർഷങ്ങളിൽ നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് അനുബന്ധസൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ പ്രവർത്തിക്കുന്നില്ല.

ആലപ്പുഴ നഗരസഭയിൽ 2010 ൽ 3.3 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യസംസ്കരണ പ്ലാന്റ് പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രവർത്തനമില്ലാതെ നാശോന്മുഖമാണ്. പ്ലാന്റിന്റെ തുടർപ്രവർത്തനത്തിനുള്ള സാധ്യതകൾ തീർത്തും അനിശ്ചിതത്വത്തിലാണ്. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു കർമ്മപദ്ധതിയും നഗരസഭയ്ക്കില്ല.

ഇടുക്കി ജില്ലയിലെ തൊടുപുഴ നഗരസഭ 2011-12 ൽ ഖരമാലിന്യസംസ്കരണത്തിനായി 2,13,288/- രൂപ ചെലവഴിച്ച് പ്രെസിങ് മെഷീൻ വാങ്ങി. എന്നാൽ മെഷീൻ ഇതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. പുറംകവർ പോലും നീക്കം ചെയ്യാത്ത അവസ്ഥയിലാണ് മെഷീൻ.

കൊച്ചി കോർപ്പറേഷൻ ബ്രഹ്മപുരത്ത് സ്ഥാപിച്ച ആർ.ഡി.എഫ്.പ്ലാന്റ് പ്രവർത്തനമില്ലാതെ യന്ത്രഭാഗങ്ങൾ തുരുമ്പെടുത്ത നിലയിലാണ്. 2010-11 ൽ 1.69

കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച പ്ലാന്റാണിത്. കോർപ്പറേഷനിൽ 2013-14 ൽ പണി തുടങ്ങിയ സ്വീവേജ് പദ്ധതിയും വിവിധ കാരണങ്ങളാൽ പണി പൂർത്തിയാവാത്ത നിലയിലാണ്. 22.45 കോടി രൂപ പദ്ധതിക്ക് ചെലവിട്ടിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ 2009-10 ൽ 8,16,221/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ കേന്ദ്രം അടച്ചിട്ട നിലയിലാണ്.

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്ത് 2005-06 ൽ 5,43,653/- രൂപ ചെലവഴിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചു. കൂടാതെ ടിപ്പർ ലോറി, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 7,41,465/- രൂപയും ചെലവാക്കി പ്ലാന്റ് ഏതാനും മാസങ്ങൾ മാത്രം പ്രവർത്തിക്കുകയുണ്ടായി. പ്ലാന്റ് ഓപ്പറേറ്റർ, ലോറി ഡ്രൈവർ, മാലിന്യം ശേഖരിക്കാനുള്ള ജീവനക്കാർ എന്നീ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ തുടർന്ന് പ്രവർത്തിച്ചില്ല. നിലവിൽ പ്ലാന്റ് സ്ഥാപിച്ച സ്ഥലം കാടുപിടിച്ച നിലയിലാണ്. ലോറി ഗ്രാമപഞ്ചായത്തിന്റെ കാറ്റിൽപൗണ്ടിൽ ഉപയോഗമില്ലാതെ കിടക്കുന്നു.

ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് 2005-06 ൽ 13,91,834/- രൂപ ചെലവഴിച്ച് ഖരമാലിന്യ പ്ലാന്റ് പണിതു. നിർമ്മാണം നടത്തിയ ഏജൻസി, 9 മാസത്തോളം സൗജന്യമായി പ്ലാന്റ് പ്രവർത്തിപ്പിക്കുകയും ഇവിടെ നിന്നുള്ള വൈദ്യുതി ഉപയോഗിച്ച് പഞ്ചായത്തോഫീസിനു സമീപമുള്ള തെരുവുവിളക്കുകൾ തെളിക്കുകയും ചെയ്തു. എന്നാൽ തുടർന്ന് ഗ്രാമപഞ്ചായത്ത് ഇതിന്റെ നടത്തിപ്പ് ഏറ്റെടുത്തിട്ടില്ല. നിലവിൽ പ്ലാന്റും ജനറേറ്ററുകളും പ്രവർത്തനരഹിതമായി കാടുമൂടിക്കിടക്കുന്നു.

**11 ലക്ഷം ചെലവിട്ടു നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് നഗരസഭ തന്നെ പൊളിച്ചുമാറ്റി**

കാസർഗോഡ് നഗരസഭ 2007-08 ൽ നിർമ്മാണമാരംഭിച്ച ബയോഗ്യാസ് പ്ലാന്റ് 2011-12 ൽ ആണ് പൂർത്തിയായത്. 11 ലക്ഷം രൂപയാണ് പ്ലാന്റിന്റെ നിർമ്മാണ ചെലവ്. പ്ലാന്റ് ട്രയൽ റൺ നടത്തിയെങ്കിലും തുടർന്ന് പ്രവർത്തിച്ചില്ല. എന്നാൽ മത്സ്യ മാർക്കറ്റിനായി പുതിയ കെട്ടിടം പണിയുവാൻ നഗരസഭ തന്നെ ഈ പ്ലാന്റ് പൊളിച്ചുനീക്കി. ഇതിനു ചെലവഴിച്ച 11 ലക്ഷം രൂപ തീർത്തും പാഴായി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.4)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**പത്തനംതിട്ട ജില്ല**
**ചിറ്റാർ ഗ്രാമപഞ്ചായത്ത്**

**18.** 2007-08 മുതൽ 2010-11 വരെ 3,91,333/-രൂപ ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ കേന്ദ്രം നാശോന്മുഖമായത് അമിതമായി മാലിന്യം നിക്ഷേപിച്ചതുകൊണ്ടാണോയെന്നും ആയതിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും സമിതി ചോദ്യമുന്നയിച്ചതിന്, പഞ്ചായത്തിന് സ്ഥലപരിമിതിയുള്ളതുകൊണ്ട് ചെറിയ മാലിന്യ സംസ്കരണ കേന്ദ്രമാണ് സ്ഥാപിച്ചതെന്നും സംസ്കരിക്കാൻ കഴിയുന്നതിനെക്കാൾ അളവിൽ ഉള്ള മാലിന്യ നിക്ഷേപമാണ് പ്രസ്തുത കേന്ദ്രം ഉപയോഗശൂന്യമാകാൻ കാരണമെന്നും ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**19.** മറ്റൊരു പദ്ധതി ആരംഭിക്കുന്നതുവരെ, സംസ്കരിക്കുവാൻ കഴിയുന്ന അളവിലുള്ള മാലിന്യം മാത്രം പ്ലാന്റിൽ നിക്ഷേപിക്കുകയും ബാക്കിയുള്ളവ നിലവിൽ ചെയ്തുവരുന്ന രീതിയിൽ സംസ്കരിക്കുകയും ചെയ്തിരുന്നെങ്കിൽ പ്രസ്തുത പ്ലാന്റ് നശിക്കില്ലായിരുന്നുവെന്നും പഞ്ചായത്ത് അധികാരികൾ കൃത്യമായ പരിശോധന നടത്താതിരുന്നതാണ് പ്ലാന്റ് നശിച്ചു പോകാനുള്ള കാരണമെന്നും അഭിപ്രായപ്പെട്ട സമിതി നിലവിൽ മാലിന്യം സംസ്കരിക്കുന്നത് എവിടെയാണെന്നും എങ്ങനെയാണെന്നും ആരാഞ്ഞതിന് സ്ഥലപരിമിതിമൂലം പഞ്ചായത്ത് ഓഫീസ് പരിസരത്ത് തന്നെയാണ് മാലിന്യം സംസ്കരിക്കുന്നതെന്നും ശ്രീ. ബഷീർ എന്ന വ്യക്തിയ്ക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് കരാർ നൽകിയിരിക്കുകയാണെന്നും ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

**20.** 2017-2018-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുമ്പൂർമുഴി മോഡൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുകയും ഐ.ആർ.റ്റി.സി. മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും ഹരിത കർമ്മസേന രൂപീകരിച്ച് വീടുകളിൽ നിന്നും അജൈവ

മാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്ത് വരുന്നുവെന്നാണ് പഞ്ചായത്ത് നൽകിയിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നതെന്നും ആയതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചും മാലിന്യ നിർമ്മാർജ്ജനത്തിന് സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണെന്നും സമിതി ആരാഞ്ഞതിന് തുമ്പൂർമൂഴി മോഡൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഐ.ആർ.റ്റി.സി.യുമായി കരാറിൽ ഏർപ്പെടുകയുണ്ടായിയെന്നും നിലവിൽ പഞ്ചായത്ത് വളപ്പിൽ തന്നെയാണ് അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുള്ളതെന്നും പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സ്ഥലമില്ലാത്തതിനാൽ സ്ഥലം വാങ്ങുന്നതിന് 28 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് ഓഫീസിന് സമീപത്തുള്ള 50 സെന്റ് സ്ഥലം വിലയ്ക്ക് നൽകാമെന്ന് ഉടമസ്ഥൻ അറിയിച്ചിട്ടുണ്ടെന്നും ആയത് പഞ്ചായത്തിന്റെ പേരിൽ ഏറ്റെടുക്കാമെന്നാണ് പഞ്ചായത്ത് തീരുമാനമെന്നും ആയതിനുശേഷം അവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**21.** നിലവിൽ പഞ്ചായത്ത് വളപ്പിൽ അടിസ്ഥാന സൗകര്യമൊരുക്കി പുതിയ പ്ലാന്റ് നിർമ്മിക്കുകയും പിന്നീടത് മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നതിലൂടെ അധികം തുക ചെലവഴിക്കുകയാണ് ചെയ്യുന്നതെന്ന് സമിതി നിരീക്ഷിച്ചു. ഖരമാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിച്ച് അളവിൽ കൂടുതൽ മാലിന്യങ്ങൾ നിക്ഷേപിച്ചതല്ലാതെ കൃത്യമായ പരിശോധന നടത്തിയിട്ടില്ല എന്നും ഈ രീതിയിലുള്ള പഞ്ചായത്ത് അധികാരികളുടെ ഉത്തരവാദിത്വമില്ലായ്മയാണ് 3,91,333/- രൂപയുടെ നഷ്ടത്തിനിടയാക്കിയതെന്നും കുറ്റപ്പെടുത്തിയ സമിതി പുതിയ പദ്ധതി താമസംവിനാ നടപ്പിലാക്കാൻ നിർദ്ദേശിച്ചു.

### തിരുവല്ല നഗരസഭ

**22.** 2012-13 കാലയളവിൽ 5,48,785/-രൂപ ചെലവിട്ട് നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റുകളും 4200 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണോ എന്നും എത്ര വീടുകൾക്കാണ് പൈപ്പ് കമ്പോസ്റ്റുകൾ നൽകിയതെന്നും പ്രസ്തുത പദ്ധതിയിലേയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെങ്ങനെയെന്നും ബയോഗ്യാസ് പ്ലാന്റുകൾ ഏത് കമ്പനിയുടേതാണെന്നും അതിന്റെ സർവ്വീസിംഗ്

തൃപ്തികരമാണോ എന്നും സമിതി ആരാഞ്ഞു. ആയതിന് പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ പൂർണ്ണമായും പ്രവർത്തിക്കുന്നില്ലെന്നും പതിനായിരം വീടുകൾക്കാണ് പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ അനുവദിച്ചതെന്നും ഗ്രാമസഭ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിന്നും നിശ്ചിത തുക ഈടാക്കുകയും അവർക്ക് പൈപ്പ് കമ്പോസ്റ്റ് യൂണിറ്റും ബയോഗ്യാസ് പ്ലാന്റും അനുവദിക്കുകയും ചെയ്തു എന്നും റേഡിയന്റ് മാർക്കറ്റ് ബീം എന്ന കമ്പനിയാണ് ഇതിന്റെ കരാർ ഏറ്റെടുത്തിട്ടുള്ളതെന്നും കേടായ പ്ലാന്റുകൾ നന്നാക്കി നൽകിയിരുന്നുവെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും തിരുവല്ല നഗരസഭ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഫയൽ രേഖയല്ല വേണ്ടതെന്നും ഇതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നഗരസഭയുടെ ടെക്നിക്കൽ വിംഗ് പരിശോധന നടത്തിയോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് സ്റ്റഡി ഇതുവരെ നടത്തിയിട്ടില്ല എന്ന് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. നഗരസഭയുടെ ആരോഗ്യ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ഒരു സ്ക്വാഡ് വീടുകൾ പരിശോധിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും അവർക്ക് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകിയാൽ ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവ പ്രവർത്തനക്ഷമമാണോ എന്നും വീട്ടുകാർക്ക് ഇതിൽ തൃപ്തിയുണ്ടോ എന്നും അറിയാൻ സാധിക്കുമെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

23. രേഖാമൂലമുള്ള മറുപടി മാത്രമല്ല സമിതിക്ക് വേണ്ടതെന്നും റേഡിയന്റ് മാർക്കറ്റ് ബീം കമ്പനി കേടായ എത്ര പ്ലാന്റുകൾ നന്നാക്കിയിട്ടുണ്ടെന്നുള്ള കണക്കാണ് ആവശ്യമെന്നും ഇതൊന്നുമില്ലാതെ സമിതിക്ക് മുമ്പാകെ ഹാജരായത് ശരിയായ നടപടിയല്ലെന്നും കുറ്റപ്പെടുത്തിയ സമിതി 2012-13, 2013-14 വർഷങ്ങളിലായി 4200 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും 240 ബയോഗ്യാസ് പ്ലാന്റുകളും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതിന്റെ കൈപ്പറ്റ് രസീത് സൂക്ഷിക്കുന്ന നഗരസഭയ്ക്ക് ആയതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന്

ആരാഞ്ഞു. ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെട്ട് വാർഡ് തലത്തിൽ അന്വേഷണം നടത്തിയിരുന്നെന്നും അക്കാര്യമാണ് റിപ്പോർട്ടാക്കി രേഖാമൂലം സമർപ്പിച്ചതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് സെക്രട്ടറിയ്ക്ക് ലഭിച്ച അറിവുകളൊന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും എത്ര പ്ലാന്റുകൾ നിലവിൽ പ്രവർത്തനക്ഷമമാണെന്നും ആളുകൾ ഇതിൽ തൃപ്തരാണോ എന്നും പ്ലാന്റിന്റെ കേട്ടുപാടുകൾ തീർക്കാൻ കമ്പനി വരാറുണ്ടോയെന്നുമുള്ള കാര്യങ്ങളാണ് സമിതിക്ക് അറിയേണ്ടതെന്നും ഇക്കാര്യങ്ങൾ പഠനവിധേയമാക്കാതെ മറുപടി നൽകിയിട്ട് കാര്യമില്ലെന്നും സമിതി കുറ്റപ്പെടുത്തി.

**24.** പരിശോധന നടത്തി വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനായി ആരോഗ്യ ശുചിത്വ ജാഗ്രതാ കാമ്പയിൻ എന്ന വെബ് പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടെന്നും അത് ഇന്റൻസിഫൈ ചെയ്താൽ മതിയെന്നും ഇതിലേയ്ക്കായി കുടുംബശ്രീയ്ക്ക് ഗുണഭോക്തൃ ലിസ്റ്റ് നൽകിയാൽ അവർ പരിശോധന നടത്തി നിശ്ചിത ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുമെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

**25.** പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളിൽ 90 ശതമാനവും ഉപയോഗ ശൂന്യമാണെന്ന് പരിശോധനയിൽ മനസിലാക്കാൻ കഴിയുമെന്ന് അഭിപ്രായപ്പെട്ട സമിതി റേഡിയന്റ് മാർക്കറ്റ് ബീം എന്ന കമ്പനിക്ക് പ്രോജക്ട് നൽകാൻ വേണ്ടി ആരംഭിച്ച പദ്ധതിയാണിതെന്ന് കുറ്റപ്പെടുത്തുകയുണ്ടായി. സമിതി മുമ്പാകെ നൽകിയിരിക്കുന്ന കാര്യങ്ങളിൽ അവ്യക്തതയുള്ളതായി സമിതി ചൂണ്ടിക്കാണിച്ചപ്പോൾ യൂണിറ്റുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച റിപ്പോർട്ടും ഇക്കാര്യങ്ങളിൽ ഉപഭോക്താക്കളോടുള്ള കമ്പനിയുടെ ഇടപെടലും സംബന്ധിച്ച കൃത്യമായ റിപ്പോർട്ട് 15 ദിവസത്തിനകം നൽകാമെന്ന് സെക്രട്ടറി അറിയിച്ചു. കമ്പനികൾ സാധനങ്ങൾ സപ്ലൈ ചെയ്താൽ എ.എം.സി. പുതുക്കാറില്ല എന്നും എഗ്രിമെന്റിൽ സർവ്വീസിംഗിനെക്കുറിച്ച് പറയാതിരുന്നാൽ അവർ അക്കാര്യത്തിൽ ഇടപെടില്ലെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

26. ബയോഗ്യാസ് പ്ലാന്റുകളും പൈപ്പ് കമ്പോസ്റ്റുകളും മാലിന്യ സംസ്കരണത്തിന് ഫലപ്രദമല്ലെന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികൾ ഇനിമുതൽ തുടരുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിച്ചു. സെക്രട്ടറിമാരുടെ മീറ്റിംഗിൽ പ്രസ്തുത നിർദ്ദേശം നൽകാമെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ മറുപടി നൽകി. ക്വാളിഫൈഡ് ആയ കമ്പനികൾ ഏതെല്ലാമാണെന്ന്, ഐഡന്റിഫൈ ചെയ്ത് നൽകണമെന്ന സമിതി നിർദ്ദേശത്തെ തുടർന്ന് ശുചിത്വമിഷന്റെ നേതൃത്വത്തിൽ വിശ്വാസയോഗ്യമായ ഏജൻസികളെ മാത്രമേ ഏൽപ്പിക്കുവാൻ പാടുള്ളുവെന്നും നിർദ്ദേശം നൽകാമെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

27. മാലിന്യ സംസ്കരണം നിർവ്വഹിക്കേണ്ടത് എങ്ങനെയെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ട്രെയിനിംഗ് നൽകുന്നതും ഏത് തരത്തിലുള്ള പ്രോജക്ടാണ് തെരഞ്ഞെടുക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നതും ശുചിത്വ മിഷനാണെന്നും അതുമായി ബന്ധപ്പെട്ട് കൃത്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

28. നഗരസഭകളിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വിജയകരമായ ഒരു മോഡൽ എവിടെയാണ് ഉള്ളതെന്ന് സമിതി ആരാഞ്ഞതിന് ആറ്റിങ്ങൽ, ആലപ്പുഴ, ഇമ്പൂർമൂഴി എന്നിവ മോഡലുകളായി ഉണ്ടെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ മറുപടി നൽകി. ആറ്റിങ്ങൽ നഗരത്തിൽ മാലിന്യ സംസ്കരണം എങ്ങിനെയാണ് നടക്കുന്നതെന്ന് സമിതി ആരാഞ്ഞതിന്, നഗരത്തിൽ അജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് ചെയ്യുന്നതിന് വിന്റ് റോ കമ്പോസ്റ്റിംഗ് പ്ലാന്റും അജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് ചെയ്യുന്നതിന് വെർമി കമ്പോസ്റ്റിംഗ് പ്ലാന്റും നിലവിലുണ്ടെന്നും ജൈവ മാലിന്യങ്ങൾ പ്ലാന്റിൽ നിക്ഷേപിച്ച് നിശ്ചിത ദിവസങ്ങൾക്ക് ശേഷം വളമാക്കി മാറ്റുകയാണെന്നും നഗരസഭാ സെക്രട്ടറി മറുപടി

നൽകി. കാസർഗോഡ് സർവ്വീസ് സൊസൈറ്റി എന്ന ഏജൻസിയാണ് ഇത് നടത്തുന്നതെന്നും അവർ തന്നെ വിളം എടുക്കുകയാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. കുടുംബശ്രീ പ്രവർത്തകർ വഴി ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ് ചെയ്ത് ക്ലീൻ കേരള മിഷന് നൽകുകയാണെന്നും നഗരസഭാ സെക്രട്ടറി തുടർന്ന് അറിയിച്ചു.

**29.** മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഡീസെൻട്രലൈസ് ചെയ്യണമെന്നതാണ് പൊതുസമീപനമെന്നും ഡീസെൻട്രലൈസ് ചെയ്യുമ്പോൾ പണം വേസ്റ്റാകുമെന്നല്ലാതെ വേറെ പ്രയോജനമൊന്നുമില്ലെന്നും വിജയകരമായി പ്രവർത്തിക്കുന്ന ഒന്നോ രണ്ടോ സ്ഥലങ്ങൾ മാത്രമേയുള്ളൂ എന്നും ഏജൻസികൾ മെഷീൻ സ്ഥാപിക്കുന്നതല്ലാതെ പിന്നീട് ഇതേക്കുറിച്ച് അന്വേഷിക്കാറില്ലെന്നതാണ് നിലവിലെ സ്ഥിതിയെന്നും അഭിപ്രായപ്പെട്ട സമിതി മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും മാതൃകാപരമായ ഒരു സ്കീം കേരളത്തിൽ ഉണ്ടാകണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ആലപ്പുഴ, ആറ്റിങ്ങൽ എന്നിവിടങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റ് സന്ദർശിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

### ആലപ്പുഴ ജില്ല

### ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

**30.** കോയിക്കൽ ചന്തയിലെ ഷോപ്പിംഗ് കോംപ്ലക്സിൽ 4,39,607/-രൂപ ചെലവഴിച്ച് 2009-10, 2010-11 കാലയളവിൽ നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ പ്രവർത്തിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെയും, ചന്തയിലെയും പച്ചക്കറി ഉൾപ്പെടെയുള്ള മാലിന്യങ്ങളാണ് പ്രസ്തുത ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നതെന്നും അതിൽ നിന്നും ലഭിക്കുന്ന ഗ്യാസ് കുടുംബശ്രീ വനിതാ കാന്റീനിലേയ്ക്ക് നൽകുന്നുണ്ടെന്നും പ്ലാന്റ് നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**ആലപ്പുഴ നഗരസഭ**

**31.** 2010-ൽ 3.3 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ മാരാരിക്കുളം (തെക്ക്) ഗ്രാമപഞ്ചായത്തിൽ 16 ഏക്കറിൽ വളരെ വർഷങ്ങളായി മാലിന്യം കൂട്ടിയിട്ടിരുന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ട പ്രസ്തുത പ്ലാന്റ് മുഖേന വലിയ അളവിലുള്ള മാലിന്യം ക്യാപ് ചെയ്യാൻ സാധിക്കാത്ത സ്ഥിതിയുണ്ടായെന്നും മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ എതിർപ്പ് കൂടാതെ ടിയാളുകൾക്ക് തൊഴിൽ നൽകുന്നതുമായി ബന്ധപ്പെട്ട് തർക്കം ഉണ്ടാവുകയും ചെയ്തുവെന്നും, ആന്ധ്രാപ്രദേശിലെ എ.പി.റ്റി.ഡി.സി. എന്ന കമ്പനിയാണ് പ്ലാന്റിന്റെ സ്ഥാപക ഏജൻസിയെന്നും. അവരുടെ തൊഴിലാളികളെ അനുവദിക്കാതെ പ്രദേശവാസികൾക്ക് തൊഴിൽ നൽകിയതിനെത്തുടർന്ന് പ്രസ്തുത കമ്പനി നഷ്ടത്തിലാവുകയും അവർ മറ്റ് 3 കമ്പനികൾക്ക് സബ്കോൺട്രാക്ട് നൽകുകയും ചെയ്തുവെന്നും അങ്ങനെ 10 മാസത്തിനകം പൂർത്തിയാക്കേണ്ട പ്രോജക്ട് 6 വർഷമായിട്ടും പൂർത്തിയാകാത്തതിനെ തുടർന്ന് കുമിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്തുകൊടുക്കാനുള്ള മുനിസിപ്പാലിറ്റിയുടെ കരാർ പാലിക്കാൻ കഴിയാതെ വരുകയും ചെയ്തുവെന്നും പ്രസ്തുത കാരണങ്ങളാൽ പ്ലാന്റ് നിലവിൽ പ്രവർത്തനരഹിതമാണെന്നും പൂർണ്ണതോതിലല്ലെങ്കിലും ഏകദേശം ഒരു വർഷത്തോളം മാത്രമേ പ്ലാന്റ് പ്രവർത്തിച്ചിട്ടുള്ളുവെന്നും പ്രസ്തുത സ്ഥലത്തുനിന്നും 225 ടണ്ണോളം മാലിന്യം പ്രോസസ് ചെയ്യുകയും 400 ടണ്ണോളം മാലിന്യം എഫ്.എ.സി.ടി.യ്ക്ക് നൽകുകയും ചെയ്തുവെങ്കിലും വലിയ അളവിൽ മാലിന്യം ഇപ്പോഴും കുമിഞ്ഞുകൂടി കിടക്കുകയാണെന്നും ബാക്കി സ്ഥലം കാടുപിടിച്ച് കിടക്കുകയാണെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**32.** പ്രസ്തുത പ്ലാന്റുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് മുനിസിപ്പാലിറ്റി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് സമിതി ചോദ്യമുന്നയിച്ചതിന് നഗരസഭയുടെ ഒരു ഡമ്പിംഗ് യാർഡ് ആയിട്ടാണ് പ്രസ്തുത സ്ഥലം ഉപയോഗിച്ചിരുന്നതെന്നും അതുമൂലം പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെന്നും പ്രസ്തുത സ്ഥലത്തുള്ള മരങ്ങൾ മുറിച്ചുമാറ്റി വൃത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, 3 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ ഉള്ളതിൽ ഒരു യൂണിറ്റ് ഖരമാലിന്യ സംസ്കരണ പ്ലാന്റ്

സ്ഥാപിച്ചിരിക്കുന്നിടത്തേയ്ക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നല്കി.

33. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ല മാതൃകാപരമായ കുറെ കാര്യങ്ങൾ നിലവിൽ ചെയ്തുവരുന്നു എന്ന് വിലയിരുത്തിയ സമിതി ഇപ്പോഴുണ്ടാകുന്ന മുഴുവൻ മാലിന്യങ്ങളും സംസ്കരിക്കാൻ സാധിക്കുന്നുണ്ടോയെന്ന് ആരായുകയുണ്ടായി. നിലവിൽ 30 ഡീസെൻട്രലൈസ്ഡ് യൂണിറ്റുകളിലായി 240 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതുവഴി മാലിന്യങ്ങൾ പ്രോസസ് ചെയ്യുകയും പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും ചെയ്യുന്നുണ്ടെന്നും ചെരിപ്പുപോലുള്ള മാലിന്യങ്ങൾ കരാറുകാർക്ക് നൽകുകയും ഹോട്ടൽ വേസ്റ്റുകൾ പന്നി ഫാമുകളിലേയ്ക്കും ഫിഷ് ഫാമുകളിലേയ്ക്കും നൽകുന്നുണ്ടെന്നും ഇതു കൂടാതെ ഹോട്ടൽ വേസ്റ്റ് പ്രോസസ് ചെയ്യാൻ 1.25 കോടി രൂപ മുടക്കി പുതിയ പ്ലാന്റ് സ്ഥാപിച്ചുകൊണ്ടിരിക്കുകയാണെന്നും നിലവിൽ സ്ഥാപിച്ചിട്ടുള്ള എയ്റോബിക് ബിന്നുകളിൽ പൊതുജനങ്ങൾ നേരിട്ട് മാലിന്യം നിക്ഷേപിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

34. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകളിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണത്തെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന് 2015-ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതിൻ പ്രകാരം ക്രമക്കേടിന് ഉത്തരവാദി ആരാണെന്ന് കണ്ടെത്താൻ സാധിക്കാത്ത ഒരു പൊതുപ്രശ്നമായി ആയത് പരിഗണിക്കപ്പെടുകയാണ് ഉണ്ടായതെന്നും ഇത്തരത്തിലുള്ള കണ്ടെത്തലുകൾ പൂർത്തീകരിച്ച് വിവരങ്ങൾ കോടതിയിൽ സമർപ്പിച്ചിരിക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതെന്നും വിജിലൻസ് കേസ് അവസാനിച്ചിട്ടില്ലെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. വേണ്ടത്ര പഠനം നടത്താതെയും വിവരശേഖരണം കൂടാതെയും ഇത്തരമൊരു പ്രോജക്ട് തയ്യാറാക്കി 3.34 കോടി രൂപ പാഴ്ചെലവാക്കിയതാണ് ഏറ്റവും വലിയ പരാജയമെന്ന് കുറ്റപ്പെടുത്തിയ സമിതി വിജിലൻസ് കേസ് സംബന്ധിച്ച വിധി വന്നതിനു ശേഷം പ്രസ്തുത വിഷയത്തിന്മേൽ തീരുമാനമെടുക്കാമെന്ന് നിർദ്ദേശിച്ചു.

ഇടുക്കി ജില്ല

തൊടുപുഴ നഗരസഭ

35. 2011-12 കാലയളവിൽ ഖരമാലിന്യ സംസ്കരണത്തിനായി 2,13,288/- രൂപ ചെലവഴിച്ച് വാങ്ങിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കാത്തതിന്റെ കാരണമെന്തെന്നും മെഷീന്റെ നിലവിലെ സ്ഥിതിയെന്തെന്നും സമിതി ആരാഞ്ഞതിന് ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്യുന്നതിന് മെഷീൻ വാങ്ങിയെങ്കിലും പൊതുജന പ്രക്ഷോഭം ഉണ്ടായതിനാൽ ആയത് സ്ഥാപിക്കാൻ സാധിച്ചില്ലെന്നും നിലവിൽ കാഞ്ഞിരമറ്റം എന്ന സ്ഥലത്ത് ഷെഡ് നിർമ്മിച്ച് 2018 ജനുവരി മുതൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും തൊടുപുഴ മുൻസിപ്പാലിറ്റി സെക്രട്ടറി (ഇൻചാർജ്ജ്) സമിതിയെ ബോധിപ്പിച്ചു. തുടർന്ന് പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

എറണാകുളം ജില്ല

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

36. കൊച്ചി കോർപ്പറേഷൻ ബ്രഹ്മപുരത്ത് സ്ഥാപിച്ച പ്ലാന്റ് പ്രവർത്തനക്ഷമമാണോ എന്നും കമ്പോസ്റ്റ് പ്ലാന്റിൽ നിന്നും ലഭിക്കുന്ന വളം വില്പന നടത്തുന്നത് കോർപ്പറേഷനാണോ എന്നും ആർ.ഡി.എഫ്. പ്ലാന്റ് ഉപേക്ഷിച്ച നിലയിലാണോ എന്നും സമിതി ആരാഞ്ഞതിന് കമ്പോസ്റ്റ് പ്ലാന്റ് പ്രവർത്തനക്ഷമമാണെന്നും എന്നാൽ മീഥെൻ വാതകം (ഇന്ധനം) ഉല്പാദിപ്പിക്കുന്ന ആർ.ഡി.എഫ്. പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും കമ്പോസ്റ്റ് വിൽക്കുന്നത് പ്ലാന്റിന്റെ കരാറെടുത്ത ആളാണെന്നും പ്ലാന്റിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് അടയ്ക്കുന്നതിന് പകരമായി വളം വില്പന നടത്തുന്നതിനുള്ള അനുവാദം നൽകുന്ന രീതിയിലാണ് എഗ്രിമെന്റ് എന്നും ആർ.ഡി.എഫ്. പ്ലാന്റ് സ്ഥിതി ചെയ്യുന്നത് ചതുപ്പ് ഭൂമിയിലാണെന്നും ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ കൺസൾട്ടന്റായി FEDO യെ ആണ് കോർപ്പറേഷൻ ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത ഓർഗനൈസേഷന്റെ നിർദ്ദേശപ്രകാരം ആന്ധ്രപ്രദേശിലെ എ.പി.ടി.ഡി.സി. എന്ന കമ്പനിയുമായി കോർപ്പറേഷൻ ടേൺ കീ കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണെന്നും മാലിന്യ സംസ്കരണ പ്ലാന്റിൽ അപാകതകൾ സംഭവിച്ചത് ശരിയാക്കുവാൻ APTDC തയ്യാറാകാത്തതിനെ തുടർന്ന്

കേട്ടുപാട്ടുകൾക്കുള്ള ചെലവ് അവരുടെ എഗ്രിമെന്റ് തുകയായ 19.63 കോടി രൂപയിൽ നിന്നും കോർപ്പറേഷൻ ഈടാക്കിയെന്നും അതിനെതിരെ അവർ ആന്ധ്രാപ്രദേശ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസ് നടന്നുവരികയാണെന്നും കൺസൾട്ടൻസി ഫീസ് സംബന്ധിച്ച് FEDO നൽകിയ കേസിൽ കൊച്ചിൻ കോർപ്പറേഷനാണ് ജയിച്ചതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

37. 2013-14-ൽ പണി തുടങ്ങിയ സ്വീവേജ് പദ്ധതിയും വിവിധ കാരണങ്ങളാൽ പണി പൂർത്തിയാകാത്ത നിലയിലാണെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്വീവേജ് പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിച്ചത് എവിടെയാണെന്ന് സമിതി ചോദ്യമുന്നയിച്ചതിന് ഫോർട്ട് കൊച്ചിയിലെ മുണ്ടംവേലിയിൽ ആണെന്നും ഗ്രീൻ ട്രിബ്യൂണലിൽ കേസ് വന്നതിനെത്തുടർന്ന് സ്റ്റേയിലായ പദ്ധതി ക്ലോസ് ചെയ്യാൻ എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിരിക്കുകയാണെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് 9 മേഖലകളിലായി സ്വീവേജ് പ്ലാന്റ് സ്ഥാപിക്കുമെന്നാണ് റിപ്പോർട്ടിൽ കാണുന്നതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടതിന് ആദ്യത്തെ പദ്ധതിപോലും നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി.

38. ആദ്യ പദ്ധതി തന്നെ പരാജയപ്പെട്ടപ്പോൾ മറ്റുള്ളവ നടപ്പാക്കാൻ ശ്രമിച്ചില്ലെന്ന് വിലയിരുത്തിയ സമിതി മുൻ പദ്ധതിക്കുവേണ്ടി വാട്ടർ അതോറിറ്റി സ്ഥാപിച്ച പൈപ്പുകളുടെ സ്ഥിതിയെക്കുറിച്ച് ആരാഞ്ഞതിന് മറ്റ് പദ്ധതികൾ അമൃത്-സ്മാർട്ട് സിറ്റി പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഉപയോഗപ്രദമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അപ്പോൾ പ്രസ്തുത പൈപ്പുകൾ ഉപയോഗിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമെന്നും സെക്രട്ടറി അറിയിച്ചു.

39. ബ്രഹ്മപുരത്തെ 'വേസ്റ്റ് ടു എനർജി' പ്ലാന്റിന്റെ സ്ഥിതിയെന്താണെന്നും ആയതിന് സെൻട്രൽ ഗവൺമെന്റിൽ നിന്നും എൻ.ഒ.സി. ലഭിച്ചോ എന്നും ഖരമാലിന്യ സംസ്കരണം മാത്രമാണോ പ്രസ്തുത പദ്ധതി മുഖേന ചെയ്യുന്നതെന്നും

സമിതി ആരാഞ്ഞതിന് പ്രസ്തുത പ്ലാന്റിനായി പരിസ്ഥിതി, പഞ്ചായത്ത്, ഫയർ & റെസ്ക്യൂ വകുപ്പുകളിൽ നിന്നും എൻ.ഒ.സി. ലഭിക്കുവാനുണ്ടെന്നും ഇത് സംബന്ധിച്ച് കമ്മിറ്റി പുനഃസംഘടിപ്പിച്ചതിലും കാലതാമസം ഉണ്ടായെന്നും പ്രസ്തുത പദ്ധതിക്ക് സെൻട്രൽ ഗവൺമെന്റിന്റെ എൻ.ഒ.സി. ആവശ്യമില്ലെന്നും എല്ലാത്തരം മാലിന്യങ്ങളും വൈദ്യുതിയാക്കുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നിലവിൽ വന്നാലും സ്വീവേജിന്റെ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയില്ലെന്ന് സമിതി വിലയിരുത്തി.

**40.** അമൃത് പദ്ധതിയിൽ എങ്ങനെയാണ് സ്വീവേജ് പ്രശ്നം പരിഹരിക്കപ്പെടുന്നതെന്നും കൊച്ചിയിലെ ഐലൻഡിൽ സ്ഥാപിച്ച പ്ലാന്റ് പ്രവർത്തിച്ചുതുടങ്ങിയോ എന്നും പ്ലാന്റിന് ഇരുപത് ലോഡ് മാലിന്യം പ്രോസസ്സ് ചെയ്യാൻ കഴിവുള്ളതല്ലേയെന്നും സമിതി ആരാഞ്ഞതിന് ഫോർട്ട് കൊച്ചിയിലെ സ്വീവേജ് പ്രശ്നം പരിഹരിക്കുന്നതിനായിട്ടുള്ള അമൃത് പദ്ധതിയിൽ ഡീസെൻട്രലൈസ്ഡ് ആയാണ് ചെയ്യുന്നതെന്നും കൊച്ചിയിലെ ഐലൻഡിൽ സ്ഥാപിച്ച പ്ലാന്റ് പ്രവർത്തിച്ചുതുടങ്ങിയെങ്കിലും പ്രസ്തുത സ്ഥലം പോർട്ടിന്റെ കൈവശമാണെന്നും കെ.എസ്.യു.ഡി.പി. യുടെ എഗ്രിമെന്റ് അനുസരിച്ച് അതൊരു ലോക്കൽ ബോഡിയിലേയ്ക്ക് കൈമാറ്റം ചെയ്യണമെന്നാണെന്നും ആയതിനുള്ള നടപടി കൈക്കൊണ്ടുവരികയാണെന്നും ജനവാസ കേന്ദ്രത്തിൽ കൂടി കടന്നുപോകുന്നതിനാൽ ഇരുപത് ലോഡിന് പകരം പത്ത് ലോഡ് വീതമാണ് മാലിന്യം കൊണ്ടുപോകുന്നതെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. എറണാകുളം ജില്ലയിലെ എളംകുളത്ത് വീടുകളുടെ സമീപമാണ് ഒരു പ്ലാന്റ് പ്രവർത്തിക്കുന്നതെന്നും എറണാകുളം ജില്ലയിലെ 5% കുള്ളസ് മാലിന്യവും പ്രോസസ്സ് ചെയ്യുന്നത് ഇവിടെയാണെന്നും ഓരോ ഡിവിഷനിലും ഓരോ പ്ലാന്റുണ്ടാക്കിയാലേ പ്രയോജനമുള്ളൂ എന്നും സമിതി അഭിപ്രായപ്പെട്ടു. ഡീസെൻട്രലൈസ്ഡായി ചെയ്യുമ്പോൾ വാർഡുകളിൽ സ്ഥലത്തിന്റെ അപര്യാപ്തത മൂലം പ്രശ്നങ്ങൾ ഉണ്ടാകാറുണ്ടെന്ന് സെക്രട്ടറി അറിയിച്ചതിന് നാലോ അഞ്ചോ

വാർഡുകൾക്കുവേണ്ടി ഒരു സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കണമെന്നും പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

41. സെപ്റ്റേജ് വേസ്റ്റ് പ്രോസസ്സ് ചെയ്യാൻ കഴിയാത്തത് ഗുരുതര വീഴ്ചയാണെന്നും എറണാകുളം ജില്ലയിൽ സെപ്റ്റിക് മാലിന്യങ്ങൾ ലോറിയിൽ കൊണ്ടുവന്ന് കായലിൽ നിക്ഷേപിക്കുന്ന സംഭവം ഉണ്ടായിട്ടുണ്ടെന്നും ഇപ്പോൾ സെപ്റ്റിക് മാലിന്യം നശിപ്പിക്കുന്നതിനായി ഒരു കെമിക്കൽ കണ്ടുപിടിച്ചിട്ടുണ്ടെന്നും സെപ്റ്റിക് ടാങ്കിൽ പ്രസ്തുത കെമിക്കൽ ഇട്ടാൽ ഒരു വർഷത്തിനകം മാലിന്യം എല്ലാം ബാക്ടീരിയ തിന്നു തീർക്കുമെന്നും ഓരോ വർഷവും കെമിക്കൽ ഇട്ടാൽ ടാങ്ക് വൃത്തിയാക്കേണ്ടി വരില്ലെന്നും പ്രസ്തുത കെമിക്കൽ വളരെ ഫലപ്രദമാണെന്നും അഭിപ്രായപ്പെട്ട സമിതി, സെപ്റ്റേജ് ട്രീറ്റ്മെന്റ് സംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ സ്ഥിതി ആരാഞ്ഞതിന്, ടി വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണെന്നും സെപ്റ്റേജ് ട്രീറ്റ്മെന്റിനെക്കുറിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും പ്ലാന്റിൽ നിന്നും ദുർഗന്ധം ഉണ്ടാകില്ലെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടെന്നുള്ള പരസ്യങ്ങൾ നൽകുകയും ചെയ്തിട്ടുണ്ടെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി. യാണ് മീറ്റിംഗ് സംഘടിപ്പിക്കുന്നതെന്നും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ മീറ്റിംഗിൽ ധനകാര്യ വകുപ്പിന്റെ നോമിനി എന്ന നിലയിൽ പങ്കെടുക്കാറുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

### ആലുവ മുനിസിപ്പാലിറ്റി

42. ആലുവ മുനിസിപ്പാലിറ്റിയിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിലവിലുണ്ടോയെന്നും, മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങളുടെ അവസ്ഥയെക്കുറിച്ചും സമിതി ആരാഞ്ഞപ്പോൾ ആലുവ മുനിസിപ്പാലിറ്റിയിൽ മാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലെന്നും കൊച്ചി കോർപ്പറേഷന്റെ ബ്രഹ്മപുരത്തെ പ്ലാന്റിലാണ് മാലിന്യം സംസ്കരിക്കുന്നതെന്നും ആലുവ ചെറിയൊരു മുനിസിപ്പാലിറ്റി ആയതിനാൽ മാലിന്യം കുറവാണെന്നും മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങൾ ചോർന്നൊലിക്കുന്നതായി ഒരു പരാതി കിട്ടിയതിനെത്തുടർന്ന് ഡ്രൈവർമാർക്ക്

താക്കീത് നൽകിയിട്ടുണ്ടെന്നും നിലവിൽ ഉപയോഗിച്ചുവരുന്ന വാഹനങ്ങളെല്ലാം മൂടിയുള്ളതാണെന്നും നഗരസഭയ്ക്ക് വലുതും ചെറുതുമായ രണ്ട് ടിപ്പറുകളാണ് സ്വന്തമായി ഉള്ളതെന്നും വാടകയ്ക്ക് വാഹനങ്ങളൊന്നും നഗരസഭ എടുക്കാറില്ലെന്നും ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

**കണ്ണൂർ ജില്ല**

**പയ്യാവൂർ ഗ്രാമപഞ്ചായത്ത്**

**43.** ഖരമാലിന്യ സംസ്കരണ യൂണിറ്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത കെട്ടിടത്തിൽ നിലവിൽ മാലിന്യ സംസ്കരണം നടക്കുന്നില്ലെന്നും ശേഖരിക്കുന്ന മാലിന്യം ബ്ലോക്ക് തലത്തിൽ ആരംഭിച്ചിട്ടുള്ള മാലിന്യ സംസ്ക്കരണ യൂണിറ്റിന് കൈമാറുകയാണെന്നും പ്രാദേശിക എതിർപ്പിനെ തുടർന്നാണ് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം നിലച്ചതെന്നും മാലിന്യ സംസ്കരണത്തിനായി ബദൽ സംവിധാനങ്ങൾ യാതൊന്നും അവിടെ പ്രാവർത്തികമാകില്ലെന്നും നിലവിൽ പ്രസ്തുത കെട്ടിടം പ്ലാസ്റ്റിക് ശേഖരണ യൂണിറ്റായി ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**44.** മാലിന്യസംസ്കരണം ഗവൺമെന്റ് പ്രത്യേക പദ്ധതിയായി നടപ്പിലാക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തുവരുന്ന സാഹചര്യത്തിൽ ടി പഞ്ചായത്തിൽ ഖരമാലിന്യ യൂണിറ്റ് നിർമ്മിച്ചത് നിഷ്ക്രിയാസ്തിയായി കിടക്കുകയാണെന്നും ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ബദൽ സംവിധാനം ആലോചിച്ചില്ലെന്നുള്ളത് ഗുരുതരമായ കൃത്യവിലോപമാണെന്നും അഭിപ്രായപ്പെട്ട സമിതി, പഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണത്തിന് മറ്റെന്തെങ്കിലും സംവിധാനം കണ്ടെത്തണമെന്ന് നിർദ്ദേശിച്ചു.

**കാസർഗോഡ് ജില്ല**

**പള്ളിക്കര ഗ്രാമപഞ്ചായത്ത്**

**45.** ഖരമാലിന്യ സംസ്കരണ പ്ലാന്റ് ഏത് ഏജൻസിയാണ് സ്ഥാപിച്ചതെന്നും പ്ലാന്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും സമിതി ആരാഞ്ഞതിന് 2005-06 കാലയളവിൽ കോട്ടയം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സ്വകാര്യ ഏജൻസിയാണ് പ്ലാന്റ് സ്ഥാപിച്ചതെന്നും ആരംഭത്തിൽ കുറച്ചുനാൾ നല്ലരീതിയിൽ

പ്രവർത്തിച്ചെങ്കിലും പിന്നീട് ഉപയോഗശൂന്യമായെന്നും നിലവിൽ ഹരിത കർമ്മസേന പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് പോലുള്ള ഖരമാലിന്യങ്ങൾ ടിപ്പർ ലോറികൾ ഉപയോഗിച്ച് പ്ലാന്റിൽ എത്തിക്കുകയും അതിനുശേഷം കോഴിക്കോട് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന 'ഗ്രീന്' എന്ന ഹരിത സഹായസേനയെ ഏൽപ്പിക്കുകയും ചെയ്യുന്നുവെന്നും ബാക്കിയുള്ള പ്രവർത്തനങ്ങളെല്ലാം ഒരു നിശ്ചിത എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ അവർക്ക് കൈമാറിയിരിക്കുകയാണെന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് കൊണ്ടുപോവുകയാണ് ചെയ്യുന്നതെന്നും ജൈവമാലിന്യങ്ങൾ നിലവിൽ ശേഖരിക്കുന്നില്ലെന്നും പള്ളിക്കര ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

**ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്**

**46.** ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും പാലക്കാട് ഐ.ആർ.ടി.സി. പ്രതിനിധികൾ പ്ലാന്റ്പരിശോധിച്ചതിനു ശേഷം എന്ത് മറുപടിയാണ് പഞ്ചായത്തിന് നൽകിയതെന്നത് സംബന്ധിച്ചും സമിതി ആരാഞ്ഞതിന് നിലവിൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തനരഹിതമാണെന്നും 2017-ൽ ശുചിത്വമിഷനുമായി ബന്ധപ്പെട്ട് ഐ.ആർ.ടി.സി. പ്രസ്തുത പ്ലാന്റ് സന്ദർശിച്ച് പരിശോധന നടത്തിയതായും പ്ലാന്റ് പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്ന് അറിയിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ ഐ.ആർ.ടി.സി.ക്ക് നിരവധി കത്തുകൾ അയച്ചതിന്റെ ഫലമായി ഒരു തവണ സന്ദർശിച്ചെങ്കിലും എസ്റ്റിമേറ്റ് നൽകിയില്ലെന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിലേയ്ക്കായി കത്തുകളും ഓർമ്മക്കുറിപ്പും അയച്ചതിനെത്തുടർന്ന് ഐ.ആർ.ടി.സി. ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് വീണ്ടും സന്ദർശിച്ചുവെങ്കിലും പ്ലാന്റ് പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് നൽകിയിട്ടില്ലെന്നും ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്ലാന്റ് പുനരുദ്ധാരണം നടത്തുന്നതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## കാസർഗോഡ് നഗരസഭ

47. ബയോഗ്യാസ് പ്ലാന്റ് പൊളിച്ചുമാറ്റി നിർമ്മിച്ച മത്സ്യമാർക്കറ്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത കെട്ടിടത്തിന്റെ ഉയരം കുറവായതിനാൽ പ്രതിധ്വനി ഉണ്ടാകുന്നുവെന്ന കാരണത്താൽ കുറച്ച് മത്സ്യ വില്പനക്കാർ മാർക്കറ്റിന് പുറത്ത് കച്ചവടം നടത്തുന്നുണ്ടെന്നും എന്നാൽ കുറച്ചധികം പേർ പ്രസ്തുത മാർക്കറ്റിനുള്ളിലിരുന്ന് മത്സ്യവിപണനം നടത്തുന്നുണ്ടെന്നും കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

48. മാർക്കറ്റിന് പുറത്ത് മത്സ്യവിപണനം നടത്താൻ സാധിക്കുകയില്ലെന്ന് കാണിച്ച് പ്രസ്തുത മത്സ്യവിൽപനക്കാർക്ക് നോട്ടീസ് നൽകി അവരെ അവിടെ നിന്നും ഒഴിപ്പിക്കണമെന്നും അതുമല്ലെങ്കിൽ പുറത്തിരുന്നു കച്ചവടം നടത്തുന്നവരെ അകത്ത് ഇരുത്തണമെന്നും ആയതിന് തയ്യാറാകാത്തവരെ പറഞ്ഞുവിടുന്നതിനുള്ള നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**49. ചിറ്റാർ ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിൽ അമിതമായി മാലിന്യം നിക്ഷേപിച്ചതുമൂലമാണ് പ്ലാന്റ് ഉപയോഗശൂന്യമായത് എന്ന് സമിതി വിലയിരുത്തുന്നു. നിലവിൽ പഞ്ചായത്ത് വളപ്പിൽ അടിസ്ഥാന സൗകര്യമൊരുക്കി പ്ലാന്റ് സ്ഥാപിക്കുകയും പിന്നീട് സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് പ്ലാന്റ് മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നത് അധികച്ചെലവാണെന്ന് സമിതി നിരീക്ഷിക്കുന്നു. കൃത്യമായ ആസൂത്രണത്തോടെയും പാഴ്ചെലവ് ഒഴിവാക്കിയും പുതിയ മാലിന്യ സംസ്കരണ പ്ലാന്റ് താമസംവിനാ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**50. തിരുവല്ല നഗരസഭയിലെ ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനക്ഷമത, അവയുടെ കേടുപാടു തീർക്കൽ, ഉപഭോക്താക്കളോടുള്ള കമ്പനിയുടെ ഇടപെടൽ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതികൾ മാലിന്യ സംസ്കരണത്തിന് ഫലപ്രദമല്ലെന്നുള്ള ഓഡിറ്റ്**

പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ പ്രവർത്തനം പഠന വിധേയമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

51. വിജയകരമായി മാലിന്യ സംസ്കരണം നടത്തുന്ന വളരെ കുറച്ച് കേന്ദ്രങ്ങൾ മാത്രമേ സംസ്ഥാനത്തുള്ളൂ എന്ന് അഭിപ്രായപ്പെട്ട സമിതി ഖരമാലിന്യസംസ്കരണത്തിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഒരു മാതൃകാ പദ്ധതി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണത്തിനുള്ള ബയോഗ്യാസ് പ്ലാന്റ് നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.

53. ആലപ്പുഴ നഗരസഭയിലെ ഖരമാലിന്യ സംസ്കരണത്തിനുള്ള ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണത്തിനായി വേണ്ടത്ര പഠനവും വിവരശേഖരണവും നടത്താതെ വൻതുക ചെലവാക്കിയതിനെ സമിതി വിമർശിക്കുന്നു. ആയത് സംബന്ധിച്ച് നിലവിലുള്ള വിജിലൻസ് കേസ് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

54. തൊടുപുഴ നഗരസഭ ഖരമാലിന്യ സംസ്കരണത്തിനായി വാങ്ങിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ പൊതുജന പ്രക്ഷോഭം നിമിത്തം സ്ഥാപിക്കാൻ സാധിച്ചില്ലെന്നും നിലവിൽ കാഞ്ഞിരമറ്റം എന്ന സ്ഥലത്ത് പ്രസ്തുത മെഷീന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നുമുള്ള തൊടുപുഴ മുനിസിപ്പാലിറ്റി സെക്രട്ടറി (ഇൻചാർജ്ജ്) യുടെ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

55. മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും സെപ്റ്റേജ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. മാലിന്യസംസ്കരണം സർക്കാർ പ്രത്യേക പദ്ധതിയായി കണക്കാക്കി

ഫണ്ട് അനുവദിക്കുന്ന സാഹചര്യത്തിൽ പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണ യൂണിറ്റ് നിഷ്ക്രിയാസ്തിയായതിനാൽ പകരം സംവിധാനം ആലോചിക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണത്തിനായി ബദൽ സംവിധാനം കണ്ടെത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. പള്ളിക്കര ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നൽകിയ വിശദീകരണം അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

58. ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ പ്രവർത്തന രഹിതമായ മാലിന്യ സംസ്കരണ പ്ലാന്റ് പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു

59. കാസർഗോഡ് നഗരസഭയിൽ ബയോഗ്യാസ് പ്ലാന്റ് പൊളിച്ചുമാറ്റി നിർമ്മിച്ച മത്സ്യമാർക്കറ്റിന് പുറത്ത് മത്സ്യ വിപണനം നടത്തുന്നവരെ നോട്ടീസ് നൽകി ഒഴിപ്പിക്കുകയോ അല്ലെങ്കിൽ അവരെ മാർക്കറ്റിനകത്ത് കച്ചവടം നടത്താൻ അനുവദിക്കുകയോ ചെയ്യണമെന്നും ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**വ്യവസായ കേന്ദ്രങ്ങൾ കെട്ടിടം നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിക്കുന്ന വ്യവസായ/തൊഴിൽ സംരംഭങ്ങളിൽ ഏറെയും പരാജയമാവുകയാണ്. തദ്ദേശസ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തികളായി മാറിയവയിൽ 12.49 ശതമാനം ചെലവും (10.62 കോടി രൂപ) വ്യവസായ/സ്വയംതൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ടവയാണ്. വ്യക്തമായ കാഴ്ചപ്പാടും സാധ്യതാപഠനവും ഇല്ലാതെയാണ് വ്യവസായ സംരംഭകേന്ദ്രങ്ങൾ ആരംഭിക്കുന്നത്. തൊഴിൽ സംരംഭങ്ങൾക്ക് യാതൊരു സാധ്യതയുമില്ലാത്ത

സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള വ്യവസായകേന്ദ്രങ്ങളുമുണ്ട്. നിർമ്മിച്ച കെട്ടിടങ്ങളിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള തുടർ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളാത്തതാണ് ആസ്തികൾ നിഷ്ക്രിയമാവാൻ പ്രധാനകാരണം. വ്യവസായ/ തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയാസ്തികളായി മാറിയതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിൽ തയ്യൽ പരിശീലനത്തിനായി 2007-08-ൽ 47,400/- രൂപ ചെലവഴിച്ച് തയ്യൽ മെഷീനുകൾ വാങ്ങി. ഇവ നിലവിൽ ജാഗ്രതാസമിതി ഓഫീസിൽ പൊടിപിടിച്ചുകിടക്കുകയാണ്.

ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് 2009-10-ൽ നിർമ്മാണമാരംഭിച്ച സമഗ്ര ചെറുകിട വ്യവസായ സംരംഭ കെട്ടിടം 22.03.2013-ൽ പൂർത്തിയായി. 13,61,361/-രൂപയാണ് കെട്ടിടം നിർമ്മാണത്തിന് ചെലവഴിച്ചത്. എന്നാൽ കെട്ടിടത്തിൽ പ്ലംബിംഗ്, വയറിംഗ് എന്നിവ നടത്തിയിട്ടില്ല. പ്ലാസ്റ്ററിംഗ് ഇളകിയ നിലയിലുള്ള കെട്ടിടവും പരിസരവും കാടുപിടിച്ച നിലയിലാണ്.

ആല ഗ്രാമപഞ്ചായത്തിൽ 2008-09 ൽ 2,23,686/-രൂപ ചെലവഴിച്ച് പേപ്പർ കപ്പ് പ്ലേറ്റ് നിർമ്മാണ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങി. ഇതേ സാമ്പത്തിക വർഷം തന്നെ 99,985/-രൂപ ചെലവിൽ പേപ്പർബാഗ്- തുണിബാഗ് നിർമ്മാണ യൂണിറ്റിന് ഉപകരണങ്ങൾ, 83,760/-രൂപ ചെലവിൽ കാറ്ററിംഗ് യൂണിറ്റിനുള്ള സാധനസാമഗ്രികൾ എന്നിവയും വാങ്ങുകയുണ്ടായി. എന്നാൽ ഇവയൊന്നും തന്നെ വിതരണം ചെയ്യപ്പെടാതെ ഗ്രാമപഞ്ചായത്തോഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്.

ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 2000-01 ൽ 19 ലക്ഷം രൂപ ചെലവഴിച്ച് പണിതീർത്ത കയർകോമൺ ഫെസിലിറ്റി സെന്റർ പ്രവർത്തനരഹിതമാണ്.

**ദീർഘവീക്ഷണമില്ലാത്ത വ്യവസായ പദ്ധതി; 25.88 ലക്ഷം രൂപ പാഴ്ചെലവായി**

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് എസ്.സി. വനിതാ വ്യവസായ കേന്ദ്രത്തിനായി 2007-08 മുതൽ 2011-12 വരെ 25,88,959/- രൂപ ചെലവഴിച്ചു. കുടുംബശ്രീ അംഗങ്ങളായ എസ്.സി. വനിതകൾക്ക് പേപ്പർ ഗ്ലാസ്,

പേപ്പർ പ്ലെയ്റ്റ് എന്നിവ നിർമ്മിക്കാനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തത്. കൈകൾ കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങളാണ് വ്യവസായ കേന്ദ്രത്തിന് വേണ്ടി വാങ്ങിയത്. എന്നാൽ ഇവയ്ക്ക് ആധുനിക യന്ത്രങ്ങളാൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളെ അപേക്ഷിച്ച് ഗുണമേന്മ കുറവായതിനാൽ മാർക്കറ്റിൽ ആവശ്യക്കാർ കുറവായിരുന്നു. ലാഭം ഇല്ലാതായതോടെ വ്യവസായകേന്ദ്രം അടച്ചുപൂട്ടി. നിലവിൽ യന്ത്രങ്ങൾ തുരുമ്പെടുത്തു നശിക്കുന്നു. ദീർഘവീക്ഷണമില്ലാതെ നടപ്പിലാക്കിയതിനാലാണ് പദ്ധതി പരാജയപ്പെട്ടത്.

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്ത് 2008-09 ൽ 4,00,000/- രൂപ ചെലവഴിച്ച് നിർമ്മിച്ച വനിതാ തൊഴിൽ പരിശീലന കേന്ദ്രം ഇതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 2012-13 ൽ 24,49,935/- രൂപ ചെലവഴിച്ച് നിർമ്മിച്ച എസ്.സി. വനിതാ പരിശീലനകേന്ദ്രം ഇതുവരെ ലക്ഷ്യം നേടിയിട്ടില്ല . രണ്ടുനില കെട്ടിടത്തിൽ വൈദ്യുതീകരണം പൂർത്തിയായിട്ടില്ല. നിലവിൽ മുകളിലത്തെ നിലയിലെ ഹാൾ കൗൺസിൽ ഹാളായി ഉപയോഗിക്കുന്നു.

ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ 11,21,085/-രൂപ ചെലവഴിച്ച് 2009-10 ൽ നിർമ്മിച്ച എസ്.സി.വർക്ക് ഷെഡിൽ വ്യവസായങ്ങളൊന്നും ഇതുവരെ തുടങ്ങിയിട്ടില്ല. കോട്ടയം നഗരസഭ 2010-11 ൽ 16,91,377/-രൂപ ചെലവിൽ നിർമ്മിച്ച വനിതാ വ്യവസായ യൂണിറ്റും ഉപയോഗശൂന്യമായ നിലയിലാണ്.

**26 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച 5 വനിതാവ്യവസായ കേന്ദ്രങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ**

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് 2010, 2011 വർഷങ്ങളിലായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ പണികഴിപ്പിച്ച 5 വനിതാവ്യവസായ കേന്ദ്രങ്ങൾ പ്രവർത്തനമില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 26 ലക്ഷം രൂപയാണ് ഈ കേന്ദ്രങ്ങളുടെ നിർമ്മാണത്തിന് ചെലവിട്ടത്.

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ 2010 ആഗസ്റ്റിൽ ഉദ്ഘാടനം ചെയ്ത തൊഴിൽ

സംരംഭക/വനിതാവ്യവസായ കേന്ദ്രം ഇതുവരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല. 5 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ കെട്ടിടം ഉപേക്ഷിക്കപ്പെട്ട നിലയിലാണ് പരിശോധനയിൽ കണ്ടത്. അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ 2011-ൽ പണിപൂർത്തിയായ പട്ടികജാതി വനിതാ വ്യവസായ കേന്ദ്രവും പ്രവർത്തിക്കുന്നില്ല. 9 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിലെ രണ്ടു മുറികൾ പരിസരവാസികൾ സ്വകാര്യ ആവശ്യങ്ങൾക്കുപയോഗിക്കുന്നു. ഈ കെട്ടിടവും ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റിൽ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ നിർമ്മിച്ച കെട്ടിടവും അടഞ്ഞുകിടക്കുന്നു. 2010-ൽ നിർമ്മിച്ച കെട്ടിടത്തിന്റെ ചെലവ് 5 ലക്ഷം രൂപയാണ്. ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ 2011-ൽ 5 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച വനിതാവ്യവസായ കേന്ദ്രവും ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. കെട്ടിടത്തിലെ മുറികളുടെ നിർമ്മാണം പൂർത്തിയായിട്ടില്ല. അയ്മനം ഗ്രാമപഞ്ചായത്തിൽ 2010-ൽ നിർമ്മാണം തുടങ്ങിയ വനിതാ തൊഴിൽ സംരംഭകേന്ദ്രം പണിപൂർത്തിയാവും മുൻപ് തന്നെ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. 2 ലക്ഷം രൂപ ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ തൊടുപുഴ നഗരസഭ 1999-2000-ൽ 8 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വെങ്ങല്ലൂർ വനിതാവ്യവസായ കേന്ദ്രത്തിന്റെ കെട്ടിടം ഉപയോഗശൂന്യമാണ്.

നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് 2011-ൽ 5 ലക്ഷം രൂപ ചെലവഴിച്ച് പണിത താന്നിമൂട്ടിലെ വികലാംഗ സ്വയംതൊഴിൽ യൂണിറ്റിൽ സംരംഭങ്ങളൊന്നും ആരംഭിച്ചിട്ടില്ല. നിലവിൽ കെട്ടിടം നാശോന്മുഖമാണ്.

എറണാകുളം ജില്ലയിലെ വെങ്ങോല ഗ്രാമപഞ്ചായത്ത് 2012-13-ൽ 6,90,000/-രൂപ ചെലവഴിച്ച് നിർമ്മിച്ച വനിതാവ്യവസായ കേന്ദ്രം ഉപയോഗപ്പെടാത്ത നിലയിലാണ്. വേങ്ങൂർ ഗ്രാമപഞ്ചായത്ത് 2000-01 ൽ നിർമ്മാണം തുടങ്ങിയ വനിതാവ്യവസായ കേന്ദ്രം അസ്ഥിവാരം മാത്രം നിർമ്മിക്കപ്പെട്ട നിലയിലാണ്. 2,53,940/- രൂപ കെട്ടിടത്തിനായി ചെലവഴിച്ചിട്ടുണ്ട്.

കോതമംഗലം നഗരസഭയിൽ 2012-ൽ നിർമ്മാണം പൂർത്തിയായ വനിതാവ്യവസായ കേന്ദ്രത്തിന്റെ 'എ' ബ്ലോക്ക് കെട്ടിടം പ്രവർത്തിക്കുന്നില്ല. 15,16,680/-രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് 2011-12-ൽ 13,65,535/-രൂപ ചെലവഴിച്ച് നിർമ്മിച്ച ആരക്കുന്നം എസ്.സി. വനിതാവ്യവസായ കേന്ദ്രം പരിസരമാകെ കാടുപിടിച്ച നിലയിലാണ്. യാതൊരു പ്രവർത്തനങ്ങളും ഇവിടെ നടക്കുന്നില്ല.

ആലുവാ നഗരസഭയിൽ 2009-ൽ നിർമ്മിച്ച വനിതാവ്യവസായ വിപണന കേന്ദ്രം പ്രവർത്തിക്കുന്നില്ല. 4,87,215/- രൂപയാണ് ഇതിന്റെ നിർമ്മാണച്ചെലവ്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2013-14-ൽ 5,20,000/-രൂപ ചെലവിട്ട നിർമ്മിച്ച തേവരയിലെ വനിതാവ്യവസായ വിപണനകേന്ദ്രവും ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ യൂണിറ്റും ഉപയോഗിക്കാതെ പൂട്ടിക്കിടക്കുകയാണ്.

**ജലലഭ്യത ഉറപ്പാക്കാതെ ലോൺട്രി യൂണിറ്റ് തുടങ്ങി; 5 ലക്ഷത്തിന്റെ യന്ത്രസാമഗ്രികൾ നിഷ്ക്രിയം**

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്ത് 2008-ൽ 5,06,222/- രൂപ ചെലവഴിച്ച് ഇൻഡസ്ട്രിയൽ ലോൺട്രി യൂണിറ്റ് തുടങ്ങുവാനുള്ള യന്ത്രങ്ങൾ വാങ്ങി. എന്നാൽ ജലലഭ്യത ഉറപ്പാക്കാതെയും കഴുകിയ വസ്ത്രങ്ങൾ ഉണക്കി വിരിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താതെയുമാണ് യന്ത്രസാമഗ്രികൾ വാങ്ങിയത്. നിലവിൽ യന്ത്രങ്ങൾ കെട്ടിടത്തിന്റെ ഒരു മുറിയിൽ ഉപയോഗശൂന്യമായി കിടക്കുന്നു.

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് 2000-01-ൽ 11.70 ലക്ഷം രൂപ ചെലവഴിച്ച് ആയക്കാട് പണിതീർത്ത വനിതാ വസ്ത്രനിർമ്മാണ യൂണിറ്റ് ഉപയോഗമില്ലാതെ കിടക്കുന്നു. 1999-2000-ൽ നിർമ്മിച്ച വനിതാ വ്യവസായ യൂണിറ്റും പ്രവർത്തനക്ഷമമല്ല. 4 ലക്ഷം രൂപയായിരുന്നു ഇതിനായി ചെലവഴിച്ചത്. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് 1998-99-ൽ നിർമ്മിച്ച വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഇതുവരെ പ്രവർത്തനമാരംഭിച്ചില്ല. 3 ലക്ഷം രൂപ ചെലവഴിച്ച ഈ കെട്ടിടത്തിന്റെ ജനാലകളും മേൽക്കൂരയും തകർന്ന നിലയിലാണ്.

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് 2007-08 ൽ 11,62,916/- രൂപ ചെലവഴിച്ച്

നിർമ്മിച്ച എസ്.ജി.എസ്.വൈ. വിപണനകേന്ദ്രത്തിൽ ലക്ഷ്യമിട്ട യൂണിറ്റുകളൊന്നും നാളിതുവരെ ആരംഭിച്ചിട്ടില്ല.

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്ത് 2011-12-ൽ 7,47,278/- രൂപ ചെലവഴിച്ച് നിർമ്മിച്ച കുടുംബശ്രീ കാർഷിക ഉൽപ്പന്നങ്ങളുടെ സ്ഥിരം വിപണനകേന്ദ്രം പ്രവർത്തനം തുടങ്ങിയിട്ടില്ല. കണ്ണൂർ നഗരസഭയുടെ വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിഷ്ക്രിയാവസ്ഥയിലാണ്. 2008-09-ൽ 15,02,607/- രൂപ ചെലവിട്ടാണിത് നിർമ്മിച്ചത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

## പത്തനംതിട്ട ജില്ല

### ചിറ്റാർ ഗ്രാമപഞ്ചായത്ത്

**60.** 2008 മുതൽ 2010 വരെ പ്രവർത്തിച്ചിരുന്ന തയ്യൽ പരിശീലന കേന്ദ്രം പ്രവർത്തനരഹിതമാകാനുള്ള കാരണമെന്താണെന്നും ആവശ്യക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് തയ്യൽ മെഷീനുകൾ നൽകാനുള്ള ശ്രമം നടത്തിയില്ലേയെന്നും സമിതി ആരാഞ്ഞതിന് നഷ്ടം സംഭവിച്ചതിനാലാണ് തയ്യൽ പരിശീലന കേന്ദ്രം നിർത്തലാക്കിയതെന്നും തയ്യൽ മെഷീനുകൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രൂപ്പുകളെ ഏൽപ്പിക്കുവാനുള്ള ശ്രമം നടത്തിയിരുന്നെങ്കിലും പ്രവർത്തനം ലാഭകരമല്ലാത്തതിനാൽ ഏറ്റെടുക്കാൻ ആരും തയ്യാറായില്ലെന്നും കൂടാതെ നിലവിൽ തയ്യൽ മെഷീനുകൾ തുരുമ്പെടുത്ത് പ്രവർത്തനരഹിതമായ അവസ്ഥയിലാണുള്ളതെന്നും ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**61.** പഞ്ചായത്ത് അധികാരികളുടെ ഉത്തരവാദിത്തമില്ലായ്മ മൂലം 47,400/- രൂപയുടെ നഷ്ടമുണ്ടായതായി കറ്റപ്പെടുത്തിയ സമിതി ഉപയോഗയോഗ്യമായ തയ്യൽമെഷീനുകൾ ഉണ്ടെങ്കിൽ പ്രവർത്തനക്ഷമമാക്കി പട്ടികജാതി

വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ആലപ്പുഴ ജില്ല

## പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

**62.** 13,61,361/-രൂപ ചെലവഴിച്ച് 2013-ൽ പൂർത്തിയാക്കിയ സമഗ്ര ചെറുകിട വ്യവസായ സംരംഭ കെട്ടിടത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സമിതി വിശദീകരണം ആരാഞ്ഞതിന് 18.11.2016 മുതൽ പ്രസ്തുത കെട്ടിടത്തിൽ കുടുംബശ്രീയുടെ വനിതാ സംരംഭക പദ്ധതിയായ നവജീവൻ അമൃതം ഫുഡ് പ്രോഡക്ട്സ് എന്ന യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ടെന്ന് പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. കെട്ടിടം നിലവിൽ സ്ഥിതി ചെയ്യുന്നത് മുനിസിപ്പാലിറ്റിയിലല്ലേയെന്നും മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് പ്രസ്തുത നടപടിയെക്കുറിച്ച് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത സ്ഥാപനം ഹരിപ്പാട് മുനിസിപ്പാലിറ്റിയിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും കെട്ടിടവും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവും പള്ളിപ്പാട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ് ഉള്ളതെന്നും മുനിസിപ്പാലിറ്റിയുടെ ലൈസൻസ് നേടി പ്രവർത്തിക്കുന്ന ടി കെട്ടിടം പഞ്ചായത്ത് ഇന്നേവരെ മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടില്ലെന്നും ആയത് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടില്ലെന്നും പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചതിനെ തുടർന്ന് പ്രസ്തുത വിഷയം ഇന്നേവരെ ശ്രദ്ധയിൽപെട്ടിട്ടില്ലെന്ന് ഹരിപ്പാട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

**63.** മുനിസിപ്പാലിറ്റിക്ക് കൈമാറേണ്ട സ്ഥാപനം കൈമാറാതെ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ലൈസൻസിനായി നഗരസഭയെ സമീപിച്ചപ്പോഴുണ്ടായ പ്രശ്നങ്ങളാണ് പ്രസ്തുത സംരംഭത്തിന്റെ പ്രവർത്തനം വൈകാനുണ്ടായ കാരണമെന്നും പൊതു ഖജനാവിൽ നിന്ന് സർക്കാർ പണം ചെലവഴിച്ച് നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ തർക്കങ്ങൾ പരിഹരിച്ച് നന്നായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ശ്രമമാണ് നടത്തേണ്ടതെന്നും അഭിപ്രായപ്പെട്ട സമിതി, പഞ്ചായത്തും

മുനിസിപ്പാലിറ്റിയും തമ്മിലുള്ള തർക്കം പരിഹരിച്ച് പ്രസ്തുത സ്ഥാപനം നന്നായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

**ആല ഗ്രാമപഞ്ചായത്ത്**

**64.** 2008-09-ൽ വിവിധ യൂണിറ്റുകൾ തുടങ്ങുന്നതിനായുള്ള പദ്ധതി സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിജിലൻസ് കേസിന്റെ നിലവിലെ സ്ഥിതിയെന്തായെന്ന് സമിതി ആരാഞ്ഞതിന് കോട്ടയം വിജിലൻസ് കോടതിയിൽ കേസിന്റെ വിചാരണ ആരംഭിച്ചിട്ടുണ്ടെന്ന് ആല ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. വിജിലൻസ് റിപ്പോർട്ട് വന്നതിനുശേഷം ഇത് പരിഗണിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

**ആര്യാട് ബ്ലോക്ക് പഞ്ചായത്ത്**

**65.** 2000-01-ൽ 19 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച കയർ കോമൺ ഫെസിലിറ്റി സെന്ററിന്റെ നിലവിലെ അവസ്ഥയെക്കുറിച്ചും അതിന്റെ പ്രവർത്തനത്തെക്കുറിച്ചും സമിതി ആരാഞ്ഞതിന് പ്രസ്തുത സൊസൈറ്റി രൂപീകരിച്ചപ്പോൾ ഭരണസമിതിയിലുള്ള അംഗങ്ങൾ തമ്മിലുള്ള പ്രശ്നവും തൊഴിൽ തർക്കവും കാരണം പ്രോജക്ട് നടപ്പിലാക്കാൻ സാധിച്ചില്ലെന്നും പ്രോജക്ടിനായി അനുവദിച്ച തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയ്ക്കായി നിർമ്മിച്ച കെട്ടിടവും സ്ഥലവും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)-മായി എഗ്രിമെന്റ് വയ്ക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. സമിതിയെ ബോധിപ്പിച്ചു.

**66.** ഉന്നത വിദ്യാഭ്യാസ വകുപ്പിന് പ്രസ്തുത കെട്ടിടം കൈമാറാനുണ്ടായ സാഹചര്യത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ബഹു.ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടതെന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 2017-ൽ ഇതു സംബന്ധിച്ച ഗവൺമെന്റ് ഓർഡർ ആയിട്ടുണ്ടെന്നും അതുപ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും ബി.ഡി.ഒ. അറിയിച്ചതിനെത്തുടർന്ന് 2000-2001-ൽ പ്രസ്തുത പദ്ധതിയ്ക്കായി തുക

അനുവദിച്ച ശേഷം 18 വർഷം യാതൊരു പ്രവർത്തനവും നടത്താതിരിക്കുകയും നിലവിൽ കെട്ടിടം ASAP-ന് വിട്ടുകൊടുക്കുകയും ചെയ്തതിനെ സമിതി നിശിതമായി വിമർശിച്ചു. കൂടാതെ 18 വർഷം കയർ കോമൺ ഫെസിലിറ്റി സെന്റർ ഉപയോഗിക്കാതിരുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഒരു ന്യായീകരണവും നൽകിയിട്ടില്ലെന്ന കാര്യം റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാനും പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ളതിൽ നീക്കിയിരിപ്പ് തുക പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കാത്തതിന്റെ വിശദീകരണം ഉൾപ്പെട്ട റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

**കോട്ടയം ജില്ല**

**ദീർഘവീക്ഷണമില്ലാത്ത വ്യവസായ പദ്ധതി, 25.88 ലക്ഷം രൂപ പാഴ്ചെലവായി**

**(a) മുണ്ടക്കയം ഗ്രാമപഞ്ചായത്ത്**

**67.** 28,85,744/-രൂപ വിനിയോഗിച്ച് എസ്.സി. വനിതാ വ്യവസായ കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെയും യന്ത്രസാമഗ്രികളുടെയും നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന് പേപ്പർ ഗ്ലാസ്, പേപ്പർ പ്ലേറ്റ് എന്നിവയുടെ നിർമ്മാണമാണ് ടി കെട്ടിടത്തിൽ നടന്നതെന്നും പ്രസ്തുത വ്യവസായ യൂണിറ്റ് ഒരു വർഷം വരെ പ്രവർത്തിച്ചെന്നും നിലവിൽ പ്രോജക്ട് പ്രവർത്തനരഹിതമാണെന്നും പദ്ധതി ലാഭകരമല്ലാത്തതുകൊണ്ടാണ് നിർത്തലാക്കിയതെന്നും മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**68.** പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ ടേൺഓവർ ഉണ്ടായിരുന്നുവെന്ന സമിതിയുടെ ചോദ്യത്തിന് അത് പരിശോധിച്ചാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂവെന്നും പദ്ധതി ലാഭകരമല്ല എന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയെത്തുടർന്ന് എത്ര ഗ്ലാസ്സും പ്ലേറ്റും നിർമ്മിച്ചുവെന്നും എത്ര രൂപയ്ക്ക് വില്പന നടത്തിയെന്നും തൊഴിലാളികൾക്ക് എത്ര രൂപ കൂലി കൊടുത്തുവെന്നുമുള്ള വ്യക്തമായ കണക്കുണ്ടെങ്കിൽ മാത്രമേ പദ്ധതി ലാഭമാണോ നഷ്ടമാണോ എന്ന് പറയാൻ കഴിയുകയുള്ളൂവെന്ന് അഭിപ്രായപ്പെട്ട സമിതി പദ്ധതി പ്രവർത്തിച്ച കാലഘട്ടത്തിൽ എത്ര രൂപ വരുമാനമുണ്ടായെന്നും എക്സ്പെൻഡിച്ചർ

എത്രയാണെന്നും പദ്ധതി ലാഭമായിരുന്നോ എന്ന് വിലയിരുത്തിയിട്ടുണ്ടോ എന്നുമുള്ള കാര്യങ്ങൾ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒരാഴ്ചയ്ക്കുള്ളിൽ സമിതിക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

### (b) അയ്മനം ഗ്രാമപഞ്ചായത്ത്

**69.** 2008-09-ൽ 4,00,000/- രൂപ ചെലവഴിച്ച് നിർമ്മിച്ച വനിതാ തൊഴിൽ പരിശീലന കേന്ദ്രം പ്രാവർത്തികമാക്കാൻ കഴിയുമെന്ന് ഉത്തമ വിശ്വാസമില്ലാതെ തുടങ്ങിയ സ്ഥാപനമാണെന്ന് അഭിപ്രായപ്പെട്ട സമിതി, വനിതാ തൊഴിൽ സംരംഭ കേന്ദ്രമെന്ന് ബോർഡ് വച്ചാൽ ഫണ്ട് ചെലവഴിക്കാൻ സാധിക്കുമോ എന്ന് ചോദ്യമുന്നയിച്ചതിന് വനിതാ പരിശീലന-സംരംഭ-വിപണന കേന്ദ്രത്തിനാണ് കെട്ടിടം നിർമ്മിച്ചതെന്നും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിശീലനം മാത്രമാണ് നടക്കാത്തതെന്നും വിപണന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെന്നും അയ്മനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**70.** വിജയകരമായി നടക്കുന്ന പദ്ധതികളെക്കുറിച്ച് ഓഡിറ്റ് വകുപ്പ് പരിശോധന നടത്താറില്ലേ എന്ന് സമിതി ആരാഞ്ഞതിന് ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ, വ്യവസായ/വിപണന കേന്ദ്രങ്ങൾ, കെട്ടിടങ്ങൾ/ഷോപ്പിംഗ് കോംപ്ലക്സ്, കുടിവെള്ള/ജലവിതരണ പദ്ധതികൾ, ഭവന പദ്ധതികൾ, വിവിധ പദ്ധതികൾക്കായി വാങ്ങിയ ഭൂമികൾ, മത്സ്യമാർക്കറ്റുകൾ/ചന്തകൾ, പകൽ വീടുകൾ/വൃദ്ധസദനങ്ങൾ, അറവുശാലകൾ, കാർഷികോപകരണങ്ങൾ എന്നീ പദ്ധതികളിൽ ഉണ്ടായിട്ടുള്ള പ്രവർത്തനം വിലയിരുത്തി നിഷ്ക്രിയാസ്തി സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്ന ഗവൺമെന്റിന്റെ നിർദ്ദേശത്തിനനുസരിച്ചുള്ള റിപ്പോർട്ടാണ് നൽകിയിരിക്കുന്നതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

**71.** നിയമസഭാ സമിതിയെന്നത് നിയമസഭയുടെ പരിച്ഛേദമാണെന്നും എല്ലാ പദ്ധതികളും പരാജയമാണെന്ന രീതിയിൽ ഒരു റിപ്പോർട്ട് സമിതി സഭയിൽ വയ്ക്കുമ്പോൾ അതിന് വലിയ ഇംപാക്ട് ഉണ്ടാവുകയും തുടർന്ന് ഇത്തരം പദ്ധതികൾക്ക് ഫണ്ട് അനുവദിക്കാത്ത അവസ്ഥയുണ്ടാവുകയും ചെയ്യുമെന്നും ആയതിനെക്കുറിച്ച് വിശദമായി മനസ്സിലാക്കണമെങ്കിൽ സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കുന്ന പദ്ധതികളും കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ട സമിതി, ഇതു

സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ഒന്നര മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറോട് നിർദ്ദേശിച്ചു.

### (c) മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

72. 24,49,935/- രൂപ ചെലവഴിച്ച് 2012-13-ൽ നിർമ്മിച്ച എസ്.സി. വനിതാ പരിശീലന കേന്ദ്രം ലക്ഷ്യം നേടിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് പറയാനുള്ളതെന്താണെന്ന് സമിതി ചോദ്യമുന്നയിച്ചതിന് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടത്തുന്നുണ്ടെന്നും ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ പരിശീലന പരിപാടികളും പ്രസ്തുത ഹാളിലാണ് നടത്തുന്നതെന്നും ഓരോ വർഷവും പ്രോജക്ട് വച്ച് ഇരുനില കെട്ടിടത്തിന്റെ ഓരോ ഭാഗത്തെയും പണികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണെന്നും മാടപ്പള്ളി ബി.ഡി.ഒ. മറുപടി നൽകി.

73. എസ്.സി. വിഭാഗത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പ്രസ്തുത കെട്ടിടം എസ്.സി. ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിലേയ്ക്കായി ഗവൺമെന്റിന്റെ പ്രത്യേക അനുവാദം വാങ്ങിയിട്ടുണ്ടോ എന്ന് സമിതി ചോദ്യമുന്നയിച്ചതിന് ആയത് വാങ്ങിയിട്ടില്ലെന്ന മാടപ്പള്ളി ബി.ഡി.ഒ.യുടെ മറുപടിയെത്തുടർന്ന് എസ്.സി. ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് സാധൂകരണം സർക്കാരിൽ നിന്നും വാങ്ങി റിപ്പോർട്ട് നൽകാൻ ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### (d) ഉദയനാപുരം ഗ്രാമപഞ്ചായത്ത്

74. ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ 2009-10-ൽ നിർമ്മിച്ച എസ്.സി. വർക്ക് ഷെഡ് മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാത്തതെന്തുകൊണ്ടാണെന്നും ഇത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞതിന് 8 വർഷം പഴക്കമുള്ള പ്രസ്തുത കെട്ടിടത്തിന്റെ ടിൻ ഷീറ്റുകൾ ഉപയോഗിച്ച് നിർമ്മിച്ച മേൽക്കൂരയുടെ സീലിംഗുകൾ അറ്റകുറ്റപ്പണികളുടെ അപര്യാപ്തത മൂലം പല ഭാഗങ്ങളിലും പൊളിഞ്ഞുകിടക്കുകയാണെന്നും കൂടാതെ

പ്രധാന ഹാളിലെ കോൺക്രീറ്റ് തറയും ഭിത്തിയുടെ പല ഭാഗത്തെ കോൺക്രീറ്റുകളും അടർന്നുപോയിരിക്കുകയാണെന്നും കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിരുന്നെങ്കിലും വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയതുമൂലം കെ.എസ്.ഇ.ബി. അധികൃതർ കണക്ഷൻ വിച്ഛേദിച്ച് മീറ്റർ എടുത്ത് മാറ്റിയ നിലയിലാണെന്നുള്ളതാണ് നിലവിലെ സ്ഥിതിയെന്നും ഓഡിറ്റ് വകുപ്പ് സമിതിയെ ബോധിപ്പിച്ചു.

**75.** പ്രസ്തുത കെട്ടിടം എന്തെങ്കിലും ആവശ്യത്തിനുവേണ്ടി പഞ്ചായത്തിന് ഉപയോഗിച്ചുകൂടേ എന്ന സമിതിയുടെ ചോദ്യത്തിന് കുടുംബശ്രീ യൂണിറ്റുകളെ ഉൾപ്പെടുത്തി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അഫിലിയേഷനുള്ള പട്ടികജാതി യൂണിറ്റുകളുടെ ചുമതലയിൽ വസ്ത്രനിർമ്മാണ യൂണിറ്റും തയ്യൽ ക്ലാസ്സുകളും ആരംഭിക്കുകയും ചെയ്യുമെന്ന റിപ്പോർട്ട് തയ്യാറായിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത ആവശ്യം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് എന്നാണ് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് കൊടുത്തതെന്ന് സമിതി ആരായുകയുണ്ടായി. പട്ടികജാതി കുടുംബശ്രീ യൂണിറ്റുകളുടെ ചുമതലയിൽ വസ്ത്ര നിർമ്മാണ യൂണിറ്റുകളും തയ്യൽ ക്ലാസ്സുകളും ആരംഭിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നിർമ്മിച്ചതാണ് ടി കെട്ടിടമെന്നും 08.12.2017-ൽ പ്രസ്തുത റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്ക് കൊടുത്തിട്ടുണ്ടെന്നും ഉദയനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ടി റിപ്പോർട്ട് തങ്ങൾക്ക് ഇതുവരെ ലഭിച്ചിട്ടില്ലെന്നും സമിതിയിൽ ഹാജരാകാൻ ആവശ്യപ്പെട്ടപ്പോൾ പുതിയ മറുപടി തയ്യാറാക്കിയതായിരിക്കാമെന്നും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വളരെ നിരുത്തരവാദപരമായ സമീപനമാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതെന്ന് വിമർശിച്ച സമിതി ഉദയനാപുരം പഞ്ചായത്ത് സെക്രട്ടറിക്ക് explanation notice കൊടുക്കണമെന്നും പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചു.

### (e) കോട്ടയം നഗരസഭ

76. 2010-11-ൽ 16,91,377/-രൂപ ചെലവിൽ നിർമ്മിച്ച വനിതാ വ്യവസായ യൂണിറ്റ് ഉപയോഗശൂന്യമാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് വനിതാ അയൽക്കൂട്ടങ്ങളുടെ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപണനം നടത്തുന്നതിനും ഉദ്ദേശിച്ച് പണികഴിപ്പിച്ച ടി ഇരുനില കെട്ടിടത്തിൽ താല്പര്യമുള്ള യൂണിറ്റുകൾ വരാത്തതിനാൽ ആണ് കഴിഞ്ഞ 5 വർഷക്കാലം പ്രവർത്തനസജ്ജമാക്കാൻ കഴിയാതിരുന്നതെന്നും 2015-ൽ നഗരസഭ ആവിഷ്കരിച്ച കേന്ദ്രപദ്ധതിയായ ദേശീയ നഗര ഉപജീവന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ തൊഴിൽ സംരംഭങ്ങൾ സോപ്പുപൊടി, ടോയ്‌ലറ്റ് ലോഷൻ, ഡിഷ് വാഷ്, സാമ്പ്രാണിത്തിരി എന്നിവ ഉണ്ടാക്കി വിതരണം നടത്തിവരുന്നുണ്ടെന്നും മറ്റൊരു ഹാളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ തൊഴിൽരഹിതരായ സ്ത്രീകൾക്ക് നൈപുണ്യ പരിശീലനവും നടത്തിവരുന്നുണ്ടെന്നും കെട്ടിടത്തിന്റെ മുകളിലത്തെ നില അറ്റകുറ്റപ്പണികൾക്കായി ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ടെന്നും കോട്ടയം നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത വർക്കിന്റെ പുരോഗതി സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ച.

**26 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച 5 വനിതാവ്യവസായ കേന്ദ്രങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ.**

### ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

77. 2010-11, 2011-12 വർഷങ്ങളിലായി 5 വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നിഷ്ക്രിയമായി കിടക്കുന്നുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ചോദ്യമുന്നയിച്ചതിന് തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ നാലെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും ഒരെണ്ണം പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ഇത്തവണത്തെ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഏറ്റുമാനൂർ ബി.ഡി.ഒ. സമിതിയെ അറിയിച്ചതിനെത്തുടർന്ന് ബി.ഡി.ഒ. പറഞ്ഞ മറുപടിയും റിപ്പോർട്ടിലുള്ളതും തമ്മിൽ വ്യത്യാസമുണ്ടെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും ആയതിന് ആറ് മാസം മുമ്പുള്ള

മറുപടിയാണ് റിപ്പോർട്ടിലുള്ളതെന്നും ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബി.ഡി.ഒ. അറിയിച്ചു. പ്രസ്തുത വിശദീകരണം സമിതി അംഗീകരിച്ചു.

**അതിരമ്പുഴ ഗ്രാമപഞ്ചായത്ത്**

**78.** 2011-ൽ പണി പൂർത്തിയായ 4 മുറികളുള്ള പട്ടികജാതി വനിതാ വ്യവസായ കേന്ദ്രം പ്രവർത്തിക്കാത്തതെന്തുകൊണ്ടാണെന്നും സ്വകാര്യ ആവശ്യങ്ങൾക്കാണ് പ്രസ്തുത മുറികൾ ഉപയോഗിക്കുന്നതെന്നാണ് ഓഡിറ്റ് പരാമർശം എന്നതും സംബന്ധിച്ച വിഷയത്തിൽ എന്താണ് അറിയിക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് സ്വകാര്യ വ്യക്തികളെ മാറ്റി പ്രസ്തുത മുറികൾ പട്ടികജാതി ഗ്രൂപ്പിന് നൽകിയിട്ടുണ്ടെന്ന് ഏറ്റുമാനൂർ ബി.ഡി.ഒ. അറിയിച്ചതിനെത്തുടർന്ന് നിലവിലെ സ്ഥിതിവിവര റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നീണ്ടൂർ ഗ്രാമപഞ്ചായത്ത്**

**79.** നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റിൽ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ നിർമ്മിച്ച കെട്ടിടത്തിൽ ആകെ എത്ര മുറികളാണുള്ളതെന്നും നിലവിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും സമിതി ആരാഞ്ഞതിന് ഗ്രാമപഞ്ചായത്തിന് കൈമാറിയ പ്രസ്തുത കെട്ടിടത്തിലെ 3 മുറികളിൽ വനിതാ സ്വയംതൊഴിൽ സംരംഭകേന്ദ്രം പ്രവർത്തിക്കുന്നുണ്ടെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെന്നും ഏറ്റുമാനൂർ ബി.ഡി.ഒ. സമിതിയെ അറിയിച്ചു. മുകളിലത്തെ നിലയിലെ രണ്ട് മുറികൾ അടഞ്ഞുകിടക്കുന്നു എന്നത് സംബന്ധിച്ച് സമിതി ചോദ്യമുന്നയിക്കുകയും ആയതിന് ബ്ലോക്ക് പഞ്ചായത്തിന്റെ 3 മുറികളിൽ മൂന്ന് ഗ്രൂപ്പുകൾ നാളികേര സംസ്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ 8/2016 മുതൽ ആരംഭിച്ചിട്ടുണ്ടെന്നാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിക്കുകയും ചെയ്തു.

**ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, അയ്മനം ഗ്രാമപഞ്ചായത്ത്**

**80.** ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വനിതാ വ്യവസായ കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടം ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ ഒരു സംയുക്ത

സംരംഭമാണെന്നും 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയ പ്രസ്തുത കെട്ടിടത്തിൽ മുകളിലത്തെ 5 മുറികളിൽ 3 എണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും താഴത്തെ നിലയിൽ ഒറ്റ ഹാളാണുള്ളതെന്നും ആയത് പ്രവർത്തിക്കുന്നില്ലെന്നും ഏറ്റുമാനൂർ ബി.ഡി.ഒ. സമിതിയെ ബോധിപ്പിച്ചതിനെ തുടർന്ന് കെട്ടിടത്തിന്റെ ദുരവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ എന്ന് സമിതി ചോദ്യമുന്നയിച്ചു. ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെയും അയ്മനം ഗ്രാമപഞ്ചായത്തിലെയും വനിതാ തൊഴിൽ സംരംഭ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ തുടർനടപടികൾ പൂർത്തിയാക്കുന്നതിനും ഗ്രൂപ്പുകളെ സഹായിക്കുന്നതിനുമായി നിലവിൽ 13 ലക്ഷം രൂപയുടെ പ്രോജക്ടിന് അപ്രൂവൽ ലഭിച്ചിട്ടുണ്ടെന്നും ഏറ്റുമാനൂർ ബി.ഡി.ഒ. മറുപടി നൽകി.

**81.** ആയതിന്റെ അടിസ്ഥാനത്തിൽ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വനിതാ വ്യവസായ സംരംഭ കേന്ദ്രത്തിന്റെ കെട്ടിടത്തിലെ താഴത്തെ നിലയിലെ ഒറ്റമുറി ഹാൾ പ്രവർത്തനക്ഷമമാക്കുകയും അതിന്റെ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

## ഇടുക്കി ജില്ല

### തൊടുപുഴ നഗരസഭ

**82.** 1999-2000 കാലയളവിൽ 8 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച വെങ്ങല്ലൂർ വനിതാ വ്യവസായ കേന്ദ്രത്തിൽ നിന്നും വനിതകളെ ഒഴിപ്പിച്ചതുമായി ബന്ധപ്പെട്ട് സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത കേന്ദ്രത്തിന്റെ സമീപത്താണ് ആദ്യം പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കാൻ തീരുമാനിച്ചതെന്നും മലിനീകരണം ഉണ്ടാകുമെന്നതിന്റെ അടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനത്തിലുള്ളവരും പ്രദേശവാസികളും ഇതിനെ എതിർത്തതിനെ തുടർന്ന് വ്യവസായ സ്ഥാപനത്തിലുള്ളവർക്ക് ലൈസൻസ് പുതുക്കി നൽകാതെ അവരെ ഒഴിപ്പിക്കാൻ കൗൺസിൽ തീരുമാനമെടുത്തെന്നും നഗരസഭാ സെക്രട്ടറി (ഇൻ-ചാർജ്ജ്) സമിതിയെ ബോധിപ്പിച്ചു. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ മാറ്റി

സ്ഥാപിച്ച സാഹചര്യത്തിൽ വനിതകളെ യാതൊരു കാരണവുമില്ലാതെ ഒഴിപ്പിച്ചതിനെ സമിതി വിമർശിച്ചപ്പോൾ ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കുന്നതുമൂലം വ്യവസായ കേന്ദ്രം പ്രവർത്തിപ്പിക്കാൻ സാധിക്കില്ലെന്നുപറഞ്ഞ് വ്യവസായ എസ്റ്റേറ്റിലെ മുറികൾ സ്വയം തൊഴിൽ ചെയ്യുന്നതിനായി വാടകയ്ക്കെടുത്തിരുന്ന മൂന്ന് വനിതകളിൽ ഒരാളായ ശ്രീമതി മുംതാസ് ഇസ്മായിൽ മുനിസിപ്പാലിറ്റിക്കെതിരെ കേസ് ഫയൽ ചെയ്തതായും ആയതിൽ മുനിസിപ്പാലിറ്റിക്ക് അനുകൂലമായി വിധി വരികയും 2013-2014 മുതൽ ഡിസംബർ 2016 വരെയുള്ള വാടകയും പലിശയും സർവ്വീസ് ടാക്സും ഈടാക്കി അവരെ ഒഴിപ്പിക്കുകയും ചെയ്തതായും സെക്രട്ടറി (ഇൻ- ചാർജ്ജ്) സമിതിയെ അറിയിച്ചു.

**83.** പ്രസ്തുത വനിതാ വ്യവസായ കേന്ദ്രത്തിൽ എന്ത് വ്യവസായമാണ് ഉണ്ടായിരുന്നതെന്നും അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും സമിതി ആരാഞ്ഞതിന് ഒരു മില്ലും സോപ്പ് നിർമ്മാണ യൂണിറ്റുമാണ് അവിടെ ഉണ്ടായിരുന്നതെന്നും നിലവിൽ പ്രസ്തുത കെട്ടിടം പാലിയേറ്റീവ് കെയർ രോഗികൾക്കായുള്ള തൊഴിലധിഷ്ഠിത പുനരധിവാസ പരിശീലന കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ടെന്നും സെക്രട്ടറി (ഇൻ- ചാർജ്ജ്) സമിതിക്ക് മറുപടി നൽകി. വനിതാ വ്യവസായ കേന്ദ്രം ആരംഭിച്ച് വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി നൽകിയെങ്കിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് വരുന്നതിനെ എതിർത്തതുകൊണ്ട് അവരെ അവിടെ നിന്നും ഒഴിപ്പിച്ചത് ന്യായീകരിക്കാവുന്നതല്ല എന്ന് കുറ്റപ്പെടുത്തിയ സമിതി പ്രസ്തുത വനിതകളുടെ നിലവിലെ സ്ഥിതി എന്തെന്ന് ആരാഞ്ഞതിന് അവർ വേറെ ബിസിനസ്സൊന്നും ആരംഭിച്ചിട്ടില്ലെന്ന് സെക്രട്ടറി (ഇൻ- ചാർജ്ജ്) മറുപടി നൽകി.

**നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്**

**84.** 2011-ൽ 5 ലക്ഷം രൂപ ചെലവഴിച്ച് പണിത താന്നിമൂട്ടിലെ വികലാംഗ സ്വയം തൊഴിൽ യൂണിറ്റിൽ സംരംഭങ്ങളൊന്നും ആരംഭിച്ചിട്ടില്ലെന്നും കെട്ടിടം നിലവിൽ നാശോന്മുഖമാണെന്നുമുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി മറുപടി

ആരാഞ്ഞതിന് 2011-ൽ പേപ്പർ ബാഗ് യൂണിറ്റ് ആരംഭിക്കാനാണ് പദ്ധതിയുണ്ടായിരുന്നതെങ്കിലും ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ പദ്ധതി ആരംഭിക്കാൻ സാധിച്ചില്ലെന്നും 3 പഞ്ചായത്തുകളിൽ നിന്നുള്ള വികലാംഗരായ 12 പേരെ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കാനാണ് നിലവിൽ ഉദ്ദേശിക്കുന്നതെന്നും ഇതിനായി 04.07.2018-ൽ പഞ്ചായത്ത് കമ്മിറ്റി ഇത് സംബന്ധിച്ച് തീരുമാനമെടുത്തിരുന്നുവെന്നും കെട്ടിടത്തിന്റെ ഭിത്തിയിൽ വിള്ളലുള്ളതിനാൽ മെയിന്റനൻസ് നടത്തുന്നതിനായി ഡി.പി.സി.യുടെ അംഗീകാരത്തിന് സമർപ്പിച്ചുവെങ്കിലും പുതിയ പ്രോജക്ടുകൾക്ക് ഡി.പി.സി. അപ്രൂവൽ നൽകാത്തതുകൊണ്ട് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണെന്നും സെക്രട്ടറി അറിയിച്ചു. തുടർന്ന് ഓഡിറ്റ് ഒബ്ജക്ഷനുള്ള വിഷയങ്ങൾ കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കില്ലെന്നും ആയതിനാൽ അംഗീകാരത്തിനായി വകുപ്പിലേയ്ക്ക് ഫയൽ അയക്കേണ്ടിവരുമെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. പ്രസ്തുത വിഷയത്തിൽ . കോ-ഓർഡിനേഷൻ കമ്മിറ്റിയ്ക്ക് തീരുമാനമെടുക്കാൻ സാധിക്കില്ലെന്നും സമിതിക്ക് മാത്രമേ അതിന് സാധിക്കുകയുള്ളൂവെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചതിനെ തുടർന്ന് ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് മുഖേന ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു.

**എറണാകുളം ജില്ല**

**വെങ്ങോല ഗ്രാമപഞ്ചായത്ത്**

**85.** വനിതാ വ്യവസായ വികസന കേന്ദ്രത്തിന്റെ പ്രവർത്തനത്തെക്കുറിച്ചും നിലവിലെ സ്ഥിതിയെക്കുറിച്ചും ആരുടെയെങ്കിലും ആവശ്യപ്രകാരമാണോ പ്രസ്തുത സ്ഥാപനം തുടങ്ങിയതെന്നും സമിതി ആരാഞ്ഞതിന് വനിതാ വ്യവസായ കേന്ദ്രത്തിൽ ഒരു വലിയ ഹാളും ടോയ്‌ലെറ്റുമുണ്ടെന്നും നിലവിൽ പ്രസ്തുത കെട്ടിടം ഉപയോഗിക്കുന്നില്ലെന്നും 2018-ൽ ഒരു പ്രോജക്ടിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി കെട്ടിടം അമൃതം ഫുഡ്സ് യൂണിറ്റിന് നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും പ്രസ്തുത യൂണിറ്റ് അങ്കണവാടികൾക്ക് ഫുഡ് വിതരണം ചെയ്യുന്നതിനായിട്ടുള്ളതാണെന്നും ആയത് നിലവിൽ പഞ്ചായത്തിന്റെ ചെറിയ

ഹാളിലാണ് പ്രവർത്തിക്കുന്നതെന്നും പണി പൂർത്തിയായാൽ മാത്രമേ എഗ്രിമെന്റ് വയ്ക്കുവാൻ സാധിക്കുകയുള്ളുവെന്നും വനിതാ വ്യവസായ വികസന കേന്ദ്രം തുടങ്ങാൻ ഉദ്ദേശിച്ചാണ്. വനിതാ സെക്ടറിൽ തുക ചെലവഴിക്കേണ്ട പദ്ധതിയുപയോഗിച്ച് കെട്ടിടം നിർമ്മിച്ചതെന്നും എന്ത് സംരംഭം തുടങ്ങണമെന്ന് ധാരണയില്ലായിരുന്നുവെന്നും പ്രസ്തുത കെട്ടിടത്തിൽ വ്യവസായം ആരംഭിക്കുന്നതിനായി പഞ്ചായത്തിനെ ആരും സമീപിച്ചിട്ടില്ലെന്നും വെങ്ങോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

86. ഏത് വർഷമാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചതെന്നും അമൃതം ഫുഡ്സ് യൂണിറ്റ് എന്ന് മുതൽ പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സമിതി ആരാഞ്ഞപ്പോൾ 2012-13 കാലയളവിലാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചതെന്നും 2019 മാർച്ച് മാസത്തിൽ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ഏപ്രിൽ ഒന്നിന് അമൃതം ഫുഡ്സ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

**വേങ്ങൂർ ഗ്രാമപഞ്ചായത്ത്**

87. 2000-01-ൽ നിർമ്മാണം ആരംഭിച്ച വനിതാവ്യവസായ കേന്ദ്രം അസ്ഥിവാരം മാത്രം നിർമ്മിക്കപ്പെട്ട നിലയിലാണ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് 1999-2000-ൽ ബെനിഫിഷ്യറി കമ്മിറ്റിയെ പ്രസ്തുത പ്രവൃത്തി ഏൽപ്പിക്കുകയും 2,53,940/-രൂപ കൺവീനർക്ക് നൽകുകയും ചെയ്തിരുന്നുവെന്നും എന്നാൽ 1,07,440/- രൂപയുടെ പ്രവൃത്തി മാത്രമാണ് നടന്നിട്ടുള്ളതെന്നും ബാക്കി തുകയായ 1,46,500/-രൂപയ്ക്കായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചുവെങ്കിലും 19,075/-രൂപ മാത്രമാണ് തിരികെ അടവാക്കിയതെന്നും തുടർന്ന് ആർ.ആർ. നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുണ്ടെന്നും പ്രസ്തുത വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലാണെന്നും അന്നത്തെ നോംസ് പ്രകാരം ബെനിഫിഷ്യറി കമ്മിറ്റികളായിരുന്നു കൂടുതൽ പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നതെന്ന് വേങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**88.** വനിതാ വ്യവസായ കേന്ദ്രത്തിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന വ്യവസായങ്ങൾ എന്തെല്ലാമെന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത പ്രോജക്ടിൽ വനിതാ വ്യവസായ കേന്ദ്രമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂവെന്നും വ്യവസായങ്ങൾ ഏതെല്ലാമെന്ന് നിഷ്കർഷിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് യാതൊരു ലക്ഷ്യവുമില്ലാതെയാണ് വനിതാ വ്യവസായ കേന്ദ്രത്തിനായി കെട്ടിടനിർമ്മാണം തുടങ്ങിയതെന്നും എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നത് മാത്രമല്ല നിലവിൽ പ്രസ്തുത വിഷയം കേസിലുമാണെന്നും ആയതാണ് നിലവിലെ അവസ്ഥയെന്നും സമിതി രൂക്ഷമായി വിമർശിച്ചു.

### കോതമംഗലം നഗരസഭ

**89.** 2012-ൽ നിർമ്മാണം പൂർത്തിയായ വനിതാ വ്യവസായ കേന്ദ്രത്തിലെ 'എ' ബ്ലോക്ക് കെട്ടിടം പ്രവർത്തനക്ഷമമല്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ചും പ്രസ്തുത കെട്ടിടത്തിൽ 'എ' ബ്ലോക്ക് അല്ലാതെ വേറെ ബ്ലോക്കുകൾ ഉണ്ടോ എന്നത് സംബന്ധിച്ചും സമിതി ആരാഞ്ഞതിന് 2013 മുതൽ 2017 വരെ 17 തവണ ലേലം ചെയ്തിട്ടും 21.2 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള 12 മുറികളിൽ നിന്നും 3 മുറികൾ മാത്രമേ ലേലത്തിൽ പോയിട്ടുള്ളൂവെന്നും അതിനുശേഷം 03.02.2017-ലെ കൗൺസിൽ തീരുമാനമനുസരിച്ച് ടി മുറികൾ 10.6 സ്ക്വയർ മീറ്റർ വീതിയുള്ള 24 മുറികളാക്കി തിരിച്ചുവെന്നും അതിനുശേഷവും ആരുംതന്നെ ലേലം കൈക്കൊള്ളാത്തതിനാൽ ഡെപ്പോസിറ്റും വാടകയും കുറയ്ക്കുകയും ആയതിന്റെ ഫലമായി 19 മുറികൾ ലേലത്തിൽ പോയിട്ടുണ്ടെന്നും ബാക്കിയുള്ള 5 മുറികൾ റീ ടെണ്ടർ ചെയ്യാൻ 08.11.2018-ൽ കൗൺസിൽ തീരുമാനിച്ചെന്നും 'എ' ബ്ലോക്ക് എന്ന് ഉദ്ദേശിക്കുന്നത് പേര് മാത്രമാണെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**90.** വ്യക്തിഗത യൂണിറ്റുകളാണോ കുടുംബശ്രീ യൂണിറ്റുകളാണോ വിപണന കേന്ദ്രത്തിലുള്ളതെന്നും പ്രസ്തുത കേന്ദ്രം എവിടെയാണ് സ്ഥിതിചെയ്യുന്നതെന്നും സമിതി ആരാഞ്ഞതിന് നിലവിൽ രണ്ട് മൂന്ന് വനിതകൾ ചേർന്നാണ് പ്രസ്തുത സ്ഥാപനം ഏറ്റെടുത്തിട്ടുള്ളതെന്നും ബസ് സ്റ്റാന്റിന് സമീപമുള്ള മാർക്കറ്റിനകത്താണ് സ്ഥാപനം സ്ഥിതിചെയ്യുന്നതെന്നും റോഡിന് സമീപം മാർക്കറ്റ് ഉള്ളതിനാലാണ്

വനിതകൾക്ക് മുറികൾ ഏറ്റെടുക്കുവാൻ ബുദ്ധിമുട്ടുള്ളതെന്നും കോതമംഗലം മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

### മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

91. എസ്.സി. വനിതാ വ്യവസായ കേന്ദ്രം കാടുപിടിച്ച നിലയിലാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത സ്ഥാപനം നിലവിൽ വിജയകരമായി പ്രവർത്തിച്ചുവരുകയാണെന്നും കുടുംബശ്രീക്കാർ ചിപ്സ് ഉണ്ടാക്കുന്നതോടൊപ്പം വനിതകൾക്ക് ചിപ്സ് ഉണ്ടാക്കുന്നതിന് ട്രെയിനിംഗും നൽകിവരുന്നുണ്ടെന്നും പല തരത്തിലുള്ള പഴങ്ങളുടെ ചിപ്സും സ്ക്വാഷുകളും ഇവിടെ നിർമ്മിക്കുന്നുണ്ടെന്നും എല്ലാ വിഭാഗക്കാർക്കും ട്രെയിനിംഗ് നൽകുന്നുണ്ടെന്നും ജനറൽ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും ചെറിയ തോതിൽ ഫീസ് ഈടാക്കുന്നുണ്ടെന്നും എസ്.സി. വിഭാഗക്കാർക്ക് സൗജന്യമായി ട്രെയിനിംഗ് നൽകിവരുന്നുണ്ടെന്നും എസ്.സി. വിഭാഗക്കാർക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന പ്രസ്തുത കെട്ടിടത്തിൽ നിലവിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നത് (ട്രെയിനിംഗ് നൽകുന്നതും ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതും) ടി വിഭാഗക്കാർ തന്നെയാണെന്നും മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ആയത് ഒരു നല്ലകാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുകയും വ്യവസായ് ആവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടം ടി ആവശ്യങ്ങൾക്കായി തന്നെ നിലവിൽ ഉപയോഗിക്കുന്നുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെടുകയും ചെയ്തു.

### ആലുവ നഗരസഭ

92. വനിതാ വ്യവസായ വിപണന കേന്ദ്രം പ്രവർത്തിക്കുന്നില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് നഗരസഭ വക ക്ലോക്ക് ടവർ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വനിതാ വ്യവസായ വിപണന കേന്ദ്രത്തിന്റെ കെട്ടിടത്തിൽ നിലവിൽ മുനിസിപ്പാലിറ്റിയുടെ ഹെൽത്ത് ഓഫീസും ഒരു ഡെന്റൽ ക്ലിനിക്കും പ്രവർത്തിച്ച് വരുന്നുണ്ടെന്നും അവിടെ മുമ്പ് വിപണനം നടത്തിയിരുന്ന വനിതകൾ മറ്റ് സ്ഥലങ്ങൾ കണ്ടെത്തി മാറിപ്പോയതായും വനിത കംഫർട്ട് സ്റ്റേഷൻ ഒഴിഞ്ഞുകിടക്കുകയാണെന്നും ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുടർന്ന് പ്രസ്തുത കംഫർട്ട് സ്റ്റേഷൻ പ്രവർത്തിപ്പിക്കാൻ

സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ ഒരു കംഫർട്ട് സ്റ്റേഷനും ഇ-ടോയ്‌ലെറ്റും ഉള്ളതുകൊണ്ട് വീണ്ടും ഒരെണ്ണത്തിന്റെ കൂടി ആവശ്യമില്ലെന്നും പ്രസ്തുത കെട്ടിടം ആർ.ഒ. പ്ലാന്റ് ആക്കാൻ ശ്രമിച്ചെങ്കിലും വനിതകൾ ആയത് ആവശ്യമില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി ടി കെട്ടിടം വനിതകൾക്ക് പ്രയോജനപ്രദമാകുന്ന വിധത്തിലുള്ള പ്രവൃത്തികൾക്ക് ഉപയോഗിക്കുകയോ സിറ്റി ലൈവ്‌ലിഹുഡ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യുകയെന്നതാണ് നഗരസഭയുടെ തീരുമാനമെന്നും സെക്രട്ടറി മറുപടി നൽകി.

## കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

93. 5,20,000/- രൂപ ചെലവിട്ട് 2013-14-ൽ തേവരയിൽ നിർമ്മിച്ച വനിതാ വ്യവസായ വിപണന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് വ്യവസായ കേന്ദ്രം നിലവിൽ വിപണന കേന്ദ്രമായി പ്രവർത്തിക്കുന്നില്ലെന്നും കൗൺസിലറുടെ ഓഫീസായും വാർഡ് സഭാ കേന്ദ്രമായും പ്രവർത്തിക്കുന്നുണ്ടെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുടർന്ന് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിന് പകരമായി വാടക ലഭിക്കുന്നുണ്ടോയെന്ന് സമിതി ചോദ്യമുന്നയിച്ചതിന് വാടക ലഭിക്കുന്നില്ലെന്നും മുൻകാലങ്ങളിൽ വാർഡ് കൗൺസിലേഴ്സിന് അവരുടെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി കോർപ്പറേഷന്റെ ഓൺ ഫണ്ടിൽ നിന്നും വാടകത്തുക നൽകണമെന്ന വ്യവസ്ഥയുണ്ടായിരുന്നുവെന്നും അത് നിർത്തലാക്കുകയും തുടർന്ന് പ്ലാൻ ഫണ്ടിൽ നിന്നും വാടകയ്ക്കുള്ള തുക കൊടുക്കണമെന്ന് പറഞ്ഞപ്പോഴാണ് ഒഴിഞ്ഞുകിടക്കുന്ന ടി കെട്ടിടത്തിൽ ഓഫീസ് പ്രവർത്തിപ്പിച്ചതെന്നും കൂടാതെ വാർഡ് സഭയുടെ നടത്തിപ്പും പ്രസ്തുത കെട്ടിടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തെന്നും കോർപ്പറേഷനിലെ എല്ലാ വാർഡുകളിലും കൗൺസിലർമാർക്കും ഓഫീസ് പ്രവർത്തനത്തിന് വാടക തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കണമെന്ന നിർദ്ദേശം ഉണ്ടെന്നും കൊച്ചി മുനിസിപ്പൽ

കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. കൂടാതെ കൗൺസിലർമാർക്ക് മാത്രമല്ല ഓഫീസിന്റെ ഭാഗംതന്നെ പ്രസ്തുത വാർഡുകളിൽ പ്രവർത്തിക്കണമെന്നും ആ വാർഡിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ നികുതി, ലൈസൻസുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വാർഡിനകത്തുള്ള പ്രസ്തുത കെട്ടിടത്തിൽ തന്നെ ചെയ്യണമെന്നുമുള്ള നിർദ്ദേശം ഉണ്ടായിരുന്നുവെന്നും എന്നാൽ പ്രസ്തുത രീതികൾ നിലവിൽ വന്നിട്ടില്ലെന്നും കൂടി നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത രീതി പ്രാവർത്തികമാക്കിയ സ്ഥലങ്ങൾ ഉണ്ടോയെന്നും ഇതിലേയ്ക്കായി കൂടുതൽ ജീവനക്കാർ വേണ്ടിവരില്ലേയെന്നും സമിതി ചോദിച്ചതിന് നിലവിൽ പ്രസ്തുത രീതി അവലംബിക്കുന്നില്ലെന്നും, 74 വാർഡുകളുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ധാരാളം ക്ലാർക്കുമാരുണ്ടെന്നും വാർഡിൽത്തന്നെ ഓഫീസ് പ്രവർത്തിക്കുകയാണെങ്കിൽ നിശ്ചിത ജീവനക്കാർക്ക് കൈകാര്യം ചെയ്യാൻ സാധിക്കുന്ന നികുതികളും ലൈസൻസുകളും മാത്രമേ ഒരു ദിവസം വരികയുള്ളൂവെന്നും നികുതി പിരിക്കാൻ കുടിശ്ശികയുള്ള സ്ഥലത്ത് കൗൺസിലർമാരുടെ നേതൃത്വത്തിൽ ക്യാമ്പ് നടത്താറുണ്ടെന്നും കൊച്ചിയിലും പ്രസ്തുത തരത്തിലുള്ള ക്യാമ്പുകൾ പ്രവർത്തിച്ചിട്ടുണ്ടെന്നും കൂടി നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

94. കെട്ടിടങ്ങളുടെ നികുതി, ലൈസൻസ് എന്നിവയുടെ പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വാർഡുകളിൽ തന്നെ നടത്തുകയാണെങ്കിൽ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിക്കുമെന്നും കൗൺസിലർമാരുടെ സാന്നിദ്ധ്യം ഉള്ളതുകൊണ്ട് കൂടുതൽ ജനകീയമായിത്തീരുകയും ചെയ്യുമെന്നും സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത വിഷയം റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

## ഇടുക്കി ജില്ല

## മൂന്നാർ ഗ്രാമപഞ്ചായത്ത്

### ജലലഭ്യത ഉറപ്പാക്കാതെ ലോൺട്രി യൂണിറ്റ് തുടങ്ങി; 5 ലക്ഷത്തിന്റെ യന്ത്രസാമഗ്രികൾ നിഷ്ക്രിയം

95. ഇൻഡസ്ട്രിയൽ ലോൺട്രി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ എന്നും ആരാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതെന്നും പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും സമിതി ആരാഞ്ഞതിന്, ഇൻഡസ്ട്രിയൽ ലോൺട്രി യൂണിറ്റ് നിലവിൽ പ്രവർത്തനക്ഷമമാണെന്നും കുറിഞ്ഞി എന്ന കുടുംബശ്രീ യൂണിറ്റാണ് ആയത് പ്രവർത്തിപ്പിക്കുന്നതെന്നും വനിതകൾക്ക് സ്വയം തൊഴിൽ നല്കുന്ന പദ്ധതിപ്രകാരം 2008-ൽ 5,06,222/- രൂപ ചെലവഴിച്ച് പഞ്ചായത്തിന്റെ സ്ഥലത്ത് ആരംഭിച്ച ലോൺട്രി യൂണിറ്റ് ലാഭകരമല്ലാത്തതിനെത്തുടർന്ന് 3 വർഷത്തോളം നിർത്തിവയ്ക്കുകയായിരുന്നെന്നും നിലവിൽ ടി കുടുംബശ്രീ യൂണിറ്റ് തന്നെ പദ്ധതി ഏറ്റെടുത്ത് ലാഭകരമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചതിനെ തുടർന്ന് പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

## പാലക്കാട് ജില്ല

## വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

96. 11.70 ലക്ഷം രൂപ ചെലവഴിച്ച് 2000-2001-ൽ നിർമ്മിച്ച വനിതാ വസ്ത്രനിർമ്മാണ യൂണിറ്റും 4 ലക്ഷം രൂപ ചെലവഴിച്ച് 1999-2000-ൽ നിർമ്മിച്ച വനിതാ വ്യവസായ യൂണിറ്റും പ്രവർത്തനക്ഷമമല്ല എന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ആയക്കാട് അടിയത്ത് പാടം എന്ന സ്ഥലത്ത് നിർമ്മിച്ച വനിതാ വസ്ത്രനിർമ്മാണ യൂണിറ്റ് 2007 മുതലാണ് പ്രവർത്തനരഹിതമായതെന്നും തുടർന്ന് അവിടെ ഒരു അങ്കണവാടി പ്രവർത്തിച്ചുവരുകയും പുതിയ കെട്ടിടം നിർമ്മിച്ചതിനെത്തുടർന്ന് ആയത് മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും വനിതാ വസ്ത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കി വനിതാ സംരംഭകർക്കുതന്നെ അത്

നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വടക്കഞ്ചേരി ബസ്സ്സ്റ്റാന്റിലുള്ള വനിതാ വ്യവസായ യൂണിറ്റ് കെട്ടിടത്തിൽ കുട നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ടെന്നും അതിന്റെ മുകളിലത്തെ നിലയിൽ 2007 ഏപ്രിൽ മുതൽ വനിതാ സംരംഭകർ നടത്തുന്ന വനിതാ പാരലൽ കോളേജ് പ്രവർത്തിക്കുന്നുണ്ടെന്നും താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന കൃഷി ഭവൻ കർഷകർക്ക് വിതരണത്തിനായുള്ള കാർഷിക സാമഗ്രികളുടെ സംഭരണത്തിനും സംരക്ഷണത്തിനും ഉപയോഗിച്ചുവരുന്നുണ്ടെന്നും വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**97.** കെട്ടിടം പുനരുദ്ധാരണത്തിന് എത്ര രൂപ ചെലവുവരുമെന്നത് സംബന്ധിച്ച എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോയെന്നും എത്ര വനിതകൾക്ക് അവിടെ തൊഴിൽ നൽകാൻ കഴിയുമെന്നും പ്രസ്തുത കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ എന്ന് സാധിക്കുമെന്നും സമിതി ആരാഞ്ഞതിന് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം 1.50 ലക്ഷം രൂപയോളം വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും പതിനഞ്ചോളം വനിതകൾക്ക് ജോലി നൽകാൻ കഴിയുന്ന സംരംഭമാണതെന്നും അടുത്ത വർഷം പ്രസ്തുത കെട്ടിടം പ്രവർത്തനക്ഷമമാകുമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

**98.** വനിതകൾക്ക് തൊഴിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവുമാണ് വനിതാ സംരംഭത്തിലൂടെ ലക്ഷ്യമിടുന്നതെന്നും അതിന്റെ പ്രയോജനം സമൂഹത്തിന് ലഭിക്കണമെന്നും അഭിപ്രായപ്പെട്ട സമിതി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും തൊഴിൽ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ മെഷിനറി പഞ്ചായത്ത് ലഭ്യമാക്കുമോ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

### കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

**99.** 1998-99-ൽ നിർമ്മിച്ച വനിതാ തൊഴിൽ പരിശീലന കേന്ദ്രം ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ലെന്നും 3 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ കെട്ടിടത്തിന്റെ ജനാലകളും മേൽക്കൂരയും തകർന്ന നിലയിലാണ് എന്നുമുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് വനിതാ പരിശീലന കേന്ദ്രം വർഷങ്ങളോളം ഉപയോഗിക്കാതെ ജീർണ്ണിച്ച അവസ്ഥയിലെത്തിയപ്പോൾ വനിതാ സംരംഭം തുടങ്ങുന്നതിനാവശ്യമായ സാഹചര്യം

ഉണ്ടാകുന്നതുവരെ ഹോമിയോ ഡിസ്പെൻസറിയ്ക്ക് വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്നും നിലവിൽ ഹോമിയോ ഡിസ്പെൻസറി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

**കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്**

**100.** 2007-08-ൽ 11,62,916/-രൂപ ചെലവഴിച്ച് നിർമ്മിച്ച എസ്.ജി.എസ്.വൈ. വിപണന കേന്ദ്രത്തിൽ ലക്ഷ്യമിട്ട യൂണിറ്റുകളൊന്നും നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശത്തിന് മറുപടി സമർപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് മറുപടി സമർപ്പിച്ചിട്ടുണ്ടെന്ന് സെക്രട്ടറി/ബി.ഡി.ഒ. സമിതിയെ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. കെട്ടിടം നിലവിൽ പ്രവർത്തനക്ഷമമാണെന്നും മുകളിലത്തെ നിലയിൽ സി.ഡി.പി.ഒ. യുടെ ഓഫീസും താഴത്തെ നിലയിലെ രണ്ട് മുറികളിലൊന്നിൽ ക്യാന്റീൻ പ്രവർത്തിച്ചിരുന്നെങ്കിലും ലാഭകരമല്ലാത്തതിനാൽ അതിന്റെ പ്രവർത്തനം അവസാനിപ്പിച്ച് രണ്ട് വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഓണം വിപണനമേള വിജയകരമായ രീതിയിൽ നടത്തുകയുണ്ടായെന്നും നിലവിൽ എ.ഡി.എ. യുടെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തിലെ വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 പഞ്ചായത്തുകളിൽ ഉത്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി വിപണനം നടത്തുന്ന ഇക്കോഷോപ്പ് പ്രവർത്തിച്ചുവരുകയാണെന്നും എം.ജി.എൻ.ആർ.ഇ.എസ്.ന്റെ ഓഫീസും പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും സെക്രട്ടറി/ബി.ഡി.ഒ. അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**കണ്ണൂർ ജില്ല**

**മയ്യിൽ ഗ്രാമപഞ്ചായത്ത്**

**101.** പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

കണ്ണൂർ നഗരസഭ

102. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

103. ചിറ്റാർ ഗ്രാമപഞ്ചായത്തിൽ 2008 മുതൽ 2010 വരെ പ്രവർത്തിച്ചിരുന്ന തയ്യൽ പരിശീലനകേന്ദ്രം പിന്നീട് നിർത്തലാക്കിയതും 47400/-രൂപ ചെലവഴിച്ച് വാങ്ങിച്ച തയ്യൽ മെഷീനുകൾ ഉപയോഗശൂന്യമായതും പഞ്ചായത്ത് അധികാരികളുടെ അനാസ്ഥ മൂലമാണെന്ന് സമിതി വിലയിരുത്തുന്നു. ഉപയോഗശൂന്യമായ തയ്യൽമെഷീനുകൾ പ്രവർത്തനക്ഷമമാക്കി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

104.പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് 2013-ൽ സമഗ്ര ചെറുകിട വ്യവസായ സംരംഭ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും പിന്നീട് ഹരിപ്പാട് മുനിസിപ്പാലിറ്റി രൂപീകരിച്ചപ്പോൾ ടി കെട്ടിടം നിൽക്കുന്ന വാർഡ് മുനിസിപ്പാലിറ്റിയുടെ ഭാഗമായിയെന്നും ടി സ്ഥാപനം നിലവിൽ ഹരിപ്പാട് മുനിസിപ്പാലിറ്റിയിലാണ് സ്ഥിതിചെയ്യുന്നതെങ്കിലും ടി കെട്ടിടവും കെട്ടിടം നിൽക്കുന്ന സ്ഥലവും പള്ളിപ്പാട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്നും സ്ഥാപനം ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതാണെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. മുനിസിപ്പാലിറ്റിക്ക് കൈമാറേണ്ട കെട്ടിടം കൈമാറാതെ പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ലൈസൻസിനായി നഗരസഭയെ സമീപിച്ചപ്പോഴുണ്ടായ പ്രശ്നങ്ങളാണ് സമഗ്ര ചെറുകിട വ്യവസായ സംരംഭത്തിന്റെ പ്രവർത്തനം വൈകാനുണ്ടായ കാരണമെന്ന് സമിതി വിലയിരുത്തുന്നു. പൊതുഖജനാവിൽ നിന്ന് പണം ചെലവഴിച്ച് നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ തർക്കങ്ങൾ പരിഹരിച്ച് മികച്ച രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നതോടൊപ്പം മേൽ വിഷയത്തിൽ പഞ്ചായത്തും മുനിസിപ്പാലിറ്റിയും തമ്മിലുള്ള തർക്കം പരിഹരിച്ച് പ്രസ്തുത സംരംഭം ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

105. ആല ഗ്രാമപഞ്ചായത്തിൽ വിവിധ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതി സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

106. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 2000-2001-ൽ 19 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കയർ കോമൺ ഫെസിലിറ്റി സെന്ററിൽ 18 വർഷത്തോളം യാതൊരു പ്രവർത്തനവും നടത്താതിരിക്കുകയും നിലവിൽ കെട്ടിടം ASAP-ന് കൈമാറുകയും ചെയ്ത നടപടിയെ സമിതി നിശിതമായി വിമർശിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് പതിനെട്ട് വർഷം കയർ കോമൺ ഫെസിലിറ്റി സെന്റർ ഉപയോഗിക്കാതിരുന്നതിന് ഒരു വിശദീകരണവും നൽകിയിട്ടില്ലെന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത വിശദീകരണവും പദ്ധതിക്കായി അനുവദിച്ചിട്ടുള്ളതിൽ നീക്കിയിരുപ്പുള്ള തുക പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കാത്തതിന്റെ കാരണവും ഉൾപ്പെടുന്ന റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

107. മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ എസ്.സി. വനിതാ വ്യവസായ യൂണിറ്റിൽ എത്ര ഗ്ലാസ്സും പ്ലേറ്റും നിർമ്മിച്ചുവെന്നും എത്ര തുകയ്ക്ക് വിൽപ്പന നടത്തിയെന്നും തൊഴിലാളികൾക്ക് കൊടുത്ത തുക എത്രയെന്നുമുള്ള വ്യക്തമായ കണക്കുണ്ടെങ്കിൽ മാത്രമേ പദ്ധതിയുടെ ലാഭവും നഷ്ടവും വിലയിരുത്താൻ കഴിയുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പദ്ധതിയുടെ വരവ് ചെലവ് കണക്കും പദ്ധതി ലാഭകരമായിരുന്നോ എന്നത് സംബന്ധിച്ച വിവരവും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

108. സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കുന്ന പദ്ധതികളുടെ, സംരംഭങ്ങളുടെ വിശദാംശം വകുപ്പ് തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

109. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

110. ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ എസ്.സി. വർക്ക് ഷെഡിന്റെ പ്രവർത്തനം സംബന്ധിച്ച് വളരെ നിരുത്തരവാദപരമായ സമീപനമാണ്

പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ഉദയനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെടണമെന്നും പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

111. കോട്ടയം നഗരസഭയിലെ വനിതാ വ്യവസായ യൂണിറ്റിന്റെ കെട്ടിടത്തിന്റെ മുകളിലത്തെ നില അറ്റകുറ്റ പണികൾക്കായി ടെണ്ടർ ചെയ്തിട്ടുണ്ടെന്ന കോട്ടയം നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

112. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

113. അതിരമ്പുഴ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വനിതാ വ്യവസായ, കേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച നിലവിലെ സ്ഥിതിവിവര റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

114. നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റിൽ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ നിർമ്മിച്ച കെട്ടിടത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ നൽകിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

115. ആർപ്പൂക്കര, അയ്മനം ഗ്രാമപഞ്ചായത്തുകളിലെ വനിതാ വ്യവസായ/ തൊഴിൽ സംരംഭകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും ഗ്രൂപ്പുകളെ സഹായിക്കുന്നതിനുമായി നിലവിൽ 13 ലക്ഷം രൂപയുടെ പ്രോജക്റ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന ഏറ്റുമാനൂർ ബി.ഡി.ഒ.യുടെ വിശദീകരണം സമിതി അംഗീകരിക്കുന്നതോടൊപ്പം പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്യുന്നു.

116. തൊടുപുഴ നഗരസഭ നിർമ്മിച്ച വെങ്ങല്ലൂർ വനിതാ വ്യവസായ കേന്ദ്രം വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി നൽകിയെങ്കിലും സമീപത്ത് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വരുന്നതിനെ എതിർത്തുവെന്ന കാരണത്താൽ അവരെ ഒഴിപ്പിച്ചത് ന്യായീകരിക്കാവുന്നതല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത

വ്യവസായ കേന്ദ്രത്തിന്റെ രണ്ട് മുറികളിൽ വയോമിത്ര, പാലിയേറ്റീവ് കെയർ എന്നിവ പ്രവർത്തിക്കുന്നതായും ശേഷിച്ച ഒരു മുറിയിൽ ഹരിതകേരളമിഷന്റെ ഭാഗമായുള്ള MRF സെന്ററായി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

117. നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് നിർമ്മിച്ച താന്നിമൂട്ടിലെ വികലാംഗ സ്വയംതൊഴിൽ യൂണിറ്റിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതും പ്രസ്തുത കെട്ടിടത്തിന്റെ പുനരുദ്ധാരണവും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

118. വെങ്ങോല ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ കേന്ദ്രത്തിനായി 2012-13 കാലയളവിലാണ് കെട്ടിടം നിർമ്മിച്ചതെന്നും 2019 മാർച്ച് മാസത്തിൽ അറ്റകുറ്റപ്പണികൾപൂർത്തീകരിച്ച് ഏപ്രിൽ 1 ന് അമൃതം ഫുഡ്സ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുമെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

119. വേങ്ങൂർ ഗ്രാമപഞ്ചായത്ത് യാതൊരു ആസൂത്രണവുമില്ലാതെയാണ് വനിതാ വ്യവസായ കേന്ദ്രത്തിനായി കെട്ടിടനിർമ്മാണം തുടങ്ങിയതെന്നും പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും നിലവിൽ പ്രസ്തുത വിഷയം കേസിലാണെന്നും സമിതി മനസ്സിലാക്കുന്നു. വ്യക്തമായ കാഴ്ചപ്പാടോടെയും ആസൂത്രണത്തോടെയും മാത്രമേ ഭാവിയിൽ ഗ്രാമപഞ്ചായത്ത് പദ്ധതികൾ ഏറ്റെടുക്കാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

120. കോതമംഗലം നഗരസഭയിലെ വനിതാ വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

121. മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ ആരക്കുന്നം എസ്.സി. വനിതാ വ്യവസായ കേന്ദ്രം വ്യവസായ ആവശ്യങ്ങൾക്ക് ലക്ഷ്യമിട്ട രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

122. ആലുവ നഗരസഭയിലെ വനിതാ വ്യവസായ വിപണന കേന്ദ്രത്തിലെ വനിത കംഫർട്ട് സ്റ്റേഷൻ വനിതകൾക്ക് പ്രയോജനകരമാകുന്ന വിധത്തിലുള്ള പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന് നഗരസഭ തീരുമാനമെടുത്തിട്ടുണ്ടെന്ന നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

123. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ തേവരയിൽ നിർമ്മിച്ച വനിതാ വ്യവസായ വിപണന കേന്ദ്രം നിലവിൽ കൗൺസിലറുടെ ഓഫീസായും വാർഡ് സഭാ കേന്ദ്രമായും പ്രവർത്തിക്കുകയാണെന്നുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

124. മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഇൻഡസ്ട്രിയൽ ലോൺട്രി യൂണിറ്റ് കുടുംബശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

125. വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ വനിതാ സംരംഭം ലക്ഷ്യമിട്ടുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ പൂർത്തീകരണം, തൊഴിൽ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ മെഷിനറി ലഭ്യമാക്കൽ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

126. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

127. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

128. തദ്ദേശസ്വയംഭരണ വകുപ്പും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മയ്യിൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**129. തദ്ദേശസ്വയംഭരണ വകുപ്പും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അടഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ചിട്ടുള്ള ആസ്തികളിൽ വലിയൊരു ശതമാനം കെട്ടിടങ്ങളാണ്. അതുകൊണ്ടു തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികളിൽ വലിയൊരളവുവരെ കെട്ടിടങ്ങളും ഉൾപ്പെടുന്നു. വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതികൾ നടപ്പാക്കുന്നതാണ് കെട്ടിടങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതിനുള്ള പ്രധാന കാരണം. പരിശോധന നടത്തിയ 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 8.21 കോടി രൂപയുടെ നിഷ്ക്രിയാസ്തികളാണ് കെട്ടിടങ്ങളുടെ രൂപത്തിലുള്ളത്. നിർമ്മാണം പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും ഉദ്ഘാടനം നടക്കാത്തവയും ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം തുടങ്ങാത്തവയും നിർമ്മാണം പാതിവഴിയിൽ നിലച്ചവയും നിഷ്ക്രിയാസ്തികളായി മാറിയ കെട്ടിടങ്ങളിൽ ഉൾപ്പെടുന്നു. ഉദാഹരണങ്ങൾ;

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്ത് 9-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് 15 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ശബരിമല ഇടത്താവളം ജീർണ്ണാവസ്ഥയിലാണ്. ശബരിമല തീർത്ഥാടനപാതയിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്യുന്ന ഈ കെട്ടിടം നാളിതുവരെ പ്രയോജനപ്പെട്ടിട്ടില്ല. വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ കെട്ടിടം ചോർന്നൊലിക്കുന്നു. പരിസരം കാട്ടുമൂടി കിടക്കുന്നു.

ആലപ്പുഴ ജില്ലയിലെ ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത് 2010-11 മുതൽ 2012-13 വരെ 13,51,317/-രൂപ മൃഗാശുപത്രി കെട്ടിടത്തിനായി ചെലവഴിച്ചു. 2011-12 ൽ കെട്ടിടത്തിന്റെ ഉദ്ഘാടനവും നടന്നു. എന്നാൽ ഇതുവരെ പ്രവർത്തനമാരംഭിക്കാത്ത ഈ കെട്ടിടം നിലവിൽ നാശോന്മുഖമാണ്.

ആല ഗ്രാമപഞ്ചായത്ത് 12,25,501/-രൂപ ചെലവഴിച്ച പഴക്കാമോടി കമ്മ്യൂണിറ്റി ഹാൾ ഉപയോഗമില്ലാതെ കിടക്കുകയാണ്. വൈദ്യുതിയോ കുടിവെള്ളമോ ഫർണിച്ചറോ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്ത് 2008-ൽ പണിയാരംഭിച്ച കാർഷിക വിജ്ഞാനവ്യാപനകേന്ദ്രം ഇതുവരെ പൂർത്തിയായില്ല. പഞ്ചായത്തോഫീസിന്റെ മുകൾനിലയിൽ സ്ട്രക്ച്ചർ മാത്രം പൂർത്തിയായ നിലയിലാണ്.കേന്ദ്രം. 3,50,000 /-രൂപയാണ് പദ്ധതിക്ക് ചെലവഴിച്ചിട്ടുള്ളത്.

ചങ്ങനാശ്ശേരി നഗരസഭ 1997-98-ൽ 4,00,000/- രൂപ ചെലവിൽ നിർമ്മിച്ച വനിതകളുടെയും കുട്ടികളുടെയും ലൈബ്രറി വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2008-09-ൽ നിർമ്മാണം തുടങ്ങിയ ഓഫീസ് കെട്ടിടം താഴത്തെ നില പൂർത്തിയാക്കും മുമ്പ്തന്നെ പണി തടസ്സപ്പെട്ടു-കിടക്കുകയാണ്. ഇതുവരെ 6.38 കോടി രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. രാമേശ്വരം കോളനിയിൽ പണി തുടങ്ങിയ കമ്മ്യൂണിറ്റി ഹാൾ പ്രാരംഭ ദശയിൽ തന്നെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 2012-13-ൽ നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ അടിത്തറ, പില്ലർ എന്നിവ നാശോന്മുഖമാണ്. 2,38,475/-രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. പുല്ലേപ്പടി സംഗമോദ്യാനത്തിൽ 2010-11-ൽ നിർമ്മാണം തുടങ്ങിയ ലൈബ്രറി കെട്ടിടം പണിപൂർത്തിയാകാത്തതിനാൽ ഉപയോഗിക്കാനാവാത്ത നിലയിലാണ്. 4,09,553/-രൂപയാണ് കെട്ടിടത്തിന് ചെലവിട്ടത്.

പാലക്കാട് ജില്ലയിലെ പെരുവെമ്പ് ഗ്രാമപഞ്ചായത്തിൽ 2009-10-ൽ 11,42,508/-രൂപ ചെലവഴിച്ചുനിർമ്മിച്ച കൃഷി ഇൻഫർമേഷൻ സെന്റർ തുറന്നു പ്രവർത്തിക്കുന്നില്ല. വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഒറകുന്നുകാട്ട് 2011-12-ൽ 15 ലക്ഷം രൂപ ചെലവഴിച്ചുനിർമ്മിച്ച അയ്യങ്കാളി സ്മാരക ഹാൾ ഉപയോഗമില്ലാത്ത നിലയിലാണ്. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ 2009-10 ൽ നിർമ്മാണം തുടങ്ങിയ കൃഷിഭവൻ കെട്ടിടം ഭാഗികമായി പൂർത്തിയാക്കിയ ശേഷം ഉപേക്ഷിച്ച നിലയിലാണ്. 4,62,000/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ 2006-07 ൽ ആരംഭിച്ച മുണ്ടേരിക്കടവ് അംഗനവാടി കെട്ടിട നിർമ്മാണം പൂർത്തിയാവാത്ത നിലയിലാണ്. 2,38,217/- രൂപ പദ്ധതിക്ക് ചെലവിട്ടിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.1.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു

## പത്തനംതിട്ട ജില്ല
## ചിറ്റാർ ഗ്രാമപഞ്ചായത്ത്

**130.** 15 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ശബരിമല ഇടത്താവളം ഉപയോഗശൂന്യമായി കിടക്കുന്നു എന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് കഴിഞ്ഞ ശബരിമല സീസണിലും തീർത്ഥാടകർ എത്തിയിരുന്നെന്നും തീർത്ഥാടകർ ഉപയോഗിക്കുന്നതു കൂടാതെ പ്രസ്തുത കെട്ടിടം പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും മീറ്റിംഗുകൾക്കും ഉപയോഗിച്ചുവരുന്നുണ്ടെന്നും ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പഞ്ചായത്തു സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

## ആലപ്പുഴ ജില്ല
## ചെന്നിത്തല-തൃപ്പെരുംതറ ഗ്രാമപഞ്ചായത്ത്

**131.** 2010-11 മുതൽ 2012-13 വരെയുള്ള കാലയളവിൽ 13,51,317/-രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിൽ നിലവിൽ മൃഗാശുപത്രി പ്രവൃത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ 2015 ഏപ്രിൽ 19-ന് പ്രവർത്തനമാരംഭിച്ച മൃഗാശുപത്രി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത മറുപടി അംഗീകരിക്കാമെന്ന് സമിതി അറിയിച്ചു.

## ആല ഗ്രാമപഞ്ചായത്ത്

**132.** 12,25,501/-രൂപ ചെലവഴിച്ച പഴക്കാമോടി കമ്മ്യൂണിറ്റി ഹാളിന് വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമാക്കിയിട്ടില്ലെന്ന ഓഡിറ്റ്

പരാമർശത്തെ സംബന്ധിച്ചും കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും സമിതി ചോദ്യമുന്നയിച്ചതിന് കെട്ടിടത്തിൽ വൈദ്യുതി കണക്ഷനും, വാട്ടർ കണക്ഷനും ലഭ്യമാക്കിയിട്ടുണ്ടെന്നും 2009-ൽ നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ നിലവിൽ പ്രവർത്തന സജ്ജമാണെന്നും സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് 10 വർഷം കമ്മ്യൂണിറ്റി ഹാൾ കെട്ടിടം ഉപയോഗമില്ലാതെ കിടക്കുകയായിരുന്നുവെന്നത് റിപ്പോർട്ടിൽ പരാമർശിക്കാൻ സമിതി ശിപാർശ ചെയ്തു. കൂടാതെ ഒരു പ്രോജക്ട് തയ്യാറാക്കുമ്പോൾ അതിന്റെ തുടർ പ്രോജക്ടുകൾ ഭരണ സമിതി മാറിയാലും നടപ്പാക്കണമെന്നതാണ് വ്യവസ്ഥയെന്നും പ്രസ്തുത തുടർ പ്രോജക്ടുകൾ ദീർഘ വീക്ഷണത്തോടുകൂടി തയ്യാറാക്കാത്തതിന്റെ ഭാഗമായുണ്ടായ അപാകതയാണ് പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് കാരണമായതെന്നുംകൂടി സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സമിതി നിർദ്ദേശിച്ചു.

**133.** ഒരു പ്രോജക്ട് തയ്യാറാക്കുമ്പോൾ അതിന്റെ തുടർ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതുണ്ടെന്നും ഭരണ സമിതി മാറിയാലും തുടർ പ്രോജക്ടുകൾ നടത്തണം എന്നതാണ് വ്യവസ്ഥയെന്നും പ്രസ്തുത തുടർ പ്രോജക്ടുകൾ ദീർഘ വീക്ഷണത്തോടുകൂടി തയ്യാറാക്കാത്തതിന്റെ ഭാഗമായി പല പ്രോജക്ടുകളും അതായത് വാട്ടർ കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവ ഉൾപ്പെട്ടവ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുന്നുവെന്നും ഇതുസംബന്ധിച്ച് സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

**134.** ഒരു ബിൽഡിംഗിന് വേണ്ടി മാത്രമാണ് ഒരു പ്രോജക്ട് ആരംഭിക്കുന്നതെന്നും അവിടെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ കസേരകളും മറ്റ് സംവിധാനങ്ങളും ആവശ്യമാണെന്നിരിക്കെ ഇതൊന്നുമില്ലാതെ ബിൽഡിംഗ് മാത്രം നിർമ്മിക്കുകയാണ് ചെയ്യുന്നതെന്നും തുടർ പ്രോജക്ട് ഇല്ലാതെ കേരളത്തിൽ കുടിവെള്ളം, കറണ്ട് എന്നിവ ലഭ്യമാക്കാത്തതിന്റെ ഭാഗമായി ഉപയോഗമില്ലാതെ കിടക്കുന്ന നൂറ് കണക്കിന് ബിൽഡിംഗുകളും ധാരാളം പ്രോജക്ടുകളും ഉണ്ടെന്നും പരിശോധിച്ചാൽ അക്കാര്യം മനസ്സിലാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ മേൽ വിഷയത്തിന് ഉദാഹരണമായി ബ്ലോക്ക് പഞ്ചായത്തിൽ നിർമ്മിച്ച ഒരു കെട്ടിടത്തിൽ അടുത്ത ഭരണ സമിതി വരുമ്പോൾ ഒരു പ്രവർത്തനവും

നടത്തുകയില്ലെന്നും ബ്ലോക്ക് സെക്രട്ടറിയുടെ പേരിലാണോ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണോ വൈദ്യുതി കണക്ഷൻ എടുക്കേണ്ടതെന്ന് തർക്കവുമുണ്ടെന്നും പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ആസ്തികൾ സൂക്ഷിക്കാൻ പഞ്ചായത്തിനാണ് അവകാശമെന്നും എന്നാൽ ആസ്തികൾ പഞ്ചായത്തിന് ഹാന്റ് ഓവർ ചെയ്ത് കൊടുക്കുന്നില്ലെന്ന പ്രശ്നം ഉണ്ടെന്നും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ റിപ്പയർ ആന്റ് മെയിന്റനൻസിന് ഗ്രാമപഞ്ചായത്തിനാണ് തുക കൈമാറുന്നതെന്നും എന്നാൽ പ്രസ്തുത കെട്ടിടങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ തുക അവർ അതിലേയ്ക്കായി ചെലവാക്കുകയോ ചെയ്യുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടതിന് മെയിന്റനൻസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണമെന്നുള്ള നിബന്ധനയിലാണ് എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതെന്നും അത്തരത്തിലൊരു അഷ്വറൻസ് ലഭിച്ചതിനുശേഷമാണ് ഭരണാനുമതി നൽകുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

135. തുടർ പ്രോജക്ടുകൾ വയ്ക്കാത്തതും ആസ്തികൾ ഹോൾഡ് ചെയ്യാൻ സാധിക്കാത്തതും എം.എൽ.എ/എം.പി./മറ്റ് ഏജൻസികളുടെ ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ റിപ്പയർ ആന്റ് മെയിന്റനൻസ് പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന് ഹാന്റ് ഓവർ ചെയ്ത് അവരുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണം എന്ന് സമിതി ശിപാർശ ചെയ്യു. പി.എം.ജി.എസ്.വൈ, നബാർഡ് എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ, ബിൽഡിംഗുകൾ എന്നിവ ആക്ട് പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ആസ്തിയുടെ ഭാഗമാകേണ്ടതാണ് എന്നും എന്നാൽ അവരുടെ ആസ്തി രജിസ്റ്ററിൽ അത് ഉൾപ്പെടുത്താതെ പ്രസ്തുത ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾക്കും ബിൽഡിംഗുകൾക്കും വേണ്ടി പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ സാധിക്കില്ലെന്നാണ് പറയപ്പെടുന്നതെന്നും യഥാർത്ഥത്തിൽ ബൈ ആക്ട് മുഖേന ഗ്രാമ പഞ്ചായത്തിന് ഹാന്റ് ഓവർ ചെയ്തു കൊടുത്തതാണെന്നും അതിന്റെ പൊസെഷൻ ആസ്തിയിൽ ഉൾപ്പെടുത്തി എടുക്കാത്തതുകൊണ്ടാണ് റിപ്പയർ ആന്റ് മെയിന്റനൻസിന് ആവശ്യമായ തുക ലഭിക്കാതെ പോകുന്നതെന്നും അല്ലെങ്കിൽ പ്രത്യേക പ്രോജക്ടായി

ആവശ്യപ്പെട്ടാലും മെയിന്റനൻസിനാവശ്യമായ ഫണ്ട് ലഭിക്കുമെന്നും ഗ്രാമപഞ്ചായത്തുകൾ ഇതൊന്നും ചെയ്യുന്നില്ലെന്നും സമിതി വിമർശിച്ചു. ആയതിന് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രോജക്ടിന്റെ സാങ്ഷനുവേണ്ടി ധനകാര്യ വകുപ്പിൽ ഫയൽ ലഭിക്കുമ്പോൾ അത് എൽ.എസ്.ജി.ഡി.യുടേതാണോ വാർഷിക പരിപാലനം ഉറപ്പുവരുത്തി അഷ്വറൻസ് നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ചതിനുശേഷം മാത്രമേ ഭരണാനുമതി നൽകാറുള്ളൂവെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**136.** അഷ്വറൻസ് നൽകിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തി പരിശോധന നടത്തുന്നത് വളരെ അടുത്തകാലത്തായിട്ടുള്ള കാര്യമാണെന്നും എന്നാൽ വളരെ മുമ്പുചെയ്തുവരുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ ഒരു തുടർച്ച ഇല്ലാത്തതുകൊണ്ടാണ് എല്ലാം നശിച്ചുപോകുന്നതെന്നും പല സ്ഥലങ്ങളിലും കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. ഫണ്ട് അനുവദിക്കുമെങ്കിലും അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് വിവിധ ഏജൻസികളാണെന്നും വൈദ്യുതീകരണം പോലുള്ള കാര്യങ്ങൾ ഒഴിവാക്കിക്കൊണ്ട് കെട്ടിടം മാത്രം നിർമ്മിക്കാൻ കഴിയുന്ന രീതിയിലുള്ള എസ്റ്റിമേറ്റാണ് അവർ തയ്യാറാക്കുന്നതെന്നും ഇത്തരത്തിലുള്ള വലിയ തകരാറുകൾ പല പഞ്ചായത്തുകളിലും നിലവിൽ സംഭവിക്കുന്നുണ്ടെന്നും സമിതി കുറ്റപ്പെടുത്തി. കെട്ടിടം നിർമ്മിച്ചാൽ തന്നെ അതിലേയ്ക്കാവശ്യമായ ഫർണീച്ചർ വാങ്ങാൻ എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ സാധിക്കില്ലെന്നും അത് ഗ്രാമപഞ്ചായത്തിന് മാത്രമേ കഴിയുകയുള്ളൂവെന്നും ആയതിനാൽ പഞ്ചായത്ത് അതിന്റെ പൊസെഷനെടുക്കുകയും അതിനാവശ്യമായ ഫർണിച്ചർ പ്രൊവൈഡ് ചെയ്യുകയും സെക്രട്ടറിയുടെ പേരിൽ കറണ്ട് കണക്ഷന് അപേക്ഷ കൊടുക്കുകയും വേണമെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിന് മുഖ്യമന്ത്രിയുടെ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ രണ്ടാഴ്ച മുമ്പ് ധനകാര്യ വകുപ്പ് ഒരു മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ടെന്നും സിവിൽ വർക്കിനും ഇലക്ട്രിക്കൽ വർക്കിനും ഒരുമിച്ച് ടി.എസ്. കൊടുക്കണമെന്നും വർക്ക് ഒരുമിച്ച് നടത്തണമെന്നും അതിൽ ഒരു കണ്ടീഷൻ വച്ചിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

137. 2019-ൽ പ്രൊപ്പോസ് ചെയ്ത ഒരു പ്രോജക്ടിന് ഇലക്ട്രിക്കൽ വർക്കിന്റെയും സിവിൽ വർക്കിന്റെയും എ.എസ്. ഒരുമിച്ച് ലഭിച്ചാൽ മാത്രമേ വർക്ക് ടെണ്ടർ ചെയ്യാൻ സാധിക്കുവെന്ന് പറഞ്ഞാൽ കെട്ടിട നിർമ്മാണം ചിലപ്പോൾ പ്രസ്തുത വർഷം തന്നെ നടത്താൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുമെന്നും നിലവിലുള്ള രണ്ട് ഇലക്ട്രിക്കൽ വിംഗിലുള്ള രണ്ടോ മൂന്നോ എ.ഇ. മാർ കേരളത്തിലുള്ള എസ്റ്റിമേറ്റ് മുഴുവൻ തയ്യാറാക്കി എ.എസ്. കൊടുത്തതിനുശേഷം കെട്ടിട നിർമ്മാണം നടക്കുകയില്ലെന്നും ഗ്രാമപഞ്ചായത്തിന് ഡെലിഗേറ്റ് ചെയ്തിട്ടുള്ള പവർ ഉപയോഗിച്ച് തുടർ പദ്ധതിയെന്നുള്ള നിലയിൽ ഗ്രാമപഞ്ചായത്ത് അവരുടെ എസ്റ്റിമേറ്റ് പ്രകാരം ചെയ്യുന്നതാണ് നല്ലതെന്നും സമിതി അഭിപ്രായപ്പെട്ടതിന് ആയത് റെക്ടിഫൈ ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ഇത്തരത്തിലുള്ള പദ്ധതി നിർവ്വഹണം സംബന്ധിച്ച കാലതാമസം ഒഴിവാക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ ലഭിക്കുന്നു, എത്രയെണ്ണം വെറ്റ് ചെയ്യുന്നു എന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് നിലവിൽ എല്ലാ കളക്ട്രേറ്റുകളിലും ക്ലോസ് മോണിട്ടറിംഗ് നടത്താറുണ്ടെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

### കോട്ടയം ജില്ല

### എരുമേലി ഗ്രാമപഞ്ചായത്ത്

138. 2007-08 കാലയളവിൽ നിർമ്മാണമാരംഭിച്ച കാർഷിക വിജ്ഞാന വ്യാപന കേന്ദ്രം ഇതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് കാർഷിക വിജ്ഞാന വ്യാപന കേന്ദ്രത്തിനായി ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് വർക്ക് ആരംഭിച്ചിട്ടുണ്ടെന്നും പ്രോജക്ടിൽ മാറ്റം വരുത്തി ജില്ലാപഞ്ചായത്തുതന്നെ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും കെട്ടിടത്തിന്റെ പണി 3 മാസത്തിനകം പൂർത്തിയാക്കി ഈ വർഷം തന്നെ കാർഷിക വിജ്ഞാന വ്യാപന കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**139.** കാർഷിക വിജ്ഞാപന വ്യാപന കേന്ദ്രത്തിന്റെ പണി 3 മാസത്തിനകം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുമെന്ന് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പ് നൽകിയിരിക്കുകയാണെന്ന് അഭിപ്രായപ്പെട്ട സമിതി ആയതിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം നിഷ്കർഷിക്കുകയും ചെയ്തു. 3 മാസത്തിനുള്ളിൽ കാർഷിക വിജ്ഞാന വ്യാപന കേന്ദ്രം ആരംഭിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**ചങ്ങനാശ്ശേരി നഗരസഭ**

**140.** 1997-98 കാലയളവിൽ 4,00,000/- രൂപ ചെലവഴിച്ച് നിർമ്മിച്ച വനിതകളുടെയും കുട്ടികളുടെയും ലൈബ്രറി വർഷങ്ങളായി പൂട്ടിക്കിടക്കുകയാണെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ചും പ്രസ്തുത കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും സമിതി ആരാഞ്ഞതിന് 2015 ഒക്ടോബറിൽ പ്രവർത്തനം തുടങ്ങിയ ലൈബ്രറി നിലവിൽ പ്രവർത്തനക്ഷമമാണെന്ന് ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**141.** പ്രസ്തുത ലൈബ്രറിക്ക് ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുണ്ടോ എന്നും എവിടെയാണ് പ്രസ്തുത ലൈബ്രറി സ്ഥിതി ചെയ്യുന്നതെന്നും എത്ര കുട്ടികൾ ലൈബ്രറിയിൽ വരുന്നുണ്ടെന്നും സമിതി ആരാഞ്ഞപ്പോൾ ഗ്രന്ഥശാല സംഘത്തിന്റെ രജിസ്ട്രേഷൻ എടുത്തിട്ടില്ലെന്നും പെരുന്ന ജംഗ്ഷനിൽത്തന്നെയാണ് ഇത് പ്രവർത്തിക്കുന്നതെന്നും വെക്കേഷൻ സമയത്ത് ധാരാളം കുട്ടികൾ ലൈബ്രറിയിൽ എത്താറുണ്ടെന്നും ലൈബ്രറിയിൽ 863 പുസ്തകങ്ങൾ ഉണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. നഗരസഭകൾ നടത്തുന്ന വായനശാലകൾക്ക് ഗ്രന്ഥശാല അഫിലിയേഷൻ ലഭിച്ചുകഴിഞ്ഞാൽ നഗരസഭയിൽ നിന്നുള്ള ഒരംഗത്തെ താലൂക്ക് കമ്മിറ്റിയിൽ പ്രതിനിധിയാക്കാവുന്നതാണെന്നും കൂടാതെ പുറത്തുനിന്നും മെമ്പർഷിപ്പുള്ള ഒരാൾക്കുംകൂടി പ്രതിനിധിയാകാമെന്നും വനിതകളുടെയും കുട്ടികളുടെയും വായനശാലയ്ക്ക് ഗ്രന്ഥശാല സംഘത്തിൽ പ്രത്യേക സംവിധാനമുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി, ഗ്രന്ഥശാല സംഘത്തിന്റെ രജിസ്ട്രേഷൻ കൂടി എടുത്ത് പ്രസ്തുത ഗ്രന്ഥശാല ഫലപ്രദമായി പ്രവർത്തിപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

## എറണാകുളം ജില്ല
## കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

**142.** കൊച്ചി നഗരസഭയുടെ മറൈൻഡ്രൈവ് മെയിൻ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കേസിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും 2008-09 ൽ നിർമ്മാണമാരംഭിച്ച ഓഫീസ് കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും സമിതി ആരാഞ്ഞതിന് കരാറുകാരന് നൽകുവാനുള്ള തുക കുടിശ്ശികയായതിനാൽ ടിയാൻ കേസ് ഫയൽ ചെയ്യുകയും 6.5 കോടി രൂപ ടിയാന് നൽകുന്നതിന് എറണാകുളം സബ്കോടതി ഉത്തരവാകുകയും ചെയ്തുവെന്നും ആയതിനെതിരെ നഗരസഭ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും പ്രസ്തുത കേസിന്റെ അപ്പീൽ പെൻഡിംഗിലാണെന്നും കൂടാതെ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ പ്ലാസ്റ്ററിംഗ്, പാർട്ടീഷൻ തുടങ്ങിയ പ്രവൃത്തികൾ തുടർന്നുവരികയാണെന്നും പ്ലംബിംഗ്, ഇലക്ട്രിക്കൽ വർക്കുകൾ കൂടി ചെയ്യാനുണ്ടെന്നും ഒരു വർഷത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുവാൻ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ തീരുമാനം എടുത്തിട്ടുള്ളതായും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**143.** പ്രസ്തുത കെട്ടിടത്തിന്റെ പണി തുടങ്ങിയപ്പോൾ എന്ത് തടസ്സമാണ് ഉണ്ടായതെന്നും കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ പാർക്കിംഗ് സൗകര്യത്തെക്കുറിച്ചും കെട്ടിടത്തിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകളെക്കുറിച്ചും സമിതി ആരാഞ്ഞപ്പോൾ 2008-ൽ കോൺട്രാക്ടറുമായുള്ള തർക്കത്തെത്തുടർന്ന് പണി നിർത്തിവയ്ക്കുകയായിരുന്നുവെന്നും സിവിൽ വർക്ക് മാത്രമാണ് ടെണ്ടർ ചെയ്തിരുന്നതെന്നും ഇലക്ട്രിക്കൽ, പ്ലംബിംഗ് മുതലായ വർക്കുകളുടെ എസ്റ്റിമേറ്റ് മാത്രമേ എടുത്തിരുന്നുള്ളുവെന്നും കെട്ടിടത്തിൽ നിലവിൽ അണ്ടർഗ്രൗണ്ട് പാർക്കിംഗ് സൗകര്യമുണ്ടെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. തുടർന്ന് ഇലക്ട്രിക്കൽ വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സിവിൽ വർക്കും ഇലക്ട്രിക്കൽ വർക്കും ജനുവരി മാസത്തിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**144.** രാമേശ്വരം കോളനിയിലെ കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം പൂർത്തീകരിച്ചോ എന്ന് സമിതി ആരാഞ്ഞതിന് പണി പൂർത്തീകരിച്ച് കൗൺസിൽ നിർദ്ദേശിച്ച വാടക അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**145.** പുല്ലേപ്പടി സംഗമോദ്യാനത്തിലെ ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകാത്തതിനാൽ ഉപയോഗിക്കാനാവാത്ത നിലയിലാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പുല്ലേപ്പടി സംഗമോദ്യാനം എന്നത് ശ്മശാനമാണെന്നും അതിനകത്താണ് ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതെന്നും കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ലെന്നും ശ്മശാനത്തിനും ലൈബ്രറിക്കും കൂടി ഒരു ഗേറ്റാണ് ഉള്ളതെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് ആളില്ലാത്തതുകൊണ്ടാണ് ശ്മശാനം പ്രവർത്തനരഹിതമായതെന്ന് താലൂക്ക് സഭാ യോഗത്തിൽ പറഞ്ഞതായി സമിതി അറിയിക്കുകയും ആയതിന് 2011-12-ൽ നിർമ്മാണം തുടങ്ങിയെങ്കിലും പൂർത്തിയാക്കാൻ സാധിച്ചില്ലെന്നും ഇതിന്റെ നിർമ്മാണത്തിനായി 2017-18-ൽ തുക വീണ്ടും വകയിരുത്തിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**146.** ശ്മശാനത്തിനകത്ത് ലൈബ്രറിയുടെ ആവശ്യമെന്താണെന്നും ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായില്ലെങ്കിൽ അത് മറ്റേതെങ്കിലും ആവശ്യത്തിനുവേണ്ടി ഉപയോഗിക്കണമെന്നും അഭിപ്രായപ്പെട്ട സമിതി, മറ്റെന്ത് ആവശ്യത്തിനാണ് ടി കെട്ടിടം ഉപയോഗിക്കാൻ കഴിയുക എന്ന് ആരായുകയും യാതൊരു ഭാവനയുമില്ലാതെയാണ് പ്രസ്തുത പ്രവൃത്തി ചെയ്തിരിക്കുന്നതെന്നും വിലയിരുത്തുകയും ചെയ്തു. ടി വിഷയം റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ ശ്മശാനത്തിന്റെ പ്രവർത്തനം ഉടനെ തുടങ്ങണമെന്ന് നിർദ്ദേശിച്ചു.

### പെരുവെമ്പ് ഗ്രാമപഞ്ചായത്ത്

**147.** 2009-10 ൽ 11,42,508/- രൂപ ചെലവഴിച്ച് നിർമ്മിച്ച കൃഷി ഇൻഫർമേഷൻ സെന്ററിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി

ആരാഞ്ഞതിന് 2008-09 വർഷത്തിലെ പദ്ധതിയിലുൾപ്പെടുത്തി രണ്ട് നിലകളിലായി നിർമ്മിച്ച അഗ്രോ സർവ്വീസ് സെന്റർ കെട്ടിടത്തിന്റെ താഴത്തെ നില കാർഷികോപകരണങ്ങൾ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്നുവെന്നും മുകളിലത്തെ നില കാർഷിക കർമ്മസേനയുടെ ഓഫീസായി ഉപയോഗിച്ചു വരികയായിരുന്നുവെന്നും എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് കൃഷി വിജ്ഞാൻ കേന്ദ്രമായി ഉപയോഗിക്കണമെന്നായിരുന്നുവെന്നും നിലവിൽ കൃഷി വിജ്ഞാൻ കേന്ദ്രം പ്രവർത്തനക്ഷമമാണെന്നും കൃഷി ഓഫീസർമാർക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും നിലവിൽ കെട്ടിടത്തിന്റെ രണ്ട് നിലകളും ഉപയോഗിക്കുന്നുണ്ടെന്നും പെരുവെമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

### വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

148. 2010-11ൽ 15 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച അയ്യങ്കാളി സ്മാരകഹാൾ ഉപയോഗമില്ലാത്ത നിലയിലാണ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത കെട്ടിടം വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്നും കഴിഞ്ഞ സാമ്പത്തിക വർഷം 1,35,500/- രൂപ വാടകയിനത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്നും ഏകദേശം 500 പേർക്ക് ഇരിക്കാനുള്ള സംവിധാനം ഈ ഹാളിൽ ഉണ്ടെന്നും വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുടർന്ന് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

### കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്

149. 2009-10-ൽ 4,62,000/-രൂപ ചെലവഴിച്ച് നിർമ്മാണം തുടങ്ങിയ കൃഷിഭവൻ കെട്ടിടം ഭാഗികമായി പൂർത്തിയാക്കിയ ശേഷം ഉപേക്ഷിച്ചത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞപ്പോൾ 2007-08 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കൃഷിഭവൻ കെട്ടിട നിർമ്മാണം ആരംഭിച്ചതെന്നും നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് നിർമ്മിതി

കേന്ദ്രവുമായാണ് നിർമ്മാണത്തിന് എഗ്രിമെന്റ് വച്ചതെന്നും ആകെ തുകയുടെ 3 ഗഡു നൽകിയെങ്കിലും കാലതാമസമുണ്ടായെന്ന കാരണത്താൽ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം പദ്ധതി ഉപേക്ഷിച്ച് പോവുകയായിരുന്നുവെന്നും കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

150. മൂന്ന് ഗഡുക്കളായി എത്ര രൂപയാണ് നിർമ്മിതി കേന്ദ്രത്തിന് കൈമാറിയതെന്നും സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കില്ലേ എന്നും സമിതി ആരാഞ്ഞതിന് 4,62,000/- രൂപ കൈമാറിയതിൽ 3,00,940/-രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി 1,61,060/-രൂപ തിരികെ കിട്ടാനുണ്ടെന്നും പ്രസ്തുത തുക തിരിച്ചു നൽകാൻ തയ്യാറാണെന്ന് നിർമ്മിതി കേന്ദ്രം അറിയിച്ചിരുന്നെങ്കിലും പലിശ സഹിതം ഈടാക്കാനാണ് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചതെന്നും അതുകൊണ്ടാണ് തുക ഈടാക്കാൻ കാലതാമസമുണ്ടായതെന്നും 24.07.2018-ൽ പലിശ ഒഴിവാക്കി തുക ഈടാക്കാനും പദ്ധതി അവസാനിപ്പിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിനോട് അപേക്ഷിക്കാൻ പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെന്നും പുതിയ എസ്റ്റിമേറ്റ് എടുത്ത് അനുമതി വാങ്ങിയശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളുവെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

151. ഇത്തരത്തിലുള്ള കേസുകളിൽ കുറ്റം നിർമ്മിതി കേന്ദ്രത്തിന്റെ ഭാഗത്താണെന്നതിനാൽ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് അവാർഡ് ചെയ്ത് നഷ്ടം അവരിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടതിനെ തുടർന്ന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് തുക കൈമാറിയതിനാൽ വാല്യുവേഷൻ നടത്തി റിസ്ക് ആന്റ് കോസ്റ്റിൽ നഷ്ടം ഈടാക്കേണ്ടതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ ബോധിപ്പിക്കുകയുണ്ടായി. ആയതിന് സാധാരണ ഗതിയിൽ ഇതു പോലുള്ള ഏജൻസികൾക്ക് ഒരു ഗഡു കൈമാറിയാൽ ആ തുകയുടെ 90%-ൽ അധികം തുകയുടെ പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ അടുത്ത ഗഡു കൈമാറുകയുള്ളുവെന്നും നിർമ്മിതി കേന്ദ്രം നടത്തിയ നിർമ്മാണത്തിന്റെ വാല്യുവേഷൻ നടത്താൻ P.W.D.യ്ക്ക് സാധിക്കില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

**152.** പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത കെട്ടിടം സന്ദർശിച്ചിട്ടുണ്ടോ എന്നും കെട്ടിടത്തിന്റെ നിലവിലെ അവസ്ഥയെന്തെന്നും സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത കെട്ടിടം സന്ദർശിച്ചപ്പോൾ അവിടെ പില്ലർ മാത്രമാണ് നിർമ്മിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞതെന്നും നിർമ്മിതി കേന്ദ്രം സമർപ്പിച്ച ബില്ലുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പരിശോധിച്ച ശേഷം മാത്രമാണ് തുക കൈമാറിയിട്ടുള്ളതെന്നും സെക്രട്ടറി മറുപടി നൽകി.

**153.** പില്ലറുകൾ മാത്രം നിർമ്മിക്കുന്നതിനായി 3 ഗഡുക്കൾ നൽകിയത് സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ആവശ്യപ്പെട്ടതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിംഗിനെയും കൂടി ഉൾപ്പെടുത്തി വിശദമായ അന്വേഷണം നടത്തി 2 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

**154.** പ്രസ്തുത ഓഡിറ്റ് ഖണ്ഡിക തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചതിന് ശേഷം പരിഗണിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധന കുറിപ്പ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു. പ്രസ്തുത അധിക വിവര റിപ്പോർട്ട് 23.10.2019-ലെ യോഗത്തിൽ പരിഗണിക്കുകയുണ്ടായി.

**155.** കൃഷിഭവൻ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രത്തെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും നിർമ്മിതി കേന്ദ്രം പണിപൂർത്തിയാക്കാതെ ഉപേക്ഷിച്ചതിനാൽ തുക തിരിച്ചടയ്ക്കുന്നതിനായി കത്ത് നൽകിയിരുന്നതായും തുടർന്ന് 2019 ആഗസ്റ്റ് മാസം പ്രസ്തുത തുക നിർമ്മിതി കേന്ദ്രം തിരിച്ചടച്ചതായും കെട്ടിടം പണി 2021 കാലയളവിൽ പൂർത്തീകരിക്കത്തക്കവിധം പഞ്ചായത്ത് പ്ലാൻ ഫണ്ട് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിന്മേലുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് വരികയാണെന്നും കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധന കുറിപ്പ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

**കണ്ണൂർ ജില്ല**

**കൊളച്ചേരി ഗ്രാമപഞ്ചായത്ത്**

156. മുണ്ടേരിക്കടവ് അങ്കണവാടിയുടെ പ്രവർത്തനം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ അങ്കണവാടി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അങ്കണവാടിയുടെ പ്രവർത്തനത്തിനായി നിർമ്മിച്ച കെട്ടിടം കർഷകർക്ക് വിത്ത് സംഭരണത്തിന് നൽകുവാനായി പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും കൊളച്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പുതിയ അങ്കണവാടി കെട്ടിടം പണിയുന്നുണ്ടോയെന്നത് സംബന്ധിച്ചും വെള്ളം കയറുന്ന സ്ഥലത്ത് അങ്കണവാടി കെട്ടിടം പണിയുന്നതിന് അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ടും സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**157. ചിറ്റാർ ഗ്രാമപഞ്ചായത്തിൽ 15 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ശബരിമല ഇടത്താവളത്തിൽ കഴിഞ്ഞ തവണയും തീർത്ഥാടകർ എത്തിയിരുന്നുവെന്നും തീർത്ഥാടകർ ഉപയോഗിക്കുന്നത് കൂടാതെ പ്രസ്തുത കെട്ടിടം പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും യോഗങ്ങൾക്ക് ഉപയോഗിച്ചുവരുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**158. ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**159. ആല ഗ്രാമപഞ്ചായത്ത് 2009-ൽ നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ നിലവിൽ പ്രവർത്തന സജ്ജമാണെങ്കിലും പത്ത് വർഷത്തോളം പ്രസ്തുത കെട്ടിടം**

ഉപയോഗമില്ലാതെ കിടന്നതിന് കാരണം തുടർപദ്ധതികൾ ദീർഘവീക്ഷണത്തോടുകൂടി തയ്യാറാക്കാത്തതാണെന്ന് സമിതി വിലയിരുത്തുന്നു. പലപ്പോഴും കെട്ടിടം പണി എന്ന പ്രോജക്ട് പൂർത്തിയാക്കിയാലും അവയുടെ വൈദ്യുതീകരണം, വാട്ടർ കണക്ഷൻ തുടങ്ങിയ തുടർ പദ്ധതികൾ നടപ്പാക്കാത്ത അവസ്ഥയുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഓരോ പദ്ധതിയും നടപ്പിലാക്കുമ്പോഴും അവയുടെ തുടർ പദ്ധതികൾ തയ്യാറാക്കുന്നതിനും ഭരണസമിതികൾ മാറിയാലും അവ നടപ്പിലാക്കുന്നതിനും പഞ്ചായത്തുകൾ ശ്രദ്ധ പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തുടർ പ്രോജക്ടുകളില്ലാത്തതും ആസ്തികൾ ഹാൻഡ് ഓവർ ചെയ്യാൻ സാധിക്കാത്തതും എം.എൽ.എ/എം.പി/ മറ്റ് ഏജൻസികൾ എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതുമായ കെട്ടിടങ്ങൾ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

160. എരുമേലി ഗ്രാമപഞ്ചായത്തിലെ കാർഷിക വിജ്ഞാന വ്യാപന കേന്ദ്രത്തിന്റെ നിർമ്മാണം മൂന്ന് മാസത്തിനകം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുമെന്ന് സമിതിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ മൂന്ന് മാസത്തിനുള്ളിൽ പ്രസ്തുത കാർഷിക വിജ്ഞാന വ്യാപന കേന്ദ്രം പ്രവർത്തനമാരംഭിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

161. നഗരസഭകൾ നടത്തുന്ന വായനശാലകൾക്ക് ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ നഗരസഭയിലെ ഒരംഗത്തെ താലൂക്ക് സമിതിയിൽ പ്രതിനിധിയാക്കാവുന്നതാണെന്നും പുറത്തുനിന്നുള്ള ഒരു അംഗത്തിനും പ്രതിനിധിയാകാമെന്നും വനിതകളുടെയും കുട്ടികളുടെയും വായനശാലയ്ക്ക് ഗ്രന്ഥശാല സംഘത്തിൽ പ്രത്യേക സംവിധാനമുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ചങ്ങനാശ്ശേരി നഗരസഭയിലെ വനിതകളുടെയും കുട്ടികളുടെയും വായനശാലകളെ ഗ്രന്ഥശാല സംഘത്തിന്റെ രജിസ്ട്രേഷൻ നേടി പ്രസ്തുത ഗ്രന്ഥശാല ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

162. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ 2008-09 ൽ നിർമ്മാണം തുടങ്ങിയ ഓഫീസ് കെട്ടിടത്തിലെ ഇലക്ട്രിക്കൽ വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സിവിൽ വർക്കും ഇലക്ട്രിക്കൽ വർക്കും അടിയന്തരമായി ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

163.കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ രാമേശ്വരം കോളനിയിലെ കമ്മ്യൂണിറ്റി ഹാളിന്റെ പണി പൂർത്തീകരിച്ച് കൗൺസിൽ നിർദ്ദേശിച്ച വാടകയനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

164. പുല്ലേപ്പടി സംഗമോദ്യാനത്തിലെ ശ്മശാനത്തിനകത്ത് ലൈബ്രറി കെട്ടിടം നിർമ്മിച്ച കൊച്ചി നഗരസഭയുടെ പ്രവൃത്തിയെ സമിതി നിശിതമായി വിമർശിക്കുന്നു. പ്രസ്തുത കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുവാനും ശ്മശാനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

165. പെരുവെമ്പ് ഗ്രാമപഞ്ചായത്തിലെ കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ രണ്ട് നിലകളും ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

166. വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ അയ്യങ്കാളി സ്മാരക ഹാൾ കെട്ടിടം വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുന്നതോടൊപ്പം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്യുന്നു..

167. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നൽകിയ തുക നിർമ്മിതി കേന്ദ്രം തിരിച്ചടച്ചതായും കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

168. കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ പുതിയ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച റിപ്പോർട്ട്, വെള്ളം കയറുന്ന സ്ഥലത്ത് അംഗൻവാടി കെട്ടിടം പണിയുന്നതിന് അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി

സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് എന്നിവ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**പ്രവർത്തനമില്ലാത്ത കുടിവെള്ള പദ്ധതികൾ**

തദ്ദേശഭരണസ്ഥാപനങ്ങളിലെ കുടിവെള്ള/ജലവിതരണ പദ്ധതികളിൽ പലതും നിഷ്ക്രിയാസ്തികളായി മാറുന്നു. വ്യക്തമായ ആസൂത്രണവും കൃത്യമായ നടത്തിപ്പ സംവിധാനങ്ങളും ഇല്ലാത്തതിനാലാണ് ഭൂരിപക്ഷം കുടിവെള്ള പദ്ധതികളും പ്രവർത്തനരഹിതമായി മാറുന്നത്. ഗുണഭോക്താക്കളുടെ പങ്കാളിത്തക്കുറവും താല്പര്യമില്ലായ്മയും മൂലം പ്രവർത്തനരഹിതമാകുന്ന കുടിവെള്ള പദ്ധതികളുമുണ്ട്. മുൻ പദ്ധതികളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാതെ വീണ്ടും അതേതരം പദ്ധതികളുമായി മുന്നോട്ട് പോകുന്നത് കുടിവെള്ള പദ്ധതികളുടെ പരാജയസാധ്യതകൾ വർദ്ധിപ്പിക്കുന്നു. വിവിധ കാരണങ്ങളാൽ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള കുടിവെള്ള/ജലവിതരണ പദ്ധതികൾക്ക് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്ത് 2007-08 ൽ 8,82,810/- രൂപ ചെലവഴിച്ച കുടിവെള്ള പദ്ധതി പ്രവർത്തനരഹിതമാണ്. രാമപുരം ഗ്രാമപഞ്ചായത്ത് 1997-98 മുതൽ 2006-07 വരെയുള്ള കാലയളവിൽ 12,96,236/- രൂപ ചെലവഴിച്ച മുക്കാനെല്ലി-തേക്കുമലക്കുന്ന് കുടിവെള്ള പദ്ധതി ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. ചങ്ങനാശ്ശേരി നഗരസഭ 2012-13-ൽ നടപ്പാക്കിയ വാഴപ്പള്ളി സെറ്റിൽമെന്റ് കോളനി കുഴൽക്കിണർ നിർമ്മാണ പദ്ധതിയുടെ ചെലവ് 6,10,000/-രൂപയായിരുന്നു. എന്നാൽ പദ്ധതി ഇതുവരെ പൂർത്തിയായിട്ടില്ല.

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭ 2005-ൽ നിർമ്മിച്ച വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗശൂന്യമാണ്. 18 ലക്ഷം രൂപയായിരുന്നു ചെലവ്.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2012-ൽ 3.01 കോടി രൂപ ചെലവഴിച്ച ജലവിതരണ പദ്ധതി, 2012-13 ൽ 65.93 ലക്ഷം ചെലവഴിച്ച കുടിവെള്ള പദ്ധതി എന്നിവ വിവിധ കാരണങ്ങളാൽ പണിപൂർത്തിയാവാതെ മുടങ്ങിക്കിടക്കുകയാണ്.

പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് 2012-13-ൽ പണിതീർത്ത

എരുത്തേമ്പതി-മലയാണ്ടി കൗണ്ടർ മിനി കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടാതെ ഉപയോഗശൂന്യമായ നിലയിലാണ്. 10,45,817/- രൂപയായിരുന്നു നിർമ്മാണച്ചെലവ്.

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ അഞ്ചു കുടിവെള്ള പദ്ധതികൾ പ്രവർത്തനമില്ലാതെ നിഷ്ക്രിയമാണ്. 2010-11-ൽ 3.64 ലക്ഷം രൂപ ചെലവഴിച്ച മയിലുവള്ളി കുടിവെള്ള പദ്ധതി, 9.65 ലക്ഷം രൂപ ചെലവഴിച്ച ചെന്നടുക്കം-മലപേവട്ടവ കോളനി കുടിവെള്ള പദ്ധതി, 1.58 ലക്ഷം രൂപയിൽ പണിതീർത്ത ഒറ്റക്കവുങ്ങ്/കുറ്റിത്താനി കുടിവെള്ള പദ്ധതി എന്നിവ പ്രവർത്തിക്കുന്നില്ല. 2011-12 ൽ 36,222/- രൂപ ചെലവിട്ട നാലുസെന്റ് കോളനി കുടിവെള്ള പദ്ധതി പൂർത്തിയായിട്ടില്ല. 2013-14 ൽ 2.30 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച മാവുവളപ്പ് കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.1.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**കോട്ടയം ജില്ല**

**അയ്മനം ഗ്രാമപഞ്ചായത്ത്**

**169.** 2007-08 കാലയളവിൽ 8,82,810/-രൂപ ചെലവിട്ട് നിർമ്മിച്ച കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന് കുടിവെള്ള പദ്ധതിയ്ക്കായി ഓവർഹെഡ് ടാങ്ക് പണിത് അടുത്തുള്ള ഒരു കുളത്തിൽ നിന്നാണ് വെള്ളം പമ്പ് ചെയ്തുകൊണ്ടിരുന്നതെന്നും കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലായതിനാൽ പമ്പിംഗ് നിർത്തിവച്ചുവെന്നും തുടർന്ന് ബൾക്ക് മീറ്റർ സ്ഥാപിച്ച് വാട്ടർ അതോറിറ്റിയുടെ ജലം ടാങ്കിൽ നിറച്ച് വിതരണം ചെയ്യാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടുവെന്നും 'ജലനിധി'യുടെ ബൾക്ക് വാട്ടർ സ്കീമിലേക്ക് പ്രസ്തുത കണക്ഷൻ മാറ്റാൻ തീരുമാനിച്ചിരിക്കുകയാണെന്നും നിലവിൽ പ്രസ്തുത ഓവർ ഹെഡ് ടാങ്കിൽ 5000 ലിറ്റർ വെള്ളം നിറച്ച് സാംസ്കാരിക നിലയം, പഞ്ചായത്ത് ഓഫീസ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിൽ വിതരണം

നടത്തുന്നുണ്ടെന്നും ഇത് ഉടനടി തുടങ്ങാനിരിക്കുന്ന ജലനിധി പദ്ധതിയുടെ സപ്ലിമെന്ററി ടാങ്കായി ഉപയോഗിക്കാൻ കഴിയുമെന്നും അയ്മനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

170. പ്രസ്തുത പദ്ധതിയുടെ കുടിവെള്ള സ്രോതസ് മലിനമായതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് ദേവസ്വം ബോർഡിന്റെ കുളത്തിൽ നിന്നാണ് വെള്ളം പമ്പ് ചെയ്തിരുന്നതെന്നും പ്രസ്തുത ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലായതിനാൽ 8 വർഷത്തോളമായി പമ്പിംഗ് നിർത്തിവച്ചിരിക്കുകയാണെന്നും 'ജലനിധി' പദ്ധതി നടപ്പിലാക്കുന്നതോടെ പ്രസ്തുത ടാങ്ക് അതുമായി ബന്ധപ്പെടുത്തി ഉപയോഗയോഗ്യമാക്കുമെന്നും സെക്രട്ടറി മറുപടി നൽകി. തുടർന്ന്, കുടിവെള്ള വിതരണം പുന:സ്ഥാപിക്കുമെന്ന സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

### രാമപുരം ഗ്രാമപഞ്ചായത്ത്

171. 1997-98 മുതൽ 2006-07 വരെയുള്ള കാലയളവിൽ 12,96,236/- രൂപ ചെലവഴിച്ച മുക്കാനെല്ലി-തേക്കുമലകുന്ന് കുടിവെള്ള പദ്ധതി ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല എന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് 2006-07 ൽ കുടിവെള്ള പദ്ധതി ഭാഗികമായി പ്രവർത്തനം തുടങ്ങിയിരുന്നുവെന്നും 2 കി.മീ. അകലെയുള്ള ടാങ്കിലേക്ക് ഡീസൽ എഞ്ചിൻ ഉപയോഗിച്ചാണ് പമ്പ് ചെയ്തിരുന്നതെന്നും പൈപ്പ് തുടരെ പൊട്ടുകയും മെയിന്റനൻസിന് സാമ്പത്തികമില്ലാതെ വരികയും ചെയ്തപ്പോൾ പദ്ധതി നിലച്ചതാണെന്നും നിലവിൽ സ്കൂൾ കോമ്പൗണ്ടിൽ കുഴൽക്കിണർ കുഴിച്ച് അവിടെനിന്നും വെള്ളം ഉപയോഗിക്കുന്നുണ്ടെന്നും 2017-18 കാലയളവിലെ പദ്ധതിയിൽ അഡീഷണൽ ഫണ്ട് വകയിരുത്തി പൈപ്പ് ലൈൻ സ്ഥാപിക്കുകയും പുതിയ മോട്ടോർ വാങ്ങുകയും ചെയ്തുവെന്നും 24.04.2018-ൽ ഔദ്യോഗികമായി കമ്മീഷൻ ചെയ്ത് ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയ പ്രസ്തുത പദ്ധതി നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും രാമപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് സമിതിയെ ബോധിപ്പിച്ചതിനെത്തുടർന്ന് പദ്ധതി നല്ലരീതിയിൽ

പ്രവർത്തിപ്പിക്കുന്നതിന് സെക്രട്ടറിയുടെ പ്രത്യേക മേൽനോട്ടം ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു.

### ചങ്ങനാശ്ശേരി നഗരസഭ

172. 2012-13 കാലയളവിൽ 6,10,000/-രൂപ ചെലവഴിച്ച് നടപ്പാക്കിയ വാഴപ്പള്ളി സെറ്റിൽമെന്റ് കോളനി കുഴൽക്കിണർ നിർമ്മാണ പദ്ധതി ഇതുവരെ പൂർത്തിയായിട്ടില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ചോദ്യമുന്നയിച്ചതിന് ഭൂഗർഭ ജലവിഭവ വകുപ്പിനെയാണ് പ്രസ്തുത പദ്ധതി ഏൽപ്പിച്ചതെന്നും കുഴൽക്കിണർ നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം മാത്രമാണ് വെള്ളത്തിന് ഉപ്പ് രസം ഉണ്ടെന്ന് കണ്ടെത്തിയതെന്നും കുടിവെള്ളമായി ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ ബദൽ സംവിധാനമെന്ന നിലയിൽ ആ ജലം ട്രീറ്റ് ചെയ്ത് എടുക്കുന്നതിന് ആർ.ഒ. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയെങ്കിലും ഫീസിബിലിറ്റി ഇല്ലെന്നാണ് ഭൂഗർഭജലവകുപ്പ് അറിയിച്ചിട്ടുള്ളതെന്നും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

173. ജല പരിശോധന നടത്താതെയാണോ കുഴൽക്കിണർ കുഴിച്ചതെന്നും ആർ.ഒ. പ്ലാന്റ് സ്ഥാപിച്ചാൽ നിലവിലെ ജലം ഉപയോഗിക്കാൻ കഴിയുമോ എന്നും ഇതിൽ നിന്നും എത്ര കപ്പാസിറ്റി ജലം ലഭിക്കുമെന്നും സമിതി ആരാഞ്ഞതിന് കുഴൽക്കിണർ കുഴിച്ചതിന് ശേഷമാണ് വെള്ളം പരിശോധിച്ചതെന്നും പ്രസ്തുത പരിശോധനയിലാണ് ജലം ഉപയോഗയോഗ്യമല്ലെന്ന് കണ്ടെത്തിയതെന്നും സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് നഗരസഭ പ്രോജക്ട് തയ്യാറാക്കി ഡി.പി.സി. അംഗീകാരത്തോടെ ഭൂഗർഭജലവകുപ്പിനെ ഏൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നതെന്നും ഫീസിബിലിറ്റിയില്ലെങ്കിൽ കുഴൽക്കിണർ അനുയോജ്യമായ മറ്റൊരു സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ട നടപടിയാണ് ഭൂഗർഭ ജല വകുപ്പ് സ്വീകരിക്കേണ്ടതെന്നും പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരാണ് ഇതിന് ഉത്തരം പറയേണ്ടതെന്നും ആർ.ഒ.പ്ലാന്റ് സ്ഥാപിച്ചാലും ജലം ഉപയോഗിക്കാൻ സാധിക്കില്ലെന്നാണ് അറിയിച്ചിരിക്കുന്നതെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. 25,000 ലിറ്റർ ജലം പമ്പ് ചെയ്യാനുദ്ദേശിച്ചാണ് കിണർ നിർമ്മിച്ചതെന്നും

പ്ലാന്റിനുവേണ്ടി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും മണിക്കൂറിൽ 1000 ലിറ്റർ വെള്ളം മാത്രമേ ആർ.ഒ.പ്ലാന്റിൽ നിന്നും പ്രോസസ്സ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും അതിൽ 30% വെള്ളം മാത്രമേ ഉപയോഗയോഗ്യമാക്കാൻ കഴിയുകയുള്ളൂവെന്നുമാണ് പഠനം നടത്തിയപ്പോൾ മനസ്സിലായതെന്നും 'effluent water' ട്രീറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് വലിയ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാവുകയെന്നും മാത്രമല്ല ഒരു ദിവസം മുഴുവൻ പമ്പ് ചെയ്താലും 25,000 ലിറ്റർ വെള്ളം ടാങ്കിലേയ്ക്ക് പമ്പ് ചെയ്ത് കയറ്റാൻ സാധിക്കുകയില്ല എന്നും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

174. പ്രസ്തുത സെറ്റിൽമെന്റ് കോളനിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും കേരള വാട്ടർ അതോറിറ്റിയുടെ മറ്റ് കുടിവെള്ള സൗകര്യങ്ങൾ അവിടെ ലഭ്യമാണോ എന്നും സമിതി ആരാഞ്ഞപ്പോൾ അമ്പതിലധികം കുടുംബങ്ങൾ അവിടെ താമസിക്കുന്നുണ്ടെന്നും ജലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയുമായി ചർച്ചചെയ്തപ്പോൾ നിലവിലുള്ള പൈപ്പ് ലൈനിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കയറ്റുന്നതിന് സാധിക്കുകയില്ലെന്നാണ് അറിയിച്ചിട്ടുള്ളതെന്നും കുന്നിൻ പ്രദേശമായതിനാൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ ടാങ്കിൽ വെള്ളം എത്തിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ആയതിന്റെ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണെന്നും സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത പൈപ്പുകളിൽ നിന്ന് കോളനി നിവാസികൾക്ക് ജലം ലഭ്യമാക്കുവാൻ സാധിക്കുകയില്ലേ എന്ന് സമിതി ആരായുകയും ആയതിന് വളരെ ഉയർന്ന പ്രദേശമായതിനാൽ നിലവിലുള്ള പൈപ്പിന്റെ കപ്പാസിറ്റി ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് കയറ്റാൻ സാധിക്കില്ലെന്നതാണ് പ്രശ്നമെന്നും ബൂസ്റ്റ് ചെയ്ത് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള പ്രത്യേക സംവിധാനം ഒരുക്കണമെന്നും നേരിട്ട് വെള്ളം എത്തിക്കുന്നത് പ്രായോഗികമല്ലെന്നാണ് കേരള വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുന്നതെന്നും സെക്രട്ടറി മറുപടി നൽകി.

175. ഭൂഗർഭ ജല വകുപ്പ് 6,10,000/-രൂപയുടെ നഷ്ടമാണ് വരുത്തിയിരിക്കുന്നതെന്നും വെള്ളം ഉപയോഗയോഗ്യമാണോ എന്ന് കണ്ടുപിടിക്കുന്നതിനുള്ള പ്രത്യേക സംവിധാനം ഭൂഗർഭ ജല വകുപ്പിന് ഉണ്ടെന്നും

നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചതിനെ തുടർന്ന് ഭൂഗർഭ ജല വകുപ്പിലെ ഉദ്യോഗസ്ഥർ യാതൊരു പരിശോധനയും നടത്താതെയാണ് കാര്യങ്ങൾ ചെയ്യുന്നതെന്നും പ്രസ്തുത വകുപ്പ് സ്ഥാപിച്ച പല പൈപ്പുകളും പ്രവർത്തനരഹിതമാണെന്നും ആയതിനാൽ ഭൂഗർഭ ജല വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് തെളിവെടുപ്പ് നടത്തണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ വാഴപ്പള്ളി സെറ്റിൽമെന്റ് കോളനിയിൽ വെള്ളം എത്തിക്കുവാൻ സാധിക്കുമോ എന്ന് സെക്രട്ടറി പരിശോധിക്കണമെന്നും വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും മുനിസിപ്പൽ ചെയർമാൻമായി ചർച്ച ചെയ്ത് പ്രസ്തുത പ്രദേശത്ത് വെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുകയും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തു.

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാ കുറിപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23.10.2019- ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ടി വിഷയം പരിഗണിക്കുകയുണ്ടായി.

**176.** ഗ്രൗണ്ട് വാട്ടർ വകുപ്പ് വെള്ളം ടെസ്റ്റ് ചെയ്യാതെയാണോ കുഴൽ കിണർ നിർമ്മിച്ചതെന്നും പദ്ധതി പൂർത്തിയാക്കുന്നതിന് എന്ത് പരിഹാരമാണ് നിർദ്ദേശിക്കാനുള്ളതെന്നും സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത പ്രദേശം ചങ്ങനാശ്ശേരി - ആലപ്പുഴ - കോട്ടയം എന്നിവയുടെ ബോർഡറായി വരുന്ന പ്രദേശമാണെന്നും ഓരോ മീറ്ററും ഡ്രില്ല് ചെയ്ത് സാമ്പിളെടുത്തിട്ടാണ് വെൽ അസംബ്ലി കൊടുക്കുന്നതെന്നും മെഷീനറി ഉപയോഗിച്ച് 80 മീറ്ററോളം ആഴത്തിൽ കുഴിക്കുകയും സാമ്പിൾ അനലൈസ് ചെയ്തപ്പോൾ ഉപ്പിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ പൈപ്പ് സ്ഥാപിക്കുന്ന നടപടി ഉപേക്ഷിക്കുകയാണുണ്ടായതെന്നും പ്രസ്തുത പ്രവർത്തിക്കുള്ള തുക ചെലവഴിച്ചിട്ടില്ലെന്നും 2 വർഷം കഴിഞ്ഞപ്പോൾ നടപ്പാക്കാത്ത പ്രവൃത്തികളുടെ ടി.എസ്.ബി. അക്കൗണ്ടിലുള്ള തുക സർക്കാർ പിൻവലിച്ചതായും അത് തിരികെ ലഭിക്കാത്തതിനാലാണ് തുക മടക്കി നൽകാൻ സാധിക്കാത്തതെന്നും ഭൂഗർഭ ജല വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

177. പ്രസ്തുത വിഷയം മുൻപ് സമിതി പരിഗണിച്ചപ്പോൾ KWA യുടെ പൈപ്പ് ലൈൻ പോകുന്ന ഭാഗമാണെങ്കിൽ അതിൽ നിന്നും ടാങ്കിലേക്ക് കണക്ഷൻ കൊടുക്കുവാൻ സാധിക്കുമോയെന്ന് പരിശോധിക്കുവാൻ സമിതി നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നുവെന്നും എന്നാൽ നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ സംവിധാനത്തിൽ നിന്നും കണക്ഷൻ കൊടുക്കുവാൻ സാധിക്കില്ലെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചതായും കൂടാതെ ജലലഭ്യത കുറവായതിനാൽ കോളനി പ്രദേശത്തേയ്ക്ക് പുതിയ ഗ്രാവിറ്റി ലൈൻ സ്ഥാപിക്കണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചതായും നഗരസഭയുടെ ഫണ്ട് കുറവായതിനാൽ കൗൺസിൽ തീരുമാന പ്രകാരം ജൂൺ മാസത്തിൽ ബഹു. എം. പി. യോട് ഫണ്ട് അനുവദിക്കാൻ അഭ്യർത്ഥിച്ചിട്ടുള്ളതായും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി തുടർന്നറിയിച്ചു.

178. ഭൂഗർഭ ജല വകുപ്പിൽ അടവാക്കിയ നഗരസഭയുടെ തുക തിരികെ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ചും കോളനിയിലെ നിലവിലെ ജലലഭ്യതയെക്കുറിച്ചും സമിതി ആരാഞ്ഞതിന് ഭൂഗർഭ ജലവിഭവ വകുപ്പിൽ നഗരസഭ അടവാക്കിയ തുക ലഭ്യമാക്കുന്നതിനായി നിരവധി കത്തുകൾ ലഭിച്ചുവെങ്കിലും ഗവൺമെന്റിൽ നിന്നും പണം ലഭ്യമായാൽ മാത്രമേ നഗരസഭയ്ക്ക് തിരിച്ചു കൊടുക്കുവാൻ സാധിക്കുകയുള്ളുവെന്നും നിലവിൽ ഗവൺമെന്റിൽ നിന്നും ലഭിച്ച ഫണ്ടിൽ നിന്നും പ്രസ്തുത തുക നഗരസഭയ്ക്ക് കൊടുക്കുന്നതാണെന്നും ഭൂഗർഭ ജല വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. വാഴപ്പള്ളി സെറ്റിൽമെന്റ് കോളനിയിൽ 40 വീടുകളാണ് ഉള്ളതെന്നും നിലവിൽ അടുത്തുള്ള കിണറുകളിൽ നിന്നുമാണ് കോളനി നിവാസികൾ വെള്ളമെടുക്കുന്നതെന്നും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി തുടർന്നറിയിച്ചു.

179. സമിതി മുമ്പാകെ പരാമർശിക്കപ്പെട്ടിട്ടുള്ള SC/ST കോളനികളിലേയ്ക്കുള്ള റോഡുകൾ, കുടിവെള്ള പദ്ധതികൾ തുടങ്ങിയവ നടപ്പാകാതെ പോകുന്നതായാണ് മനസ്സിലാക്കാൻ സാധിക്കുന്നതെന്നും പദ്ധതി നടത്തിപ്പിലെ ഉത്തരവാദിത്തക്കുറവാണ് ഇതിന് കാരണമെന്നും അഭിപ്രായപ്പെട്ട സമിതി നഗരസഭ ഭൂഗർഭ ജല വകുപ്പിൽ അടവാക്കിയ തുക തിരികെ വാങ്ങി പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

## എറണാകുളം ജില്ല
## പെരുമ്പാവൂർ നഗരസഭ

**180.** 2005-ൽ 18 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗ ശൂന്യമാകാൻ കാരണമെന്തെന്നും ടി പ്ലാന്റിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും എവിടെയാണ് ടി പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നതെന്നും നിലവിൽ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും ഉള്ള സമിതിയുടെ ചോദ്യത്തിന് MPLAD ഫണ്ടിൽ നിന്നും 18 ലക്ഷം രൂപ ചെലവഴിച്ച് ഫിഷ് മാർക്കറ്റിലെയും സ്ലോട്ടർ ഹൗസിലെയും മലിനജലം ശുദ്ധീകരിക്കുന്നതിനുവേണ്ടി KAICO മുഖാന്തിരം നിർമ്മിച്ച പ്ലാന്റായിരുന്നുവെന്നും ട്രീറ്റ്മെന്റ് ശരിയല്ലാത്തതിനാൽ പ്ലാന്റിന്റെ പ്രവർത്തനം നിലച്ചുവെന്നും നിലവിലെ സാഹചര്യത്തിൽ ഡ്രെയിനേജിലൂടെ ഒഴുകുന്ന മലിനജലം ശുദ്ധീകരിക്കുന്നതിന് പ്ലാന്റ് ഉപയോഗിക്കാൻ കഴിയാത്തതിനാൽ KAICO പ്രവൃത്തി ഉപേക്ഷിച്ച് പോയി എന്നും പ്രൈവറ്റ് ബസ്സ്റ്റാന്റിനോട് ചേർന്നാണ് ടി പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതെന്നും പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിയില്ലെന്നാണ് KAICO യുടെ എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചിട്ടുള്ളതെന്നും പെരുമ്പാവൂർ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**181.** MPLAD ഫണ്ട് KAICO യ്ക്ക് കൈമാറിയോ എന്നും മുനിസിപ്പൽ കമ്മിറ്റി പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞതിന് പ്രവൃത്തി ഏറ്റെടുത്തപ്പോൾത്തന്നെ ഫണ്ട് കൈമാറിയിരുന്നുവെന്നും മുനിസിപ്പൽ കമ്മിറ്റി പ്ലാന്റുമായി ബന്ധപ്പെട്ട ചർച്ച നടത്തിയിട്ടുണ്ടെന്നും അറവുശാലയുണ്ടായിരുന്നപ്പോഴാണ് പ്രസ്തുത പ്ലാന്റിന് കൂടുതൽ പ്രസക്തിയുണ്ടായിരുന്നതെന്നും 2014-ൽ അറവുശാല പൂട്ടിയതോടെ പ്ലാന്റിന്റെ പ്രസക്തി നഷ്ടമായെന്നും പെരുമ്പാവൂർ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

**182.** പ്ലാന്റിലെ ഉപകരണങ്ങൾ ലേലം വിൽക്കാൻ കഴിയുമോ എന്നും ഉപകരണങ്ങൾ ഉപയോഗിക്കാത്ത സാഹചര്യത്തിൽ ഇരുമ്പ് വിലയ്ക്ക് വിൽക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യണമെന്നും സമിതി അഭിപ്രായപ്പെട്ടതിന്, അവ സ്ഥിരമായി

ഉറപ്പിച്ച് വച്ചിരിക്കുകയാണെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ഓഡിറ്റ് പരാമർശം ഉള്ളതുകൊണ്ടാണ് യാതൊരു നടപടിയും കൈക്കൊള്ളാതിരിക്കുന്നതെന്ന് അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

183. സമിതി പരിശോധിച്ച പ്രധാനപ്പെട്ട പല കാര്യങ്ങളിലും യാതൊരു ഭാവനയുമില്ലാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യിരിക്കുന്നതെന്നും പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിമാരെല്ലാം നല്ല കഴിവുള്ളവരാണെന്നും പദ്ധതികളുടെ പ്രായോഗികതയെക്കുറിച്ച് പറഞ്ഞുകൊടുക്കേണ്ട ഉത്തരവാദിത്തം സെക്രട്ടറിമാർക്ക് ഉണ്ടെന്നും പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അത് പൂർത്തീകരിക്കാൻ സാധിക്കുമോയെന്നും ജനങ്ങൾക്ക് അത് പ്രയോജനപ്രദമാകുമോയെന്നും പരിശോധിക്കേണ്ട ഉത്തരവാദിത്വം സെക്രട്ടറിമാർക്കാണെന്നും സർക്കാരിന്റെയും മുനിസിപ്പാലിറ്റികളുടെയും ഫണ്ട് ചെലവാക്കുകയും പദ്ധതികൾ പ്രാവർത്തികമാക്കാതിരിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നതെന്നും കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ആസ്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും കോർപ്പറേഷന് ആസ്തികളുടെ ലിസ്റ്റ് ഒരുമിച്ച് സൂക്ഷിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഡിവിഷണൽ/റീജിയണൽ ഓഫീസ് തിരിച്ച് സൂക്ഷിക്കണമെന്നും ആസ്തി രജിസ്റ്റർ ഇല്ലാത്തതുകാരണം പല സ്ഥലങ്ങളും അന്യാധീനപ്പെട്ടുപോവുകയാണെന്നും പഞ്ചായത്ത് രാജ് നിയമമനുസരിച്ച് പ്രസ്തുത സ്ഥലങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ് വീണ്ടെടുക്കേണ്ടതെന്നും റവന്യൂ വകുപ്പിനോ കളക്ടർക്കോ ആയതിൽ അധികാരമില്ലെന്നും അഭിപ്രായപ്പെട്ട സമിതി ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടത് സെക്രട്ടറിമാരുടെ ചുമതലയാണെന്ന് വ്യക്തമാക്കി. തുടർന്ന് പഞ്ചായത്തുകൾ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോയെന്ന് ആരാഞ്ഞതിന് ആസ്തി രജിസ്റ്റർ ഉണ്ടെങ്കിലും ആയത് അപ്ഡേറ്റ് ചെയ്തിട്ടില്ലെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. 2016-17 വരെയുള്ള ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറിയും മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സമിതിയെ അറിയിക്കുകയുണ്ടായി.

**184.** ഓരോ പദ്ധതിക്കും നിശ്ചിത ശതമാനം തുക വകയിരുത്തണമെന്ന് ഗവൺമെന്റ് വ്യവസ്ഥയുണ്ടെന്നും അതുകൊണ്ട് ജനപ്രതിനിധികൾ പറയുന്നതനുസരിച്ചുള്ള പദ്ധതികൾ നടപ്പാക്കാനേ സാധിക്കുകയുള്ളൂവെന്നും അല്ലെങ്കിൽ ഒരു പ്രോജക്ടും പാസ്സാകുകയില്ലെന്നും ആലുവ മുനിസിപ്പാലിറ്റിയിൽ കൃഷിക്ക് യാതൊരു പ്രാധാന്യവുമില്ലെന്നും എന്നാൽ കൃഷിക്ക് 10% തുക വകയിരുത്തണമെന്നാണ് വ്യവസ്ഥയെന്നും ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചതിന് ജനകീയാസൂത്രണം ആരംഭിച്ച കാലഘട്ടത്തിൽ നടപ്പാക്കിയ ഒട്ടേറെ പദ്ധതികളിൽ പിഴവ് സംഭവിച്ചെന്ന് കണ്ടെത്തി അതെല്ലാം തിരുത്തിയിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

**185.** കൂടാതെ, ഗവൺമെന്റ് പറഞ്ഞിരിക്കുന്നു എന്ന കാരണം കൊണ്ട് പദ്ധതി നടപ്പാക്കണമെന്ന് നിർബന്ധമില്ലെന്നും എസ്.ടി. വിഭാഗക്കാർ ഇല്ലാത്തതിനാൽ എറണാകുളം പോലുള്ള സ്ഥലങ്ങളിൽ എസ്.ടി. ഫണ്ട് ചെലവഴിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ അട്ടപ്പാടി, അട്ടപ്പാടി, പാലക്കാട്, ഇടുക്കി, വയനാട് തുടങ്ങി എസ്.ടി. വിഭാഗക്കാരുടെ പ്രാതിനിധ്യം ഉള്ള സ്ഥലങ്ങളിലേയ്ക്ക് പ്രസ്തുത ഫണ്ട് ട്രാൻസ്ഫർ ചെയ്ത് പദ്ധതികളുടെ പ്രായോഗികത ഉറപ്പുവരുത്തുവാൻ സെക്രട്ടറിമാർ പ്ലാനിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്തണമെന്നും സെക്രട്ടറിമാർ ഫണ്ട് മാറ്റാൻ അനുമതി നൽകണമെന്ന ആവശ്യം ഉന്നയിച്ച് പ്ലാനിംഗ് കമ്മിറ്റിയിൽ വയ്ക്കുകയോ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങുകയോ ചെയ്യണമെന്നും അതുപോലെ കെട്ടിടം നിർമ്മിക്കുന്നതോടൊപ്പം പ്ലാനിംഗ്, ഇലക്ട്രിക്കൽ വർക്കുകളും ചെയ്യണമെന്നും പദ്ധതി നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ സെക്രട്ടറിമാർ വളരെ ഗൗരവമായി കാണേണ്ടതാണെന്നും കൂടി സമിതി അഭിപ്രായപ്പെട്ടു.

### കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

**186.** കുടിവെള്ള/ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയത് എവിടെയെല്ലാമാണെന്നും അവയുടെ പ്രവർത്തനക്ഷമതയെക്കുറിച്ചും സമിതി ആരാഞ്ഞതിന് ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി പാഴൂർ, മരട് എന്നിവിടങ്ങളിലാണ് ജലവിതരണ പദ്ധതികൾ ആരംഭിച്ചതെന്നും ഇവയ്ക്ക് പ്രത്യേക ടാങ്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും കോർപ്പറേഷൻ പരിധിയിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജല വിതരണം

നടത്തിവരുന്നുണ്ടെന്നും നിലവിൽ പദ്ധതികൾ പ്രവർത്തനക്ഷമമാണെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

187. പിറവം പഞ്ചായത്തിലെ പാഴൂരിൽ നിർമ്മാണ പ്രവർത്തനം നടത്താൻ കോർപ്പറേഷൻ പണം നൽകിയോ എന്ന് സമിതി ചോദിച്ചതിന് കോർപ്പറേഷൻ ജൻറം പദ്ധതിയിൽ വാട്ടർ അതോറിറ്റിയിൽ പണം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും വാട്ടർ അതോറിറ്റിയായിരുന്നു കൺസൾട്ടന്റ് എന്നും കോർപ്പറേഷന് ചെയ്യാൻ സാധിക്കാത്തത് കൊണ്ടാണ് വാട്ടർ അതോറിറ്റിയെ നിർമ്മാണ പ്രവർത്തനത്തിന് ഏർപ്പെടുത്തിയതെന്നും സെക്രട്ടറി അറിയിച്ചു.

188. 2012-ൽ 3.01 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ജലവിതരണ പദ്ധതി, 2012-13-ൽ 65.93 ലക്ഷം രൂപ ചെലവഴിച്ച കുടിവെള്ള പദ്ധതി എന്നിവ വിവിധ കാരണങ്ങളാൽ പണി പൂർത്തിയാകാതെ മുടങ്ങിക്കിടക്കുന്നുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, നിർമ്മാണ ഘട്ടത്തിലുണ്ടായ നിരവധി തടസ്സങ്ങൾ കാരണം നിശ്ചിത സമയത്ത് പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്നും 2017 ഏപ്രിൽ മാസത്തോടെ ജൻറം പദ്ധതിയിൽപ്പെട്ട കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തിവരുന്നുവെന്നാണ് വാട്ടർ അതോറിറ്റി റിപ്പോർട്ട് നൽകിയിരിക്കുന്നതെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ കോർപ്പറേഷനിൽ നിന്നും ലഭിക്കാത്തതിനാൽ നിലവിലെ സ്ഥിതി സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് പറയാൻ കഴിയില്ലെന്നും ഒക്ടോബർ 31-നു മുമ്പ് മറുപടി ലഭ്യമാക്കിയിരുന്നുവെങ്കിൽ അത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകാമായിരുന്നുവെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ആയതിന് മറുപടി തയ്യാറാക്കിക്കൊണ്ടിരിക്കുന്നതാണ് ഓഡിറ്റിന് സമർപ്പിക്കാമെന്ന് സെക്രട്ടറി അറിയിക്കുകയും ടി മറുപടി പരിശോധിച്ചതിനുശേഷം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കാമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ ബോധിപ്പിക്കുകയും ചെയ്തു.

## ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത്

**189.** 2012-13 കാലയളവിൽ 10,45,817/- രൂപ ചെലവഴിച്ച് പണിതീർത്ത എരുത്തേമ്പതി-മലയാണ്ടി കൗണ്ടർ മിനി കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടാതെ ഉപയോഗശൂന്യമായ നിലയിലാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കുഴൽ കിണർ നിർമ്മിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമാക്കിയിട്ടുണ്ടെന്ന് ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. മറുപടി നൽകുകയും പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

## വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

### (1) മയിലുവള്ളി കുടിവെള്ള പദ്ധതി

**190.** പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച സമിതി ചോദ്യത്തിന് റോഡ് വികസനത്തിന്റെ ഭാഗമായി പ്രസ്തുത പദ്ധതിയുടെ പൈപ്പുകൾക്കും മോട്ടോറിനും കേടുപാട് സംഭവിച്ചിട്ടുണ്ടെന്നും ആയതിനാൽ പദ്ധതി നിലവിൽ പ്രവർത്തനരഹിതമായിത്തീർന്നെന്നും കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**191.** കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### (2) ചെന്നടുക്കം-മലവേട്ടുവ കോളനി കുടിവെള്ള പദ്ധതി

**192.** പ്രസ്തുത കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന സമിതിയുടെ ചോദ്യത്തിന് റോഡ് പ്രവൃത്തി നടത്തുന്ന സാഹചര്യത്തിൽ 400 മീറ്റർ പൈപ്പ് മാറ്റേണ്ടി വന്നതിനാൽ പ്രസ്തുത കുടിവെള്ള പദ്ധതി തകരാറിലായെന്നും വീണ്ടും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേയ്ക്കായി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും രണ്ട് തവണ പദ്ധതി ടെണ്ടർ ചെയ്തിരുന്നുവെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് സമിതിയെ അറിയിച്ചു.

193. എത്ര മാസത്തിനുള്ളിൽ ടി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് നൽകാൻ സാധിക്കുമെന്ന് സമിതി ആരാഞ്ഞതിന് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാക്കി രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് സമിതിയെ അറിയിച്ചു. ആയതിൻ പ്രകാരം പ്രസ്തുത കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

3. **ഒറ്റക്കവുങ്ങ്/കുറ്റിത്താനി കുടിവെള്ള പദ്ധതി**

4. **മാങ്ങോട് നാലുസെന്റ് കോളനി കുടിവെള്ള പദ്ധതി**

5. **മാവ് വളപ്പ് കുടിവെള്ള പദ്ധതി**

194. പ്രസ്തുത കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**195. അയ്യനം ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതോടുകൂടി കുടിവെള്ള പദ്ധതി മാലിന്യവിമുക്തമായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**196. രാമപുരം ഗ്രാമപഞ്ചായത്തിലെ മുക്കാറ്റനെല്ലി-തേക്കുമലക്കുന്ന് കുടിവെള്ളപദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയെന്നും പദ്ധതി നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ മികച്ച രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പ്രത്യേക മേൽനോട്ടമുണ്ടാകണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

197. ചങ്ങനാശ്ശേരി നഗരസഭയിൽ വാഴപ്പള്ളി സെറ്റിൽമെന്റ് കോളനി കുഴൽക്കിണർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂഗർഭ ജലവകുപ്പ് കുഴൽക്കിണർ നിർമ്മാണത്തിനായി 80 മീറ്ററോളം ആഴത്തിൽ കുഴിച്ചെങ്കിലും വെള്ളത്തിന് ഉപ്പുരസം കണ്ടെത്തിയതിനാൽ കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഉപേക്ഷിക്കേണ്ടി വന്നുവെന്നും ഭൂഗർഭ ജല വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചതിനെ തുടർന്ന് നഗരസഭ ഭൂഗർഭ ജല വകുപ്പിൽ അടച്ച തുക തിരികെ ലഭ്യമാക്കുന്നതിനും കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

198. വാഴപ്പള്ളി സെറ്റിൽമെന്റ് കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർമാൻ എന്നിവരുമായി നഗരസഭാ സെക്രട്ടറി ചർച്ച ചെയ്ത് പ്രസ്തുത പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

199. പെരുമ്പാവൂർ നഗരസഭയിലെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ലെന്ന് സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. യാതൊരു ഭാവനയുമില്ലാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതെന്നും പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അത് പൂർത്തീകരിക്കാൻ കഴിയുമോ എന്നും ജനങ്ങൾക്ക് അത് ഉപകാരപ്രദമാകുമോ എന്നും പരിശോധിക്കേണ്ട ഉത്തരവാദിത്തം പഞ്ചായത്ത് സെക്രട്ടറിമാർക്കാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

200. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

201. ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് കുഴൽക്കിണർ നിർമ്മിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമാക്കിയിട്ടുണ്ട് എന്ന സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

202. വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ മയിലുവള്ളി കുടിവെള്ള പദ്ധതി, ചെന്നടുക്കം-മലവേട്ടുവ കോളനി കുടിവെള്ള പദ്ധതി എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

203. വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ ഒറ്റക്കവുങ്ങ്/കറ്റിത്താനി കുടിവെള്ള പദ്ധതി, മാങ്ങോട് നാല്പുസെന്റ് കോളനി കുടിവെള്ള പദ്ധതി, മാവുവളപ്പ് കുടിവെള്ള പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**വിവിധ പദ്ധതികൾക്കായി വാങ്ങിയ വസ്തുവകകൾ കാടുപിടിച്ചുകിടക്കുന്നു. പദ്ധതി കടലാസിലൊതുങ്ങി; കോടികളുടെ ആസ്തി നിഷ്ക്രിയം.**

വിവിധ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഒട്ടേറെ ഭൂമി ആസ്തിയായി ആർജ്ജിച്ചിട്ടുണ്ട്. എന്നാൽ തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താത്തതിനാൽ കോടിക്കണക്കിന് രൂപ വിലയുള്ള ഭൂമി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയ ആസ്തിയായി നിലകൊള്ളുകയാണ്. പരിശോധന നടത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാത്രം 4.77 കോടി രൂപയുടെ ഭൂമിയാണ് നിഷ്ക്രിയ ആസ്തിയായിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു;

ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭ 2007-ൽ ചവർ സംസ്കരണത്തിനായി സ്ഥലം വാങ്ങുവാൻ 4,07,090/-രൂപ ചെലവഴിച്ചു. എന്നാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് അക്വിസിഷൻ പാതിവഴിയിൽ ഉപേക്ഷിച്ചു.

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നഗരസഭ 1997-98-ൽ 47,70,469/-രൂപ ചെലവിട്ട് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുവാനായി സ്ഥലം വാങ്ങി. എന്നാൽ ഈ വസ്തുവിന്റെ അതിർത്തികൾ നിർണ്ണയിക്കുവാൻ പോലും നാളിതുവരെ കഴിഞ്ഞിട്ടില്ല. നിലവിൽ ഈ സ്ഥലത്ത് നഗരമാലിന്യങ്ങൾ കൊണ്ടിടുകയാണ്.

കണ്ണൂർ ജില്ലയിലെ എരുവേശി ഗ്രാമപഞ്ചായത്ത് മിനി വ്യവസായ എസ്റ്റേറ്റിനായി 2003-04 ൽ 2,44,207/-രൂപ ചെലവഴിച്ച് വാങ്ങിയ സ്ഥലത്ത് ഇതുവരെ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 4.1.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

**ചേർത്തല നഗരസഭ**

**204.** 2007-ൽ 4,07,090/-രൂപ ചെലവഴിച്ച പദ്ധതിയിൽ ചവർ സംസ്കരണത്തിനായുള്ള സ്ഥലത്തിന്റെ അക്വിസിഷൻ നടത്തിയോ എന്ന് സമിതി ആരാഞ്ഞതിന് നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് സ്ഥലം ഏറ്റെടുക്കാൻ സാധിച്ചില്ലെന്ന് സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചു. തുടർന്ന് ഡെപ്പോസിറ്റ് ചെയ്ത തുക പലിശസഹിതം തിരികെ ലഭ്യമായോ എന്ന് സമിതി ആരാഞ്ഞതിന് തുക തിരികെ ലഭിച്ചുവെന്നും എന്നാൽ സർക്കാർ നിർദേശപ്രകാരം ട്രഷറിയുടെ വർക്ക് ഡെപ്പോസിറ്റ് ശീർഷകത്തിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് പലിശ ലഭിക്കുന്നതല്ലെന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) അറിയിച്ചിട്ടുണ്ടെന്നും സെക്രട്ടറി-ഇൻ-ചാർജ്

അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദേശിച്ചു.

ചങ്ങനാശ്ശേരി നഗരസഭ

205. 1997-98 കാലയളവിൽ 47,70,469/-രൂപ ചെലവഴിച്ച് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കാനായി വാങ്ങിയ സ്ഥലത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ചോദ്യം ഉന്നയിച്ചതിന് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിനായി വാങ്ങിയ സ്ഥലത്തിന്റെ മധ്യഭാഗത്തുകൂടി ബൈപാസ് റോഡ് നിർമ്മിച്ചിരിക്കുന്നതിനാൽ അവിടെ സ്പോർട്സ് കോംപ്ലക്സ് പണിയാൻ സാധിക്കുകയില്ലെന്നും ആകെ ഉണ്ടായിരുന്ന 5.2 ഹെക്ടർ സ്ഥലത്തിന്റെ 1/2 ഹെക്ടർ സ്ഥലം ബൈപ്പാസ് നിർമ്മാണത്തിന് സർക്കാർ ഏറ്റെടുത്തു എന്നും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. കൂടാതെ പ്രസ്തുത സ്ഥലത്തിന്റെ മധ്യഭാഗത്തുകൂടി റോഡ് പോകുന്നതിനാൽ സ്ഥലം രണ്ടായി വിഭജിക്കപ്പെടുകയും ചെയ്തുവെന്നും അതുകൊണ്ട് സ്പോർട്സ് കോംപ്ലക്സ് കെട്ടിടം പണിയുന്നതിനുള്ള തീരുമാനം മാറ്റുകയും അവിടെ ഇൻഡോർ സ്റ്റേഡിയം പണിയുവാനുള്ള സാധ്യതാപഠനം നടത്തുകയും ഈ വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി ആയത് വെറ്റ് ചെയ്ത് ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ഏജൻസിയെ സെലക്ട് ചെയ്ത് അതിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരികയാണെന്നും സെക്രട്ടറി അറിയിച്ചു.

206. സ്പോർട്സ് കോംപ്ലക്സ് കെട്ടിട നിർമ്മാണത്തെക്കുറിച്ചും ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തപ്പോൾ മുനിസിപ്പാലിറ്റിക്ക് നഷ്ടപരിഹാരം ലഭിച്ചതിനെക്കുറിച്ചും സമിതി ആരാഞ്ഞപ്പോൾ 47,70,469/- രൂപ ചെലവഴിച്ച് സ്ഥലം വാങ്ങുക മാത്രമാണ് ചെയ്തതെന്നും കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും ഗവൺമെന്റ് റോഡിനായി സ്ഥലം ഏറ്റെടുത്തതിന് 8 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുകയുണ്ടായെന്നും സെക്രട്ടറി മറുപടി നൽകി. തുടർന്ന് പ്രസ്തുത സ്ഥലത്ത് ആരംഭിക്കാൻ പോകുന്ന പ്രവർത്തനത്തെ സംബന്ധിച്ച് തീരുമാനമെടുത്ത് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

## എരുവേശി ഗ്രാമപഞ്ചായത്ത്

207. പൂപ്പറമ്പ് വ്യവസായ എസ്റ്റേറ്റിൽ ആവിഷ്ക്കരിച്ച മാലിന്യസംസ്കരണ സംഭരണ കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും പ്രസ്തുത സ്ഥലം സമീപവാസികൾ വഴിയായി ഉപയോഗിക്കുന്നുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ചും സമിതി ആരാഞ്ഞതിന് 2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തെങ്കിലും തദ്ദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്നുവെന്നും ടി സ്ഥലത്തിന്റെ ചില ഭാഗങ്ങളിൽ ചുറ്റുമതിൽ തകർന്നത് കാരണം സമീപവാസികൾ വഴിയായി ഉപയോഗിക്കുന്നുണ്ടെന്നും നിലവിൽ കുടുംബശ്രീയുടെ സഹായത്തോടെ പ്രസ്തുത സ്ഥലത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും എരുവേശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

208. വ്യവസായ എസ്റ്റേറ്റിൽ ചുറ്റുമതിൽ കെട്ടി കുടുംബശ്രീ മുഖേന ചെറുകിട സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**209. ചേർത്തല നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**210. ചങ്ങനാശേരി നഗരസഭയിലെ സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് നടപ്പിലാക്കുന്ന ഇൻഡോർ സ്റ്റേഡിയ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

211. എരുവേശി ഗ്രാമപഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റിൽ ചുറ്റുമതിൽ കെട്ടി കുടുംബശ്രീ മുഖേന ചെറുകിട സംരംഭം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഉപയോഗമില്ലാതെ കിടക്കുന്ന മത്സ്യമാർക്കറ്റുകളും ചന്തകളും**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോടിക്കണക്കിന് രൂപ ചെലവിട്ട് നിർമ്മിച്ചിട്ടുള്ള മത്സ്യമാർക്കറ്റുകൾ, ചന്തകൾ, ഫിഷ് പ്രോസസിംഗ് സെന്ററുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയിൽ പലതും നിഷ്ക്രിയാസ്തികളായി മാറിയിട്ടുണ്ട്. ശരിയായ ആസൂത്രണത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും അഭാവമാണ് ഇത്തരം പദ്ധതികളുടെ പരാജയത്തിനുള്ള മുഖ്യകാരണം.

**കൊച്ചി കോർപ്പറേഷനിലെ 4 ഫിഷ് ലാന്റിംഗ് സെന്ററുകൾ ഉപയോഗിക്കുന്നില്ല; 13.82 ലക്ഷം രൂപയുടെ ആസ്തികൾ നിഷ്ക്രിയം**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നിർമ്മിച്ച 4 ഫിഷ് ലാന്റിംഗ് സെന്ററുകൾ ഉപയോഗിക്കാത്ത നിലയിലാണ്. ഇതുമൂലം 13,82,845/- രൂപ ചെലവിട്ട് നിർമ്മിച്ച ആസ്തികളാണ് നിഷ്ക്രിയമായിരിക്കുന്നത്.

2013-14 ൽ 4,96,981/-രൂപ ചെലവിൽ ഡോൺബോസ്കോ റോഡിൽ നിർമ്മിച്ച ഫിഷ് ലാന്റിംഗ് സെന്റർ നിലവിൽ ഉപയോഗിക്കുന്നില്ല. 2011-12 ൽ ഇടക്കൊച്ചിയിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ റൂഫിംഗ് നടത്തിയിരുന്നു. എന്നാൽ ഇതിനായി 2,53,340/- രൂപ ചെലവഴിച്ചിട്ടും ഉപയോഗമില്ലാത്ത നിലയിലാണ്.

മരക്കടവിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണാർത്ഥം 2011-12-ൽ കോർപ്പറേഷൻ 3,39,348/- രൂപ ചെലവഴിക്കുകയുണ്ടായി. എന്നാൽ ഈ ഫിഷ് ലാന്റിംഗ് സെന്ററും നിലവിൽ ഉപയോഗിക്കുന്നില്ല. 2,93,716/-രൂപ ചെലവിട്ട് 2011-12 ൽ നിർമ്മിച്ച തട്ടാഴം ഫിഷ് ലാന്റിംഗ് സെന്ററും ഉപയോഗമില്ലാത്ത നിലയിലാണ്.

**18 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച ഉഴവർ ചന്ത നിഷ്ക്രിയാസ്തിയായി**

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് ബസ്റ്റാന്റിനു സമീപം ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ഫണ്ടായ 18 ലക്ഷം രൂപ ഉപയോഗിച്ചാണ് ഉഴവർ ചന്തയ്ക്ക് 2007-08 ൽ കെട്ടിടം നിർമ്മിച്ചത്. ഓഡിറ്റ് നടത്തിയ പരിശോധനയിൽ സ്ഥലവും കെട്ടിടവും ഉപയോഗമില്ലാതെ നിഷ്ക്രിയമായ നിലയിൽ കാണപ്പെട്ടു. 2008 ൽ ഉദ്ഘാടനം ചെയ്തുവെങ്കിലും നാളിതുവരെ ഉഴവർ ചന്ത പ്രവർത്തനം ആരംഭിച്ചിട്ടില്ല. പരിസരമാകെ കാടുപിടിച്ച് കിടക്കുന്നു.

പരിശോധനയിൽ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തിയായി കണ്ടെത്തിയ മത്സ്യമാർക്കറ്റുകൾക്കും പദ്ധതികൾക്കും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു;

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് 2003 മുതൽ 2006 വരെ 60,65,330/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഫിഷ് പ്രോസസിംഗ് സെന്റർ പ്രവർത്തനമില്ലാതെ പരിസരമാകെ കാടുപിടിച്ച നിലയിലാണ്.

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് 2008-09 ൽ 5,93,325/- രൂപ ചെലവഴിച്ച് നിർമ്മിച്ച മത്സ്യമാർക്കറ്റ് പ്രവർത്തനമില്ലാതെ കാടുപിടിച്ച് കിടക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിനെ മത്സ്യമാർക്കറ്റാക്കി മാറ്റുകയായിരുന്നു.

ആലുവ നഗരസഭയിലെ ജനറൽ മാർക്കറ്റിനു സമീപം സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷനാണ് ആധുനിക ഫിഷ്മാർക്കറ്റ് നിർമ്മിച്ച് നഗരസഭയ്ക്ക് കൈമാറിയത്. 2012-ൽ നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് ഫണ്ടിൽ നിന്നുള്ള 2.5 കോടി രൂപ വിനിയോഗിച്ചാണ് ഫിഷ്മാർക്കറ്റ് പണിതത്. എന്നാൽ കെട്ടിടത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രവർത്തനക്ഷമമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.9)

ഓഡിറ്റ് ഖണ്ഡികൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

**എറണാകുളം ജില്ല**
**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

**212.** 13,82,845/-രൂപ ചെലവിട്ട് നിർമ്മിച്ച 4 ഫിഷ് ലാന്റിംഗ് സെന്ററുകൾ ഉപയോഗശൂന്യമായ നിലയിലാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചപ്പോൾ ഡോൺ ബോസ്കോ, തട്ടാഴം എന്നിവിടങ്ങളിലെ ഫിഷ് ലാന്റിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും 3,39,348/-രൂപ ചെലവഴിച്ച് മരക്കടവിൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണം നടത്തിയെങ്കിലും കാന നിർമ്മാണം മാത്രമാണ് പൂർത്തിയായതെന്നും വേലിയിറക്ക സമയത്ത് മണ്ണ് വന്നടിയുന്നത് കാരണം വഞ്ചികൾക്ക് അടുക്കാൻ സാധിക്കുന്നില്ലെന്നും ആയതിനാൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം അസാധ്യമായിരിക്കുകയാണെന്നും മരക്കടവിലെയും ഇടക്കൊച്ചിയിലെയും ഫിഷ് ലാന്റിംഗ് സെന്ററുകളിൽ മണ്ണ് വന്നടിയാത്ത അവസരത്തിൽ ചെറിയ വഞ്ചികളിൽ മത്സ്യം കൊണ്ടുവരുന്നുണ്ടെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഫിഷ് ലാന്റിംഗ് സെന്ററുകൾ നേരിടുന്ന പ്രശ്നങ്ങൾ റിപ്പോർട്ടാക്കി സമിതിക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**പാലക്കാട് ജില്ല**
**കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്**

**213.** ഉഴവർ ചന്തയുടെ നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന് പാലക്കാട് ജില്ലാ പഞ്ചായത്ത് 18 ലക്ഷം രൂപ ചെലവഴിച്ച് 2006-ലാണ് ഉഴവർ ചന്ത നിർമ്മിച്ചതെന്നും പ്രസ്തുത ചന്ത പ്രവർത്തനരഹിതമായതിനാൽ ആ കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകിയിരിക്കുകയാണെന്നും ഒരു മുറിയ്ക്ക് 2000-3000 രൂപ വരെ വാടകയിനത്തിൽ ലഭിക്കുന്നുണ്ടെന്നും 7 മുറികളാണ് വാടകയ്ക്ക്

നൽകിയിട്ടുള്ളതെന്നും കെട്ടിടം മൊത്തത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് വാടകയ്ക്ക് നൽകുന്നതിന് തീരുമാനിച്ചിരിക്കുകയാണെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. നിലവിലെ വാടകക്കാരെ ഒഴിപ്പിച്ചോയെന്നും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് മുറികൾ നൽകുമ്പോൾ എത്ര രൂപയാണ് വാടകയിനത്തിൽ നിശ്ചയിച്ചിരിക്കുന്നതെന്നും സമിതി ആരാഞ്ഞപ്പോൾ കെട്ടിടം റിപ്പയർ ചെയ്യുന്നതിലേക്കായി നിലവിലെ വാടകക്കാരെ ഒഴിപ്പിച്ചിരിക്കുകയാണെന്നും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി എഗ്രിമെന്റ് ആയാലെ വാടക എത്രയെന്ന് പറയാൻ സാധിക്കുകയുള്ളൂ എന്നും ഗവൺമെന്റ് റേറ്റിലുള്ള വാടക മാത്രമേ ഈടാക്കാൻ കഴിയുകയുള്ളൂ എന്നും കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

**ആലപ്പുഴ ജില്ല**

**മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്**

**214.** 60,65,330/-രൂപ ചെലവഴിച്ച് നിർമ്മിച്ച ഫിഷ് പ്രോസസിംഗ് സെന്റർ പ്രവർത്തനരഹിതമായി പരിസരമാകെ കാടുപിടിച്ച നിലയിലാണെന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ വിവിധതരം മത്സ്യ അച്ചാറുകളുണ്ടാക്കുന്ന ഒരു കുടുംബശ്രീ യൂണിറ്റ് രണ്ടര വർഷത്തോളം അവിടെ പ്രവർത്തിച്ചിരുന്നുവെന്നും സാമ്പത്തികമായി നഷ്ടം വന്നപ്പോൾ പ്രസ്തുത യൂണിറ്റ് പ്രവർത്തനം നിർത്തിവച്ചുവെന്നും 2017 ഡിസംബറിൽ യൂണിറ്റ് പുനരാരംഭിക്കുന്നതിലേക്കായി അവർ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാനപ്രകാരം അവർക്ക് കെട്ടിടം കൈമാറുകയും യൂണിറ്റ് ഒന്നര മാസത്തോളം പ്രവർത്തിക്കുകയും ചെയ്തുവെന്നും നൂറോളം സ്ത്രീകൾ ജോലി ചെയ്തുവന്നിരുന്ന പ്രസ്തുത യൂണിറ്റ് നിലവിൽ പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണെന്നും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

**215.** പൊതുജനങ്ങളുടെ പരാതിയെക്കുറിച്ചും പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം നിർത്തലാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ചവരെക്കുറിച്ചും നിലവിൽ പ്രസ്തുത

കെട്ടിടത്തിന്റെ അവസ്ഥയെക്കുറിച്ചും സമിതി ആരാഞ്ഞതിന് ടി കെട്ടിടത്തിനടുത്തായി റിസോർട്ടും ഹോം സ്റ്റേകളും പ്രവർത്തിക്കുന്നുണ്ടെന്നും മത്സ്യം കഴുകുന്ന വെള്ളത്തിന്റെ ദുർഗന്ധം കാരണം ജനജീവിതം ദുസ്സഹമാണെന്ന് പൊതുജനങ്ങൾ പരാതി നൽകിയിരിക്കുകയാണെന്നും ഫിഷ് പ്രോസസിംഗ് സെന്റർ പ്രവർത്തിപ്പിക്കാതിരിക്കുന്നതിന്റെ പിന്നിൽ പ്രവർത്തിച്ചത് റിസോർട്ട് ഉടമകളാണെന്നും അക്കാര്യം ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചുകൊണ്ട് ടി സെന്ററിന്റെ പ്രവർത്തനം പുനരാരംഭിക്കുവാനുള്ള സംവിധാനം ഒരുക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത കെട്ടിടം ഹരിത കർമ്മസേനയുടെ പ്ലാസ്റ്റിക് കളക്ഷൻ സെന്റർ ആയി പ്രവർത്തിക്കുകയാണെന്നും പ്ലാസ്റ്റിക് കളക്ട് ചെയ്ത് ഒന്നോ രണ്ടോ ദിവസം മാത്രം സൂക്ഷിക്കുകയും പിന്നീട് ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് കളക്ഷൻ സെന്ററിലേക്ക് മാറ്റുകയും ചെയ്യുമെന്നും ആര്യാട് ബ്ലോക്ക് പഞ്ചായത്തും കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തും സംയുക്തമായാണ് ടി കെട്ടിടം നിർമ്മിച്ചതെന്നും ആര്യാട് ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ജോയിന്റ് പ്രോജക്ട് ചെയ്യാമെന്നുള്ള നിർദ്ദേശമാണ് ധനകാര്യവകുപ്പ് മന്ത്രി ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് നൽകിയിട്ടുള്ളതെന്നും ആയതിന്റെ മിനിട്ട്സോ രേഖകളോ ഒന്നും തയ്യാറാക്കിയിട്ടില്ലെന്നും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് രേഖകളൊന്നുമില്ലാതെ നിയമസഭാ കമ്മിറ്റിയിൽ എത്തിയതിനെ സമിതി വിമർശിക്കുകയും വീണ്ടും പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഫണ്ട് കൊടുക്കാൻ കഴിയുന്നതാണെന്നും ഫിഷ് പ്രോസസിംഗ് യൂണിറ്റാകുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നതാണെന്നും അഭിപ്രായപ്പെടുകയും ചെയ്തു.

**216.** കേന്ദ്ര ഗവൺമെന്റിന്റെ എസ്.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഫിഷ് പ്രോസസിംഗ് സെന്റർ സ്ഥാപിച്ചതെന്ന് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത വിഷയം ഗവൺമെന്റ് തലത്തിൽ അന്വേഷിച്ച് റിപ്പോർട്ട് നൽകാമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു

## കോട്ടയം ജില്ല
## പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്

217. 2008-2009 കാലയളവിൽ 5,93,325/-രൂപ ചെലവഴിച്ച് നിർമ്മിച്ച മത്സ്യ മാർക്കറ്റിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ മത്സ്യമാർക്കറ്റ് ആക്കുന്നതിനെതിരെ സമീപത്തുള്ള ഡോൺ ബോസ്കോ ഹയർ സെക്കൻഡറി സ്കൂൾ അധികൃതർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തെന്നും പ്രസ്തുത സാഹചര്യത്തിൽ മത്സ്യക്കച്ചവടക്കാരെ അവിടെനിന്നും ഒഴിപ്പിക്കുകയും പ്രസ്തുത സ്ഥലം പച്ചക്കറി വിപണന സ്റ്റാളാക്കുകയും അതിന്റെ നവീകരണവുമായി ബന്ധപ്പെട്ട് 10 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തുവെന്നും ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി വഴി സൗകര്യം ഏർപ്പെടുത്തിയാൽ മാത്രമേ കമ്മ്യൂണിറ്റി ഹാൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളുവെന്നും അതിനടുത്തായി മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും ഡോൺ ബോസ്കോ ഹയർ സെക്കൻഡറി സ്കൂൾ ഫയൽ ചെയ്ത കേസിന്മേൽ പഞ്ചായത്തിന് അനുകൂലമായ വിധിയാണ് ഉണ്ടായതെന്നും മത്സ്യക്കച്ചവടക്കാർക്ക് വേറൊരു സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും കമ്മ്യൂണിറ്റി ഹാൾ ഉടനടി പ്രവർത്തനക്ഷമമാക്കുമെന്നും പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുടർന്ന് കമ്മ്യൂണിറ്റി ഹാളിന്റെ പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയതിനുശേഷം റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിച്ചു.

## എറണാകുളം ജില്ല
## ആലുവ നഗരസഭ

218. ഫിഷ് മാർക്കറ്റ് കെട്ടിടത്തിലെ ഒന്നാം നിലയിലെ 23 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നത് സംബന്ധിച്ചും റോഡരികിൽ കച്ചവടം നടക്കുന്നതു കൊണ്ടാണ് അവിടേയ്ക്ക് ആളുകൾ വരാൻ മടിക്കുന്നത് എന്ന് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത് സംബന്ധിച്ചും സമിതി ചോദ്യമുന്നയിച്ചതിന് 2.5 കോടി രൂപ വിനിയോഗിച്ച് നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിൽ താഴെയും മുകളിലുമായി 23 മുറികൾ വീതം ഉണ്ടെന്നും

അവയിൽ പുനരധിവാസ വ്യവസ്ഥ പ്രകാരം താഴത്തെ നിലയിലെ 23 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും ഫിഷ് മാർക്കറ്റിനായി വിഭാവനം ചെയ്തിരിക്കുന്ന ഒന്നാം നിലയിലെ മുറികൾ ലേലവും പുനർലേലവും നടത്തിയിട്ടും ആരും ഏറ്റെടുക്കാതിരുന്നതിനാൽ പിന്നീട് വാടകയിലും ഡെപ്പോസിറ്റ് തുകയിലും 20% കുറച്ച് നൽകിയും പലപ്രാവശ്യം ലേലം നടത്തുകയുണ്ടായെങ്കിലും അത് ഏറ്റെടുക്കുവാൻ നാളിതുവരെ ആരും തയ്യാറാകുന്നില്ലെന്നും പ്രസ്തുത കെട്ടിടം ഒറ്റപ്പെട്ട പ്രദേശത്തായതിനാൽ അവിടെ പുതിയ കെട്ടിടങ്ങൾ വരികയും കൂടുതൽ കച്ചവട സാധ്യതകൾ ഉണ്ടാവുകയും ചെയ്താൽ മാത്രമേ പ്രസ്തുത മുറികൾ ഏറ്റെടുക്കാൻ സാധ്യതയുള്ളുവെന്നും നിലവിലെ സാഹചര്യത്തിൽ ഒന്നാം നില ഫിഷ് മാർക്കറ്റായി ഉപയോഗിക്കാൻ സാധിക്കില്ലെന്നും താഴത്തെ നിലയിൽ കച്ചവടം നന്നായി നടക്കുന്നുണ്ടെന്നും ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. കൂടാതെ റോഡരികിലെ കച്ചവടം മുനിസിപ്പാലിറ്റി തടയാറുണ്ടെന്നും അവിടെ മറ്റൊരു മാർക്കറ്റ് പുതുതായി നിർമ്മിക്കുന്നുണ്ടെന്നും 8 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഗവൺമെന്റ് സാങ്ഷൻ ലഭിച്ചിട്ടുണ്ടെന്നും ഫെഡറൽ ബാങ്കിൽ നിന്നും 5 കോടി രൂപ ലോൺ എടുക്കാൻ തീരുമാനിച്ചെങ്കിലും ബാങ്ക് അതിൽ നിന്നും പിന്മാറിയതിനാൽ KRDC-യിൽ നിന്നും ലോണെടുത്ത് കെട്ടിടം നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും പ്രസ്തുത കെട്ടിടം യാഥാർത്ഥ്യമാകുന്നതോടെ മാർക്കറ്റ് കുറച്ചുകൂടി വികസിക്കുമെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

**219.** വഴിയോര മത്സ്യക്കച്ചവടക്കാർ കെട്ടിടത്തിന്റെ മുൻവശത്ത് കച്ചവടം ചെയ്യുന്നതുകൊണ്ടാണ് ഒന്നാമത്തെ നിലയിലെ മുറികൾ ആരും ഏറ്റെടുക്കാത്തത് എന്ന പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, റിപ്പോർട്ടിലെ പരാമർശം ശരിയല്ലെന്നും വഴിയോരക്കച്ചവടക്കാരെ മാറ്റുകയും മത്സ്യം നശിപ്പിച്ചുകളയുകയും ചെയ്യുന്നുണ്ടെന്നും എന്നാൽ പ്രശ്നം ഇവയല്ലെന്നും പ്രസ്തുത കെട്ടിടം പുഴയോട് ചേർന്നുള്ള ഒറ്റപ്പെട്ട കെട്ടിടമാണെന്നും ഇത്രയും ദൂരം നടന്നുവന്ന് ഒന്നാം നിലയിൽ നിന്നും മത്സ്യം വാങ്ങാൻ ആരും തയ്യാറാകാത്തതുകൊണ്ടാണ് മുറികൾ കച്ചവടക്കാർ

ഏറ്റെടുക്കാൻ വിസമ്മതിക്കുന്നതെന്നും ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിന് ഒന്നാം നില മറ്റെന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുവാൻ സാധിക്കില്ലേ എന്നും ഉണക്കമീൻ സ്റ്റോർ ചെയ്യുന്നതിന് പ്രസ്തുത കെട്ടിടം ഉപയോഗിച്ചുകൂടേ എന്നും സമിതി ആരാഞ്ഞതിന് ഫിഷ് മാർക്കറ്റിന് വേണ്ടി കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റി നിർമ്മിച്ച കെട്ടിടമാണിതെന്നും അവരുടെ അനുവാദത്തോടെ മാത്രമേ മറ്റാവശ്യങ്ങൾക്ക് കെട്ടിടം ഉപയോഗിക്കാൻ സാധിക്കുകയുള്ളൂവെന്നും ഉണക്കമീൻ സൂക്ഷിച്ചാൽ അതിലെ ഉപ്പ് കാരണം കെട്ടിടം നശിച്ചുപോകുമെന്നും ഇതിനായി നിലവിൽ മറ്റൊരു കെട്ടിടം ഉണ്ടെന്നും കുടുംബശ്രീയുടെ ഒരു ഷോപ്പിംഗ് മാൾ ആരംഭിച്ചാൽ മുകളിലത്തെ 23 മുറികളും ഉപയോഗപ്രദമാക്കാമെന്നും പുതിയ മാർക്കറ്റ് വരുന്നതോടുകൂടി എല്ലാ മുറികളും ഏറ്റെടുക്കുകയും നല്ല രീതിയിൽ കച്ചവടം നടത്താൻ കഴിയുകയും ചെയ്യുമെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് മുറികൾ ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചതിനുശേഷമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**220. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ മരക്കടവ്, ഇടക്കൊച്ചി ഫിഷ് ലാന്റിംഗ് സെന്ററുകളിൽ വേലിയിറക്ക സമയത്ത് മണ്ണ് അടിയുന്നതുകാരണം വഞ്ചികൾക്ക് അടുക്കാൻ സാധിക്കുന്നില്ലെന്നും പ്രസ്തുത ഫിഷ്‌ലാന്റിംഗ് സെന്ററുകളിൽ മണ്ണ് വന്നടിയാത്ത അവസരങ്ങളിൽ ചെറിയ വഞ്ചികളിൽ മത്സ്യം കൊണ്ടുവരുന്നുണ്ടെന്നുമുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഫിഷ് ലാന്റിംഗ് സെന്ററുകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**221. പാലക്കാട് ജില്ലയിൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ ഉഴവർ ചന്തയ്ക്കായി നിർമ്മിച്ച കെട്ടിടവും സ്ഥലവും ഉപയോഗശൂന്യമായത് സംബന്ധിച്ച**

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

222. മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ ഫിഷ് പ്രോസസിംഗ് സെന്ററിൽ ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചാൽ സെന്ററിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. കേന്ദ്ര സർക്കാരിന്റെ എസ്.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിനും ഫിഷ് പ്രോസസിംഗ് സെന്ററിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

223. പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

224. ആലുവ നഗരസഭയിലെ മത്സ്യമാർക്കറ്റ് കെട്ടിടത്തിലെ ഒന്നാം നിലയിലുള്ള ഒഴിഞ്ഞുകിടക്കുന്ന മുറികൾ ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചതിനുശേഷമുള്ള വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**അശരണർ പെരുകുന്നു; പകൽവീടുകൾ അടഞ്ഞുകിടക്കുന്നു.**

സമൂഹത്തിൽ എണ്ണം കൂടിവരുന്ന വൃദ്ധജനതയുടെ ക്ഷേമം ലക്ഷ്യമിടുന്ന സംരംഭങ്ങളാണ് പകൽവീടുകളും വൃദ്ധസദനങ്ങളും. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വലിയൊരു ശതമാനം പകൽവീടുകളും പ്രവർത്തനമേതുമില്ലാതെ അടഞ്ഞുകിടക്കുന്നതായാണ് ഓഡിറ്റ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങളുടെ തുടർ നടത്തിപ്പിനായി ക്രിയാത്മകമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പരാജയപ്പെടുന്നു. ഓഡിറ്റ് പരിശോധന നടത്തിയ 217 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 2.66 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച

പകൽവീടുകളും വൃദ്ധസദനങ്ങളും സാന്ത്വനകേന്ദ്രങ്ങളുമാണ് നിഷ്ക്രിയാവസ്ഥയിലുള്ളത്. ആവർത്തനചെലവു വരുന്ന സംരംഭങ്ങൾ എന്ന നിലയിൽ, പകൽ വീടുകളുടെ തുടർനടത്തിപ്പ് ഏറ്റെടുക്കുവാൻ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിമുഖത കാട്ടുന്നു.

പകൽ വീടുകളും വൃദ്ധ സദനങ്ങളും പ്രവർത്തനമില്ലാതെ നിഷ്ക്രിയമായതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് 2007-08, 2008-09 വർഷങ്ങളിലായി 4,05,949/-രൂപ ചെലവിട്ട് നിർമ്മിച്ച വൃദ്ധസദനം നാളിതുവരെ പ്രവർത്തനക്ഷമമായില്ല.

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സെന്ററിനു സമീപം ജില്ലാപഞ്ചായത്തു നിർമ്മിച്ചു നൽകിയ പകൽവീട് പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുകയാണ്. 2009-10 ൽ 5 ലക്ഷം രൂപ ചെലവിലാണ് പകൽവീട് നിർമ്മിച്ചത്.

കോട്ടയം നഗരസഭ 2010-11 മുതൽ 2012-13 വരെ 22,08,393/-രൂപ ചെലവഴിച്ച് പകൽവീട് നിർമ്മിക്കുകയും 2,28,490/-രൂപയുടെ ഫർണിച്ചർ വാങ്ങുകയും ചെയ്തു. 03.03.2014-ൽ കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തിയെങ്കിലും നാളിതുവരെ വൃദ്ധജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടില്ല.

എറണാകുളം ജില്ലയിലെ വെങ്ങോല ഗ്രാമപഞ്ചായത്ത് 2009-10 ൽ പണികഴിപ്പിച്ച വൃദ്ധസദനം പ്രവർത്തനമാരംഭിച്ചിട്ടില്ല. 5,79,990/- രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം കാടുകയറിക്കിടക്കുകയാണ്. മുക്കന്നൂർ ഗ്രാമപഞ്ചായത്ത് 2011-12-ൽ നിർമ്മാണം തുടങ്ങിയ വൃദ്ധ-വികലാംഗ മന്ദിരം ഇതുവരെ പണി പൂർത്തിയായില്ല. 10,84,903/- രൂപ ചെലവഴിച്ചുവെങ്കിലും കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പോലും പൂർത്തിയായില്ല. മണീട് ഗ്രാമപഞ്ചായത്ത് 3,06,385/-രൂപ ചെലവഴിച്ച പോത്തോളി അംബേദ്കർ കോളനി പകൽവീട് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് 2010-11 ൽ പണിതീർത്ത പകൽവീട് പ്രവർത്തിക്കുന്നില്ല. നിർമ്മാണത്തിനായി 4,27,658/-രൂപ ചെലവഴിച്ച കെട്ടിടത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഇല്ല.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2006-07 ൽ നിർമ്മാണമാരംഭിച്ച വനിതാ വൃദ്ധസദനം രണ്ടാം നിലയുടെ കോൺക്രീറ്റിംഗ് വരെ പൂർത്തിയായ നിലയിലാണ്. 72,12,987/-രൂപ ചെലവഴിച്ച ഈ കെട്ടിടം നിലവിൽ കാടുപിടിച്ച കിടക്കുകയാണ്.

2012-13-ൽ 16,98,885/-രൂപയ്ക്ക് നിർമ്മിച്ച ചുള്ളിക്കലിലെ പകൽവീട് ഉപയോഗമില്ലാത്ത നിലയിലാണ്. ചെലവന്നൂരുള്ള പകൽവീട് പൂട്ടിയിട്ടിരിക്കുകയാണ് 2013-14 ൽ 18,02,013/- രൂപ ചെലവഴിച്ചാണ് ഈ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് 2010-11 ൽ 15 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച ചാമപറമ്പിലെ വൃദ്ധവിശ്രമകേന്ദ്രം ശരിയായി പ്രവർത്തിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്ത് 2003-04 മുതൽ 2012-13 വരെ 12,25,092/- രൂപ ചെലവിട്ട വൃദ്ധസദനം ഉപയോഗിക്കാതെ അടച്ചിട്ട നിലയിലാണ്. കണ്ണൂർ നഗരസഭ 2014-ൽ നിർമ്മിച്ച വൃദ്ധസദനവും പ്രവർത്തിക്കുന്നില്ല. 6.50 ലക്ഷം രൂപയാണ് ഇതിനായി ചെലവിട്ടത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.10)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

### പത്തനംതിട്ട ജില്ല

### ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

**225.** 2007-08, 2008-09 വർഷങ്ങളിലായി 4,05,949/-രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ വൃദ്ധസദനത്തിനായി നിർമ്മിച്ച കെട്ടിടം നിലവിൽ ഹോമിയോ ഡിസ്പെൻസറിയായി പ്രവർത്തിക്കുകയാണെന്നും വൃദ്ധസദനത്തിനായി വാങ്ങിയ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസിലും ഡിസ്പെൻസറിയിലും ഉപയോഗിക്കുന്നുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് നിലവിൽ പ്രസ്തുത കെട്ടിടത്തിൽ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ടെന്ന സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുന്നതായി അറിയിച്ചു.

### ആലപ്പുഴ ജില്ല
### ഹരിപ്പാട് ഗ്രാമപഞ്ചായത്ത്

**226.** 2009-10 ൽ അഞ്ച് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പകൽ വീട് പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുകയാണെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവിൽ ജില്ലാപഞ്ചായത്ത് നിർമ്മിച്ച കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണെന്നും പ്രസ്തുത കെട്ടിടത്തിൽ ഇലക്ട്രിസിറ്റിയോ വാട്ടർ കണക്ഷനോ ഉണ്ടായിരുന്നില്ലെന്നും ടി പഞ്ചായത്ത് മുനിസിപ്പാലിറ്റി ആയി മാറിയപ്പോൾ ആസ്തി കൈമാറിയിട്ടില്ലെന്ന കാരണത്താൽ ഒരു പ്രവർത്തനവും നടന്നിട്ടില്ലെന്നും 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കെട്ടിടത്തിന് നമ്പർ നൽകി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും ഇലക്ട്രിസിറ്റി കണക്ഷൻ ലഭിച്ച പ്രസ്തുത കെട്ടിടം നിലവിൽ ഹരിപ്പാട് നഗരസഭ 9-ാം വാർഡിലെ അങ്കണവാടി കെട്ടിടം പൊളിഞ്ഞു പോയതിനെത്തുടർന്ന് അങ്കണവാടിയായും വയോമിത്രത്തിന്റെ ഓഫീസായും പ്രവർത്തിച്ചുവരുന്നെന്നും ആയത് താൽക്കാലികമായി മാത്രം പ്രവർത്തിക്കുന്നതാണെന്നും പ്രസ്തുത കെട്ടിടത്തിന് പ്ലംബിംഗ് വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും ഹരിപ്പാട് നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**227.** അങ്കണവാടി മാറ്റുമ്പോൾ കെട്ടിടം പകൽ വീടായി പ്രവർത്തിപ്പിക്കാൻ കഴിയുമോയെന്നും പകൽവീട് ആരംഭിച്ചാൽ ആളുകൾ വരുമോ എന്നും സമിതി ആരാഞ്ഞതിന് നഗരസഭാ കൗൺസിലിൽ പ്രസ്തുത വിഷയം അവതരിപ്പിച്ചപ്പോൾ കെട്ടിടം പകൽ വീടാക്കാമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും നിലവിൽ വയോമിത്രത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നതിനാൽ ആവശ്യമായ സൗകര്യങ്ങൾ ചെയ്യുന്നുണ്ടെന്നും പകൽ വീട് ആരംഭിച്ചാൽ ആളുകൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

### കോട്ടയം ജില്ല
### കോട്ടയം നഗരസഭ

**228.** 2010-11 മുതൽ 2012-13 വരെയുള്ള കാലയളവിൽ 22,08,393/-രൂപ ചെലവഴിച്ച് പകൽവീട് നിർമ്മിക്കുകയും 2,28,490/-രൂപയുടെ ഫർണിച്ചർ

വാങ്ങുകയും 03.03.2014-ൽ ഉദ്ഘാടനം നടത്തിയെങ്കിലും നാളിതുവരെ വൃദ്ധജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടില്ല എന്നുമുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് പകൽവീട് നിലവിൽ പ്രവർത്തനക്ഷമമാണെന്നും ഇൻഡ്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 23.05.2015-ൽ കരാറുണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ 08.06.2015-ന് താക്കോൽ കൈമാറുകയും ആ സൊസൈറ്റിയാണ് ഇപ്പോൾ ഇത് പ്രവർത്തിപ്പിക്കുന്നതെന്നും കോട്ടയം നഗരസഭ സെക്രട്ടറി മറുപടി നൽകിയതിനെത്തുടർന്ന് പ്രസ്തുത കെട്ടിടത്തിൽ അന്തേവാസികളെ കാണാൻ കഴിഞ്ഞില്ലെന്നും അവിടെ കരാട്ടെ ക്ലാസും യോഗാ ക്ലാസും നടത്തുന്നുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ രജിസ്റ്റർ പ്രകാരം നിലവിൽ 19 പേരുണ്ടെന്നും നേരിട്ട് പരിശോധന നടത്തിയപ്പോൾ അഞ്ച് ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും പല ഘട്ടങ്ങളിലായി വന്നവരെക്കുറിച്ചാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും പകൽവീട് നിലവിൽ റെഡ്ക്രോസ് സൊസൈറ്റി ഏറ്റെടുത്ത് അവിടെ കരാട്ടെ ക്ലാസ്സും യോഗാക്ലാസ്സും നടത്തുന്നുണ്ടെന്നും ചെറിയ തുക ഫീസ് ഈടാക്കിക്കൊണ്ടാണ് ക്ലാസ്സുകൾ നടത്തുന്നതെന്നും അന്തേവാസികൾക്കുള്ള ലഘുഭക്ഷണവും മറ്റും അവരാണ് നൽകുന്നതെന്നും കെട്ടിടത്തിന്റെ മൂന്നാംനില ഹാൾ യോഗാ പരിശീലനത്തിനും കരാട്ടെ ക്ലാസ്സിനും നൽകാമെന്ന് കരാറിൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

**229.** കെട്ടിടവും സൗകര്യങ്ങളും കൊടുത്ത് നഗരസഭ റെഡ്ക്രോസ് സൊസൈറ്റിക്ക് വരുമാനമുണ്ടാക്കിക്കൊടുക്കുകയാണോ ചെയ്യുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, ചാരിറ്റി പ്രവർത്തനം നടത്താനാണ് റെഡ്ക്രോസ് സൊസൈറ്റി മുന്നോട്ടുവന്നതെന്നും നഗരസഭാ കൗൺസിൽ അംഗീകരിക്കുകയും അവരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തതെന്നും കോട്ടയം നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് സെക്രട്ടറിയോട് പ്രസ്തുത സ്ഥലം സന്ദർശിച്ച് പകൽവീടിന്റെ പ്രവർത്തനം മനസ്സിലാക്കി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

## എറണാകുളം ജില്ല

### വെങ്ങോല ഗ്രാമപഞ്ചായത്ത്

230. 5,79,990/-രൂപ ചെലവഴിച്ച് 2009-10-ൽ നിർമ്മിച്ച വൃദ്ധസദനത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പെരിയാർ വാലി ഇറിഗേഷൻ പദ്ധതി പ്രദേശത്താണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചതെന്നും പ്രസ്തുത സ്ഥലം പഞ്ചായത്തിന് വിട്ടുകിട്ടാത്തതിനാലാണ് പകൽ വീടിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതെന്നും കെട്ടിട നിർമ്മാണത്തിനായി പെരിയാർ വാലി പദ്ധതി അധികൃതരിൽ നിന്നും അനുമതി ചോദിച്ച് കത്ത് നൽകിയിരുന്നുവെന്നും ടി കെട്ടിടം അവരുടെ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കില്ലെന്നും പഞ്ചായത്തിന് സ്ഥലം വിട്ടുകിട്ടാത്തത് ഫോളോ അപ് ഇല്ലാത്തതിനാലാണെന്നും വെങ്ങോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുടർന്ന് ബന്ധപ്പെട്ട എം.എൽ.എ., മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവരുമായി ആലോചിച്ച് 15 ദിവസത്തിനകം പ്രസ്തുത വിഷയത്തിന്മേൽ തീരുമാനമെടുത്ത് അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### മുക്കന്നൂർ ഗ്രാമപഞ്ചായത്ത്

231. 10,84,903/-രൂപ ചെലവഴിച്ച് 2011-12-ൽ നിർമ്മാണമാരംഭിച്ച വൃദ്ധ വികലാംഗ മന്ദിരം ഉപയോഗിക്കാത്തതുസംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് 2012-13-ൽ അടിത്തറ കെട്ടിയെങ്കിലും ഫണ്ടില്ലാത്തതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 2 വർഷത്തേക്ക് തടസ്സപ്പെട്ടുവെന്നും 2016-ൽ വീണ്ടും പ്രവൃത്തി ആരംഭിക്കുകയും 2018 ഒക്ടോബറിൽ പൂർത്തിയാക്കുകയും ചെയ്തുവെന്നും നിലവിൽ വൈദ്യുതീകരിക്കുന്നതിനായി എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും മുക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

232. പകൽ വീട്ടിൽ താമസിക്കാൻ ആളുകൾ ഉണ്ടോയെന്നും ഈ സാമ്പത്തിക വർഷം അത് പ്രവർത്തിപ്പിക്കാൻ സാധിക്കുമോ എന്നും സമിതി ആരാഞ്ഞപ്പോൾ പകൽ വീടിനോടൊപ്പം ബഡ്സ് റീഹാബിലിറ്റേഷൻ

സെന്ററിനുകൂടി പ്രവർത്തിക്കാൻ സൗകര്യമുള്ളതിനാൽ ആളുകളെ കിട്ടുന്നുണ്ടെന്നും വൈദ്യുതീകരണം 2018 നവംബർ മാസത്തോടെ പൂർത്തിയാകുമെന്നും 2019 മാർച്ച് മാസത്തോടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മുക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന് സെക്രട്ടറിയുടെ ഉറപ്പ് സമിതി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത ഉറപ്പ് നടപ്പിലാക്കേണ്ട ഉത്തരവാദിത്വം സെക്രട്ടറിയുടേതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

### മണീട് ഗ്രാമപഞ്ചായത്ത്

233. 3,06,385/-രൂപ ചെലവഴിച്ച് നിർമ്മിച്ച പോത്തോളി അംബേദ്കർ കോളനി പകൽ വീടിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായോ എന്നും താമസത്തിന് ആളുകൾ എത്തുന്നുണ്ടോയെന്നും സമിതി ആരാഞ്ഞപ്പോൾ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി 09.11.2018-ന് കെട്ടിടം ഉദ്ഘാടനം ചെയ്തതായും നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതായും മണീട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

### പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്

234. 2010-11 കാലയളവിൽ 4,27,658/-രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിൽ പകൽ വീട് പ്രവർത്തനക്ഷമമാണോ എന്ന് സമിതി ചോദിച്ചതിന് ആയുർവ്വേദ ആശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയെ തുടർന്ന് ആശുപത്രി താൽക്കാലികമായി പകൽ വീട് കെട്ടിടത്തിലേയ്ക്ക് മാറ്റിയിരിക്കുകയാണെന്നും ആശുപത്രി കെട്ടിടത്തിന്റെ വൈദ്യുതീകരണ നടപടിക്കായുള്ള അപേക്ഷ നൽകിയിരിക്കുകയാണെന്നും പ്രളയം കാരണം പഞ്ചായത്ത് ഓഫീസിലെയും കെ.എസ്.ഇ.ബി.യിലെയും രേഖകൾ നശിച്ചുപോയതിനാലാണ് പ്രവൃത്തിയിൽ കാലതാമസം നേരിട്ടതെന്നും ആയുർവ്വേദ ആശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റിയാലുടൻ തന്നെ പകൽവീട് പ്രവർത്തനക്ഷമമാക്കുന്നതാണെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

### കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

235. 2006-07-ൽ 72,12,987/-രൂപ ചെലവഴിച്ച് നിർമ്മിച്ച തേവരയിലെ വനിതാ വൃദ്ധസദനം കാടുപിടിച്ച് കിടക്കുകയാണെന്ന ഓഡിറ്റ് പരാമർശം

സംബന്ധിച്ചും ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത സ്ഥാപനം നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ 44 അന്തേവാസികൾ ഉണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

**236.** 2012-13-ൽ 16,98,885/-രൂപ ചെലവഴിച്ച് നിർമ്മിച്ച ചുള്ളിക്കലിലെ പകൽ വീട് നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തനക്ഷമമാണെന്നും ഹെൽപ്പേജ് ഇന്ത്യയുമായി സഹകരിച്ചാണ് ടി സ്ഥാപനം പ്രവർത്തിക്കുന്നതെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചതിന്, ഇത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകാത്തതെന്തെന്ന് സമിതി ചോദിച്ചു. ആയതിന് മറുപടിയായി ഒരു വർഷം മുമ്പ് ആദ്യത്തെ റിപ്പോർട്ട് നൽകിയിരുന്നുവെന്നും തൽസ്ഥിതി റിപ്പോർട്ട് നിലവിൽ നൽകിയിട്ടില്ലെന്നും അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

**237.** 2013-14 കാലയളവിൽ 18,02,013/-രൂപ ചെലവഴിച്ച് നിർമ്മിച്ച ചെലവന്നൂർ പ്കൽ വീടിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ നിലവിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്നും വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാക്കി 2019 മാർച്ച് 31-ന് മുമ്പ് പ്രവർത്തനമാരംഭിക്കുമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ചെലവന്നൂരിനോട് ചേർന്നുള്ള അങ്കണവാടിയുടെ പ്രവർത്തനം സംബന്ധിച്ച് സമിതി ചോദിച്ചതിന് ആയത് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

**പാലക്കാട് ജില്ല**

**വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്**

**238.** 2010-11-ൽ 15 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ചാമപ്പറമ്പിലെ വൃദ്ധവിശ്രമ കേന്ദ്രം നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് സമിതി ആരാഞ്ഞതിന് സാമൂഹ്യനീതി വകുപ്പിന്റെ സായം പ്രഭ പദ്ധതി പ്രകാരം 16.06.2018 മുതൽ

60 വയസ്സ് കഴിഞ്ഞ 20 പേരോളം അവിടെ വിശ്രമത്തിനായി വരുന്നുണ്ടെന്നും നിലവിൽ നല്ല രീതിയിൽ വിശ്രമകേന്ദ്രം പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ യോഗ പരിശീലനവും നടത്തിവരുന്നുണ്ടെന്നും വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. തുടർന്ന് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

**മയ്യിൽ ഗ്രാമപഞ്ചായത്ത്**

**239.** വൃദ്ധസദനത്തിന് വേണ്ടി നിർമ്മിച്ച കെട്ടിടം നിലവിൽ അങ്കണവാടിക്കായി ഉപയോഗിക്കുന്നതെന്തുകൊണ്ടാണെന്നും പ്രസ്തുത സ്ഥലത്ത് കുട്ടികളെ എത്തിക്കുന്നത് എങ്ങനെയാണെന്നും സമിതി ആരാഞ്ഞതിന്, വൃദ്ധർക്ക് പ്രസ്തുത കെട്ടിടത്തിലേയ്ക്ക് എത്തിച്ചേരുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് അങ്കണവാടിക്കായി ഉപയോഗിച്ചതെന്നും നിലവിൽ ഓട്ടോറിക്ഷയിലാണ് അങ്കണവാടിയിൽ കുട്ടികളെ എത്തിക്കുന്നതെന്നും മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് നല്ലരീതിയിലുള്ള സംഘാടകർ ഉണ്ടെങ്കിൽ വൃദ്ധസദനം പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

**കണ്ണൂർ നഗരസഭ**

**240.** താളിക്കാവിലെ വൃദ്ധസദനം നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന സമിതി ചോദ്യത്തിന് പ്രസ്തുത വൃദ്ധസദനം നിലവിൽ സായംപ്രഭ ഹോം ആയി പ്രവർത്തിച്ചു വരികയാണെന്ന് കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

**നിഗമനങ്ങൾ/ശിപാർശകൾ**

**241. ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ വൃദ്ധസദനത്തിനായി നിർമ്മിച്ച കെട്ടിടവും അനുബന്ധ ഉപകരണങ്ങളും ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**242. ഹരിപ്പാട് ഗ്രാമപഞ്ചായത്തിലെ പകൽവീടിനായി നിർമ്മിച്ച കെട്ടിടം സംബന്ധിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

243. കോട്ടയം നഗരസഭയിൽ പകൽവീടിനായി നിർമ്മിച്ച കെട്ടിടവും ഫർണിച്ചറും റെഡ്ക്രോസ് സൊസൈറ്റി പകൽ വീട് ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയാണെന്നുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി . പ്രസ്തുത സ്ഥലം സന്ദർശിച്ച് പകൽവീടിന്റെ പ്രവർത്തനം വിലയിരുത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

244. വെങ്ങോല ഗ്രാമപഞ്ചായത്ത് പെരിയാർവാലി ഇറിഗേഷൻ പദ്ധതി പ്രദേശത്ത് നിർമ്മിച്ച വൃദ്ധസദനത്തിന്റെ കെട്ടിടം പഞ്ചായത്തിന് വിട്ടു കിട്ടാത്തതിനാലാണ് പകൽ വീടിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ വൃദ്ധസദനത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ബന്ധപ്പെട്ട എം.എൽ.എ, മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവരുമായി ആലോചിച്ച് 15 ദിവസത്തിനകം പ്രസ്തുത വിഷയത്തിന്മേൽ തീരുമാനമെടുത്ത് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

245. മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ വൃദ്ധ-വികലാംഗമന്ദിരം 2019 മാർച്ച് മാസത്തോടെ പ്രവർത്തനം ആരംഭിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത വൃദ്ധ-വികലാംഗ മന്ദിരം പ്രവർത്തനം ആരംഭിച്ചോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

246. മണീട് ഗ്രാമപഞ്ചായത്തിലെ പോത്തോളി അംബേദ്കർ കോളനി പകൽവീട് നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

247. പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ പകൽവീടിനായി നിർമ്മിച്ച കെട്ടിടത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ആയുർവേദാശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റിയാലുടൻ തന്നെ പകൽവീട് പ്രവർത്തനക്ഷമമാക്കു ന്നതാണെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

248. തേവരയിലെ വനിതാവൃദ്ധസദനം നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

249. ചുള്ളിക്കലിലെ പകൽവീട് നിലവിൽ പ്രവർത്തനക്ഷമമാണെന്ന് കൊച്ചി മുനിസിപ്പൽ സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത പകൽ വീടിന്റെ തൽസ്ഥിതി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

250. ചെലവന്നൂർ പകൽ വീടിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാക്കി 2019 മാർച്ച് 31 ന് മുമ്പ് പകൽ വീട് പ്രവർത്തനം ആരംഭിക്കുമെന്ന് കൊച്ചി നഗരസഭാ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പകൽ വീട് പ്രവർത്തനം ആരംഭിച്ചോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

251. വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ചാമപറമ്പിൽ നിർമ്മിച്ച വൃദ്ധവിശ്രമകേന്ദ്രം നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

252. മയ്യിൽ ഗ്രാമപഞ്ചായത്തിൽ വൃദ്ധസദനത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ എത്തിച്ചേരുന്നതിന് വൃദ്ധർക്ക് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാലാണ് പ്രസ്തുത കെട്ടിടം അങ്കണവാടിക്കായി ഉപയോഗിക്കുന്നതെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ വൃദ്ധർക്ക് പ്രസ്തുത സ്ഥലത്തേക്ക് എത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ച് വൃദ്ധസദനം പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

253. കണ്ണൂർ നഗരസഭയിലെ താളിക്കാവിലെ വൃദ്ധസദനം നിലവിൽ സായംപ്രഭ ഹോം ആയി പ്രവർത്തിച്ചുവരികയാണെന്ന് നഗരസഭ സെക്രട്ടറി മറുപടി നൽകിയ സാഹചര്യത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഭവനപദ്ധതികൾ നടപ്പായില്ല; 3.37 കോടി രൂപയുടെ ആസ്തികൾ നിഷ്ക്രിയം.**

കോടിക്കണക്കിന് രൂപ ചെലവിട്ടിട്ടും ലക്ഷ്യം കൈവരിക്കാത്ത ഭവനപദ്ധതികൾ പലതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ട്. ശാസ്ത്രീയമായും ദീർഘ വീക്ഷണത്തോടെയുള്ളതുമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇത്തരം പദ്ധതികൾ വിജയിപ്പിക്കാനാകൂ. ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഭവനനിർമ്മാണ, അനുബന്ധ പദ്ധതികൾ നിഷ്ക്രിയാസ്തികളായി തുടരുന്നതിന്റെ ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

കാസർഗോഡ് നഗരസഭ ആവിഷ്കരിച്ച അണങ്കൂർ എസ്.സി. ഫ്ളാറ്റ് പദ്ധതിയിൽ നിർമ്മിച്ച ഫ്ളാറ്റുകൾ താമസയോഗ്യമല്ല. 58,12,983/- രൂപയാണ് ഈ പദ്ധതിക്കായി 2011-12, 2012-13 വർഷങ്ങളിൽ ചെലവിട്ടിട്ടുള്ളത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.11)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**കാസർഗോഡ് ജില്ല**

**കാസർഗോഡ് നഗരസഭ**

254. അണങ്കൂരിൽ എസ്.സി. ഫ്ലാറ്റു പദ്ധതിയിൽ നിർമ്മിച്ച ഫ്ലാറ്റുകൾ നിലവിൽ ഉപയോഗിക്കുന്നുണ്ടോ എന്ന സമിതി ചോദ്യത്തിന് പ്രസ്തുത ഫ്ലാറ്റുകൾ നിലവിൽ ഉപയോഗിക്കുന്നുണ്ടെന്നും ഒഴിഞ്ഞുകിടക്കുന്ന രണ്ട് ഫ്ലാറ്റുകൾ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും കാസർഗോഡ് മുൻസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**255. കാസർഗോഡ് നഗരസഭയിലെ അണങ്കൂരിൽ എസ്.സി. ഫ്ളാറ്റ് പദ്ധതിയിൽ നിർമ്മിച്ച ഫ്ളാറ്റുകൾ നിലവിൽ ഉപയോഗിക്കുന്നുണ്ടെന്നും ഒഴിഞ്ഞുകിടക്കുന്ന രണ്ട് ഫ്ളാറ്റുകൾ കൈമാറുന്നതിനുള്ള നടപടി**

**സ്വീകരിച്ചുവരികയാണെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അറവുശാലകൾ നിഷ്ക്രിയ ആസ്തിയായി മാറുന്നു**

പുതിയ അറവുശാലകൾ സ്ഥാപിക്കുവാനും നിലവിലുള്ളവ നവീകരിക്കാനുമായി വൻതുകകളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവിടുന്നത്. എന്നാൽ പല കാരണങ്ങളാൽ അറവുശാലകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നതിനാൽ ഈ മേഖലയിൽ നടത്തിയിട്ടുള്ള കോടിക്കണക്കിന് രൂപയുടെ നിർമ്മാണങ്ങൾ നിഷ്ക്രിയമായി മാറുകയാണ്. പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ അറവുശാല സ്ഥാപിക്കൽ, നവീകരണം, യന്ത്രവൽക്കരണം എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ളതിൽ 2.63 കോടി രൂപയുടെ ആസ്തികൾ നിഷ്ക്രിയമായതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു;

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് 2001-02 മുതൽ 2011-12 വരെ 23,27,543/-രൂപയാണ് അറവുശാലക്കായി ചെലവഴിച്ചിട്ടുള്ളത്. എന്നാൽ 2011 മാർച്ച് മുതൽ അറവുശാല പ്രവർത്തനമില്ലാതെ അടച്ചു പൂട്ടിയ നിലയിലാണ്.

ചേർത്തല നഗരസഭ 2007-ൽ നിർമ്മിച്ച അറവുശാല പ്രവർത്തനരഹിതമാണ്. 4,00,000/- രൂപയാണ് ഇതിനായി ചെലവഴിച്ചത്.

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്ത് 2009-10-ൽ നിർമ്മാണമാരംഭിച്ച ആധുനിക അറവുശാലയുടെ നിർമ്മാണം പൂർത്തിയായില്ല. 29,68,612/-രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞ അറവുശാലയിൽ കട്ടിംഗ് മെഷീൻ ഉൾപ്പെടെയുള്ളവ ഇനിയും സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ച യന്ത്രങ്ങൾ തുരുമ്പെടുത്ത നിലയിലാണ്. കെട്ടിടം കാടുപിടിച്ചു കിടക്കുന്നു. മീനച്ചിൽ ഗ്രാമപഞ്ചായത്ത് പൈകയിൽ നിർമ്മിച്ച മാർക്കറ്റും അറവുശാലയും കോടതി വ്യവഹാരങ്ങളിൽപ്പെട്ട് പ്രവർത്തനമില്ലാത്ത നിലയിലാണ്. 2011-ൽ 13,79,107/-രൂപയാണ് പദ്ധതിക്കായി ചെലവിട്ടത്.

കോട്ടയം നഗരസഭ 2010-11 ൽ ആസൂത്രണം ചെയ്ത ആധുനിക അറവുശാല കെട്ടിടനിർമ്മാണം പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 44,12,177/-രൂപ ഈ പദ്ധതിക്കായി ചെലവിട്ടുകഴിഞ്ഞു.

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭ 2000-ൽ വാങ്ങിയ ആധുനിക അറവുയന്ത്രങ്ങൾ ഉപയോഗിക്കാതെ പൂർണ്ണമായും നശിച്ച നിലയിലാണ്. 4,36,253/-രൂപയാണ് ഇതിനായി ചെലവിട്ടത്.

പാലക്കാട് നഗരസഭ 1,00,86,896/-രൂപ ചെലവഴിച്ച അറവുശാല പരിഷ്ക്കരണ പദ്ധതി ലക്ഷ്യത്തിലെത്തിയില്ല. 1999 മുതൽ 2003 വരെയാണ് പ്രവൃത്തികൾ നടത്തിയത്. നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട് ഉപകരണങ്ങൾ ഉപയോഗശൂന്യമായ നിലയിലാണ് അറവുശാല.

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്ത് 2008-09-ൽ 2,46,128/-രൂപ ചെലവഴിച്ച് നിർമ്മിച്ച അറവുശാല ഉപയോഗിക്കാതെ നാശോന്മുഖമായ നിലയിലാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 4.1.12)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**ആലപ്പുഴ ജില്ല**
**കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്**

**256.** 2001-02 മുതൽ 2011-12 വരെ 23,27,543/- രൂപ ചെലവഴിച്ച് നിർമ്മിച്ച അറവുശാലയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന് നിലവിൽ അറവുശാല പ്രവർത്തിക്കുന്നില്ലെന്നും അറവുശാല നടത്തുന്നതിനെതിരെ നിരവധി പരാതികൾ നിലവിലുണ്ടെന്നും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ (എം.ആർ.എഫ്.സി.) സ്ഥാപിക്കുന്നതിന് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിന്റെ അനുമതിയ്ക്കായി കത്ത് നൽകിയിട്ടുള്ളത് സർക്കാർ പരിഗണനയിലാണെന്നും കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

257. അറവുശാല ആരംഭിച്ചപ്പോൾ പരാതികൾ ഉണ്ടായിരുന്നില്ലേ എന്നും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് സർക്കാരിലേയ്ക്ക് നൽകിയ കത്തിന്മേൽ തീരുമാനമായോ എന്നും സമിതി ആരാഞ്ഞതിന് തുടക്കത്തിൽ പരാതികൾ ഉണ്ടായിരുന്നില്ലെന്നും 2010-11-ൽ പ്രവർത്തനമാരംഭിച്ച അറവുശാല ഒരു വർഷം മാത്രമാണ് പ്രവർത്തിച്ചതെന്നും അറവുശാല ശാസ്ത്രീയമായി നിർമ്മിച്ചിട്ടില്ലാത്തതിനാൽ പലതരത്തിലുള്ള ബുദ്ധിമുട്ടുകളും പരാതികളും ഉണ്ടായെന്നും സർക്കാരിലേയ്ക്ക് നൽകിയ കത്തിൽ തീരുമാനമായിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. നിലവിലുള്ള അറവുശാലകൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചാൽ ഒരു കാലഘട്ടത്തിൽ അറവുശാല ആവശ്യമായി വന്നാൽ എവിടെ നിർമ്മിക്കും എന്നതാണ് പ്രശ്നമെന്ന് സമിതി നിരീക്ഷിക്കുകയും അറവുശാല സംബന്ധിച്ച ഉപകരണങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് ആരായുകയുമുണ്ടായി. നിലവിൽ അറവുശാലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ അവിടെയില്ലെന്നും കെട്ടിടം മാത്രമേ ഉള്ളൂവെന്നും കായംകുളം മുനിസിപ്പാലിറ്റിയുമായി ചേർന്നുള്ള സ്ഥലമായതിനാൽ നഗരസഭയുടെ അറവുശാല പഞ്ചായത്തിന് പ്രയോജനപ്പെടുത്താനാവുമെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സമിതി നിർദ്ദേശിച്ചു.

**ചേർത്തല നഗരസഭ**

258. 4,00,000/-രൂപ ചെലവഴിച്ച് 2007-ൽ നിർമ്മിച്ച അറവുശാല പ്രവർത്തനരഹിതമാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ചും പ്രസ്തുത സ്ഥലത്ത് എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നതിനെക്കുറിച്ചും സമിതി ആരാഞ്ഞതിന്, അറവുശാല ഇനി പ്രവർത്തിപ്പിക്കാൻ കഴിയില്ലെന്നും അറവ് മാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളും ഉൾപ്പെടെ ബയോ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റത്തിനായി പുതിയൊരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും സ്ഥലപരിമിതിമൂലം ശുചിത്വ മിഷന്റെ മാർഗ്ഗ രേഖകളിൽ ഉൾപ്പെട്ട ലെയിറേജ് ഷെഡ്, ഖരമാലിന്യ സംസ്കരണം, ബുച്ചേഴ്സ് റൂം, ടോയ്‌ലറ്റ്, സ്റ്റോറേജ് റൂം, സൂപ്പർവൈസറി സ്റ്റാഫ് റൂം എന്നിവയുണ്ടാകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ പുതിയ സ്ഥലം വാങ്ങുന്നതിനായി 35 ലക്ഷം രൂപ

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ചേർത്തല നഗരസഭ സൂപ്രണ്ട് (സെക്രട്ടറി-ഇൻ-ചാർജ്ജ്) സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത തുക ഉപയോഗിച്ച് എത്ര സ്ഥലം വാങ്ങാൻ കഴിയുമെന്നും അറവുശാല ആരംഭിക്കുന്നതിൽ പൊതുജനങ്ങളുടെ എതിർപ്പ് ഉണ്ടോയെന്നും സമിതി ചോദ്യമുന്നയിച്ചതിന് നിലവിലുള്ള സ്ഥലത്തിനുപുറമേ 17 സെന്റ് സ്ഥലം കൂടി ആവശ്യമുണ്ടെന്നും മാർക്കറ്റിന് പുറകിലുള്ള സ്വകാര്യ വ്യക്തിയുടെ സ്ഥലമാണ് വാങ്ങാനുദ്ദേശിക്കുന്നതെന്നും മാർക്കറ്റിന്റെ ഭാഗമായുള്ള അറവുശാലയായതുകൊണ്ട് പൊതുജനങ്ങളുടെ എതിർപ്പ് നാളിതുവരെ ഉണ്ടായിട്ടില്ലെന്നും സൂപ്രണ്ട് (സെക്രട്ടറി-ഇൻ-ചാർജ്ജ്) സമിതിയെ ബോധിപ്പിച്ചു. മാർക്കറ്റ് വേസ്റ്റ് സംസ്കരിക്കുന്നതിനുള്ള പ്രോജക്ട് ആരംഭിക്കുന്നതിൽ പ്രശ്നമില്ലെന്നും എന്നാൽ ബയോമെഡിക്കൽ വേസ്റ്റ് സിസ്റ്റം സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് നിയമപരമായ തടസ്സങ്ങളുണ്ടെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തദവസരത്തിൽ അഭിപ്രായപ്പെട്ടു. ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണം കൂടി പ്രോജക്ടിൽ ഉൾപ്പെടുത്താനുള്ള കാരണമെന്തെന്ന് സമിതി ആരായുകയും ആയതിന് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഇത്തരത്തിലൊരു ചർച്ച വന്നതുകൊണ്ടാണ് പ്രസ്തുത വിഷയം കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചതെന്നും പദ്ധതിക്കായിട്ടുള്ള വിശദമായ പ്രോജക്ട് അടുത്ത സാമ്പത്തിക വർഷത്തിൽ മാത്രമേ തയ്യാറാക്കുകയുള്ളുവെന്നും സൂപ്രണ്ട് (സെക്രട്ടറി-ഇൻ-ചാർജ്ജ്) സമിതിയെ ബോധിപ്പിച്ചു.

**259.** ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ലെന്നും ആശുപത്രികൾ തന്നെ കരാറടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണ് ചെയ്യുന്നതെന്നും നഗരകാര്യ വകുപ്പ് (ജോയിന്റ് ഡയറക്ടർ) അറിയിച്ചതിനെത്തുടർന്ന് നിയമപരമായി ബയോ മെഡിക്കൽ വേസ്റ്റ് ഏറ്റെടുക്കാൻ പാടില്ലെന്ന വസ്തുത വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്താൻ സമിതി നിർദ്ദേശിച്ചു. ഇക്കാര്യം വികസന സ്റ്റാന്റിംഗ് കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്താമെന്ന് നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് ഉറപ്പ് നൽകി.

## കോട്ടയം ജില്ല
## എരുമേലി ഗ്രാമപഞ്ചായത്ത്

**260.** 2009-10-ൽ നിർമ്മാണമാരംഭിച്ച ആധുനിക അറവുശാലയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ചോദ്യമുന്നയിച്ചതിന് അറവുശാലയുടെ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും യാർഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ടെന്നും ശുദ്ധജലം എത്തിക്കുന്നതിനുള്ള പ്രവൃത്തി ചെയ്യേണ്ടതുണ്ടെന്നും 10 ലക്ഷം രൂപയുടെ പ്രോജക്ട് നടപ്പുവർഷം തയ്യാറാക്കിയിട്ടുണ്ടെന്നും എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**261.** 29,68,612/-രൂപ അറവുശാലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവഴിച്ചു കഴിഞ്ഞുവെങ്കിലും കട്ടിംഗ് മെഷീൻ ഉൾപ്പെടെയുള്ളവ ഇനിയും സ്ഥാപിച്ചിട്ടില്ലെന്നും സ്ഥാപിച്ച യന്ത്രങ്ങൾ തുരുമ്പെടുത്ത നിലയിലാണെന്നും കെട്ടിടവും പരിസരവും കാടുപിടിച്ച് കിടക്കുന്നുവെന്നുമുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞപ്പോൾ കാടുപിടിച്ചു കിടന്ന സ്ഥലം വൃത്തിയാക്കിയിട്ടുണ്ടെന്നും കട്ടിംഗ് മെഷീൻ ഇതുവരെ സ്ഥാപിച്ചിട്ടില്ലെന്നും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടെന്നും ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കിയതിന് ശേഷം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ അനുമതിക്കായി അപേക്ഷ നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും കൂടാതെ കേരള ഇലക്ട്രിക്കൽ ആന്റ് അലെയ്ഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെ.ഇ.എൽ) ആണ് പ്രസ്തുത പദ്ധതിയുടെ ഏജൻസിയെന്നും ചുറ്റുമതിൽ കെട്ടുകയും മോട്ടോർ ഘടിപ്പിക്കുക, പ്ലംബിംഗ്, ടാങ്ക് എന്നിവയുടെ പണിയും പൂർത്തിയായാൽ ഇത് ഒരു ആധുനിക അറവുശാലയായി ഈ സാമ്പത്തിക വർഷം തന്നെ പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നും എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**262.** സെക്രട്ടറിമാർ കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമേ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്താൻ സാധിക്കുകയുള്ളൂവെന്നും ഒരു പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ അതിന്റെ തുടക്കവും ഒടുക്കവും എങ്ങനെയാവണമെന്നത് സംബന്ധിച്ച് ഒരു ഐഡിയ ഉണ്ടായിരിക്കണമെന്നും കെട്ടിടം പണിയുന്നതോടൊപ്പം

തന്നെ വൈദ്യുതി, വെള്ളം എന്നിവയുടെ കണക്ഷന് അപേക്ഷ നൽകണമെന്നും തെരഞ്ഞെടുക്കപ്പെട്ടുവരുന്ന ഒരു പഞ്ചായത്ത് അംഗത്തിന് ഇക്കാര്യങ്ങൾ അറിയണമെന്നില്ലെന്നും സെക്രട്ടറിമാരാണ് നിയമപരമായി തടസ്സമുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് പ്രശ്നം പരിഹരിക്കേണ്ടതെന്നും പഞ്ചായത്ത് കമ്മിറ്റിയെ കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കി ഫലപ്രദമായ പ്രവർത്തനം കാഴ്ച വയ്ക്കുവാൻ സഹായിക്കേണ്ടതെന്നും സെക്രട്ടറിമാർ കർശനമായി പ്രവർത്തിച്ചാൽ ഓഡിറ്റിന്റെ പല പരാമർശങ്ങളും ഒഴിവാക്കാൻ കഴിയുന്നതാണെന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത കെട്ടിടത്തിന്റെ പണി മൂന്നുമാസത്തിനകം പൂർത്തീകരിച്ച് അറവുശാല പ്രവർത്തനമാരംഭിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സെക്രട്ടറിയുടെ വ്യക്തിപരമായ ഉത്തരവാദിത്തമായി കണ്ട് സമിതിക്ക് നൽകിയിരിക്കുന്ന ഉറപ്പ് പാലിക്കണമെന്നും നിർദ്ദേശിച്ചു.

### മീനച്ചിൽ ഗ്രാമപഞ്ചായത്ത്

**263.** പൈകയിൽ 13,79,107/-രൂപ ചെലവഴിച്ച് നിർമ്മിച്ച മാർക്കറ്റിന്റെയും അറവുശാലയുടെയും നിലവിലെ സ്ഥിതിയെന്തെന്ന് സമിതി ആരാഞ്ഞതിന് അറവുശാലയുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന കേസ് തീർപ്പായിട്ടുണ്ടെന്നും ബയോഗ്യാസ് പ്ലാന്റിന്റെ എസ്റ്റിമേറ്റ് ശുചിത്വമിഷന് നൽകിയിട്ടുണ്ടെന്നും അത് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നും സെക്രട്ടറി മറുപടി നൽകി.

**264.** അറവുശാലയുടെ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ, വെള്ളം, വൈദ്യുതി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ ഇല്ല എന്ന ഓഡിറ്റ് വകുപ്പിന്റെ പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് വെള്ളം ലഭ്യമാക്കുന്നതിന് ടാങ്ക് സ്ഥാപിച്ചിട്ടുണ്ടെന്നും മാലിന്യ സംസ്കരണ പ്ലാന്റ് പുനരുദ്ധാരണ അവസ്ഥയിലാണെന്നും റിവോൾവിംഗ് ഫണ്ടുപയോഗിച്ച് വൈദ്യുതി കണക്ഷനും മറ്റ് അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തുക ചെലവഴിക്കുന്നതിന് മുമ്പ് ഇനി എന്തൊക്കെയാണ് വേണ്ടത് എന്നത് സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തി ഒരു മാസത്തിനകം പഞ്ചായത്ത് ഡയറക്ടർക്ക്

റിപ്പോർട്ട് സമർപ്പിക്കണമെന്നും നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ ഗൗരവം ഉൾക്കൊണ്ട് എത്രയുംവേഗം മാർക്കറ്റിന്റെയും അറവുശാലയുടെയും പ്രവർത്തനം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**കോട്ടയം നഗരസഭ**

**265.** 44,12,177/-രൂപ ചെലവഴിച്ച് 2010-11 കാലയളവിൽ നിർമ്മാണമാരംഭിച്ച ആധുനിക അറവുശാല കെട്ടിട നിർമ്മാണം പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് അറവുശാലയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരികയാണെന്നും കെട്ടിടത്തിന്റെ സിവിൽ വർക്കുകളും ഇലക്ട്രിക്കൽ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ടെന്നും കശാപ്പിനുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്ന ജോലിയാണ് ബാക്കിയുള്ളതെന്നും ആദ്യം ടെണ്ടർ ചെയ്തപ്പോൾ ആരും പങ്കെടുത്തില്ലെന്നും അതുകൊണ്ട് റീ ടെണ്ടർ ചെയ്തിട്ടുണ്ടെന്നും കശാപ്പിനുള്ള യന്ത്രസാമഗ്രികൾ കൂടി സ്ഥാപിച്ചാൽ അത് കമ്മീഷൻ ചെയ്യാനാകുമെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**266.** അറവുശാലയുടെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ എന്നും ബയോഗ്യാസ് പ്ലാന്റിന്റെ നിലവിലെ അവസ്ഥയെന്തെന്നും സമിതി ആരാഞ്ഞതിന് അറവുശാലയോടനുബന്ധിച്ച് എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൂടി സ്ഥാപിക്കാനുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി വാങ്ങിയിട്ടുണ്ടെന്നും നിലവിൽ രണ്ട് ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനരഹിതമാണെന്നും ഒരു ഏജൻസിയെ ഇതിന്റെ പ്രവർത്തനത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും "Consent to Establish" എന്ന അനുമതിയാണ് വാങ്ങിയിട്ടുള്ളതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചതിനെ തുടർന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ച് എല്ലാ പ്രവൃത്തിയും പൂർത്തീകരിച്ചതിനുശേഷം മാത്രമേ Consent to Establish, Consent to Operate എന്നിവ പൊല്യൂഷൻ കൺട്രോൾ ബോർഡ് നൽകുകയുള്ളുവെന്നും നഗരകാര്യ വകുപ്പ്

ഡയറക്ടർ അറിയിച്ചു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് 2019 മാർച്ച് 31-നകം പൂർത്തീകരിക്കാൻ കഴിയുമെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് പണി നടന്നുകൊണ്ടിരിക്കുന്നതിനാൽ അത്രയും സമയം ആവശ്യമാണോയെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ ചോദ്യമുന്നയിച്ചതിന് എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും 2017-18-ലെ പ്ലാൻ ഫണ്ടിലാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും സി.എം.ഡി. എന്ന സ്ഥാപനമാണ് ഡി.പി.ആർ. തയ്യാറാക്കുന്നതെന്നും സെക്രട്ടറി മറുപടി നൽകി. തുടർന്ന് പരമാവധി ആറ് മാസത്തിനകം എല്ലാ അനുമതിയും വാങ്ങി പ്രസ്തുത ആധുനിക അറവുശാലയുടെ പ്രവർത്തനം ആരംഭിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

### പെരുമ്പാവൂർ നഗരസഭ

267. 4,36,253/-രൂപ ചെലവഴിച്ച് 2000-ൽ വാങ്ങിയ ആധുനിക അറവുയന്ത്രങ്ങൾ ഉപയോഗിക്കാതെ നശിച്ച നിലയിലാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചപ്പോൾ അറവുശാലയിൽ ആധുനിക രീതിയിലുള്ള മെഷിനറികളായിരുന്നു സ്ഥാപിച്ചിരുന്നതെന്നും പരമ്പരാഗത രീതികൾ ശീലിച്ച തൊഴിലാളികൾ പ്രസ്തുത മെഷിനറികൾ ഉപയോഗിക്കാത്തതിനാൽ അവ തുരുമ്പെടുക്കുകയും ശരിയായ പഠനം നടത്താതെ മെഷിനറി സ്ഥാപിച്ചതിന്റെ ബാദ്ധ്യത കൗൺസിലിന് നിശ്ചയിച്ച് കൊടുക്കുകയും ചെയ്തതായും കൗൺസിലർമാരുടെയും സെക്രട്ടറിമാരുടെയും പക്കൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ നോട്ടീസ് കൊടുത്തപ്പോൾ അവർ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരിക്കുകയാണെന്നും നഗരസഭയ്ക്കു വേണ്ടി വാദിക്കുന്ന അതേ വക്കീൽ തന്നെയാണ് പ്രസ്തുത കേസും വാദിക്കുന്നതെന്നും പെരുമ്പാവൂർ മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് ഗവൺമെന്റ് ഇതു സംബന്ധിച്ച് കേസ് നടത്തുന്നുണ്ടോയെന്ന് സമിതി ആരായുകയും ആയത് നടത്തുന്നില്ലെന്ന് അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകുകയും ചെയ്തു.

268. അറവുശാല നിലവിൽ ഗോഡൗണായി പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അറവുശാല പ്രവർത്തനരഹിതമായതു കാരണം കെട്ടിടത്തിന്റെ ഒരു ഭാഗം വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്നും വാടകയിനത്തിൽ 17,500/- രൂപ ലഭിക്കുന്നുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. അറവുശാലയിലെ ഉപകരണങ്ങൾ ഇരുമ്പു വിലയ്ക്ക് വിൽക്കുന്നതിന് കൗൺസിലുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാൻ സമിതി നിർദ്ദേശിച്ചു.

**പാലക്കാട് നഗരസഭ**

269. 1,00,86,896/-രൂപ ചെലവഴിച്ച് 1999 മുതൽ 2003 വരെ പ്രവൃത്തികൾ നടത്തിയ അറവുശാല പരിഷ്കരണ പദ്ധതി ലക്ഷ്യത്തിലെത്തിയില്ലെന്നും നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട് ഉപകരണങ്ങൾ ഉപയോഗശൂന്യമായ നിലയിലാണ് എന്നുമുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് അറവുശാല നിർമ്മാണത്തിനായി 1999-2001 വർഷത്തിൽ മെ.സീൽക്ക്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് 88,94,336/-രൂപ നൽകിയിട്ടുണ്ടായിരുന്നുവെന്നും 20,62,413/-രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു പോയതിനെത്തുടർന്ന് നഗരസഭ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും പ്രസ്തുത സ്ഥാപനം 25 ലക്ഷം രൂപ അടവാക്കുകയും ചെയ്തിട്ടുണ്ടെന്നും ബാക്കി തിരികെ ലഭിക്കാനുള്ള തുകയായ 43,32,773/- രൂപയും പലിശയും ഉൾപ്പെട്ട തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ പെൻഡിംഗിലാണെന്നും പാലക്കാട് നഗരസഭ സൂപ്രണ്ട് സമിതിയെ ബോധിപ്പിച്ചു.

270. റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട തുടർനടപടികൾ എന്തായി എന്നും ഫോളോ അപ് നടത്തിയിട്ടുണ്ടോ എന്നും പ്രസ്തുത സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുകയല്ലേ എന്നും ആ സ്ഥലം നഗരസഭയുടെ തന്നെയാണോ എന്നും സമിതി ആരാഞ്ഞപ്പോൾ ഫോളോ അപ്പ് നടത്തിയിട്ടില്ലെന്നും ഒരേക്കർ സ്ഥലം നഗരസഭയുടേതാണെന്നും ബാക്കിയുള്ള 3 ഏക്കർ സ്ഥലം ജയിൽ, സൈനികക്ഷേമം എന്നിങ്ങനെയുള്ള വകുപ്പുകളുടേതാണെന്നും പാലക്കാട് മുനിസിപ്പാലിറ്റി സൂപ്രണ്ട് സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞപ്പോൾ ശുചിത്വമിഷന്റെ നേതൃത്വത്തിൽ പുതിയ

ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും നഗരസഭയുടെ കൈവശമുള്ള ഒരേക്കർ സ്ഥലം ഉൾപ്പെടുത്തിയാണ് പ്ലാൻ തയ്യാറാക്കിയിരിക്കുന്നതെന്നും പാലക്കാട് നഗരസഭ സൂപ്രണ്ട് അറിയിച്ചതിന് പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുകയും ആയത് സമർപ്പിക്കാമെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിക്കുകയും ചെയ്തു.

## കണ്ണൂർ ജില്ല

### കൊളച്ചേരി ഗ്രാമപഞ്ചായത്ത്

**271.** അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടം പണിതതിനുശേഷം ടി കെട്ടിടത്തിന്റെ നാല് ഭാഗത്തുനിന്നും മണ്ണ് നീക്കം ചെയ്തതുസംബന്ധിച്ചും അവിടെ റോഡ് നിർമ്മിച്ചതുസംബന്ധിച്ചും സമിതി ആരാഞ്ഞപ്പോൾ 2008-09 സാമ്പത്തിക വർഷത്തിൽ 2.5 സെന്റ് സ്ഥലത്താണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചതെന്നും അതിന് ശേഷമാണ് റോഡ് നിർമ്മിക്കപ്പെട്ടതെന്നും കെട്ടിടത്തിന്റെ രണ്ട് ഭാഗത്തെ മണ്ണ് നീക്കം ചെയ്തത് സ്വകാര്യ വ്യക്തികളാണെന്നും കെട്ടിടത്തിനു ചുറ്റും റീറ്റെയിനിംഗ് വാൾ നിർമ്മിച്ചാൽ മാത്രമേ കെട്ടിടം ഉപയോഗിക്കാൻ സാധിക്കുകയുള്ളൂവെന്നും കൊളച്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**272.** പ്രസ്തുത കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുകയില്ലേ എന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്ത് നിർദ്ദേശപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത കെട്ടിടം പുനരുദ്ധരിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെന്നും നാല് വശവും ഭിത്തികെട്ടി കെട്ടിടം സുരക്ഷിതമാക്കുന്നതിന് ഏകദേശം 20 ലക്ഷം രൂപ ചെലവ് വരുമെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും കൊളച്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**273.** സർക്കാരിന് സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പ്രസ്തുത കെട്ടിടം എങ്ങനെ ഉപയോഗപ്രദമാക്കാമെന്നത് സംബന്ധിച്ച് പഞ്ചായത്ത് അടിയന്തരമായി ഒരു പ്രൊപ്പോസൽ സമർപ്പിക്കണമെന്നും ആയത് പരിശോധിച്ച് പ്രായോഗികമാണെന്ന നിഗമനത്തിലെത്തിച്ചേർന്നാൽ നടപ്പിലാക്കുന്നതിനുള്ള തീരുമാനമെടുക്കണമെന്നും

അല്ലാത്തപക്ഷം സർക്കാരിനുണ്ടായ നഷ്ടം തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. പ്രസ്തുത വിഷയം പഞ്ചായത്ത് ഭരണ സമിതിയിൽ അവതരിപ്പിച്ച് ചർച്ച നടത്തി തീരുമാനമെടുത്ത് സമിതിയെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**274. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടത്തിൽ എം.ആർ.എഫ്. സെന്റർ സ്ഥാപിക്കുന്നതിന് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ടി കെട്ടിടം നിൽക്കുന്ന സ്ഥലം കായംകുളം മുനിസിപ്പാലിറ്റിയുമായി ചേർന്നുള്ള സ്ഥലമായതിനാൽ നഗരസഭയുടെ അറവുശാല പഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതുമാണെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**275. ചേർത്തല നഗരസഭയിലെ അറവുമാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളും ഉൾപ്പെടെയുള്ള ബയോവേസ്റ്റ് സംസ്കരിക്കുന്നതിന് പുതിയ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി ഇൻ-ചാർജ്ജിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബയോമെഡിക്കൽവേസ്റ്റ് സംസ്കരണം ഏറ്റെടുക്കാൻ പാടില്ലെന്നും ആശുപത്രികൾ തന്നെ മാലിന്യ സംസ്കരണത്തിനായി കരാറടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണ് ചെയ്യുന്നതെന്നുമുള്ള നഗരകാര്യ ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ബയോവേസ്റ്റ് മാലിന്യങ്ങൾ ഏറ്റെടുക്കാൻ പാടില്ലെന്ന വസ്തുത വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**276. എരുമേലി ഗ്രാമപഞ്ചായത്തിലെ അറവുശാലയ്ക്കായുള്ള കെട്ടിടത്തിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് അറവുശാല പ്രവർത്തനമാരംഭിച്ച് ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

277. മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ പൈകയിൽ നിർമ്മിച്ച മാർക്കറ്റും അറവുശാലയും പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് തുക ചെലവഴിക്കുന്നതിനുമുൻപ് ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്തണമെന്നും അറവ്ശാലയുടെയും മാർക്കറ്റിന്റെയും പ്രവർത്തനം എത്രയും വേഗം ആരംഭിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

278. കോട്ടയം നഗരസഭയിലെ അറവുശാലയുടെ നിർമ്മാണം പരമാവധി ആറ് മാസത്തിനകം എല്ലാ അനുമതിയും വാങ്ങി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

279. പെരുമ്പാവൂർ നഗരസഭയിലെ അറവുശാല നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും കെട്ടിടത്തിന്റെ ഒരു ഭാഗം വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അറവുശാലയിലെ ഉപകരണങ്ങൾ ഇരുമ്പുവിലയ്ക്ക് വിൽക്കുന്നതിന് മുനിസിപ്പൽ കൗൺസിലുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

280. പാലക്കാട് നഗരസഭയിലെ അറവുശാല പരിഷ്ക്കരണ പദ്ധതികൾ ലക്ഷ്യത്തിലെത്താത്തതിനെത്തുടർന്നുള്ള റവന്യൂ റിക്കവറി നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

281. കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടം സർക്കാരിന് സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് അടിയന്തരമായി ഒരു പ്രൊപ്പോസൽ സമർപ്പിക്കണമെന്നും ആയത് പരിശോധിച്ച് പ്രായോഗികമാണെന്ന് കണ്ടെത്തിയാൽ നടപ്പിലാക്കുന്നതിനുള്ള തീരുമാനമെടുക്കണമെന്നും അല്ലാത്തപക്ഷം സർക്കാരിനുണ്ടായ നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കാർഷികോപകരണങ്ങൾ ഉപയോഗശൂന്യം**
**തുരുമ്പെടുക്കുന്നത് കോടികളുടെ ആസ്തികൾ**

വിവിധ കാർഷിക പദ്ധതികളിൽപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള പല കാർഷികോപകരണങ്ങളും ശരിയായ വിധത്തിൽ ഉപയോഗിക്കാതെ നശിക്കുന്ന അവസ്ഥയുണ്ട്. കാർഷിക ഉപകരണങ്ങളുടെ ശരിയായ പ്രവർത്തനമോ മേൽനോട്ടമോ ഉറപ്പുവരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. വിവിധ പ്രദേശങ്ങൾക്ക് അനുയോജ്യമല്ലാത്ത കാർഷികോപകരണങ്ങൾ വാങ്ങിയതിനാൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിയ കാർഷിക ഉപകരണങ്ങൾ ഉപയോഗമില്ലാതെ നിഷ്ക്രിയമായതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു;

ആലപ്പുഴ ജില്ലയിലെ എഴുപുന്ന ഗ്രാമപഞ്ചായത്ത് 2011-12 ൽ 2,87,736/-രൂപ ചെലവിട്ട് 20 എച്ച്.പി. മോട്ടോർ, പറ, പെട്ടി എന്നിവ വാങ്ങിയെങ്കിലും ഇതുവരെ ഉപയോഗിച്ചിട്ടില്ല.

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് 1998-99-ൽ 13,95,000/- രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്ത്-മെതി യന്ത്രം ഉപയോഗമില്ലാതെ തുരുമ്പെടുത്തു നശിക്കുന്നു.

മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും 22,25,000/-രൂപ ചെലവഴിച്ച് റെയ്ഡ്കോയിൽ നിന്നും വാങ്ങിയ കൊയ്ത്ത്-മെതി യന്ത്രം 02.08.09 ൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറി. യന്ത്രം 2009-10, 2010-11 വർഷങ്ങളിൽ ഉപയോഗിച്ചതു സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ ലോഗ് ബുക്കിൽ നടത്തിയിട്ടില്ല. 08.04.11 മുതലാണ് ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഉള്ളത്. ഓരോ വർഷവും ചുരുങ്ങിയ കാലയളവിൽ മാത്രമാണ് പാടശേഖരസമിതികൾ യന്ത്രം പ്രയോജനപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 26.04.13 മുതൽ യന്ത്രം ബ്ലോക്ക് പഞ്ചായത്തോഫീസ് കെട്ടിടത്തിനു സമീപമുള്ള ഷെഡിൽ ഉപേക്ഷിച്ച നിലയിലാണ്.

മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് എസ്.സി.പി. ഫണ്ടുപയോഗിച്ച് 2010-11 ൽ വാങ്ങിയ നടീൽ യന്ത്രവും ഉപയോഗരഹിതമാണ്. 2,35,697/- രൂപയായിരുന്നു ചെലവ്.

കോട്ടയം നഗരസഭ 2009-10, 2010-11 പദ്ധതികളിലായി തുക വകയിരുത്തി വാങ്ങിയ കൊയ്ത്ത്മെതി യന്ത്രം കേടായത് നന്നാക്കാതെ ഉപേക്ഷിച്ച നിലയിലാണ്. 43,30,000/- രൂപ ചെലവഴിച്ച് വാങ്ങിയ യന്ത്രമാണിത്.

എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭ 1,65,789/-രൂപ മുടക്കി 2010-11, 2011-12 ൽ വാങ്ങിയ 6 കാടുവെട്ട് യന്ത്രങ്ങൾ ഉപയോഗിക്കാതെ നശിക്കുകയാണ്.

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് 2008-09 ൽ തൊഴിൽസേനക്കായി വാങ്ങിയ കാർഷിക യന്ത്രങ്ങൾ ഉപയോഗമില്ലാതെ വിവിധയിടങ്ങളിൽ സൂക്ഷിച്ചിരിക്കുകയാണ്. 5 ലക്ഷം രൂപ ചെലവിട്ടാണ് യന്ത്രങ്ങൾ വാങ്ങിയത്. കുഴൽമന്ദം ഗ്രാമപഞ്ചായത്ത് 2007-08 ൽ 18,50,000/-രൂപ ചെലവഴിച്ചും കൊടുവായൂർ ഗ്രാമപഞ്ചായത്ത് 2008-09 ൽ 20,99,415/-രൂപ മുടക്കിയും വാങ്ങിയ കമ്പൈൻഡ് ഹാർവെസ്റ്ററുകൾ ഉപയോഗിക്കാതെ നിഷ്ക്രിയാസ്തികളായി മാറിയിരിക്കുകയാണ്.

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് 4,55,970/-രൂപ ചെലവഴിച്ച് വാങ്ങിയ ട്രാൻസ്പ്ലാന്റർ നാളിതുവരെ പ്രവർത്തിപ്പിക്കാത്ത നിലയിലാണ്. 2012-13 ൽ കോട്ടായി ഗ്രാമപഞ്ചായത്തിനാണ് ട്രാൻസ്പ്ലാന്റർ വാങ്ങി നൽകിയത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.13)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

### ആലപ്പുഴ ജില്ല
### എഴുപുന്ന ഗ്രാമപഞ്ചായത്ത്

**282.** 2011-12 ൽ 2,87,736/-രൂപ ചെലവഴിച്ച് 20 എച്ച്.പി. മോട്ടോർ, പറ, പെട്ടി എന്നിവ വാങ്ങിയെങ്കിലും ഇതുവരെ ഉപയോഗിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2011-12 ൽ ആലുങ്കൽ പാടശേഖര സമിതിക്കാണ് ഇവ നൽകിയിരുന്നതെന്നും മോട്ടോർ ഷെഡ് നിർമ്മിക്കാത്തതിനാലും നെൽകൃഷി ചെയ്യാൻ ബുദ്ധിമുട്ടാണ് എന്ന് അറിയിച്ചതിനെത്തുടർന്നും 2 വർഷം മുൻപ്

പ്രസ്തുത ഉപകരണങ്ങൾ തോട്ടപ്പള്ളി പാടശേഖര സമിതിക്ക് കൈമാറിയിട്ടുണ്ടെന്നും പെട്ടിയുടെ തകരാർ കാരണം കരയ്ക്ക് കയറ്റി വച്ചിരിക്കുകയായിരുന്നു എന്നും നിലവിൽ പ്രസ്തുത ഉപകരണങ്ങൾ നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും എഴുപുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഗൗരവമായി ചർച്ച ചെയ്യുന്ന വിഷയമാണിതെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് കൃത്യവും വ്യക്തവുമായ മറുപടി നൽകണമെന്നും സമിതി കർശന നിർദ്ദേശം നൽകിയപ്പോൾ, ആലുങ്കൽ പാടശേഖര സമിതിക്കാണ് നേരത്തെ നൽകിയിരുന്നതെങ്കിലും അവർ അത് പ്രവർത്തിപ്പിക്കാത്തതിനാലാണ് ഇപ്പോൾ തോട്ടപ്പള്ളി പാടശേഖര സമിതിക്ക് നൽകിയതെന്നും മെയിന്റനൻസിനു വേണ്ടി നിർത്തിവച്ചിരുന്നുവെങ്കിലും നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് സമിതിയെ അറിയിച്ചു.

**ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**283.** 1998-99-ൽ 13,95,000/-രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്ത് മെതി യന്ത്രം ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ എന്നും ഉപയോഗിക്കാത്തതിന്റെ കാരണമെന്തെന്നും സമിതി ആരാഞ്ഞതിന് 4 വർഷത്തോളം ഉപയോഗിച്ചിരുന്ന പ്രസ്തുത യന്ത്രം അതിനുശേഷം ഉപയോഗശൂന്യമായെന്നും ആയതിനാൽ ഗ്യാരേജിൽ സൂക്ഷിച്ചിരിക്കുകയാണെന്നും നിലവിൽ പ്രവർത്തനക്ഷമമല്ലെന്നും 4 വർഷം ഭരണിക്കാവ് ബ്ലോക്കിൽ ഉപയോഗിച്ചശേഷം ഒരു സീസൺ മുഴുവൻ തൃശ്ശൂരിൽ കൊണ്ടുപോയി അവിടെ ഉപയോഗിച്ചുവെന്നും സെക്രട്ടറി മറുപടി നൽകി. തുടർന്ന് പ്രസ്തുത യന്ത്രം തൃശ്ശൂരിലേയ്ക്ക് കൊണ്ടുപോയത് എങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് എ.ഡി.ഒ. ഇംപ്ലിമെന്റ് ചെയ്ത പ്രോജക്ടാണ് ഇതെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്കാണ് പ്രസ്തുത യന്ത്രം കൈമാറിയിരുന്നതെന്നും കൃഷി ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ലീസിന് കൊണ്ടുപോവുകയാണ് ചെയ്തതെന്നും കേടായ നിലയിലാണ് യന്ത്രം തിരികെ കൊണ്ടുവന്നതെന്നും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**284.** പല സ്ഥലങ്ങളിലും കാർഷികോപകരണങ്ങൾ ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്ന സ്ഥിതിവിശേഷമുണ്ടെന്ന് നിരീക്ഷിച്ച സമിതി ഇത് സംബന്ധിച്ച്

കൃഷി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തണമെന്നും തെളിവെടുപ്പിനായി ഉദ്യോഗസ്ഥരെ വിളിക്കുമ്പോൾ സംസ്ഥാനമൊട്ടാകെ എവിടെയെല്ലാം ഇത്തരത്തിൽ കാർഷികോപകരണങ്ങൾ പ്രവർത്തനരഹിതമായി സൂക്ഷിച്ചിട്ടുണ്ടെന്നും അവ എത്രയെണ്ണമാണെന്നുമുള്ള വിശദവിവരം സമിതിയ്ക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചതിന് ഒരു മാസത്തിനുള്ളിൽ പ്രസ്തുത വിഷയം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. തുടർന്ന് പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിന് ശേഷം കാർഷികോപകരണങ്ങൾ ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ തെളിവെടുപ്പ് നടത്തുന്നതായിരിക്കുമെന്ന് സമിതി അറിയിച്ചു.

**285.** 23.10.2019 ലെ യോഗത്തിൽ സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് തെളിവെടുപ്പ് നടത്തുകയുണ്ടായി. 1998-99 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കൊയ്ത്ത് മെതി യന്ത്രം വാങ്ങുകയും അത് എ.ഡി.എ.യെ ചുമതലപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന് നൽകുകയും ചെയ്തിരുന്നുവെന്നും 8 വർഷത്തോളം പ്രവർത്തിച്ചിരുന്ന പ്രസ്തുത യന്ത്രം ഏകദേശം 6,34,134/-രൂപ വരുമാനം ലഭ്യമാക്കുകയുണ്ടായെന്നും അതിൽ നിന്നും 4,92,585/-രൂപ ഇൻഷ്വറൻസ് തുക ഇനത്തിൽ ഉപയോഗിച്ചതായും ലാഭം കിട്ടിയ 1,26,011/-രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയതായും ഭരണിക്കാവ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തദവസരത്തിൽ സമിതിയെ അറിയിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത യന്ത്രം 2007-ൽ തകരാറിലായതായും റിപ്പയർ ചെയ്യുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവല്ലയ്ക്ക് കത്ത് നൽകിയതിനെത്തുടർന്ന് ടി സ്ഥാപനം 7,14,420/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയുണ്ടായെന്നും ടി എസ്റ്റിമേറ്റ് പ്രകാരം മാവേലിക്കര പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് മെക്കാനിക്കൽ എഞ്ചിനീയർ മെഷീൻ പരിശോധിച്ചതായും ആയത് റിപ്പയർ ചെയ്ത് പ്രവർത്തിപ്പിക്കുന്നത് ലാഭകരമല്ലെന്നും ലേലം ചെയ്ത് വിൽക്കുന്നതാണ് ഉചിതമെന്ന് അറിയിക്കുകയുണ്ടായെന്നും എന്നാൽ ടി യന്ത്രത്തിന്റെ തുടർ പ്രവർത്തനം ലാഭകരമല്ലെന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ സാധിക്കില്ലെന്നും ടിയാൻ അറിയിച്ചതായും എന്നാൽ P.W.D-യിൽ നിന്നും സർട്ടിഫിക്കറ്റ് നൽകാമെന്ന്

അറിയിച്ചതിനെത്തുടർന്ന് രണ്ട് തവണ നിവേദനം നൽകുകയുണ്ടായെന്നും ടിയാൻ തുടർന്നറിയിച്ചു.

### മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്

**286.** 22,25,000/-രൂപ ചെലവഴിച്ച് റെയ്ഡ്കോയിൽ നിന്നും വാങ്ങിയ കൊയ്ത്ത് മെതി യന്ത്രവും 2,35,697/-രൂപ ചെലവഴിച്ച് വാങ്ങിയ നടീൽ യന്ത്രവും പ്രവർത്തിക്കുന്നുണ്ടോ എന്നും യന്ത്രങ്ങൾ എത്രനാൾ പ്രവർത്തിച്ചു എന്നും സമിതി ചോദ്യമുന്നയിച്ചതിന് നിലവിൽ യന്ത്രങ്ങൾ പ്രവർത്തനരഹിതമാണെന്നും റെയ്ഡ്കോ വിതരണം ചെയ്ത പ്രസ്തുത യന്ത്രങ്ങൾ പട്ടികജാതി ഗ്രൂപ്പിന് നൽകുന്നതിലേയ്ക്കായി വാങ്ങിയതാണെന്നും അത്തരത്തിൽ ഒരു ഗ്രൂപ്പ് ഇല്ലാത്തതിനാൽ പ്രസ്തുത യന്ത്രങ്ങൾ ആർക്കും തന്നെ വിതരണം ചെയ്തിട്ടില്ലെന്നും യന്ത്രങ്ങൾ ഇന്നേവരെ പ്രവർത്തിപ്പിച്ചിട്ടില്ലെന്നും മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. സമിതിയെ ബോധിപ്പിച്ചു. റെയ്ഡ്കോയുടെ എഞ്ചിനീയറിംഗ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്തുകൾ റെയ്ഡ്കോയെ കാര്യങ്ങൾ അറിയിക്കുന്നില്ലെന്നാണ് അവർ അറിയിച്ചിരിക്കുന്നതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചതിനെത്തുടർന്ന് ഉപയോഗശൂന്യമായി കിടക്കുന്ന കൊയ്ത്ത് മെതി യന്ത്രങ്ങളുടെ കണക്ക് ലഭിച്ചതിന് ശേഷം നടത്തുന്ന തെളിവെടുപ്പിന് റെയ്ഡ്കോയെ കൂടി വിളിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**287.** 23.10.2019-ന് മേൽ വിഷയം സംബന്ധിച്ച് നടത്തിയ തെളിവെടുപ്പ് യോഗത്തിൽ കൊയ്ത്ത് മെതി യന്ത്രം എപ്പോഴാണ് വാങ്ങിയതെന്നും പ്രസ്തുത യന്ത്രങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും സമിതി ആരാഞ്ഞതിന് 2008-2009 കാലയളവിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കൊയ്ത്ത് മെതി യന്ത്രം വാങ്ങിയതെന്നും 10 വർഷം വരെ യന്ത്രം വാടകയ്ക്ക് നൽകിയിരുന്നതായും ഏകദേശം 5 വർഷക്കാലം ഒരു പാടശേഖര സമിതിയ്ക്കാണ് തുടർച്ചയായി വാടകയ്ക്ക് നൽകിയിരുന്നതെന്നും വാടകക്കാരൻ ടി യന്ത്രം തിരികെ ഏൽപ്പിക്കുമ്പോൾ അത് പ്രവർത്തനക്ഷമമായിരുന്നില്ലെന്നും പ്രവർത്തന ക്ഷമമാക്കുന്നതിന് ടിയാന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും റെയ്ഡ്കോ കേരള

ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി. കൊയ്ത്ത് മെതി യന്ത്രത്തിന്റെ പാർട്ട്സുകൾ മാറിയതുകൊണ്ടാണ് നിലവിൽ ടി യന്ത്രം പ്രവർത്തിപ്പിക്കാൻ സാധിക്കാതെ ബ്ലോക്ക് പഞ്ചായത്തിൽത്തന്നെ സൂക്ഷിക്കേണ്ടി വന്നതെന്നും വാടകക്കാർ യന്ത്രം സർവ്വീസ് ചെയ്ത് തിരികെ ഏൽപ്പിക്കണമെന്നാണ് എഗ്രിമെന്റ് എന്നും യന്ത്രം റിപ്പയർ ചെയ്യുന്നതിന് ഏകദേശം 6 ലക്ഷത്തോളം രൂപ വേണ്ടി വരുമെന്ന് കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക പാടശേഖര സമിതിയിൽ നിന്നും ഈടാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും ഗ്രാമവികസന വകുപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സമിതിയെ തുടർന്നറിയിച്ചു. കൂടാതെ എസ്.സി.പി. ഫണ്ടുപയോഗിച്ച് 2010-11 ൽ വാങ്ങിയ നടീൽ യന്ത്രം വാങ്ങിയ നാൾ മുതൽ ഉപയോഗിച്ചിട്ടില്ലെന്നും എസ്.സി. വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങൾ ഇല്ലാത്തതുകൊണ്ടാണ് ടി യന്ത്രം ഉപയോഗിക്കാൻ കഴിയാത്തതെന്നും നിലവിൽ യന്ത്രം പ്രവർത്തനക്ഷമമല്ലെന്നും ടിയാൻ സമിതിയെ അറിയിക്കുകയുണ്ടായി.

**288.** നടീൽ യന്ത്രം റിപ്പയർ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാളിതുവരെ കത്തുകളൊന്നും ലഭിച്ചിട്ടില്ല എന്നാണ് റെയ്ഡ്കോ അറിയിച്ചിട്ടുള്ളതെന്നും എന്തെങ്കിലും തകരാർ ഉണ്ടെങ്കിൽ പരിഹരിച്ച് നൽകാമെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. സംഘത്തിൽ സ്ഥലമില്ലെന്ന കാരണത്താൽ യന്ത്രം തിരിച്ചേൽപ്പിച്ചിട്ടും ആയത് ഗൗരവമായി കാണാതിരുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയുണ്ടായി.

## കോട്ടയം ജില്ല
### കോട്ടയം നഗരസഭ

**289.** 2009-10, 2010-11 വർഷങ്ങളിലായി 43,30,000/-രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്ത് മെതി യന്ത്രത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി അന്വേഷിച്ചതിന് നാട്ടകം ഗ്രാമപഞ്ചായത്ത് ആയിരുന്ന സമയത്താണ് പ്രസ്തുത കൊയ്ത്ത് മെതി യന്ത്രം വാങ്ങിയതെന്നും പ്രസ്തുത യന്ത്രം കേടായതിനുശേഷം രണ്ട് മൂന്ന് വർഷം റിപ്പയർ ചെയ്യാതിരുന്നതായും ഇപ്പോൾ അത് റിപ്പയർ ചെയ്യുന്നതിനായി

വൈക്കത്തുള്ള കേരള അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ടെന്നും എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കോട്ടയം നഗരസഭ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**290.** കൊയ്ത്ത് മെതി യന്ത്രം അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡാണോ സപ്ലൈ ചെയ്തതെന്ന സമിതിയുടെ ചോദ്യത്തിന് നാട്ടകം ഗ്രാമപഞ്ചായത്ത് വാങ്ങിയതാണ് ടി യന്ത്രമെന്നും അത് നഗരസഭയോട് കൂട്ടിച്ചേർക്കുകയാണുണ്ടായതെന്നും വിശദാംശങ്ങൾ ഫയൽ കൃത്യമായി പരിശോധിച്ചാൽ മാത്രമേ പറയുവാൻ സാധിക്കുകയുള്ളൂവെന്നും സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് നിയമസഭാ സമിതി മുമ്പാകെ ഫയലുകൾ വിശദമായി പഠിച്ച് കൃത്യമായ മറുപടി പറയുന്നതിന് തയ്യാറായി വേണം ഉദ്യോഗസ്ഥർ ഹാജരാകേണ്ടതെന്നും ഇനി ഇങ്ങനെ ഒരു സംഭവം ഉണ്ടാകരുതെന്നും താക്കീത് ചെയ്ത സമിതി, ടി യന്ത്രം പ്രവർത്തനക്ഷമമാക്കുന്നതിന് നാട്ടകം മേഖലാ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി 01.01.2018-ൽ കത്ത് നല്കിയതു സംബന്ധിച്ച് ആരാഞ്ഞതിന് നാട്ടകം മേഖലാ അസിസ്റ്റന്റ് എഞ്ചിനീയർ നിരന്തരം അഗ്രോ ഇൻഡസ്ട്രീസുമായി ബന്ധപ്പെടുന്നുണ്ടെന്നും സ്പെയർ പാർട്സ് ലഭ്യമല്ലാത്തതിനാലാണ് താമസം നേരിടുന്നതെന്നാണ് അറിയിച്ചിട്ടുള്ളതെന്നും കോട്ടയം നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**291.** പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ഉദ്യോഗസ്ഥരുടേയും യോഗം നടത്തി കൊയ്ത്ത് മെതി യന്ത്രം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത യന്ത്രം പ്രവർത്തനക്ഷമമാക്കി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

### എറണാകുളം ജില്ല
### കോതമംഗലം നഗരസഭ

**292.** 2010-11, 2011-12 കാലയളവിൽ 1,65,789/-രൂപ ചെലവഴിച്ച് വാങ്ങിയ 6 കാട്ടുവെട്ട് യന്ത്രങ്ങളുടെ നിലവിലെ സ്ഥിതിയെക്കുറിച്ചും നഗരസഭയിലെ ഉപയോഗശൂന്യമായ കാട്ടുവെട്ട് യന്ത്രങ്ങൾ ലേലം ചെയ്തു കൂടെയെന്നും സമിതി ആരാഞ്ഞതിന് 8 വർഷത്തോളം ഉപയോഗിച്ചിരുന്ന പ്രസ്തുത യന്ത്രങ്ങൾ നിലവിൽ

പ്രവർത്തനക്ഷമമല്ലെന്നും 08.11.2018-ലെ കൗൺസിൽ മീറ്റിംഗിൽ യന്ത്രങ്ങൾ ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും പത്രത്തിൽ പരസ്യം നൽകുന്നതിനുള്ള ഡ്രാഫ്റ്റ് തയ്യാറാക്കി വരുന്നുണ്ടെന്നും കോതമംഗലം മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ചെറിയ തുകയ്ക്ക് ലേലം ചെയ്യുന്നതിന് പത്രത്തിൽ പരസ്യം നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സമിതി അന്വേഷിച്ചതിന് പരസ്യം നൽകുന്നതിന് ചെലവ് കൂടുതലായിരിക്കുമെന്നും യന്ത്രങ്ങൾ തുരുമ്പെടുക്കുന്നതിന് മുമ്പ് ലേലം ചെയ്യാൻ വകുപ്പുതല നിർദ്ദേശം നൽകിയതിനാലാണ് നിലവിൽ ലേല നടപടികളിലേയ്ക്ക് തിരിഞ്ഞതെന്നും ആയതിന് പത്രത്തിൽ പരസ്യം ചെയ്യേണ്ട ആവശ്യമില്ലെന്നും സ്റ്റേററ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

293. നിലവിൽ കാടുവെട്ടുന്നത് എങ്ങനെയാണെന്നും പുതിയ യന്ത്രങ്ങൾ വാങ്ങിയാണോ കാട് വെട്ടുന്നതെന്നും സമിതി അന്വേഷിച്ചതിന് കുടുംബശ്രീയുടെ കൈവശമുള്ള 3 കാടുവെട്ട് യന്ത്രങ്ങളാണ് നിലവിൽ ഉപയോഗിക്കുന്നതെന്നും നഗരസഭയുടെ കൈവശമുണ്ടായിരുന്ന യന്ത്രങ്ങൾ 2016 വരെ ഉപയോഗിച്ചിട്ടുണ്ടെന്നും നിലവിൽ 2 വർഷമായി ടി യന്ത്രം പ്രവർത്തനരഹിതമാണെന്നും കോതമംഗലം മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

294. നഗരസഭയുടെ കൈവശമുള്ള യന്ത്രങ്ങളുടെ ലേലനടപടികൾ പൂർത്തിയാക്കുന്നതോടൊപ്പം പത്രപ്പരസ്യത്തിന്റെ ആവശ്യകതയെക്കുറിച്ച് ആലോചിക്കണമെന്നും കാടുവെട്ടൽ കുടുംബശ്രീയെ ഏൽപ്പിക്കുകയാണെങ്കിൽ അവർ യന്ത്രങ്ങൾ കൊണ്ടുവന്ന് പ്രവൃത്തി ചെയ്യുമെന്നും നഷ്ടം വരുന്നതാണെങ്കിൽ പത്രപ്പരസ്യത്തിന്റെ ആവശ്യമില്ലെന്നും അഭിപ്രായപ്പെട്ട സമിതി, നഗരസഭയ്ക്ക് നഷ്ടം വരാത്ത രീതിയിൽ വിഷയം കൈകാര്യം ചെയ്യാൻ നിർദ്ദേശിച്ചു.

**പാലക്കാട് ജില്ല**

**തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്**

295. 2008-09-ൽ 5 ലക്ഷം രൂപ ചെലവഴിച്ച് തൊഴിൽ സേനയ്ക്കായി വാങ്ങിയ കാർഷിക യന്ത്രങ്ങൾ ഉപയോഗമില്ലാതെ വിവിധയിടങ്ങളിൽ സൂക്ഷിച്ചിരിക്കുകയാണ്

എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ട്രാക്ടറും മറ്റ് ചെറുകിട സാധനങ്ങളും നിലവിൽ ഉപയോഗിക്കുന്നുണ്ടെന്നും നടീൽ യന്ത്രം നടന്നു കൊയ്യുന്ന യന്ത്രമായതിനാൽ അതിന് ആവശ്യക്കാരില്ലെന്നും ആയത് ഉപയോഗിക്കുന്നില്ലെന്നും പെട്ടി ഓട്ടോറിക്ഷ കേട് സംഭവിച്ചതിനാൽ ഉപയോഗയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)-ന് കത്ത് നൽകിയിട്ടുണ്ടെന്നും തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് സംസ്ഥാനമൊട്ടാകെ ഉപയോഗശൂന്യമായി കൂട്ടിയിട്ടിരിക്കുന്ന കാർഷികോപകരണങ്ങളെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ടി വിഷയം കൂടി ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചതിന് ഉൾപ്പെടുത്താമെന്ന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് ഓഡിറ്റ് വകുപ്പിൽ നിന്ന് ലഭിച്ച സൂക്ഷ്മപരിശോധനാ കുറിപ്പ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

**296.** 23.10.2019-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ടി വിഷയം പരിഗണിച്ചു. 2008-09 കാലയളവിൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് തൊഴിൽ സേനയ്ക്കായി വാങ്ങിയ കാർഷിക യന്ത്രങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ട്രാക്ടർ, നടീൽ യന്ത്രം, പെട്ടി ഓട്ടോറിക്ഷ, മറ്റ് ചെറുകിട സാധനങ്ങൾ എന്നീ കാർഷിക യന്ത്രങ്ങൾ പ്രസ്തുത കാലയളവിൽ ഗ്രാമപഞ്ചായത്ത് വാങ്ങിയതായും അതിൽ തകരാറിലായ പെട്ടി ഓട്ടോറിക്ഷ സമിതിയുടെ നിർദ്ദേശപ്രകാരം പ്രവർത്തനക്ഷമമാക്കി മാലിന്യ ശേഖരണാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും നടീൽ യന്ത്രവും കൊയ്ത്ത് യന്ത്രവും ചെറുതായതിനാൽ അവ ഉപയോഗിക്കാൻ സാധിക്കുകയില്ലെന്നും അവ ലേലം ചെയ്യാനാണ് പഞ്ചായത്ത് തീരുമാനമെന്നും മറ്റുള്ള എല്ലാ യന്ത്രങ്ങളും ഉപയോഗിക്കുന്നുണ്ടെന്നും തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**കുഴൽമന്ദം ഗ്രാമപഞ്ചായത്ത്**

**297.** 2007-08-ൽ 18,50,000/-രൂപ ചെലവഴിച്ച് വാങ്ങിയ കമ്പൈൻഡ് ഹാർവെസ്റ്ററുകൾ ഉപയോഗിക്കാതെ നിഷ്ക്രിയാസ്തിയായി മാറിയിരിക്കുകയാണ് എന്ന പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത യന്ത്രം അവിടത്തെ പാടശേഖരത്തിന് അനുയോജ്യമല്ലാത്തതിനാൽ ഉപയോഗിക്കുന്നില്ലെന്നും കൂടാതെ യന്ത്രം തകരാറിലായതിനാൽ ആയത് പ്രവർത്തനക്ഷമമാക്കാൻ മലമ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സഹായം തേടിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. തുടർന്ന് ഉപയോഗയോഗ്യമല്ലാത്ത കാർഷികോപകരണങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം പ്രസ്തുത വിഷയം പരിഗണിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

**298.** 23.10.2019-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ടി വിഷയം പരിഗണിച്ചു. 2007-08 കാലയളവിൽ വാങ്ങിയ കമ്പൈൻഡ് ഹാർവെസ്റ്ററുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2007-08 കാലയളവിൽ പട്ടികജാതി സഹകരണ സംഘങ്ങൾക്കുവേണ്ടിയാണ് കമ്പൈൻഡ് ഹാർവെസ്റ്ററുകൾ വാങ്ങിയതെന്നും പ്രസ്തുത യന്ത്രങ്ങൾ 2009-ൽ സംഘത്തിന് കൈമാറുകയുണ്ടായെന്നും ആയത് 2011-12 കാലയളവുവരെ ഉപയോഗിച്ചിരുന്നതായും സ്വരാജ് കമ്പനിയുടെ ഉൽപ്പന്നമായ പ്രസ്തുത യന്ത്രത്തിന്റെ ഗ്രെയിൻ ശതമാനം കുറവാണെന്നും യന്ത്രത്തിന്റെ പിൻഭാഗത്ത് ഭാരക്കൂടുതലുള്ളതിനാൽ പാടത്തിൽ ഇറക്കുമ്പോൾ ചെളിയിൽ താഴ്ന്നുപോകുന്ന സാഹചര്യം ഉണ്ടാകുന്നുവെന്നും കൂടാതെ യന്ത്രം പ്രവർത്തിപ്പിക്കുവാൻ ആർക്കും അറിയാത്തതിനാൽ പ്രതിവർഷം കോയമ്പത്തൂരിൽ നിന്നും ഹാർവെസ്റ്റർ പ്രവർത്തിപ്പിക്കുന്നതിലേയ്ക്കായി ആളിനെ കൊണ്ടുവന്നിട്ടുണ്ടായിരുന്നെന്നും ഇവയൊക്കെയാണ് പ്രസ്തുത യന്ത്രത്തിന്റെ പോരായ്മകളെന്നും യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി RAIDCO Kerala Ltd. തയ്യാറാക്കിയ എസ്റ്റിമേറ്റ് 1,35,000/-രൂപയാണെന്നും ടി ഹാർവെസ്റ്ററിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിരുന്നെങ്കിൽ തുക ഇനിയും ഉയരാൻ സാധ്യത ഉണ്ടെന്നും കൂടാതെ നിലവിൽ മറ്റ് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനാൽ കർഷകർക്ക് ടി യന്ത്രം ഉപയോഗിക്കാൻ താല്പര്യമില്ലെന്നും കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് കൃഷി ഓഫീസർ സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## കൊടുവായൂർ ഗ്രാമപഞ്ചായത്ത്

**299.** 2008-09-ൽ 20,99,415/-രൂപ ചെലവഴിച്ച് വാങ്ങിയ കമ്പൈൻഡ് ഹാർവെസ്റ്ററുകൾ ഉപയോഗശൂന്യമായത് സംബന്ധിച്ചും അതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും സമിതി ആരാഞ്ഞതിന് പ്രസ്തുത യന്ത്രം ഉപയോഗയോഗ്യമല്ലെന്ന് കാണിച്ച് ലേലം ചെയ്യുന്നതിനായി കോഴിക്കോട് P.W.D. മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും 12 ലക്ഷം രൂപയുടെ വാല്യേഷൻ ലഭ്യമായിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. 20 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയതല്ലേ പ്രസ്തുത യന്ത്രം എന്ന് സമിതി ചോദിച്ചപ്പോൾ 2008-09 ലാണ് യന്ത്രം വാങ്ങിയതെന്നും വാല്യേഷൻ തന്നിരിക്കുന്നത് 2017-ൽ ആണെന്നും സെക്രട്ടറി മറുപടി നൽകി. തുടർന്ന് പ്രസ്തുത കാര്യം കൂടി പരിശോധിച്ച് റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സമിതി നിർദ്ദേശിച്ചതിന് ആയത് കൂടി ഉൾപ്പെടുത്താമെന്ന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് ഓഡിറ്റ് വകുപ്പിൽ നിന്ന് ലഭിച്ച സൂക്ഷ്മപരിശോധനാ കുറിപ്പ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

**300.** 23.10.2019-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ടി വിഷയം പരിഗണിച്ചു. 2008-2009 കാലയളവിൽ വാങ്ങിയ കമ്പൈൻഡ് ഹാർവെസ്റ്ററുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പഞ്ചായത്ത്-ബ്ലോക്ക് പഞ്ചായത്ത് ഗുണഭോക്തൃ വിഹിതം, ആർ.കെ.വി.വൈ.ഫണ്ട് എന്നിവ ഉപയോഗിച്ച് വാങ്ങിയ കമ്പൈൻഡ് ഹാർവെസ്റ്ററുകൾ അമിതഭാരം കാരണം ഉപയോഗിക്കാൻ സാധിക്കാതെ വരികയും 2015-ൽ പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം ലേലം ചെയ്യാൻ തീരുമാനിച്ചതിനെത്തുടർന്ന് കോഴിക്കോട് PWD മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും 12 ലക്ഷം രൂപയുടെ വാല്യൂവേഷൻ ലഭ്യമാക്കിയതായും എന്നാൽ ആർ.കെ.വി.വൈ.ഫണ്ട് കൂടി ഉപയോഗപ്പെടുത്തിയാണ് പ്രസ്തുത യന്ത്രം വാങ്ങിയതെന്നതിനാൽ ലേലം ചെയ്യുമ്പോൾ കാർഷിക വികസന ക്ഷേമ ബോർഡ് ഡയറക്ടറുടെ അനുമതി കൂടി വേണമെന്നും ആയതിനാൽ 2017-ൽ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് യന്ത്രം ലേലം ചെയ്യുന്നതിനായുള്ള കത്ത് നൽകിയതായും, ആയത് കിട്ടുന്ന മുറയ്ക്ക് ലേലനടപടികൾ

ആരംഭിക്കുമെന്നും കൊടുവായൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**301.** പ്രസ്തുത യന്ത്രത്തിന്റെ ലേലനടപടികൾ ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്ത്**

**302.** കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് 4,55,970/-രൂപ ചെലവഴിച്ച് വാങ്ങിയ ട്രാൻസ്പ്ലാന്റർ നാളിതുവരെ പ്രവർത്തിപ്പിക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഒരു ട്രാൻസ്പ്ലാന്റർ കോട്ടായി ഗ്രാമപഞ്ചായത്തിന് കൈമാറിയെന്നാണ് ഓഡിറ്റ് പരാമർശത്തിൽ പറയുന്നതെന്നും എന്നാൽ രണ്ട് ട്രാൻസ്പ്ലാന്ററുകളാണ് വാങ്ങിയതെന്നും അത് രണ്ടും കണ്ണാടി ഗ്രാമപഞ്ചായത്തിനാണ് കൈമാറിയിട്ടുള്ളതെന്നും കണ്ണാടി ഗ്രാമപഞ്ചായത്ത് ഒരു വർഷത്തോളം ട്രാൻസ്പ്ലാന്ററുകൾ പ്രവർത്തിപ്പിച്ചിരുന്നുവെന്നും നിലവിൽ അവ കേടായ അവസ്ഥയിലാണെന്നും കുഴൽമന്ദം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്നത് കോട്ടായി ഗ്രാമപഞ്ചായത്തിന് പവർ ടില്ലർ വാങ്ങി നൽകിയ കാര്യമാണ് എന്നും എഴുതിയപ്പോൾ മാറിപ്പോയതാണെന്നും പാലക്കാട് ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കുകയും ചെയ്തതിനെ തുടർന്ന് ഇതിന്റെ റിപ്പോർട്ടും ഉപയോഗശൂന്യമായ കാർഷികോപകരണങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടിൽ ഉൾപ്പെടുത്തി സമിതിയ്ക്ക് സമർപ്പിക്കാമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. ആയതിന് ഉപയോഗശൂന്യമായ കാർഷികോപകരണങ്ങളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ പരിഗണിക്കുന്ന സമയത്ത് പ്രസ്തുത ഖണ്ഡിക കൂടി പരിഗണിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

**303.** 23.10.2019-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ടി വിഷയം പരിഗണിച്ചു. കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിൽ ട്രാൻസ്പ്ലാന്റർ വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ അവ്യക്തതയുണ്ടാകാൻ കാരണമെന്തെന്ന സമിതി ചോദ്യത്തിന് ട്രാൻസ്പ്ലാന്റർ കോട്ടായി ഗ്രാമപഞ്ചായത്തിന് കൈമാറിയെന്ന ഓഡിറ്റ് പരാമർശം തെറ്റാണെന്നും എസ്.ജി.എസ്.വൈ. അടിസ്ഥാന സൗകര്യ വികസന

നിധിയിലുൾപ്പെടുത്തി 4,55,970/-രൂപ ഉപയോഗിച്ച് വാങ്ങിയ രണ്ട് ട്രാൻസ്പ്ലാന്ററുകളും ഒരു പവർ ടില്ലറും പ്രസ്തുത പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കണ്ണാടി ഗ്രാമപഞ്ചായത്തിലെ വനിതാ സ്വയംസഹായ സംഘങ്ങൾക്കാണ് കൊടുത്തിട്ടുള്ളതെന്നും 2018 വരെ നന്നായി പ്രവർത്തിച്ച അവ നിലവിൽ കേടായതിനാൽ സംഘത്തിന്റെ കൈവശം സൂക്ഷിച്ചിട്ടുണ്ടെന്നും കോയമ്പത്തൂരിൽ നിന്നും വരുന്ന ടെക്നീഷ്യൻമാരാണ് പ്രസ്തുത യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതെന്നും കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ സമിതിയെ അറിയിച്ചു.

**304.** സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും പദ്ധതി വിഹിതം ഉപയോഗിച്ച് വാങ്ങിയ കോടിക്കണക്കിന് രൂപയുടെ കാർഷികോപകരണങ്ങൾ ഉപയോഗശൂന്യമായി കെട്ടിക്കിടക്കുന്നതുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുക്കുകയുണ്ടായി.

23.10.2019-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ടി വിഷയം പരിഗണിച്ചു.

**305.** കേരളത്തിലാകമാനം കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിക്കൊണ്ട് കൊയ്ത്ത്, മെതി യന്ത്രങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നു എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് 2010-2011 കാലയളവിലാണ് പ്രസ്തുത ഓഡിറ്റ് പരാമർശം വന്നിട്ടുള്ളതെന്നും കേരളത്തിലെ വിവിധ വകുപ്പുകളുടെ കൈവശമുള്ള യന്ത്രങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് സമിതിയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ടെന്നും കേടായ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിവരികയാണെന്നും അതു സംബന്ധിച്ച വിവരവും സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

**306.** ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തും വിവിധ ആവശ്യങ്ങൾക്കായി വാങ്ങുന്ന കാർഷിക യന്ത്രങ്ങൾ കേടായാൽ ആരും അതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് നന്നാക്കാൻ ശ്രമിക്കാറില്ലെന്നും യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളിന്മേലുണ്ടാകുന്ന കാലതാമസം അവ എന്നന്നേയ്ക്കുമായി കേടാവുന്നതിന് കാരണമായിത്തീരുന്നുവെന്നും പരമാവധി ഒരു വർഷത്തിൽതാഴെ

മാത്രം ഉപയോഗിച്ചിരുന്ന യന്ത്രങ്ങൾ ഉപയോഗശൂന്യമാകുമ്പോൾ ഗവൺമെന്റിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നതെന്നും സമിതി അഭിപ്രായപ്പെടുകയും കേടായ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് ആരായുകയും ചെയ്തതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന യന്ത്രങ്ങൾ കേടായാൽ അതു സംബന്ധിച്ച കൃത്യമായ വിവരം കൃഷി വകുപ്പിന് ലഭ്യമാക്കാറില്ലെന്നും നിലവിൽ കൃഷിഭവനുകൾ മുഖേന കർഷകർക്കും പാടശേഖര സമിതികൾക്കും കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായിട്ടാണ് അഗ്രോ മെഷിനറി മിഷൻ മുഖേന ലക്ഷ്യമിടുന്നതെന്നും കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിക്കാൻ ടിയാൻ കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു.

**307.**കാർഷിക യന്ത്രങ്ങൾ ഉപയോഗശൂന്യമായിക്കിടക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി രൂപകല്പന ചെയ്ത അഗ്രോ മെഷിനറി മിഷൻ ആരംഭിച്ചത് 2018-ലാണെന്നും കൃഷി വകുപ്പിന് കീഴിലും ബ്ലോക്ക്/ജില്ലാ/ഗ്രാമ പഞ്ചായത്തുകളിലുമുൾപ്പെടെയുള്ള കേരളത്തിലെ മുഴുവൻ കാർഷിക യന്ത്രങ്ങളുടെയും കണക്കെടുപ്പ് നടത്തുന്നതിനായി ഒരു സൈബർ സെൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ടെന്നും ടി പദ്ധതിയുടെ കീഴിൽ 90 അഗ്രോ സർവ്വീസ് സെന്ററുകളും 201 കാർഷിക കർമ്മസേനകളും പ്രവർത്തിക്കുന്നുണ്ടെന്നും ജില്ലാടിസ്ഥാനത്തിലുള്ള കേടായ യന്ത്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയത് ടി വിഭാഗമാണെന്നും സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു. കൂടാതെ കാർഷികോപകരണങ്ങൾ വാങ്ങുന്നതിലും ഉപയോഗിക്കുന്നതിലും പിന്തുടരേണ്ട വ്യക്തമായ മാർഗ്ഗനിർദ്ദേശം തയ്യാറാക്കി വരികയാണെന്നും കാർഷികോപകരണങ്ങൾ വാങ്ങുമ്പോൾ അത് കൃഷി ഭവനിൽ രജിസ്റ്റർ ചെയ്ത് ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങുകയും അവ 15 വർഷം സൂക്ഷിക്കുമെന്ന സത്യവാങ്മൂലം നൽകുകയും വേണമെന്നും പ്രസ്തുത ഉപകരണം

ഉപയോഗിക്കുമ്പോഴുണ്ടാകുന്ന ലാഭത്തിൽ നിന്നും 10% തുക അറ്റകുറ്റപ്പണിക്കുവേണ്ടി മാറ്റിവയ്ക്കേണ്ടതാണെന്നും സംസ്ഥാനത്താകമാനമുള്ള കാർഷിക കേന്ദ്രങ്ങളിലുള്ള യന്ത്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയ ശേഷം പുനരുപയോഗിക്കാൻ സാധിക്കാതെ കിടക്കുന്ന യന്ത്രങ്ങളെ തമസ്കരിക്കുന്ന നടപടി സ്വീകരിക്കുകയാണെന്നും കൂടാതെ യന്ത്രങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള എക്സ്ചേഞ്ച് സംവിധാനം പുരോഗമിച്ചുവരികയാണെന്നും കാർഷിക യന്ത്രോപകരണങ്ങൾ കേടാവുന്ന സാഹചര്യത്തിൽ ഫോൺ മുഖാന്തരം ബന്ധപ്പെടുകയാണെങ്കിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുതകുന്ന ഹൈവേ പട്രോളിംഗ് മാതൃകയിലുള്ള 7 അംഗ സംഘം അടങ്ങുന്ന ഒരു സ്ക്വാഡ് രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്നും ഐ.റ്റി.ഐ പാസ്സാകുന്ന കുട്ടികൾക്ക് ട്രെയിനിംഗ് നൽകി ഒരു സൂപ്പർവൈസറെ ചുമതലപ്പെടുത്തി പ്രസ്തുത സ്ക്വാഡ് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സ്വകാര്യ വ്യക്തികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും സ്പെയർ പാർട്സിന്റെ വില മാത്രമേ വ്യക്തികളിൽ നിന്ന് ഈടാക്കുകയുള്ളൂവെന്നും സേവനം സൗജന്യമാണെന്നും 25 കോടി രൂപയുടെ പ്രോജക്ട് ഇതിന് വേണ്ടി RKVY യ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന സ്പെയർ പാർട്സുകൾ സൂക്ഷിക്കാൻ ഒരു ക്ലസ്റ്റർ റൂം ആവശ്യമായി വരുമെന്നും ടിയാൻ സമിതിയെ അറിയിച്ചു.

**308.** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിയ കാർഷികയന്ത്രോപകരണങ്ങളുടെ കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ എന്ന് സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത യന്ത്രോപകരണങ്ങളുടെ ഏകീകരണത്തിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കി വരികയാണെന്നും പഴയ യന്ത്രങ്ങളിൽ പുനഃസ്ഥാപിക്കാൻ കഴിയുന്നവ പുനഃസ്ഥാപിക്കാനാണ് നിലവിൽ ലക്ഷ്യമിടുന്നതെന്നും പ്രസ്തുത ഉപകരണങ്ങൾക്ക് ലഭ്യമാകുന്ന വരുമാനത്തിന്റെ 10% മുതൽ 20% വരെ അറ്റകുറ്റപ്പണികൾക്കായി മാറ്റിവയ്ക്കുകയാണെങ്കിൽ ആയത് പുനഃസ്ഥാപിക്കാൻ കഴിയുമെന്നും സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകി.

**309.** കാർഷികോപകരണങ്ങൾ കൃഷി വകുപ്പ് നേരിട്ട് വാങ്ങുന്നതോ കൃഷിക്കാർക്കും പാടശേഖര സമിതികൾക്കും വകുപ്പ് മുഖേന വായ്പ അനുവദിച്ച് വാങ്ങിപ്പിക്കുന്നതോ ഏതാണ് നല്ലതെന്ന സമിതി ചോദ്യത്തിന് അഗ്രോ സർവ്വീസ് സെന്ററുകളിലുള്ള 2197 മെഷീനുകളിൽ 1797 എണ്ണവും കാർഷിക കർമ്മസേനയിൽ ഉള്ള 1726 യന്ത്രങ്ങളിൽ 1725 എണ്ണവും ഉപയോഗയോഗ്യമാണെന്നും കാർഷിക കർമ്മസേനയിൽ കേടായി കിടന്ന 851 യന്ത്രങ്ങളിൽ 651 എണ്ണവും നന്നാക്കിയിട്ടുണ്ടെന്നും കർഷകർക്കും പാടശേഖര സമിതികൾക്കും പ്രസ്തുത യന്ത്രങ്ങളുടെ സേവനം ലഭ്യമാക്കി ഫീസ് ഈടാക്കുകയാണ് ചെയ്യുന്നതെന്നും കൃഷിക്കാർ യന്ത്രങ്ങളും മറ്റും തമിഴ്നാട്ടിൽ നിന്നും വാടകയ്ക്ക് എടുക്കുന്നതിന് പിന്നിൽ ചില ലോബികൾ പ്രവർത്തിക്കുന്നുണ്ടെന്നും അഗ്രോ സർവ്വീസ് സെന്റർ, ഹരിത കർമ്മസേന എന്നിവ ആവിഷ്കരിക്കുന്നതോടുകൂടി ഇതില്ലാതാകുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

**310.** സ്വകാര്യ ലോബികളുടെ യന്ത്രങ്ങൾ ലാഭകരമായതിനാലാണ് കൃഷിക്കാർ അതിനെ ആശ്രയിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുകയും വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന മാതൃകാ പദ്ധതിയായ ഗ്രീൻ ആർമി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിനെ മാതൃകയാക്കണമെന്നുമുള്ള സമിതി നിർദ്ദേശത്തിന് പഞ്ചായത്ത് തന്നെയാണ് ഇവർക്ക് യന്ത്രങ്ങൾ ലഭ്യമാക്കുന്നതെന്നും പെരിങ്ങണ്ടൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കാണ് ഗ്രീൻ ആർമിയുടെ പിൻബലമെന്നും എന്നാൽ പാടശേഖര സമിതികൾ അഗ്രോ സർവ്വീസ് സെന്ററുകൾക്ക് അനുവദിക്കുന്ന ബിസിനസ് ഫണ്ട് ഉപയോഗിച്ചാണ് . പ്രവർത്തിക്കുന്നതെന്നും സമാനമായി തിരുവനന്തപുരത്ത് പാറശ്ശാലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനവും ഒരു വർഷം 3 കോടിയുടെ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും പിറവം, അങ്ങാടിപ്പുറം എന്നിവയും മാതൃകാപരമായി പ്രവർത്തിക്കുന്ന യൂണിറ്റുകളാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

**311.** തദ്ദേശസ്വയംഭരണ വകുപ്പ് കൃഷിവകുപ്പുമായി സഹകരിച്ച് അതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുണ്ടെന്നും യന്ത്രങ്ങളുടെ ഉത്തരവാദിത്വം പാടശേഖര സമിതികളെയും കർഷക സംഘങ്ങളെയും ഏല്പിക്കുന്നതായിരിക്കും ഉത്തമമെന്നും

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നടത്തുന്നവയെല്ലാം പരാജയമായിരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി കൃഷി വകുപ്പിന്റെയും അഗ്രോ സർവ്വീസ് സെന്ററുകളുടെയും സേവനമുപയോഗിച്ച് യന്ത്രങ്ങൾ ലഭ്യമാക്കുകയും അവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നതായിരിക്കും ഉത്തമമെന്നും നിർദ്ദേശിച്ചു.

**312.** കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിൽ ഉപയോഗിക്കുന്ന യന്ത്രങ്ങൾ ഫാമുകളിലെ ഉപയോഗത്തിന് ശേഷം വീണ്ടും അടുത്ത സീസൺ വരുന്നതുവരെ ഉപയോഗിക്കാതെ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ പഠനം നടത്തി അവ എങ്ങനെ മറ്റ് ഫാമുകളിലും കൂടി ഉപയോഗിക്കുന്നതിന് സജ്ജമാക്കാമെന്ന് ചിന്തിക്കേണ്ടതാണ് എന്ന് സമിതി അഭിപ്രായപ്പെട്ടു. കൂടാതെ കൃഷി വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്ത് നിരവധി സ്ഥലങ്ങളിൽ അഗ്രോ സർവ്വീസ് സെന്ററുകളുടെ നേതൃത്വത്തിൽ യന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്നും യന്ത്രങ്ങൾ സർക്കാരിന്റെ ഉടമസ്ഥതയിൽ വരികയാണെങ്കിൽ അവ യഥാസമയം പരിപാലിച്ച് കൊണ്ട് പോകാൻ സാധിക്കുകയില്ലെന്നത് വസ്തുതയാണെന്നും തൃശ്ശൂർ-പൊന്നാനി കോൾ നിലങ്ങളിൽ ഉപയോഗിക്കുന്നതിനായി അഗ്രോ സർവ്വീസ് സെന്ററുകളുടെ കീഴിൽ 40 ട്രാക്ടറുകളാണ് നിലവിലുള്ളതെന്നും സമിതി ചൂണ്ടിക്കാണിച്ചു.

**313.** അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവ യോജിപ്പിച്ച് ഒരു സ്വാശ്രയ സ്ഥാപനമാക്കി, കൃഷിശ്രീ എന്നൊരു പ്രസ്ഥാനമാക്കി മാറ്റുന്നതിനും എല്ലാ വർഷവും കാർഷികയന്ത്ര പരിരക്ഷണ യജ്ഞം സംഘടിപ്പിക്കുവാനുമാണ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ ഉദ്ദേശിക്കുന്നതെന്നും ജില്ലയിലെ മുഴുവൻ യന്ത്രങ്ങളും ഉപയോഗിക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും യന്ത്രങ്ങൾ നിശ്ചിത മണിക്കൂർ പ്രവർത്തിപ്പിച്ച് പരിശോധിച്ചതിന് ശേഷം മാത്രമേ അത് പ്രൊപ്പോസ് ചെയ്യാൻ പാടുള്ളൂവെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിലവിൽ 340 കോടി രൂപയുടെ അഗ്രോ സർവ്വീസ്

പ്ലാൻ ഡെവലപ് ചെയ്യുകയും അത് വിഭജിച്ച് എങ്ങനെ പ്രാവർത്തികമാക്കാമെന്ന് പരിശോധിച്ച് വരികയാണെന്നും സംസ്ഥാനത്തെ യുവാക്കൾക്ക് യന്ത്രങ്ങളുടെ പ്രവർത്തനവും അതിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള പരിശീലനവും നൽകേണ്ടതുമാണെന്നും സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. തുടർന്ന് ഒഴിവാക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ മാത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാർഷിക യന്ത്രങ്ങൾ വാങ്ങേണ്ടതാണെന്നും അല്ലാത്തപക്ഷം കൃഷി വകുപ്പുമായി ചേർന്ന് കൃഷി വകുപ്പിന്റെയും അഗ്രോ സർവ്വീസ് സെന്ററുകളുടെയും അധീനതയിലുള്ള യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷിക്കാർക്ക് സഹായങ്ങൾ ലഭ്യമാക്കേണ്ടതുമാണെന്നും അഗ്രോ സർവ്വീസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സമിതി നിർദ്ദേശിച്ചു.

**314.** തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ ലോക ബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കിയ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പ്രോജക്ട് പ്രകാരം വാങ്ങിയ കാർഷിക യന്ത്രങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 90 ശതമാനം യന്ത്രങ്ങളും പ്രവർത്തനക്ഷമമാണെന്നും പ്രവർത്തിക്കാത്ത യന്ത്രങ്ങൾ റിപ്പെയർ ചെയ്യുന്നതിന് സ്ത്രീകളുടെ നേതൃത്വത്തിൽ എല്ലാ ബ്ലോക്കുകളിലും വർക്ക് ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പുമായി ബന്ധപ്പെട്ടാണ് പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്നും കൂടാതെ കൃഷി വകുപ്പുമായി കോ-ഓർഡിനേഷൻ ഉള്ളതുകൊണ്ടും മെക്കനൈസേഷൻ പ്രോജക്ട് ആയതുകൊണ്ടും കൃഷി വകുപ്പിലെ എഞ്ചിനീയർമാർ കൺസോർഷ്യത്തിലെ അംഗങ്ങളാണെന്നും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് ഡയറക്ടർമാരും പ്രസ്തുത പദ്ധതിയിലെ അംഗങ്ങളാണെന്നും ഗ്രാമവികസന വകുപ്പ് അഡീഷണൽ കമ്മീഷണർ സമിതിയെ അറിയിച്ചു.

**315.** സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് നടത്തുന്ന പ്രത്യേക സംവിധാനമായ അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷനും 9 ജില്ലകളിൽ കൂടി വ്യാപിപ്പിക്കാനുദ്ദേശിക്കുന്ന എം.കെ.എസ്.പി.-യും തമ്മിൽ ഒരു കോർഡിനേഷൻ

ആവശ്യമാണെന്ന് നിരീക്ഷിച്ച സമിതി തദ്ദേശസ്വയംഭരണ വകുപ്പും കൃഷി വകുപ്പും ചേർന്ന് രണ്ട് പദ്ധതികളും ഒരുമിച്ച് കൊണ്ടുപോകുന്നതിനുള്ള വഴി ആലോചിക്കണമെന്നും സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷന്റെയും കൺസോർഷ്യത്തിന്റെയും റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിനായി ഗവൺമെന്റ് മുൻകൈ എടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

316. ആലപ്പുഴ ജില്ലയിൽ എഴുപുന്ന ഗ്രാമപഞ്ചായത്ത് വാങ്ങിയ കാർഷികോപകരണങ്ങൾ നിലവിൽ തോട്ടപ്പള്ളി പാടശേഖരസമിതിയ്ക്ക് കൈമാറിയിട്ടുണ്ടെന്നും അവ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

317. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് 1998-99 ൽ വാങ്ങിയ കൊയ്ത്തുമെതി യന്ത്രത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

318. മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന കൊയ്ത്ത്മെതി യന്ത്രങ്ങളുടെ വിശദാംശം ലഭിച്ചതിനുശേഷം റെയ്ഡ്കോയെക്കൂടി ഉൾപ്പെടുത്തി തെളിവെടുപ്പ് നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

319. കോട്ടയം നഗരസഭയിലെ കേടായ കൊയ്ത്ത് മെതി യന്ത്രം നന്നാക്കുന്നതിന് കേരളാ അഗ്രോഇൻഡസ്ട്രീസ് ലിമിറ്റഡ്-നെ ഏൽപ്പിച്ചിട്ടുണ്ടെന്ന കോട്ടയം നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ടി കൊയ്ത്തുമെതി യന്ത്രം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

320. കോതമംഗലം നഗരസഭ വാങ്ങിയ ആറ് കാടുവെട്ട് യന്ത്രങ്ങളുടെ ലേലനടപടികൾ പൂർത്തിയാക്കുന്നതിനും കാടുവെട്ടൽ കുടുംബശ്രീയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു. നഗരസഭയ്ക്ക് നഷ്ടം വരാത്ത രീതിയിൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

321. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ തൊഴിൽ സേനയ്ക്കായി വാങ്ങിയ കാർഷിക യന്ത്രങ്ങൾ ഉപയോഗമില്ലാതെ സൂക്ഷിച്ചിട്ടുണ്ടെന്നുള്ള ഓഡിറ്റ് പരാമർശത്തിന് ഉപയോഗയോഗ്യമായവ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും മറ്റുള്ളവ ലേലം ചെയ്യാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

322. കുഴൽമന്ദം ഗ്രാമപഞ്ചായത്ത് 2007-08 ൽ പട്ടികജാതി സഹകരണ സംഘങ്ങൾക്ക് വേണ്ടി വാങ്ങിയ കമ്പൈൻഡ് ഹാർവെസ്റ്ററുകൾ 2011-12 വരെ ഉപയോഗിച്ചിരുന്നുവെന്നും കർഷകർക്ക് പ്രസ്തുത യന്ത്രങ്ങൾ ഉപയോഗിക്കാൻ താൽപര്യമില്ലെന്നുമുള്ള ബ്ലോക്ക് പഞ്ചായത്ത് കൃഷി വികസന ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

323. കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ ഉപയോഗശൂന്യമായ കമ്പൈൻഡ് ഹാർവെസ്റ്ററുകൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

324. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ ട്രാൻസ്പ്ലാന്ററുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

325. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും പദ്ധതി വിഹിതം ഉപയോഗിച്ച് വാങ്ങിയ കാർഷികോപകരണങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നത് സംബന്ധിച്ച് നടത്തിയ തെളിവെടുപ്പ് യോഗത്തിൽ കാർഷികോപകരണങ്ങൾ വാങ്ങുന്നതിലും ഉപയോഗിക്കുന്നതിലും പിന്തുടരേണ്ട വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണെന്ന് സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചിരുന്നു. ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഇ-ടോയ്‌ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലെറ്റുകൾ, ശൗചാലയങ്ങൾ എന്നിവയിൽ പലതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെ നിഷ്ക്രിയാസ്തികളായി നിലകൊള്ളുന്നുണ്ട്. ഇവയുടെ തുടർനടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്യാത്തതാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള ഇ-ടോയ്‌ലെറ്റുകൾക്ക് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമപഞ്ചായത്ത് 2012-13 ൽ പഞ്ചായത്തോഫീസിന് മുൻവശത്ത് സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ് ഇതുവരെയായി തുറന്നുകൊടുത്തിട്ടില്ല. 4,60,000/-രൂപയാണ് ഇതിനായി ചെലവിട്ടത്. ബുധനൂർ ഗ്രാമപഞ്ചായത്ത് 6,36,034/-രൂപ വിനിയോഗിച്ച് 2011-12 ൽ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ് ഉപയോഗമില്ലാത്ത നിലയിലാണ്.

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് 2012-13 ൽ 5,00,000/-രൂപ ചെലവിട്ട് സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ്, സ്ഥലം സംബന്ധിച്ചുള്ള തർക്കത്തെ തുടർന്ന് പൊളിച്ചുമാറ്റി. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് മുഹമ്മ സാമൂഹികാരോഗ്യകേന്ദ്രത്തിൽ 2012-13 ൽ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ് ഇതുവരെ തുറന്നു കൊടുത്തിട്ടില്ല. 4,36,000/-രൂപയാണ് ഇതിനായി ചെലവിട്ടത്.

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് 2011-12 ൽ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ്, ഉപകരണങ്ങൾ തകരാറിലായതിനാൽ പ്രവർത്തനസജ്ജമല്ല. 4,97,473/-രൂപയാണ് ഇതിനായി ചെലവിട്ടത്. മാങ്കുളം ഗ്രാമപഞ്ചായത്ത് 2011-12 ൽ 5,26,821/-രൂപ ചെലവിട്ട് മാങ്കുളം ജംഗ്ഷനിൽ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

എറണാകുളം ജില്ലയിലെ ആലുവ നഗരസഭ 2013-ൽ സ്ഥാപിച്ച ഇ-ടോയ്‌ലറ്റ് പ്രവർത്തിക്കുന്നില്ല. 5,51,581/- രൂപയാണ് ഇതിനായി ചെലവിട്ടത്.

**കൊച്ചി കോർപ്പറേഷനിലെ ഗ്രീൻ ടോയ്‌ലെറ്റുകൾ പ്രവർത്തനരഹിതം; 67.38 ലക്ഷത്തിന്റെ പാഴ്ചെലവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2012-13 ൽ ആറ് ഗ്രീൻ ടോയ്‌ലെറ്റുകളും, മൂന്ന് ഇ-ടോയ്‌ലെറ്റുകളും സ്ഥാപിച്ചു. ആകെ 67,38,310/-രൂപയാണ് ഇവ സ്ഥാപിക്കുവാനായി ചെലവിട്ടത്. എന്നാൽ, ഇവയിൽ 5 ഗ്രീൻ ടോയ്‌ലെറ്റുകളും, 3 ഇ-ടോയ്‌ലെറ്റുകളും പ്രവർത്തിക്കുന്നില്ല. വെള്ളവും വൈദ്യുതിയുമില്ലാത്തതാണ് ഇവ പ്രവർത്തനരഹിതമാകാൻ കാരണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.14)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**ആലപ്പുഴ ജില്ല**

**ഹരിപ്പാട് ഗ്രാമപഞ്ചായത്ത്**

**326.** 2012-13 ൽ 4,60,000/-രൂപ ചെലവഴിച്ച് പഞ്ചായത്ത് ഓഫീസിന് മുൻവശത്ത് സ്ഥാപിച്ച ഇ-ടോയ്‌ലറ്റ് ഇതുവരെയായി തുറന്നുകൊടുത്തിട്ടില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2014-15 ൽ വാട്ടർ കണക്ഷൻ ലഭിക്കാത്തതിനെത്തുടർന്ന് കുഴൽക്കിണർ കുഴിച്ചെങ്കിലും വെള്ളം ലഭ്യമല്ലാത്തതിനാൽ ഇ-ടോയ്‌ലറ്റ് പ്രവർത്തനരഹിതമായിരുന്നെന്നും എന്നാൽ വാട്ടർ കണക്ഷൻ ലഭിച്ചതിനെത്തുടർന്ന് 2014 നവംബർ മാസം മുതൽ പ്രവർത്തിക്കുന്നുണ്ടെന്നും എല്ലാ വർഷവും എ.എം.സി. വച്ച് മെയിന്റനൻസ് നടത്തിവരുന്നുണ്ടെന്നും ഹരിപ്പാട് മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

**327.** ഇ-ടോയ്‌ലറ്റ് സ്ഥാപിച്ച ഏജൻസി ഏതാണെന്നും അവരല്ലേ മെയിന്റനൻസ് ചെയ്യേണ്ടതെന്നും സമിതി ആരാഞ്ഞപ്പോൾ കെൽട്രോൺ മുഖേനയാണ് ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിച്ചതെന്നും എന്നാൽ മെയിന്റനൻസ് ചെയ്യുന്നത് ഇറാം സയന്റിഫിക് സൊല്യൂഷൻസ് എന്ന സ്ഥാപനമാണെന്നും എ.എം.സി. വച്ച് മറ്റ് സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ചെയ്യാവുന്നതാണെന്നും സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

### ബുധനൂർ ഗ്രാമപഞ്ചായത്ത്

**328.** ഇ-ടോയ്‌ലറ്റ് നിലവിൽ പ്രവർത്തനക്ഷമമാണോ എന്നും ആരാണ് ഇത് വിതരണം ചെയ്തതെന്നും സമിതി ആരാഞ്ഞതിന് ഇ-ടോയ്‌ലെറ്റ് പ്രവർത്തന ക്ഷമമാണെന്നും കെൽട്രോൺ മുഖേന ഇറാം സയന്റിഫിക് സൊല്യൂഷൻസാണ് ഇത് വിതരണം ചെയ്തതെന്നും അവരുമായി എ.എം.സി. വച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

### ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

**329.** ഗ്രാമപഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടത്തിന്റെ കോമ്പൗണ്ടിൽ പൊളിച്ചുകൂട്ടിയിട്ട നിലയിലാണ് ഇ-ടോയ്‌ലെറ്റ് എന്ന പരാമർശത്തെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് 2011-12-ലെ പ്രോജക്ടിൽ ഉൾപ്പെടുത്തി പുറമ്പോക്ക് ഭൂമിയിൽ 2012-2013 വർഷത്തിലാണ് ഇ-ടോയ്‌ലെറ്റ് സ്ഥാപിച്ചതെന്നും വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടും പഞ്ചായത്തിന് എതിരായാണ് വിധി വന്നതെന്നും ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം ഇ-ടോയ്‌ലെറ്റ് പൊളിച്ച് നീക്കി പഴയ പഞ്ചായത്ത് ഓഫീസ് പരിസരത്ത് സൂക്ഷിച്ചിരിക്കുകയാണെന്നും പ്രസ്തുത ഇ-ടോയ്‌ലെറ്റ് പുന:സ്ഥാപിക്കുന്നതിന് തീരുമാനമെടുത്ത പഞ്ചായത്ത് ഭരണസമിതി നിർവ്വഹണ ഏജൻസിയായ കെൽട്രോണിനെ ടി വിവരം അറിയിക്കുകയും

ചെയ്തിരുന്നുവെന്നും കെൽട്രോൺ മുഖാന്തരം ഇറാം സയന്റിഫിക് സൊല്യൂഷൻസ് എന്ന ഏജൻസിയാണ് ഇ-ടോയ്‌ലെറ്റ് സ്ഥാപിച്ചതെന്നും ഇത് പുന:സ്ഥാപിക്കുന്നതിന് 2,24,000/-രൂപയുടെ എസ്റ്റിമേറ്റ് പ്രസ്തുത ഏജൻസി തയ്യാറാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികവും സാങ്കേതികവുമായ കാര്യങ്ങൾ സംബന്ധിച്ച് നിർവ്വഹണ ഏജൻസിയായ കെൽട്രോണുമായി നേരിട്ട് ചർച്ച നടത്തിയ ശേഷം അന്തിമ തീരുമാനം എടുക്കാമെന്ന് ഭരണസമിതി തീരുമാനിച്ചതായും സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പുതുതായി ഇ-ടോയ്‌ലെറ്റ് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞപ്പോൾ ചെട്ടിക്കുളങ്ങര ക്ഷേത്രത്തിന് പടിഞ്ഞാറ് വശത്തായി പഴയ പഞ്ചായത്ത് ഓഫീസ് പരിസരത്തായി സ്ഥാപിക്കാനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെന്നും നിർവ്വഹണ ഏജൻസിയായ കെൽട്രോണുമായി ചർച്ച നടത്തിയതിനുശേഷമേ അന്തിമതീരുമാനം എടുക്കുകയുള്ളൂവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചതിന് കെൽട്രോണുമായി ചർച്ച ചെയ്താൽ പ്രസ്തുത പ്രവൃത്തി പ്രാവർത്തികമാവുകയില്ലെന്നും ഇറാം സയന്റിഫിക് സൊല്യൂഷൻസ് ഏജൻസിയുമായി ചർച്ച ചെയ്യുന്നതാണ് അഭികാമ്യമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇറാം സയന്റിഫിക് സൊല്യൂഷൻസിന് സർക്കാരിന്റെ അക്രെഡിറ്റേഷൻ ഇല്ലാത്തതിനാൽ നേരിട്ട് കരാർ നൽകാൻ സാധിക്കില്ലെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിന് എസ്റ്റിമേറ്റിന് സർക്കാർ അംഗീകാരം വാങ്ങുന്നതാണ് പ്രധാന പ്രശ്നമെന്നും കെൽട്രോണിന്റെ എസ്റ്റിമേറ്റാണെങ്കിൽ സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതില്ലെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിലെ ഇ-ടോയ്‌ലെറ്റ് പുന:സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**ആര്യാട് ബ്ലോക്ക് പഞ്ചായത്ത്**

**330.** 2012-13 കാലയളവിൽ 4,36,000/- രൂപ ചെലവഴിച്ച് മുഹമ്മ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ച ഇ-ടോയ്‌ലറ്റിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും ഇതിന്റെ ഏജൻസിയെക്കുറിച്ചും സമിതി ആരാഞ്ഞതിന്

കെൽട്രോൺ മുഖേന സ്ഥാപിക്കപ്പെട്ട പ്രസ്തുത ഇ-ടോയ്‌ലറ്റ് 2016 ഫെബ്രുവരി മുതൽ നവംബർ വരെ പ്രവർത്തിച്ചുവെന്നും നിലവിൽ പ്രവർത്തനരഹിതമാണെന്നും ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. സമിതിയെ അറിയിച്ചു. തുടർന്ന് പ്രവർത്തന രഹിതമായിരിക്കുന്ന മിക്ക ഇ-ടോയ്‌ലെറ്റുകളുടെയും ഓട്ടോമാറ്റിക് ഡോർ മാറ്റി മാന്വൽ ഡോർ ആക്കിയാൽ പ്രവർത്തനക്ഷമമാക്കാവുന്നതേയുള്ളുവെന്നും എന്നാൽ കെൽട്രോൺ പ്രസ്തുത പ്രവൃത്തിപോലും ചെയ്തുകൊടുക്കുന്നില്ല എന്നാണ് മനസ്സിലാകുന്നതെന്നും ഇക്കാര്യം റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു. കെൽട്രോണിന് സ്വന്തമായി ഇ-ടോയ്‌ലറ്റ് മാനുഫാക്ചറിംഗ് സംവിധാനം ഇല്ലാത്തതിനാൽ തുടർന്ന് ഇത്തരം പ്രവൃത്തികൾ കെൽട്രോണിനെ ഏൽപ്പിക്കേണ്ടതില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി.

**331.** കെൽട്രോൺ നേരിട്ടല്ല ഉപകരാർ മുഖേനയാണ് ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചതിനെത്തുടർന്ന് കെൽട്രോൺ ഉപകരാർ നൽകുന്ന ഏജൻസികൾ ഏതെല്ലാമാണെന്ന് സമിതി ആരാഞ്ഞു. കെൽട്രോൺ, ഇറാം സയന്റിഫിക് സൊല്യൂഷൻസ്, മെറ്റൽ ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങൾ പലയിടത്തും ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും പ്രധാനമായും കെൽട്രോൺ ആണ് ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിച്ചിരിക്കുന്നതെന്നും സമിതിയുടെ മുൻ യോഗത്തിൽ ആവശ്യപ്പെട്ടിരുന്ന പ്രകാരം കേരളത്തിൽ അർബൻ മേഖലയിൽ 84 ഇ-ടോയ്‌ലെറ്റുകളാണുള്ളതെന്നും നഗരസഭ/കോർപ്പറേഷനുകളിൽ നിന്നും ലഭ്യമാക്കിയ കണക്കുപ്രകാരം അവയിൽ 40 എണ്ണവും നിലവിൽ പ്രവർത്തിച്ചുവരുന്നതായും തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ ശ്രീകണ്ഠേശ്വരം ക്ഷേത്രം, ഗവ.വനിതാ കോളേജ്, കവടിയാർ പാർക്ക്, പേട്ട റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിലായി 4 ഇ-ടോയ്‌ലെറ്റുകളുണ്ടെന്നും പേട്ട റെയിൽവേ സ്റ്റേഷനിലേത് നവീകരണത്തിന്റെ ഭാഗമായി പൂട്ടിയിട്ടിരിക്കുകയാണെന്നും ബാക്കിയുള്ളവ പ്രവൃത്തിക്കുന്നുണ്ടെന്നും ഇറാം സയന്റിഫിക് സൊല്യൂഷനാണ് ഇത് സ്ഥാപിച്ചിട്ടുള്ളതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. കെൽട്രോണിനെ മുൻനിറുത്തി മറ്റുപല ഏജൻസികളുമാണ് ഇ-ടോയ്‌ലെറ്റ് നിർമ്മിച്ചിട്ടുള്ളതെന്നും റിപ്പയർ ചെയ്യുക എന്ന ഉത്തരവാദിത്വത്തിൽ നിന്നും കെൽട്രോൺ

പിൻമാറുന്നതുകൊണ്ട് പ്രസ്തുത ഇ-ടോയ്‌ലെറ്റുകൾ കെൽട്രോണിനുവേണ്ടി വിതരണം ചെയ്യുന്ന ഏജൻസികൾ ഏതെല്ലാമാണെന്ന് വിശദമാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**ഇടുക്കി ജില്ല**

**വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്**

**332.** 2011-12-ൽ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ് പ്രവർത്തനരഹിതമാണെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ചർച്ചയിൽ സംസ്ഥാനത്ത് കോടിക്കണക്കിന് രൂപ ചെലവഴിച്ച് പല സ്ഥലത്തും കെൽട്രോൺ മുഖേന സ്ഥാപിക്കപ്പെട്ട ഇ-ടോയ്‌ലെറ്റുകൾ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ആയതിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണ്, പ്രവർത്തനക്ഷമമല്ലാത്തത് ഏതൊക്കെയാണ് എന്നതു സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്തു. കൂടാതെ കെൽട്രോൺ സ്ഥാപിച്ചിട്ടുള്ള ഒരു ഇ-ടോയ്‌ലെറ്റ് പോലും പ്രവർത്തിക്കുന്നില്ലെന്ന് കുറ്റപ്പെടുത്തിയ സമിതി ഇതെല്ലാം പഞ്ചായത്ത് പ്രസിഡന്റിന്റെയോ അംഗങ്ങളുടേയോ ഉദ്യോഗസ്ഥരുടേയോ വീഴ്ചയല്ലെന്ന് അഭിപ്രായപ്പെടുകയും കെൽട്രോണിന്റെ വീഴ്ച മൂലമാണ് ഇതെല്ലാം സംഭവിച്ചതെന്നും ആയതിനാൽ കെൽട്രോണിന്റെ ലയബിലിറ്റിയായി ഫിക്സ്ചെയ്യുകയാണ് വേണ്ടതെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

**മാങ്കുളം ഗ്രാമപഞ്ചായത്ത്**

**333.** മാങ്കുളം ജംഗ്ഷനിൽ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ് നിലവിൽ പ്രവർത്തനക്ഷമമാണോ എന്നും ആരാണ് ഇത് സ്ഥാപിച്ചതെന്നും സമിതി ആരാഞ്ഞതിന് വളരെ തിരക്കുള്ള മാങ്കുളം ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ്ഡിനോട് ചേർന്നായിരുന്നു ടോയ്‌ലെറ്റ് സ്ഥാപിച്ചിരുന്നതെന്നും ആരംഭഘട്ടത്തിൽ പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇലക്ട്രോണിക് ഡോർ മാറ്റിയശേഷം നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരികയാണെന്നും കെൽട്രോൺ ആണ് ടോയ്‌ലെറ്റ് സ്ഥാപിച്ചതെന്നും മാങ്കുളം ഗ്രാമപഞ്ചായത്ത് ഹെഡ്ക്ലാർക്ക് സമിതിയെ ബോധിപ്പിച്ചു. ഇതൊരു പ്രത്യേക കേസ് ആയി പഠിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി അറിയിച്ചു.

## എറണാകുളം ജില്ല

### ആലുവ നഗരസഭ

**334.** 2013-ൽ 5,51,581/-രൂപ ചെലവിട്ട് സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ് പ്രവർത്തനക്ഷമമല്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ചും ഇ-ടോയ്‌ലെറ്റുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും സമിതി ആരാഞ്ഞപ്പോൾ ഒരു വർഷം 300/-രൂപ മാത്രം ഉപയോഗിക്കുന്നവരിൽ നിന്നും ലഭിച്ചിരുന്ന ഇ-ടോയ്‌ലറ്റുകൾ പൊതുവേ നഷ്ടമായിരുന്നു എങ്കിലും പ്രളയമുണ്ടാകുന്നതിന് മുമ്പ് വരെ 6 ഇ-ടോയ്‌ലെറ്റുകളും പ്രവർത്തനക്ഷമമായിരുന്നുവെന്നും ഇതിന്റെ മെയിന്റനൻസിനായി Eram Scientific Solutions എന്ന കമ്പനിക്ക് എ.എം.സി. ഇനത്തിൽ ഒരു വർഷത്തേയ്ക്ക് 1,80,000/-രൂപ നൽകിയിരിക്കുകയാണെന്നും പ്രളയവുമായി ബന്ധപ്പെട്ട് ഇ-ടോയ്‌ലെറ്റുകൾ പൂർണ്ണമായും വെള്ളത്തിൽ മുങ്ങിയതോടെ വൈദ്യുതിയും വാട്ടർ കണക്ഷനും നഷ്ടമായി എന്നും ഒരു കരാറുകാരനെക്കൊണ്ട് വൈദ്യുതിയും വാട്ടർ കണക്ഷനും പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും എ.എം.സി. കൊടുത്തിട്ടുള്ളതിനാൽ Eram Scientific Solutions ഇ-ടോയ്‌ലെറ്റിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാമെന്ന് അറിയിച്ചിട്ടുള്ളതായും ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**335.** ഒരു സാധാരണ ടോയ്‌ലെറ്റ് നിർമ്മിക്കാൻ 25,000/-രൂപ ചെലവ് വരുന്നിടത്ത് ഇ-ടോയ്‌ലെറ്റ് സ്ഥാപിക്കാൻ 5 ലക്ഷം രൂപയാണ് ചെലവ് വരുന്നതെന്നും ധനകാര്യ വകുപ്പ് ഇതെല്ലാം പരിശോധിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ട സമിതി പല സ്ഥലങ്ങളിലെയും ഇ-ടോയ്‌ലെറ്റുകൾ കൊതുകിന്റെ ഉറവിടമായാണ് വർത്തിക്കുന്നതെന്നും ഇനി മുതൽ പുതിയതായി ഇ-ടോയ്‌ലെറ്റുകൾ നിർമ്മിക്കാൻ പാടില്ലെന്നും അഭിപ്രായപ്പെട്ടു. ആയതിന് ലാഭത്തേക്കാൾ കൂടുതൽ സേവനമാണ് ഉദ്ദേശിച്ചതെന്ന് ആലുവ മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സേവനമല്ല ഉദ്ദേശിക്കേണ്ടതെന്നും സർക്കാരിന്റെ തുക വിനിയോഗിക്കുമ്പോൾ നഷ്ടമുണ്ടാകാതെ നോക്കേണ്ട ചുമതല എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനെന്ന നിലയിൽ സെക്രട്ടറിക്കാണ് എന്നും 1,80,000/-രൂപ എ.എം.സി. ഇനത്തിൽ കൊടുക്കുമ്പോൾ 300/-രൂപയാണ് ഒരു വർഷം ലഭിക്കുന്നതെന്ന് പറയുന്നത് ന്യായീകരിക്കാൻ സാധിക്കില്ലെന്നും കൂടാതെ മുടക്കുമുതലിന്റെ 5 മുതൽ 8 ശതമാനം വരെയുള്ള തുക

മാത്രമേ എ.എം.സി.യ്ക്ക് വേണ്ടി പരമാവധി ഉപയോഗിക്കുവാൻ പാടുള്ളൂവെന്നും പ്രസ്തുത കാര്യം സെക്രട്ടറി കൗൺസിലിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. ആയതിന് ഇ-ടോയ്‌ലെറ്റുകൾ വൃത്തിയാക്കുന്നതിനും അതിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും കൂടാതെ 6 വർഷത്തോളം പഴക്കമുള്ള ഇ-ടോയ്‌ലെറ്റുകൾ മെയിന്റയിൻ ചെയ്യുന്നതിനും കൂടിയാണ് എ.എം.സി.യായി പ്രസ്തുത തുക വിനിയോഗിക്കേണ്ടി വരുന്നതെന്ന് ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. തുടർന്ന് പ്രസ്തുത വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി നല്ല രീതിയിലുള്ള ടോയ്‌ലെറ്റുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### കൊച്ചി കോർപ്പറേഷൻ

### കൊച്ചി കോർപ്പറേഷനിലെ ഗ്രീൻ ടോയ്‌ലെറ്റുകൾ പ്രവർത്തനരഹിതം; 67.38 ലക്ഷത്തിന്റെ പാഴ്ചെലവ്

### വൈറ്റില - പാലാരിവട്ടം

**336.** വൈറ്റില ജംഗ്ഷനിലെ ഗ്രീൻ ടോയ്‌ലെറ്റിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് മേൽപ്പാലം പണിതപ്പോൾ വൈറ്റില ജംഗ്ഷനിലെ ഗ്രീൻ ടോയ്‌ലെറ്റ് പൊളിച്ചുമാറ്റിയെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. വൈറ്റില ജംഗ്ഷനിലെ ഗ്രീൻ ടോയ്‌ലെറ്റ് നടത്തിപ്പിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിനെക്കുറിച്ച് സമിതി അന്വേഷിച്ചപ്പോൾ അത് പാലാരിവട്ടത്തെ ഗ്രീൻ ടോയ്‌ലെറ്റിന്റെ കാര്യമാണെന്ന് സെക്രട്ടറി മറുപടി നൽകി.

**337.** പാലാരിവട്ടത്തെ ഗ്രീൻ ടോയ്‌ലെറ്റിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും വാട്ടർ കണക്ഷൻ എടുക്കുന്നതിന് റോഡ് കട്ട് ചെയ്യേണ്ടതാണെന്നും അതിനുള്ള അനുമതിയ്ക്കായി പി.ഡബ്ല്യു.ഡി.യിൽ അപേക്ഷ നൽകി നടപടി സ്വീകരിച്ചുവരുന്നുവെന്നും പെർമിറ്റ് ലഭിക്കാത്തതിനാൽ വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടില്ലെന്നും ആണ് സർക്കാർ മറുപടിയിൽ പറഞ്ഞിരിക്കുന്നതെന്നും എന്നാൽ പാലാരിവട്ടത്തെ ടോയ്‌ലെറ്റ് ഒരു ബാദ്ധ്യതയായി അവിടെ സ്ഥിതി

ചെയ്യുകയാണെന്നും സർക്കാർ മറുപടിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളൊന്നും അവിടെ പ്രാവർത്തികമാക്കിയിട്ടില്ലെന്നും പലാരിവട്ടം ജംഗ്ഷന്റെ മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത ടോയ്‌ലെറ്റ് യാത്രക്കാർക്ക് തടസ്സമായി ഭവിച്ചിരിക്കുകയാണെന്നും അവിടത്തെ വ്യാപാരി വ്യവസായികൾക്ക് കടുത്ത അതൃപ്തിയാണെന്നും ആയതിനാൽ പ്രസ്തുത ടോയ്‌ലെറ്റ് അടിയന്തരമായി പൊളിച്ച് നീക്കണമെന്നും സമിതി നിർദ്ദേശിച്ചു.

### മാർക്കറ്റ് : കച്ചേരിപ്പടി ഗ്രീൻ ടോയ്‌ലറ്റ്

**338.** കച്ചേരിപ്പടി ഗ്രീൻ ടോയ്‌ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഗ്രീൻ ടോയ്‌ലെറ്റുകൾ പ്രവർത്തിക്കുന്നില്ലെന്നും പല തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും ടെണ്ടറിൽ പങ്കെടുക്കാത്തതിനാൽ ലേലം ചെയ്ത് നൽകുവാൻ സാധിച്ചിട്ടില്ലെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

### ഫോർട്ട് കൊച്ചി

**339.** ഫോർട്ട് കൊച്ചിയിലെ ഗ്രീൻ ടോയ്‌ലെറ്റ് പ്രവർത്തനക്ഷമമാണെന്ന സർക്കാർ മറുപടി റിപ്പോർട്ട് സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് നിലവിൽ പ്രസ്തുത ടോയ്‌ലെറ്റ് പ്രവർത്തനരഹിതമാണെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ഫോർട്ട് കൊച്ചി ബീച്ച് പാർക്കിലുള്ള രണ്ട് ഗ്രീൻ ടോയ്‌ലെറ്റുകൾ പൂർണ്ണമായും പ്രവർത്തനക്ഷമമല്ലെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ഗ്രീൻ ടോയ്‌ലെറ്റുകളെല്ലാം പൊളിച്ചുമാറ്റി ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മിക്കുവാൻ സാധിക്കുമോയെന്ന് ആലോചിക്കുവാനും അല്ലെങ്കിൽ ഏതെങ്കിലും കമ്പനിയുമായി ടൈ അപ് ആയി മറ്റെന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കുമോയെന്ന് പരിശോധിക്കുവാനും നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

340. ഹരിപ്പാട് ഗ്രാമപഞ്ചായത്തിലെ ഇ-ടോയ്‌ലെറ്റ് നിലവിൽ പ്രവർത്തനക്ഷമമാണെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

341 .ബുധനൂർ ഗ്രാമപഞ്ചായത്തിലെ ഇ-ടോയ്‌ലെറ്റ് പ്രവർത്തനക്ഷമമാണെന്നുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

342. ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിലെ ഇ-ടോയ്‌ലെറ്റ് പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

343.ആര്യാട് ബ്ലോക്ക് പഞ്ചായത്ത് മുഹമ്മ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിർമ്മിച്ച ഇ-ടോയ്‌ലറ്റ് പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

344.വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച ഇ- ടോയ്‌ലെറ്റ് പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

345. കെൽട്രോൺ മുഖേന സംസ്ഥാനത്ത് നിർമ്മിച്ചിട്ടുള്ള ഇ-ടോയ്‌ലറ്റുകളിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണെന്നും അവയുടെ ഓട്ടോമാറ്റിക് ഡോർ മാറ്റി മാന്വൽ ഡോർ ആക്കിയാൽ അവ പ്രവർത്തനക്ഷമമാക്കാവുന്നതാണെങ്കിലും അത് പോലും കെൽട്രോൺ ചെയ്തുകൊടുക്കുന്നില്ല എന്നും അറ്റകുറ്റപ്പണി ചെയ്യുക എന്ന ഉത്തരവാദിത്വത്തിൽ നിന്നും കെൽട്രോൺ പിന്മാറുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. ഇ-ടോയ്‌ലറ്റുകൾ കെൽട്രോണിന് വേണ്ടി സ്ഥാപിക്കുന്ന ഏജൻസികൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, കോടിക്കണക്കിന് രൂപ ചെലവഴിച്ച് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കെൽട്രോൺ മുഖേന സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലെറ്റുകൾ എവിടെയെല്ലാമാണെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണ്, പ്രവർത്തിക്കാത്തത് ഏതൊക്കെയാണ് എന്നതും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

346. മാങ്കുളം ഗ്രാമപഞ്ചായത്തിലെ കെൽട്രോൺ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ് ഇലക്ട്രോണിക് ഡോർ മാറ്റിയതിനു ശേഷം നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

347. സാധാരണ ടോയ്‌ലറ്റുകളെ അപേക്ഷിച്ച് ഇ-ടോയ്‌ലെറ്റുകളുടെ നിർമ്മാണത്തിനും മെയിന്റനൻസിനും വർദ്ധിച്ച തുക വേണ്ടി വരുന്നതായി നിരീക്ഷിച്ച സമിതി ഇനി മുതൽ ഇ-ടോയ്‌ലറ്റുകൾക്ക് പകരം സാധാരണ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതായിരിക്കും ഉചിതം എന്ന് അഭിപ്രായപ്പെടുന്നു. ആലുവ നഗരസഭ ഇ-ടോയ്‌ലറ്റുകളുടെ മെയ്ന്റനൻസിനായി വൻതുക ചെലവഴിക്കുന്നതായി നിരീക്ഷിച്ച സമിതി, മുടക്കുമുതലിന്റെ 5 മുതൽ 8 ശതമാനം വരെയുള്ള തുക മാത്രമേ എ.എം.സി. ഇനത്തിൽ പരാമാവധി ചെലവഴിക്കാവൂ എന്ന വസ്തുത കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി മികച്ച നിലവാരമുള്ള ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

348. പാലാരിവട്ടം ജംഗ്ഷന്റെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന ഗ്രീൻ ടോയ്‌ലെറ്റ് യാത്രക്കാർക്ക് തടസ്സമാണെന്നും അതിൽ വ്യാപാരി വ്യവസായികൾക്ക് കടുത്ത അതൃപ്തിയുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ടോയ്‌ലെറ്റ് അടിയന്തരമായി പൊളിച്ചുനീക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

349. ഫോർട്ട് കൊച്ചി ബീച്ച് പാർക്കിലുള്ള രണ്ട് ഗ്രീൻ ടോയ്‌ലെറ്റുകൾ പൂർണ്ണമായും പ്രവർത്തനക്ഷമമല്ലാത്തതിനാൽ അവ പൊളിച്ചുമാറ്റി ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മിക്കുവാൻ സാധിക്കുമോയെന്ന് ആലോചിക്കുവാനും ഇല്ലെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിക്കുവാനും സമിതി നിർദ്ദേശിക്കുന്നു

ഓഡിറ്റ് ഖണ്ഡിക

**നിഷ്ക്രിയാസ്തികൾ-ശ്മശാനം മുതൽ ആംബുലൻസ് വരെ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലക്ഷ്യങ്ങൾ നേടാനാവാതെ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള മറ്റുപല സംരംഭങ്ങളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഫീസ് സംവിധാനങ്ങൾ, വാഹനങ്ങൾ, സ്റ്റേഡിയങ്ങൾ/പാർക്കുകൾ, ശ്മശാനങ്ങൾ, ജലസേചന സംവിധാനങ്ങൾ എന്നിവയൊക്കെ ഇതിൽപ്പെടും. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു;

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്ത് പട്ടികജാതി കുടുംബങ്ങളിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 2004-05 ൽ 8 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി. 3,99,920/-രൂപയാണ് ഇതിനായി ചെലവഴിച്ചത്. എന്നാൽ പദ്ധതി നിർവ്വഹണത്തിലെ വീഴ്ച മൂലം പത്തുവർഷത്തോളമായി ഉപയോഗിക്കാതെ കമ്പ്യൂട്ടറുകൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിൽ അവശേഷിക്കുകയാണ്.

തിരുവല്ല നഗരസഭ 2011-12 മുതൽ 2013-14 വരെ 15,25,899/-രൂപ ചെലവഴിച്ച കുട്ടികളുടെ പാർക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടില്ല. നിലവിൽ കാടുപിടിച്ച നിലയിലാണ് പാർക്ക്.

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്ത് 2009-ൽ വാങ്ങിയ മഹീന്ദ്ര ട്രാക്ടർ ഇരുമ്പുവീലുകൾ പൊട്ടി ഉപയോഗമില്ലാതെ കിടക്കുകയാണ്. 5,24,830/-രൂപ ചെലവിലാണ് ട്രാക്ടർ വാങ്ങിയത്.

ചേർത്തല നഗരസഭ 2007-ൽ നിർമ്മിച്ച ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തനരഹിതമാണ്. 16,38,134/-രൂപ ചെലവഴിച്ച ക്രിമിറ്റോറിയം നിഷ്ക്രിയാസ്തിയായി മാറിയിരിക്കുകയാണ്.

**ഡംപർ പ്ലേസർ ഉപയോഗിക്കാതെ തന്നെ പ്രവർത്തനരഹിതം;**

**9.85 ലക്ഷത്തിന്റെ നിഷ്ക്രിയാസ്തി**

തിരുവല്ല നഗരസഭ 2003-04 ൽ ശുചീകരണ വാഹനമായ ഡംപർ പ്ലേസർ 9,85,000/- രൂപ ചെലവഴിച്ച് ഗുജറാത്തിൽ നിന്നും വാങ്ങി. എന്നാൽ വാഹനത്തിന്റെ സ്റ്റേറ്റ് എൻട്രി ടാക്സ് അടയ്ക്കാത്തതിനാൽ ഉപയോഗിക്കുവാൻ കഴിയാതെ വന്നു. ഹൈഡ്രോളിക് സിസ്റ്റം തകർന്ന് വാഹനം തകരാറിലുമായി. നിലവിൽ, റിപ്പയർ ചെയ്യാൻ കഴിയാത്തവിധത്തിൽ വാഹനം നഗരസഭാ വളപ്പിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്ത് 1997-98 മുതൽ 2005-06 വരെ 5 ലക്ഷം രൂപ ചെലവഴിച്ച് പൊതു കളിസ്ഥലം നിർമ്മിച്ചു. കളിസ്ഥലത്തിന് കരിങ്കൽഭിത്തി ഭാഗികമായി കെട്ടി എർത്ത് ഫില്ലിംഗും നടത്തി. നിലവിൽ ഭിത്തി ഭാഗികമായി തകർന്ന് കളിസ്ഥലം പാഴ്ച്ചെടികൾ നിറഞ്ഞ നിലയിലാണ്.

കോട്ടയം നഗരസഭ 28,03,875/-രൂപ ചെലവഴിച്ച കോടിമത ട്രക്ക് ടെർമിനൽ ഉപയോഗമില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 2011-12 ൽ 7,17,654/-രൂപ ചെലവഴിച്ച വേബ്രിഡ്ജ് കാടുകയറി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ഇതിന്റെ യന്ത്ര സാമഗ്രികൾ നാശോന്മുഖമാണ്. 2009-10 ൽ 17,44,450/-രൂപ ചെലവഴിച്ച നിർമ്മിച്ച പുല്ലരിക്കുന്ന് ഗ്യാസ് ക്രിമറ്റോറിയം ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. ക്രിമറ്റോറിയത്തിൽ വൈദ്യുതിയും, വെള്ളവും ഇതുവരെ ലഭിച്ചിട്ടില്ല.

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് 2009 ൽ 19 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം 2011 ന ശേഷം പ്രവർത്തിക്കുന്നില്ല. നിലവിൽ ഇത് നാശോന്മുഖമാണ്. 2013 ൽ പഞ്ചായത്തിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ സംവിധാനവും പ്രവർത്തന സജ്ജമല്ല. 2,95,000/- രൂപ ചെലവഴിച്ചാണിത് വാങ്ങിയത്.

## ജലസേചന പദ്ധതി ഉദ്ഘാടന ദിവസം തന്നെ തകരാറിലായി 10.61 ലക്ഷത്തിന്റെ ആസ്തി നിഷ്ക്രിയം

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്ത് 1999-2000 ൽ 10,61,816/- രൂപ ചെലവഴിച്ച പൂർത്തിയാക്കിയതാണ് വക്കുവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. പദ്ധതിയുടെ ഉദ്ഘാടന ദിവസം തന്നെ ടാങ്കിലേക്ക് വെള്ളം എത്തിക്കുന്ന പി.വി.സി. പൈപ്പ് പൊട്ടിയതിനാൽ ഗുണഭോക്തൃ സമിതി ഏറ്റെടുക്കുവാൻ തയ്യാറായില്ല. നിലവിൽ പദ്ധതി ഉപയോഗശൂന്യമായി കിടക്കുന്നു.

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്ത് 1997-98 ൽ 8,75,000/- രൂപ ചെലവഴിച്ച പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇതുവരെ പ്രവർത്തനക്ഷമമായില്ല. യന്ത്രങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു. പെരുമ്പാവൂർ നഗരസഭ 2005-ൽ നിർമ്മിച്ച വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗശൂന്യമാണ്. 18 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിച്ചത്.

കൊച്ചി കോർപ്പറേഷൻ 2013-14 ൽ 7 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വലിയകുളം ഓപ്പൺ എയർ സ്റ്റേജ് ഉപയോഗിക്കാതെ കിടക്കുകയാണ്. കോർപ്പറേഷൻ 2011-12 ൽ 10,04,791/- രൂപ ചെലവഴിച്ച വാങ്ങിയ പഞ്ചിംഗ്-അറ്റൻഡൻസ് സിസ്റ്റവും ഉപയോഗിക്കാതെ കിടക്കുകയാണ്.

കാസർഗോഡ് നഗരസഭ 2004-05 ൽ 7,88,196/-രൂപ ചെലവിട്ട് നഗരസഭയുടെ വിവിധ ഭാഗങ്ങളിലായി 40 മഴവെള്ള സംഭരണികൾ സ്ഥാപിച്ചു. എന്നാൽ നിലവിൽ ഇവയിൽ ഒന്നുപോലും പ്രവർത്തനക്ഷമമല്ല. നഗരസഭ 2003-ൽ നിർമ്മിച്ച ചെന്നിക്കരയിലെ കാറ്റിൽ പൗണ്ടും ഉപയോഗമില്ലാതെ കിടക്കുകയാണ്. 3,26,828/- രൂപയായിരുന്നു ഇതിന്റെ നിർമ്മാണ ചെലവ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.15)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## പത്തനംതിട്ട ജില്ല
## ചിറ്റാർ ഗ്രാമപഞ്ചായത്ത്

**350.** പട്ടികജാതി കുടുംബങ്ങളിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 2004-05-ൽ നടപ്പാക്കിയ പദ്ധതി, നിർവ്വഹണത്തിലെ വീഴ്ചമൂലം 10 വർഷത്തോളമായി ഉപയോഗിക്കാതെ കമ്പ്യൂട്ടറുകൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിൽ അവശേഷിക്കുകയാണെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലുള്ള അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നതിനാലാണ് അവ ഉപയോഗത്തിനായി നൽകാതിരുന്നതെന്ന് ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**351.** കമ്പ്യൂട്ടറുകൾ വിജിലൻസ് കസ്റ്റഡിയിലെടുത്തോയെന്നും കമ്പ്യൂട്ടറുകൾ ഉപയോഗിക്കരുതെന്ന് വിജിലൻസ് പറഞ്ഞിരുന്നോ എന്നും സമിതി ആരാഞ്ഞതിന് ഫയലുകൾ മാത്രമാണ് വിജിലൻസ് കസ്റ്റഡിയിലെടുത്തതെന്നും കമ്പ്യൂട്ടറുകൾ പഞ്ചായത്ത് ഓഫീസിൽത്തന്നെ സീൽ ചെയ്ത് വയ്ക്കുകയായിരുന്നുവെന്നും വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ അവരുടെ അനുവാദം വേണമെന്ന് കരുതിയാണ് ഉപയോഗിക്കാതിരുന്നതെന്നും 2016-ൽ ഇതുമായി ബന്ധപ്പെട്ട് വിജിലൻസിന് കത്ത് നൽകിയിരുന്നെങ്കിലും തിരുവനന്തപുരം എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ

ജഡ്ജ് വിജിലൻസ് കോടതിയിൽ വിചാരണയിലിരിക്കുന്ന കേസായതിനാൽ തിരുവനന്തപുരം വിജിലൻസ് കോടതിയാണ് അനുവാദം നൽകേണ്ടതെന്നും അറിയിച്ചുകൊണ്ടുള്ള മറുപടിയാണ് ലഭ്യമായതെന്നും സെക്രട്ടറി മറുപടി നൽകി.

**352.** പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 10 വർഷത്തിന് ശേഷമാണ് കത്ത് നൽകിയതെന്ന് കുറ്റപ്പെടുത്തിയ സമിതി, ഇക്കാര്യത്തിലേക്കായി വീണ്ടും കത്ത് അയച്ചിരുന്നോ എന്നും കമ്പ്യൂട്ടറുകളുടെ നിലവിലെ സ്ഥിതി എന്താണെന്നും ആരാഞ്ഞതിന് കമ്പ്യൂട്ടറുകൾ നിലവിൽ ഉപയോഗശൂന്യമാണെന്നാണ് പരിശോധിച്ചപ്പോൾ മനസ്സിലായതെന്നും 18-6-2018-ൽ ഇതേ വിഷയവുമായി ബന്ധപ്പെട്ട് ഒരു കത്ത് കൂടി അയച്ചിട്ടുണ്ടെന്നും ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**353.** കമ്പ്യൂട്ടറുകൾ സീൽ ചെയ്ത അന്നുതന്നെ കോടതിയിൽ അപേക്ഷിച്ച് അത് ഉപയോഗിക്കാനുള്ള അനുവാദം വാങ്ങേണ്ടതായിരുന്നുവെന്നും കീഴ്ക്കോടതിയുടെ അനുവാദം വേണമെന്ന് ആർക്കാണ് അറിയാത്തതെന്നും പഞ്ചായത്തിന്റെ ഉത്തരവാദിത്വമില്ലായ്മയാണ് ഇതിനെല്ലാം കാരണമെന്നും കുറ്റപ്പെടുത്തിയ സമിതി, പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പദ്ധതി തുകയാണ് ഇതിലൂടെ നഷ്ടമായിരിക്കുന്നതെന്നും ഇതെല്ലാം പ്രധാനമായും സർക്കാരിന്റെ പദ്ധതികളെക്കുറിച്ച് ജനങ്ങളിൽ അവമതിപ്പുണ്ടാക്കുന്നതിന് ഇടയാക്കുമെന്നും അഭിപ്രായപ്പെടുകയുണ്ടായി.

## തിരുവല്ല നഗരസഭ

**354.** 2011-12 മുതൽ 2013-14 വരെയുള്ള കാലയളവിൽ 15,25,899/-രൂപ ചെലവഴിച്ച് നിർമ്മിച്ച തിരുവല്ല നഗരസഭയുടെ കീഴിലുള്ള കുട്ടികളുടെ പാർക്ക് ഇപ്പോൾ പ്രവർത്തനക്ഷമമാണോ എന്നും ഇതിന്റെ സ്ഥല പരിമിതി എത്രയാണെന്നും പ്രസ്തുത പാർക്ക് കാടുപിടിച്ച് കിടക്കുകയാണോ എന്നും സമിതി ആരാഞ്ഞതിന് നഗരസഭയുടെ 27-ാം വാർഡിൽ കാവുംഭാഗത്ത് 6 സെന്റ് സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള പ്രസ്തുത പാർക്ക് 2016-ൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ടെന്നും

നിലവിൽ നന്നായി സൂക്ഷിച്ചുവരുന്നുണ്ടെന്നും പ്രായഭേദമന്യേ എല്ലാവരും ടി പാർക്കിൽ വരാറുണ്ടെന്നും എന്നാൽ കുട്ടികൾ കൂടുതലായും ടി പാർക്കിന് അടുത്തായി സ്ഥാപിച്ചിട്ടുള്ളതും ധാരാളം റൈഡുകൾ ഉള്ളതുമായ മറ്റൊരു പാർക്കിലാണ് പോകുന്നതെന്നും തിരുവല്ല നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് നിലവിൽ പാർക്ക് പ്രവർത്തനക്ഷമമായതുകൊണ്ട് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**ഡംപർ പ്ലേസർ ഉപയോഗിക്കാതെ തന്നെ പ്രവർത്തനരഹിതം 9.85 ലക്ഷത്തിന്റെ നിഷ്ക്രിയാസ്തി**

**355.** 2003-04 കാലയളവിൽ തിരുവല്ല നഗരസഭയിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി 9,85,000/-രൂപ ചെലവഴിച്ച് മെ.ദുർഗ്ഗാ ട്രാക്ടേഴ്സ് മുഖേന ഗുജറാത്തിൽ നിന്നും വാങ്ങിയ ഡംപർ പ്ലേസറിന്റെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത വാഹനത്തിന്റെ ഗ്യാരന്റി പിരീഡിനെക്കുറിച്ചും സമിതി ആരാഞ്ഞതിന് ഡംപർ പ്ലേസർ എന്നത് മാലിന്യങ്ങൾ നീക്കം ചെയ്യാനുപയോഗിക്കുന്ന കണ്ടെയ്നറുകളാണെന്നും നഗരത്തിലെ വിവിധ സ്ഥലങ്ങളിലായി സ്ഥാപിക്കേണ്ടതായിരുന്നെങ്കിലും 5 കണ്ടെയ്നറുകളും ഇതുവരെ ഉപയോഗിച്ചിട്ടില്ലെന്നും വാഹനം തകരാറിലായതിനാൽ നഗരസഭ വളപ്പിൽ കിടക്കുകയാണെന്നും ഒരു വർഷത്തെ ഗ്യാരന്റിയുണ്ടായിരുന്ന പ്രസ്തുത വാഹനത്തിന്റെ സ്റ്റേറ്റ് എൻട്രി ടാക്സ് അടച്ചിട്ടില്ലാത്തതിനാൽ ടാക്സ് ഒടുക്കാനുള്ള രേഖകൾ ഹാജരാക്കാൻ മെ. ദുർഗ്ഗാ ട്രാക്ടേഴ്സിന്റെ തിരുവനന്തപുരത്തെയും ഗുജറാത്തിലെയും ഏജൻസിയ്ക്ക് കത്തുകളയച്ചെങ്കിലും പ്രസ്തുത കത്തുകളെല്ലാം തിരികെ ലഭിക്കുകയാണുണ്ടായതെന്നും തുടർന്ന് എൻട്രി ടാക്സ് അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിനോട് അപേക്ഷിക്കുകയും സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും പണമെടുത്ത് ടാക്സ് അടച്ച് രജിസ്ട്രേഷൻ നടത്തുകയാണ് ചെയ്തതെന്നും പ്രസ്തുത നടപടി പൂർത്തിയാക്കാൻ 2 വർഷത്തോളം സമയമെടുത്തെന്നും അതിനുശേഷം വാഹനം പ്രവർത്തിപ്പിച്ചപ്പോൾ അതിന്റെ ഹൈഡ്രോളിക് സിസ്റ്റം പ്രവർത്തനരഹിതമായിരുന്നുവെന്നും ഭാരം കൂടിയ കണ്ടെയ്നർ ഉയർത്തിയാൽ അതിന്റെ ജാക്കി പ്രവർത്തിക്കുകയില്ലെന്നും തിരുവല്ല നഗരസഭ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**356.** പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഏജൻസിക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ടോ എന്നും ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും സമിതി ആരാഞ്ഞതിന് ഒരു വക്കീലിനെ ചുമതലപ്പെടുത്തിയതായിട്ടാണ് ഫയൽ രേഖയെന്നും അഡ്വക്കേറ്റ് സാബുവിനാണ് പ്രസ്തുത ചുമതലയെന്നും ഏജൻസിക്കെതിരെ കേസ് മൂവ് ചെയ്യണമെന്ന് നഗരസഭാ ചെയർമാൻ ആവശ്യപ്പെട്ടെങ്കിലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞതെന്നും താത്ക്കാലിക സെക്രട്ടറി ചുമതല വഹിച്ചിരുന്ന കാലത്താണ് അത് വാങ്ങിയതെന്നും തിരുവല്ല നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചപ്പോൾ ടിയാൻ ഇപ്പോൾ വിരമിച്ചു എന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

**357.** മെ. ദുർഗ്ഗാ ട്രാക്റ്റേഴ്സ് ഒരു വ്യാജ കമ്പനി ആണെന്നും നഗരസഭയുടെ ഉത്തരവാദിത്തമില്ലായ്മയാണ് ഇതിലൂടെ പ്രകടമാകുന്നതെന്നും അഭിപ്രായപ്പെട്ട സമിതി വാഹനത്തിന്റെ എൻടി ടാക്സ് അടയ്ക്കുന്നതിനുള്ള രേഖകളില്ലാതെ വാഹനം വാങ്ങിയതിനെ വിമർശിക്കുകയും നഗരസഭകൾക്ക് മോഡൽ ആകേണ്ടിയിരുന്ന ഈ പദ്ധതിയ്ക്ക് പിന്നിൽ വ്യാപക അഴിമതി നടന്നിട്ടുണ്ടെന്നും എല്ലാ ഉദ്യോഗസ്ഥർക്കും ഇതിൽ പങ്കുണ്ടെന്നാണ് മനസിലാകുന്നതെന്നും പ്രസ്തുത വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തു. ആയതിന് ഇതു സംബന്ധിച്ച് നഗരകാര്യ വകുപ്പ് ഡയറക്ടർ അന്വേഷിച്ച് റിപ്പോർട്ട് നൽകേണ്ടതാണെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടതിന് ഗവൺമെന്റ് പ്ലീഡർമാരുടെ അഭിപ്രായം ആരാഞ്ഞതിന് ശേഷം വക്കീലിനെ ചുമതലപ്പെടുത്തി കേസ് റീ ഓപ്പൺ ചെയ്താൽ മതിയാകുമെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

**358.** കേരളത്തിലെ നഗരസഭകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങളിൽ 90% വാടകയ്ക്ക് എടുക്കുന്നവയാണെന്നും അവയെല്ലാം മൂടിയില്ലാത്തതും ചോർന്നൊലിക്കുന്നവയുമാണെന്നും ആയതിനാൽ മാലിന്യം കൊണ്ടുപോകുമ്പോൾ അതിൽ നിന്നു മലിന ജലം ഒഴുകുന്നതുകാരണം ദുർഗന്ധം വമിക്കുകയാണെന്നും മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും

പ്രസ്തുത കാര്യം അറിയിച്ചപ്പോൾ സംഘടിത ശക്തികളായ കരാറുകാർ മാലിന്യം എടുക്കാൻ വരുന്നതിൽ നിന്നും പിന്മാറി പ്രതിഷേധിക്കുമെന്നും ആയതിനാൽ പ്രസ്തുത വാഹനങ്ങൾ തന്നെ വാടകയ്ക്കെടുക്കുവാൻ നിർബന്ധിതരാകുന്നതായും കവചിതവും ചോർന്നൊലിക്കാത്തതും അടിഭാഗത്ത് വെള്ളം ശേഖരിക്കാനുള്ള ടാങ്ക് ഉള്ളതുമായ ആധുനിക വാഹനങ്ങൾ നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാക്കണമെന്നും അതോടൊപ്പം നഗരസഭകളിലെയും മുനിസിപ്പാലിറ്റികളിലെയും തൊഴിലാളികളിലധികവും കയ്യുറകളും കാലുറകളും ഉപയോഗിക്കാതെ മാലിന്യം നീക്കം ചെയ്യുന്നതിനാൽ ഗുരുതര രോഗത്തിന് അടിമകളാണെന്നും ആയതിനാൽ അവരുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് കർശന നിർദ്ദേശം നൽകണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ആലപ്പുഴ ജില്ല**

**വള്ളികുന്നം ഗ്രാമപഞ്ചായത്ത്**

**359.** 2009-ൽ 5,24,830/- രൂപ ചെലവഴിച്ച് വാങ്ങിയ ട്രാക്ടറിന്റെ നിലവിലെ അവസ്ഥയെന്തെന്ന് സമിതി ആരാഞ്ഞപ്പോൾ നിലവിൽ ട്രാക്ടർ പ്രവർത്തനക്ഷമമല്ലെന്നും പ്രവർത്തനക്ഷമമാക്കുന്നതിന് അംഗീകൃത ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 2,38,404/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടെന്നും റിപ്പയർ ചെയ്യുന്നതിന് ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ടെന്നും പുതിയ പാടശേഖരസമിതിയെ കണ്ടെത്തി ട്രാക്ടർ കൈമാറുന്നതിനാണ് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതെന്നും ട്രാക്ടർ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം ഉറപ്പ് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുടർന്ന് ട്രാക്ടർ പ്രവർത്തനക്ഷമമാക്കി പാടശേഖരസമിതിക്ക് കൈമാറാൻ സാധിക്കുന്നത് നല്ല കാര്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി സെക്രട്ടറിയുടെ മറുപടി അംഗീകരിച്ചു.

**ചേർത്തല നഗരസഭ**

**360.** മൃതദേഹം ദഹിപ്പിക്കുന്നതിനായി ഗ്യാസ് ക്രിമറ്റോറിയം ഉപയോഗിക്കണമെന്നും ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിൽ മൃതദേഹം ദഹിപ്പിക്കരുതെന്നും കേരള മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരം കർശന നിർദ്ദേശം

നൽകാൻ മുനിസിപ്പാലിറ്റിക്ക് അധികാരമുണ്ടായിരുന്നിട്ടുകൂടി എന്തുകൊണ്ടാണ് ആയത് പ്രാവർത്തികമാക്കാത്തതെന്നും സമിതി ചോദ്യമുന്നയിച്ചതിന് നിലവിൽ അവിടെ മൂന്ന് സമുദായത്തിന്റെ ക്രിമറ്റോറിയം ഉണ്ടെന്നും ആയതിനാൽ നഗരസഭാ ക്രിമറ്റോറിയത്തിൽ മൃതദേഹം കൊണ്ടുവരാൻ ആളുകൾ വിമുഖത കാണിക്കുന്നുവെന്നും നഗരസഭ ക്രിമിറ്റോറിയം നിലവിൽ ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ ദ്രവിച്ചും പരിസരമാകെ കാടുപിടിച്ച നിലയിലുമാണെന്നും സെക്രട്ടറി-ഇൻ-ചാർജ്ജ് സമിതിയെ ബോധിപ്പിച്ചു.

**361.** 2007-ൽ നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം 10 വർഷത്തോളം പ്രവർത്തനരഹിതമായിരുന്നുവെന്നും ഓഡിറ്റ് ഒബ്ജക്ഷനുമായി ബന്ധപ്പെട്ട് സമിതി മുമ്പാകെ ഹാജരാകണമെന്നുള്ളതുകൊണ്ടാണ് നിലവിൽ ഇതേക്കുറിച്ച് ആലോചിച്ചതെന്നും കുറ്റപ്പെടുത്തിയ സമിതി വീടുകളിൽ മൃതദേഹം ദഹിപ്പിക്കുന്നതു നിരോധിക്കാനും ഗ്യാസ് ക്രിമറ്റോറിയം ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിക്കാനും നഗരസഭയ്ക്ക് അധികാരമുണ്ടായിട്ടും നഗരസഭ ആയത് ചെയ്തിട്ടില്ലെന്ന് റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**അയ്മനം ഗ്രാമപഞ്ചായത്ത്**

**362.** 1997-98 മുതൽ 2005-06 വരെയുള്ള കാലയളവിൽ 5 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പൊതു കളിസ്ഥലം നിഷ്ക്രിയാസ്തിയായി തുടരുന്നുവെന്നും അവിടെ സ്റ്റേഡിയം സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് വിട്ടുകൊടുത്തോ എന്നും നിലവിലെ സ്ഥിതി എന്തെന്നും സമിതി ആരാഞ്ഞതിന് കിൻഫ്രയ്ക്കല്ല, കിഫ്ബിയുടെ പ്രോജക്ടാണെന്നും 2015-16-ലെ ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ചിരുന്നെന്നും ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടെന്നും 'ഹഡ്കോ'യുടെ സാമ്പത്തിക സഹായത്തോടെയാണ് ഇത് ചെയ്യുന്നതെന്നും ഇൻഡോർ സ്റ്റേഡിയത്തിന്റെയും നീന്തൽ കുളത്തിന്റെയും പ്രവൃത്തി പൂർത്തിയാക്കാൻ 5 കോടി രൂപ മതിയാകുമെന്നും ഹഡ്കോ 10 കോടി രൂപയുടെ വായ്പ മാത്രമേ അനുവദിക്കുകയുള്ളൂ എന്നുള്ളതുകൊണ്ട് ഒരു മുനിസിപ്പാലിറ്റിയെയും കൂടി ലിങ്ക് ചെയ്താണ് പ്രസ്തുത പ്രവൃത്തി

നടപ്പാക്കുന്നതെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. സ്റ്റേഡിയത്തിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**കോട്ടയം ജില്ല**
**കോട്ടയം നഗരസഭ**

**363.** 28,03,875/-രൂപ ചെലവഴിച്ച് നിർമ്മിച്ച കോടിമത ട്രക്ക് ടെർമിനലിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് 28,03,875/-രൂപ ചെലവഴിച്ച് നിർമ്മിച്ച കോടിമത ട്രക്ക് ടെർമിനലും 7,17,654/-രൂപ ചെലവഴിച്ച് നിർമ്മിച്ച വേബ്രിഡ്ജും ഒറ്റ പ്രോജക്ടായിരുന്നുവെന്നും നഗരസഭ ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ് നിർമ്മിക്കുന്ന സ്ഥലത്തെ വ്യാപാരികളെ ഒഴിപ്പിച്ചപ്പോൾ ട്രക്ക് ടെർമിനൽ നിർമ്മിക്കുന്ന സ്ഥലത്താണ് അവർക്ക് ഷെഡ് കെട്ടുന്നതിനുള്ള അനുവാദം നൽകിയിരുന്നതെന്നും ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ് 6 മാസത്തിനകം പ്രവർത്തനക്ഷമമാകുമെന്നും അതിനുശേഷം പ്രസ്തുത സ്ഥലം ട്രക്ക് ടെർമിനലായി പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കുമെന്നും വേബ്രിഡ്ജ് നിലവിൽ പ്രവർത്തനരഹിതമാണെന്നും അത് റിപ്പയർ ചെയ്യുന്നതിനുവേണ്ടി ട്രാൻസ് വേൾഡ് സെയിൽസ് എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും കോട്ടയം നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**364.** ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാണോ എന്ന സമിതി ചോദ്യത്തിന് കുമാരനെല്ലൂർ, ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ 2009-10-ൽ എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം നിലവിൽ അഖില കേരള ചേരമർ ഹിന്ദു മഹാസഭയുടെ പേരിലുള്ള സ്ഥലത്താണ് സ്ഥാപിച്ചതെന്നും മൃതദേഹം ദഹിപ്പിക്കുന്നതല്ല ഭൂമിയിൽ മറവ് ചെയ്യുന്നതാണ് അവരുടെ ആചാരരീതിയെന്നതിനാൽ ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിന് അവർ എതിർപ്പ് പ്രകടിപ്പിക്കുന്നതായും ബഹു. നഗരസഭാ ചെയർപേഴ്സൺ ചർച്ച നടത്തിയിട്ടും തീരുമാനമായില്ലെന്നും വീണ്ടും രണ്ടാംഘട്ട ചർച്ച കേരള ചേരമർ ഹിന്ദു മഹാസഭയുടെ ഭാരവാഹികളുമായി നടത്താൻ തീരുമാനിച്ചിരിക്കുകയാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

**365.** പ്രസ്തുത ഭൂമിയിൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിച്ചത് അവരുടെ അനുവാദമില്ലാതെയാണോ എന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ക്രിമറ്റോറിയം നിർമ്മിച്ച സമയത്ത് തർക്കമില്ലായിരുന്നുവെന്നും എസ്.സി.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ചതിനാൽ മറ്റ് വിഭാഗത്തിൽപ്പെട്ട ആളുകളുടെ മൃതദേഹം ടി ക്രിമറ്റോറിയത്തിൽ ദഹിപ്പിക്കുവാൻ പാടില്ലെന്നാണ് അഖില കേരള ചേരമർ ഹിന്ദുമഹാസഭയുടെ നിലപാടെന്നും 05.06.1941-ലെ ജി. ഒ.(ആർ.ടി.) 610/BC/SA പ്രകാരമാണ് പ്രസ്തുത ഭൂമി അഖില കേരള ചേരമർ ഹിന്ദു മഹാസഭയ്ക്ക് ലഭിച്ചിരിക്കുന്നതെന്നും എന്നാൽ വില്ലേജ് രേഖകളിൽ പ്രസ്തുത ഭൂമി റവന്യൂ പുറമ്പോക്ക് എന്നതായിട്ടാണ് കാണുന്നതെന്നും സെക്രട്ടറി മറുപടി പറഞ്ഞതിന്, ആയതുസംബന്ധിച്ച് ഡയറക്ടർ ഓഫ് പഞ്ചായത്ത്സ്ന്റെ അഭിപ്രായം സമിതി ആരാഞ്ഞപ്പോൾ പുറമ്പോക്ക് ഭൂമി അവർ കയ്യേറി സ്വന്തമാക്കിയതായിരിക്കാമെന്നും അവരെ അവിടെനിന്നും ഒഴിപ്പിച്ച് ക്രിമിറ്റോറിയം നടത്തുകയാണ് വേണ്ടതെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ മറുപടി നൽകിയതിനെത്തുടർന്ന് പ്രസ്തുത കാലയളവിലെ ഫയൽ പരിശോധിച്ച് ഇതെങ്ങനെ സംഭവിച്ചുവെന്ന് കണ്ടെത്താമെന്ന് അഡീഷണൽ ഡയറക്ടർ ഓഫ് പഞ്ചായത്ത്സ് സമിതിയെ അറിയിച്ചു.

**366.** ട്രക്ക് ടെർമിനൽ, വേബ്രിഡ്ജ്, ഗ്യാസ് ക്രിമിറ്റോറിയം എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

**ഇടുക്കി ജില്ല**

**നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്**

**367.** ഗ്യാസ് ക്രിമറ്റോറിയത്തിന്റെ നിലവിലെ സ്ഥിതിയെ കുറിച്ച് സമിതി ആരാഞ്ഞപ്പോൾ 2009-10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 19 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ക്രിമറ്റോറിയം 2010-11-നുശേഷം പ്രവർത്തനരഹിതമാണെന്നും ആയത് പുനരാരംഭിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ റെയ്ഡ്കോയ്ക്ക് 2017 ആഗസ്റ്റ് മാസത്തിൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അവരുടെ ടെക്നിക്കൽ എക്സ്പെർട്ട് ടീം പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും 04.07.2018-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി പ്രസ്തുത

റിപ്പോർട്ട് പരിഗണിക്കുകയും നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഗ്യാസ് ക്രിമറ്റോറിയം പുനരുദ്ധരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി വാങ്ങി 2018-ൽ തന്നെ പ്രവർത്തനയോഗ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**368.** പദ്ധതി നിർവ്വഹണ ഏജൻസിയായ റെയ്ഡ്കോയുമായി എ.എം.സി. വയ്ക്കാത്തതിനാലാണ് ആവശ്യമായ മെയിന്റനൻസ് സപ്പോർട്ട് ലഭിക്കാത്തതെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടപ്പോൾ എ.എം.സി. ഒരു വർഷം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ആദ്യ ഒരു വർഷം ക്രിമറ്റോറിയത്തിന്റെ പ്രവർത്തനത്തിൽ പ്രശ്നമില്ലായിരുന്നെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

**369.** ഗ്രാമപ്രദേശത്ത് ആളുകൾക്ക് ആവശ്യത്തിന് സ്ഥലസൗകര്യമുള്ളതിനാൽ ആരും മൃതദേഹം ദഹിപ്പിക്കുന്നതിന് ക്രിമറ്റോറിയത്തെ ആശ്രയിക്കാറില്ലെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടപ്പോൾ നിലവിൽ ക്രിമറ്റോറിയത്തിന്റെ ആവശ്യകത പഞ്ചായത്തിനുണ്ടെന്നും ഏകദേശം 5 ലക്ഷം രൂപ ചെലവഴിച്ചാൽ ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കാമെന്നും അതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിന് റെയ്ഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി. 6 മാസം കൂടുമ്പോഴൊക്കെയാണ് ഒരു മൃതദേഹം ദഹിപ്പിക്കുന്നതിനായി ടി സ്ഥലത്ത് കൊണ്ടുവരുന്നതെന്നും പഞ്ചായത്തിലെ ജനസംഖ്യയിലധികവും ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ആളുകളായതിനാൽ പള്ളി സെമിത്തേരിയിലാണ് മൃതദേഹം മറവു ചെയ്യുന്നതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചതിനെ തുടർന്ന് ആയതൊന്നും ക്രിമറ്റോറിയം നന്നാക്കാതിരുന്നതിന് ന്യായീകരണമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി ആവശ്യമായ ഫണ്ട് കണ്ടെത്തി ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് മുഖേന സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

**370.** കൂടാതെ പ്രസ്തുത പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ സംവിധാനം നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് സമിതി ആരായുകയും ആയതിന് ടച്ച് സ്ക്രീൻ പ്രവർത്തിക്കുന്നുണ്ടെന്നും കമ്പ്യൂട്ടർ സംവിധാനത്തിലൂടെ പ്രസ്തുത പഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങളുടെയെല്ലാം തൽസ്ഥിതി അറിയാമെന്നും സെക്രട്ടറി അറിയിക്കുകയും ചെയ്തതിനെ തുടർന്ന് ടി മറുപടി അംഗീകരിക്കാവുന്നതാണെന്ന് സമിതി അറിയിച്ചു.

**എറണാകുളം ജില്ല**
**വേങ്ങൂർ ഗ്രാമപഞ്ചായത്ത്**

**ജലസേചന പദ്ധതി ഉദ്ഘാടന ദിവസം തന്നെ തകരാറിലായി; 10.61 ലക്ഷത്തിന്റെ ആസ്തി നിഷ്ക്രിയം.**

**371.** 1999-2000-ൽ 10,61,816/-രൂപ ചെലവഴിച്ച് നിർമ്മിച്ച വക്കുവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉദ്ഘാടന ദിവസം തന്നെ തകരാറിലായി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ചും പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും സമിതി ചോദ്യമുന്നയിച്ചതിന് വക്കുവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ തുടർ പ്രവൃത്തികൾക്കായി 2014-15 സാമ്പത്തിക വർഷത്തിൽ അഡീഷണൽ പ്രോജക്ടിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി പദ്ധതി പൂർത്തിയാക്കിയെന്നും പഞ്ചായത്തിലെ 8, 9, 10 വാർഡുകളിൽ ടി പദ്ധതി പ്രകാരം ജല വിതരണം നടത്തി വരുന്നുണ്ടെന്നും നിലവിൽ പ്രസ്തുത പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും വേങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**ആവോലി ഗ്രാമപഞ്ചായത്ത്**

**372.** 1997-98-ൽ 8,75,000/- രൂപ ചെലവഴിച്ച് നിർമ്മിച്ച പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ചോദിച്ചപ്പോൾ പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവയുടെ പ്രവൃത്തി നടന്നിട്ടുണ്ടെന്നും പമ്പ് ഹൗസ് പുഴയുടെ തീരത്തായതിനാൽ കാലവർഷ സമയത്ത് പമ്പ് ഹൗസിൽ

വെള്ളം കയറി മോട്ടോർ നശിച്ചുപോയെന്നും കൂടാതെ വൈദ്യുതി കണക്ഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതിനാൽ പ്രോജക്ട് കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ലെന്നും ആവോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**373.** വൈദ്യുതി കണക്ഷന് പ്രൊവിഷൻ വയ്ക്കാതെ എങ്ങനെയാണ് പദ്ധതി പ്രവർത്തനം സാധ്യമാകുന്നതെന്ന് സമിതി ആരാഞ്ഞതിന് ഗ്രാമപഞ്ചായത്ത് പ്രോജക്ട് വച്ചിരുന്നെങ്കിലും ജില്ലാ പഞ്ചായത്താണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നിലച്ചുപോയതിനാൽ പ്രോജക്ടിന്റെ ബാക്കി പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തതായും ആയതിനായി 2007-08 മുതൽ 2012-13 വർഷം വരെ 2,97,500/- രൂപ വകയിരുത്തിയതിൽ 22,500/- രൂപ പദ്ധതിയുടെ വൈദ്യുതി കണക്ഷനായി ചെലവിട്ടിട്ടുള്ളതായും ബാക്കി തുകയായ 2,75,000/-രൂപ പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനായി എറണാകുളം മൈനർ ഇറിഗേഷൻ ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും അവർ 3 തവണ ടെണ്ടർ വിളിച്ചിട്ടും ആരും ഏറ്റെടുക്കാൻ തയ്യാറായില്ലെന്നും ആയതിനാൽ ഫണ്ട് തിരികെ വാങ്ങുന്നതിനും ഗുണഭോക്തൃ സമിതിയെക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായെന്നും ഇതിനെത്തുടർന്ന് 15.07.2017-ൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഫണ്ട് തിരികെ നൽകിയിട്ടുണ്ടെന്നും സബ്മേഴ്സിബിൾ പമ്പ് ഫിറ്റിംഗ്, വാട്ടർ ടാങ്ക് മെയിന്റനൻസ് തുടങ്ങിയവ നടത്തുന്നതുമായി ബന്ധപ്പെട്ട് 2017-18 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ച 2,75,000/- രൂപ കൂടി വകയിരുത്തി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആവോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത പദ്ധതിയ്ക്കായി 10 ലക്ഷം രൂപ കൂടി അധികം ചെലവഴിച്ചാൽ പദ്ധതി പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമോ എന്ന് സെക്രട്ടറിയ്ക്ക് ഉറപ്പുനൽകാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞതിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളതിനാൽ പ്രവർത്തനക്ഷമമാക്കാൻ ശ്രമിക്കാമെന്ന് ആവോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വീണ്ടും 10 ലക്ഷം രൂപ

ചെലവാക്കുന്നതിനാൽ പദ്ധതി പ്രാവർത്തികമാക്കുക തന്നെ വേണമെന്ന് സമിതി കർശനമായി നിർദ്ദേശിച്ചു. കൂടാതെ ലിഫ്റ്റ് ഇറിഗേഷൻ നടത്തിക്കൊണ്ടുപോകാൻ പഞ്ചായത്തിനു സാധിക്കില്ലെന്നും ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് കൈമാറിയിരുന്നെങ്കിൽ അവർ പദ്ധതി പ്രാവർത്തികമാക്കുമായിരുന്നുവെന്നും പഞ്ചായത്ത് കമ്മിറ്റിയിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യണമെന്നും പദ്ധതി നടപ്പാക്കുമെന്നുള്ള സെക്രട്ടറിയുടെ ഉറപ്പ് രേഖപ്പെടുത്തുകയാണെന്നും അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത പദ്ധതി തുക പാഴാക്കാതെ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിച്ചു.

## പെരുമ്പാവൂർ നഗരസഭ

**374.** ഈ വിഷയം പെരുമ്പാവൂർ നഗരസഭയുമായി ബന്ധപ്പെട്ട 4.1.12 അറവുശാലകൾ നിഷ്ക്രിയാസ്തിയായി മാറുന്നു എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധമുള്ളതാണെന്നും ഇത് ചർച്ച ചെയ്ത വിഷയമാണെന്നും അഭിപ്രായപ്പെട്ട സമിതി നിലവിൽ പെരുമ്പാവൂർ നഗരസഭയിൽ KAICO മുഖാന്തരം എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്ന് ആരാഞ്ഞതിന് നിലവിൽ KAICO മുഖാന്തരം ഒരു പദ്ധതിയും നടത്തുന്നില്ലെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

**375.** സ്വന്തമായി ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ മാത്രമേ വിതരണം ചെയ്യാവൂ എന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടെന്നും കൂടാതെ ഓപ്പൺ ടെണ്ടറിലൂടെയാണ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചതിനെത്തുടർന്ന് ഏജൻസികളെ സംബന്ധിച്ച പരാതികൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ തുടർ വർഷങ്ങളിൽ അവർക്ക് അക്രഡിറ്റേഷൻ നൽകില്ലെന്നും പരാതിയൊന്നും ലഭിക്കാത്തതിനാലാണ് തുടർന്നും അക്രഡിറ്റേഷൻ നൽകുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. ആയതിന് ഏജൻസികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ സംബന്ധിച്ച് ഉടൻ തന്നെ സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രവും ജില്ലാ നിർമ്മിതി കേന്ദ്രവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും അതിനെ അമാൽഗമേറ്റ് ചെയ്യണമെന്നും ഇവയുടെ കണക്കുകളോ പ്രവർത്തനങ്ങളോ ഒന്നും സുതാര്യമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

## കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

**376.** 2013-14-ൽ 7 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വലിയകുളം ഓപ്പൺ എയർ സ്റ്റേജ് ഉപയോഗമില്ലാത്ത അവസ്ഥയിലാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ചും ഇത് എവിടെയാണ് സ്ഥിതിചെയ്യുന്നതെന്നും പ്രസ്തുത സ്റ്റേജിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും സമിതി ചോദ്യമുന്നയിച്ചതിന് ഇടക്കൊച്ചിയിലെ 16-ാം വാർഡിലാണ് ഓപ്പൺ എയർ സ്റ്റേജ് സ്ഥിതി ചെയ്യുന്നതെന്നും പ്രസ്തുത സ്ഥലത്താണ് നഗരസഭയുടെ പരിപാടികളും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നതെന്നും നിലവിൽ ഓപ്പൺ എയർ സ്റ്റേജ് പ്രവർത്തനക്ഷമമാണെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**377.** കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2011-2012 ൽ 10,04,791/- രൂപ ചെലവഴിച്ച് വാങ്ങിയ പഞ്ചിംഗ് അറ്റൻഡൻസ് സിസ്റ്റം ഉപയോഗിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത പഞ്ചിംഗ് സിസ്റ്റം പ്രവർത്തനരഹിതമാണെന്നും മെഷീന് ഒരു വർഷത്തെ ഗ്യാരന്റി മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും ഒരു വർഷത്തേക്കാണ് കെൽട്രോണുമായി എഗ്രിമെന്റ് വച്ചിരുന്നതെന്നും കോർപ്പറേഷന്റെ മെയിൻ ഓഫീസിലാണ് മെഷീൻ വച്ചിരുന്നതെന്നും കുറച്ചുദിവസം പ്രവർത്തിച്ചിരുന്ന പ്രസ്തുത മെഷീന്റെ 'വയർ' ചില സ്ഥലങ്ങളിൽ കട്ട് ചെയ്തിരുന്നതായി കാണപ്പെട്ടുവെന്നും കെൽട്രോണുമായി എഗ്രിമെന്റ് വച്ചിരുന്ന ഗ്യാരന്റി പിരീഡ് അവസാനിച്ചുവെന്നും എ.എം.സി. വച്ചിട്ടില്ലായിരുന്നുവെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**378.** പഞ്ചിംഗ് മെഷീൻ കേടാക്കിയവർക്കെതിരെ നടപടി കൈക്കൊണ്ടില്ലേ എന്നും ഒരു വർഷത്തെ ഗ്യാരന്റിയിൽ 10 ലക്ഷം രൂപ ആരെങ്കിലും മുടക്കുമോയെന്നും സമിതി ആരാഞ്ഞപ്പോൾ കേടാക്കിയത് ആരാണെന്ന് അറിയാത്തതിനാൽ നടപടി എടുക്കാൻ സാധിച്ചിട്ടില്ലായെന്നും നിലവിൽ പഞ്ചിംഗ് മെഷീൻ ഉണ്ടെങ്കിലും പ്രവർത്തനരഹിതമാണെന്നും 15 ലക്ഷം രൂപ മുതൽ മുടക്കിൽ 10 ലക്ഷം രൂപ മാത്രമാണ് കെൽട്രോണിന് നൽകിയിട്ടുള്ളതെന്നും പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിന് മുമ്പ് കേടായതിനാൽ

ബാക്കി തുക നൽകിയില്ലെന്നും പല തവണ കത്ത് അയച്ചിട്ടും മീറ്റിംഗ് വിളിച്ചിട്ടും കെൽട്രോണിന്റെഭാഗത്തു നിന്നും യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടിയ്ക്കായി കൗൺസിൽ തീരുമാനമെടുത്തിരിക്കുകയാണെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**379.** പഞ്ചിംഗ് സിസ്റ്റം പോലുള്ള കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ ഇംപ്ലിമെന്റിംഗ് ഏജൻസിയുടെ ഒരു സ്ഥിരം സംവിധാനം കൂടി ഓഫീസ് തലത്തിൽ ഉണ്ടാകുമെന്നും സെക്രട്ടേറിയറ്റിൽ സമയബന്ധിതമായി സേവനം കിട്ടുന്ന രീതിയിൽ കെൽട്രോണിന്റെ ഒരു സ്ഥിരം സംവിധാനം നിലവിലുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. വളരെ ഗുരുതരമായ വീഴ്ചയാണ് കൊച്ചി കോർപ്പറേഷന്റെയും കെൽട്രോണിന്റെയും ഭാഗത്തു നിന്നുണ്ടായതെന്ന് വിമർശിച്ച സമിതി ഇത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചു. കൂടാതെ പ്രസ്തുത റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ വിജിലൻസ് അന്വേഷണം ആവശ്യമുണ്ടെങ്കിൽ സമിതിയ്ക്ക് ശിപാർശ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും പണം മുടക്കിയതിനേക്കാൾ പ്രധാനം പഞ്ചിംഗ് സിസ്റ്റത്തെ അട്ടിമറിക്കാൻ ശ്രമിച്ച എന്നതാണെന്നും ഇത് സംബന്ധിച്ച് ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുള്ളതിനാലും എല്ലാ സ്ഥാപനങ്ങളിലും പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുള്ളതിനാലും, കോർപ്പറേഷനിൽ പഞ്ചിംഗ് സംവിധാനം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ആലോചിക്കണം എന്ന് സമിതി അഭിപ്രായപ്പെട്ടു.

**380.** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കെൽട്രോൺ മുഖാന്തരം സെൻട്രലൈസ്ഡ് ബയോമെട്രിക് സിസ്റ്റം ഇംപ്ലിമെന്റ് ചെയ്യുന്നതിന് 3 ലക്ഷം രൂപയിൽ കുറവായിരുന്നു ചെലവ് വന്നതെന്നും കുറച്ച് പ്രവൃത്തികൾ വകുപ്പ് ചെയ്തുകൊടുത്താൽ കുറഞ്ഞ ചെലവിൽത്തന്നെ കെൽട്രോൺ ബാക്കിയുള്ളവ ചെയ്തുതരുമെന്നും എല്ലാ മെഡിക്കൽ കോളേജുകളിലും സെൻട്രലൈസ്ഡ് ബയോമെട്രിക് സിസ്റ്റം നിലവിലുണ്ടെന്നും കെൽട്രോൺ ആദ്യം ക്വാട്ട് ചെയ്തത് വളരെ വലിയ തുകയാണെന്നും എന്നാൽ നെഗോഷിയേറ്റ് ചെയ്ത് തുക കുറയ്ക്കുകയാണ് ചെയ്തതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

381. മെഡിക്കൽ കോളേജിൽ 3 ലക്ഷം രൂപയ്ക്ക് സ്ഥാപിച്ച മെഷീന് കോർപ്പറേഷനിൽ 10 ലക്ഷം രൂപ ചെലവായതിൽത്തന്നെ പ്രശ്നമുണ്ടെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചതിന് പ്രസ്തുത റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചു.

## കാസർഗോഡ് ജില്ല

### കാസർഗോഡ് നഗരസഭ

382. മഴവെള്ള സംഭരണിയുടേയും ശ്മശാനത്തിന്റെയും നിലവിലെ അവസ്ഥ സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് 2004-05 സാമ്പത്തിക വർഷത്തെ പ്രവൃത്തിയുടെ ഭാഗമായിട്ടാണ് മഴവെള്ള സംഭരണികൾ നിർമ്മിച്ചതെന്നും നിലവിൽ അവ ഉപയോഗശൂന്യമായ അവസ്ഥയിലാണെന്ന് നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കൂടാതെ ക്യാറ്റിൽ പൗണ്ട് നിർമ്മിച്ചിരുന്ന സ്ഥലം ആധുനിക രീതിയിലുള്ള ശ്മശാനമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണെന്നും കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. ആയത് സമിതി അംഗീകരിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**383. ചിറ്റാർ ഗ്രാമപഞ്ചായത്ത് പട്ടികജാതി കുടുംബങ്ങളിലെ കുട്ടികൾക്കായി വാങ്ങിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗശൂന്യമായത് പഞ്ചായത്തിന്റെ അനാസ്ഥ മൂലമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**384. തിരുവല്ല നഗരസഭയുടെ കീഴിലുള്ള കുട്ടികളുടെ പാർക്ക് പ്രവർത്തനക്ഷമമാണെന്ന സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**385. തിരുവല്ല നഗരസഭ മെ.ദുർഗ്ഗാ ട്രാക്ടേഴ്സ് എന്ന വ്യാജ കമ്പനി മുഖേന ഡാപർ പ്ലേസർ വാങ്ങിയത് വാങ്ങിയത് ഉത്തരവാദിത്തമില്ലായ്മയാണെന്ന് സമിതി വിലയിരുത്തുന്നു. എൻടി ടാക്സ് അടപ്പിക്കുന്നതിനുള്ള രേഖകളില്ലാതെ വാഹനം**

വാങ്ങിയതിനെ സമിതി വിമർശിക്കുകയും നഗരസഭകൾക്ക് മാതൃകയാകേണ്ടിയിരുന്ന പ്രസ്തുത പദ്ധതിക്ക് പിന്നിൽ വ്യാപക അഴിമതി നടന്നിട്ടുണ്ടെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത ഏജൻസിക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ടി കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

386. നഗരഭകളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കവചിതവും ചോർന്നൊലിക്കാത്തതും അടിഭാഗത്ത് വെള്ളം ശേഖരിക്കാനുള്ള ടാങ്കുള്ളതുമായ ആധുനിക വാഹനങ്ങൾ ഉപയോഗിക്കണമെന്നും തൊഴിലാളികളുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

387. വള്ളികുന്നം ഗ്രാമപഞ്ചായത്ത് വാങ്ങിയ ട്രാക്ടർ ഉടൻതന്നെ പ്രവർത്തനക്ഷമമാക്കി പാടശേഖര സമിതിക്ക് കൈമാറുന്നതാണെന്നും സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.

388. ചേർത്തല നഗരസഭയിൽ 2007ൽ നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം പത്ത് വർഷത്തോളം പ്രവർത്തനരഹിതമായിരുന്നിട്ടും നഗരസഭ യാതൊരു ഇടപെടലും നടത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. വീടുകളിൽ മൃതദേഹം ദഹിപ്പിക്കുന്നത് നിരോധിക്കാനും ഗ്യാസ് ക്രിമറ്റോറിയം ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിക്കാനും നഗരസഭയ്ക്ക് അധികാരമുണ്ടായിട്ടും നഗരസഭ ആയത് ചെയ്തിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ക്രിമറ്റോറിയം പ്രവർത്തന ക്ഷമമാക്കണമെന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

389. അയ്മനം ഗ്രാമപഞ്ചായത്ത് നിർമ്മിച്ച പൊതു കളിസ്ഥലത്ത് നടത്തുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

390. കോട്ടയം നഗരസഭയിലെ കോടിമത ട്രക്ക് ടെർമിനൽ, വേബ്രിഡ്ജ്, ഗ്യാസ് ക്രിമറ്റോറിയം എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

391. നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് 2009-ൽ 19 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ സംവിധാനം നിലവിൽ പ്രവർത്തനക്ഷമമാണെന്ന സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

392. വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ വക്കുവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

393. പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതി നടപ്പിലാക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണെന്നുമുള്ള ആവോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തുക പാഴാക്കാതെ പദ്ധതി നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു

394. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏജൻസികൾ മുഖേന പദ്ധതികൾ നടപ്പാക്കുമ്പോൾ ഏജൻസികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ ഉടൻ തന്നെ സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

395. സംസ്ഥാന നിർമ്മിതി കേന്ദ്രവും ജില്ലാ നിർമ്മിതി കേന്ദ്രവും തമ്മിൽ ബന്ധമില്ലെന്നും അവയുടെ പ്രവർത്തനവും കണക്കുകളും സുതാര്യമല്ലെന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത കേന്ദ്രങ്ങളെ അമാൽഗമേറ്റ് ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു

396. കൊച്ചി മുനിസിപ്പൽ കോർപ്പറേൻ നിർമ്മിച്ച വലിയകുളം ഓപ്പൺ എയർ സ്റ്റേജ് നിലവിൽ പ്രവർത്തനക്ഷമമാണെന്ന സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ കെൽട്രോൺ മുഖേന നടപ്പാക്കിയ

പഞ്ചിംഗ്-അറ്റൻഡൻസ് സിസ്റ്റം ദിവസങ്ങൾക്കകം തന്നെ പ്രവർത്തനരഹിതമായതിൽ കോർപ്പറേഷന്റെയും കെൽട്രോണിന്റെയും ഭാഗത്തുനിന്ന് ഗുരുതര വീഴ്ചയുണ്ടായതായി സമിതി വിമർശിക്കുന്നു. പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു . കോർപ്പറേഷൻ ഓഫീസിൽ പഞ്ചിംഗ് സംവിധാനം പുനരാരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

397. കാസർഗോഡ് നഗരസഭ 2004-05 സാമ്പത്തിക വർഷത്തെ പ്രവൃത്തിയുടെ ഭാഗമായാണ് മഴവെള്ള സംഭരണികൾ നിർമ്മിച്ചതെന്നും നിലവിൽ അവ ഉപയോഗശൂന്യമാണെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ക്യാറ്റിൽ പൗണ്ട് നിർമ്മിച്ചിരുന്ന സ്ഥലം ആധുനിക രീതിയിലുള്ള ശ്മശാനമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുന്നു . പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10

## അനുബന്ധം - I
## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നം. | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | തദ്ദേശസ്വയംഭരണ വകുപ്പ് | 14 | കൊച്ചി കോർപ്പറേഷന്റെ അധീനതയിലുള്ള വാഹനങ്ങളുടെ കൃത്യമായ കണക്ക് കോർപ്പറേഷന്റെ കൈവശമില്ലെന്നും കോർപ്പറേഷനിലെ 93 വാഹനങ്ങളിൽ ഉപയോഗശൂന്യമായ 53 എണ്ണം ഏത് വർക്ക് ഷോപ്പിലാണുള്ളത് എന്നത് സംബന്ധിച്ച് കോർപ്പറേഷന്റെ പക്കൽ യാതൊരു വിവരവുമില്ലെന്നും വാഹനങ്ങളുടെ , അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് വർക്ക് ഷോപ്പുകൾ അനാവശ്യ കാലതാമസം വരുത്തുകയാണെന്നും സമിതി നിരീക്ഷിക്കുന്നു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ വിവരം ഉൾക്കൊള്ളുന്ന വാഹന രജിസ്റ്റർ, വാഹനങ്ങൾ റിപ്പയറിംഗിന് നൽകുന്ന വർക്ക്ഷോപ്പുകളുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ എന്നിവ സൂക്ഷിക്കണമെന്നും വാഹനങ്ങളുടെ മൂവ്മെന്റ് രജിസ്റ്റർ കൃത്യമായി പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | " | 15 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കാലപ്പഴക്കം ചെന്ന വാഹനങ്ങളുടെ വാല്യുവേഷൻ ഫിക്സ് ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിഭാഗത്തെ മാത്രം അശ്രയിക്കുന്നത് കാലതാമസം ഉണ്ടാക്കുന്നതിനാൽ ആയതിനായി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഫാക്കൽറ്റികളെയും കൂടി നിയോഗിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 3 | " | 16 | കൊച്ചി കോർപ്പറേഷനിലെ മാലിന്യ സംസ്ക്കരണം സംബന്ധിച്ച വിഷയങ്ങൾ വളരെ ഗുരുതരമാണെന്നും പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ദീർഘകാല ബദൽ ക്രമീകരണം കോർപ്പറേഷൻ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണെന്നും സമിതി നിരീക്ഷിക്കുന്നു. |
| 4 | " | 17 | മാലിന്യസംസ്കരണ പ്ലാന്റിനെതിരെയുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ ഇതുവരെ കഴിഞ്ഞില്ലെന്ന് സമിതി വിലയിരുത്തുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം മാത്രമേ പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കാവൂ എന്നും പ്ലാന്റ് മികച്ച രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി വിപുലമായ രീതിയിൽ പ്രചരണം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 5. | " | 49 | ചിറ്റാർ ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിൽ അമിതമായി മാലിന്യം നിക്ഷേപിച്ചതുമൂലമാണ് പ്ലാന്റ് ഉപയോഗശൂന്യമായത് എന്ന് സമിതി വിലയിരുത്തുന്നു. നിലവിൽ പഞ്ചായത്ത് വളപ്പിൽ അടിസ്ഥാന സൗകര്യമൊരുക്കി പ്ലാന്റ് സ്ഥാപിക്കുകയും പിന്നീട് സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് പ്ലാന്റ് മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നത് അധികച്ചെലവാണെന്ന് സമിതി നിരീക്ഷിക്കുന്നു. കൃത്യമായ ആസൂത്രണത്തോടെയും പാഴ്ചെലവ് ഒഴിവാക്കിയും പുതിയ മാലിന്യ സംസ്കരണ പ്ലാന്റ് താമസംവിനാ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | " | 50 | തിരുവല്ല നഗരസഭയിലെ ബയോഗ്യാസ് പ്ലാന്റ്, പൈപ്പ്-കമ്പോസ്റ്റ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനക്ഷമത, അവയുടെ കേടുപാട് തീർക്കൽ, ഉപഭോക്താക്കളോടുള്ള കമ്പനിയുടെ ഇടപെടൽ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതികൾ മാലിന്യ സംസ്കരണത്തിന് ഫലപ്രദമല്ലെന്നുള്ള ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ പ്രവർത്തനം പഠന വിധേയമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 7 | " | 51 | വിജയകരമായി മാലിന്യ സംസ്കരണം നടത്തുന്ന വളരെ കുറച്ച് കേന്ദ്രങ്ങൾ മാത്രമേ സംസ്ഥാനത്തുള്ളൂ എന്ന് അഭിപ്രായപ്പെട്ട സമിതി ഖരമാലിന്യസംസ്കരണത്തിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഒരു മാതൃകാ പദ്ധതി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | " | 52 | ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണത്തിനുള്ള ബയോഗ്യാസ് പ്ലാന്റ് നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 9 | " | 53 | ആലപ്പുഴ നഗരസഭയിലെ ഖരമാലിന്യ സംസ്കരണത്തിനുള്ള ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണത്തിനായി വേണ്ടത്ര പഠനവും വിവരശേഖരണവും നടത്താതെ വൻതുക ചെലവാക്കിയതിനെ സമിതി വിമർശിക്കുന്നു. ആയത് സംബന്ധിച്ച് നിലവിലുള്ള വിജിലൻസ് കേസ് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 10 | " | 54 | തൊടുപുഴ നഗരസഭ ഖരമാലിന്യ സംസ്കരണത്തിനായി വാങ്ങിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ പൊതുജന പ്രക്ഷോഭം നിമിത്തം സ്ഥാപിക്കാൻ സാധിച്ചില്ലെന്നും നിലവിൽ കാഞ്ഞിരമറ്റം എന്ന സ്ഥലത്ത് പ്രസ്തുത മെഷീന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നുമുള്ള തൊടുപുഴ മുനിസിപ്പാലിറ്റി സെക്രട്ടറി (ഇൻചാർജ്ജ്) യുടെ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 11 | " | 55 | മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും സെപ്റ്റേജ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | " | 56 | മാലിന്യസംസ്കരണം സർക്കാർ പ്രത്യേക പദ്ധതിയായി കണക്കാക്കി ഫണ്ട് അനുവദിക്കുന്ന സാഹചര്യത്തിൽ പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണ യൂണിറ്റ് നിഷ്ക്രിയാസ്തിയായതിനാൽ പകരം സംവിധാനം ആലോചിക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണത്തിനായി ബദൽ സംവിധാനം കണ്ടെത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | " | 57 | പള്ളിക്കര ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നൽകിയ വിശദീകരണം അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു. |
| 14 | " | 58 | ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ പ്രവർത്തന രഹിതമായ മാലിന്യ സംസ്കരണ പ്ലാന്റ് പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു |
| 15 | " | 59 | കാസർഗോഡ് നഗരസഭയിൽ ബയോഗ്യാസ് പ്ലാന്റ് പൊളിച്ചുമാറ്റി നിർമ്മിച്ച മത്സ്യമാർക്കറ്റിന് പുറത്ത് മത്സ്യ വിപണനം നടത്തുന്നവരെ നോട്ടീസ് നൽകി ഒഴിപ്പിക്കുകയോ അല്ലെങ്കിൽ അവരെ മാർക്കറ്റിനകത്ത് കച്ചവടം നടത്താൻ അനുവദിക്കുകയോ ചെയ്യണമെന്നും ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 16 | " | 103 | ചിറ്റാർ ഗ്രാമപഞ്ചായത്തിൽ 2008 മുതൽ 2010 വരെ പ്രവർത്തിച്ചിരുന്ന തയ്യൽ പരിശീലനകേന്ദ്രം പിന്നീട് നിർത്തലാക്കിയതും 47400/-രൂപ ചെലവഴിച്ച് വാങ്ങിച്ച തയ്യൽ മെഷീനുകൾ തുരുമ്പെടുത്ത് ഉപയോഗശൂന്യമായതും പഞ്ചായത്ത് അധികാരികളുടെ അനാസ്ഥ മൂലമാണെന്ന് സമിതി വിലയിരുത്തുന്നു. ഉപയോഗശൂന്യമായ തയ്യൽമെഷീനുകൾ പ്രവർത്തനക്ഷമമാക്കി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | " | 104 | പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് 2013-ൽ സമഗ്ര ചെറുകിട വ്യവസായ സംരംഭ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും പിന്നീട് ഹരിപ്പാട് മുനിസിപ്പാലിറ്റി രൂപീകരിച്ചപ്പോൾ ടി കെട്ടിടം നിൽക്കുന്ന വാർഡ് മുനിസിപ്പാലിറ്റിയുടെ ഭാഗമായിയെന്നും ടി സ്ഥാപനം നിലവിൽ ഹരിപ്പാട് മുനിസിപ്പാലിറ്റിയിലാണ് സ്ഥിതിചെയ്യുന്നതെങ്കിലും ടി കെട്ടിടവും കെട്ടിടം നിൽക്കുന്ന സ്ഥലവും പള്ളിപ്പാട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്നും സ്ഥാപനം ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതാണെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. മുനിസിപ്പാലിറ്റിക്ക് കൈമാറേണ്ട കെട്ടിടം കൈമാറാതെ പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ലൈസൻസിനായി നഗരസഭയെ സമീപിച്ചപ്പോഴുണ്ടായ പ്രശ്നങ്ങളാണ് സമഗ്ര ചെറുകിട വ്യവസായ സംരംഭത്തിന്റെ പ്രവർത്തനം വൈകാനുണ്ടായ കാരണമെന്ന് സമിതി വിലയിരുത്തുന്നു. പൊതുഖജനാവിൽ നിന്ന് പണം ചെലവഴിച്ച് നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ തർക്കങ്ങൾ പരിഹരിച്ച് മികച്ച രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നതോടൊപ്പം മേൽ വിഷയത്തിൽ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തും മുനിസിപ്പാലിറ്റിയും തമ്മിലുള്ള തർക്കം പരിഹരിച്ച് പ്രസ്തുത സംരംഭം ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 18 | " | 105 | ആല ഗ്രാമപഞ്ചായത്തിൽ വിവിധ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതി സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 19 | " | 106 | ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 2000-2001-ൽ 19 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കയർ കോമൺ ഫെസിലിറ്റി സെന്ററിൽ<br>18 വർഷത്തോളം യാതൊരു പ്രവർത്തനവും നടത്താതിരിക്കുകയും നിലവിൽ കെട്ടിടം ASAP-ന് കൈമാറുകയും ചെയ്ത നടപടിയെ സമിതി നിശിതമായി വിമർശിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് പതിനെട്ട് വർഷം കയർ കോമൺ ഫെസിലിറ്റി സെന്റർ ഉപയോഗിക്കാതിരുന്നതിന് ഒരു വിശദീകരണവും നൽകിയിട്ടില്ലെന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത വിശദീകരണവും പദ്ധതിക്കായി അനുവദിച്ചിട്ടുള്ളതിൽ നീക്കിയിരുപ്പുള്ള തുക പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കാത്തതിന്റെ കാരണവും ഉൾപ്പെടുന്ന റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | " | 107 | മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ എസ്.സി. വനിതാ വ്യവസായ യൂണിറ്റിൽ എത്ര ഗ്ലാസ്സും പ്ലേറ്റും നിർമ്മിച്ചുവെന്നും എത്ര തുകയ്ക്ക് വിൽപ്പന നടത്തിയെന്നും തൊഴിലാളികൾക്ക് കൊടുത്ത തുക എത്രയെന്നുമുള്ള വ്യക്തമായ കണക്കുണ്ടെങ്കിൽ മാത്രമേ പദ്ധതിയുടെ ലാഭവും നഷ്ടവും |

| | | | |
|---|---|---|---|
| | | | വിലയിരുത്താൻ കഴിയുകയുള്ളുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പദ്ധതിയുടെ വരവ് ചെലവ് കണക്കും പദ്ധതി ലാഭകരമായിരുന്നോ എന്നത് സംബന്ധിച്ച വിവരവും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 21 | " | 108 | സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കുന്ന പദ്ധതികളുടെ, സംരംഭങ്ങളുടെ വിശദാംശം വകുപ്പ് തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | " | 109 | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | " | 110 | ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ എസ്.സി. വർക്ക് ഷെഡിന്റെ പ്രവർത്തനം സംബന്ധിച്ച് വളരെ നിരുത്തരവാദപരമായ സമീപനമാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ഉദയനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെടണമെന്നും പ്രസ്തുത പദ്ധതി പ്രവർത്തനനക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 23 | " | 111 | കോട്ടയം നഗരസഭയിലെ വനിതാ വ്യവസായ യൂണിറ്റിന്റെ കെട്ടിടത്തിന്റെ മുകളിലത്തെ നില അറ്റകുറ്റ പണികൾക്കായി ടെണ്ടർ ചെയ്തിട്ടുണ്ടെന്ന കോട്ടയം നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 24 | " | 112 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 25 | " | 113 | അതിരമ്പുഴ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വനിതാ വ്യവസായ, കേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച നിലവിലെ സ്ഥിതിവിവര റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 26 | " | 114 | നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റിൽ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ നിർമ്മിച്ച കെട്ടിടത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ നൽകിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | " | 115 | ആർപ്പൂക്കര, അയ്മനം ഗ്രാമപഞ്ചായത്തുകളിലെ വനിതാ വ്യവസായ തൊഴിൽ സംരംഭകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും ഗ്രൂപ്പുകളെ സഹായിക്കുന്നതിനുമായി നിലവിൽ 13 ലക്ഷം രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന ഏറ്റുമാനൂർ ബി.ഡി.ഒ.യുടെ വിശദീകരണം സമിതി അംഗീകരിക്കുന്നതോടൊപ്പം പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്യുന്നു. |
| 28 | " | 116 | തൊടുപുഴ നഗരസഭ നിർമ്മിച്ച വെങ്ങല്ലൂർ വനിതാ വ്യവസായ കേന്ദ്രം വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി നൽകിയെങ്കിലും സമീപത്ത് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വരുന്നതിനെ എതിർത്തുവെന്ന കാരണത്താൽ അവരെ ഒഴിപ്പിച്ചത് ന്യായീകരിക്കാവുന്നതല്ല എന്ന് സമിതി |

| | | | |
|---|---|---|---|
| | | | അഭിപ്രായപ്പെടുന്നു. പ്രസ്തുത വ്യവസായ കേന്ദ്രത്തിന്റെ രണ്ട് മുറികളിൽ വയോമിത്ര, പാലിയേറ്റീവ് കെയർ എന്നിവ പ്രവർത്തിക്കുന്നതായും ശേഷിച്ച ഒരു മുറിയിൽ ഹരിതകേരളമിഷന്റെ ഭാഗമായുള്ള MRF സെന്ററായി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 29 | " | 117 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് നിർമ്മിച്ച താന്നിമൂട്ടിലെ വികലാംഗ സ്വയംതൊഴിൽ യൂണിറ്റിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതും പ്രസ്തുത കെട്ടിടത്തിന്റെ പുനരുദ്ധാരണവും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 30 | " | 118 | വെങ്ങോല ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ കേന്ദ്രത്തിനായി 2012-13 കാലയളവിലാണ് കെട്ടിടം നിർമ്മിച്ചതെന്നും 2019 മാർച്ച് മാസത്തിൽ അറ്റകുറ്റപ്പണികൾപൂർത്തീകരിച്ച് ഏപ്രിൽ 1 ന് അമൃതം ഫുഡ്സ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുമെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 31 | " | 119 | വേങ്ങൂർ ഗ്രാമപഞ്ചായത്ത് യാതൊരു ആസൂത്രണവുമില്ലാതെയാണ് വനിതാ വ്യവസായ കേന്ദ്രത്തിനായി കെട്ടിടനിർമ്മാണം തുടങ്ങിയതെന്നും പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും നിലവിൽ പ്രസ്തുത വിഷയം കേസിലാണെന്നും സമിതി മനസ്സിലാക്കുന്നു. വ്യക്തമായ കാഴ്ചപ്പാടോടെയും ആസൂത്രണത്തോടെയും മാത്രമേ ഭാവിയിൽ ഗ്രാമപഞ്ചായത്ത് പദ്ധതികൾ ഏറ്റെടുക്കാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 32 | " | 120 | കോതമംഗലം, നഗരസഭയിലെ വനിതാ വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 33 | " | 121 | മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ ആരക്കുന്നം എസ്.സി. വനിതാ വ്യവസായ കേന്ദ്രം വ്യവസായ ആവശ്യങ്ങൾക്ക് ലക്ഷ്യമിട്ട രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 34 | " | 122 | ആലുവ നഗരസഭയിലെ വനിതാ വ്യവസായ വിപണന കേന്ദ്രത്തിലെ വനിത കംഫർട്ട് സ്റ്റേഷൻ വനിതകൾക്ക് പ്രയോജനകരമാകുന്ന വിധത്തിലുള്ള പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന് നഗരസഭ തീരുമാനമെടുത്തിട്ടുണ്ടെന്ന നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 35 | " | 123 | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ തേവരയിൽ നിർമ്മിച്ച വനിതാ വ്യവസായ വിപണന കേന്ദ്രം നിലവിൽ കൗൺസിലറുടെ ഓഫീസായും വാർഡ് സഭാ കേന്ദ്രമായും പ്രവർത്തിക്കുകയാണെന്നുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 36 | " | 124 | മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഇൻഡസ്ട്രിയൽ ലോൺട്രി യൂണിറ്റ് കുടുംബശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 37 | " | 125 | വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ വനിതാ സംരംഭം ലക്ഷ്യമിട്ടുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ പൂർത്തീകരണം, തൊഴിൽ, സംരംഭം ആരംഭിക്കുന്നതിനാവശ്യമായ മെഷിനറി ലഭ്യമാക്കൽ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 38 | " | 126 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 39 | " | 127 | കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 40 | " | 128 | തദ്ദേശസ്വയംഭരണ വകുപ്പും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മയ്യിൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 41 | " | 129 | തദ്ദേശസ്വയംഭരണ വകുപ്പും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 42 | " | 157 | ചിറ്റാർ ഗ്രാമപഞ്ചായത്തിൽ 15 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ശബരിമല ഇടത്താവളത്തിൽ കഴിഞ്ഞ തവണയും തീർത്ഥാടകർ എത്തിയിരുന്നുവെന്നും തീർത്ഥാടകർ ഉപയോഗിക്കുന്നത് കൂടാതെ പ്രസ്തുത കെട്ടിടം പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും യോഗങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുവരുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 43 | " | 158 | ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 44 | " | 159 | ആല ഗ്രാമപഞ്ചായത്ത് 2009-ൽ നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ നിലവിൽ പ്രവർത്തന സജ്ജമാണെങ്കിലും പത്ത് വർഷത്തോളം പ്രസ്തുത കെട്ടിടം ഉപയോഗമില്ലാതെ കിടന്നതിന് കാരണം തുടർപദ്ധതികൾ ദീർഘവീക്ഷണത്തോടുകൂടി തയ്യാറാക്കാത്തതാണെന്ന് സമിതി വിലയിരുത്തുന്നു. പലപ്പോഴും കെട്ടിടം പണി എന്ന പ്രോജക്ട് പൂർത്തിയാക്കിയാലും അവയുടെ വൈദ്യുതീകരണം, വാട്ടർ കണക്ഷൻ തുടങ്ങിയ തുടർ പദ്ധതികൾ നടപ്പാക്കാത്ത അവസ്ഥയുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഓരോ പദ്ധതിയും നടപ്പിലാക്കുമ്പോഴും അവയുടെ തുടർ പദ്ധതികൾ തയ്യാറാക്കുന്നതിനും ഭരണസമിതികൾ മാറിയാലും അവ നടപ്പിലാക്കുന്നതിനും പഞ്ചായത്തുകൾ ശ്രദ്ധ പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തുടർ പ്രോജക്ടുകളില്ലാത്തതും ആസ്തികൾ ഹോൾഡ് ചെയ്യാൻ സാധിക്കാത്തതും എം.എൽ.എ/എം.പി./ മറ്റ് ഏജൻസികൾ എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതുമായ കെട്ടിടങ്ങൾ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 45 | " | 160 | ഏരുമേലി ഗ്രാമപഞ്ചായത്തിലെ കാർഷിക വിജ്ഞാന വ്യാപന കേന്ദ്രത്തിന്റെ നിർമ്മാണം മൂന്ന് മാസത്തിനകം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുമെന്ന് സമിതിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ മൂന്ന് മാസത്തിനുള്ളിൽ പ്രസ്തുത കാർഷിക വിജ്ഞാന വ്യാപന കേന്ദ്രം പ്രവർത്തനമാരംഭിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 46 | " | 161 | നഗരസഭകൾ നടത്തുന്ന വായനശാലകൾക്ക് ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ നഗരസഭയിലെ ഒരംഗത്തെ താലൂക്ക് സമിതിയിൽ പ്രതിനിധിയാക്കാവുന്നതാണെന്നും പുറത്തുനിന്നുള്ള ഒരു അംഗത്തിനും പ്രതിനിധിയാകാമെന്നും വനിതകളുടെയും കുട്ടികളുടെയും വായനശാലയ്ക്ക് ഗ്രന്ഥശാല സംഘത്തിൽ പ്രത്യേക സംവിധാനമുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ചങ്ങനാശ്ശേരി നഗരസഭയിലെ വനിതകളുടെയും കുട്ടികളുടെയും വായനശാലയ്ക്കായി ഗ്രന്ഥശാല സംഘത്തിന്റെ രജിസ്ട്രേഷൻ നേടി പ്രസ്തുത ഗ്രന്ഥശാല ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 47 | " | 162 | കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ 2008-09 ൽ നിർമ്മാണം തുടങ്ങിയ ഓഫീസ് കെട്ടിടത്തിലെ ഇലക്ട്രിക്കൽ വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സിവിൽ വർക്കും ഇലക്ട്രിക്കൽ വർക്കും അടിയന്തരമായി ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 48 | " | 163 | കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ രാമേശ്വരം കോളനിയിലെ കമ്മ്യൂണിറ്റി ഹാളിന്റെ പണി പൂർത്തീകരിച്ച് കൗൺസിൽ നിർദ്ദേശിച്ച വാടകയനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന മുനിസിപ്പൽ കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 49 | " | 164 | പുല്ലേപ്പടി സംഗമോദ്യാനത്തിലെ ശ്മശാനത്തിനകത്ത് ലൈബ്രറി കെട്ടിടം നിർമ്മിച്ച കൊച്ചി നഗരസഭയുടെ പ്രവൃത്തിയെ സമിതി നിശിതമായി വിമർശിക്കുന്നു. പ്രസ്തുത കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുവാനും ശ്മശാനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 50 | " | 165 | പെരുവെമ്പ് ഗ്രാമപഞ്ചായത്തിലെ കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ രണ്ട് നിലകളും ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 51 | " | 166 | വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ അയ്യങ്കാളി സ്മാരക ഹാൾ കെട്ടിടം വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുന്നതോടൊപ്പം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്യുന്നു. |
| 52 | " | 167 | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നൽകിയ തുക നിർമ്മിതി കേന്ദ്രം തിരിച്ചടച്ചതായും കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 53 | " | 168 | കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ പുതിയ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച റിപ്പോർട്ട്, വെള്ളം കയറുന്ന സ്ഥലത്ത് അംഗൻവാടി കെട്ടിടം പണിയുന്നതിന് അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് എന്നിവ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 54 | " | 195 | അയ്യനം ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതോടുകൂടി കുടിവെള്ള പദ്ധതി മാലിന്യവിമുക്തമായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 55 | " | 196 | രാമപുരം ഗ്രാമപഞ്ചായത്തിലെ മുക്കാനെല്ലി-തേക്കുമലക്കുന്ന് കുടിവെള്ളപദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയെന്നും പദ്ധതി നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ മികച്ച രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പ്രത്യേക മേൽനോട്ടമുണ്ടാകണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 56 | " | 197 | ചങ്ങനാശ്ശേരി നഗരസഭയിൽ വാഴപ്പള്ളി സെറ്റിൽമെന്റ് കോളനി കുഴൽക്കിണർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂഗർഭ ജലവകുപ്പ് കുഴൽക്കിണർ നിർമ്മാണത്തിനായി 80 മീറ്ററോളം ആഴത്തിൽ കുഴിച്ചെങ്കിലും വെള്ളത്തിന് ഉപ്പുരസം കണ്ടെത്തിയതിനാൽ |

| | | | |
|---|---|---|---|
| | | | കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഉപേക്ഷിക്കേണ്ടി വന്നുവെന്നും ഭൂഗർഭ ജല വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചതിനെ തുടർന്ന് നഗരസഭ ഭൂഗർഭ ജല വകുപ്പിൽ അടച്ച തുക തിരികെ ലഭ്യമാക്കുന്നതിനും കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 57 | " | 198 | വാഴപ്പള്ളി സെറ്റിൽമെന്റ് കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർമാൻ എന്നിവരുമായി നഗരസഭാ സെക്രട്ടറി ചർച്ച ചെയ്ത് പ്രസ്തുത പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 58 | " | 199 | പെരുമ്പാവൂർ നഗരസഭയിലെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ലെന്ന് സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. യാതൊരു ഭാവനയുമില്ലാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതെന്നും പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അത് പൂർത്തീകരിക്കാൻ കഴിയുമോ എന്നും, ജനങ്ങൾക്ക് അത് ഉപകാരപ്രദമാകുമോ എന്നും പരിശോധിക്കേണ്ട ഉത്തരവാദിത്തം പഞ്ചായത്ത് സെക്രട്ടറിമാർക്കാണെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 59 | " | 200 | കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 60 | " | 201 | ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് കുഴൽക്കിണർ നിർമ്മിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമാക്കിയിട്ടുണ്ട് എന്ന സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 61 | " | 202 | വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ മയിലുവള്ളി കുടിവെള്ള പദ്ധതി, ചെന്നടുക്കം-മലവേട്ടുവ കോളനി കുടിവെള്ള പദ്ധതി എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 62 | " | 203 | വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ ഒറ്റക്കവുങ്ങ്/കുറ്റിത്താനി കുടിവെള്ള പദ്ധതി, മാങ്ങോട് നാലുസെന്റ് കോളനി കുടിവെള്ള പദ്ധതി, മാവുവളപ്പ് കുടിവെള്ള പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 63 | " | 209 | ചേർത്തല നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 64 | " | 210 | ചങ്ങനാശേരി നഗരസഭയിലെ സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് നടപ്പിലാക്കുന്ന ഇൻഡോർ സ്റ്റേഡിയ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |

| | | | |
|---|---|---|---|
| 65 | " | 211 | എരുവേശി ഗ്രാമപഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റിൽ ചുറ്റുമതിൽ കെട്ടി കുടുംബശ്രീ മുഖേന ചെറുകിട സംരംഭം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 66 | " | 220 | കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ മരക്കടവ്, ഇടക്കൊച്ചി ഫിഷ് ലാന്റിംഗ് സെന്ററുകളിൽ വേലിയിറക്ക സമയത്ത് മണ്ണ് അടിയുന്നതുകാരണം വഞ്ചികൾക്ക് അടുക്കാൻ സാധിക്കുന്നില്ലെന്നും പ്രസ്തുത ഫിഷ്‌ലാന്റിംഗ് സെന്ററുകളിൽ മണ്ണ് വന്നടിയാത്ത അവസരങ്ങളിൽ ചെറിയ വഞ്ചികളിൽ മത്സ്യം കൊണ്ടുവരുന്നുണ്ടെന്നുമുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഫിഷ് ലാന്റിംഗ് സെന്ററുകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 67 | " | 221 | പാലക്കാട് ജില്ലയിൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ ഉഴവർ ചന്തയ്ക്കായി നിർമ്മിച്ച കെട്ടിടവും സ്ഥലവും ഉപയോഗശൂന്യമായത് സംബന്ധിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 68 | " | 222 | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ ഫിഷ് പ്രോസസിംഗ് സെന്ററിൽ ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചാൽ സെന്ററിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. കേന്ദ്ര സർക്കാരിന്റെ എസ്.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിനും ഫിഷ് പ്രോസസിംഗ് സെന്ററിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുമുള്ള |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 69 | " | 223 | പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 70 | " | 224 | ആലുവ നഗരസഭയിലെ മത്സ്യമാർക്കറ്റ് കെട്ടിടത്തിലെ ഒന്നാം നിലയിലുള്ള ഒഴിഞ്ഞുകിടക്കുന്ന മുറികൾ ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചതിനുശേഷമുള്ള വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 71 | " | 241 | ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ വൃദ്ധസദനത്തിനായി നിർമ്മിച്ച കെട്ടിടവും അനുബന്ധ ഉപകരണങ്ങളും ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 72 | " | 242 | ഹരിപ്പാട് ഗ്രാമപഞ്ചായത്തിലെ പകൽവീടിനായി നിർമ്മിച്ച കെട്ടിടം സംബന്ധിച്ച്, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 73 | " | 243 | കോട്ടയം നഗരസഭയിൽ പകൽവീടിനായി നിർമ്മിച്ച കെട്ടിടവും ഫർണിച്ചറും റെഡ്ക്രോസ് സൊസൈറ്റി പകൽ വീട് ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയാണെന്നുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി . പ്രസ്തുത സ്ഥലം സന്ദർശിച്ച് പകൽവീടിന്റെ പ്രവർത്തനം വിലയിരുത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 74 | " | 244 | വെങ്ങോല ഗ്രാമപഞ്ചായത്ത് പെരിയാർവാലി ഇറിഗേഷൻ പദ്ധതി പ്രദേശത്ത് നിർമ്മിച്ച വൃദ്ധസദനത്തിന്റെ കെട്ടിടം പഞ്ചായത്തിന് വിട്ടു കിട്ടാത്തതിനാലാണ് പകൽ വീടിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ വൃദ്ധസദനത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ബന്ധപ്പെട്ട എം.എൽ.എ, മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവരുമായി ആലോചിച്ച് 15 ദിവസത്തിനകം പ്രസ്തുത വിഷയത്തിന്മേൽ തീരുമാനമെടുത്ത് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 75 | " | 245 | മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ വൃദ്ധ-വികലാംഗമന്ദിരം 2019 മാർച്ച് മാസത്തോടെ പ്രവർത്തനം ആരംഭിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത വൃദ്ധ-വികലാംഗ മന്ദിരം പ്രവർത്തനം ആരംഭിച്ചോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 76 | | 246 | മണീട് ഗ്രാമപഞ്ചായത്തിലെ പോത്തോളി അംബേദ്കർ കോളനി പകൽവീട് നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 77 | | 247 | പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ പകൽവീടിനായി നിർമ്മിച്ച കെട്ടിടത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ആയുർവേദാശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റിയാലുടൻ തന്നെ പകൽവീട് പ്രവർത്തനക്ഷമമാക്കു ന്നതാണെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 78 | " | 248 | തേവരയിലെ വനിതാവൃദ്ധസദനം നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 79 | " | 249 | ചുള്ളിക്കലിലെ പകൽവീട് നിലവിൽ പ്രവർത്തനക്ഷമമാണെന്ന് കൊച്ചി മുനിസിപ്പൽ സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത പകൽ വീടിന്റെ തൽസ്ഥിതി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 80 | " | 250 | ചെലവന്നൂർ പകൽ വീടിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാക്കി 2019 മാർച്ച് 31 ന് മുമ്പ് പകൽ വീട് പ്രവർത്തനം ആരംഭിക്കുമെന്ന് കൊച്ചി നഗരസഭാ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പകൽ വീട് പ്രവർത്തനം ആരംഭിച്ചോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 81 | " | 251 | വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ചാമപറമ്പിൽ നിർമ്മിച്ച വൃദ്ധവിശ്രമകേന്ദ്രം നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 82 | " | 252 | മയ്യിൽ ഗ്രാമപഞ്ചായത്തിൽ വൃദ്ധസദനത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ എത്തിച്ചേരുന്നതിന് വൃദ്ധർക്ക് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാലാണ് പ്രസ്തുത കെട്ടിടം അങ്കണവാടിക്കായി ഉപയോഗിക്കുന്നതെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ വൃദ്ധർക്ക് പ്രസ്തുത സ്ഥലത്തേക്ക് എത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ച് വൃദ്ധസദനം പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 83 | " | 253 | കണ്ണൂർ നഗരസഭയിലെ താളിക്കാവിലെ വൃദ്ധസദനം നിലവിൽ സായംപ്രഭ ഹോം ആയി പ്രവർത്തിച്ചുവരികയാണെന്ന് നഗരസഭ സെക്രട്ടറി മറുപടി നൽകിയ സാഹചര്യത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 84 | " | 255 | കാസർഗോഡ് നഗരസഭയിലെ അണങ്കൂരിൽ എസ്.സി. ഫ്ളാറ്റ് പദ്ധതിയിൽ നിർമ്മിച്ച ഫ്ളാറ്റുകൾ നിലവിൽ ഉപയോഗിക്കുന്നുണ്ടെന്നും ഒഴിഞ്ഞുകിടക്കുന്ന രണ്ട് ഫ്ളാറ്റുകൾ കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 85 | " | 274 | കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടത്തിൽ എം.ആർ.എഫ്. സെന്റർ സ്ഥാപിക്കുന്നതിന് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ടി കെട്ടിടം നിൽക്കുന്ന സ്ഥലം കായംകുളം മുനിസിപ്പാലിറ്റിയുമായി ചേർന്നുള്ള സ്ഥലമായതിനാൽ നഗരസഭയുടെ അറവുശാല പഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതുമാണെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 86 | " | 275 | ചേർത്തല നഗരസഭയിലെ അറവുമാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളും ഉൾപ്പെടെയുള്ള ബയോവേസ്റ്റ് സംസ്കരിക്കുന്നതിന് പുതിയ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി ഇൻ-ചാർജ്ജിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബയോമെഡിക്കൽവേസ്റ്റ് സംസ്കരണം ഏറ്റെടുക്കാൻ പാടില്ലെന്നും ആശുപത്രികൾ തന്നെ മാലിന്യ സംസ്കരണത്തിനായി കരാറടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണ് ചെയ്യുന്നതെന്നുമുള്ള നഗരകാര്യ ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ബയോവേസ്റ്റ് മാലിന്യങ്ങൾ ഏറ്റെടുക്കാൻ പാടില്ലെന്ന വസ്തുത വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 87 | " | 276 | എരുമേലി ഗ്രാമപഞ്ചായത്തിലെ അറവുശാലയ്ക്കായുള്ള കെട്ടിടത്തിന്റെ പണി എത്രയും പെട്ടന്ന് പൂർത്തീകരിച്ച് അറവുശാല പ്രവർത്തനമാരംഭിച്ച് ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 88 | " | 277 | മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ പൈകയിൽ നിർമ്മിച്ച മാർക്കറ്റും അറവുശാലയും പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് തുക ചെലവഴിക്കുന്നതിനുമുൻപ് ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്തണമെന്നും അറവ്ശാലയുടെയും മാർക്കറ്റിന്റെയും പ്രവർത്തനം എത്രയും വേഗം ആരംഭിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 89 | " | 278 | കോട്ടയം നഗരസഭയിലെ അറവുശാലയുടെ നിർമ്മാണം പരമാവധി ആറ് മാസത്തിനകം എല്ലാ അനുമതിയും വാങ്ങി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 90 | " | 279 | പെരുമ്പാവൂർ നഗരസഭയിലെ അറവുശാല നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും കെട്ടിടത്തിന്റെ ഒരു ഭാഗം വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അറവുശാലയിലെ |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ ഇരുമ്പുവിലയ്ക്ക് വിൽക്കുന്നതിന് മുനിസിപ്പൽ കൗൺസിലുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 91 | " | 280 | പാലക്കാട് നഗരസഭയിലെ അറവുശാല പരിഷ്ക്കരണ പദ്ധതികൾ ലക്ഷ്യത്തിലെത്താത്തതിനെത്തുടർന്നുള്ള റവന്യൂ റിക്കവറി നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 92 | " | 281 | കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടം സർക്കാരിന് സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് അടിയന്തരമായി ഒരു പ്രൊപ്പോസൽ സമർപ്പിക്കണമെന്നും ആയത് പരിശോധിച്ച് പ്രായോഗികമാണെന്ന് കണ്ടെത്തിയാൽ നടപ്പിലാക്കുന്നതിനുള്ള തീരുമാനമെടുക്കണമെന്നും അല്ലാത്തപക്ഷം സർക്കാരിനുണ്ടായ നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 93 | " | 316 | ആലപ്പുഴ ജില്ലയിൽ എഴുപുന്ന ഗ്രാമപഞ്ചായത്ത് വാങ്ങിയ കാർഷികോപകരണങ്ങൾ നിലവിൽ തോട്ടപ്പള്ളി പാടശേഖരസമിതിയ്ക്ക് കൈമാറിയിട്ടുണ്ടെന്നും അവ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 94 | " | 317 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് 1998-99 ൽ വാങ്ങിയ കൊയ്ത്തുമെതി യന്ത്രത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 95 | " | 318 | മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന കൊയ്ത്ത്മെതി യന്ത്രങ്ങളുടെ |

| | | | |
|---|---|---|---|
| | | | വിശദാംശം ലഭിച്ചതിനുശേഷം റെയ്ഡ്കോയെക്കൂടി ഉൾപ്പെടുത്തി തെളിവെടുപ്പ് നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 96 | " | 319 | കോട്ടയം നഗരസഭയിലെ കേടായ കൊയ്ത്ത് മെതി യന്ത്രം നന്നാക്കുന്നതിന് കേരളാ അഗ്രോഇൻഡസ്ട്രീസ് ലിമിറ്റഡ്-നെ ഏൽപ്പി ച്ചിട്ടുണ്ടെന്ന കോട്ടയം നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ടി കൊയ്ത്തുമെതി യന്ത്രം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 97 | " | 320 | കോതമംഗലം നഗരസഭ വാങ്ങിയ ആറ് കാട്ടുവെട്ട് യന്ത്രങ്ങളുടെ ലേലനടപടികൾ പൂർത്തിയാക്കുന്നതിനും കാട്ടുവെട്ടൽ കുടുംബശ്രീയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു. നഗരസഭയ്ക്ക് നഷ്ടം വരാത്ത രീതിയിൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 98 | " | 321 | തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ തൊഴിൽ സേനയ്ക്കായി വാങ്ങിയ കാർഷിക യന്ത്രങ്ങൾ ഉപയോഗമില്ലാതെ സൂക്ഷിച്ചിട്ടുണ്ടെന്നുള്ള ഓഡിറ്റ് പരാമർശത്തിന് ഉപയോഗയോഗ്യമായവ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും മറ്റുള്ളവ ലേലം ചെയ്യാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 99 | " | 322 | കുഴൽമന്ദം ഗ്രാമപഞ്ചായത്ത് 2007-08 ൽ പട്ടികജാതി സഹകരണ സംഘങ്ങൾക്കു വേണ്ടി വാങ്ങിയ കമ്പൈൻഡ് ഹാർവെസ്റ്ററുകൾ 2011-12 വരെ ഉപയോഗിച്ചിരുന്നുവെന്നും കർഷകർക്ക് പ്രസ്തുത യന്ത്രങ്ങൾ ഉപയോഗിക്കാൻ |

| | | | |
|---|---|---|---|
| | | | ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 117 | " | 387 | വള്ളികുന്നം ഗ്രാമപഞ്ചായത്ത് വാങ്ങിയ ട്രാക്ടർ ഉടൻതന്നെ പ്രവർത്തനക്ഷമമാക്കി പാടശേഖര സമിതിക്ക് കൈമാറുന്നതാണെന്നും സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 118 | " | 388 | ചേർത്തല നഗരസഭയിൽ 2007 ൽ നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം പത്ത് വർഷത്തോളം പ്രവർത്തനരഹിതമായിരുന്നിട്ടും നഗരസഭ യാതൊരു ഇടപെടലും നടത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. വീടുകളിൽ മൃതദേഹം ദഹിപ്പിക്കുന്നത് നിരോധിക്കാനും ഗ്യാസ് ക്രിമറ്റോറിയം ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിക്കാനും നഗരസഭയ്ക്ക് അധികാരമുണ്ടായിട്ടും നഗരസഭ ആയത് ചെയ്തിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ക്രിമറ്റോറിയം പ്രവർത്തന ക്ഷമമാക്കണമെന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 119 | " | 389 | അയ്മനം ഗ്രാമപഞ്ചായത്ത് നിർമ്മിച്ച പൊതു കളിസ്ഥലത്ത് നടത്തുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 120 | " | 390 | കോട്ടയം നഗരസഭയിലെ കോടിമത ട്രക്ക് ടെർമിനൽ, വേബ്രിഡ്ജ്, ഗ്യാസ് ക്രിമറ്റോറിയം എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 121 | " | 391 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് 2009-ൽ 19 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ സംവിധാനം നിലവിൽ പ്രവർത്തനക്ഷമമാണെന്ന സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 122 | " | 392 | വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ വക്കുവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു. |
| 123 | " | 393 | പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതി നടപ്പിലാക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണെന്നുമുള്ള ആവോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തുക പാഴാക്കാതെ പദ്ധതി നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 124 | " | 394 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏജൻസികൾ മുഖേന പദ്ധതികൾ നടപ്പാക്കുമ്പോൾ ഏജൻസികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ ഉടൻ തന്നെ സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 125 | " | 395 | സംസ്ഥാന നിർമ്മിതി കേന്ദ്രവും ജില്ലാ നിർമ്മിതി കേന്ദ്രവും തമ്മിൽ ബന്ധമില്ലെന്നും അവയുടെ പ്രവർത്തനവും |

| | | | |
|---|---|---|---|
| | | | കണക്കുകളും സുതാര്യമല്ലെന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത കേന്ദ്രങ്ങളെ അമാൽഗമേറ്റ് ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു. |
| 126 | " | 396 | കൊച്ചി മുനിസിപ്പൽ കോർപ്പറേൻ നിർമ്മിച്ച വലിയകുളം ഓപ്പൺ എയർ സ്റ്റേജ് നിലവിൽ പ്രവർത്തനക്ഷമമാണെന്ന് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ കെൽട്രോൺ മുഖേന നടപ്പാക്കിയ പഞ്ചിംഗ്-അറ്റൻഡൻസ് സിസ്റ്റം ദിവസങ്ങൾക്കകം തന്നെ പ്രവർത്തനരഹിതമായതിൽ കോർപ്പറേഷന്റെയും കെൽട്രോണിന്റെയും ഭാഗത്തുനിന്ന് ഗുരുതര വീഴ്ചയുണ്ടായതായി സമിതി വിമർശിക്കുന്നു. പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കോർപ്പറേഷൻ ഓഫീസിൽ പഞ്ചിംഗ് സംവിധാനം പുനരാരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 127 | " | 397 | കാസർഗോഡ് നഗരസഭ 2004-05 സാമ്പത്തിക വർഷത്തെ പ്രവൃത്തിയുടെ ഭാഗമായാണ് മഴവെള്ള സംഭരണികൾ നിർമ്മിച്ചതെന്നും നിലവിൽ അവ ഉപയോഗശൂന്യമാണെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ക്യാറ്റിൽപൗണ്ട് നിർമ്മിച്ചിരുന്ന സ്ഥലം ആധുനിക രീതിയിലുള്ള ശ്മശാനമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II


ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4-ലെ (വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടുകൾ) - നടപടി വിശദീകരണ പത്രിക


| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണം |
|---|---|---|---|
| 1 | 4.1 | 4.1 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ<br><br>വിവിധ ഫണ്ടുകൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജിച്ച ആസ്തികളിൽ പൊതുജനോപകാരപ്രദമല്ലാതെ നിഷ്ക്രിയമായി മാറിയവയുടെ സമഗ്രമായ വിലയിരുത്തലാണ് ഈ അവലോകന റിപ്പോർട്ടിലൂടെ നടത്തിയിരിക്കുന്നത്. കൂടാതെ, യഥാർത്ഥ ലക്ഷ്യങ്ങൾ നേടാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളും, ശരിയായ വിധത്തിൽ പ്രവർത്തിക്കാത്തവയും അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ നിഷ്ക്രിയമാവാനുള്ള കാരണങ്ങളും പഠനവിധേയമാക്കിയിട്ടുണ്ട്.<br><br>ഒൻപതാം പഞ്ചവൽസര പദ്ധതി മുതൽ സംസ്ഥാനത്തു നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃതാസൂത്രണം വർദ്ധിച്ച തോതിലുള്ള സാമ്പത്തിക സ്വാതന്ത്ര്യമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ 40 ശതമാനം വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി വരുന്നു. പുതിയ ആസ്തികൾ ആർജ്ജിക്കുവാനും, നിലവിലുള്ളവയെ പരിപോഷിപ്പിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാഹചര്യം വളരെയേറെ സഹായകരമായിട്ടുണ്ട്. പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും ആസ്തികളിൽ വൻതോതിലുള്ള വർദ്ധനവ് 9, 10, 11, 12 പദ്ധതിക്കാലയളവുകളിലായി ഉണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ആർജിച്ച ആസ്തികളുടെ പ്രയോജനവും പരിപാലനവുമാണ് ഈ വിഷയാധിഷ്ഠിത അവലോകനത്തിൽ പഠനവിധേയമാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുമുള്ള 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് 'നിഷ്ക്രിയ ആസ്തികൾ' സംബന്ധിച്ച് വിഷയാധിഷ്ഠിത അവലോകനം നടത്തിയിരിക്കുന്നത് (അവലോകന വിധേയമാക്കിയ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം-2 ആയി നൽകിയിരിക്കുന്നു). ഇവയിൽ 166 ഗ്രാമപഞ്ചായത്തുകളും, 21 ബ്ലോക്ക് പഞ്ചായത്തുകളും, 2 ജില്ലാപഞ്ചായത്തുകളും, 23 മുനിസിപ്പാലിറ്റികളും, 5 മുനിസിപ്പൽ കോർപ്പറേഷനുകളും | |

| | | | |
|---|---|---|---|
| | | ഉൾപ്പെടുന്നു | |
| 2 | 4.1.1 | ആസ്തികൾ നിഷ്ക്രിയമാകുന്ന വഴികൾ<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ വികസന/ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി ആർജ്ജിക്കുന്ന പല ആസ്തികളും ശരിയായ ആസൂത്രണവും, സമയബന്ധിതമായ തുടർ പ്രവർത്തനങ്ങളും ഇല്ലാത്തതിനാൽ നിഷ്ക്രിയമായി മാറുന്നു. പരിപാലനം, നടത്തിപ്പ് എന്നിവയിലെ വീഴ്ചമൂലം കോടിക്കണക്കിനു രൂപയുടെ ആസ്തി കളാണ് വിവിധ തദ്ദേശ ഭരണ സ്ഥാപന ങ്ങളിലായി നിഷ്ക്രിയാവസ്ഥയിൽ ഉള്ളത്. ഇവയിൽ പലതും പുനർ നിർമ്മാണം/നവീകരണം, പുനരാസൂത്രണം എന്നിവ യിലൂടെ പ്രവർത്തന സജ്ജമാക്കാവുന്നവയാണെങ്കിലും, തീർത്തും ഉപയോഗ പ്രദമല്ലാത്ത അവസ്ഥയിലുള്ള നിരവധി ആസ്തികളും ഉണ്ട്. ആസ്തികൾ നിഷ്ക്രിയമായി മാറുന്നതിനുള്ള പ്രധാന കാരണങ്ങൾ ഇനിപ്പറയുന്നവയാണ് ;<br>✓ പദ്ധതികൾ തയ്യാറാക്കുന്നതിൽ ശരിയായ ആസൂത്രണത്തിന്റെയും സാധ്യതാപഠനത്തിന്റെയും അഭാവം.<br>✓ പദ്ധതികൾനടപ്പാക്കുന്നതിലെ കാര്യക്ഷമതയില്ലായ്മ<br>✓ പദ്ധതികളിൽ തുടർനടപടികൾ കൈക്കൊള്ളുന്നതിലുള്ള കാലതാമസം<br>✓ പൂർണ്ണമായും നടപ്പാക്കാൻ ആവശ്യമായ തുകകൾ കണ്ടെത്താതെ, പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്. | കൊച്ചി<br>ആസ്തികൾ നിഷ്ക്രിയമാകുന്ന വഴികൾ<br>കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ അധീനതയ<br>ഉള്ളതും ഉപയോഗിക്കാതെ മാറ്റിയിട്ടിരിക്കുന്ന വാഹനങ്ങളു<br>നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br>1. KL-07AR-29 AMBASSODOR CAR 2004 MODEL<br>2. KL-07AK-578 AMBASSODOR CAR 2002 MODEL<br>3 KL-07-AC-9641AMBASSODOR CAR 2000 MODEL<br>4 KL-07-W-3388 TATA CREW CAB 1998 MODEL<br>5 KL-07-K-320 DCM TOYOTA SUCKER 1995 MODEL<br>6 KL-07-AN-912 AUSA SHOWEL LOADER 2000 MODEL<br>7 KL-07-W-6688TATA CREW CAB 1998 MODEL<br>ടി വാഹനങ്ങൾ പ്രവർത്തന രഹിതമാണ്. റിപ്പയർ ചെ<br>ഉപയോഗിക്കാൻ സാധിക്കാത്തത്<br>ൽൽ ലേലം ചെയ്ത് കയ്യൊഴിയുന്നതിന് നടപടി |



184

| | | | |
|---|---|---|---|
| | | ✓ ഗുണഭോക്താക്കളുടെ ആവശ്യം പരിഗണിക്കാതെയും പങ്കാളിത്തം ഉറപ്പുവരുത്താതെയുമുള്ള പദ്ധതികളുടെ നിർവ്വഹണം<br>✓ സാങ്കേതികപരിജ്ഞാനം ആവശ്യമുള്ള പദ്ധതികളിൽ ആയത് ലഭ്യമാക്കാതെ പദ്ധതികൾ നടപ്പാക്കുന്നത്.<br>✓ പൊതുജനങ്ങളെ ബോധവൽക്കരിക്കാതെ പദ്ധതികൾ നടപ്പാക്കുന്നതിനാൽ, എതിർപ്പുകൾ നേരിടേണ്ടി വരുന്നത്.<br>✓ ആസ്തികൾ പ്രയോജനപ്പെടുത്തുന്നതിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള വീഴ്ച<br><br>കൊച്ചി കോർപ്പറേഷൻ ഓഫീസ് പരിസരത്ത്<br>ഉപയോഗമില്ലാതെ കിടക്കുന്ന കാർ | സ്വീകരിച്ചുവരുന്നു.<br>8 KL-07-AJ-3265 ACTIVE SCOOTER 2002 MODEL<br>ടി വാഹനം റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>9 KL-07-AZ-3993 AMBASSODOR CAR 2005 MODEL<br>10 KL-07- 3377 TATA 709 MINI LORRY 1999 MODEL<br>11 KL-07-R-3475 TATA TIPPER LORRY 1997 MODEL<br>ടി വാഹനങ്ങൾ 7 തവണ ലേലം ചെയ്തിട്ടുള്ളതാണ്. എന്നാൽ പി.ഡബ്ല്യു.ഡി നിശ്ചയിച്ച അടിസ്ഥാന വിലയേക്കാൾ താഴ്ന്ന തുകയാണ് ലേലത്തിൽ പങ്കെടുത്തവർ തുക വിളിച്ചത്. ആയതിനാൽ ലേലം ഉറപ്പിച്ച് നൽകുവാൻ സാധിച്ചിട്ടില്ല. ഓഫറുകൾ ക്ഷണിച്ചിട്ടും അടിസ്ഥാന വിലയേക്കാൾ വളരെ താഴെയാണ് ഓഫറുകളും ലഭിച്ചിട്ടുള്ളത്. വീണ്ടും ടെണ്ടർ ചെയ്തു. 18.11.17 ൽ ലഭിച്ച ടെണ്ടറുകൾ തുടർനടപടികളിലാണ്.<br>4. KL-07-BH-9763 TATA CREW CAB<br>12 KL-07-BF-807- DUMBER PLACER 2006 MODEL<br>KL-07-BC-86 TATA 2005 MODEL ടി വാഹനങ്ങൾ |

| | | | |
|---|---|---|---|
| | | <br>കോഴിക്കോട് ജില്ലയിലെ പയ്യോളി നഗരസഭയിൽ തുരുമ്പെടുത്ത് നശിക്കുന്നകാർഷിക ഉപകരണങ്ങൾ | പ്രവർത്തന രഹിതമാണ്, ലേലം ചെ<br>കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>13 KL-07-BH-5146- EICHER TIPPER COVERED LORRY (20<br>ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. എന്നാ<br>ആരും ലേലം കൊണ്ടിട്ടില്ല.<br>14 KL-07-BH-5117- EICHER TIPPER LORRY (2008)<br>15 KL-07-BH-5734- EICHER TIPPER (2007)<br>16 KL-07-BH-5734- EICHER TIPPER (2007) KSUDP KWA<br>ടി വാഹനങ്ങൾ സി.എഫ് ടെസ്റ്റ് നടത്തുന്നതിനായി റിപ്പ<br>പ്രവർത്തികൾ നടത്തിവരുന്നു. ടി പ്രവൃത്തികൾ കാലതാമ<br>കൂടാതെ പൂർത്തീകരിച്ച് വാഹനങ<br>പ്രവർത്തനക്ഷമമാക്കുന്നതാണ് |
| 3 | 4.1.2 | 217 സ്ഥാപനങ്ങളിലായി 85 കോടി രുപയുടെ നിഷ്ക്രിയാസ്തികൾ<br>നിഷ്ക്രിയാസ്തികളും ഇനങ്ങളും<br>*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൽപ്പാദനം/സേവനം/പശ്ചാത്തല മേഖലകളിലായി ഒട്ടേറെ നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് പഠനം നടത്തിയ 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമായി, ഈ മേഖലകളിലെ വിവിധയിനങ്ങളിൽ 85 കോടി രൂപയുടെ* | **<u>കൊട്ടാരക്കര</u>** : കൊട്ടാരക്കര ഗ്രാമപഞ്ചായ<br>ആയകാലയളവിൽ വൃദ്ധ സദനം ഇപ്പോൾ ആയുർ<br>ആശുപത്രിയിലെ രോഗികളെ കിടത്തി ചികിത്സിക്കുന്ന<br>വാർഡായി ഉപയോഗിക്കുന്നു<br><u>ആലുവ</u> : ആലുവ നഗരസഭ പരിധിയിൽ നഗരസഭ വക നെ<br>പാർക്ക് അവന്യൂ ഷോപ്പിംഗ് കോംപ്ലക്സിന് സമീപത്ത<br>നഗരസഭ നിർമ്മിച്ചിട്ടുള്ള ഇ-ടോയ്ലെറ്റ് പ്രവർത്തന രഹിതമ |

1478 — 136

നിഷ്ക്രിയാസ്തികളാണ് കണ്ടെത്തിയിട്ടുള്ളത്. ഏറ്റവുമധികം നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ള 10 ഇനങ്ങൾ ഇനിപ്പറയുന്നവയാണ്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ഖരമാലിന്യസംസ്ക്കരണ സംവിധാനങ്ങൾ | 35.28 കോടി രൂപ |
| 2 | വ്യവസായ/വിപണന കേന്ദ്രങ്ങൾ | 10.62 കോടി രൂപ |
| 3 | കെട്ടിടങ്ങൾ/ഷോപ്പിംഗ് കോംപ്ലക്സ് | 8.21 കോടി രൂപ |
| 4 | കുടിവെള്ള/ജലവിതരണ പദ്ധതികൾ | 5.76 കോടി രൂപ |
| 5 | വിവിധ പദ്ധതികൾക്കായി വാങ്ങിയ ഭൂമികൾ | 4.77 കോടി രൂപ |
| 6 | മത്സ്യമാർക്കറ്റുകൾ/ചന്തകൾ | 3.94 കോടി രൂപ |
| 7 | ഭവനപദ്ധതികൾ | 3.37 കോടി രൂപ |
| 8 | പകൽവീടുകൾ/വൃദ്ധസദനങ്ങൾ | 2.66 കോടി രൂപ |
| 9 | അറവുശാലകൾ | 2.63 കോടി രൂപ |
| 10 | കാർഷികോപകരണങ്ങൾ | 2.34 കോടി രൂപ |

ഖരമാലിന്യസംസ്കരണ പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, അനുബന്ധ ഉപകരണങ്ങൾ, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ, സിവറേജ് പദ്ധതി എന്നിവയിലായാണ് ഖരമാലിന്യസംസ്കരണ രംഗത്തെ നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.


വനിതാവ്യവസായ യൂണിറ്റുകൾ, വ്യവസായ കേന്ദ്രങ്ങൾ,

ഉപേക്ഷിക്കപ്പെട്ടിട്ടില്ലാത്തതാണ്. പ്രസ്തുത ഇ-ടോയ്‌ലറ്റ് 2014-1 വർഷത്തിൽ 2014 ഡിസംബർ മുതൽ മാർച്ച് 2015 വരെ 1800/ രൂപയ്ക്കും 2800/- രൂപയുടെ ഓഫർ പരിഗണിച്ച് 1/04/15 മുതൽ 31/03/16 വരെ കുത്തകയ്ക്ക് നൽകിയിട്ടുള്ളതാണ്. 2016-17 ലെ കുത്തക ലേലത്തിൽ ഇത്തവണയും ഇ-ടോയ്‌ലറ്റ് ഉൾപ്പെടുത്തിയിരുന്നെങ്കിലും ആരും തന്നെ പങ്കെടുത്തില്ല ആയതിനാൽ എന്തെങ്കിലും ഓഫർ വന്നാൽ സ്വീകരിക്കാൻ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. ടോയ്‌ലറ്റ് പ്രവർത്തനം സംബന്ധിച്ച് കുത്തകക്കാരൻ ഇതുവരെ പരാതിയൊന്നും തന്നെ നൽകിയിട്ടില്ലാത്തതാണ്.


176

| | | | |
|---|---|---|---|
| | | തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വ്യവസായ/സ്വയംതൊഴിൽ മേഖലയിലെ ഉപകരണങ്ങൾ, കാർഷിക വിപണന കേന്ദ്രങ്ങൾ, കുടുംബശ്രീ സംരംഭങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് വ്യവസായ മേഖലയിലെ നിഷ്ക്രിയാസ്തികൾ.<br><br>ഉപയോഗപ്രദമാക്കിയിട്ടില്ലാത്ത കെട്ടിടങ്ങൾ, കമ്മ്യൂണിറ്റിഹാൾ, ലൈബ്രറി, ബസ് സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, ടൂറിസം/കാർഷിക ഇൻഫർമേഷൻ സെന്ററുകൾ, ഹോസ്റ്റൽ എന്നിവയാണ് നിഷ്ക്രിയാസ്തികളായ കെട്ടിടങ്ങളിൽ ഉൾപ്പെടുന്നത്.<br><br>കുടിവെള്ള/ശുദ്ധജല വിതരണ പദ്ധതികളിൽ പ്രവർത്തിക്കാത്തവ, പണി പൂർത്തിയാകാത്തവ, ഉപേക്ഷിക്കപ്പെട്ട നിലയിൽ ഉള്ളവ, ഈ പദ്ധതികൾക്ക് വാങ്ങിയ ഉപകരണങ്ങളിൽ ഉപയോഗശൂന്യമായവ എന്നിവയാണ് കുടിവെള്ള മേഖലയിലെ നിഷ്ക്രിയാസ്തികൾ.<br><br>വിവിധ പദ്ധതികൾക്കായി വർഷങ്ങൾക്കു മുൻപു വാങ്ങിയിട്ടും, യാതൊരു പ്രവർത്തനവും തുടങ്ങാനാവാതെ കാടുപിടിച്ചു കിടക്കുന്ന തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള വസ്തുവകകളും നിഷ്ക്രിയാസ്തികളുടെ ഗണത്തിൽപ്പെടുത്തിയിട്ടുണ്ട്.<br><br>മത്സ്യമാർക്കറ്റുകൾ, ചന്തകൾ, ഫിഷ്പ്രോസസിംഗ് സെന്ററുകൾ, ഫിഷ്ലാന്റിംഗ് സെന്ററുകൾ തുടങ്ങിയ ആസ്തികളിൽ നിഷ്ക്രിയമായവയുടെ വിവരണങ്ങളാണ് മത്സ്യമാർക്കറ്റ്/ചന്ത എന്നയിനത്തിൽ ഉള്ളത്. ഭവന പദ്ധതികൾ, മോഡൽ വില്ലേജുകൾ എന്നിവയിൽ ലക്ഷ്യം കൈവരിക്കാത്തവയെയാണ് ഭവനപദ്ധതികളിലെ | |

4

| | | | |
|---|---|---|---|
| | | നിഷ്ക്രിയാസ്തികളായി വിലയിരുത്തിയിട്ടുള്ളത്.<br><br>പകൽവീടുകൾ, വൃദ്ധസദനങ്ങൾ, വികലാംഗ മന്ദിരങ്ങൾ, ക്ഷേമകേന്ദ്രങ്ങൾ എന്നിവയിൽ പ്രവർത്തനമില്ലാത്തവയെ നിഷ്ക്രിയാസ്തികളായി കണക്കാക്കിയിരിക്കുന്നു. പ്രവർത്തനമില്ലാത്തവയും, നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചവയുമായ അറവുശാലകളെയും, യന്ത്രസാമഗ്രികളെയും അറവുശാലകൾ എന്ന ഇനത്തിലെ നിഷ്ക്രിയാസ്തികളായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രവർത്തനമില്ലാതെ കിടക്കുന്ന കൊയ്ത്ത്-മെതിയന്ത്രങ്ങൾ, ട്രാക്ടർ-ട്രെയ്ലർ, മറ്റു കാർഷിക യന്ത്രങ്ങൾ എന്നിവയാണ് കാർഷികമേഖലയിലെ നിഷ്ക്രിയാസ്തികൾ.<br><br><br><br>പ്രവർത്തനരഹിതമായി ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള<br><br>ആലുവ നഗരസഭയിലെ ഇ-ടോയ്ലെറ്റ് | |

174

| | | | |
|---|---|---|---|
| | | <br>പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്ന<br>കൊട്ടാരക്കര നഗരസഭയിലെ വൃദ്ധസദനം | |
| 4 | 4.1.4 | <u>*ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം;*</u><br>*മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു*<br>*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവുമധികം നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഖരമാലിന്യ* | നെയ്യാറ്റിൻകര :<br>നഗരസഭ മാലിന്യ സംസ്ക്കരണം നടത്തുന്നതിന് മാർക്കറ്റിൽ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി പ്ര ആകെ 11,10,000/- രൂപ വകയിരുത്തി ഠൗൺ മാർ ദിനംപ്രതി 1000 കി. ഗ്രാം. ജൈവ മാ സംസ്ക്കരിക്കുന്നതിനായി 137 m2 കപ്പാസിറ്റിയുള്ള ബയോ പ്ലാന്റിന്റെ നിർമ്മാണം ശ്രീടെക്ക് എന്ന ഏജൻസി കൗൺ തീരുമാന പ്രകാരം ആരംഭിച്ചിരുന്നതും 07/11/2012 ന് 4,00 |

9

5

170 / 13

| | | | |
|---|---|---|---|
| | | സംസ്കരണവുമായി ബന്ധപ്പെട്ടുള്ള പദ്ധതികളിലാണ്. ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികളിൽ 35.28 കോടി രൂപയുടേതും (41.50%) ഖരമാലിന്യസംസ്കരണമേഖലയാണ്.<br><br>വിവിധ കാരണങ്ങളാലാണ് ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകുന്നത്. ശരിയായ ആസൂത്രണമില്ലാതെ പദ്ധതികൾ ആവിഷ്കരിക്കുകയും, നടപ്പാക്കുകയും ചെയ്യുന്നതാണ് ഇവയിൽ പ്രധാനപ്പെട്ട പോരായ്മ. ഇതുമൂലം തുടർ പ്രവർത്തനങ്ങൾ നടത്താനാവാതെ പദ്ധതികൾ ഉപേക്ഷിക്കപ്പെടുന്നു. കൂടാതെ ജനങ്ങളുടെയിടയിൽ വേണ്ട രീതിയിൽ ബോധവൽക്കരണം നടത്താതെ ഖരമാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ആരംഭിക്കുന്നതിനാൽ, പ്രദേശവാസികളുടെ എതിർപ്പും നേരിടേണ്ടി വരുന്നു. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകാൻ കാരണമാവുന്നുണ്ട്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാവസ്ഥയിലുള്ള ഖരമാലിന്യസംസ്കരണ പദ്ധതികൾക്ക് ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.<br><br>➢ നെയ്യാറ്റിൻകര നഗരസഭ കേന്ദ്രാവിഷ്കൃത പദ്ധതിയായ UIDSSMT യിൽ നിന്നും 9,72,800/-രൂപ ചെലവിട്ട് നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം 08.01.2013 ൽ പൂർത്തിയായി. എന്നാൽ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br><br>➢ കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ കുരീപ്പുഴ | രൂപയും 15/11/2012 ന് 44,000/- രൂപയും 08/01/2013 ന് 532800/ രൂപയും തുടർന്ന് പണി പൂർത്തീകരിച്ചതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13/09/2013 ൽ 1,33,200/- രൂപയും ഉൾപ്പെ ആകെ 11,10,000/- രൂപ ടി സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. ടി സ്ഥാപനം പ്ലാന്റിന്റെ പണി പൂർത്തീകരിച്ചതായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർ ലഭ്യമായതിനെ തുടർന്ന് ടി പ്ലാന്റിന്റെ ഉദ്ഘാടനം 03/03/2014 ന ഔപചാരികമായി നടത്തിയിട്ടുള്ളതും, തുടർന്ന് കുറച്ച് ദിവസം ടി പ്ലാന്റ് പ്രവർത്തിച്ചിരുന്നതുമാണ്. തുടർന്ന് നിർവ്വഹണ ഏജൻസിക്ക് കത്ത് നൽകിയതിനെ തുടർന്ന് ഈ പ്ലാന്റ് സുഗമമായി പ്രവർത്തിക്കണമെങ്കിൽ ആവശ്യമുള്ള വെള്ളം 1: അനുപാതത്തിൽ (2000 ലിറ്റർ വെള്ളം ദിനംപ്രതി ലഭ്യമാക്കണമെന്നും, പൾവറൈസർ മാറ്റി സ്ഥാപിക്കണമെന്നും പ്ലാന്റിൽ നിക്ഷേപിച്ചിരിക്കുന്ന 6 ലോഡ് ഉണങ്ങിയ ചാണകം മാറ്റി പുതിയത് നിക്ഷേപിക്കണമെന്ന് നിർവ്വഹണ ഏജൻസിയിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്. സ്ഥല പരിശോധന നടത്തിയതിൽ പ്ലാന്റ് പ്രവർത്തന രഹിതമായി കിടക്കുന്നതായും, വാട്ടർ കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവ വിച്ഛേദിച്ച ഇട്ടിരിക്കുന്നതായും പൾവറൈസർ തുരുമ്പ് പിടിച്ചിട്ടുള്ളതായും കാണാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടി പ്ലാന്റ് അടിയന്തിരമായി പ്രവർത്തന ക്ഷമമാക്കുന്നതിന് ആവശ്യമായ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം |

158


| | | | |
|---|---|---|---|
| | | മാലിന്യസംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണം 2010-11 ൽ ആരംഭിച്ചു. ഇതിനകം 1,54,40,194/-രൂപ ചെലവഴിച്ചു കഴിഞ്ഞ പ്ലാന്റിന്റെ പണി ജനകീയ പ്രക്ഷോഭത്താൽ മുടങ്ങിക്കിടക്കുകയാണ്. തുടർ പ്രവർത്തനങ്ങൾ അനിശ്ചിതത്വത്തിലാണ്. കോർപ്പറേഷൻ 2008-09 ൽ 7,88,403/- രൂപ ചെലവഴിച്ച് നിർമ്മിച്ച പോളയത്തോട് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല. കൂടാതെ, 2009-10 ൽ 34,92,900/-രൂപ ചെലവഴിച്ചു നിർമ്മിച്ച മുന്നാംകുന്നി, തേവള്ളി, ഇരവിപുരം ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനക്ഷമമല്ല.<br>➢ കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭ ഉഗ്രൻകുന്നിൽ 2002 ൽ സ്ഥാപിച്ച മാലിന്യസംസ്ക്കരണ പ്ലാന്റിന്റെ ഇൻസിനറേറ്റർ തകർന്നു വീണ് പ്രവർത്തനം മുടങ്ങിക്കിടക്കുന്നു. 25 ലക്ഷം രൂപ മുടക്കിയാണിത് സ്ഥാപിച്ചത്.<br>➢ തിരുവല്ല നഗരസഭ 2012-13 ൽ 5,48,785/- രൂപ ചെലവിട്ട് നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റുകൾ ഉപയോഗശൂന്യമാണ്. നഗരസഭയിൽ ഉറവിട മാലിന്യ സംസ്ക്കരണത്തിനായി വാങ്ങിയ പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് ഉപകരണങ്ങൾ ഉപയോഗമില്ലാതെ നഗരസഭാ കോമ്പൗണ്ടിലും, ഷോപ്പിംഗ് കോംപ്ലക്സ് കോമ്പൗണ്ടിലുമായി ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുകയാണ്. 3,44,835/- രൂപ ചെലവിട്ടാണ് ഈ ഉപകരണങ്ങൾ വാങ്ങിയത്.<br>➢ ആലപ്പുഴ നഗരസഭയിൽ 2010 ൽ 3.3 കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച ഖരമാലിന്യസംസ്ക്കരണ പ്ലാന്റ്, | നൽകിയിട്ടുള്ളതാണ്. കൂടാതെ നിർവ്വഹണ ഏജൻസിയാ ശ്രീടെക്, നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം, ആരോഗ്യ വിഭാ എന്നിവരുടെ സംയുക്ത മീറ്റിംഗ് ചേർന്ന് അടിയന്തിരമായി പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാ 2018 മെയ് 31 നകം പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ ഉ അതിവേഗ നടപടികൾ ചെയ്യുന്നതാണെന്ന വിവരം റിപ്പോ ചെയ്തു കൊള്ളുന്നു<br>**<u>കൊല്ലം</u> :**<br>കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ ഖരമാലിന്യങ്ങ സംസ്ക്കരിക്കുന്നതിന് കൊറ്റം കുരീപ്പുഴയിൽ 18 ഏക്ക സ്ഥലത്ത് 40 ടൺ സംസ്ക്കരണ ശേഷിയുള്ള ഒരു ഖരമാലി സംസ്ക്കരണപ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാ ഇതിനോടനുബന്ധിച്ച കളക്ഷൻ പ്ലാന്റ്, ലീച്ചേറ്റ് ട്രീറ്റ്മെന്റ് പ്ലാ എന്നിവയുടെ നിർമ്മാണം പരിസരവാസികളുടെ എതിർപ്പ സമരവും കാരണം നാളിതുവരെ പണി ആരംഭിക്കാ കഴിഞ്ഞിട്ടില്ലാത്തതാണ്. കുരീപ്പുഴ പൗരസമിതിയുടേയ സമീപവാസികളുടേയും എതിർപ്പ് മൂലം പ്ലാന്റുകളുടെ നിർമ്മാ മുടങ്ങിയതിനെതുടർന്ന് പലപ്രാവശ്യം സമരസമിതിയുമാ കോർപ്പറേഷൻ നേരിട്ടും ബഹു. ജില്ലാ കളക്ടറു |

6

166_134

| | | | |
|---|---|---|---|
| | | പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രവർത്തനമില്ലാതെ നാശോന്മുഖമാണ്. പ്ലാന്റിന്റെ തുടർ പ്രവർത്തനത്തിനുള്ള സാധ്യതകൾ തീർത്തും അനിശ്ചിതത്വത്തിലാണ്. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു കർമ്മപദ്ധതിയും നഗരസഭയ്ക്കില്ല.<br>➢ ഇടുക്കി ജില്ലയിലെ തൊടുപുഴ നഗരസഭ 2011-12 ൽ ഖരമാലിന്യസംസ്ക്കരണത്തിനായി 2,13,288/-രൂപ ചെലവഴിച്ച് പ്രെസിങ് മെഷീൻ വാങ്ങി. എന്നാൽ മെഷീൻ ഇതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. പുറംകവർ പോലും നീക്കം ചെയ്യാത്ത അവസ്ഥയിലാണ്.<br>➢ കൊച്ചി കോർപ്പറേഷൻ ബ്രഹ്മപുരത്ത് സ്ഥാപിച്ച ആർ.ഡി.എഫ്.പ്ലാന്റ് പ്രവർത്തനമില്ലാതെ യന്ത്രഭാഗങ്ങൾ തുരുമ്പെടുത്ത് നിലയിലാണ്. 2010-11 ൽ 1.69 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച പ്ലാന്റാണിത്. കോർപ്പറേഷനിൽ 2013-14 ൽ പണി തുടങ്ങിയ സ്വീവേജ് പദ്ധതിയും വിവിധ കാരണങ്ങളാൽ പണി പൂർത്തിയാവാത്ത നിലയിലാണ്. 22.45 കോടി രൂപ പദ്ധതിക്ക് ചെലവിട്ടിട്ടുണ്ട്.<br>➢ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ സെൻട്രൽ മാർക്കറ്റിലുള്ള ബയോഗ്യാസ് പ്ലാന്റിന് 2008-09 ൽ 18,70,000/-രൂപ ചെലവഴിച്ചു. ഇതുവരെ പണി പൂർത്തീകരിക്കാതെ നിഷ്ക്രിയമായി കിടക്കുന്നു. കോർപ്പറേഷനിൽ 2010-11 ൽ പണി കഴിച്ച ടാഗോർ ഹാൾ ബയോഗ്യാസ് പ്ലാന്റ് (ചെലവ് 9,14,142/-), മൊഫ്യൂസിൽ ബസ് സ്റ്റാന്റ് ബയോഗ്യാസ് പ്ലാന്റ് (ചെലവ് 9,50,588/-) എന്നിവയും പ്രവർത്തനമില്ലാതെ നിഷ്ക്രിയമാണ്.<br>➢ 11 ലക്ഷം ചെലവിട്ടു നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് | അദ്ധ്യക്ഷതയിലും ബഹു. തൊഴിൽ വകുപ്പ് മന്ത്രി, ബഹ നഗരകാര്യ മന്ത്രി, ബഹു മുഖ്യമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടന്നിട്ടുള്ളതുമാണ പ്ലാന്റിലേയ്ക്കുള്ള മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഉറവിട മാലിന്യസംസ്ക്കരണ പദ്ധതികൾ പ്രോത്സാഹിപ്പിച്ചുവരുന്നതും, 12 കമ്മ്യൂണിറ്റി ബയോഗ്യാസ പ്ലാൻറുകൾ നഗരസഭയുടെ വിവിധഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്. ഇരവിപുരം, പോളയത്തോട്, തേവള്ളി മൂന്നാംകുറ്റി ബയോഗ്യാസ് പ്ലാൻറുകളുടെ പ്രവർത്തനം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ബയോഗ്യാസ് പ്ലാന്റുകൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആയത് സ്ഥാപിച്ച ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ 133 പൈപ്പ് കമ്പോസ്റ്റ് പ്ലാന്റും 1290 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുള്ളതുമാണ്. നിലവിൽ നഗരസഭയിൽ തുമ്പൂർമൊഴി മാതൃകയിലുള്ള ഒരു ഖരമാലിന്യസംസ്ക്കരണ യൂണിറ്റ് കൂടി സ്ഥാപിച്ചിട്ടുള്ളതും നഗരത്തിന്റെ മറ്റ് 16 |

167

| | | | |
|---|---|---|---|
| | | *നഗരസഭ തന്നെ പൊളിച്ചുമാറ്റി*<br><br>*നഗരസഭയുടെ ബയോഗ്യാസ് പ്ലാന്റും പൊളിച്ചുപണിത മത്സ്യ മാർക്കറ്റും*<br><br>*കാസർഗോഡ് നഗരസഭ 2007-08 ൽ നിർമ്മാണമാരംഭിച്ച ബയോഗ്യാസ് പ്ലാന്റ് 2011-12 ൽ ആണ് പൂർത്തിയായത്. 11 ലക്ഷം രൂപയാണ് പ്ലാന്റിന്റെ നിർമ്മാണ ചെലവ്. പ്ലാന്റ് ട്രയൽ റൺ നടത്തിയെങ്കിലും തുടർന്ന് പ്രവർത്തിച്ചില്ല. എന്നാൽ മത്സ്യ മാർക്കറ്റിനായി പുതിയ കെട്ടിടം പണിയുവാൻ നഗരസഭ തന്നെ പ്ലാന്റ് പൊളിച്ചുനീക്കി. ഇതിനു ചെലവഴിച്ച 11 ലക്ഷം രൂപ തീർത്തും പാഴ് ചെലവായി.* | പോയിന്റുകളിൽ കൂടി ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്.<br><br>തുമ്പൂർമുഴി മോഡലുകൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങ സംസ്ക്കരി ക്കുന്നതോടൊപ്പം രണ്ട് പ്ലാസ്റ്റിക് ഷ്രെഡ്ഡിം യൂണിറ്റുകൾ കൂടി സ്ഥാപിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരണ സംവിധാനം ഒരുക്കുന്നതിനായി എഗ്രിമെന്റി ഏർപ്പെട്ടിട്ടുള്ളതാണ്.<br><br>കുരീപ്പുഴ മാലിന്യ സംസ്ക്കരണ യാർഡ് സംബന്ധി കേസുകൾ ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ചെന്നൈ ബെഞ്ചിന്റെ പരിഗണനയിലാണെന്ന വിവരം റിപ്പോർ ചെയ്തുകൊള്ളുന്നു.<br><br>**<u>കൊട്ടാരക്കര:</u>** സംസ്ഥാന ശുചിത്വമിഷ സഹായത്തോടുകൂടി ഉദ്ദേശിക്കുന്ന് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം നവീകരിച്ച് അവസാന ഘട്ടത്തിലാണ നിലവിൽ 90 ലക്ഷം രൂപയുടെ പദ്ധതി ശുചിത്വമിഷ അംഗീകരിച്ചിട്ടുളളതും മാലിന്യ പ്ലാന്റിന്റെ ഷെഡിന്റെ പ എം.ആർ.എഫ് യൂണിറ്റ് security cum compoun ഭിത്തി എന്നിവയുടെ പണിയും അവസാന ഘട്ടത്തിലാണ കൂടാതെ പ്ലാന്റ് സ്ഥാപിക്കാനായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണി ബെയ്ലിംഗ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിന് ക്ലീൻ കേ |

| | | | |
|---|---|---|---|
| | | | കമ്പനിയുമായി നഗരസഭ ഉടമ്പടി വച്ചിട്ടുള്ളതാണ്.<br><u>കൊച്ചി</u> : എ.ഡി.ബി. ധനസഹായത്താൽ പശ്ചിമ കൊച്ചിയിലെ സിവറേജ് പദ്ധതിയ്ക്കായി സിവറേജ് ശൃംഖല ഉൾപ്പെടുന്ന 2 പാക്കേജുകളും, പമ്പിംഗ് മെയിനും, പമ്പ് ഹൗസുകളും ഉൾപ്പെടുന്ന 2 പാക്കേജുകളും ഉൾപ്പെടെ 4 പാക്കേജുകൾ ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തു. പ്രസ്തുത പ്രവർത്തികൾക്കായി 2013 നവംബർ മാസത്തിൽ അഭരാം ഇൻഫ്രാ സ്ട്രക്ച്ചർ, മേരിമാതാ എന്നീ കരാറുകാരുമായി കരാറിലേർപ്പെടുകയും ചെയ്തു.<br>ഇതിൽ മേരിമാതാ കൺസ്ട്രക്ഷൻസ് 2 പമ്പിംഗ് സ്റ്റേഷനുകളുടെ പണി കൗൺസിലറും, ജനങ്ങളും സമ്മതിച്ചതനുസരിച്ച് തുടങ്ങുകയും, അവരുടെ കോൺട്രാക്ട് പീരിഡായ 2 വർഷം അവസാനിച്ച പ്പോൾ (നവംബർ 2015) പണി നിർത്തി വയ്ക്കുകയും ചെയ്തു. ടൈം എക്സ്റ്റംഗ്ഷൻ 30.06.2016 വരെ എംപവേർഡ് കമ്മറ്റി അനുവദിച്ചു എങ്കിലും കോൺട്രാക്ട്മാർ കരാർ തുക അധികമായി നൽകാതെ പണി പുനരാരംഭിക്കുവാൻ സാധിക്കുക യില്ല എന്ന നിലപാടിലാണ്. |

| | | | |
|---|---|---|---|
| | | | അഭിറാം ഇൻഫ്രാ പണിയേണ്ടിയിരുന്ന 3 പമ്പി സ്റ്റേഷനുകൾ കൗൺസിലർമാരുടേയും പൊതുജനങ്ങ ളുടേ എതിർപ്പുമൂലം പണി തുടങ്ങാൻ സാധിച്ചില്ല. വ അതോറിറ്റിയും, കെ.എസ്.യു.ഡി.പി.യും സംയുക്തമായി തവണ ജനങ്ങളേയും, കൗൺസിലർമാരേയും ഈ സ്വീ പദ്ധതിയുടെ ആവശ്യകത മനസ്സിലാക്കിക്കൊടുക്കു വ മീറ്റിംഗുകൾ നടത്തിയിരുന്നു. സെക്രട്ടറി അർബൻ അഫയേ കെ.എസ്.യു.ഡി.പി പ്രൊജക്ട് ഡയറക്ടർ, ബഹു. മേയറു നേതൃത്വത്തിലും സൈറ്റ് ലഭ്യമാക്കുന്ന തിനുള്ള ചർച്ച നടത്തുകയുണ്ടായി. ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടു തിരുവനന്തപുരം മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി കൗൺസിലർ അടക്കമുള്ള ഒരു ടീം പ്രസ്തുത പ്ലാന്റ് സന്ദർശിക്കുകയുണ്ടാ പക്ഷേ പണികൾ തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാ സ്വീവേജ് പദ്ധതിയ്ക്ക് വേണ്ടിയുള്ള 97% പൈപ്പുകളും കരാറുക സപ്ലൈ ചെയ്തിട്ടുണ്ട്.<br><br>സ്വീവർ പൈപ്പുകളും, പമ്പിംഗ് മെയി |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനാവശ്യമായ റോഡ് കട്ടിംഗ് അനുമതിയ്ക്കായി പി.ഡബ്ല്യു.ഡി.-ക്ക് 10 കോടി രൂപ കൈമാറി. 15.03.2015 വരെ സാംഗ്ഷൻ കിട്ടുകയും ചെയ്തു. പക്ഷെ ജനങ്ങളുടെയും കൗൺസിലർമാരുടേയും എതിർപ്പുമൂലം പണികൾ തുടങ്ങാൻ സാധിച്ചിട്ടില്ല.<br><br>അഭിറാമിന്റെ കോൺട്രാക്ട് പിരീഡ് തീരുന്നതിനു തൊട്ടുമുൻപായി 2.24 കി.മീ. റോഡ് കട്ടിംഗ് സാംഗ്ഷൻ കോർപ്പറേഷനിൽ നിന്നും ലഭിക്കുകയു ണ്ടായെങ്കിലും ഇലക്ഷൻ ഡിക്ലയർ ചെയ്തതിനാൽ തുടങ്ങുകവാൻ സാധിച്ചില്ല. 165 കോടി രൂപ കരാർ തുകയുള്ള പ്രസ്തുത പദ്ധതിയ്ക്ക് നാളിതുവരെ (20.02.16) 41.17 കോടി രൂപ ചെലവഴിച്ചു.<br><br>02.02.2016 ൽ ചേർന്ന 55-ാമത് എംപവേർഡ് കമ്മിറ്റിയിൽ ടി പദ്ധതി പ്രീക്ലോസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. |
| 6 | 4.1.5 | വ്യവസായകേന്ദ്രങ്ങൾ കെട്ടിടം നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു<br><br>*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിക്കുന്ന വ്യവസായ/തൊഴിൽ സംരംഭങ്ങളിൽ ഏറെയും* | കോട്ടയം : കോട്ടയം നഗരസഭയുടെ വനിതാ വികസന കേന്ദ്രം എൻ.യു.എൽ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി 2016 ഒക്ടോബർ മാസം മുതൽ പ്രവർത്തനസജ്ജ- മാക്കിയിട്ടുണ്ട്. നഗരസഭയുടെ 12-ാം വാർഡിൽ നിർമ്മിച്ചിട്ടുള്ള ഈ വനിതാ വ്യവസായ യൂണിറ്റ് |


| | | | |
|---|---|---|---|
| | | പരാജയമാവുകയാണ്. തദ്ദേശസ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തികളായി മാറിയവയിൽ 12.49 ശതമാനം ചെലവും (10.62 കോടി രൂപ) വ്യവസായ/സ്വയംതൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ടവയാണ്. വ്യക്തമായ കാഴ്ചപ്പാടും സാധ്യതാപഠനവും ഇല്ലാതെയാണ് വ്യവസായ സംരംഭകേന്ദ്രങ്ങൾ ആരംഭിക്കുന്നത്. തൊഴിൽ സംരംഭങ്ങൾക്ക് യാതൊരു സാധ്യതയുമില്ലാത്ത സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള വ്യവസായ കേന്ദ്രങ്ങളുമുണ്ട്. നിർമ്മിച്ച കെട്ടിടങ്ങളിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള തുടർ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളാത്തതാണ് ആസ്തികൾ നിഷ്ക്രിയമാവാൻ പ്രധാനകാരണം. വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയാസ്തികളായി മാറിയതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.<br>➢ കോട്ടയം നഗരസഭ 2010-11 ൽ 16,91,377/-രൂപ ചെലവിൽ നിർമ്മിച്ച വനിതാവ്യവസായ യൂണിറ്റും ഉപയോഗശൂന്യമായ നിലയിലാണ്.<br>➢ 26 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച 5 വനിതാവ്യവസായ കേന്ദ്രങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ<br>കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് 2010, 2011 വർഷങ്ങളിലായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ പണികഴിപ്പിച്ച 5 വനിതാവ്യവസായ കേന്ദ്രങ്ങൾ പ്രവർത്തനമില്ലാതെ ഉപേക്ഷിക്കപ്പെട്ടനിലയിലാണ്, 26 ലക്ഷം രൂപയാണ് ഈ കേന്ദ്രങ്ങളുടെ നിർമ്മാണത്തിന് ചെലവിട്ടത്.<br>ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ 2010 ആഗസ്റ്റിൽ ഉദ്ഘാടനം ചെയ്ത തൊഴിൽ | വനിതകളുടെ സ്വയംതൊഴിൽ ഉപജീവന ലക്ഷ്യമാക്കിയിട്ടുള്ളതാണ്. 20.08.15 ലെ കൗൺസിലിലെ 5-ാം ന തീരുമാനപ്രകാരം ദേശീയ നഗര ഉപജീവന ദൗത്യത്തി ഭാഗമായി നഗര ഉപജീവന കേന്ദ്രം ആരംഭിച്ച് പ്രവർത്തനം 2 ഒക്ടോബർ ആരംഭിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിൽ കുടുംബ അംഗങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, സോപ്പ്, സോപ്പ്പെ ഹാർപ്പിക്, ഫ്രിൽ, സാമ്പ്രാണിത്തിരി എന്നിവ ഉണ്ടാക്കുവാനു അസംസ്കൃത വസ്തുക്കൾ എന്നിവ വിപണനം നടത്തിവരു ജോലിക്കാരെ ആവശ്യമുള്ളവരെയും തൊഴ് ആവശ്യമുള്ളവരേയും തമ്മിൽ ബന്ധിപ്പിക്കുന്ന എംപ്ലോയ്മെ സെന്റർ ആയും പ്രവർത്തിക്കുന്നു. ട്രെയിനിംഗ് ഹാള് കുടുംബശ്രീയുടേയും, ദേശീയ നഗര ഉപജീവനമിഷന്റേ ഭാഗമായുള്ള ട്രെയിനിംഗുകൾ നടത്തി നിലവിൽ വനി വ്യവസായ യൂണിറ്റ് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നതിനാ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു<br><br><u>ഏറ്റുമാനൂർ</u> : ഏറ്റുമാനൂർ നഗരസഭ ഗ്രാമപഞ്ചായ ആയിരുന്ന കാലയളവിൽ 2010 ആഗസ്റ്റിൽ ഉദ്ഘാടനം ചെയ വനിതാ തൊഴിൽ സംരഭ കേന്ദ്രം നിലവിൽ കുടുംബശ്രീയ നിന്നും 4 ഗ്രൂപ്പുകളായി തെരഞ്ഞെടുക്കപ്പെട്ട 6 വനിതക പുറത്ത് നിന്നും തുണികൾ ലഭ്യമാക്കി 2 വർഷത്തോളമായി തയ്യ യൂണീറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | സംരംഭ/വനിതാവ്യവസായ കേന്ദ്രം ഇതുവരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല. 5 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ച ഈ കെട്ടിടം ഉപേക്ഷിക്കപ്പെട്ട നിലയിലാണ് പരിശോധനയിൽ കണ്ടത്. അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ 2011 ൽ പണിപൂർത്തിയായ പട്ടികജാതി വനിതാവ്യവസായ കേന്ദ്രവും പ്രവർത്തിക്കുന്നില്ല. 9 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ച കെട്ടിടത്തിലെ രണ്ടു മുറികൾ പരിസരവാസികൾ സ്വകാര്യ ആവശ്യങ്ങൾക്കുപയോഗിക്കുന്നു. ഈ കെട്ടിടവും ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.<br>➢ ഇടുക്കി ജില്ലയിലെ തൊടുപുഴ നഗരസഭ 1999-2000 ൽ 8 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വെങ്ങല്ലൂർ വനിതാവ്യവസായ കേന്ദ്രത്തിന്റെ കെട്ടിടം ഉപയോഗശൂന്യമാണ്.<br>➢ കോതമംഗലം നഗരസഭയിൽ 2012 ൽ നിർമ്മാണം പൂർത്തിയായ വനിതാവ്യവസായ കേന്ദ്രത്തിന്റെ 'എ' ബ്ലോക്ക് കെട്ടിടം പ്രവർത്തിക്കുന്നില്ല. 15,16,680/-രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്.<br>➢ ആലുവാ നഗരസഭയിൽ 2009 ൽ നിർമ്മിച്ച വനിതാവ്യവസായ വിപണന കേന്ദ്രം പ്രവർത്തിക്കുന്നില്ല. 4,87,215/- രൂപയാണ് ഇതിന്റെ നിർമ്മാണച്ചെലവ്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2013-14 ൽ 5,20,000/-രൂപ ചെലവിട്ടു നിർമ്മിച്ച തേവരയിലെ വനിതാവ്യവസായ വിപണനകേന്ദ്രവും, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ യൂണിറ്റും ഉപയോഗിക്കാതെ പൂട്ടിക്കിടക്കുകയാണ്.<br>➢ 1.24 കോടി ചെലവിട്ട് നിർമ്മിച്ച സോഫ്റ്റ് വെയർ പാർക്ക് | <u>കോതമംഗലം</u> : 2012-ൽ പണി പൂർത്തീകരിച്ചിട്ടുള്ള നഗരസഭ വക എ ബ്ലോക്ക് ബിൽഡിംഗിലെ വനിതാ വ്യവസായ കേന്ദ്രത്തിലെ 11 മുറികൾ 2013 മുതൽ 2017 വരെയുള്ള കാലയളവിൽ 17 തവണ ലേലം നടത്തിയിട്ടുള്ളതും ടി കാലയളവിൽ 4 മുറികൾ ലേലത്തിൽ പോയിരുന്നെങ്കിലും കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ലൈസൻസികൾ മുറികൾ ഒഴിഞ്ഞുപോയിട്ടുള്ളതാണ്. ടി നിലയിലെ മുറികളിലേക്കുള്ള പ്രവേശനം മാർക്കറ്റിനകത്തുകൂടെ ആയതിനാലാകണം നഗരസഭ സമയബന്ധിത മായിതന്നെ ലേല നടപടികൾ കൈക്കൊണ്ടെങ്കിലും സ്ത്രീകൾ മുറികൾ ഏറ്റെടുക്കുന്നതിന് വൈമുഖ്യം കാണിക്കുന്നത്. വിഷയം വീണ്ടും നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുയോജ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br><u>ആലുവ</u> നഗരസഭ വക ക്ലോക്ക് ടവർ കെട്ടിടത്തിന്റെ II nd Floor North side ൽ 345 m2 വിസ്തീർണ്ണം വരുന്ന കെട്ടിട ഭാഗം 08/5/2003 തീയതിയിൽ പണി പൂർത്തിയാക്കിയിട്ടുള്ളതും ടി കെട്ടിടത്തിൽ വിവിധ തരത്തിലുള്ള വനിതാ വികസന യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നതുമാണ്. ടി യൂണിറ്റുകൾ സ്വന്തമായി മറ്റു സ്ഥലങ്ങൾ കണ്ടെത്തി മാറിപ്പോയതിനെ തുടർന്ന് ടി കെട്ടിട ഭാഗം നഗരസഭയുടെ ഹെൽത്ത് മേഖല ഓഫീസിനും ബാക്കിയുള്ള ഭാഗം 11/1/11 ലെ 30-ാം നമ്പർ കൗൺസിൽ |

| | | | |
|---|---|---|---|
| | | കേടായ ഉപകരണങ്ങൾക്കുള്ള ഗോഡൗണാക്കി മാറ്റി<br>സോഫ്റ്റ്‌വെയർ നിർമ്മാതാക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനും, അതോടൊപ്പം ആധുനിക കമ്പ്യൂട്ടർ പരിശീലന കേന്ദ്രം ആരംഭിക്കുവാനും ലക്ഷ്യമിട്ട് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നിർമ്മിച്ച പറവട്ടാനി സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിന്റെ നിർമ്മാണച്ചെലവ് 1,24,03,028/- രൂപയായിരുന്നു. 1998-99 ൽ ആരംഭിച്ച നിർമ്മാണം 2011-12 ലാണ് പൂർത്തിയായത്. നിലവിൽ ഈ കെട്ടിടം നഗരസഭയുടെ ഉപയോഗശൂന്യമായ വാഹനങ്ങൾ, ഇലക്ട്രിക് കേബിളുകൾ, മറ്റു നിർമ്മാണ സാമഗ്രികൾ എന്നിവ സൂക്ഷിക്കുവാൻ ഉപയോഗിക്കുകയാണ്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയാണ് പദ്ധതി പരാജയപ്പെടാനുണ്ടായ പ്രധാന കാരണം. 1999-2000 ൽ പണി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന കെട്ടിടം 2011-12 ലാണ് പൂർത്തിയായത്. കെട്ടിടം പണിയൊഴികെ മറ്റു തുടർപരിപാടികൾ ഒന്നും തന്നെ കോർപ്പറേഷൻ ആസൂത്രണം ചെയ്തതുമില്ല. ഇക്കാരണങ്ങളാൽ തന്നെ സോഫ്റ്റ്‌വെയർ ടെക്നോളജിപാർക്ക് വെറുമൊരു കെട്ടിടമായി തുടരുകയും, ഇതിനായി ചെലവഴിച്ച 1.24 കോടിയിലേറെ രൂപ നിഷ്ക്രിയമാവുകയും ചെയ്തിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ വിജയകരമായി നടന്നു വരുന്ന ഇൻഫോപാർക്കിന്റെ പ്രവർത്തനമാരംഭിച്ചത് 2009 ൽ മാത്രമാണ്.<br>➢ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 2001-02 മുതൽ 2005-06 | തീരുമാനപ്രകാരം സാമൂഹ്യ ക്ഷേമ വകുപ്പിന് (ഐ.സി.ഡി.എ അനുവദിച്ചിട്ടുള്ളതുമാണ്. പിന്നീട് ഐ.സി.ഡി.എസ് ന് 6 വാർഡിൽ കെട്ടിടം നിർമ്മിച്ചു നൽകിയതിനെ തുടർന്ന് കെട്ടിടത്തിൽ നിന്നും മാറ്റുകയും അപ്രകാരം ഒഴിഞ്ഞു കിട്ട് കെട്ടിടഭാഗത്തിൽ 800 ച.അടി സ്ഥലം പത്രപ്രവർത്തകരു സംഘടനയായ ആലുവ മീഡിയ ക്ലബ്ബിന് കൗൺസിൽ തീരുമാ നമ്പർ. 32 തീയതി.23/9/17 പ്രകാരം അനുവദിച്ചിട്ടുള്ളതും ബാ ഭാഗം ഒഴിഞ്ഞു കിടക്കുകയുമാണ്. കസ്തൂർബാ വനി വികസന കേന്ദ്രം എന്ന പേരിൽ ആലുവ നഗരസഭയുടെ കീഴ് കേരള വികസന പദ്ധതി പ്രകാരം വനിതകളിൽ സ്വാശ്രയ ശീ വളർത്തിയെടുക്കുന്നതിനും സാമ്പത്തിക- മാനസിക സാംസ്കാരിക രംഗങ്ങളിൽ ഉന്നതിയിൽ എത്തിക്കുന്നതിന ലക്ഷ്യമിട്ടാണ് ടി കെട്ടിടത്തിൽ വനിതാവികസന കേ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് എന്നിരിക്കെ പുതിയ വനി സംരംഭങ്ങൾ ഒന്നും തന്നെ തുടങ്ങുന്നതിന് ആരും തc മുന്നോട്ട് വരാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടമുണ്ടാകാ രീതിയിൽ മറ്റ് സംരംഭങ്ങൾ ടി കെട്ടിടത്തിൽ സർക്കാ അനുവാദത്തോടെ പ്രവർത്തിക്കുന്നതിനുള്ള അനുമതി യ്ക്കാ ടി വിഷയം കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിനു തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.<br>__തൃശ്ശൂർ__ : നഗരമദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന കോർപ്പറേഷ ഓഫീസ് കെട്ടിടത്തിൽ സ്ഥല പരിമിതി ഏറെയാണ്. ആന |



| | | | |
|---|---|---|---|
| | | വരെ 14,58,846/- രൂപ ചെലവിട്ടു നിർമ്മിച്ച നെല്ലിക്കുന്ന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ഉപയോഗമില്ലാതെ കിടക്കുകയാണ്.<br><br>**ഗുണഭോക്താക്കളെ കണ്ടെത്താതെ ഉപകരണങ്ങൾ വാങ്ങി ; സ്വയംതൊഴിൽ സംരംഭം പരാജയമായി**<br><br>മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയിൽ 2012 ൽ ' എസ്.സി.വനിതാ സ്വയംതൊഴിൽ യൂണിറ്റ്-ചപ്പാത്തി, പത്തിരി നിർമ്മാണ മെഷീൻ ' എന്ന പദ്ധതി പ്രകാരം 7,75,000/-രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങി. ചപ്പാത്തി, പത്തിരി നിർമ്മാണയന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള വനിതാ ഗ്രൂപ്പിനെ കണ്ടെത്താതെയാണ് ഉപകരണങ്ങൾ വാങ്ങിയത്. നിലവിൽ ഈ ഉപകരണങ്ങൾ മുമ്മുള്ളിയിലെ വനിതാസ്വയംതൊഴിൽ യൂണിറ്റ് കെട്ടിടത്തിൽ ഉപയോഗമില്ലാതെ കിടക്കുകയാണ്.<br>നിലമ്പൂർ നഗരസഭയിലെ തന്നെ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം-ലോൺട്രി എന്ന പദ്ധതിക്കായി 4,50,000/-രൂപ ചെലവിട്ട് രണ്ടു വാഷിംഗ് മെഷീനുകൾ, രണ്ട് ഇലക്ട്രിക് അയണുകൾ എന്നിവ വാങ്ങി. കുടുംബശ്രീ സ്വയംതൊഴിൽ ഗ്രൂപ്പു മുഖേനയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചത്. എന്നാൽ ഗുണഭോക്തൃ ഗ്രൂപ്പിനെ തെരഞ്ഞെടുക്കുന്നതിലെയും, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിലെയും കാലതാമസം കാരണം ഉപകരണങ്ങൾ ഉപയോഗിക്കാനാവാതെ ജില്ലാ ആശുപത്രി പരിസരത്ത് പൊടിപിടിച്ചു കിടക്കുന്നു.<br><br>➢ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 2006-07 ൽ | കണക്കിലെടുത്ത് കൗൺസിൽ അനുവാദത്തോടുകൂടിയാണ് ടി കെട്ടിടം<br>ഉപയോഗശൂന്യമാക്കാതെപ്രയോജനപ്പെടുത്തിയിരിക്കുന്നത്.<br>1997-98 ലെ ജനകീയാസൂത്രണ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറായിരുന്നു. ടി വിഷയവുമായി നിലവിൽ കുറ്റാരോപിതനായ ഐ.ഇ.ഒ ശ്രീ. മുഹമ്മദ്കോയ 31.12.07 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ് ടിയാന് നഗരസഭ നാളിതുവരെ ബാദ്ധ്യതാരഹിത പത്രം നൽകാത്തതും ടി വിഷയം സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രം മാനേജർക്ക് 9.6.17, 16.8.17, 24.8.17 എന്നീ തീയ്യതികളിൽ കത്ത് നൽകിയിട്ടുണ്ട്. ആയത് പ്രകാരം ശ്രീ. മുഹമ്മദ് കോയ ടിയാൻ കുറ്റക്കാരനാണ് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടുകളും രേഖകളും ഹാജരാക്കിയിട്ടുണ്ട്. ആയതിന്റെ കൂടുതൽ വ്യക്തമായ റിപ്പോർട്ട് ആവശ്യപ്പെട്ട് 4.10.17 ന് നഗരസഭ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. കെട്ടിട നിർമ്മാണം ഉപയോഗപ്രദമാക്കുന്നതിന് ടി കാലയളവിലെ ഐഇഒ മാർ സോഫ്റ്റ് വെയർ പാർക്കിനുള്ള പദ്ധതികൾ രൂപീകരിച്ചെങ്കിലും സ്ലിപിസി എന്ന വിവരവും അറിയിച്ചു കൊള്ളുന്നു<br><br><u>വടക്കാഞ്ചേരി</u> : 2 മുറികളിലായി 2 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. അത്യാവശ്യ നവീകരണ പ്രവർത്തികൾക്ക് ശേഷം ബാക്കിയുള്ള 4 മുറികൾ കൂടി ലേലം ചെയ്ത് |

148

| | | | |
|---|---|---|---|
| | | നിർമ്മിച്ച നെല്ലിക്കോട് വ്യവസായ എസ്റ്റേറ്റ് നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. 84,18,797/-രൂപയാണ് ഈ പദ്ധതിക്ക് ചെലവിട്ടത്. 2011-12, 2012-13 വർഷങ്ങളിലായി 16,04,834/- രൂപ ചെലവഴിച്ച എലത്തൂർ വ്യവസായ എസ്റ്റേറ്റും നിഷ്ക്രിയമാണ്.<br>➢ കണ്ണൂർ നഗരസഭയുടെ വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിഷ്ക്രിയാവസ്ഥയിലാണ്. 2008-09 ൽ 15,02,607/-രൂപ ചെലവിട്ടാണിത് നിർമ്മിച്ചത്.<br><br>പ്രവർത്തനമില്ലാതെ നിഷ്ക്രിയാവസ്ഥയിലുള്ള<br>കണ്ണൂർ നഗരസഭയിലെ വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 7. | 4.1.6 | അടഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ചിട്ടുള്ള ആസ്തികളിൽ വലിയൊരു ശതമാനം കെട്ടിടങ്ങളാണ്. അതുകൊണ്ടു തന്നെ തദ്ദേശഭരണസ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികളിൽ വലിയൊരളവുവരെ കെട്ടിടങ്ങൾ ഉൾപ്പെടുന്നു. വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതികൾ | <u>ആറ്റിങ്ങൽ</u> നഗരസഭ പ്രൈവറ്റ് ബസ്സ്റ്റാന്റ് മാമത്തേക്ക് മ<br>സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരവെ നഗരസഭ<br>വർഷങ്ങൾക്ക് മുൻപ് ഭൂമി കൈമാറിയിരുന്നവരു<br>അനന്തരാവകാശികൾ സ്ഥലത്തിന്റെ ഇത്തരത്തിലു<br>ഉപയോഗത്തിനെതിരെ ബഹു: മുനിസിപ്പൽ കോടതിയിൽ കേ<br>ഫയൽ ചെയ്യുകയും നഗരസഭയുടെ പ്രവർത്തനങ്ങ<br>തടഞ്ഞുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. തുടർ |

| | | | |
|---|---|---|---|
| | | നടപ്പാക്കുന്നതാണ് കെട്ടിടങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതിനുള്ള പ്രധാന കാരണം. പരിശോധന നടത്തിയ 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 8.21 കോടി രൂപയുടെ നിഷ്ക്രിയാസ്തികളാണ് കെട്ടിടങ്ങളുടെ രൂപത്തിലുള്ളത്. നിർമ്മാണം പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും ഉദ്ഘാടനം നടക്കാത്തവയും, ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം തുടങ്ങാത്തവയും, നിർമ്മാണം പാതിവഴിയിൽ നിലച്ചവയും നിഷ്ക്രിയാസ്തികളായി മാറിയ കെട്ടിടങ്ങളിൽ ഉൾപ്പെടുന്നു. ഉദാഹരണങ്ങൾ;<br><br>➢ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭ പ്രൈവറ്റ് ബസ്സ്സ്റ്റാന്റ് മാമത്തേക്കു മാറ്റി സ്ഥാപിക്കുവാൻ 2004-05 ൽ 9,54,584/-രൂപ മുടക്കി കെട്ടിടം പണികഴിപ്പിച്ചു. എന്നാൽ വസ്തുവിന്റെ ഉടമസ്ഥതയെപ്പറ്റി ആറ്റിങ്ങൽ മുനിസിപ്പൽ കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ബസ്സ്സ്റ്റാന്റ് മാറ്റി സ്ഥാപിക്കുന്ന. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥത, കൈവശരേഖ എന്നിവ പരിശോധിക്കാതെ പദ്ധതി നടപ്പാക്കിയതിനാലാണ് ഇത്തരമൊരു സാഹചര്യമുണ്ടായത്. പത്തു വർഷത്തിലേറെയായി കെട്ടിടം അടഞ്ഞു കിടക്കുന്നു.<br><br>➢ ചങ്ങനാശ്ശേരി നഗരസഭ 1997-98 ൽ 4,00,000/-രൂപ ചെലവിൽ നിർമ്മിച്ച വനിതകളുടെയും, കുട്ടികളുടെയും ലൈബ്രറി വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്.<br><br>➢ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2008-09 ൽ നിർമ്മാണം തുടങ്ങിയ ഓഫീസ് കെട്ടിടം താഴത്തെ നില പൂർത്തിയാക്കും മുമ്പു തന്നെ പണി തടസ്സപ്പെട്ടുകിടക്കുകയാണ്. ഇതുവരെ 6.38 കോടി രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. രാമേശ്വരം കോളനിയിൽ പണി തുടങ്ങിയ കമ്മ്യൂണിറ്റി ഹാൾ പ്രാരംഭദിശയിൽ തന്നെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 2012-13 | 11.09.2015 -ൽ ടി സ്ഥലത്തുള്ള നഗരസഭയുടെ നിർമ്മാ പ്രവർത്തനങ്ങളെ സ്ഥിരമായി തടഞ്ഞുകൊ ഉത്തരവായിട്ടുള്ളതും, ടി വിധിക്കെതിരെ നഗരസഭ ബഹു: സ കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്. ബഹ കോടതിയുടെ അന്തിമവിധി ഉണ്ടായാൽ മാത്രമേ ഇക്കാര്യത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. കോട നടപടികൾ ത്വരിതപ്പെടുത്തുന്നതിന് അഡ്വക്കേറ്റിന് കത്ത നൽകിയിട്ടുള്ളതാണ്.<br><br><u>കൊച്ചി</u> : രാമേശ്വരം കോളനിയിലെ കമ്മ്യൂണിറ്റിഹോളിന്റെ പണ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്.<br><br>കൊച്ചി നഗരസഭ ഡിവിഷൻ 63 - പുല്ലേപ്പ സംഗമോദ്യാനത്തിൽ 2011-12 ലെ വികേന്ദ്രീകൃതാ സൂത്രണ പദ്ധതി പ്രകാരം ആകെ 400000/-രൂപ വകയിരുത്തുകയു സർക്കാർ നിർദ്ദേശ പ്രകാരം 10% മയിൽ നിരക അനുവദിച്ചിട്ടുള്ളതുമാണ്. 2011-12 വർഷാവസാനത്തിലാണ നടപടിക്രമങ്ങൾ പൂർത്തി യാക്കി പ്രവൃത്തി ആരംഭിക്കാന സാധിച്ചത്. സോയിൽ ടെസ്റ്റ് നടത്താത്ത സൈറ്റായതിനാ ൽ പ്രവൃത്തി ആരംഭിച്ച് ഫൗണ്ടേഷൻ, ഭിത്തി എന്നിവയുടെ നിർമ്മാണത്തിനു ശേഷം കുറച്ചു കാലയളവിനുശേഷമാണ തുടർനിർമ്മാണങ്ങൾ ആരംഭിച്ചത്. വകയിരുത്തിയ തുകയിത എസ്റ്റിമേറ്റ് പ്രകാരമുള്ള വേല പൂർത്തീകരിച്ച് ഫൈനൽ ബില്ല 2014-15 വർഷാവസാനം അനുവദിച്ചിട്ടുണ്ട്. എന്നാൽ വകയിരുത്തിയ തുകയിൽ കെട്ടിടം പണിപൂർത്തീകരിക്കാന് സാധിച്ചിട്ടില്ലാത്തതാണ്. ടി പ്രൊജക്ടിന്റെ പൂർത്തീകര ണത്തിന |

144

| | | | |
|---|---|---|---|
| | | ൽ നിർമ്മാണമാരംഭിച്ച കെട്ടിടത്തിന്റെ അടിത്തറ, പില്ലർ എന്നിവ നാശോന്മുഖമാണ്. 2,38,475/-രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. പുല്ലേപ്പടി സംഗമോദ്യാനത്തിൽ 2011-12 ൽ നിർമ്മാണം തുടങ്ങിയ ലൈബ്രറി കെട്ടിടം പണിപൂർത്തിയാകാത്തതിനാൽ ഉപയോഗിക്കാനാവാത്ത നിലയിലാണ്. 4,09,553/-രൂപയാണ് കെട്ടിടത്തിന് ചെലവിട്ടത്.<br><br><br>കൊച്ചി നഗരസഭയിലെ രാമേശ്വരം കോളനിയിൽ പണി കോർപ്പറേഷൻ പണി തടസ്സപ്പെട്ട് കിടക്കുന്ന കൊച്ചി<br>പ്രാരംഭദിശയിൽ ഉപേക്ഷിക്കപ്പെട്ട കമ്മ്യൂണിറ്റി ഹാൾ ഓഫീസ് കെട്ടിടം | 2017-18 വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എസ്റ്റി തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൊച്ചി നഗരസഭയുടെ മറൈൻഡ്രൈവ് മെയിൻ ഓ ബിൽഡിംഗിന്റെ നിർമ്മാണം 13/05/2015 G.O.(Rt)No.1411/2015/LSGD നമ്പർ ഗവൺമെന്റ് ഉത്ത പ്രകാരം പുനരാരംഭിച്ചിട്ടുള്ളതാണ്. മേൽ ഉത്തരവു പ്രക 2012 SOR-ന്റെ 25% അധിക നിരക്കിൽ ബാലൻസ് വർ 18,70,37,013/- രൂപയ്ക്കാണ് വർക്ക് M/S P.K.രാമചന്ദ്രൻ കരാറുകാരന് നൽകിയിട്ടുള്ളത്. 2017 ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്ന മെഷർമെന്റ് പ്രകാരം 18 ലക്ഷത്തോളം രൂപ നൽകാനുള്ള കരാറുകാരൻ കേസ് ഫയൽ ചെയ്ത് 6.5 കോടിയോളം ക്ലെയിം ചെയ്തു. ടി തുക നൽകുന്നതിന് ബഹു.എറണാ സബ് കോടതി (ഒ.എസ് നം.40/2013 നമ്പർ ഉത്തരവായിട്ടുള്ളതും ഇതിനെതിരെ നഗരസഭ ബഹു. ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ്<br><br>2015-ൽ നിർമ്മാണം പുനരാരംഭിച്ചുവെങ്ക |

12

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനാവശ്യമായ ചില മാറ്റങ്ങൾ വരുത്ത എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കൗൺസിൽ അംഗീകാരം ലഭ്യമാക സാങ്കേതിക അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക അയച്ചിട്ടുള്ളതാണ്. തുടർന്ന് ചില ഭേദഗതികൾ നിർദ്ദേശിച്ച് ചീ എഞ്ചിനീയറുടെ കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായ പുനസമർപ്പി ച്ചിട്ടുള്ളതാണ് എന്നും റിപ്പോർട്ട് ചെയ്യുന്ന സാങ്കേതിക അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് പണ പൂർത്തീകരിക്കാവുന്നതാണ്. ജി + 6 നിലകളുടെ സ്ട്രക്ചറ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ചങ്ങനാശ്ശേരി : ചങ്ങനാശ്ശേരി നഗരസഭയിൽ വനിതകളുടേയും കുട്ടികളുടേയും ലൈബ്രറി 2014 - 15 വർഷം മുതൽ തുറന്നു പ്രവർത്തിക്കുന്നുണ്ട്. നിലവിൽ വളരെ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. |
| 8 | 4.1.7 | പ്രവർത്തനമില്ലാത്ത കുടിവെള്ള പദ്ധതികൾ | ചങ്ങനാശ്ശേരി :<br>2012- 13 ൽ വാഴപ്പള്ളി സെറ്റിൽമെന്റ് കോളനിയിൽ കുഴൽക്കിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ |

140

| | | | |
|---|---|---|---|
| | | *തദ്ദേശഭരണസ്ഥാപനങ്ങളിലെ കുടിവെള്ള/ജലവിതരണ പദ്ധതികളിൽ പലതും നിഷ്ക്രിയാസ്തികളായി മാറുന്നു. വ്യക്തമായ ആസൂത്രണവും, കൃത്യമായ നടത്തിപ്പു സംവിധാനങ്ങളും ഇല്ലാത്തതിനാലാണ് ഭൂരിപക്ഷം കുടിവെള്ള പദ്ധതികളും പ്രവർത്തനരഹിതമായി മാറുന്നത്. ഗുണഭോക്താക്കളുടെ പങ്കാളിത്തക്കുറവും, താൽപ്പര്യമില്ലായ്മയുംമൂലം പ്രവർത്തനരഹിതമാവുന്ന കുടിവെള്ള പദ്ധതികളുമുണ്ട്. മുൻ പദ്ധതികളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാതെ വീണ്ടും അതേതരം പദ്ധതികളുമായി മുന്നോട്ടുപോകുന്നത് കുടിവെള്ള പദ്ധതികളുടെ പരാജയസാധ്യതകൾ വർദ്ധിപ്പിക്കുന്നു. വിവിധ കാരണങ്ങളാൽ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള കുടിവെള്ള/ജലവിതരണ പദ്ധതികൾക്ക് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.*<br>➢ *ചങ്ങനാശ്ശേരി നഗരസഭ 2012-13 ൽ നടപ്പാക്കിയ വാഴപ്പള്ളി സെന്റിൽമെന്റ് കോളനി കുഴൽക്കിണർ നിർമ്മാണപദ്ധതിയുടെ ചെലവ് 6,10,000/- രൂപയായിരുന്നു. എന്നാൽ പദ്ധതി ഇതുവരെ പൂർത്തിയായിട്ടില്ല.*<br>➢ *എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭ 2005 ൽ നിർമ്മിച്ച വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗശൂന്യമാണ്. 18 ലക്ഷം രൂപയായിരുന്നു ചെലവ്.*<br>➢ *കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2012 ൽ 3.01 കോടി രൂപ ചെലവഴിച്ച ജലവിതരണ പദ്ധതി, 2012-13 ൽ 65.93 ലക്ഷം ചെലവഴിച്ച കുടിവെള്ള പദ്ധതി എന്നിവ വിവിധകാരണങ്ങളാൽ* | ഡിപ്പാർട്ട്മെന്റിൽ 6,10,000/- രൂപ നൽകിയിട്ടുള്ളതാണ്. ഗ്ര<br>വാട്ടർ ഡിപ്പാർട്ട്മെന്റ് പ്രസ്തുത പ്രവൃത്തി ചെയ്തുവെ<br>വെള്ളത്തിന് ഉപ്പുരസമുള്ളതിനാൽ ഉപയോഗപ്രദമല്ലെന്ന് ഗ്ര<br>വാട്ടർ ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുള്ളതാണ്. ഈ വി<br>കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ആർ.ഒ<br>സ്ഥാപിച്ച് പ്രശ്നത്തിന് പരിഹാരം കാണണമെന്ന് കൗൺ<br>തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. എന്നാൽ അ<br>പ്ലാന്റ് സ്ഥാപിക്കുന്നത് ഫലപ്രദമാവില്ലെന്ന് കേരളാ<br>അതോറിറ്റി അറിയിച്ചിട്ടുള്ളതാണ്. ശുദ്ധജല ലഭ്യത പരിശോ<br>ഉറപ്പു വരുത്തേണ്ടത് ഇതിനു ചുമതലപ്പെടുത്തിയ ഗ്രൗണ്ട്<br>ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവാദിത്വമായിരുന്നു. ഗ്രൗണ്ട്<br>ഡിപ്പാർട്ടുമെന്റിന് ഇതു സംബന്ധിച്ച് ക<br>നൽകിയിരുന്നുവെങ്കിലും നാളിതുവരെ മറുപടി ലഭ്യമാ<br>എന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്.<br>കൊച്ചി : കൊച്ചി മുനിസിപ്പല കോർപ്പറേഷന്റെ ഭാഗങ്ങൾ,<br>മുനിസിപ്പാലിറ്റി, കുമ്പളം,കുമ്പളങ്ങി, ചെല്ലാനം<br>പഞ്ചായത്തുകളാണ് ജന്നുറം പദ്ധതിയുടെ പരിധി<br>വരുന്നത്. 2009-ൽ നിർമ്മാണം ആരംഭിച്ച പദ്ധതി വഴി 20<br>2.51 ലക്ഷം പേർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് വ<br>ചെയ്തിട്ടുണ്ട്. 100 ദശലക്ഷം ശേഷിയുള്ള പദ്ധതി<br>പരിഷ്ക്കരിച്ച അടങ്കൽ തുക 250 കോടി രൂപയാണ്.<br>പപദ്ധതി 13 പാക്കേജുകൾ<br>➢ ആയിട്ടാണ്നടപ്പിലാക്കിയത്<br>➢ പദ്ധതി നിർവ്വഹണം :<br>➢ മൂവാറ്റുപുഴയാറിലെ പിറവംപഞ്ചായത്തിലെ പാഴൂ |

| | | | |
|---|---|---|---|
| | | പണിപൂർത്തിയാവാതെ മുടങ്ങിക്കിടക്കുകയാണ്.<br>➢ കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്ത് 2007-08 ൽ 6,92,292/-രൂപ ചെലവഴിച്ച കോട്ടപ്പുറം കുടിവെള്ള പദ്ധതി പ്രവർത്തിക്കുന്നില്ല. 2004-05 ൽ 6.30 ലക്ഷം ചെലവിട്ട പയ്യോളി തീരദേശ ശുദ്ധജല പദ്ധതിയും പ്രവർത്തനക്ഷമമല്ല. 2010-11 ൽ 2 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച ഇരിങ്ങൽ-മുരാട് കുടിവെള്ള പദ്ധതി പൊട്ടിപ്പൊളിഞ്ഞ് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 2003-04 ൽ 4.25 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച പെരിങ്ങാട് കുടിവെള്ള പദ്ധതിയും നിലവിൽ ഉപയോഗപ്രദമല്ലാത്ത അവസ്ഥയിലാണ്. | നിർമ്മാണ പ്രവർത്തനം കഴിഞ്ഞ 12 മീറ്റർവ്യാസമുള്ള കിണറി നിന്ന് ജലം ശേഖരിച്ച് ആരക്കുന്നത്തുള്ള 43 ലക്ഷം ലിറ്റ ശേഷിയുള്ള മരട് ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് പുതി പമ്പ് ഹൗസിൽ എത്തിച്ച് പശ്ചിമകൊച്ചിയിലും സമീ പഞ്ചായത്തുകളിലും ശുദ്ധജലവിതരണം നടത്തിവരുന്നു.<br><br>നിർമ്മാണ ഘട്ടത്തിൽ നേരിട്ട അനവധി തടസ്സങ്ങൾ കാരണ നിശ്ചിത സമയത്ത് പദ്ധതി പൂർത്തീകരിക്കു വാൻ കഴിയി പാഴൂരിൽ നിന്നും ശുദ്ധീകരണശാല വരെയുള്ള റോവാട്ട പൈപ്പ് ലൈൻ സ്ഥാപിക്കാൻ റോഡ് മുറിക്കാൻ അനുമ ലഭിക്കാഞ്ഞതിനാൽ പുതിയ പാത കണ്ടെത്തേണ്ടിവന്നു ഇതിനായി 270 ആർ ഭൂമി പുതുതായി ഏറ്റെടുക്കേണ്ടി വന്നു.കൂടാതെ ക്ലിയർ വാട്ടർ പൈപ്പ് ലൈൻ സ്ഥാപിക്കാ ദേശീയ പാത അതോറിറ്റിയുടെ അനുമതിയും റെയിൽപാള കുറുകെ കടക്കാൻ റെയിൽവെയുടെ അനുമതി ലഭിക്കാ ഏറെ കാലതാമസ്സം നേരിട്ടു. എങ്കിലും 2.2.2016 -ൽ പദ്ധതി പൂർണ്ണമായും പൂർത്തിയാക്കി നാടിന് സമർപ്പിച്ചു.നടപ്പിലാക്കിയത്<br><br><u>പെരുമ്പാവൂർ</u> : |


136

| | | | |
|---|---|---|---|
| | | | 2004-05 MPLAD fund ഉപയോഗിച്ച് അന്ന് നിലവിലുണ്ടായിര ഫിഷ്മാർക്കറ്റിലേയും, സ്ലോട്ടർ ഹൗസ്സിലേയും മലിന ശുദ്ധീകരിക്കുന്നതിന് വേണ്ടിയാണ് KAICO മുഖാന്തിരം സ്ഥാപിച്ചത്. ശുദ്ധീകരിച്ച വെള്ളം പാത്തിതോടിലേയ്ക്ക് 29ഒഴുക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.<br><br>നഗരവൽക്കരണത്തിന്റെ ഭാഗമായി ജനവാസമില്ലാതിര ആ പ്രദേശം ജനനിബിഢമായി പരിണമിച്ചു. നിലവിൽ പ്രദേശത്ത് പ്രൈവറ്റ് ബസ് ഷോപ്പിംഗ് കോംപ്ല പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ എതിർപ്പു മൂലം സ്ലോ ഹൗസിന്റെ പ്രവർത്തനത്തിന് തടസ്സം നേരിടുക KSPCBയുടെയും തുടർ പ്രവർത്തനാനുമതി ലഭിക്കാത്തതിന പ്രവർത്തനം നിർത്തലാക്കുകയും ചെ പാത്തിത്തോട്ടിലേയ്ക്ക് വെള്ളം ഒഴുക്കുന്നതിനും എ നിലനിന്നിരുന്നു. ആ സാഹചര്യത്തിൽ water treatm plant പ്രവർത്തനം നിലച്ചു.<br><br>നിലവിലെ സാഹചര്യത്തിൽ drainage -ലൂടെ ഒഴുക |

| | | | |
|---|---|---|---|
| | | | അഴുക്കുജലം ശുദ്ധീകരിക്കുന്നതിന് ഈ പ്ലാന്റ് ഉപയോഗിക്കുവാ കഴിയുമോയെന്ന് സംബന്ധിച്ച് M/s. KAICO യുടെ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ടപ്പോ സ്ഥാപിച്ചിരിക്കുന്നത് Domestic Biodegradable waste wate treatment plant ആണെന്നും Vertical Hybrid Biotech Reactor fixe type ആണെന്നും ആയത് drainage water treatment ചെയ്യാ ഉപയോഗിക്കുവാൻ സാധിക്കുകയില്ലെന്നുമുള്ള അഭിപ്രായമാണ ഫോണിൽ ബന്ധപ്പെട്ടപ്പോൾ അറിയുവാൻ കഴിഞ്ഞത്. fixed typ plant മറ്റൊരു സൈറ്റിലേക്ക് മാറ്റി സ്ഥാപിച്ചാൽ plant alignmen ന് എല്ലാം കേട് സംഭവിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ടി പ്ലാന്റ ഉപയോഗ്യയോഗ്യമാക്കുവാൻ സാധിക്കുമോയെന്ന് ആരാഞ്ഞ ഈ നഗരസഭയിൽ നിന്നും A41442/16, dt. 10/05/16 പ്രകാരം KSPCB കത്ത് നൽകിയിട്ടുണ്ട്. ഓർമ്മകുറിപ്പ് അയച്ചിട്ടുണ്ട് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. |
| 9 | 4.1.8 | വിവിധ പദ്ധതികൾക്കായി വാങ്ങിയ വസ്തുവകകൾ | കൊല്ലം : കൊല്ലം മുനിസിപ്പൽ കോർപറേഷന് ൽ പുതിയ കുടിവെള്ള വിതരണ ശൃംഖല ആരംഭിക്കുവാനായി 7.20 |

| | | | |
|---|---|---|---|
| | | കാടുപിടിച്ചു കിടക്കുന്നു<br><br>പദ്ധതികൾ കടലാസിലൊതുങ്ങി ; കോടികളുടെ ആസ്തി നിഷ്ക്രിയം<br><br>*വിവിധ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾ ഒട്ടേറെ ഭൂമി ആസ്തിയായി ആർജ്ജിട്ടുണ്ട്. എന്നാൽ തുടർപ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താത്തതിനാൽ കോടിക്കണക്കിനു രൂപ വിലയുള്ള ഭൂമി വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തിയായി നിലകൊള്ളുകയാണ്. പരിശോധന നടത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാത്രം 4.77 കോടി രൂപയുടെ ഭൂമിയാണ് നിഷ്ക്രിയാസ്തിയായിട്ടുള്ളത്. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു;*<br><br>➢ *കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ 2008-09 ൽ, പുതിയ കുടിവെള്ള വിതരണ ശൃംഖല ആരംഭിക്കുവാനായി 7.20 ഏക്കർ സ്ഥലം ഏറ്റെടുക്കുവാൻ 1,21,33,000/-രൂപ ഭൂമി വിലയായി ജില്ലാകളക്ടറുടെ പേർക്ക് ഡെപ്പോസിറ്റ് ചെയ്തു. ഇതുവരെ ഭൂമി ഏറ്റെടുക്കുകയോ, പദ്ധതി ആരംഭിക്കുകയോ ചെയ്തിട്ടില്ല.*<br><br>➢ *ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭ 2007 ൽ ചവർസംസ്ക്കരണത്തിനായി സ്ഥലം വാങ്ങുവാൻ 4,07,090/- രൂപ ചെലവഴിച്ചു. എന്നാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് അക്വിസിഷൻ പാതിവഴിയിൽ ഉപേക്ഷിച്ചു.*<br><br>➢ *കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നഗരസഭ 1997-98 ൽ 47,70,469/-രൂപ ചെലവിട്ട് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുവാനായി സ്ഥലം വാങ്ങി. എന്നാൽ ഈ വസ്തുവിന്റെ അതിർത്തികൾ നിർണ്ണയിക്കുവാൻ പോലും നാളിതുവരെ കഴിഞ്ഞിട്ടില്ല. നിലവിൽ ഈ സ്ഥലത്ത് നഗരമാലിന്യങ്ങൾ കൊണ്ടിടു* | ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾ 28/9/20<br>പൂർത്തിയാക്കി സ്ഥലം നഗരസഭ ഏറ്റെടുത്തിട്ടുള്ളതു<br>ആയതിനെതുടർന്ന് കേരള വാട്ടർ അതോറിറ്റി സ്ഥലപരിശോ<br>നടത്തി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതു<br>പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം Right to<br>compensation and transparency in Land Acquisi<br>Rehabilitation and Resettlement Act 2013 അനുസ<br>പുതുക്കി മൂല്യനിർണ്ണയം നടത്തുകയും നേരത്തെ<br>അക്വിസിഷനുവേണ്ടി ബഹു. ജില്ലാ കളക്<br>ഒടുക്കുവരുത്തിയിരുന്ന 1,21,33,000/- രൂപ കൂടാതെ ഒ<br>എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുൾപ്പെടെ 21,73,15,466/- രൂപ<br>ഒടുക്കുവരുത്തണമെന്ന് സ്പെഷ്യൽ തഹസീൽദാർ എത<br>നമ്പർ 2, കൊല്ലം അറിയിക്കുകയും ആയത് ഒടുക്കുവര<br>28/9/17-ൽ ടി വസ്തു ഏറ്റെടുക്കൽ നടപടികൾ പൂർത്തിയ<br>യിട്ടുള്ളതുമാണ്. ലാൻഡ് അക്വിസിഷൻ നടപട<br>പൂർത്തിയാക്കുന്നതിന് കാലതാമസം വന്നത് നഗരസഭ<br>വീഴ്ചകൊണ്ടല്ല, പുതിയ ലാൻഡ് അക്വിസിഷൻ നിയമം വ<br>മൂലം റവന്യൂ അധികൃതരുടെ ഭാഗത്ത നിന്നുണ്ടായ നിര<br>സമ്മർദ്ധം മൂലം നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ലാ<br>അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണെന്ന വി<br>ബോധിപ്പിക്കുന്നു<br><br>ചങ്ങനാശ്ശേരി ഏറ്റെടുത്ത സ്ഥലം അളന്ന് തിട്ടപ്പെടു |

| | | | |
|---|---|---|---|
| | | കയാണ്.<br><br>➢ കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭ 2006-07 ൽ 28,05,530/-രൂപ ചെലവഴിച്ച് കളിസ്ഥലം നിർമ്മിക്കുവാനുള്ള ഭൂമി വാങ്ങി. എന്നാലിതുവരെ കളിസ്ഥലം നിർമ്മിച്ചിട്ടില്ല. സ്ഥലം കാടുപിടിച്ചു കിടക്കുന്നു.<br><br>➢ മുക്കം നഗരസഭ 2006 ൽ 3,54,700/-രൂപ ചെലവഴിച്ച് മണാശ്ശേരി പൊതുശ്മശാനത്തിന് സ്ഥലം വാങ്ങി. എന്നാൽ മറ്റു പ്രവൃത്തികൾ ഒന്നും നടക്കാതെ, സ്ഥലം കാടുപിടിച്ചു കിടക്കുകയാണ്. മുക്കം നഗരസഭ തോട്ടത്തിൻകടവിൽ ചെറുകിട വ്യവസായകേന്ദ്രം സ്ഥാപിക്കുവാനായി 2008-09 ൽ സ്ഥലം വാങ്ങി. എന്നാൽ 6,72,033/-ചെലവിട്ട് വാങ്ങിയ സ്ഥലത്ത് വ്യവസായകേന്ദ്രം സ്ഥാപിക്കുവാനുള്ള തുടർ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. 2010 ൽ 25,38,698/-രൂപ ചെലവിട്ട് തോട്ടത്തിൻകടവ് മാതൃകാ കോളനിക്ക് സ്ഥലം വാങ്ങിയെങ്കിലും തുടർപ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. സ്ഥലം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. | അതിർത്തി തിരിച്ച് കല്ലിടുകയും ആസ്തി രജിസ്റ്ററിര രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>നിലവിൽ മാലിന്യം നിക്ഷേപിച്ചു വരുന്നിട്ട നഗരമാലിന്യം നിക്ഷേപിക്കുന്നത് നഗരസഭയുടെ ഡംപിം ഗ്രൗണ്ടിലാണ്. സ്റ്റേഡിയത്തിനായി ഏറ്റെടുത്ത സ്ഥലം പിന്നീ ബൈപാസ് റോഡ് നിർമ്മാണത്തിന് എടുക്കുകയും നിലവിര റോഡ് നിർമ്മിച്ചശേഷം ടി സ്ഥലം റോഡിന്റെ ഇരുവശത്തായാണ സ്ഥിതി ചെയ്യുന്നത്. 224.7 മീറ്റർ നീളത്തിലും 23.5 മീറ്റ വീതിയിലും ഉള്ള സ്ഥലം റോഡിനായി പി.ഡബ്ല്യു.ഡി യ്ക്ക് കൈമാറ് ബാക്കി സ്ഥലം അളന്നു തിട്ടപ്പെടുത്തിയിട്ടുള്ളതാകുന്നു. |
| 10. | 4.1.9 | ഉപയോഗമില്ലാതെ കിടക്കുന്ന മത്സ്യമാർക്കറ്റുകളും, ചന്തകളും<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോടിക്കണക്കിന് രൂപ ചെലവിട്ടു നിർമ്മിച്ചിട്ടുള്ള മത്സ്യമാർക്കറ്റുകൾ, ചന്തകൾ, ഫിഷ് പ്രോസസിംഗ് സെന്ററുകൾ, ഫിഷ്ലാന്റിംഗ് സെന്ററുകൾ എന്നിവയിൽ പലതും നിഷ്ക്രിയാസ്തികളായി മാറിയിട്ടുണ്ട്. ശരിയായ ആസൂത്രണത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും അഭാവമാണ് ഇത്തരം പദ്ധതികളുടെ പരാജയത്തിനുള്ള മുഖ്യകാരണം. | <u>കൊച്ചി</u> : ഫിഷ്ലാന്റിംഗ് സെന്ററുമായി ബന്ധപ്പെട്ട ഓഡിറ്റ്പരാമർശങ്ങളിൽ താഴെപ്പറയും പ്രകാരം വിശദീകരണം നൽകുന്നു.<br><br>കൊച്ചി നഗരസഭയുടെ 2011-12 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 08/03/2012-ൽ പൂർത്തീകരിച്ചതാണ് തട്ടാഴം ഫിഷ്ലാന്റിംഗ് സെന്റർ. ഡോൺബോസ്കോ റോഡിന്റെ |


| | | | |
|---|---|---|---|
| | | കൊച്ചി കോർപ്പറേഷനിലെ 4 ഫിഷ്ലാന്റിംഗ് സെന്ററുകൾ ഉപയോഗിക്കുന്നില്ല ;<br><br>*13.82 ലക്ഷം രൂപയുടെ ആസ്തികൾ നിഷ്ക്രിയം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നിർമ്മിച്ച 4 ഫിഷ്ലാന്റിംഗ് സെന്ററുകൾ ഉപയോഗിക്കാത്ത നിലയിലാണ്. ഇതുമൂലം 13,82,845/- രൂപ ചെലവിട്ടു നിർമ്മിച്ച ആസ്തികളാണ് നിഷ്ക്രിയമായിരിക്കുന്നത്.*<br>*2013-14 ൽ 4,96,981/-രൂപ ചെലവിൽ ഡോൺ ബോസ്കോ റോഡിൽ നിർമ്മിച്ച ഫിഷ് ലാന്റിംഗ് സെന്റർ നിലവിൽ ഉപയോഗിക്കുന്നില്ല. 2011-12 ൽ ഇടക്കൊച്ചിയിലെ ഫിഷ്ലാന്റിംഗ് സെന്ററിന്റെ റൂഫിംഗ് നടത്തിയിരുന്നു. എന്നാൽ ഇതിനായി 2,53,340/- രൂപ ചെലവഴിച്ചിട്ടും ഉപയോഗമില്ലാത്ത നിലയിലാണ്.*<br>*മരക്കടവിലെ ഫിഷ്ലാന്റിംഗ് സെന്ററിന്റെ നവീകരണാർത്ഥം 2011-12 ൽ കോർപ്പറേഷൻ 3,39,348/-രൂപ ചെലവഴിക്കുകയുണ്ടായി. എന്നാൽ ഈ ഫിഷ്ലാന്റിംഗ് സെന്ററും നിലവിൽ ഉപയോഗിക്കുന്നില്ല. 2,93,176/-രൂപ ചെലവിട്ട് 2011-12 ൽ നിർമ്മിച്ച തട്ടാഴം ഫിഷ്ലാന്റിംഗ് സെന്ററും ഉപയോഗമില്ലാത്ത നിലയിലാണ്.*<br><br><br>ഡോൺബോസ്കോ റോഡിലെ ഉപയോഗമില്ലാത്ത ഫിഷ്ലാന്റിംഗ് സെന്റർ | പടിഞ്ഞാറെ അതിർത്തിയിലുള്ള ഫിഷ്ലാന്റിംഗ് സെന്റർ 2014 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 25/08/201 പണിപൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>മത്സ്യതൊഴിലാളികൾക്ക്, അവരുടെ വള്ളവും, ബോട്ടും അടുപ്പിക്കുന്നതിനും മത്സ്യം ഇറക്കിവെച്ച് വിതരണം ചെയ്യുന്നതിനുമായാണ് ഫിഷ്ലാന്റിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുള്ളത്. മുകൾ പരാമർശത്തിൽ ഉൾപ്പെട്ടവ കൂടാതെ ഈ പ്രദേശത്ത് ഫിഷ്ലാന്റിംഗ് സെന്ററുകൾ വേറെയും നിലവിലുണ്ട്.<br><br>2011-12 വാർഷിക പദ്ധതിയിൽപ്പെടുത്തി ഇടക്കൊച്ചി നിർമ്മിച്ച ഫിഷ്ലാന്റിംഗ് സെന്റർ ഫലപ്രദമായി ഉപയോഗിക്കു കഴിയാത്തത് നിർമ്മാണ ശേഷം ഫിഷ്ലാന്റിംഗ് സെന്ററിൽ കി ഭാഗത്ത് കായലിൽ നിരന്തരമായി ചെളി വന്നു കൂടിയതി വള്ളങ്ങൾക്ക് വേലിയിറക്ക സമയത്ത് അടുക്കു കഴിയാത്തതിനാലാണ്. കായലിൽ വളരെ ദൂരം അടിഞ്ഞതിനാൽ ഇത് നീക്കം ചെയ്യുന്നതിന് മത്സ്യബ |

| | | | |
|---|---|---|---|
| | | ➢ ആലുവ നഗരസഭയിലെ ജനറൽ മാർക്കറ്റിനു സമീപം സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്പ്മെന്റ് കോർപ്പറേഷനാണ് ആധുനിക ഫിഷ്മാർക്കറ്റ് നിർമ്മിച്ച് നഗരസഭയ്ക്ക് കൈമാറിയത്. 2012 ൽ നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് ഫണ്ടിൽ നിന്നുള്ള 2.5 കോടി രൂപ വിനിയോഗിച്ചാണ് ഫിഷ്മാർക്കറ്റ് പണിതത്. എന്നാൽ കെട്ടിടത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രവർത്തനക്ഷമമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.<br>➢ കോഴിക്കോട് ജില്ലയിലെ വടകര നഗരസഭ 2011-12 ൽ 29,82,224/-രൂപ വിനിയോഗിച്ച് നാരായണനഗരം മത്സ്യമാർക്കറ്റ് പണികഴിപ്പിച്ചു. ഇത് നിലവിൽ പ്രവർത്തിക്കുന്നില്ല. | തൊഴിലാളികൾ പോർട്ട് ട്രസ്റ്റിലും, ഹാർബർ എഞ്ചിനീയറി വിഭാഗത്തിലും പരാതിപ്പെട്ടിട്ടുണ്ട്. ചെളി നീക്കിയാ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതാണ്. ഇപ്പോ വേലിയേറ്റ സമയത്ത് ഉപയോഗിക്കുന്നുണ്ട്.<br>മത്സ്യലഭ്യത അനുസരിച്ച് എല്ലാ ഫിഷ്ലാന്റിംഗ് സെന്ററ തൊഴിലാളികൾ മാറിമാറി ഉപയോഗിച്ചു വരുന്നു.<br>മത്സ്യലഭ്യത കുറവാകുന്ന സമയങ്ങളിൽ ഈ സ്ഥല മത്സ്യതൊഴിലാളികൾക്ക് ഉപയോഗിക്കേണ്ടി വരുന്നില്ല. ഇ സമയത്ത് ഇവിടെ അനധികൃതമായി മാലിന്യങ്ങ നിക്ഷേപിക്കപ്പെടാറുണ്ട്. ആയത് നഗരസഭ ഹെൽത്ത് വിഭാഗ നീക്കം ചെയ്യാറുള്ളതു മാണ്. എന്നാൽ മത്സ്യബന്ധന സീസണ ആവുന്ന തോടുകൂടി ഈ മാലിന്യങ്ങൾ നീക്കം ചെയ്ത് ഈ സ്ഥല മത്സ്യതൊഴിലാളികൾ ഉപയോഗിച്ചു വരുന്നുണ്ട്.ഈ നിർമ്മാണ നിഷ്ക്രിയ ആസ്തി അല്ല എന്നും, അത് മത്സ്യതൊഴിലാളിക ഉപയോഗിക്കുന്നുണ്ട് എന്നും ഇവിടെ അന്വേഷണം നടത്തിയതിൽ മനസ്സിലാക്കുന്നു. |

| | | | |
|---|---|---|---|
| | | | ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ ഓഡിറ്റ് പരാമർശം<br>ഒഴിവാക്കണമെന്ന് താല്പര്യപ്പെടുന്നു.<br><br>ആലുവ : Coastal Management Authority Central Govt F<br>ഉപയോഗിച്ച് നിർമ്മിച്ച് 15.04.2013 തീയതിയിൽ നഗരസഭ<br>കൈമാറിയ ഫിഷ് മാർക്കറ്റ് കെട്ടിടത്തിന്റെ താഴത്തെ<br>auction hall അടക്കം 886.61 m2 ഉം ഒന്നാം നില 685.51<br>ആണുള്ളത്. ടി കെട്ടിടം പണിയുന്നതിന് വേണ്ടി പൊ<br>മാറ്റപ്പെട്ട കെട്ടിടത്തിൽ പച്ചമീൻ, ഉണക്കമീൻ, ആട്ടിറച്ചി, മാട്ട്<br>കോഴി ഇറച്ചി എന്നീ വ്യാപാരം നടത്തിയിരുന്നവ<br>പുനരധിവാസ വ്യവസ്ഥ പ്രകാരം ടി കെട്ടിടത്തിന്റെ താഴ<br>നിലയിലെ 23 മുറികൾ അനുവദിച്ചു നൽകിയിട്ടുള്ളതും ബ<br>വരുന്ന ഒന്നാം നിലയിലെ 23 മുറികൾ 23/11/16 തീയതി<br>ലേലം, 14/12/16 തീയതിയിൽ പുനർ ലേലം എന്നിവ നടത്തുക<br>17/12/16 തീയതിയിൽ ഓഫർ ക്ഷണിക്കുകയും ചെയ്ത<br>ആരും തന്നെ ഏറ്റെടുക്കാത്തതിനാൽ ടി മുറികൾ കൗൺ<br>തീരുമാനപ്രകാരം 20% ഡെപ്പോസിറ്റും വാടകയും ക<br>വരുത്തി വീണ്ടും 28/4/17 തീയതിയിൽ ലേലവും 24/<br>തീയതിയിൽ പുനർ ലേലവും നടത്തുകയും 14/6/17 തീയതി<br>ഓഫർ ക്ഷണിക്കുകയും ചെയ്തിട്ടും ആരും ത<br>ഏറ്റെടുക്കാത്ത സാഹചര്യത്തിൽ വീണ്ടും ഓ<br>ക്ഷണിക്കുന്നതിനുള്ള ഫിനാൻസ് കമ്മിറ്റി തീരുമാനപ്രക |

| | | | |
|---|---|---|---|
| | | | 6/10/17 തീയതിയിൽ വീണ്ടും ഓഫർ ക്ഷണിച്ചിട്ടും ആരും ത ഏറ്റെടുക്കാത്ത തിനാൽ വിഷയം വീണ്ടും കൗൺസിലി സമർപ്പിച്ചിരി ക്കുന്നതാണ്. താഴത്തെ മുറികളിൽ നിന്ന പ്രതിമാസം വാടകയിനത്തിൽ 122646/- രൂപയാണ് ലഭിക്കുന്നത് |
| 11. | 4.1.10 | **അശരണർ പെരുകുന്നു; പകൽവീടുകൾ അടഞ്ഞു കിടക്കുന്നു**<br><br>സമൂഹത്തിൽ എണ്ണം കൂടിവരുന്ന വൃദ്ധജനതയുടെ ക്ഷേമം ലക്ഷ്യമിടുന്ന പുതിയ സംരംഭങ്ങളാണ് പകൽവീടുകളും, വൃദ്ധ സദനങ്ങളും. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വലിയൊരു ശതമാനം പകൽ വീടുകളും പ്രവർത്തനമേതുമി ല്ലാതെ അടഞ്ഞുകിടക്കുന്നതായാണ് ഓഡിറ്റ് കണ്ടെത്തിയിട്ടു ള്ളത്. ഇത്തരം സ്ഥാപനങ്ങളുടെ തുടർ നടത്തിപ്പിനായി ക്രിയാ ത്മകമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പരാജയപ്പെടുന്നു. ഓഡിറ്റ് പരിശോധന നട ത്തിയ 217 തദ്ദേശഭരണസ്ഥാപനങ്ങളിലായി 2.66 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പകൽവീടുകളും, വൃദ്ധസദനങ്ങളും, സാന്ത്വനകേന്ദ്രങ്ങളുമാണ് നിഷ്ക്രിയാവസ്ഥയിലുള്ളത്. ആവർത്തനചെലവു വരുന്ന സംരംഭങ്ങൾ എന്ന നിലയിൽ, പകൽ വീടുകളുടെ തുടർ നടത്തിപ്പ് ഏറ്റെടുക്കുവാൻ പല തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങളും വിമുഖത കാട്ടുന്നു.<br><br>➢ കോട്ടയം നഗരസഭ 2010-11 മുതൽ 2012-13 വരെ 22,08,393/-രൂപ ചെലവഴിച്ച് പകൽവീട് നിർമ്മിക്കുകയും 2,28,490/-രൂപയുടെ ഫർണിച്ചർ വാങ്ങുകയും ചെയ്തു. 03.03.2014 ൽ കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തിയെങ്കിലും നാളിതുവരെ | കോട്ടയം : കോട്ടയം നഗരസഭ വക 'പകൽവീട്' നിയമാവ പ്രകാരം ഏറ്റെടുത്ത് നടത്തുന്നതിന് ഇൻഡ്യൻ റെഡ്ക്രോ സൊസൈറ്റി സെക്രട്ടറി ജമീമ റ്റി ജോയ് 11.03.2015 ന് അപേ നൽകുകയും, തുടർന്ന് വിഷയം കൗൺസിൽ മുമ്പാകെ വ 24.04.15 ലെ 2-ാം നമ്പർ തീരുമാനപ്രകാരം 'പകൽവീട്' ബൈലേ പ്രകാരം ഏറ്റെടുത്ത് നടത്തുവാൻ ഇൻഡ്യൻ റെഡ്ക്രോ സൊസൈറ്റിയ്ക്ക് അനുമതി നൽകിയിട്ടുള്ളതുമാണ്. 23.05.201 ന് ഒന്നാം കക്ഷിയായി നഗരസഭ സെക്രട്ടറിയും 2-ാ കക്ഷിയായി ശ്രീമതി ജമീമ റ്റി ജോയ് യും തമ്മി ഉഭയസമ്മതപ്രകാരം കരാറിൽ ഏർപ്പെടുകയും 08.06.2015 ന പകൽവീടിന്റെ താക്കോൽ സെക്രട്ടറിയുടെ പക്കൽനിന്നു ശ്രീമതി ജമീമ റ്റി ജോയ് കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണ അന്നുമുതൽ വൃദ്ധജനങ്ങളിൽ 60 വയസ്സിനുമേ പ്രായമുള്ളവരും, പകൽ സമയം വീടുകളിൽ ഒറ്റപ്പെട്ട പോകുന്നവരുമായവരെ സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ടുള്ള കോട്ടയം നഗരസഭയുടെ 'പകൽവീട്' പദ്ധതി പ്രവർത്തിച്ചു വരുന്നതുമാണ്. |

120


| | | | |
|---|---|---|---|
| | | വൃദ്ധജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടില്ല.<br>➢ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2006-07 ൽ നിർമ്മാണമാരംഭിച്ച വനിതാ വൃദ്ധസദനം രണ്ടാംനിലയുടെ കോൺക്രീറ്റിംഗ് വരെ പൂർത്തിയായ നിലയിലാണ്. 72,12,987/-രൂപ ചെലവഴിച്ച ഈ കെട്ടിടം നിലവിൽ കാടു പിടിച്ചു കിടക്കുകയാണ്.<br>2012-13 ൽ 16,98,885/-രൂപയ്ക്ക് നിർമ്മിച്ച ചുള്ളിക്കലിലെ പകൽവീട് ഉപയോഗമില്ലാത്ത നിലയിലാണ്. ചെലവന്നൂരുള്ള പകൽവീട് പൂട്ടിയിട്ടിരിക്കുകയാണ്. 2013-14 ൽ 18,02,013/-രൂപ ചെലവഴിച്ചാണ് ഈ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.<br><br>കൊച്ചി കോർപ്പറേഷനിലെ ചുള്ളിക്കലിൽ ഉപയോഗിക്കാത്ത നിലയിലുള്ള പകൽവീട് | കൊച്ചി : തേവര വൃദ്ധസദന കെട്ടിടത്തന്റെ പൂർത്തീക എന്ന പ്രവർത്തിയുടെ പ്രാഥമിക വേലകൾ മെ.ഹാബിറ്റാറ്റ് ഏജൻസി മുഖാന്തിരം മോഡണൈസേഷൻ ഒഫ് ഗവൺ പ്രോഗ്രാം (എം.ജി.പി.) ഫണ്ടുപയോഗിച്ച് കെട്ടിടത്ത് സ്ട്രക്ച്ചറൽ വർക്കുകൾ നിർമ്മിച്ചിട്ടുള്ളതാണ്. ഫണ്ട് അപര്യാപ്തത മൂലം നിർമ്മാണം പൂർത്തിയാക ഹാബിറ്റാറ്റിന് സാധിക്കാതെ വരികയും കെട്ടിട നിർമ്മ നിർത്തിവയ്ക്കേണ്ടതായും വന്നിട്ടുള്ളതാണ്. എന്ന സാമൂഹ്യക്ഷേമ കരവും മാനുഷികവുമായ പരിഗണന വൃദ്ധ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2010-11 വർഷ വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൽ 42 ലക്ഷം വകയിരുത്തി പ്രോജക്ടിന് അംഗീകാരം ലഭിച്ചു. എന്ന സർക്കാർ അനുമതി വാങ്ങി പദ്ധതി നടപ്പിലാക്കേണ്ടതാണെ SLTAG നിഷ്ക്കർഷിച്ച തിനാൽ സർക്കാർ അനുമതി ലഭ്യമ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേരിട്ടുള്ള ചു യിൽ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് കാലതാ വരുമെന്ന സാഹചര്യം പരിഗണിച്ചു കൊണ്ടും വൃദ്ധജനങ്ങ |

18

| | | | |
|---|---|---|---|
| | | | ക്ഷേമപരിപാലനം നഗരസഭയുടെ ഉത്തരവാദിത്വമാണെ വിഷയം കണക്കിലെടുത്തുകൊണ്ടും പദ്ധതി എത്രയും പെട്ടെ നിർവ്വഹിക്കണമെന്ന ഉദ്ദേശ്യത്തോടെ കെട്ടിടം പ പൂർത്തിയാക്കുന്നതിനായി കൊച്ചി നഗരസഭ സർക്കാ ഏജൻസിയായ KSHB ക്ക് തുക ഡെപ്പോസിറ്റ് ചെയ്ത ചെയ്യുകയാണുണ്ടായിട്ടുള്ളത്. സാമൂഹ്യക്ഷേമകരമാ പദ്ധതി പൂർത്തിയാക്കുക എന്ന അത്യന്താപേക്ഷിതമായതിനാൽ 25.1.2011-ലെ വർക്കിംഗ് ഗ്രൂ ശുപാർശ ചെയ്യുകയും, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.2.2011-ലെ 4-ാം നമ്പർ തീരുമാന പ്രകാരവും ബഹു. കൗൺസിലിന്റെ 22.2.2011-ലെ 4-ാം നമ്പർ തീരുമാ പ്രകാരവുമുള്ള അംഗീകാരത്തോടെ സർക്കാർ ഏജൻസിയാ KSHB-ക്ക് തുക ഡെപ്പോസിറ്റ് ചെയ്തത്. KSHB -ക്ക് തു കൈമാറിയിട്ടും നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുവാനോ പൂർത്തീകരിക്കുവാനോ KSHB -ക്ക് സാധിക്കാത്ത സാഹചര്യത്തിൽ 2014-15 വർഷം വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മൾട്ടി ഇയർ പ്രോജക്ടായി തേവ |

| | | | |
|---|---|---|---|
| | | | വൃദ്ധസദനം കെട്ടിടം നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്ത് നേരിട്ടുള്ള ചുമതലയിൽ ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്ത പൂർത്തിയാക്കിയി ട്ടുണ്ട്.<br><br>കെ.എസ്.എച്ച്.ബി ൽ ഡെപ്പോസിറ്റ് ചെയ്ത 42 ല രൂപയിൽ നിന്നും അവരുടെ കൺസൽട്ടിംഗ് ഫീസ് ഇനത്തി തുക കിഴിച്ച് ബാക്കി 41,38,743/- രൂപ നഗരസഭാ ഫ തിരികെ അടവാക്കിയിട്ടുള്ളതാണ്.<br><br>ചുള്ളിക്കൽ പകൽവീട് നിലവിൽ നൽ നിലയിൽ ത പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് എന്ന വി അറിയിച്ചുകൊള്ളുന്നു. ചിലവന്നൂർ പകൽ വീട് ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് പ്രവർത്തി കൾ പൂർത്തിക പകൽ വീടിന്റെ പ്രവർത്തനം നടന്നുവരുന്നു. |
| 12 | 4.1.12 | **അറവുശാലകൾ നിഷ്ക്രിയ ആസ്തിയായി മാറുന്നു**<br><br>*പുതിയ അറവുശാലകൾ സ്ഥാപിക്കുവാനും നിലവിലുള്ളവ നവീകരിക്കാനുമായി വൻതുകകളാണ് തദ്ദേശഭരണ സ്ഥാപന ങ്ങൾ ചെലവിടുന്നത്. എന്നാൽ പല കാരണങ്ങളാൽ അറവുശാ ലകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നതിനാൽ തദ്ദേശഭ രണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള കോടിക്കണക്കിന് രൂപയുടെ* | കോട്ടയം : കോട്ടയം നഗരസഭയുടെ അധീനത പ്രവർത്തിച്ചുവരുന്ന കശാപ്പുശാല വളരെ പഴക്കമുള്ളത സ്ഥലസൗകര്യത്തിന്റെ കുറവ് മൂലം കെട്ടിടം വിപുലപ്പെടു കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ബുദ്ധിമുട്ടാണ്. കെട്ടിടത്തി ബലക്ഷയവും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്ന |

| | | | |
|---|---|---|---|
| | | നിർമ്മാണങ്ങൾ നിഷ്ക്രിയമായി മാറുകയാണ്. പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ അറവുശാല സ്ഥാപിക്കൽ, നവീകരണം, യന്ത്രവൽക്കരണം എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ളതിൽ 2.63 കോടി രൂപയുടെ ആസ്തികൾ നിഷ്ക്രിയമായതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു;<br><br>➢ ചേർത്തല നഗരസഭ 2007 ൽ നിർമ്മിച്ച അറവുശാല പ്രവർത്തന രഹിതമാണ്. 4,00,000/-രൂപയാണ് ഇതിനായി ചെലവഴിച്ചത്.<br><br>➢ കോട്ടയം നഗരസഭ 2010-11 ൽ ആസൂത്രണം ചെയ്ത ആധുനിക അറവുശാല കെട്ടിടനിർമ്മാണം പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 44,12,177/- രൂപ ഈ പദ്ധതിക്കായി ചെലവിട്ടുകഴിഞ്ഞു.<br><br>➢ എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭ 2000 ൽ വാങ്ങിയ ആധുനിക അറവുയന്ത്രങ്ങൾ ഉപയോഗിക്കാതെ പൂർണ്ണമായും നശിച്ച നിലയിലാണ്. 4,36,253/-രൂപയാണ് ഇതിനായി ചെലവിട്ടത്.<br><br>➢ പാലക്കാട് നഗരസഭ 1,00,86,896/-രൂപ ചെലവഴിച്ച അറവുശാല പരിഷ്ക്കരണ പദ്ധതി ലക്ഷ്യത്തിലെത്തിയില്ല. 1999 മുതൽ 2003 വരെയാണ് പ്രവൃത്തികൾ നടത്തിയത്. നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട് ഉപകരണങ്ങൾ ഉപയോഗശൂന്യമായ നിലയിലാണ് അറവുശാലകൾ. | പ്രായോഗിക പ്രയാസവും നേരിട്ടതിനാൽ കോടിമത പച്ചക മാർക്കറ്റിനു സമീപമുള്ള സ്ഥലത്ത് കശാപ്പുശ സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ സിവിൽ വർക്കുക പൂർത്തീകരിച്ചിട്ടുണ്ട്. മാലിന്യ സംസ്ക്കരണ സംവിധാനത്തിലു എസ്.ടി.പി., പൾവറൈസർ, ചോപ്പർ ഉൾപ്പെടെ കശാപ്പിനുള്ള യ സാമഗ്രികളും സ്ഥാപിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷത്തി പ്രോജക്ട് തയ്യാറാക്കി അനുമതി ലഭ്യമായിട്ടുണ്ട്.<br><br>കോട്ടയം നഗരസഭ വക നിലവിൽ പ്രവർത്തിച്ചുവരു അറവുശാല കെട്ടിടം കാലപ്പഴക്കം ചെന്നതാണ്. എന്നിരുന്നാല അറവുശാലയുടെ പ്രവർത്തനം നഗരസഭ കൃത്യമാ നിരീക്ഷിക്കുകയും പ്രവർത്തിക്കുന്ന ദിവസങ്ങളിലെല്ലാം ആയ കഴുകി വൃത്തിയാക്കി സൂക്ഷിക്കുന്നുണ്ട് എന്ന് ഹെൽത്ത് വിഭാഗ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. എല്ല്, തോ എന്നിവ ഒഴിച്ചുള്ള മാലിന്യങ്ങൾ നഗരസഭ വക കോടിമതയിലുള ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നു. അറവുശാലയി നിന്നുള്ള മലിനജലവും മൃഗങ്ങളുടെ രക്തവു ശേഖരിക്കുന്നതിനായി പ്രത്യേകം ടാങ്ക് നിർമ്മിച്ചിട്ടുണ്ട്.<br><br>കോടിമതയിൽ ആധുനിക അറവുശാലയുടെ പ്രവർത്തന ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരികയാണ്. ഇതിനോടകം പ്ലാന ഫണ്ട് (ജനറൽ) ൽ നിന്നും 52,02,966/- രൂപാ വിനിയോഗി അറവുശാലയുടെ സിവിൽ വർക്കുകൾ നടത്തുകയുണ്ടായി |

| | | | |
|---|---|---|---|
| | | <br>പാലക്കാട് നഗരസഭ 1 കോടി രൂപയിലേറെ ചെലവഴിച്ചിട്ടും പണി പൂർത്തിയാകാത്ത അറവുശാല | ഇനിയും അവശേഷിക്കുന്ന സിവിൽ വർക്കുകളിലേ തനതുവർഷം 10,00,000/- രൂപാ വകയിരുത്തിയിട്ടുള കൂടാതെ ആയതിന് ചുറ്റുമതിൽ നിർമ്മിക്കുന്ന തനതുവർഷം 12.25 ലക്ഷം രൂപ വകയിരുത്തി പ രൂപീകരിച്ചിട്ടുള്ളതാണ്. അറവുശാലയുടെ പ്രവർത്തനങ്ങ തൃശ്ശൂർ മണ്ണുത്തി മീറ്റ് ടെക്നോളജി വിഭാഗത്ത നിർദ്ദേശാനുസരണമാണ് ചെയ്തുവരുന്നത്. മെക്കാനി ഉപകരണങ്ങൾ വാങ്ങുന്നതിന് ആയവ അംഗീകാരത്തിനായി ശുചിത്വമിഷന് കത്ത് നൽകിയിട്ടുള ആയതിന് തനതുവർഷം 70 ലക്ഷം രൂപ വകയിരുത്തി പ്രോ വച്ചിട്ടുള്ളതാണ്. തൃശ്ശൂർ മണ്ണുത്തി മീറ്റ് ടെക്നോളജി വി തയ്യാറാക്കിത്തന്ന സ്കെച്ച് പ്രകാരം പി.ഡബ്യു.ഡി. ഇലക്ട്രി വിങ്ങിൽ നിന്നും ഇലക്ട്രിഫിക്കേഷനുള്ള എസ്റ്റ തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ സാങ്കേതികാനുമതിക്ക ഡി.എൽ.ടി.എൽ.ഇ.ക്ക് അയച്ചു നൽകിയിട്ടുള്ളതാണ്. ആയ തനതുവർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതു കൂടാതെ അറവുശാലയോട് അനുബന്ധിച്ച് എഫ്ളു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് തനതുവർഷം 40 ലക്ഷം വകയിരുത്തിയിട്ടുള്ളതുമാണ്. മേൽ വിവരിച്ച പ്രവർത്തികള അടിയന്തിരമായി പൂർത്തീകരിച്ച് കോട്ടയം നഗരസഭ ആധുനിക അറവുശാല പ്രവർത്തനസജ്ജമാക്കുന്നത ആയതിനാൽ ടി വിഷയത്തിലുള്ള ഓഡിറ്റ് തടസ്സം നീക്കണ |

112

| | | | |
|---|---|---|---|
| | | | അപേക്ഷിക്കുന്നു. |
| | | | പെരുമ്പാവൂർ : പെരുമ്പാവൂർ നഗരസഭയിലെ അറവുശാ പ്രവർത്തിച്ചിരുന്നത് നഗരസഭ ഹൃദയഭാഗത്ത് തന്നെ താരതമ്യേന ഒഴിഞ്ഞ ഒരിടത്തായിരുന്നു. പരമ്പരാഗത രീതിയിൽ അറവുനടന്നിരുന്ന ഇവിടെ മാലിന്യ സംസ്ക്കരണത്തിന സംവിധാനങ്ങളൊന്നും ഉണ്ടായിരുന്നില്ല. നഗര പുരോഗമിച്ചതോടുകൂടി അറവുശാലയുടെ സമീപത്തായ പ്രൈവറ്റ് ബസ് സ്റ്റാന്റ് വരികയും കച്ചവടസ്ഥാപനങ്ങൾ വർദ്ധിക്കുകയും ചെയ്തു. ഇതോടെ സ്ഥലപരിമിതിമൂല മാലിന്യസംസ്ക്കരണ സംവിധാനം ഫലപ്രദമല്ലാതെ വരികയു അറവുശാല പൊതുജനങ്ങൾക്ക് ശല്യവും, പൊതുജനാരോഗ പ്രശ്നവുമായി മാറി. ഈ സാഹചര്യത്തിലാണ് ആധുനിക അറവുയന്ത്രം സ്ഥാപിച്ച് പട്ടണത്തിലും സമീപപ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് ശുചിത്വമുള്ളതും, നിലവാരമുള്ളതുമായ മാംസ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അറവു യന്ത്രവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. മണ്ണു കാർഷിക സർവ്വകലാശാല (മൃഗസംരക്ഷണം) എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേ സഹായത്തോടെയാണ് ടി യന്ത്രം സ്ഥാപിച്ചത്. അറവു യന്ത്രവൽക്കരിക്കുന്നതിലൂടെ പരിസരവാസികൾ പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുകൾ കുറയുമെ എതിർപ്പുകൾ ഒഴിവാകുമെന്നുമാണ് നഗരസഭ പ്രതീക്ഷിച്ചു 4,36,253/- രൂപ ചെലവഴിച്ച് യന്ത്രം സ്ഥാപിച്ച് പ്രവർത്ത ആരംഭിച്ചു.<br><br>അറവു തൊഴിലാളികൾക്ക് ആവശ്യമായ പരിശീ നൽകിയിരുന്നുവെങ്കിലും പരമ്പരാഗതവും, മതാചാര പ്രകാര അറവുനടത്തി ശീലിച്ച തൊഴിലാളികൾക്ക് പുതിയ യ ഉപയോഗിച്ച് പ്രവർത്തിക്കുന്നതിന് പ്രയാസം നേരിടുക ടിയാന്മാർ പഴയ രീതിയിലേക്ക് മാറുകയും ചെയ തൊഴിലാളികൾക്ക് ബോധവൽക്കരണം നൽകി പരിശീലിപ്പിച്ചും ടി യന്ത്രങ്ങൾ ഉപയോഗിക്കാൻ പ്രാപ്തമാക്ക |

| | | | |
|---|---|---|---|
| | | | പലശ്രമങ്ങളും നടത്തിയെങ്കിലും ഒന്നും വിജയിച്ചില്ല. തുടർന്ന് അറവുശാല പ്രവർത്തനം സംബന്ധിച്ച 2000-ത്തിലെ കേന്ദ്ര സർക്കാരിന്റെ സ്ലോട്ടർ ഹൗസ് റൂളിന്റെ അടിസ്ഥാനത്തിൽ കൃഷിവകുപ്പിന്റെ 19.11.2013-ലെ GO/(Rt)1993/13AD നമ്പർ ഉത്തരവിലൂടെ ആധുനീക അറവുശാലയുടെ സൗകര്യങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുണ്ടായി.<br><br>മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം കശാപ്പുശാലകളിൽ മൃഗങ്ങളെ ഇറക്കുന്നതിനും, പരിശോധിക്കുന്നതിനും, ഭക്ഷണം, വിശ്രമം എന്നിവ നൽകുന്നതിനും ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിന് 24 മണിക്കൂർ മുമ്പ് വെറ്റിനറി സർജ്ജൻ പരിശോധിച്ച് (Ante mortem) സർട്ടിഫിറ്റ് നൽകേണ്ടതാണ്. . പോസ്റ്റ് മോർട്ടം കൂടി നടത്തിയശേഷം മാത്രമേ മാംസം വിൽപനയ്ക്ക്/ ഉപയോഗത്തിന് നൽകാവൂ.<br><br>ഇതുപ്രകാരം കുറഞ്ഞത് 75 സെന്റ് സ്ഥലമെങ്കിലും |

104


| | | | |
|---|---|---|---|
| | | | അറവുശാലയുടെ പ്രവർത്തനത്തിന് ആവശ്യമാ<br>ഇത്തരത്തിലുള്ള വ്യവസ്ഥകൾ വരുന്നതിന് മുമ്പ് നഗരഹൃ<br>ഭാഗത്ത് പരിമിതമായ സൗകര്യത്തിൽ ഉദ്ദേശം 10 സെന്റ് സ്ഥല<br>നിർമ്മിച്ച നഗരസഭയുടെ അറവുശാല പട്ടണനടുവിൽ സ്ഥ<br>ചെയ്യുന്നതും മേൽ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന<br>സ്ഥലസൗകര്യമോ, കെട്ടിട സൗകര്യമോ ഇല്ലാത്തതുമാ<br>എന്നതിനാൽ മലിനീകരണ നിയന്ത്രണബോർഡി<br>പ്രവർത്തനാനുമതി തുടർന്ന് ലഭിക്കാതെ വരിക<br>പ്രവർത്തനം നിർത്തിവെക്കാൻ നിർബന്ധിതമായി തീരുക<br>ചെയ്തു.<br><br>മേൽ സാഹചര്യത്തിൽ നഗരസഭാ പരിധിയ<br>അനുയോജ്യമായ സ്ഥലം കണ്ടെത്തി യന്ത്രങ്ങൾ മാറ്റി സ്ഥാ<br>ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് ആവശ്യമ<br>നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ബഹു. കൗൺസിലി<br>പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. അറവുശാല നിലവ<br>പ്രവർത്തിക്കുന്നില്ല. അറവുശാല പ്രവർത്തിച്ചിരുന്ന കെട്ടിടം മ<br>വിപണന ബോക്സ് സൂക്ഷിക്കുന്ന ഗോഡൗണായി പ്രതിമാ<br>15,000 രൂപ വാടകക്ക് നൽകി വരുമാനം ഉറപ്പുവരുത്തിയിട്ടു<br>ഇവയ്ക്കു പുറമെ അജൈവമാലിന്യ ശേഖരണത്തിന<br>താല്ക്കാലിക എം.ആർ.എഫ് സെന്ററായി മറ്റൊരുഭ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുവരുന്നു. കാലപഴക്കംമൂലം യന്ത്രഭാഗങ്ങൾ തുരുമ്പിച്ചതിനെന്റെ തുടർന്ന് ഇവ ഉപയോഗിക്കുവാൻ സാധ്യമല്ലാത്തതിനാൽ ഇവ ലേലം ചെയ്ത് കൈയൊഴിയുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധ്യപ്പിക്കുന്നു |
| 13 | 4.1.13 | **കാർഷികോപകരണങ്ങൾ ഉപയോഗശൂന്യം തുരുമ്പെടുക്കുന്നത് കോടികളുടെ ആസ്തികൾ**<br>*വിവിധ കാർഷിക പദ്ധതികളിൽപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള പല കാർഷികോപകരണങ്ങളും ശരിയായ വിധത്തിൽ ഉപയോഗിക്കാതെ നശിക്കുന്ന അവസ്ഥയുണ്ട്. കാർഷിക ഉപകരണങ്ങളുടെ ശരിയായ പ്രവർത്തനമോ മേൽനോട്ടമോ ഉറപ്പു വരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. വിവിധ പ്രദേശങ്ങൾക്ക് അനുയോജ്യമല്ലാത്ത കാർഷികോപകരണങ്ങൾ വാങ്ങിയതിനാൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിയ കാർഷിക ഉപകരണങ്ങൾ ഉപയോഗമില്ലാതെ നിഷ്ക്രിയമായതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു;*<br>*➢ കോട്ടയം നഗരസഭ 2009-10, 2010-11 പദ്ധതികളിലായി തുക വകയിരുത്തി വാങ്ങിയ കൊയ്ത്ത്-മെതിയന്ത്രം കേടായത് നന്നാക്കാതെ ഉപേക്ഷിച്ച നിലയിലാണ്. 43,30,000/-രൂപ ചെലവഴിച്ചു വാങ്ങിയ യന്ത്രമാണിത്.*<br>*➢ എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭ 1,65,789/-രൂപ മുടക്കി 2010-11, 2011-12 ൽ വാങ്ങിയ 6 കാടുവെട്ട് യന്ത്രങ്ങൾ ഉപയോഗിക്കാതെ നശിക്കുകയാണ്.* | കോട്ടയം : 11.03.16 ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ടി യന്ത്രങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയത് കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി ക്വട്ടേഷനിൽ ആരും പങ്കെടുത്തിട്ടില്ലാത്തതും റീ ക്വട്ടേഷൻ നടത്തിയതിലും ആരും തന്നെ പങ്കെടുത്തിട്ടില്ലാത്തതാണ്. വീണ്ടും കൗൺസിൽ തീരുമാനപ്രകാരം ഓഫർ ക്ഷണിച്ചെങ്കിലും ആരും തന്നെ ഓഫർ സ്വീകരിച്ചിട്ടില്ല. നിലവിൽ ടി യന്ത്രം പ്രവർത്തനക്ഷമമല്ലാത്തതിനാൽ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയെ ഏൽപ്പിക്കുന്നതിന് 20.04.17 ലെ 65/കെ.ടി.എം. നമ്പർ കത്ത് പ്രകാരം പി.ഡബ്ല്യു.ഡി. മെക്കാനിക്ക ൽ എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ടി രണ്ട് കൊയ്ത്തുമെതി യന്ത്രങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിന് അഗ്രോ |

| | | | |
|---|---|---|---|
| | | | ഇൻഡസ്ട്രീസ് കോർപ്പറേഷന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത അറിയിപ്പ് നൽകിയിട്ടുള്ളതും ആയത് പ്രവർത്തനക്ഷമമാകു മുറയ്ക്ക് പാടശേഖര സമിതിയ്ക്ക് കൗൺസിൽ തീരുമാനത്തി വിധേയമായി ടി സാമ്പത്തിക വർഷം അവസാനിക്കുന്നതി മുമ്പായി നഗരസഭ നടപ്പിൽ വരുത്തുന്നതാണെന്ന വിവ ബോധിപ്പിച്ചു കൊള്ളുന്നു.<br><br>__കോതമംഗലം__ : കോതമംഗലം നഗരസഭ 2010-11, 2011-12 വികസന മാർഗ്ഗരേഖ അടിസ്ഥാനമാക്കി എസ് 001/11, എസ് 002 പദ്ധതികൾ പ്രകാരം ആകെ 6 കാർഷികോപകര യന്ത്രങ്ങൾ(4 കൊയ്ത്തു യന്ത്രവും 2 കാടു വെട്ട് യന്ത്ര വാങ്ങി കൃഷി വകുപ്പിന് കൈമാറിയിരുന്നതാണ്. ടി യന്ത്രങ്ങ നിലവിൽ കൃഷി വകുപ്പാണ് കൈകാര്യം ചെയ്തു വരുന്നത് യന്ത്രങ്ങൾ കൃഷി വകുപ്പ് ഉപയോഗിച്ചിരുന്നതും, 2 യന്ത്രം ഓഡ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിനനുസൃതമായി പാടശേ സമിതിയ്ക്ക് കൈമാറിയിട്ടുള്ളതായിരുന്നുവെന്നും, ആയ ഇപ്പോഴും പ്രവർത്തിക്കുന്നുവെന്നും കത്ത് മുഖേ അറിയിച്ചിട്ടുണ്ട്. എന്നാൽ കൊയ്ത്തു യന്ത്രങ്ങളു ഉപയോഗത്തിലുള്ള വേഗതക്കുറവ് മൂലവും, നൂതന കൊയ യന്ത്രങ്ങൾ ബ്ലോക്കിന്റെ അഗ്രോ സർവ്വീസ് സെന്ററിൽ നി കർമ്മ സേനകളുടെ പക്ക ൽ നിന്നും സ്റ്റോക്കില .യന്ത്രങ്ങളേക്കാൾ കുറഞ്ഞ ചിലവിൽ ലഭ്യമായതിനാൽ യന്ത്രങ്ങൾക്ക് ആവശ്യക്കാർ വളരെ കുറവാണെന്നും ക |

23

45

| | | | |
|---|---|---|---|
| | | | വകുപ്പ് മറുപടി നൽകിയിട്ടുള്ളതുമാണ്. |
| 14. | 4.1.14 | **ഇ-ടോയ്‌ലെറ്റുകളും, ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല**<br><br>*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലെറ്റുകൾ, ശൗചാലയങ്ങൾ എന്നിവയിൽ പലതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെ നിഷ്ക്രിയാസ്തികളായി നിലകൊള്ളുന്നുണ്ട്. ഇവയുടെ തുടർ നടത്തിപ്പ് തദ്ദേശസ്ഥാപനങ്ങൾ ആസൂത്രണം ചെയ്യാത്തതാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള ഇ-ടോയ്‌ലെറ്റുകൾക്ക് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.*<br><br>➢ *കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ 2012-13 ൽ സ്ഥാപിച്ച 4 ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തനക്ഷമമല്ല. 14,38,547/-രൂപ ചെലവഴിച്ചാണ് ഇവ സ്ഥാപിച്ചത്.*<br><br><br>ഉപയോഗിക്കാത്ത നിലയിലുള്ള<br>കൊല്ലം കോർപ്പറേഷനിലെ ഇ-ടോയ്‌ലെറ്റുകൾ<br><br>➢ *എറണാകുളം ജില്ലയിലെ ആലുവ നഗരസഭ 2013 ൽ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റ് പ്രവർത്തിക്കുന്നില്ല. 5,51,581/-രൂപ* | കൊല്ലം.<br><br>കൊല്ലം കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിൽ കെൽട്രോൺ മുഖേന 4 ഇ-ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന് 2011-12 വർഷത്തിൽ 563/11-12 നമ്പർ പ്രോജക്ട് പ്രകാരം യൂണിറ്റ് ഒന്നിന് 5,23,955/- രൂപ നിരക്കിൽ 20,95,820/- വകയിരുത്തിയിരുന്നു. ചിന്നക്കട ബസ്‌ബേ 2 എണ്ണം, കളക്ട്രേറ്റ് ജംഗ്ഷനിൽ 1-എണ്ണം, ശക്തികുളങ്ങരയിൽ 1-എണ്ണം എന്നിങ്ങനെ 4 ഇടങ്ങളിൽ ആണ് കെൽട്രോൺ ഇ-ടോയ്‌ലറ്റുകൾ സ്ഥാപിച്ചത്. ശക്തികുളങ്ങരയിൽ സ്ഥാപിച്ച ഇ-ടോയ്‌ലറ്റ് ഒഴികെ ബാക്കിയുള്ളവ 2012 ഓഗസ്റ്റിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ശക്തികുളങ്ങരയിൽ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലറ്റിൽ ശുദ്ധജലം ലഭ്യമാക്കാൻ കഴിയാത്തതിനാൽ പ്രവർത്തനരഹിതമാണ്. വാട്ടർ അതോറിറ്റി കുടിവെള്ള ലൈനിൽ നിന്നും സാങ്കേതിക കാരണത്താൽ ടി സ്ഥലത്ത് വെള്ളം ലഭ്യമാക്കാൻ കഴിയുകയില്ല. ഇ-ടോയ്‌ലറ്റ് നിർമ്മാണവുമായി |

| | | | |
|---|---|---|---|
| | | *യാണ് ഇതിനായി ചെലവിട്ടത്.*<br>➢ കൊച്ചി കോർപ്പറേഷനിലെ ഗ്രീൻടോയ്‌ലെറ്റുകൾ പ്രവർത്തനരഹിതം; 67.38 ലക്ഷത്തിന്റെ പാഴ്ചെലവ്<br>*കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2012-13 ൽ ആറ് ഗ്രീൻ ടോയ്‌ലെറ്റുകളും , മൂന്ന് ഇ-ടോയ്‌ലെറ്റുകളും സ്ഥാപിച്ചു. ആകെ 67,38,310/-രൂപയാണ് ഇവ സ്ഥാപിക്കുവാനായി ചെലവിട്ടത്. എന്നാൽ, ഇവയിൽ 5 ഗ്രീൻ ടോയ്‌ലെറ്റുകളും, 3 ഇ-ടോയ്‌ലെറ്റുകളും പ്രവർത്തിക്കുന്നില്ല. വെള്ളവും വൈദ്യുതിയുമില്ലാത്തതാണ് ഇവ പ്രവർത്തനരഹിതമാകാൻ കാരണം.* | ബന്ധപ്പെട്ട് 15,38,547/- രൂപ M/s.കെൽട്രോണി നൽകിയിട്ടുള്ളതാണ്.<br>ചിന്നക്കട, കളക്ട്രേറ്റ് എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടു ഇ-ടോയ്‌ലറ്റുകളുടെ വാതിലുകൾ കോയിൻ സംവിധാനം എന്ന് തകരാറിൽ ആയതിനെ തുടർന്ന് ആയത് പരിഹരിക്കുന്നതി ഇ-ടോയ്‌ലറ്റുകളുടെ മെയിന്റനൻസ് കരാർ നൽകിയിട്ടുള്ള M കെൽട്രോണിന് അറിയിപ്പ് നൽകിയിരുന്നു. ഇ-ടോയ്‌ലറ്റുകളു പ്രവർത്തനം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതി 2016 മാർച്ചിൽ M/s. കെൽട്രോണിന് കത്ത് നൽകിയെങ്കില ഹാജരാകാത്തതിനെ തുടർന്ന് 30.03.2016-ലെ ഹെൽത സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം 26.04.20 M/s.കെൽട്രോൺ ഉദ്യോഗസ്ഥരുടെ ഒരു യോഗ വിളിക്കുകയുണ്ടായി ടി യോഗത്തിൽ നിലവിലുള്ള യൂണിറ്റുക മാറ്റി പുതിയ രീതിയിലുള്ള ഇ-ടോയ്‌ലറ്റുകൾ സ്ഥാപിക്കണമെ ബഹു.മേയറുടെ ആവശ്യം കെൽട്രോൺ ജനറൽ മാനേജരുമാ ആലോചിച്ച് തീരുമാനം അറിയിക്കാമെന്ന് കെൽട്രോ പ്രതിനിധി അറിയിച്ചെങ്കിലും മറുപടി ലഭിക്കാത്തതിനെ തുടർ |


| | | | |
|---|---|---|---|
| | | | 10.08.2016 കെൽട്രോൺ ഉദ്യോഗസ്ഥരുടെ ഒരു യോഗ ബഹു.മേയർ വിളിച്ചു ചേർക്കുകയുണ്ടായി. ടി യോഗത്തിൽ ചിന്നക്കട, കളക്ട്രേറ്റ്, ശക്തികുളങ്ങര എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലറ്റുകൾ മാറ്റി പുതിയത സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന കെൽട്രോണിന് നിർദ്ദേശം നൽകിയിരുന്നു. ആയതിന് മറുപട ലഭിക്കാത്തതിനെ തുടർന്ന് 08.04.2017-ൽ ഓർമ്മക്കുറിപ്പ നൽകിയിരുന്നെങ്കിലും മറുപടി ലഭിക്കാത്തതിനാൽ ടി വിഷയം ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണനയ്ക്ക് വെയ്ക്കുകയും കെൽട്രോൺ പ്രതിനിധികളുടെ ഒരു യോഗം 14.07.2017-ൽ ബഹു.മേയറുടെ നേതൃത്വത്തിൽ കൂടി എന്നാൽ ടി യോഗത്തിൽ കെൽട്രോൺ പ്രതിനിധികൾ ആരും ഹാജരാകാത്തതിനാൽ ലീഗൽ നോട്ടീസ് 03.08.2017-ൽ നൽകിയിട്ടുള്ളതാണ്.<br><br>ആലുവ : ആലുവ നഗരസഭ 2012-13 വാർഷിക പദ്ധതിയിൽ നഗരസഭവക നെഹ്റുപാർക്ക് അവന്യൂ ഷോപ്പിംഗ് കോംപ്ലക്സിനോട് അനുബന്ധിച്ച് ഒരു ഇ-ടോയ്‌ലറ്റ് കെൽട്രോൺ മുഖേന നിർമ്മിക്കുകയുണ്ടായി. 1.05.14 മുതൽ 30.4.2015 വരെ മെയിന്റനൻസ് കെൽട്രോണിനെ ഏല്പിച്ചു; |

92

| | | | |
|---|---|---|---|
| | | | തുടർന്ന് എ.എം.സി. നല്കാൻ കഴിയാതെ വന്നപ്പോൾ നഗരസ<br>നേരിട്ട് പ്രവർത്തിപ്പിച്ചു. 2014 ഡിസംബർ മുതൽ 2015 മാർച്ച് വ<br>1800 രൂപയ്ക്കും, 2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെ 28<br>രൂപയ്ക്കും ഇ-ടോയ്‌ലറ്റ് നടത്തിപ്പ് കുത്തകയ്ക്ക് നല്കിയിരുന്ന<br>എന്നാൽ നടത്തിപ്പ് കുത്തക പിന്നീട് ആര<br>ഏറ്റെടുത്തിട്ടില്ലാത്തതിനാൽ നഗരസഭയുടെ നേരിട്ടുള്ള പ്രവർത്ത<br>നത്തിലാണ്.<br><br>മുനിസിപ്പൽ ബസ് സ്റ്റാന്റ് (2 എണ്ണം) മഹാത്മാ ഗാന്<br>മുനിസിപ്പൽ ടൗൺഹാളിന് മുൻവശം (2 എണ്ണം) പമ്പുകവല<br>എണ്ണം) എന്നിങ്ങനെ 5 ഇ-ടോയ്‌ലറ്റുകൾ ഇതിനക<br>സി.എം.ആർ.എൽ എന്ന സ്വകാര്യ കമ്പനി സ്പോൺസർഷി<br>വ്യവസ്ഥയിൽ (2014-15) സ്ഥാപിച്ചി ട്ടുള്ളതാണ്. ഇ<br>ഇ-ടോയ്‌ലറ്റുകൾ പ്രവർത്തിപ്പിക്കുന്നത് കുത്തകയ്ക<br>ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. അതേസമയം, വാറ<br>കാലാവധി (ഒന്നരവർഷം) പൂർത്തിയായ മുറയ്ക്ക് മെയിന്റനൻ<br>എ.എം.സി. ഏറ്റെടുക്കാൻ ഇ-ടോയ്‌ലറ്റ് നിർമ്മിച്ച Eram Scienti<br>Solutions എന്ന സ്ഥാപനം 5.10.16-ൽ ഓഫർ നല്കി. കൗൺസി<br>16.1.17 ലെ 30-ാം നമ്പർ തീരുമാനപ്രകാരം 1,80,000 രൂപയ്ക<br>(നെഗോസിയേഷനിൽ തീരുമാനിച്ചത്) എ.എം.സ<br>അംഗീകരിച്ചു. 14.2.17-ൽ സ്ഥാപനം നഗരസഭയുമായി കരാ<br>വച്ചു. 24 മണിക്കൂറിനകം ചെറിയ തകരാറുകൾ പരിഹരിക്ക<br>സ്പെയർ പാർട്സുകൾ ചെലവ് വഹിച്ച് മാറ്റിവെയ്ക്ക |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ കൃത്യമായ ഇടവേളകളിൽ ക്ലീനിംഗ് തുടങ്ങിയവ എഗ്രിമെന്റ് വ്യവസ്ഥകളിൽ ഉൾപ്പെടുന്നു. ടി ഇ-ടോയ്‌ലറ്റുകൾ നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നതാണ്.<br><br>ഇ-ടോയ്‌ലറ്റുകളിൽ നിന്നും ഒരു ഉപയോഗത്തിന് കോയിൻബോക്സ് മുഖേന ഒരു രൂപ നഗരസഭയ്ക്ക് ലഭിക്കുന്നു. ശരാശരി ഓരോ ഇ-ടോയ്‌ലറ്റിൽ നിന്നും ഇപ്രകാരം 300 രൂപയോളം നഗരസഭയ്ക്ക് പ്രതിവർഷം ലഭിച്ചുവരുന്നു.<br><br>കൊച്ചി : ഗ്രീൻ ടോയ്‌ലറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1) വൈറ്റില :<br>വൈറ്റില ജംഗ്ഷനിലെ ഗ്രീൻ ടോയ്‌ലറ്റ് നടത്തിപ്പിനായി ടെണ്ടർ ചെയ്ത് നൽകിയിട്ടുള്ളതാണ്.<br>2) പാലാരിവട്ടം:<br>വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ കണക്ഷൻ എടുക്കുന്നതിനായി ജണ്ടു റോഡ് കട്ട് ചെയ്യേണ്ടതുമാണ്. റോഡ് കട്ടിംഗ് അനുമതിയ്ക്കായി PWD വകുപ്പിൽ അനുമതിയ്ക്കായി അപേക്ഷ നൽകി നടപടി സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. പെർമിറ്റ് ലഭിക്കാത്തതിനാൽ വാട്ടർ കണക്ഷ<br>ലഭ്യമായിട്ടില്ല.<br>3) മാർക്കറ്റ്, കച്ചേരിപ്പടി ഗ്രീൻ ടോയ്‌ലറ്റ്<br>ഗ്രീൻ ടോയ്‌ലറ്റുകൾ പ്രവർത്തിക്കുന്നില്ല. പലതവണ ടെണ്ട<br>നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും തന്നെ ടെണ്ടറി<br>പങ്കെടുക്കാത്തതിനാൽ ലേലം ചെയ്തു നൽകുവാ<br>സാധിച്ചിട്ടില്ല.<br>4) ഫോർട്ടുകൊച്ചി:<br>ഫോർട്ടുകൊച്ചി ഗ്രീൻ ടോയ്‌ലറ്റ് കുറ്റമറ്റരീതിയി<br>പ്രവർത്തിച്ചുവരുന്നു.<br>5) ടൗൺഹാൾ നവീകരണത്തിന്റെ ഭാഗമായി ടൗൺഹാളിലെ ഗ്രീൻടോയ്‌ലറ്റുകൾ പൊളിച്ചുനീക്കം ചെയ്തിട്ടുള്ളതാണ |

| | | | |
|---|---|---|---|
| 15. | 4.1.15 | നിഷ്ക്രിയാസ്തികൾ- ശ്മശാനം മുതൽ ആംബുലൻസ് വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലക്ഷ്യങ്ങൾ നേടാനാവാതെ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള മറ്റുപല സംരംഭങ്ങളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഫീസ് സംവിധാനങ്ങൾ, വാഹനങ്ങൾ, സ്റ്റേഡിയങ്ങൾ/പാർക്കുകൾ, ശ്മശാനങ്ങൾ, ജല സേചന സംവിധാനങ്ങൾ എന്നിവയൊക്കെ ഇതിൽപ്പെടും. ഉദാ ഹരണങ്ങൾ ഇനിപ്പറയുന്നു;<br>തിരുവല്ല നഗരസഭ 2011-12 മുതൽ 2013-14 വരെ 15,25,899/-രൂപ ചെലവഴിച്ച കുട്ടികളുടെ പാർക്ക് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടില്ല. നിലവിൽ കാടുപിടിച്ച നിലയിലാണ് പാർക്ക്.<br>ചേർത്തല നഗരസഭ 2007 ൽ നിർമ്മിച്ച ഗ്യാസ് ക്രിമിനേറിയം പ്രവർത്തനരഹിതമാണ്. 16,38,134/-രൂപ ചെലവഴിച്ച ക്രിമിനേ റിയം നിഷ്ക്രിയാസ്തിയായി മാറിയിരിക്കുകയാണ്.<br>ഡംപർ പ്ലേസർ ഉപയോഗിക്കാതെ തന്നെ പ്രവർത്തനരഹിതം; 9.85 ലക്ഷത്തിന്റെ നിഷ്ക്രിയാസ്തി<br><br>തിരുവല്ല നഗരസഭ 2003-04 ൽ ശുചീകരണ വാഹനമായ ഡംപർ പ്ലേസർ 9,85,000/- രൂപ ചെലവഴിച്ച് ഗുജറാത്തിൽ നിന്നും വാങ്ങി. എന്നാൽ വാഹനത്തിന്റെ സ്റ്റേറ്റ് എൻട്രി ടാക്സ് അടയ്ക്കാത്തതിനാൽ ഉപയോഗിക്കുവാൻ കഴിയാതെ വന്നു. ഹൈഡ്രോളിക് സിസ്റ്റം തകർന്ന് വാഹനം തകരാറിലുമായി. നില | <u>കോട്ടയം.</u> കോട്ടയം നഗരസഭയുടെ അധീനതയിലുള്ള കോടിമതയിൽ 2011*12 ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർമ്മിച്ചവേ ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിച്ച് കൗൺസിൽ തീരുമാനപ്രകാരം റവന്യൂ വിഭാഗത്തിന് ലേല നടപടികൾ നടത്തുന്നതിന് നൽകിയിരുന്നു. ലേല നടപടികൾ സ്വീകരിച്ചുവെങ്കിലും ആരുംതന്നെ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ മുനിസിപ്പൽ ചെയർമാൻ ട്രാൻസ്വേൾഡ് സെയിൽസുമായി ബന്ധപ്പെട്ട ഓഫർ വാങ്ങി എഗ്രിമെന്റ് നടപടികൾ സ്വീകരിക്കുന്നതിലേക്ക റവന്യൂ വിഭാഗത്തിന് കൈമാറിയിരുന്നു.<br><br>നഗരസഭാ സെക്രട്ടറിയുടെ 26/09/2015 ലെ ഉത്തരവ് പ്രകാരം വേ ബ്രിഡ്ജ് നടത്തിപ്പിന് നിർമ്മാണ കമ്പനിയുമായി എഗ്രിമെന്റ് വയ്ക്കുന്നതിന് ടി കമ്പനി ഓഫർ നോട്ടീസ് നൽകുകയും നിബന്ധനകൾക്ക വിധേയമായി മാത്രമെ ഓഫർ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് കാണിച്ച് കമ്പനി അധികൃതർ അറിയിച്ചതനുസരിച്ച് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. 26-ാം നം. കൗൺസിൽ തീരുമാന പ്രകാരം നഗരസഭാ സെക്രട്ടറി നേരിട്ടു പോയി പരിശോധിച്ച് പ്രവർത്തനസജ്ജമാക്കുവാൻ കഴിയുമോ എന്ന് റിപ്പോർട്ടു നൽകുവാൻ ചുമതലപ്പെടുത്തി. സെക്രട്ടറിയുടെയും മുനിസിപ്പൽ എഞ്ചിനീയറുടെയും റിപ്പോർട്ടു പ്രകാരം നിർമ്മാണ കമ്പനിയുമായി കത്തിടപാടു നടത്തി. സാങ്കേതിക തടസ്സം |

| | | | |
|---|---|---|---|
| | | വിൽ, റിപ്പയർ ചെയ്യാൻ കഴിയാത്തവിധത്തിൽ വാഹനം നഗരസഭാ വളപ്പിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.<br>കോട്ടയം നഗരസഭ 28,03,875/-രൂപ ചെലവഴിച്ച കോടിമത ട്രക്ക് ടെർമിനൽ ഉപയോഗമില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 2011-12 ൽ 7,17,654/-രൂപ ചെലവഴിച്ച വേബ്രിഡ്ജ് കാടുകയറി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ഇതിന്റെ യന്ത്രസാമഗ്രികൾ നാശോന്മുഖമാണ്. 2009-10 ൽ 17,44,450/-രൂപ ചെലവഴിച്ചു നിർമ്മിച്ച പുല്ലരിക്കുന്ന് ഗ്യാസ് ക്രിമിനോറിയം ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. ക്രിമിനോറിയത്തിൽ വൈദ്യുതിയും, വെള്ളവും ഇതുവരെ ലഭിച്ചിട്ടില്ല.<br>പെരുമ്പാവൂർ നഗരസഭ 2005 ൽ നിർമ്മിച്ച വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗശൂന്യമാണ്. 18 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിച്ചത്.<br>കൊച്ചി കോർപ്പറേഷൻ 2013-14 ൽ 7 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വലിയകുളം ഓപ്പൺ എയർ സ്റ്റേജ് ഉപയോഗിക്കാതെ കിടക്കുകയാണ്. കോർപ്പറേഷൻ 2011-12 ൽ 10,04,791/-രൂപ ചെലവഴിച്ചു വാങ്ങിയ പഞ്ചിംഗ്-അറ്റൻഡൻസ് സിസ്റ്റവും ഉപയോഗിക്കാതെ കിടക്കുകയാണ്.<br>കാസർഗോഡ് നഗരസഭ 2004-05 ൽ 7,89,196/-രൂപ ചെലവിട്ട് നഗരസഭയുടെ വിവിധ ഭാഗങ്ങളിലായി 40 മഴവെള്ള സംഭരണികൾ സ്ഥാപിച്ചു. എന്നാൽ നിലവിൽ, ഇവയിൽ ഒന്നുപോലും പ്രവർത്തക്ഷമമല്ല. നഗരസഭ 2003 ൽ നിർമ്മിച്ച ചെന്നിക്കരയിലെ കാന്തിൽ പൗണ്ടും ഉപയോഗമില്ലാതെ കിടക്കുകയാണ്, 3,26,828/-രൂപയായിരുന്നു ഇതിന്റെ നിർമ്മാണച്ചെലവ്. | പരിശോധിച്ച് അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തൽ പ്രവർത്ത സജ്ജമാക്കുവാൻ അറിയിക്കുകയുണ്ടായെന്ന വിവരം നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br><u>കോട്ടയം</u> നഗരസഭയിലെ -കുമാരനല്ലൂർ മേഖല- പുല്ലരിക്കുന ഗ്യാസ് ക്രിമിറ്റോറിയം ഇതുവര പ്രവർത്തനക്ഷമമായിട്ടില്ലായെന്നും ക്രിമിറ്റോറിയ- ത്തിര ഇതുവരെ വൈദ്യുതിയും വെള്ളവും ലഭിച്ചിട്ടില്ല.ായെന്നുമാണ ഓഡിറ്റ് പരാമർശത്തി- ലുള്ളത്.<br><br>പുല്ലരിക്കുന്ന് ഗ്യാസ് ക്രിമിറ്റോറിയം പണിതിരിയ്ക്കുന്ന പുരയിട (റീ സർവ്വേ നം.100/2-8)ഷെഡ്യൂൾഡ്കാസ്റ്റിൽ പെട്ട ആളുകളുടെ മൃതദേഹം സംസ്ക്കരിക്കുന്നതിനായി ഓൾ കേരള ചേരമ ഹിന്ദുമഹാസഭയുടെ പേരിൽ കിടക്കുന്ന- താണ്. 5.6.1941 ലെ GO (Rt)610/B.C/S.A പ്രകാരമാണ് ഇത് അവർക്ക കിട്ടിയിരിക്കുന്നത്. നിലവിൽ ടി ക്രിമിറ്റോറിയം പ്രവർത്തിയ്ക്കുന്നതിൽ AKCHMS ശാഖയുടെ എതിർപ്പ് ഉണ്ട്. മൃതദേഹ ക്രിമിറ്റോറിയത്തിൽ ദഹിപ്പിക്കുന്നതിന് വിയോജന അറിയിച്ചിട്ടുണ്ട്. മൃതദേഹം ഭൂമിയിൽ മറവ് ചെയ്യുന്നതാണ അവരുടെ ആചാരരീതി. കൂടാതെ SC. വിഭാഗത്തിൽപെടാത്ത ആളുകളുടെ മൃതദേഹം ടി ക്രിമിറ്റോറിയത്തിൽ സംസ്ക്കരിക്കാന അനുവദിക്കുകയില്ല എന്നാണ് ഇവരുടെ നിലപാട്. ട ക്രിമിറ്റോറിയം SC ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത |

| | | | |
|---|---|---|---|
| | | | എന്നതാണ് അവർ ഉന്നയിക്കുന്ന കാരണം.<br><br>കുമാരനല്ലൂർ പഞ്ചായത്ത് ആയിരുന്ന കാലയളവിൽ ജില്ല പഞ്ചായത്ത് വിഹിതം ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത് ശ്മശാനം പ്രവർത്തനക്ഷമ- മാക്കുന്നതിന്റെ ഭാഗമായി ട് വാർഡിലെ കൗൺസിലർ ബഹു.നഗരസഭാ കൗൺസിലിൽ വിഷയം ഉന്നയിക്കുകയും, 20.09.17 ലെ 59-ാം നമ്പർ തീരുമാനപ്രകാരം വാർഡ്മെമ്പർ, സമുദായ സംഘടനാ നേതാക്കൾ എന്നിവരുമായി വിഷയം ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കുന്നതിന് ബഹു.നഗരസഭാ ചെയർപേഴ്സനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ അടിയന്തിരമായി പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു- കൊള്ളുന്നു.<br><br><u>കൊച്ചി</u> :<br>വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രോജക്ട് നം. എസ്-1092/14 വലിയവിള ഓപ്പൺ സ്റ്റേജ് നിലവിൽ നഗരസഭയുടെ പരിപാടികൾ നടത്തുന്നതിനും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ രക്തനിർണ്ണയ ക്യാമ്പ്, രോഗ നിർണ്ണയ ക്യാമ്പ്, ബോധവത്കരണ ക്യാമ്പ് എന്നിവ സൗജന്യമായി നടത്തുന്നതിനും ഉപയോഗിച്ചു വരുന്നു. ഇത് പ്രദേശവാസികൾക്ക് വളരെയധികം പ്രയോജനപ്രദമായ ഒരു പദ്ധതിയാണ്. ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | <u>പെരുമ്പാവൂർ</u> :<br><br>200405 MPLAD fund ഉപയോഗിച്ച് അന്ന് നിലവിലുണ്ടായിരു ഫിഷ്മാർക്കറ്റിലേയും, സ്ലോട്ടർ ഹൗസ്സിലേയും മലിനജ ശുദ്ധീകരിക്കുന്നതിന് വേണ്ടിയാണ് KAICO മുഖാന്തിരം പ്ലാ സ്ഥാപിച്ചത്. ശുദ്ധീകരിച്ച വെള്ളം പാത്തിതോടിലേയ് ഒഴുക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.<br><br>നഗരവൽക്കരണത്തിന്റെ ഭാഗമായി ജനവാസമില്ലാതിരു ആ പ്രദേശം ജനനിബിഡമായി പരിണമിച്ചു. നിലവിൽ ആ പ്രദേശത്ത് പ്രൈവറ്റ് ബസ് ഷോപ്പിംഗ് കോംപ്ലക് പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ എതിർപ്പു മൂലം സ്ലോട്ട ഹൗസിന്റെ പ്രവർത്തനത്തിന് തടസ്സം നേരിടുകയും KSPC യുടെയും തുടർ പ്രവർത്തനാനുമതി ലഭിക്കാത്തതിനാ പ്രവർത്തനം നിർത്തലാക്കുകയും ചെയ്ത പാത്തിത്തോട്ടിലേയ്ക്ക് വെള്ളം ഒഴുക്കുന്നതിനും എതിർ നിലനിന്നിരുന്നു. ആ സാഹചര്യത്തിൽ water treatment pla |

| | | | |
|---|---|---|---|
| | | | പ്രവർത്തനം നിലച്ചു.<br><br>നിലവിലെ സാഹചര്യത്തിൽ drainage -ലൂടെ ഒഴുക്കുന്ന അഴുക്കുജലം ശുദ്ധീകരിക്കുന്നതിന് ഈ പ്ലാന്റ് ഉപയോഗിക്കുവാൻ കഴിയുമോയെന്ന് സംബന്ധിച്ച് M/s. KAICO യുടെ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ടപ്പോൾ സ്ഥാപിച്ചിരിക്കുന്നത് Domestic Biodegradable waste water treatment plant ആണെന്നും Vertical Hybrid Biotech Reactor fixed type ആണെന്നും ആയത് drainage water treatment ന് പര്യാപ്തമല്ലെന്നും ഉള്ള അഭിപ്രായമാണ് ലഭിച്ചത്. fixed type plant മറ്റൊരു സൈറ്റിലേക്ക് മാറ്റി സ്ഥാപിച്ചാൽ plant alignment ന് എല്ലാം കേട് സംഭവിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ടി പ്ലാന്റ് ഉപയോഗ്യയോഗ്യമാക്കുവാൻ സാധിക്കുമോയെന്ന് ആരാഞ്ഞ് ഈ നഗരസഭയിൽ നിന്നും A4-1442/16, dt. 10/05/16 പ്രകാരം KSPCB കത്ത് നൽകിയിട്ടുണ്ട്. 17.11.2017 ൽ ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്. |

| ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ (2016-19) 2014-15 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള മറുപടി റിപ്പോർട്ട് | | | | |
|---|---|---|---|---|
| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഓഡിറ്റ് പരാമർശ വിഷയം | മറുപടി |
| 1 | 4.1.4 | ആലപ്പുഴ | ആലപ്പുഴ നഗരസഭയിൽ 2010-ൽ 3.3 കോടി രൂപ ചെലവഴിച്ചുനിർമ്മിച്ച ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രവർത്തനമില്ലാതെ നാശോന്മുഖമാണ്. പ്ലാന്റിന്റെ തുടർപ്രവർത്തനത്തിനുള്ള സാദ്ധ്യതകൾ തീർത്തും അനിശ്ചിതത്വത്തിലാണ്. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു കർമ്മ പദ്ധതിയും നഗരസഭയ്ക്കില്ല. | നഗരസഭ വളരെ വർഷങ്ങളായി ഡമ്പിംഗ് യാർഡായി ഉപയോഗിച്ചിരുന്നത് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ സർവോദയപുരത്തെ സ്ഥലമായിരുന്നു. ടി സ്ഥലത്ത് നഗരസഭ മാലിന്യ സംസ്ക്കരണപ്ലാന്റ് (വിൻഡ്രോ) പ്രവർത്തനമാരംഭിക്കുകയും പരിസരവാസികളുടെയും പഞ്ചായത്ത് അധികൃതരുടെയും എതിർപ്പ് മൂലം പ്ലാന്റിലേയ്ക്ക് മാലിന്യം പ്രവേശിപ്പിക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ടായി. ബഹു.ആലപ്പുഴ സബ് ഡിവിഷണൽ മജിസ്ട്രേട്ടിന്റെ നിർദ്ദേശ പ്രകാരം പ്ലാന്റ് അടച്ചുപൂട്ടുകയും ചെയ്തു. മേൽസാഹചര്യത്തിൽ നഗരസഭ പ്രദേശത്ത് മാലിന്യം കുന്നുകൂടുകയും മാലിന്യ സംസ്ക്കരണത്തിന് ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ട സാഹചര്യവുമുണ്ടായി. അതിന്റെ ഭാഗമായി നഗരസഭയിലെ 12 വാർഡുകൾ കേന്ദ്രീകരിച്ച് 3000 ബയോഗ്യാസ് പ്ലാന്റുകളും 2800 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. കൂടാതെ തുമ്പൂർമുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചു. നിലവിൽ 26 കേന്ദ്രങ്ങളിലായി 265 എയ്റോബിക് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾ നേരിട്ട് എയ്റോബിക് യൂണിറ്റുകളിലേയ്ക്ക് വേർതിരിച്ച് എത്തിക്കുന്ന ജൈവമാലിന്യങ്ങൾ എയ്റോബിക് ബിന്നുകളിൽ നിക്ഷേപിക്കുകയും അജൈവ മാലിന്യങ്ങൾ, ഇതോടൊപ്പം സ്ഥാപിച്ചിട്ടുള്ള എം.ആർ.എഫ്(Material Recovery Facility) |

| | | | | |
|---|---|---|---|---|
| | | | | ഷെഡ്ഡിലേയ്ക്ക് മാറ്റുകയും ചെയ്യുന്നു. എം.ആർ.എഫ് ഷെഡ്ഡിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പടെയുള്ള പദാർത്ഥങ്ങൾ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനിൽ പൊടിച്ച് റോഡുനിർമ്മാണ പ്രവർത്തനങ്ങൾക്ക് നൽകിവരുന്നു. ജൈവമാലിന്യങ്ങൾ വളമാകുന്ന മുറയ്ക്ക് സമീപത്തുള്ള കൃഷിയിടങ്ങളിലും മറ്റ് ആവശ്യക്കാർക്കും നൽകിവരുന്നു. കൂടാതെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് വ്യാപാരസ്ഥാപനങ്ങളിലെ ജൈവമാലിന്യങ്ങൾ വളമാക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന പദ്ധതിയിലേയ്ക്ക് ഒരു കോടി പത്തുലക്ഷം രൂപ നഗരസഭ വകയിരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ മാലിന്യ സംസ്ക്കരണത്തിൽ ആലപ്പുഴ നഗരസഭ മറ്റുള്ള നഗരസഭകൾക്ക് മാതൃകയാകുന്ന രീതിയിൽ മികച്ച പ്രവർത്തനമാണ് നടത്തുന്നത്. സർവോദയപുരത്ത പ്ലാന്റുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ എതിർപ്പ് ഇപ്പോഴും നിലനിൽക്കുന്നതിനാലും ടി സ്ഥലം പഞ്ചായത്ത് പ്രദേശത്ത് ആയതിനാലും പ്ലാന്റ് തുറന്നുപ്രവർത്തിപ്പിക്കുവാൻ സാദ്ധ്യമല്ല. കഴിഞ്ഞ 5 വർഷമായി പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്നതിനാൽ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ പറ്റാത്ത അവസ്ഥയിലാണ്. |
| | | തൊടുപുഴ | തൊടുപുഴ നഗരസഭ 2011-12-ൽ ഖരമാലിന്യ സംസ്ക്കരണത്തിനായി 2,13,288/ രൂപ ചെലവഴിച്ചു പ്രസ്സിംഗ് മെഷിൻ വാങ്ങി. എന്നാൽ മെഷീൻ ഇതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. പുറംകവർപോലും നീക്കം ചെയ്യാത്ത അവസ്ഥയിലാണ് മെഷീൻ | നഗരസഭയുടെ ഖരമാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിലേയക്കാണ് 2,13,282/-രൂപ മുടക്കി നഗരസഭ 2011-ൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങുകയുണ്ടായത്, ടി മെഷീൻ ലോറി വാൻ സ്റ്റാന്റിൽ ഉള്ള നഗരസഭ വക കെട്ടിത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും സാധിച്ചില്ല. പിന്നീട് നഗരസഭ വ |

| | | | | |
|---|---|---|---|---|
| | | | | വെങ്ങല്ലൂർ വ്യവസായ എസ്റ്റേറ്റിൽ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് ടി എസ്റ്റേറ്റിലെ കുത്തകക്കാരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി മുറികൾ കുത്തകയ്ക്ക് എടുത്തിരുന്ന ശ്രീമതി.കെ.പി.രാജി, ശ്രീമതി മുംതാസ് ഇസ്മായിൽ എന്നിവർ ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകണമെന്നുള്ള ടിയാളുകളുടെ അപേക്ഷ നഗരസഭ നിരസിച്ചതിനേ തുടർന്ന് ശ്രീമതി മുംതാസ് ഇസ്മായിൽ ബഹു.ഹൈക്കോടതി മുമ്പാകെ WP(C)15731/13 -ാം നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൻമേൽ 27/11/15 -ൽ നഗരസഭയ്ക്ക് അനുകൂലമായി അന്തിമ വിധിയുണ്ടാകുകയും ആയത് വരെ ഇവരുടെ കൈവശമായിരുന്നു ടി മുറി. ആയതിനാൽ നഗരസഭയ്ക്ക് ഇവിടെ ടി മെഷീൻ സ്ഥാപിക്കുന്നതിന് കഴിയാതെ വന്നു. ഇവരെ ഒഴിവാക്കി കെട്ടിടം നഗരസഭയുടെ കൈവശം വന്നത് 2016 ഡിസംബറിലാണ്. എന്നാൽ ടി വ്യവസായ എസ്റ്റേറ്റിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനെതിരെ പ്രദേശവാസികൾ പരാതി സമർപ്പിക്കുകയും നിരന്തര സമരങ്ങൾ ഉണ്ടായതിനേ തുടർന്ന് ആയത് 2018 ജനുവരിയിൽ കാഞ്ഞിരമറ്റത്ത് നഗരസഭ വക വ്യവസായ എസ്റ്റേറ്റിനോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ളതും ആയത് നിലവിൽ പ്രവർത്തിച്ച് വരുന്നതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 2 | 4.1.5 | തൊടുപുഴ | <u>വ്യവസായ കേന്ദ്രങ്ങൾ കെട്ടിടം നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു</u> | നഗരസഭ വക വെങ്ങല്ലൂർ വ്യവസായ എസ്റ്റേറ്റ് 1999-2000 വർഷത്തെ വനിതാ ഘടക പദ്ധതിയിൽപ്പെടുത്തി 8 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ചിരുന്നതാണ്. ആയതിൽ മൂന്ന് മുറികളാണ് ഉള്ളത്. 1-ാം നം. മുറി ശ്രീമതി.കെ.പി.രാജി |

| | | | | |
|---|---|---|---|---|
| | | | ഇടുക്കി ജില്ലയിലെ തൊടുപുഴ നഗരസഭ 1999–2000–ൽ 8 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വെങ്ങല്ലൂർ വ്യവസായ കേന്ദ്രത്തിന്റെകെട്ടിടം ഉപയോഗശൂന്യമാണ്.. | 2–ാം നമ്പർ മുറി ശ്രീമതി മുംതാസ് ഇസ്മായിൽ, 3–ാം നമ്പർ മുറി ശ്രീമതി രേഖാ.ഡി. നന്ദനം എന്നിവർ യഥാക്രമം ലേലത്തിൽ 26/12/2006 –ൽ എടുക്കുകയും നഗരസഭയ്ക്ക് വാടക നൽകി ഉപയോഗിച്ചു കൊണ്ടിരിക്കുകയുമായിരുന്നു. നഗരസഭ ഖരമാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിലേയ്ക്ക് ടി വ്യവസായ എസ്റ്റേറ്റിലെ മുറികൾ ഒഴിവാക്കി എടുക്കുന്നതിന് നഗരസഭാ സെക്രട്ടറി നോട്ടീസ് നൽകി. കുത്തകക്കാർ 13–14 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കുന്നതിന് നൽകിയ അപേക്ഷ നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്. സെക്രട്ടറി ലൈസൻസ് അപേക്ഷ നിരസിച്ചതിനെതിരെ ടി കക്ഷികളിൽ ശ്രീമതി മുംതാസ് ഇസ്മായിൽ നഗരസഭാ കൗൺസിൽ മുമ്പാകെ 13/3/2013 –ൽ അപ്പീൽ സമർപ്പിച്ചെങ്കിലും 8/5/2013 ലെ 26–ാം നമ്പർ തീരുമാന പ്രകാരം ടി അപ്പീൽ നഗരസഭാ കൗൺസിൽ നിരസിച്ചിട്ടുള്ളതാണ്. ആയതിനെ തുടർന്ന് ടിയാൾ ബഹു. ഹൈക്കോടതിയിൽ WP(C)No.15731/13 –ാം നമ്പറായി കേസ് ഫയൽ ചെയ്യുകയും നഗരസഭയ്ക്ക് അനുകൂലമായി അന്തിമ വിധി വന്നിട്ടുള്ളതും ടി കേസിന്റെ തീർപ്പിനെ തുടർന്ന് 22/12/2016 ലെ നഗരസഭാ കൗൺസിലിന്റെ 17–ാം നമ്പർ തീരുമാന പ്രകാരം 13–14 കാലയളവ് മുതൽ ഡിസംബർ 16 വരെയുള്ള കാലയളവിലെ വാടകയും പലിശയും സർവ്വീസ് ടാക്സും ഈടാക്കുന്നതിനും ടി കുത്തകക്കാരെ ഒഴിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. ഈ തീരുമാന പ്രകാരം വാടകയും പലിശയും ഈടാക്കി കുത്തകക്കാരെ ഒഴിപ്പിച്ച് വ്യവസായ എസ്റ്റേറ്റ് നഗരസഭ ഏറ്റെടുത്തിട്ടുള്ളതാണ്. 13–14 മുതൽ ലൈസൻസ് പുതുക്കി നൽകാത്തതിനാലാണ് ടി കെട്ടിടങ്ങൾ തുറ |

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തിക്കാത്തതും ഓഡിറ്റ് പരിശോധനാ വേളയിൽ ഉപയോഗശൂന്യമായി ഇട്ടിരിക്കുന്നതായി കണ്ടെത്തുകയും ചെയ്തത് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. കുത്തകക്കാരെ ഒഴിപ്പിക്കുന്നതുവരെ നഗരസഭയ്ക്ക് വാടകയിനത്തിലോ മറ്റോ യാതൊരു സാമ്പത്തിക നഷ്ടവും വന്നിട്ടില്ലായെന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.ഇവിടെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നഗരസഭയുടെ ശ്രമത്തിനെതിരെ പ്രദേശവാസികളുടെ എതിർപ്പ് ശക്തമാകുകയും തുടർന്ന് നഗരസഭ കാഞ്ഞിരമറ്റത്ത് ടി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുകയും, ആയത് നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമാണ്. നഗരസഭയുടെയും ബഹു. സർക്കാരിന്റെയും പദ്ധതികളായ വയോമിത്രം, പാലിയേറ്റീവ് കെയർ യൂണിറ്റ് എന്നീ പദ്ധതികൾക്ക് സ്ഥല സൗകര്യം ഒരുക്കുന്നതിലേയ്ക്കായി ടി എസ്റ്റേറ്റിലെ 2 മുറികൾ നഗരസഭാ കൗൺസിൽ 13/10/2017 ലെ 9-ാം നമ്പർ തീരുമാന പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ 3-ാമത്തെ മുറി ഹരിതകേരള മിഷന്റെ ഭാഗമായി MRF (Materials Recovery Facility) സെന്റർ ആയി ഉപയോഗിക്കുന്നതിന് 20/9/17 ലെ 1-ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിൽ വയോമിത്രം, പാലിയേറ്റീവ് കെയർ എന്നിവ അവിടെ നിലവിൽ പ്രവർത്തിച്ചു വരുന്നതും MRF സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതാണെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 3 | 4.1.8 | ചേർത്തല | ചേർത്തല നഗരസഭ 2007-ൽ ചവർ സംസ്കരണത്തിനായി സ്ഥലം വാങ്ങുവാൻ 407090/- രൂപ ചെലവഴിച്ചു. എന്നാൽ | ടി വിഷയവുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷനിൽ നഗരസഭ ഡെപ്പോസിറ്റ് ചെയ്ത മുഴുവൻ തുകയും പലിശയടക്കം തിരികെ ലഭിയ്ക്കുന്നതിനുള്ള നടപടി |

| | | | | |
|---|---|---|---|---|
| | | | നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് അക്വിസിഷൻ പാതിവഴിയിൽ ഉപേക്ഷിച്ചു. | 13-02-2017 തീയതിയായി സ്വീകരിച്ചിട്ടുള്ളതും. ആയതിന്റെ അടിസ്ഥാനത്തിൽ 12-06-2017-ൽ സ്പെഷ്യൽ തഹസീൽദാർ (എൽ.എ) നിർദ്ദേശിച്ചതു പ്രകാരം നഗരസഭാ ഫണ്ടിന്റെ അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.കോഡ്, മൊബൈൽ നമ്പർ എന്നിവ നൽകിയിട്ടുള്ളതും തുടർന്ന് 06-11-2017-ൽ ഓർമ്മക്കുറിപ്പ് അയച്ചിട്ടുള്ളതുമാണ്. സ്പെഷ്യൽ തഹസീൽദാരുടെ 14-11-2017-ലെ 1290/07-ാം നമ്പർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് തുകയായ 4,07,090/- രൂപ മാത്രമേ നഗരസഭാ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ഉത്തരവായിട്ടുള്ളൂ. പലിശ തുക ലഭിക്കുന്നതിന് 14-11-2017-ൽ കത്ത് നൽകിയിട്ടുള്ളതും മറുപടി ലഭിക്കാതിരുന്നതിനെ തുടർന്ന് 11-07-2018-ൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടുള്ളതുമാണ് എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം വർക്ക് ഡിപ്പോസിറ്റ് ശീർഷകത്തിൽ നിക്ഷേപിക്കുന്ന തുകയക്ക് പലിശ ലഭിക്കുന്നതല്ലായെന്ന് സ്പെഷ്യൽ തഹസീൽദാർ (എൽ.എ) ജനറൽ 3/08/18-ലെ വി1/1531/18/കെ.ഡിസ് നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്. |
| 4 | 4.1.10 | ഹരിപ്പാട് | **അശരണർ പെരുകുന്നു പകൽ വീടുകൾ അടഞ്ഞ്കിടക്കുന്നു**<br><br>ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമപഞ്ചായത്തിലെ പി.എച്ച് സെന്ററിന് സമീപം ജില്ലാ പഞ്ചായത്ത് നിർമ്മിച്ചു നൽകിയ പകൽ വീട് പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുകയാണ്. 2009-2010 ൽ 5 ലക്ഷം രൂപ ചെലവിലാണ് പകൽ വീട് നിർമ്മിച്ചത്. | ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമ പഞ്ചായത്തിലെ പി.എച്ച് സെന്ററിന് സമീപം ആലപ്പുഴ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച പകൽ വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചെങ്കിലും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലാത്തതിനാൽ കാലങ്ങളായി പ്രവർത്തനരഹിതമായിരുന്നു. എന്നാൽ ഹരിപ്പാട് നഗരസഭ രൂപീകരിച്ചതിന് ശേഷം ടി കെട്ടിടത്തിന് നമ്പർ നൽകുകയും വൈദ്യുതി ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് 9-ാം വാർഡിലെ 15-ാം നമ്പർ അങ്കണവാടി |

| | | | | |
|---|---|---|---|---|
| | | | | കെട്ടിടം നശിച്ച് പോയതിനാൽ ടി കെട്ടിടത്തിലേയ്ക്ക് താൽക്കാലികമായി മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ വയോമിത്രം പദ്ധതിയുടെ പ്രവർത്തനങ്ങളും ഈ കെട്ടിടത്തിൽ നടന്നു വരുന്നു. അങ്കണവാടി മാറ്റുന്ന മുറയ്ക്ക് ടി കെട്ടിടത്തിൽ പകൽവീട് പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| 5 | 4.1.12 | ചേർത്തല | **അറവുശാലകൾ നിഷ്ക്രിയ ആസ്തിയായി മാറുന്നു**<br><br>ചേർത്തല നഗരസഭയിൽ 2007-ൽ നിർമ്മിച്ച അറവുശാല പ്രവർത്തനരഹിതമാണ്. 4,00,000/- രൂപയാണ് ഇതിനായി ചെലവഴിച്ചത് | ചേർത്തല നഗരസഭയുടെ സ്ലോട്ടർ ഹൗസ് നവീകരിക്കുന്നതിന് SILK-ന് കരാർ നൽകിയിരുന്നതു ടി സ്ഥാപനം പകുതി നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നതുമാണ്. ആയതിന് നഗരസഭ 4,00,000 രൂപ സിൽക്കിന് നകിയെങ്കിലും നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിനാൽ മെ:സിൽക്കുമായുള്ള കരാർ ബഹു.കൗൺസിലിന്റെ 31-07-2010-ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്. 22-10-2010-ലെ 67722/ഡി.ബി.2/10 തസ്വഭവ ഉത്തരവ് പ്രകാരം കരാർ റദ്ദ് ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. തുടർന്ന് 31-03-2011-ലെ സ.ഉ.(സാധാ) നമ്പർ.932/2011/തസ്വഭവ ഉത്തരവ് പ്രകാരം സിൽക്ക് നടത്തിയ നിർമ്മാണങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിന് ചീഫ് എഞ്ചിനീയർ എൽ.എസ്.ജി.ഡി., ഡയറക്ടർ ശുചിത്വ മിഷൻ, മുനിസിപ്പൽ എഞ്ചിനീയർ ചേർത്തല നഗരസഭ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. ആയതുപ്രകാരം 11-05-2011-ൽ സ്ഥലപരിശോധന നടത്തി മുനിസിപ്പൽ എഞ്ചിനീയർ രേഖപ്പെടുത്തിയ അളവ് ഫൈനൽ മെഷർമെന്റായി കണക്കാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാകുന്നു. തുടർന്ന് ബഹു.നഗരസഭാ |

| | | | | |
|---|---|---|---|---|
| | | | | ചെയർപേഴ്സണുമായി പലവട്ടം സിൽക്ക് പ്രതിനിധികൾ ചർച്ച നടത്തിയെങ്കിലും റേറ്റ് റിവൈസ്ഡ് ചെയ്യാതെ പ്രവൃത്തി നടത്തുവാൻ നിർവ്വാഹമില്ല എന്ന് അറിയിച്ചിട്ടുള്ളതുമാകുന്നു. ശുചിത്വമിഷൻ തന്നിരിക്കുന്ന മാർഗ്ഗരേഖകൾ, അറവുശാലയുടെ പണി പകുതിയോളം പൂർത്തിയായതുകൊണ്ട് പൂർണ്ണമായി പാലിക്കാനാകുന്നതല്ല. സ്ഥല പരിമിതി മൂലം ലെയിറേജ് ഷെഡ് ,ഖരമാലിന്യ സംസ്കരണം, ബുച്ചേഴ്സ് റൂം, ടോയ്ലറ്റ്, സ്റ്റോറേജ് റൂം, സൂപ്പർവൈസറി സ്റ്റാഫ് റൂം എന്നിവയുണ്ടാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഈ സംവിധാനം ഉൾപ്പെടുത്താൻ അറവുശാലയുടെ പുറകിലുള്ള സ്വകാര്യ വസ്തുവോ മറ്റൊരു വസ്തുവോ അക്വയർ ചെയ്യുന്നതിന് നഗരസഭ ആലോചിച്ചു വരുന്നു. പുതിയ സ്ഥലം വാങ്ങുന്നതിന് 35 ലക്ഷം രൂപ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| | 4.1.12 | **പാലക്കാട്** | പാലക്കാട് നഗരസഭ- 10086896/- രൂപ ചിലവഴിച്ച അറവുശാല പരിഷ്കരണ പദ്ധതി ലക്ഷ്യത്തിലെത്തിയിട്ടില്ല. 1999-മുതൽ 2003 വരെയാണ് പ്രവൃത്തികൾ നടത്തിയത് നിർമ്മാണ പ്രവൃത്തനങ്ങൾ പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ടു. ഉപേക്ഷിക്കപ്പെട്ട ഉപകരണങ്ങൾ ഉപയോഗ ശൂന്യമായ നിലയിലാണ്. | പാലക്കാട് നഗരസഭയിൽ അറവുശാല നിർമ്മാണത്തിന് വേണ്ടി 1999-2001 വർഷത്തിൽ മെസ്സ.സിൽക്ക്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് 8894336/-രൂപ അനുവദിച്ചിട്ടുള്ളതും എന്നാൽ, ടി സ്ഥാപനം പ്രസ്തുത പ്രവൃത്തി ഭാഗികമായി ചെയ്ത ശേഷം പ്രവൃത്തി ഉപേക്ഷിച്ചു പോയിട്ടുള്ളതാണ്. പ്രസ്തുത സ്ഥാപനം ചെയ്തു തീർത്ത പ്രവൃത്തികളുടെ മൂല്യം വിശദ സമിതി തിട്ടപ്പെടുത്തുകയും ആകെ 2062413/- രൂപയുടെ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ചെയ്തിന്റെ മൂല്യമായ 2062413/- രൂപ കഴി |

| | | | | |
|---|---|---|---|---|
| 7 | 4.1.15 | ചേർത്തല | ചേർത്തല നഗരസഭ 2007-ൽ നിർമ്മിച്ച ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തന രഹിതമാണ്. 1638134/- രൂപ ചെലവഴിച്ച ക്രിമിറ്റോറിയം നിഷ്ക്രിയാസ്തിയായി മാറിയിരിക്കുകയാണ് | നഗരസഭ സദ്ദുദ്ദേശ്യത്തോടുകൂടി ആധുനിക രീതിയിൽ 2009-ൽ നിർമ്മിച്ച ഗ്യാസ് ക്രിമിറ്റോറിയത്തന്റെ നടത്തിപ്പിനായി ബഹു.കൗൺസിലിന്റെ . 20-10-2009-ലെ 2-ാം നമ്പർ തീരുമാന പ്രകാരം ബൈലോ അംഗീകരിച്ചിട്ടുള്ളതാകുന്നു. ആയതിന് ക്വട്ടേഷൻ ക്ഷണിച്ച് 12/09 മുതൽ 3/11 വരെ ചേർത്തല എസ്.എൻ.ഡി.പി. യൂണിയൻ 11,000/ രൂപയ്ക്ക് നടത്തിപ്പ് ചുമതല എഗ്രിമെന്റ് വച്ച് ഏറ്റെടുത്തിട്ടുള്ളതുമായിരുന്നു.<br>എന്നാൽ ടി ഗ്യാസ് ക്രിമിറ്റോറിയത്തിൽ മൃതദേഹം സംസ്ക്കരിക്കുന്നതിന് പ്രദേശവാസികൾക്ക് താല്പര്യമില്ലാതിരുന്നതുമൂലം വളരെ കുറച്ച് മൃതദേഹങ്ങൾ മാത്രമേ ടി കാലത്ത് സംസ്ക്കരിക്കപ്പെട്ടിട്ടുള്ളൂ. താരതമ്യേന ഭൂവിസ്തൃതിയും ജനസംഖ്യയും കുറഞ്ഞ നഗരസഭാ പ്രദേശത്ത് ഹിന്ദുമത വിഭാഗത്തിൽപ്പെട്ട കുഡുംബി, തട്ടാൻ-വിശ്വകർമ്മ വിഭാഗങ്ങൾക്കും തിരുമല ദേവസ്വം ക്ഷേത്രം വക ജി.എസ്.ബി. വിഭാഗത്തിനും പ്രത്യേകം ശ്മശാനമുള്ളതും മറ്റ് മതവിശ്വാസികൾക്ക് മൃതദേഹം മറവ് ചെയ്യുന്നതിന് അതാത് പള്ളികൾക്കനുബന്ധമായ സംവിധാനങ്ങളുമാണ് ആശ്രയിക്കുന്നത്. ഹിന്ദുമത വിശ്വാസികൾ പരമ്പരാഗതമായി വിറകുപയോഗിച്ച് വീട്ടുവളപ്പിൽ മൃതദേഹം ദഹിപ്പിക്കുന്ന ആചാരത്തിൽ നിന്ന് മാറി ഗ്യാസ് ക്രിമിറ്റോറിയം ഉപയോഗപ്പെടുത്തുന്നതിന് വിമുഖത പുലർത്തിയത് മൂലമാണ് ടി ക്രിമിറ്റോറിയത്തിലേയ്ക്ക് മൃതദേഹങ്ങൾ ലഭിക്കാതെയിരുന്നത്;<br>ആയതിന് പരിഹാരമായി ജനങ്ങളിൽ ബോധവൽക്കരണം നടത്തി ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ പ്രവർത്തനം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും കേരള |

| | | | | |
|---|---|---|---|---|
| | | | | ബാക്കി തുക 6832773/- രൂപ തിരികെ കിട്ടുന്നതിന് പല തവണ മെസ്സ.സിൽക്ക് എന്ന സ്ഥാപനത്തിനോട് കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു എങ്കിലും യാതൊരു നടപടിയും ടി സ്ഥാപനത്തിൽ നിന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ ലഭിക്കാനുള്ള തുക പലിശ സഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 25,00,000/-രൂപ 31.10.2017-ന് രശീത് നമ്പർ 01/117400500647 പ്രകാരം നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. ബാക്കി തുക RR-നടപടികളിലൂടെ ഈടാക്കുന്നതുമാണ്, എന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| 6 | 4.1.14 | ഹരിപ്പാട് | ഇ-ടോയിലറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല<br><br>ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമ പഞ്ചായത്ത് 2012-13 ൽ പഞ്ചയാത്ത് ഓഫീസിന് മുൻവശത്ത് സ്ഥാപിച്ച ഇ ടോയ്ലെറ്റ് ഇതുവരെയായി തുറന്നുകൊടുത്തിട്ടില്ല. 4,60,000 രൂപയാണ് ഇതിനായി ചെലവിട്ടത്. | ഹരിപ്പാട് ഗ്രാമ പഞ്ചായത്തായിരുന്ന 2012-13 ൽ പഞ്ചായത്ത് ഫണ്ട് 460000/- രൂപ ഉപയോഗിച്ച് പഞ്ചായത്തിന് മുൻവശം ഇ-ടോയ്ലറ്റ് സ്ഥാപിച്ചിട്ടുള്ളതാണ്. ടി ടോയ്ലറ്റിലേയ്ക്ക് വെള്ളം കിട്ടുന്നതിനായി ബോർവെൽ സ്ഥാപിക്കുവാൻ കുഴിച്ച സ്ഥലത്ത് പാറയായതിനാൽ വീണ്ടും മാറ്റി സ്ഥാപിക്കേണ്ടി വന്നു. ഇങ്ങനെ ബോർവെൽ സ്ഥാപിക്കേണ്ടി വന്നതുമൂലമാണ് ഇ-ടോയ്ലറ്റ് തുറന്നു കൊടുക്കാൻ കാലതാമസമുണ്ടായത്. തുടർന്ന് 2014-15 വർഷം മുതൽ ഇ-ടോയ്ലറ്റ് പ്രവർത്തിച്ചു വരുന്നു. എല്ലാ വർഷവും എ.എം.സി വച്ച് മെയിന്റനൻസ് നടത്തിവരുന്നു. പൊതുജനങ്ങൾക്ക് ഗുണകരമായ രീതിയിൽ ഇ-ടോയ്ലറ്റ് ഇപ്പോഴും പ്രവർത്തിച്ചു വരുന്നു. |

39-66

| | | | | |
|---|---|---|---|---|
| | | | | മുനിസിപ്പാലിറ്റീസ് ആക്ടിന് വിധേയമായി ഗ്യാസ് ക്രിമിറ്റോറിയം പുനർപ്രവർത്തിപ്പി ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നവിവരം ബോധിപ്പിച്ചു കൊള്ളുന്നു.. |

MINIMOL ABRAHAM
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2014-2015 ലെ ഖണ്ഡികകളിന്മേൽ നൽകുന്ന ന്യൂനത പരിഹാര നടപടി പത്രിക

| ഖണ്ഡിക നം | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | നിഗമനങ്ങൾ/ശുപാർശകൾ | സ്വീകരിച്ച നടപടി |
|---|---|---|---|
| 4.1.5 | ആര്യാട്, മാടപ്പള്ളി, ഏറ്റുമാനൂർ | **വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു.**<br><br>**ആര്യാട് ബ്ലോക്ക് പഞ്ചായത്ത്**<br><br>2000-01-ൽ 19 ലക്ഷം രൂപ ചെലവഴിച്ച് പണി തീർത്ത് കയർ കോമൺ ഫെസിലിറ്റി സെന്റർ പ്രവർത്തന രഹിതമാണ്. | **ആര്യാട് ബ്ലോക്ക് പഞ്ചായത്ത്**<br>ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥിതി ചെയ്യുന്ന 1 ഏക്കർ 5 സെന്റ് സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടം കേന്ദ്രീകരിച്ച് ജനകീയാസൂത്രണ പദ്ധതി പ്രകാരം വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 20 ലക്ഷം രൂപയുടെ പ്രോജക്ട് പ്രകാരം ഗ്രൂപ്പുകൾക്ക് ചകിരി വിതരണം ചെയ്ത് പ്രസ്തുത പദ്ധതി പ്രകാരം 5000/-രൂപ വീതം 5 അംഗങ്ങൾ അടങ്ങുന്ന കയർ മേഖലയിൽ പ്രവർത്തിക്കുന്ന 50 ഗ്രൂപ്പുകൾക്ക് 20 ലക്ഷം രൂപ നൽകി 2015-16 സാമ്പത്തിക വർഷം ഇതേ പ്രോജക്ട് കോമൺ ഫെസിലിറ്റി സെന്റർ വഴി വിതരണം ചെയ്യുന്നതിലൂടെ ഉദ്പാതിപ്പിക്കുന്ന കയറിന്റെ മാർക്കറ്റിംഗ് ഈ പ്രദേശത്തെ 450 വനിതകൾക്ക് ചെറുകിട കൈത്തൊഴിലുകൾ ചെയ്യുന്നതിന് ഉതകുന്ന ചകിരി ബ്ലീച്ച് ചെയ്ത കയർ മറ്റ് അനുബന്ധ സാമഗ്രികൾ നൽകുന്നതിനും അവർക്ക് വേണ്ട പരിശീലനം നൽകുന്നതിനും അതു വഴി അവരുടെ പൊതുവായ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത പരിഗണിക്കുന്ന തിനുള്ള ഒരു കേന്ദ്രമായി ഈ കോമൺ ഫെസിലിറ്റി സെന്ററിനെ ഉയർത്തുന്നതിനും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ,സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | **<u>മുഖത്തല ബ്ലോക്ക് പഞ്ചായത്ത്</u>**<br>4,00,000/-രൂപ ചെലവിൽ വാങ്ങിയ 3 നടീൽ യന്ത്രങ്ങൾ ആർക്കാണ് കൈമാറിയതെന്നുള്ള യാതൊരു വിവരവും ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.<br><br>**<u>ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്</u>**<br>1998-99-ൽ 13,95,000/-രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്ത് മെതി യന്ത്രം ഉപയോഗമില്ലാതെ ഇരുമ്പെടുത്തു നശിക്കുന്നു.<br><br>**<u>മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്</u>**<br>വികസന ഫണ്ടിൽ നിന്നും 22,25,000/- രൂപ ചെലവഴിച്ച് റെയ്ഡ്കോയിൽ നിന്നും വാങ്ങിയ കൊയ്ത്ത്-മെതി യന്ത്രം 2.8.2009-ൽ കൃഷി അസിസ്റ്റന്റ് | **<u>മുഖത്തല ബ്ലോക്ക് പഞ്ചായത്ത്</u>**<br>മുഖത്തല ബ്ലോക്ക് പഞ്ചായത്ത് 4,00,000/-ചെലവാക്കി വാങ്ങിയ 3 നടീൽ യന്ത്രങ്ങൾ, വാങ്ങിയതിൽ ഒരെണ്ണം തൃക്കോവിൽ വട്ടം, ചെറിയേല പാടശേഖര സമിതിയ്ക്കും മയ്യനാട്, ഉമയനല്ലൂർ പാടശേഖര സമിതിയ്ക്കും നൽകിയിട്ടുള്ളതായ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**<u>ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്</u>**<br>1998-99 വർഷം ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ കൊയ്ത്ത് മെതിയന്ത്രം ഉപയോഗിച്ചു വരുക യായിരുന്നു. ഉപയോഗം മൂലം യന്ത്ര തകരാറു ഉണ്ടായ തിനാൽ ഉപയോഗിക്കാൻ കഴിയാതെ വന്നിരിക്കുന്നു. ഇത് റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ ആവശ്യമായ അനുമതിക്ക് പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടി ട്ടുള്ളതാണ്. ആയതിന് ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പ റേഷനിൽ നിന്നും റിപ്പയർ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് എടുത്തു നൽകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചിരുന്നു.<br>ആഗ്രോ ഇൻഡസ്ട്രീയലിൽ നിന്നും എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയത് ലഭിച്ചാൽ ഉടൻ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിശോധന യുടെ അടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമാക്കുന്ന താണെന്നും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്</u>**<br>**<u>കാർഷികോപകരണങ്ങൾ ഉപയോഗ ശൂന്യം</u>**<br>**<u>1. കൊയ്ത്ത് മെതിയന്ത്രം</u>**<br>ഇതിൽ നിന്നും 2010 സാമ്പത്തിക വർഷം 50,579/- |

| | | | |
|---|---|---|---|
| | | ഡയറക്ടർക്ക് കൈമാറി. യന്ത്രം 2009-10, 2010-11 വർഷങ്ങളിൽ ഉപയോഗിച്ചത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ ലോഗ് ബുക്കിൽ നടത്തിയിട്ടില്ല. 8.4.2011 മുതലാണ് ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഉള്ളത്. ഓരോ വർഷവും ചുരുങ്ങിയ കാലയളവിൽ മാത്രമാണ് പാടശേഖരം സമിതികൾ യന്ത്രം പ്രയോജനപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 26.04.2013 മുതൽ യന്ത്രം ബ്ലോക്ക്പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് സമീപമുള്ള ഷെഡിൽ ഉപേക്ഷിച്ച നിലയിലാണ്. മാവേലിക്കര ബ്ലോക്ക്പഞ്ചായത്ത് എസ്.സി. പി. ഫണ്ടുപയോഗിച്ച് 2010-11-ന് വാങ്ങിയ നടീൽ യന്ത്രവും ഉപയോഗ രഹിതമാണ്. 2,35,697/- രൂപയായിരുന്നു ചിലവ്. | രൂപയും 2011-12-ൽ 2012465/- രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്. നിലവിൽ സ്ഥിരം ഡ്രൈവർ ഇല്ലാത്തതിനാലും യന്ത്രം കൊണ്ടു പോകുന്നതിന് ലോറി സ്വന്തമായി ഇല്ലാത്തതിനാലും കൊയ്ത്ത് മെതിയന്ത്രം ഏറ്റെടുത്തു കൊണ്ടുപോവാൻ പാടശേഖര സമിതികൾ മുന്നോട്ട് വരുന്നില്ല. മാവേലിക്കര പരിധിയിൽ ഒരിപ്പൂവ് കൃഷി മാത്രമാണ് ചെയ്യുന്നതെന്നതിനാൽ ഏകദേശം 2 മാസം മാത്രമാണ് യന്ത്രത്തിന് ഉപയോഗം വരുന്നുള്ളൂ. ഡ്രൈവറുടെ ശമ്പളവും, ഡീസൽ വിലയും, മെയിന്റനൻസും, ട്രാൻസ്പോർട്ടേഷനും കഴിഞ്ഞാൽ ബാക്കി ഇല്ലാത്ത അവസ്ഥയിലാണ്. കാലാകാലങ്ങളായ് 2012-13, 2013-14 എന്നീ വർഷങ്ങളും മിച്ചമില്ലാത്ത അവസ്ഥയിലാണ്.<br>30.01.2012-ൽ കൂടിയ സബ് കമ്മിറ്റി യന്ത്രം വാടകയ്ക്ക് നൽകുന്നതിനു തീരുമാനിക്കുകയും ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി 10.12.2015-ലെ 9-ാം നമ്പർ തീരുമാനമനുസരിച്ച് 10,000/-രൂപ വടകയ്ക്ക് യന്ത്രം മാവേലിക്കര ബ്ലോക്ക്പരിധിയിലുപയോഗിച്ചതിനു ശേഷം മറ്റ് പാടശേഖരങ്ങളിലും ഉപയോഗിക്കുന്നതിന് തീരുമാനിച്ച്. ഇപ്രകാരം പ്രതിമാസം 10,000/-രൂപ വച്ച് ഭൂരി ഭാഗം മാസങ്ങളിലും വരുമാനം ലഭിക്കുന്നുണ്ടെന്ന് ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**2. നടീൽ യന്ത്രം**<br>പദ്ധതി പ്രകാരം നടീൽ യന്ത്രം പട്ടിക ജാതി പാടശേഖര സമിതിക്കാണ് നൽകേണ്ടത്. നിലവിൽ അപ്രകാരമുള്ള ഒരു സമിതി ബ്ലോക്ക് പരിധിയിൽ ഇല്ലാതിരുന്നതിനാൽ സമിതികൾക്ക് നൽകേണ്ട യന്ത്രം ആർക്കും നൽകുവാൻ കഴിയാത്ത അവസ്ഥയിലായി. ഇത് പരിഗണിച്ച് ബ്ലോക്ക്പഞ്ചായത്ത് തീരുമാനമെടുത്ത് കണ്ണമംഗലം കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് യന്ത്രം നൽകിയിട്ടുണ്ട്. ഉപയോഗം കുറവായതിനാൽ ബ്ലോക്ക്പഞ്ചായത്തിൽ യന്ത്രം സൂക്ഷിക്കുന്നുവെന്ന് ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 4.1.14. | ആര്യാട് | <u>ഇ-ടോയ്‌ലറ്റുകളും, ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല.</u><br><br><u>ആര്യാട് ബ്ലോക്ക് പഞ്ചായത്ത്</u><br><br>2012-13-ൽ 5 ലക്ഷം രൂപ ചെലവിട്ട് സ്ഥാപിച്ച ഇ-ടോയ്‌ലറ്റ്, സ്ഥലം സംബന്ധിച്ചിട്ടുള്ള തർക്കത്തെത്തുടർന്ന് പൊളിച്ച് മാറ്റി.<br>ആര്യാട് ബ്ലോക്ക് പഞ്ചായത്ത് മുഹമ്മ സാമൂഹികാ ആരോഗ്യ കേന്ദ്രത്തിൽ, 2012-13-ൽ സ്ഥാപിച്ച ഇ – ടോയ്‌ലറ്റ് ഇതുവരെ തുറന്നു കൊടുത്തിട്ടില്ല. 4,36,000/-രൂപയാണ് ഇതിനായി ചെലവിട്ടത്. | <u>ആര്യാട് ബ്ലോക്ക് പഞ്ചായത്ത്</u><br>മുഹമ്മ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ഇ-ടോയ്‌ലറ്റ് ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതും നിലവിൽ പ്രവർത്തന ക്ഷമമാണെന്നുള്ള വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4.1.15 | കൊട്ടാരക്കര, ചിറ്റുമല | <u>1) നിഷ്ക്രിയാസ്തികൾ-ശ്മശാനം മുതൽ ആംബുലൻസ് വരെ</u><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലക്ഷ്യങ്ങൾ നേടാനാവാതെ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള മറ്റു പല സംരംഭങ്ങളും ആഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഫീസ് സംവിധാനങ്ങൾ, വാഹനങ്ങൾ, സ്റ്റേഡിയങ്ങൾ/പാർക്കുകൾ ശ്മശാനങ്ങൾ, ജലസേചന സംവിധാനങ്ങൾ എന്നിവയൊക്കെ ഇതിൽപെടും. ഉദാഹരണങ്ങൾ ഇനി പറയുന്നു.<br><u>കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്</u><br>നെടുമൺകാവ് സി.എച്ച്.സി.ക്കു വേണ്ടി 2011-12-ൽ 5,11,682/-രൂപ ചെലവിട്ട് ആംബുലൻസ് വാങ്ങി. ഇതുവരെ 5000 കിലോ മീറ്റർ താഴെ മാത്രമാണ് ആംബുലൻസ് ഓടിയിട്ടുള്ളത്. നിലവിൽ ഇൻഷ്വറൻസ് പരിരക്ഷയോ, മൈലേജ് സർട്ടിഫിക്കറ്റോ ഇല്ലാത്ത ആംബുലൻസ് നാശോന്മുഖമാണ്. | <u>കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്</u><br>നെടുമൺകാവ് സി.എച്ച്.സി. ആംബുലൻസിന്റെ ഇൻഷ്വറൻസ് 9.9.2015-ന് പുതുക്കിയിട്ടുണ്ട്. റിപ്പയർ മെയിന്റനൻസ് ഇനത്തിൽ 15,680/-രൂപ സി.എച്ച.സി.ക്ക് നൽകിയിട്ടുണ്ട്. ആംബുലൻസ് മുടങ്ങാതെ സർവ്വീസ് നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി, മെഡിക്കൽ ഓഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><u>സാമൂഹികാരോഗ്യ കേന്ദ്രം നെടുമൺകാവ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.</u><br>2011-12 സാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ 5,11,682/- രൂപ ചെലവഴിച്ച് ആംബുലൻസ് വാങ്ങി. 5000 കിലോ മീറ്റർ താഴെ മാത്രം ഓടിയതായും ഇൻഷ്വറൻസ് പരിരക്ഷയോ ഇല്ലാതെ ആംബുലൻസ് നാശോന്മുഖമായി കാണപ്പെടുന്നു എന്ന ആഡിറ്റ് പരാമർശം സംബന്ധിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചതായി അറിയിക്കുന്നു.<br><br>24.01.2016-ൽ കൂടിയ ആശുപത്രി വികസന സമിതി തീരുമാന പ്രകാരം ആംബുലൻസ് സർവ്വീസിംഗ് നടത്തി |

## കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് - 2014-15 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ട് - ആഡിറ്റ് ന്യൂനതാ നടപടി പരിഹാരപത്രിക

| ക്രമ. നം. | പഞ്ചായത്തിന്റെ പേര് | റിപ്പോർട്ട് വർഷം & ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി | തൽസ്ഥിതി വിവരങ്ങൾ |
|---|---|---|---|---|---|
| 1. | വെങ്ങോല | 2014-15 ഖണ്ഡിക 4.1.5. | വ്യവസായ കേന്ദ്രങ്ങൾ കെട്ടിടം നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു.<br><br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആരംഭിക്കുന്ന വ്യവസായ/തൊഴിൽ/ സംരഭങ്ങളിൽ ഏറ്റെയും പരാജയമാവുക യാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്ഥികളായി മാറിയവയിൽ 12.49 ശതമാനം ചെലവും (10.62 കോടി രൂപ) വ്യവസായ /സ്വയം തൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ടവ യാണ്. വ്യക്തമായ കാഴ്ചപ്പാടും സാദ്ധ്യതാപഠനവും ഇല്ലാതെയാണ് വ്യവസായസംരഭ കേന്ദ്രങ്ങൾ ആരംഭിക്കുന്നത്, തൊഴിൽ സംരംഭങ്ങൾക്ക് യാതൊരു സാദ്ധ്യതയുമില്ലാത്ത സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള വ്യവസായ കേന്ദ്രങ്ങളുമുണ്ട്. നിർമ്മിച്ച കെട്ടിടങ്ങളിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള തുടർ നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളാത്തതാണ് ആസ്തികൾ നിഷ്ക്രിയമാവാൻ പ്രധാന കാരണം.<br>1. എറണാകുളം ജില്ലയിലെ | വെങ്ങോല ഗ്രാമ പഞ്ചായത്തിലെ 13 -ാം വാർഡിൽ ബഥനി ഭാഗത്ത് 2012-13 വാർഷീക പദ്ധതിയിലെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ട് ഉപയോഗിച്ച് Rs.690000/ ചെലവഴിച്ച് വനിതാ വ്യവസായ വികസന കേന്ദ്രത്തിന് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി കെട്ടിടം ജനോപകാരപ്രദമായ വിധത്തിൽ പ്രവർത്തന ക്ഷമമമാക്കുന്നതിനും ഈ വിഷയം 26/07/2017 തീയതിയിലെ 6(1)ബി നമ്പർ തീരുമാനമായി പഞ്ചായത്ത് ചർച്ച ചെയ്തു. നിഷ്ക്രിയ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള ടി കെട്ടിടം കുടുംബശ്രീ യൂണിറ്റിന് തയ്യൽ യൂണിറ്റ് തുടങ്ങുന്നതിനും കുറച്ചു കൂടി ഫണ്ട് വച്ച് കെട്ടിടം നന്നാക്കുന്നതിനും അനുവാദം വാങ്ങുന്നതിന് തീരുമാനിച്ചു. ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ശ്രീ. ജോയി, ശ്രീമതി. | വെങ്ങോല ഗ്രാമ പഞ്ചായത്തിലെ 13 -ാം വാർഡിൽ ബഥനി ഭാഗത്ത് 2012-13 വാർഷീക പദ്ധതിയിലെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ട് ഉപയോഗിച്ച് Rs.690000/ ചെലവഴിച്ച് വനിതാ വ്യവസായ വികസന കേന്ദ്രത്തിന് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. നിഷ്ക്രിയാസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള ടി കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനും കുറച്ചു കൂടി ഫണ്ട് വച്ച് കെട്ടിടം നന്നാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ശ്രീ. ജോയി, ശ്രീമതി. ഷൈലജ കെ. പിള്ള, ശ്രീ. റഹിം എന്നിവരും, സി. ഡി. എസ്. ചെയർ പേഴ്സൺ ശ്രീമതി. ശശികല ദിവാകരൻ എന്നവരെയും ഉൾപ്പെടുത്തി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി സ്ഥലപരിശോധന നടത്തി കെട്ടിടം പുനരുദ്ധാരി ക്കുന്നതി നാവശ്യമായ ശുപാർശ പഞ്ചായത്തിന് സമർപ്പിക്കുകയും 26/07/2017 -ലെ 6(1) ബി നമ്പറായി പഞ്ചായത്ത് തീരുമാനം എടുത്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 വാർഷീക പദ്ധതിയിൽ വികസന |

| | | | | | |
|---|---|---|---|---|---|
| | | | വെങ്ങോല ഗ്രാമ പഞ്ചായത്ത് 2012-13 ൽ Rs.690000/ ചെലവഴിച്ച് നിർമ്മിച്ച വനിതാ വ്യവസായ കേന്ദ്രം ഉപയോഗപ്പെടാത്ത നിലയിലാണ്. | ഷൈലജ കെ. പിള്ള, ശ്രീ. റഹിം എന്നിവരും, സി. ഡി. എസ്. ചെയർ പേഴ്സൺ ശ്രീമതി. ശശികല ദിവാകരൻ എന്നവരെയും ഉൾപ്പെടുത്തി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി സ്ഥലപരിശോധന നടത്തി അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുകയുടെ എസ്റ്റിമേറ്റ് എൽ. എസ്. ജി. ഡി. എഞ്ചിനീയറെ കൊണ്ട് എടുപ്പിച്ച് അടുത്ത കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന വിവരം പഞ്ചായത്ത് അറിയിച്ചിട്ടുള്ളത് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. | ഫണ്ട് Rs.2,85,000/-യും, തനത് ഫണ്ട് Rs.2,75,000/- യും ഉൾപ്പെടെ അടങ്കൽ Rs.5,60,000/- രൂപ വരുന്ന വനിതാ വ്യവസായ കേന്ദ്രം നവീകരണം (പ്രോജക്ട് നമ്പർ SO416/19) എന്ന പേരിൽ കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തെന്നും പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് അംഗന വാടികൾക്ക് പൂരക പോക്ഷകാഹര വിതരണത്തിനുള്ള അമൃതം ഫുഡ് യൂണിറ്റ് ഇവിടെ ആരംഭിക്കുന്നതാണെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുള്ളതായി ബോധിപ്പിക്കുന്നു. |
| 2 | വേങ്ങൂർ | 2014-15 ഖണ്ഡിക 4.1.5. | 2. എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമ പഞ്ചായത്ത് 2000-01 ൽ നിർമ്മാണം തുടങ്ങിയ വനിതാ വ്യവസായ കേന്ദ്രം അസ്ഥിവാരം മാത്രം നിർമ്മിക്കപ്പെട്ട നിലയിലാണ്. Rs.253940/കെട്ടിടത്തിനായി ചെലവഴിച്ചിട്ടുണ്ട്. | വേങ്ങൂർ ഗ്രാമ പഞ്ചായത്തിൽ ടി പ്രവൃത്തിയുടെ കൺവീനർ ആയിരുന്ന ശ്രീമതി. മേരി ജോയി, തൊഴുത്തുങ്ങൽ, വേങ്ങൂർ-ന് പണം കൈപ്പറ്റിയിട്ട് പണി തീർക്കാതിരുന്നതിനാൽ Rs.253940/- തിരിച്ചടക്കുന്നതിന് അറിയിപ്പ് നൽകിയിരുന്നു. ആയതിന് ടിയാൾ കൈപ്പറ്റിയ തുകയ്ക്കുള്ള ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, അധികം പണം കൈപ്പറ്റിയിട്ടില്ല എന്നും, വകയിരുത്തിയിരുന്ന തുക Rs.6,50,000/- യിൽ ബാക്കി തുക ഉപയോഗിച്ച് പണി പഞ്ചായത്തിന് പൂർത്തീകരിക്കാവുന്നതാണ് എന്നും മറുപടി നൽകിയിരുന്നു. ഇത് | വേങ്ങൂർ ഗ്രാമ പഞ്ചായത്തിൽ ടി പ്രവൃത്തിയുടെ കൺവീനർ ആയിരുന്ന ശ്രീമതി. മേരി ജോയി, തൊഴുത്തുങ്ങൽ, വേങ്ങൂർ-ന് പണം കൈപ്പറ്റിയിട്ട് പണി തീർക്കാതിരുന്നതിനാൽ Rs.253940/- തിരിച്ചടക്കുന്നതിന് അറിയിപ്പ് നൽകിയിരുന്നു. ആയതിന് ടിയാൾ കൈപ്പറ്റിയ തുകയ്ക്കുള്ള ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, അധികം പണം കൈപ്പറ്റിയിട്ടില്ല എന്നും, വകയിരുത്തിയിരുന്ന തുക Rs.6,50,000/- യിൽ ബാക്കി തുക ഉപയോഗിച്ച് പണി പഞ്ചായത്തിന് പൂർത്തീകരിക്കാവുന്നതാണ് എന്നും മറുപടി നൽകിയിരുന്നു. ഇത് |

374 /

| | | | | | |
|---|---|---|---|---|---|
| | | | | സംബന്ധിച്ച് പരിശോധിച്ചതിൽ ടി പ്രവൃത്തിയ്ക്ക് വേണ്ടി കൺവീനർക്ക് 20/03/2000–ൽ Rs.50,000/- മുൻകൂർ ആയും, ഭാഗിക ബിൽ പ്രകാരം 25/09/2000–ൽ Rs.1,07,440/- യും, 31/03/2001–ൽ Rs.96,500/ – സെക്കേർഡ് അഡ്വാൻസ് ആയും ആകെ Rs. 2,53,940/- നൽകിയിട്ടുള്ളതാണ്. ടി വർക്കിന് Rs.1,07,400/- ബിൽ തുക ആയിട്ടുള്ളതും ആയത് നൽകിയിട്ടുള്ളതുമാണ്. ആയത് കൊണ്ട് ആകെ കൈപ്പറ്റിയ Rs.2,53,940/- ൽ ടി ബിൽ ആയിട്ടുള്ള തുക ഒഴിവാക്കി ബാക്കി Rs.1,46,500/, പണി പൂർത്തീകരിക്കാത്തതിനാൽ റവന്യൂ റിക്കവറി നടത്തി തുക തിരിച്ചു പിടിക്കുന്നതിന് കമ്മറ്റി തീരുമാനിച്ചു. ടിയാൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും 21/04/2011 ൽ ചെക്ക് നമ്പർ 493433 മുഖേന Rs.14,075/ യും, 30/10/2017 ൽ Rs.5,000/ യും ഉൾപ്പെടെ Rs.19,075/ നാളിതുവരെ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട് എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. | സംബന്ധിച്ച് പരിശോധിച്ചതിൽ ടി പ്രവൃത്തിയ്ക്ക് വേണ്ടി കൺവീനർക്ക് 20/03/2000–ൽ Rs.50,000/- മുൻകൂർ ആയും, ഭാഗിക ബിൽ പ്രകാരം 25/09/2000 –ൽ Rs.1,07,440/- യും, 31/03/2001–ൽ Rs.96,500/ സെക്കേർഡ് അഡ്വാൻസ് ആയും ആകെ Rs. 2,53,940/- നൽകിയിട്ടുള്ളതാണ്. ടി വർക്കിന് Rs.1,07,400/- ബിൽ തുക ആയിട്ടുള്ളതും ആയത് നൽകിയിട്ടുള്ളതുമാണ്. ആയത് കൊണ്ട് ആകെ കൈപ്പറ്റിയ Rs.2,53,940/- ൽ ടി ബിൽ ആയിട്ടുള്ള തുക ഒഴിവാക്കി ബാക്കി Rs.1,46,500/, പണി പൂർത്തീകരിക്കാത്തതിനാൽ റവന്യൂ റിക്കവറി നടത്തി തുക തിരിച്ചു പിടിക്കുന്നതിന് കമ്മറ്റി തീരുമാനിച്ചു. ടിയാൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും 21/04/2011 ൽ ചെക്ക് നമ്പർ 493433 മുഖേന Rs.14,075/ യും 30/10/2017 –ൽ Rs. 5000/ യും ഉൾപ്പെടെ ആകെ Rs. 19,075/- ടിയാളിൽ നിന്ന് ഈടാക്കി യിട്ടുള്ളതമാണ്.<br><br>തുടർന്ന് ടി പ്രവൃത്തിയുടെ കൺവീനർ റവന്യൂ റിക്കവറി നടപടികൾക്കെതിരെ ബഹു. ഹൈക്കോടതിയിൽ WP© 39418 /2017 നമ്പറായി കേസ് ഫയൽ |

298

| | | | | | |
|---|---|---|---|---|---|
| | | | | | ചെയ്യുകയും, റവന്യൂ റിക്കവറി നടപടികൾ താൽക്കാലികമായി നിർത്തിവെയ്ക്കുന്നതിന് ബഹു. ഹൈക്കോടതി 8/2/2018 ൽ ഉത്തരവായിട്ടുള്ളതുമാണ്. ടി കേസ് നിലവിൽ കോടതിയിൽ നടന്നുവരുന്നു.<br><br>പ്രസ്തുത വനിത വ്യവസായ കേന്ദ്രം കെട്ടിടം പണി പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും, 2016-17 ലെ വാർഷീക പദ്ധതിയിൽപ്പെടുത്തി പദ്ധതി പൂർത്തീകരിക്കുന്നതിനും 22/03/2016-ലെ XII(1) നമ്പർ തീരുമാനം പ്രകാരം കമ്മറ്റി തീരുമാനിച്ചിട്ടുള്ളതായിരുന്നു. എന്നാൽ ടി കെട്ടിടത്തിന്റെ പൂർത്തീകരണം സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി. നൽകിയ റിപ്പോർട്ട് പ്രകാരം നിലവിൽ നിർമ്മാണം തീർന്നിട്ടുള്ള ഭാഗങ്ങൾ കാലപ്പഴക്കം മൂലം നാശാവസ്ഥ യിലാണെന്നും, നിലവിൽ നിർമ്മാണം തീർന്നി ട്ടുള്ളതിനു മുകളിൽ ബാക്കി നിർമ്മാണം നടത്തി കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാങ്കേതികമായി സാധ്യമല്ലെന്നും അറിയിച്ചിട്ടുള്ളതുമാണ്. പഞ്ചായത്ത് 1999–2000 വർഷത്തെ വാർഷിക പദ്ധതിയിൽ 6.5 ലക്ഷം രൂപ അടങ്കലായി ഏറ്റെടുത്തിരുന്ന ടി കെട്ടിടനിർമ്മാണം പുതിയതായി ഏറ്റെടുത്ത് പൂർത്തീകരിക്കണമെങ്കിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | ഏകദേശം 40 ലക്ഷം രൂപയോളം ആവശ്യമാണെന്നാണ് അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. നിലവിൽ കെട്ടിടം പണിയുന്നതിന് ഉദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് വനിതാവ്യവസായ വിപണന കേന്ദ്രം, 40 ലക്ഷം രൂപ മുതൽമുടക്കി നിർമ്മിച്ചാൽ, മുതൽമുടക്കിന് അനുസരിച്ചുള്ള ഗുണഫലങ്ങൾ ലഭിക്കില്ല എന്നത് പരിഗണിച്ചും, പഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനം കുറവാണെന്നുള്ളത് പരിഗണിച്ചും, 40 ലക്ഷം രൂപ മുതൽമുടക്കി ടി സ്ഥലത്ത് പുതിയ വനിതാവ്യവസായ വിപണന കേന്ദ്രം എന്ന പദ്ധതി ഏറ്റെടുക്കേണ്ടതില്ലെന്ന് **24/10/2018**–ലെ I –ാം നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതുമാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 3 | **മുളന്തുരുത്തി** | **2014–15 ഖണ്ഡിക 4.1.5.** | 3. **എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് 2011-12ൽ Rs.1365535/ ചെലവഴിച്ച് നിർമ്മിച്ച ആരക്കുന്നം എസ്. സി. വനിതാ വ്യവസായ കേന്ദ്രം പരിസരമാകെ കാടുപിടിച്ച നിലയിലാണ്. യാതൊരു പ്രവർത്തനവും ഇവിടെ നടക്കുന്നില്ല.** | മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി വനിതകൾക്കായി പണികഴിപ്പിച്ചിരുന്ന മിനി വ്യവസായ കേന്ദ്രത്തിൽ ഗ്രോ ബാഗ് നിർമ്മാണയൂണിറ്റ് ആരംഭിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിരുന്നു. നിലവിൽ പട്ടികജാതി വനിതകൾ ഗ്രോ ബാഗ് നിർമ്മാണം നടത്തിയിരുന്നത് അവരവരുടെ വീടുകളിലായിരുന്നു. ടി സ്ഥലത്ത് നിന്ന് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള വ്യവസായകേന്ദ്രത്തിലേയ്ക്ക് ദൂരം കൂടുതലായതിനാൽ ദിവസേന യാത്രനടത്തി ഗ്രോ ബാഗ് നിർമ്മാണം നടത്തുന്നത് ലാഭകരമല്ലാത്തതിനാൽ ടി കെട്ടിടത്തിലേയ്ക്ക് ഗ്രോ ബാഗ് | **മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിൽ** പട്ടികജാതി വനിതകൾക്കായി പണി കഴിപ്പിച്ചിരുന്ന മിനി വ്യവസായ കേന്ദ്രത്തിൽ ഗ്രോ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചി രുന്നു. നിലവിൽ പട്ടികജാതി വനിതകൾ ഗ്രോ ബാഗ് നിർമ്മാണം നടത്തിയിരുന്നത് അവരവരുടെ വീടുകളിലായിരുന്നു. ടി സ്ഥലത്ത് നിന്ന് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള വ്യവസായ കേന്ദ്രത്തിലേയ്ക്ക് ദൂരം കൂടുതലായതിനാൽ ദിവസേന യാത്ര ചെയ്ത് ഗ്രോ ബാഗ് നിർമ്മാണം നടത്തുന്നത് ലാഭകരമല്ലാത്തതിനാൽ ടി കെട്ടിടത്തിലേയ്ക്ക് ഗ്രോ ബാഗ് |

| | | | | | |
|---|---|---|---|---|---|
| | | | | നിർമ്മാണം മാറ്റി സ്ഥാപിക്കുവാൻ വനിത ഗ്രൂപ്പുകൾ തയ്യാറായില്ല. തുടർന്ന് ടി കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിക്കുകയും ആയത് പ്രകാരം 147.52 ച.മീറ്റർ കെട്ടിടം 01.07.2017 മുതൽ 1,00,000/- രൂപ ഡെപ്പോസിറ്റ് ഈടാക്കിയും 13,645/- രൂപ നിരക്കിൽ വ്യവസായ ആവശ്യങ്ങൾക്കായി ശ്രീമതി.മഞ്ജുഷ,നെടുങ്കേരിൽ, കുലയറ്റിക്കര എന്നയാൾക്ക് പ്രതിമാസം വാടകയ്ക്ക് നൽകിയിട്ടുളളതുമാണ്. വാടകയിനത്തിൽ നാളിതുവരെയായി 40935/- രൂപ ലഭിച്ചിട്ടുണ്ട്. വ്യവസായ ആവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടം ടി ആവശ്യങ്ങൾക്കായി തന്നെ നിലവിൽ ഉപയോഗിക്കുന്നുണ്ട് എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു | നിർമ്മാണം മാറ്റി സ്ഥാപിക്കുവാൻ വനിത ഗ്രൂപ്പുകൾ തയ്യാറായില്ല. തുടർന്ന് ടി കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിയ്ക്കുകയും ആയത് പ്രകാരം **147.52** ച. മീ. കെട്ടിടം **01/07/2017** മുതൽ **Rs.1,00,000/-** ഡെപ്പോസിറ്റ് ഈടാക്കിയും, പ്രതിമാസം **Rs.13,645/** വാടകയും നിരക്കിൽ വ്യവസായ ആവശ്യങ്ങൾക്കായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി. മഞ്ജുഷ കെ., നെടുങ്കേരിയിൽ, കുലയറ്റിക്കര എന്നവർക്ക് നൽകിയിട്ടുള്ളതാണ്. വാടകയിനത്തിൽ നാളിതുവരെയായി **Rs. 1,78,067/** രൂപ ലഭിച്ചിട്ടുണ്ട്. വ്യസായ ആവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടം ടി ആവശ്യങ്ങൾക്കായി തന്നെ നിലവിൽ ഉപയോഗിക്കുന്നുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. |
| 4 | വെങ്ങോല | 2014-15 ഖണ്ഡിക 4.1.10 | അശരണർ പെരുകുന്നു; പകൽവീടുകൾ അടഞ്ഞു കിടക്കുന്നു സമൂഹത്തിൽ എണ്ണം കൂടിവരുന്ന വൃദ്ധജനതയുടെ ക്ഷേമം ലക്ഷ്യമിടുന്ന സംരംഭങ്ങളാണ് പകൽവീടുകളും, വൃദ്ധസദനങ്ങളും. എന്നാൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ വലിയൊരു ശതമാനം പകൽ വീടുകളും പ്രവർത്തനമേതുമില്ലാതെ അടഞ്ഞുകിടക്കുന്നതായാണ് ഓഡിറ്റ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം സ്ഥാപന ങ്ങളുടെ തുടർ നടത്തിപ്പിനായി ക്രിയാത്മകമായ പദ്ധതികൾ ആസൂത്രണം | വെങ്ങോല ഗ്രാമ പഞ്ചായത്തിലെ 15-ാം വാർഡിലെ പെരുമാനി - ടാങ്ക് - സിറ്റി കനാൽ ബണ്ട് റോഡിന് സമീപം പെരിയാർവാലി ഇറിഗേഷൻ വക പുറമ്പോക്ക് ഭൂമിയിൽ 2009-10 വാർഷീക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങി നടപ്പിലാക്കിയ പദ്ധതിയാണ് വൃദ്ധസദനം നിർമ്മാണം.<br>പെരിയാർവാലി വക സ്ഥലം പഞ്ചായത്തിന് വിട്ടു കിട്ടുന്നതിനായി അന്നത്തെ | വെങ്ങോല ഗ്രാമ പഞ്ചായത്തിൽ **2009-10** ൽ പണികഴിപ്പിച്ച വൃദ്ധസദനം പെരിയാർവാലിയുടെ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. ടി കെട്ടിടത്തിന് നിലവിൽ വൈദ്യുതി ഇല്ലാത്തതാണ്. ടി കെട്ടിടത്തിന് വൈദ്യുതി ലഭിക്കുന്നതിന് കെട്ടിട നമ്പർ നൽകേണ്ടതുണ്ട്. കെട്ടിടത്തിന് നമ്പരിട്ട് വൈദ്യുതി ലഭിക്കുന്നതിന് പെരിയാർവാലി അധികൃതരോട് |

| | | | | | |
|---|---|---|---|---|---|
| | | | ചെയ്യുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പരാജയപ്പെടുന്നു. ഓഡിറ്റ് പരിശോധന നടത്തിയ 217 തദ്ദേശ ഭരണസ്ഥാപനങ്ങളിലായി 2.66 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പകൽ വീടുകളും, വൃദ്ധസദനങ്ങളും, സാന്ത്വനകേന്ദ്രങ്ങളുമാണ് നിഷ്ക്രിയാവസ്ഥയിലുള്ളത്. ആവർത്തന ചെലവു വരുന്ന സംരംഭങ്ങൾ എന്ന നിലയിൽ പകൽ വീടുകളുടെ തുടർ നടത്തിപ്പ് ഏറ്റെടുക്കുവാൻ പല തദ്ദേശഭരണസ്ഥാപനങ്ങളും വിമുഖത കാട്ടുന്നു.<br><br>1. എറണാകുളം ജില്ലയിലെ വെങ്ങോല ഗ്രാമ പഞ്ചായത്ത് **2009-10** ൽ പണി കഴിപ്പിച്ച വൃദ്ധസദനം പ്രവർത്തനം ആരംഭിച്ചിട്ടില്ല. **Rs.579990/** ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം കാടുകയറി കിടക്കുകയാണ്.<br>2. | പഞ്ചായത്ത് കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെടുകയും സ്ഥലം പഞ്ചായത്തിന് വിട്ടു കിട്ടുന്നതിനുള്ള നടപടികൾ അവസാന ഘട്ടം എത്തിയപ്പോഴാണ് പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമാക്കി പ്രൊജക്ട് ഏറ്റെടുത്തതും എൽ. എസ്. ജി. ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ കെട്ടിട നിർമ്മാണം നടത്തിയതും പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>**Rs.10,00,000/** ബ്ലോക്ക് ഷെയറും, **Rs.2,50,000/** പഞ്ചായത്ത് വികസന ഫണ്ടും വകയിരുത്തി രൂപീകരിച്ച പ്രൊജക്ടിൽ നിന്നും **2010-11** വാർഷീക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും **Rs.2,50,000/** യും **2011-12** വാർഷീക പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി **Rs.2,71,990**/യും അടക്കം ആകെ **Rs.5,21,990/** കരാറുകാരന് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷൻ പ്രകാരം നൽകിയിട്ടുള്ളതാണ്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി പേയ്മെന്റ് നൽകിയെങ്കിലും പഞ്ചായത്ത് വിഭാവനം ചെയ്തിരുന്ന പ്രകാരമുള്ള വൃദ്ധസദനം എന്ന ആവശ്യത്തിന് കെട്ടിടം പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഈ വിഷയം **26/07/2017** തീയതിയിലെ **6(1)** അജണ്ടയായി ചർച്ച ചെയ്തു. | അനുമതി ആവശ്യപ്പെടുന്നതിനും സാമൂഹിക നീതി വകുപ്പിന്റെ അനുമതിയോടെ ടി കെട്ടിടം പകൽ വീടായി പ്രവർത്തിപ്പിക്കുന്നതിനും **26/07/2017** ൽ **6/1** (എ) നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. മേൽ തീരുമാന പ്രകാരം വൃദ്ധസദനം പകൽവീടായി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ **16/10/2018** തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി ഈ വിഷയം വീണ്ടും ചർച്ച ചെയ്യുകയും പഞ്ചായത്ത് പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിന് പഞ്ചായത്തിന്റെ പേരിൽ നമ്പർ നൽകുന്നതിനുള്ള അനുവാദം നൽകണമെന്ന് പെരിയാർവാലി അധികൃതരോട് അഭ്യർത്ഥിച്ചുകൊണ്ട് **40(10)** -ാം നമ്പരായി തീരുമാനം എടുത്തിട്ടുള്ളതുമാണ്. പെരിയാർ വാലി അധികൃതരിൽ നിന്നും അനുവാദം ലഭ്യമാക്കി മറ്റ് അനുബന്ധ സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തി കെട്ടിടം ഉപയോഗ പ്രദമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് വിവരം ബോധിപ്പിച്ചു കൊള്ളുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | വെങ്ങോല ഗ്രാമ പഞ്ചായത്തിൽ പണി കഴിപ്പിച്ച വൃദ്ധസദനം പെരിയാർ വാലിയുടെ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. ടി കെട്ടിടത്തിൽ നിലവിൽ വൈദ്യുതിയില്ല. ടി കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടതുണ്ട്. കെട്ടിടത്തിന് നമ്പറിട്ട് വൈദ്യുതി ലഭിക്കുന്നതിന് പെരിയാർവാലി അധികൃതരോട് അനുമതി ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി ലഭിക്കുന്നതിനോടൊപ്പം സാമൂഹിക നീതി വകുപ്പിന്റെ അനുമതിയോടെ ടി കെട്ടിടം പകൽ വീടായി പ്രവർത്തിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽ തീരുമാന പ്രകാരം വൃദ്ധസദനം പകൽവീടായി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. | |
| 5 | മൂക്കന്നൂർ | 2014–15 ഖണ്ഡിക **4.1.10** | 2. മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് **2011-12** ൽ നിർമ്മാണം തുടങ്ങിയ വൃദ്ധവികലാംഗ മന്ദിരം ഇതുവരെ പണി പൂർത്തിയായില്ല. **Rs.1084903/** ചെലവഴിച്ചെങ്കിലും കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പോലും പൂർത്തിയായില്ല. | വയോജനങ്ങൾക്ക് പകൽവീട്, ഭിന്നശേഷിയുള്ളവർക്കുള്ള ബഡ്സ് സ്ക്കൂൾ എന്നിവ ആരംഭിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള വൃദ്ധവികലാംഗ മന്ദിരത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 2015–16 വാർഷിക പദ്ധതിയിൽ 20 ലക്ഷം രൂപ വകയിരുത്തികൊണ്ട് വൃദ്ധവികലാംഗ മന്ദിരം രണ്ടാം ഘട്ടം ( പ്രോജക്ട് നമ്പർ 131/16) എന്ന പദ്ധതി ഏറ്റെടുത്തിട്ടുള്ളതും, കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2017–18 വാർഷിക പദ്ധതിയിൽ വൃദ്ധ വികലാംഗ മന്ദിരത്തിന്റെ | മൂക്കന്നൂർ ഗ്രാമ പഞ്ചായത്തിൽ 2011/12 ൽ ആദ്യഘട്ടമായി 584985 രൂപ ചിലവഴിച്ച് വൃദ്ധവികലാംഗ മന്ദിരത്തിന്റെ പണി ആരംഭിക്കുകയും രണ്ടാം ഘട്ടമായി 499919 രൂപ ചിലവഴിച്ച് 2012/13 ൽ ബഹു നില കെട്ടിടത്തിന്റെ റാഫ്റ്റ് ഫൗണ്ടേഷൻ രീതിയിൽ അടിത്തറ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന്. **2015-16** വാർഷിക പദ്ധതിയിൽ **Rs.20,00,000/** വകയിരുത്തിക്കൊണ്ടും **2017-18** വാർഷീക പദ്ധതിയിൽ **Rs.800000/** വകയിരുത്തി ഫ്ളോറിംഗ് സാനിറ്ററി ഫിറ്റിംഗ് കോമ്പൗണ്ട് വാൾ പ്ലാസ്റ്ററിംങ്, ടോയ്ലറ്റ് നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| | | | | പൂർത്തീകരണത്തിനും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 800000/- രൂപ വകയിരുത്തിക്കൊണ്ട് വൃദ്ധ വികലാംഗ മന്ദിരം പൂർത്തീകരണം (പ്രോജക്ട് നമ്പർ-144/18) എന്ന പ്രോജക്ടും 200000/- രൂപ വകയിരുത്തിക്കൊണ്ട് ബഡ്സ് സ്കൂളിന് ഉപകരണങ്ങളും മറ്റ് സാമഗ്രികളും വാങ്ങൽ (പ്രോജക്ട് നമ്പർ-152/18) എന്ന പ്രോജക്ടും ഏറ്റെടുത്തിട്ടുള്ളതാണ്.<br><br>വൃദ്ധ വികലാംഗ മന്ദിരം പൂർത്തീകരണം (പ്രോജക്ട് നമ്പർ-144/18) എന്ന പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും, പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കെ. ഐ. വർഗ്ഗീസ് എന്ന കരാറുകാരനുമായി കരാറിലേർപ്പെട്ട് പദ്ധതിയുടെ നിർവ്വഹണ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കെട്ടിടത്തിന്റെ ഫ്ളോറിംഗ്, പെയിന്റിംഗ്, സാനിറ്ററി ഫിറ്റിംഗ്സ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വയോജനങ്ങൾക്ക് പകൽവീട്, ഭിന്നശേഷിയുള്ളവർക്കുള്ള ബഡ്സ് സ്കൂൾ എന്നിവ ആരംഭിക്കുന്നതിന് വേണ്ടി ബഡ്സ് സ്കൂളിന് ഉപകരണങ്ങളും മറ്റ് സാമഗ്രികളും വാങ്ങൽ (പ്രോജക്ട് നമ്പർ-152/18) എന്ന പ്രോജക്ടും നടപ്പിലാക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. | എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിൽ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടത്തി കോൺട്രാക്ടർക്ക് വർക്ക് ഓർഡർ നൽകിയിട്ടുള്ളതു മാണ്. കൂടാതെ 2018/19 ൽ കുടുംബശ്രീ മിഷൻ ഫണ്ട് **Rs.12,50,000/** ഉപയോഗിച്ച് ബഡ്സ് സ്കൂളിന് ഫർണിച്ചർ, കമ്പ്യൂട്ടർ, പ്രിന്റർ, പ്രൊജക്ടർ, ടെലിവിഷൻ, തെറാപ്പിക് ഉപകരണങ്ങൾ, പഠന സാമഗ്രികൾ, തൊഴിൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി പ്രൊജക്ടുകൾ വച്ചിട്ടുള്ളതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. |

| | | | | | |
|---|---|---|---|---|---|
| 6 | മണീട് | 2014–15 ഖണ്ഡിക 4.1.10 | 3. മണീട് ഗ്രാമ പഞ്ചായത്ത് Rs.3,06,385/- അടങ്കലിൽ നിർമ്മാണം നടത്തിയ പോത്തോളി അംബേദ്കർ കോളനി പകൽ വീട് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല | പകൽ വീട് പ്രവർത്തന സജ്ജമാക്കുന്നതിന് ചൂടു കുറയ്ക്കാൻ സീലിംഗ് ഭിത്തി പൂർത്തീകരണം, ഫ്ളോർ ടൈലിംഗ് തുടങ്ങിയ അത്യാവശ്യ ജോലികൾ കൂടി ആവശ്യമാണെന്ന് കണ്ട് പഞ്ചായത്ത് തുടർപദ്ധതി 2014-15 ൽ ഏറ്റെടുത്തു. 11.01.16 ൽ ഈ പ്രവൃത്തി പൂർത്തീകരിച്ചു. ഇപ്പോൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. അത്യാവശ്യ ഫർണിച്ചറുകളുടെ അഭാവം മൂലമാണ് പ്രവർത്തനം ആരംഭിക്കുവാൻ വൈകിയത്. നിലവിൽ ഫർണിച്ചറും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പകൽ വീടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി 06/12/2017 ൽ കൂടുന്ന പഞ്ചായത്ത് കമ്മിറ്റിയിൽ പകൽ വീട് ഉദ്ഘാടന തീയതി നിശ്ചയിക്കുന്നതിന് അജണ്ട ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന വിവരം പഞ്ചായത്ത് അറിയിച്ചിട്ടുള്ളത് റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. | 306385/- രൂപ ചിലവാക്കി പകൽ വീടിനുള്ള കെട്ടിട നിർമാണം 2011/12 ൽ പൂർത്തീകരിച്ചു. പിന്നീട് പകൽ വീട് പ്രവർത്തന സജ്ജമാക്കുന്നതിന് ചൂടു കുറയ്ക്കാൻ സീലിംഗ് ഭിത്തി പൂർത്തീകരണം, ഫ്ളോർ ടൈലിംഗ് തുടങ്ങിയ അത്യാവശ്യ ജോലികൾ കൂടി ആവശ്യമാണെന്ന് കണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി Rs.1,00,000/ അടങ്കൽ പ്രൊജക്ട് കൂടി ഏറ്റെടുത്ത് ടി ജോലികൾ 5/11/2018 ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| 7 | പുത്തൻ വേലിക്കര | 2014–15 ഖണ്ഡിക 4.1.10 | 4. പുത്തൻവേലിക്കര ഗ്രാമ പഞ്ചായത്ത് 2010-11 ൽ പണി തീർത്ത പകൽവീട് പ്രവർത്തിക്കുന്നില്ല. നിർമ്മാണത്തിനായി Rs.427658/ ചെലവഴിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. | പുത്തൻവേലിക്കര ഗ്രാമ പഞ്ചായത്തിലെ ആയുർവേദ ആശുപത്രി കെട്ടിടത്തിന് അറ്റകുറ്റപ്പണി ആവശ്യമായി വന്നതിനാൽ നിലവിൽ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം താൽക്കാലികമായി പകൽവീടിനായി നിർമ്മിച്ച കെട്ടിടത്തിലേയ്ക്ക് മാറ്റേണ്ടി വന്നു. ഇപ്പോൾ ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കി | 427658 രൂപ ചിലവാക്കി പകൽ വീടിനായി പണിത കെട്ടിടത്തിൽ കുടിവെള്ളവും ഏർപ്പെടുത്തുകയും 2013/14 ൽ 24673 രൂപ ചിലവാക്കി വൈദ്യുതിയും ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയുർ വേദ ആശുപത്രി പ്രവർത്തിച്ചിരുന്ന പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് അറ്റ കുറ്റപണി നടത്തേണ്ടി വന്നപ്പോൾ ആയൂർ വേദ |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവർത്തന സജ്ജമായിട്ടുണ്ട്. ആശുപത്രിയുടെ പ്രവർത്തനം ഉടൻ ടി കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതും പകൽവീടിന്റെ പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്യുന്നതിനായി ഭരണ സമതിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം പഞ്ചായത്ത് അറിയിച്ചിട്ടുള്ളത് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. | അശുപത്രി താൽക്കാലികമായി പകൽ വീട് കെട്ടിടത്തിലേക്ക് മാറ്റിയിരുന്നു. 2016/17 ലെ എം പി ഫണ്ട് ഉപയോഗിച്ച് ആയൂർ വേദ അശുപത്രിക്ക് വേണ്ടി ഒരു പുതിയ കെട്ടിടം 2018 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കെട്ടിടത്തി ലേക്ക് വൈദ്യുത കണക്ഷൻ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പക്ഷേ 2018 ലെ പ്രളയത്തിൽ പഞ്ചായത്ത് ഓഫീസിലേയും കെ എസ് ഇ ബി ഓഫീസിലേയും രേഖകൾ എല്ലാം നശിച്ചു പോയിട്ടുള്ള സാഹചര്യത്തിൽ ആയൂർ വേദ അശുപത്രി കെട്ടിടത്തിലേക്ക് മാറുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. വൈദ്യുത കണക്ഷൻ ലഭിച്ചയുടൻ തന്നെ പകൽ വീട് കെട്ടിടത്തിൽ നിന്നും അശുപത്രി പ്രവർത്തനം മാറ്റി പകൽ വീട് ആരംഭിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ള 2018/19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പകൽ വീട് പ്രവർത്തന ക്ഷമമാക്കൽ എന്ന പ്രോജക്ട് പ്രകാരം ഫർണിച്ചറുകളും അനുബന്ധ സാധനങ്ങളും വാങ്ങി പകൽ പ്രവർത്തനം ആരംഭിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 8 | വേങ്ങൂർ | 2014–15 ഖണ്ഡിക 4.1.15 | നിഷ്ക്രിയ ആസ്തികൾ ശ്മശാനം മുതൽ ആംബുലൻസ് വരെ – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലക്ഷ്യങ്ങൾ നേടാനാവാതെ നിഷ്ക്രിയ ആസ്തികളായി മാറിയിട്ടുള്ള മറ്റ് പല സംരംഭങ്ങളും ആഡിറ്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആഫീസ് സംവിധാനങ്ങൾ, വാഹനങ്ങൾ, | വക്കുവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ തുടർ പ്രവർത്തിക്കായി 2014–15 വർഷത്തിൽ **Rs.8,40,690/-** രൂപയും, 2015–16 വർഷത്തിൽ **Rs.3,37,956/-** രൂപയും ഉൾപ്പെടെ | വക്കുവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ തുടർ പ്രവർത്തികൾക്കായി അനുബന്ധമായി **2014-15** വർഷത്തിൽ **Rs.8,40,690/** യും |

| | | | | | |
|---|---|---|---|---|---|
| | | | സ്റ്റേഡിയങ്ങൾ/പാർക്കുകൾ, ശ്മശാനങ്ങൾ ജലസേചന സംവിധാനങ്ങൾ എന്നിവയൊക്കെ ഇതിൽപ്പെടുന്നു.<br><br>**1. ജലസേചന പദ്ധതി ഉദ്ഘാടന ദിവസം തന്നെ തകരാറിലായി – 10.61 ലക്ഷത്തിന്റെ ആസ്തി നിഷ്ക്രിയം.**<br><br>റോങ്ങൂർ ഗ്രാമ പഞ്ചായത്ത് **1999-2000** ൽ **Rs. 1061816/-** ചെലവഴിച്ച് പൂർത്തിയാക്കിയതാണ് വക്കുവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. പദ്ധതിയുടെ ഉദ്ഘാടന ദിവസം തന്നെ ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കുന്ന പി. വി. സി. പൈപ്പ് പൊട്ടിയതിനാൽ ഗുണഭോക്തൃ സമിതി ഏറ്റെടുക്കുവാൻ തയ്യാറായില്ല. നിലവിൽ പദ്ധതി ഉപയോഗ ശൂന്യമായി കിടക്കുന്നു. | **Rs.11,78,646/-** ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിക്കുകയും, പൈപ്പുകൾ സ്ഥാപിച്ച് ഗുണഭോക്താക്കൾക്ക് ജലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടി പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നതായി പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു | **2015-16** വർഷത്തിൽ **Rs.6,46,485/** യും ഉൾപ്പെടെ **Rs.14,87,175 /**യും ചെലവഴിച്ച് എക്റ്റൻഷൻ ഉൾപ്പെടെ ,കണ്ണൂർ കവല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്ന പേരിൽ ടി പദ്ധതി പൂർത്തീകരിക്കുകയും ഗുണഭോക്താക്കൾക്ക് ജലം ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. ടി പദ്ധതി നിൽവിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്ന വിവരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി ബോധിപ്പിക്കുന്നു. |
| **9** | **ആവോലി** | **2014–15 ഖണ്ഡിക 4.1.15** | 2. ആവോലി ഗ്രാമ പഞ്ചായത്ത് **1997-98** ൽ **Rs.8,75,000/** ചെലവഴിച്ച പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇതുവരെ പ്രവർത്തന ക്ഷമമായില്ല. യന്ത്രങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു. | **ആവോലി ഗ്രാമ പഞ്ചായത്തിൽ** സ്ഥിതിചെയ്യുന്ന പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി **1997-98** കാലയളവിൽ എറണാകുളം ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തിയിട്ടുള്ളതാണ്. ഈ പദ്ധതിയുടെ മോട്ടോർ വെള്ളം കയറി നശിച്ചു പോയതിനെ തുടർന്ന് ആവോലി ഗ്രാമ പഞ്ചായത്തിൽ നിന്നും **2007-08** വർഷത്തിൽ ടി പദ്ധതിയുടെ വൈദ്യുതി കണക്ഷനായി **Rs.22,500/** പ്രോജക്ട് നമ്പർ **S009/8** പ്രകാരം ചെലവഴിച്ചിട്ടുള്ള തും **2009-10** വർഷത്തിൽ **Rs.180000/** യും **2010-11** വർഷത്തിൽ **Rs.10109/** യും | **ആവോലി** ഗ്രാമ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി **1997-98** കാലയളവിൽ എറണാകുളം ജില്ലാ പഞ്ചായത്ത് 875000/ രൂപ ചിലവഴിച്ച് നിർമിച്ച പദ്ധതിയായിരുന്നു. ടി പദ്ധതിയുടെ മോട്ടോർ വെള്ളം കയറി നശിച്ചു പോയതിനെ തുടർന്ന് പദ്ധതി പ്രവർത്തന രഹിതമാവുകയുണ്ടായി. ആവോലി ഗ്രാമ പഞ്ചായത്തിൽ നിന്നും **2007-08** വർഷത്തിൽ ടി പദ്ധതിയുടെ വൈദ്യുതി കണക്ഷനായി **Rs.22,500/** പ്രകാരം ചെലവഴിച്ചിട്ടുള്ളതാകുന്നു. പദ്ധതിയുടെ തുടർ പ്രവർത്തിനായി |

| | | | | | |
|---|---|---|---|---|---|
| | | | | 2012-13 വർഷത്തിൽ Rs.84891/ യും വകയിരുത്തി ചെലവഴിച്ചിട്ടുള്ളതും ആയതിന് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുള്ളതും ബാക്കി തുകയായ Rs.275000/ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ എറണാകുളത്തിന് അയച്ച് നൽകിയിട്ടുള്ളതുമാണ്. ടി തുക സബ്മേഴ്സിബിൾ പമ്പ് ഫിറ്റ് ചെയ്യുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്ന തിനുമാണ് നൽകിയിട്ടുള്ളത്. എന്നാൽ ടി പദ്ധതി ടെണ്ടർ എടുക്കുവാൻ ആരും തയ്യാറാകാത്തതിനാൽ പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. തുടർന്ന് 19/06/2013 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4/(1) -ാം നമ്പർ തീരുമാനത്തെ തുടർന്ന് ആവോലി ഗ്രാമ പഞ്ചായത്തിന്റെ കഴിഞ്ഞ ഭരണ സമിതിയിലെ അംഗം ശ്രീ. ജോർജ്ജ് വർഗ്ഗീസും, തെക്കുംപുറം പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സംബന്ധിച്ച ഹയർ എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ആഫീസിൽ നിന്നും ചീഫ് എഞ്ചിനീയർ ആഫീസിലേയ്ക്ക് ഫയൽ നേരിട്ട് കൊണ്ടുപോയി വിവരം ആരായുകയും തുടർന്ന് ഇത് സംബന്ധിച്ച് തീരുമാനമെടുക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിലേയ്ക്ക് ഫയൽ തിരികെ നൽകിയെങ്കിലും നാളിതുവരെയായി തീരുമാനമാകാത്തതിനെ തുടർന്ന് | സബ്മേഴ്സിബിൾ പമ്പ് ഫിറ്റ് ചെയ്യുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്ന തിനുമായി 2012/13ൽ ആകെ Rs.275000/ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ എറണാകുളത്തിന് അയച്ച് നൽകിയിട്ടുള്ളതുമാണ്. ടി തുക സബ്മേഴ്സിബിൾ പമ്പ് ഫിറ്റ് ചെയ്യുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർണ്ണമായും പ്രവർത്തന-ക്ഷമമാക്കുന്ന തിനുമാണ് നൽകിയിട്ടുള്ളത്. എന്നാൽ ടി പദ്ധതി മുന്ന് തവണ മൈനർ ഇറിഗേഷൻ വകുപ്പുകാർ ടെണ്ടർ ചെയ്തെങ്കിലും ടെണ്ടർ എടുക്കുവാൻ ആരും തയ്യാറാകാത്തതിനാൽ പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. തുടർന്ന് 19/06/2013 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4/(1) -ാം നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിന്നും അടച്ച തുക തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകുകയുണ്ടായി. 19/03/2016 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ടി വിഷയം വീണ്ടും പരിഗണിക്കുകയും പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എറണാകുളം മൈനർ ഇറിഗേഷൻ വകുപ്പിൽ ഒടുക്കിയ തുക തിരിച്ച് വാങ്ങുന്നതിന് തീരുമാനിക്കുകയും, തുക ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം മൈനർ ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയതിനെ തുടർന്ന് 15/07/2017 |

84


| | | | | | |
|---|---|---|---|---|---|
| | | | | ഗ്രാമ പഞ്ചായത്തിന്റെ **19/03/2016** ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ടി വിഷയം പരിഗണിക്കുകയും പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എറണാകുളം മൈനർ ഇറിഗേഷൻ വകുപ്പിൽ ഒടുക്കിയ തുക തിരിച്ച് വാങ്ങുന്നതിനും ഈ തുക കൊണ്ട് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ ഗുണഭോക്തൃസമിതിയെക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. തുക ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം മൈനർ ഇറിഗേഷന് കത്ത് നൽകിയതിനെ തുടർന്ന് **15/07/2017**ന് **2,75,000/-** രൂപ പഞ്ചായത്തിന്റെ എസ്.ബി.ഐ. അക്കൗണ്ടിൽ നേരിട്ട് വരവ് വന്നിട്ടുള്ളതും, **03/08/2017** ലെ സാംഖ്യ രസീത് നമ്പർ **117040900025** പ്രകാരം രസീത് ആക്കുകയും ചെയ്തിട്ടുള്ളതാണ് എന്ന വിവരം പഞ്ചായത്ത് അറിയിച്ചിട്ടുള്ളത് റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. | ന് **Rs.275000/** ഗ്രാമ പഞ്ചായത്തിന്റെ എസ്. ബി. ഐ. അക്കൗണ്ടിൽ നേരിട്ട് വരവ് വന്നിട്ടുള്ളതും, **03/08/2017** ലെ സാംഖ്യരസീത് നമ്പർ **117040900025** പ്രകാരം രസീതാക്കുകയും ചെയ്തിട്ടുള്ള വിവരം റിപ്പോർട്ടായി സമർപ്പിക്കുന്നു.<br><br>നിലവിൽ 2018/19 വർഷത്തിൽ ടി പദ്ധതിയുടെ പൂർത്തീകരണത്തിനായി ജില്ലാപഞ്ചായത്ത് 100000 രൂപ വകയിരുത്തിയിട്ടുള്ളതും പദ്ധതി ഭേദഗതിയിലൂടെ ഗ്രാമ പഞ്ചായത്തും 275000 രൂപ കൂടി വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു. |

318

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4-ലെ (വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടുകൾ) – നടപടി വിശദീകരണ പത്രിക

| | ഖണ്ഡിക | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണം | തൽസ്ഥിതി റിപ്പോർട്ട് |
|---|---|---|---|---|
| | 4.1 | *4.1 – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ*<br>*വിവിധ ഫണ്ടുകൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജിച്ച ആസ്തികളിൽ പൊതുജനോപകാരപ്രദമല്ലാതെ നിഷ്ക്രിയമായി മാറിയവയുടെ സമഗ്രമായ വിലയിരുത്തലാണ് ഈ അവലോകന റിപ്പോർട്ടിലൂടെ നടത്തിയിരിക്കുന്നത്. കൂടാതെ, യഥാർത്ഥ ലക്ഷ്യങ്ങൾ നേടാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളും, ശരിയായ വിധത്തിൽ പ്രവർത്തിക്കാത്തവയും അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ നിഷ്ക്രിയമാവാനുള്ള കാരണങ്ങളും പഠനവിധേയമാക്കിയിട്ടുണ്ട്.*<br>ഒൻപതാം പഞ്ചവൽസര പദ്ധതി മുതൽ സംസ്ഥാനത്തു നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃതാസൂത്രണം വർദ്ധിച്ച തോതിലുള്ള സാമ്പത്തിക സ്വാതന്ത്ര്യമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ 40 ശതമാനം വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി വരുന്നു. പുതിയ ആസ്തികൾ ആർജ്ജിക്കുവാനും, നിലവിലുള്ളവയെ പരിപോഷിപ്പിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാഹചര്യം വളരെയേറെ സഹായകരമായിട്ടുണ്ട്. പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും ആസ്തികളിൽ വൻതോതിലുള്ള വർദ്ധനവ് 9, 10, 11, 12 പദ്ധതിക്കാലയളവുകളിലായി ഉണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ആർജിച്ച ആസ്തികളുടെ പ്രയോജനവും പരിപാലനവുമാണ് ഈ വിഷയാധിഷ്ഠിത അവലോകനത്തിൽ പഠനവിധേയമാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുമുള്ള 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് 'നിഷ്ക്രിയ ആസ്തികൾ ' സംബന്ധിച്ച് വിഷയാധിഷ്ഠിത അവലോകനം നടത്തിയിരിക്കുന്നത് (അവലോകന വിധേയമാക്കിയ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം-2 ആയി നൽകിയിരിക്കുന്നു). ഇവയിൽ 166 ഗ്രാമപഞ്ചായത്തുകളും, 21 ബ്ലോക്ക് പഞ്ചായത്തുകളും, 2 ജില്ലാപഞ്ചായത്തുകളും, 23 മുനിസിപ്പാലിറ്റികളും, 5 മുനിസിപ്പൽ കോർപ്പറേഷനുകളും ഉൾപ്പെടുന്നു. | | |
| 2 | 4.1.1 | ആസ്തികൾ നിഷ്ക്രിയമാകുന്ന വഴികൾ<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ വികസന/ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി ആർജ്ജിക്കുന്ന പല ആസ്തികളും ശരിയായ ആസൂത്രണവും, സമയബന്ധിതമായ തുടർ പ്രവർത്തനങ്ങളും | <u>കൊച്ചി</u><br>കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ അധീനതയിൽ ഉള്ളതും ഉപയോഗിക്കാതെ മാറ്റിയിട്ടിരിക്കുന്ന വാഹനങ്ങളുടെ | |

| | | | |
|---|---|---|---|
| | ഇല്ലാത്തതിനാൽനിഷ്ക്രിയമായി മാറുന്നു. പരിപാലനം,നടത്തിപ്പ് എന്നിവയിലെ വീഴ്ചമൂലംകോടിക്കണക്കിനു രൂപയുടെ ആസ്തികളാണ് വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലായി നിഷ്ക്രിയാവസ്ഥയിൽ ഉള്ളത്.ഇവയിൽ പലതും പുനർ നിർമ്മാണം/നവീകരണം, പുനരാസൂത്രണം എന്നിവയിലൂടെ പ്രവർത്തന സജ്ജമാക്കാവുന്നവയാണെങ്കിലും, തീർത്തും ഉപയോഗപ്രദമല്ലാത്ത അവസ്ഥയിലുള്ള നിരവധിആസ്തികളും ഉണ്ട്. ആസ്തികൾനിഷ്ക്രിയമായി മാറുന്നതിനുള്ള പ്രധാനകാരണങ്ങൾ ഇനിപ്പറയുന്നവയാണ് ;<br>✓ പദ്ധതികൾ തയ്യാറാക്കുന്നതിൽ ശരിയായ ആസൂത്രണത്തിന്റെയും സാധ്യതാപഠനത്തിന്റെയും അഭാവം.<br>✓ പദ്ധതികൾനടപ്പാക്കുന്നതിലെ കാര്യക്ഷമതയില്ലായ്മ<br>✓ പദ്ധതികളിൽ തുടർനടപടികൾ കൈക്കൊള്ളുന്നതിലുള്ള കാലതാമസം<br>✓ പൂർണ്ണമായും നടപ്പാക്കാൻ ആവശ്യമായ തുകകൾ കണ്ടെത്താതെ, പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്.<br>✓ ഗുണഭോക്താക്കളുടെ ആവശ്യം പരിഗണിക്കാതെയും പങ്കാളിത്തം ഉറപ്പുവരുത്താതെയുമുള്ള പദ്ധതികളുടെ നിർവ്വഹണം<br>✓ സാങ്കേതികപരിജ്ഞാനം ആവശ്യമുള്ള പദ്ധതികളിൽ ആയത് ലഭ്യമാക്കാതെ പദ്ധതികൾ നടപ്പാക്കുന്നത്.<br>✓ പൊതുജനങ്ങളെ ബോധവൽക്കരിക്കാതെ പദ്ധതികൾ നടപ്പാക്കുന്നതിനാൽ, എതിർപ്പുകൾ നേരിടേണ്ടി വരുന്നത്.<br>✓ ആസ്തികൾ പ്രയോജനപ്പെടുത്തുന്നതിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരു | നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br>1. KL-07AR-29 AMBASSODOR CAR 2004 MODEL<br>2. KL-07AK-578 AMBASSODOR CAR 2002 MODEL<br>3 KL-07-AC-9641AMBASSODOR CAR 2000 MODEL<br>4 KL-07-W-3388 TATA CREW CAB 1998 MODEL<br>5 KL-07-K-320 DCM TOYOTA SUCKER 1995 MODEL<br>6 KL-07-AN-912 AUSA SHOWEL LOADER 2000 MODEL<br>7 KL-07-W-6688TATA CREW CAB 1998 MODEL<br><br>ടി വാഹനങ്ങൾ പ്രവർത്തന രഹിതമാണ്. റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ ലേലം ചെയ്ത് കയ്യൊഴിയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>8 KL-07-AJ-3265 ACTIVE SCOOTER 2002 MODEL<br><br>ടി വാഹനം റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള | |

| | | | |
|---|---|---|---|
| | ടെയും ഭാഗത്തുനിന്നുള്ള വീഴ്ച<br><br>കൊച്ചി കോർപ്പറേഷൻ ഓഫീസ് പരിസരത്ത് ഉപയോഗമില്ലാതെ കിടക്കുന്ന കാർ ണങ്ങൾ | നടപടികൾ സ്വീകരിച്ചു വരുന്നു.<br>9 KL-07-AZ-3993 AMBASSODOR CAR 2005 MODEL<br>10 KL-07- 3377 TATA 709 MINI LORRY 1999 MODEL<br>11 KL-07-R-3475 TATA TIPPER LORRY 1997 MODEL<br><br>ടി വാഹനങ്ങൾ 7 തവണ ലേലം ചെയ്തിട്ടുള്ളതാണ്. എന്നാൽ പി.ഡബ്ലിയു.ഡി നിശ്ചയിച്ച അടിസ്ഥാന വിലയേക്കാൾ താഴ്ന്ന തുകയാണ് ലേലത്തിൽ പങ്കെടുത്തവർ തുക വിളിച്ചത്. ആയതിനാൽ ലേലം ഉറപ്പിച്ച് നൽകുവാൻ സാധിച്ചിട്ടില്ല. ഓഫറുകൾ ക്ഷണിച്ചിട്ടും അടിസ്ഥാന വിലയേക്കാൾ വളരെ തഴെയാണ് ഓഫറുകളും ലഭിച്ചിട്ടുള്ളത്. വീണ്ടും ടെണ്ടർ ചെയ്തു. 18.11.17 ൽ ലഭിച്ച ടെണ്ടറുകൾ തുടർനടപടികളിലാണ്.<br>4. KL-07-BH-9763 TATA CREW CAB<br>12 KL-07-BF-807- DUMBER PLACER 2006 MODEL.<br>KL-07-BC-86 TATA 2005 MODEL<br>ടി വാഹനങ്ങൾ പ്രവർത്തന | |

| | | | |
|---|---|---|---|
| 340 | | രഹിതമാണ്. ലേലം ചെയ്ത് കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>13 KL-07-BH-5146- EICHER TIPPER COVERED LORRY (2008)<br>ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. എന്നാൽ ആരും ലേലം കൊണ്ടിട്ടില്ല.<br>14 KL-07-BH-5117- EICHER TIPPER LORRY (2008)<br>15 KL-07-BH-5734- EICHER TIPPER (2007)<br>16 KL-07-BH-5734- EICHER TIPPER (2007) KSUDP KWA<br>ടി വാഹനങ്ങൾ സി.എഫ് ടെസ്റ്റ് നടത്തുന്നതിനായി റിപ്പയർ പ്രവർത്തികൾ നടത്തിവരുന്നു. ടി പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിച്ച് വാഹനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതാണ് | |

3

14.1.14

**217 സ്ഥാപനങ്ങളിലായി 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികൾ**

നിഷ്ക്രിയാസ്തികളും ഇനങ്ങളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൽപ്പാദനം/സേവനം/പശ്ചാത്തല മേഖലകളിലായി ഒട്ടേറെ നിഷ്ക്രിയാസ്തികൾസൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് പഠനം നടത്തിയ 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമായി, ഈ മേഖലകളിലെവിവിധയിനങ്ങളിൽ 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികളാണ് കണ്ടെത്തിയിട്ടുള്ളത്. ഏറ്റവുമധികം നിഷ്ക്രിയാസ്തികൾസൃഷ്ടിക്കപ്പെട്ടിട്ടുള്ള 10 ഇനങ്ങൾ ഇനിപ്പറയുന്നവയാണ്.

| ക്രമ നം | ഇനം | |
|---|---|---|
| 1 | ഖരമാലിന്യസംസ്ക്കരണ സംവിധാനങ്ങൾ | 36 |
| 2 | വ്യവസായ/വിപണന കേന്ദ്രങ്ങൾ | 10 |
| 3 | കെട്ടിടങ്ങൾ/ഷോപ്പിംഗ് കോംപ്ലക്സ് | 8. |
| 4 | കുടിവെള്ള/ജലവിതരണ പദ്ധതികൾ | 5. |
| 5 | വിവിധ പദ്ധതികൾക്കായി വാങ്ങിയ ഭൂമികൾ | 4. |
| 6 | മത്സ്യമാർക്കറ്റുകൾ/ചന്തകൾ | 3. |
| 7 | ഭവനപദ്ധതികൾ | 3. |
| 8 | പകൽവീടുകൾ/വൃദ്ധസദനങ്ങൾ | 2. |
| 9 | അറവുശാലകൾ | 2. |
| 10 | കാർഷികോപകരണങ്ങൾ | 2. |

ഖരമാലിന്യസംസ്കരണ പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, അനുബന്ധ ഉപകരണങ്ങൾ,പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ, സ്വിവറേജ് പദ്ധതിഎന്നിവയിലായാണ് ഖരമാലിന്യസംസ്കരണ രംഗത്തെനിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.വനിതാവ്യവസായ യൂണിറ്റുകൾ, വ്യവസായകേന്ദ്രങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ,വ്യവസായ/സ്വയംതൊഴിൽ മേഖലയിലെ ഉപകരണങ്ങൾ, കാർഷിക വിപണന കേന്ദ്രങ്ങൾ,കുടുംബശ്രീ സംരംഭങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്വ്യവസായ മേഖലയിലെ നിഷ്ക്രിയാസ്തികൾ.ഉപയോഗപ്രദമാക്കിയിട്ടില്ലാത്ത കെട്ടിടങ്ങൾ,കമ്മ്യൂണിറ്റിഹാൾ, ലൈബ്രറി,



<u>ആലുവ</u> : ആലുവ നഗരസഭ പരിധിയിൽ നഗരസഭ വക നെഹ്റു പാർക്ക് അവന്യൂ ഷോപ്പിംഗ് കോംപ്ലക്സിന് സമീപത്തായി നഗരസഭ നിർമ്മിച്ചിട്ടുള്ള ഇ-ടോയ്ലെറ്റ് പ്രവർത്തന രഹിതതമായി ഉപേക്ഷിക്കപ്പെട്ടിട്ടില്ലാത്തതാണ്. പ്രസ്തുത ഇ-ടോയ്ലെറ്റ് 2014-15 വർഷത്തിൽ 2014 ഡിസംബർ മുതൽ മാർച്ച് 2015 വരെ 1800/- രൂപയ്ക്കും 2800/- രൂപയുടെ ഓഫർ പരിഗണിച്ച് 1/04/15 മുതൽ 31/03/16 വരെ കുത്തകയ്ക്ക് നൽകിയിട്ടുള്ളതാണ്. 2016-17 ലെ കുത്തക ലേലത്തിൽ ഇത്തവണയും ഇ-ടോയ്ലെറ്റ് ഉൾപ്പെടുത്തിയിരുന്നെങ്കിലും ആരും തന്നെ പങ്കെടുത്തില്ല. ആയതിനാൽ എതെങ്കിലും ഓഫർ വന്നാൽ സ്വീകരിക്കാൻ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. ടോയ്ലറ്റ് പ്രവർത്തനം സംബന്ധിച്ച് കുത്തകക്കാരൻ ഇതുവരെ പരാതിയൊന്നും തന്നെ നൽകിയിട്ടില്ലാത്തതാണ്

<u>ആലുവ</u>

ഇ-ടോയ്ലറ്റുകളിൽനിന്നും ഒര ഉപയോഗത്തിന് കോയിൻബോക്സ മുഖേന ഒരു രൂപ നഗരസഭയ്ക്ക ലഭിക്കുന്നു. ശരാശരി ഓരോ ഇ-ടോയ്ലറ്റിൽനിന്നും ഇപ്രകാരം 30 രൂപയോളം നഗരസഭയ്ക്ക് പ്രതിവർഷ ലഭിച്ചുവരുന്നു.

എന്നാൽഓഗസ്റ്റ് മാസത്തിലുണ്ടാ കനത്ത മഴയും വെള്ളപ്പൊക്കവും മൂല നെഹ്റു പാർക്കിന് സമീപമുള്ള ഈ-ടോയ്ലറ്റിലേയ്ക്കുള്ള വെള്ളവു വൈദ്യുതിയും വിച്ഛേദിക്കപ്പെട്ടിട്ടുള്ളതാണ് ആയത് പരിഹരിക്കുന്നതിനുള്ള നടപടിക സ്വീകരിച്ചുവരുന്നുവെന്ന് സെക്രട്ട റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | ബസ് സ്റ്റാന്റ്, ഷോപ്പിംഗ്കോംപ്ലക്സ്, ടൂറിസം/കാർഷിക ഇൻഫർമേഷൻസെന്ററുകൾ, ഹോസ്റ്റൽ എന്നിവയാണ് നിഷ്ക്രിയാസ്തികളായ കെട്ടിടങ്ങളിൽ ഉൾപ്പെടുന്നത്.കുടിവെള്ള/ശുദ്ധജല വിതരണ പദ്ധതികളിൽ പ്രവർത്തിക്കാത്തവ, പണി പൂർത്തിയാകാത്തവ, ഉപേക്ഷിക്കപ്പെട്ട നിലയിൽ ഉള്ളവ, ഈ പദ്ധതികൾക്ക് വാങ്ങിയഉപകരണങ്ങളിൽ ഉപയോഗശൂന്യമായവ എന്നിവയാണ് കുടിവെള്ള മേഖലയിലെ നിഷ്ക്രിയാസ്തികൾ.വിവിധ പദ്ധതികൾക്കായിവർഷങ്ങൾക്കു മുൻപു വാങ്ങിയിട്ടും,യാതൊരു പ്രവർത്തനവും തുടങ്ങാനാവാതെ കാടുപിടിച്ചു കിടക്കുന്നതദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള വസ്തുവകകളും നിഷ്ക്രിയാസ്തികളുടെ ഗണത്തിൽപ്പെടുത്തിയിട്ടുണ്ട്.മത്സ്യമാർക്കറ്റുകൾ, ചന്തകൾ,ഫിഷ്പ്രോസസിംഗ് സെന്ററുകൾ,ഫിഷ്ലാന്റിംഗ് സെന്ററുകൾ തുടങ്ങിയആസ്തികളിൽ നിഷ്ക്രിയമായവയുടെവിവരണങ്ങളാണ് മത്സ്യമാർക്കറ്റ്/ചന്തഎന്നയിനത്തിൽ ഉള്ളത്. ഭവന പദ്ധതികൾ, മോഡൽ വില്ലേജുകൾ എന്നിവയിൽലക്ഷ്യം കൈവരിക്കാത്തവയെയാണ്ഭവനപദ്ധതികളിലെ നിഷ്ക്രിയാസ്തികളായി വിലയിരുത്തിയിട്ടുള്ളത്. പകൽവീടുകൾ, വൃദ്ധസദനങ്ങൾ, വികലാംഗ മന്ദിരങ്ങൾ, ക്ഷേമകേന്ദ്രങ്ങൾ എന്നിവയിൽ പ്രവർത്തനമില്ലാത്തവയെനിഷ്ക്രിയാസ്തികളായി കണക്കാക്കിയിരിക്കുന്നു. പ്രവർത്തനമില്ലാത്തവയും, നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചവയുമായഅറവുശാലകളെയും, യന്ത്രസാമഗ്രികളെയും അറവുശാലകൾ എന്ന ഇനത്തിലെ നിഷ്ക്രിയാസ്തികളായി ഉൾപ്പെടുത്തിയിട്ടുണ്ട്.പ്രവർത്തനമില്ലാതെ കിടക്കുന്ന കൊയ്ത്ത്-മെതിയന്ത്രങ്ങൾ, ട്രാക്ടർ-ട്രെയ്ലർ, മറ്റു കാർഷിക യന്ത്രങ്ങൾഎന്നിവയാണ് കാർഷികമേഖലയിലെ | | |

| | | | |
|---|---|---|---|
| | നിഷ്ക്രിയാസ്തികൾ.<br><br>പ്രവർത്തനരഹിതമായി ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള<br>ആലുവ നഗരസഭയിലെ ഇ-ടോയ്ലെറ്റ്<br><br>പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്ന<br>കൊട്ടാരക്കര നഗരസഭയിലെ വൃദ്ധസദനം | | |
| 4.1.4 | <u>ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം;</u><br>മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവുമധികം നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള പദ്ധതികളിലാണ്. ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികളിൽ 35.28 കോടി രൂപയുടേതും (41.50%) ഖരമാലിന്യസംസ്കരണമേഖലയാണ്. | <u>കൊച്ചി</u> : എ.ഡി.ബി. ധനസഹായത്താൽ പശ്ചിമ കൊച്ചിയിലെ സിവറേജ് പദ്ധതിയ്ക്കായി സിവറേജ് ശൃഖല ഉൾപ്പെടുന്ന 2 പാക്കേജുകളും, പമ്പിംഗ് മെയിനും, പമ്പ് ഹൗസുകളും ഉൾപ്പെടുന്ന 2 പാക്കേജുകളും ഉൾപ്പെടെ 4 പാക്കേജുകൾ | <u>കൊച്ചി</u> : കൊച്ചി കോർപ്പറേഷൻ ബ്രഹ്മപുരത്ത് 2010-2011-ൽ സ്ഥാപിച്ച ആർ.ഡി.എഫ് പ്ലാന്റ് പ്രവർത്തനം ഇല്ലാതെ യന്ത്രഭാഗങ്ങൾ തുരുമ്പെടുത്ത നിലയിലാണ്.<br>ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മാണവും, പ്രവർത്തവും സംബന്ധിച്ച സാങ്കേതിക ജ്ഞാനം കോർപ്പറേഷനിൽ ഇല്ലാത്തത് കാരണം ടി പ്ലാന്റ് ഉൾപ്പെടെയുള്ള ഖരമാലിന്യസംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള |

വിവിധ കാരണങ്ങളാലാണ് ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകുന്നത്. ശരിയായ ആസൂത്രണമില്ലാതെ പദ്ധതികൾ ആവിഷ്കരിക്കുകയും, നടപ്പാക്കുകയും ചെയ്യുന്നതാണ് ഇവയിൽ പ്രധാനപ്പെട്ട പോരായ്മ. ഇതുമൂലം തുടർ പ്രവർത്തനങ്ങൾ നടത്താനാവാതെ പദ്ധതികൾ ഉപേക്ഷിക്കപ്പെടുന്നു. കൂടാതെ ജനങ്ങളുടെയിടയിൽ വേണ്ട രീതിയിൽ ബോധവൽക്കരണം നടത്താതെ ഖരമാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ആരംഭിക്കുന്നതിനാൽ, പ്രദേശവാസികളുടെ എതിർപ്പും നേരിടേണ്ടി വരുന്നു. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകാൻ കാരണമാവുന്നുണ്ട്. *തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാവസ്ഥയിലുള്ള ഖരമാലിന്യസംസ്കരണ പദ്ധതികൾക്ക് ഏതാനുംഉദാഹരണങ്ങൾ ഇനിപ്പറയുന്നു.*

- കൊച്ചി കോർപ്പറേഷൻ ബ്രഹ്മപുരത്ത് സ്ഥാപിച്ച ആർ.ഡി.എഫ്.പ്ലാന്റ് പ്രവർത്തനമില്ലാതെ യന്ത്രഭാഗങ്ങൾതുരുമ്പെടുത്ത് നിലയിലാണ്. 2010-11 ൽ 1.69 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച പ്ലാന്റാണിത്. കോർപ്പറേഷനിൽ 2013-14 ൽപണി തുടങ്ങിയ സ്വീവേജ് പദ്ധതിയും വിവിധ കാരണങ്ങളാൽ പണി പൂർത്തിയാവാത്ത നിലയിലാണ്. 22.45 കോടി രൂപപദ്ധതിക്ക് ചെലവിട്ടിട്ടുണ്ട്.

ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തു. പ്രസ്തുത പ്രവർത്തികൾക്കായി 2013 നവംബർ മാസത്തിൽ അഭിരാം ഇൻഫ്രാ സ്ട്രക്ച്ചർ, മേരിമാതാ എന്നീ കരാറുകാരുമായി കരാറിലേർപ്പെടുകയും ചെയ്തു.

ഇതിൽ മേരിമാതാ കൺസ്ട്രക്ഷൻസ് 2 പമ്പിംഗ് സ്റ്റേഷനുകളുടെ പണി കൗൺസിലറും, ജനങ്ങളും സമ്മതിച്ചതനുസരിച്ച് തുടങ്ങുകയും, അവരുടെ കോൺട്രാക്ട് പീരീഡായ 2 വർഷം അവസാനിച്ച പ്പോൾ (നവംബർ 2015) പണി നിർത്തി വയ്ക്കുകയും ചെയ്തു. ടൈം എക്സ്റ്റംഗ്ഷൻ 30.06.2016 വരെ എംപവേർഡ് കമ്മറ്റി അനുവദിച്ചു എങ്കിലും കോൺട്രാക്ട്മാർ കരാർ തുക അധികമായി നൽകാതെ പണി പുനരാരംഭിക്കുവാൻ സാധിക്കുകയില്ല എന്ന നിലപാടിലാണ്.

അഭിരാം ഇൻഫ്രാ പണിയേണ്ടിയിരുന്ന 3 പമ്പിംഗ് സ്റ്റേഷനുകൾ കൗൺസിലർമാരുടേയും പൊതുജനങ്ങളുടേയും എതിർപ്പു മൂലം പണി തുടങ്ങാൻ സാധിച്ചില്ല. വാട്ടർ അതോറിറ്റിയും, കെ.എസ്.യു.ഡി.പി.യും സംയുക്തമായി പല തവണ ജനങ്ങളേയും, കൗൺസിലർമാരേയും ഈ സ്വീവേജ് പദ്ധതിയുടെ ആവശ്യകത മനസ്സിലാക്കിക്കൊടുക്കുവാൻ മീറ്റിംഗുകൾ

കൺസൾട്ടന്റ് ആയി കേന്ദ്ര സർക്കാർ സ്ഥാപനമായ FEDO (FACT Engineering & Design Organization)-യെയാണ് ചുമതലപ്പെടുത്തിയിരുന്നത് (14/01/2005-ലെ 96-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം) FEDO-യുടെ നിർദ്ദേശ പ്രകാരം APTDC (Andhtra Pradesh Technology Development & Promotion Centre)-യുമായി നഗരസഭ ടേൺ കീ കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്.

ആർ.ഡി.എഫ് പ്ലാന്റ് സ്ഥിതിചെയ്യുന്ന ഭൂമി ചതുപ്പായതിനാൽ സെറ്റിലായതിനാലും പ്ലാന്റിന്റെ ആവശ്യകത നിർണ്ണയിക്കുന്നത് കൺസൾട്ടന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായ പിഴവുമൂലവും പ്ലാന്റ് പ്രവർത്തിപ്പിച്ചുകൊണ്ടുപോകുവാൻ സാധിക്കാതെ വന്നിട്ടുള്ളതു മാണ്.

ലംപ്സം ടേൺ കീ പ്രൊജക്ട് ആയി ഏകദേശം 1.24 കോടി രൂപ കൺസൾട്ടൻസി ഫീസായി നിശ്ചയിച്ചിട്ടുള്ളതാണെങ്കിലും മേൽ പ്ലാന്റിൽ കംമ്പോസ്റ്റിഗ് പ്ലാന്റിലും നിർമ്മാണത്തിൽ വന്ന അപാകത മൂലം 83.71 ലക്ഷം രൂപ മാത്രമേ ഫെഡോയ്ക്ക് അതുവരെ നൽകിയ ഫീസിനത്തിൽ കൊടുത്തിട്ടുള്ളൂ. ബാക്കിയുള്ള തുക നൽകാത്തതിനാൽ ഫെഡോ കോടതിയെ സമീപിച്ചെങ്കിലും കോർപ്പറേഷന് അനുകൂല വിധി ഉണ്ടാവുകയാണ് ചെയ്തത്.

മാലിന്യ സംസ്ക്കരണ പ്ലാന്റിൽ അപാകതകൾ സംഭവിച്ചതിനെ തുടർന്ന് ആയത് കറക്ട് ചെയ്യാൻ APTDC തയ്യാറാകാത്തതിനെ തുടർന്ന് കേടുപാടുകൾക്കുള്ള ചിലവ് എസ്റ്റിമേറ്റ്

| | | | |
|---|---|---|---|
| | | നടത്തിയിരുന്നു. സെക്രട്ടറി അർബൻ അഫയേഴ്സ്, കെ.എസ്.യു.ഡി.പ്. പ്രൊജക്ട് ഡയറക്ടർ, ബഹു. മേയറുടെ നേതൃത്വത്തിലും സൈറ്റ് ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ നടത്തുകയുണ്ടായി. ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള തിരുവനന്തപുരം മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി കൗൺസി ലർമാർ അടക്കമുള്ള ഒരു ടീം പ്രസ്തുത പ്ലാന്റ് സന്ദർശിക്കുകയുണ്ടായി. പക്ഷേ പണികൾ തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമായില്ല. സ്വീവേജ് പദ്ധതിയ്ക്ക് വേണ്ടിയുള്ള 97% പൈപ്പുകളും കരാറുകാർ സപ്ലൈ ചെയ്തിട്ടുണ്ട്.<br>സ്വീവർ പൈപ്പുകളും, പമ്പിംഗ് മെയിനും സ്ഥാപിക്കുന്നതിനാവശ്യമായ റോഡ് കട്ടിംഗ് അനുമതിയ്ക്കായി പി.ഡബ്ലിയു.ഡി.-ക്ക് 10 കോടി രൂപ കൈമാറി. 15.03.2015 വരെ സാംഗ്ഷൻ കിട്ടുകയും ചെയ്തു. പക്ഷേ ജനങ്ങളുടെയും കൗൺസിലർമാരുടേയും എതിർപ്പുമൂലം പണികൾ തുടങ്ങാൻ സാധിച്ചിട്ടില്ല. കോർപ്പറേഷൻ റോഡുക ളുടെ കട്ടിംഗ് സാംഗ്ഷനുകളും ലഭ്യമായിട്ടില്ലാത്തതിനാൽ പണികൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല.<br>അഭിരാമിന്റെ കോൺട്രാക്ട് പിരീഡ് | തുകയായി 2.50 കോടി രൂപ ഈടാക്കുന്നതിന്റെ ഭാഗമായി എഗ്രിമെന്റ് പ്രകാരമുള്ള 19.63 കോടി രൂപയിൽ നിന്നും APTDCയ്ക്ക് അനുവദിച്ചു നൽകിയ 16.27 കോടി തുകയ്ക്ക് ശേഷമുള്ള ബാക്കി തുക നൽകാതിരുന്നതും APTDC ബാങ്ക് ഗ്യാരന്റിയായി വച്ച തുക നഗരസഭ ഫണ്ടിൽ മുതൽകൂട്ടിയതുമൂലം വാറന്റി നിബന്ധന പ്രയോഗത്തിൽ വരുത്തിയിട്ടുള്ളതുമാണ്.<br>ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പുകളുടെ സപ്ലൈ പൂർത്തിയാക്കിയിട്ടുള്ളതാണ്. എന്നാൽ റോഡ് പൊളിച്ച് പൈപ്പ് ഇടുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്ന് വലിയ എതിർപ്പാണ് ഉണ്ടായത്. വിവിധ മീറ്റിംഗുകൾ കൂടിയിട്ടും പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല ആയതിനാൽ 55-ാമത് എംപവേർഡ് കമ്മിറ്റി (18.2.2016-ൽ കൂടിയത്) പദ്ധതി പ്രീ-ക്ലോഷർ ചെയ്തു. കൂടാതെ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിച്ച സ്ഥലം ഗ്രീൻ ട്രൈബ്യൂണൽ കേസ് നിലവിലുണ്ട്. |


| | | | | |
|---|---|---|---|---|
| | | | തീരുന്നതിനു തൊട്ടുമുൻപായി 2.24 കി.മീ. റോഡ് കട്ടിംഗ് സാംഗ്ഷൻ കോർപ്പറേഷനിൽ നിന്നും ലഭിക്കുകയു ണ്ടായെങ്കിലും ഇലക്ഷൻ ഡിക്ലയർ ചെയ്തതിനാൽ തുടങ്ങുവാൻ സാധിച്ചില്ല. 165 കോടി രൂപ കരാർ തുകയുള്ള പ്രസ്തുത പദ്ധതിയ്ക്ക് നാളിതുവരെ (20.02.16) 41.17 കോടി രൂപ ചെലവഴിച്ചു.<br>02.02.2016 ൽ ചേർന്ന 55-ാമത് എംപവേർഡ് കമ്മിറ്റിയിൽ ടി പദ്ധതി പ്രീക്ലോസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. | |
| 6 | 4.1.5 | **വ്യവസായകേന്ദ്രങ്ങൾ കെട്ടിടം നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു**<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിക്കുന്ന വ്യവസായ/തൊഴിൽ സംരംഭങ്ങളിൽ ഏറെയും പരാജയമാവുകയാണ്. തദ്ദേശസ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തികളായി മാറിയവയിൽ 12.49 ശതമാനം ചെലവും (10.62 കോടി രൂപ)വ്യവസായ/സ്വയംതൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ടവയാണ്. വ്യക്തമായ കാഴ്ചപ്പാടും സാധ്യതാപഠനവും ഇല്ലാതെയാണ്വ്യവസായ സംരംഭകേന്ദ്രങ്ങൾ ആരംഭിക്കുന്നത്. തൊഴിൽ സംരംഭങ്ങൾക്ക് യാതൊരു സാധ്യതയുമില്ലാത്ത സ്ഥലങ്ങളിൽആരംഭിച്ചിട്ടുള്ള വ്യവസായകേന്ദ്രങ്ങളുമുണ്ട്. നിർമ്മിച്ച കെട്ടിടങ്ങളിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള തുടർ നടപടികൾതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളാത്തതാണ് ആസ്തികൾ നിഷ്ക്രിയമാവാൻ പ്രധാനകാരണം. വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയാസ്തികളായി മാറിയതിന് | <u>കോതമംഗലം</u> : 2012-ൽ പണി പൂർത്തീകരിച്ചിട്ടുള്ള നഗരസഭ വക എ ബ്ലോക്ക് ബിൽഡിംഗിലെ വനിതാ വ്യവസായ കേന്ദ്രത്തിലെ 11 മുറികൾ 2013 മുതൽ 2017 വരെയുള്ള കാലയളവിൽ 17 തവണ ലേലം നടത്തിയിട്ടുള്ളതും ടി കാലയളവിൽ 4 മുറികൾ ലേലത്തിൽ പോയിരുന്നെങ്കിലും കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ലൈസൻസികൾ മുറികൾ ഒഴിഞ്ഞുപോയിട്ടുള്ളതാണ്. ടി നിലയിലെ മുറികളിലേക്കുള്ള പ്രവേശനം മാർക്കറ്റിനകത്തുകൂടെ ആയതിനാലാകണം നഗരസഭ സമയബന്ധിതമായിതന്നെ ലേല നടപടികൾ കൈക്കൊണ്ടെങ്കിലും സ്ത്രീകൾ മുറികൾ ഏറ്റെടുക്കുന്നതിന് വൈമുഖ്യം കാണിക്കുന്നത്. വിഷയം വീണ്ടും നഗരസഭാ | <u>കോതമംഗലം</u><br>നഗരസഭയിൽ 2012-ൽ പണ പൂർത്തിയാക്കിയ എ ബ്ലോക്കിലെ വനിതാ വ്യവസായ കേന്ദ്രത്തിലെ 21.2 ച. മീ. വീതമുള്ള മുറികൾ 2015-ൽ എണ്ണം ലേലം ചെയ്തിട്ടുള്ളതാണ ബാക്കി മുറികൾ പലതവണ ലേല നടത്തിയിട്ടും ലേലം കൊള്ളാത സാഹചര്യത്തിൽ മുറികളുടെ അളവ് 10. ച. മീ. ആയി കുറവ് വരുത്ത ഡെപ്പോസിറ്റും വാടകയു അനുപാതികമായി കുറച്ച് ലേല നടത്തിയതിനെ തുടർന്ന് മുറികളൊഴിച്ച് ബാക്കിയുള്ള ലേലത്തിൽ പോയിട്ടുള്ളതാണ നിലവിൽ 5 മുറികൾ മാത്രമാണ ഒഴിഞ്ഞുകിടക്കുന്നുള്ളൂവെന്ന വിവര റിപ്പോർട്ടുചെയ്യുന്നു. |

| | | | |
|---|---|---|---|
| | ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.<br>➢ കോതമംഗലം നഗരസഭയിൽ 2012 ൽ നിർമ്മാണം പൂർത്തിയായ വനിതാവ്യവസായ കേന്ദ്രത്തിന്റെ 'എ' ബ്ലോക്ക് കെട്ടിടം പ്രവർത്തിക്കുന്നില്ല. 15,16,680/-രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്.<br>➢ ആലുവാ നഗരസഭയിൽ 2009 ൽ നിർമ്മിച്ച വനിതാവ്യവസായ വിപണന കേന്ദ്രം പ്രവർത്തിക്കുന്നില്ല. 4,87,215/- രൂപയാണ് ഇതിന്റെ നിർമ്മാണച്ചെലവ്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2013-14 ൽ 5,20,000/-രൂപ ചെലവിട്ടു നിർമ്മിച്ചതേവരയിലെ വനിതാവ്യവസായ വിപണനകേന്ദ്രവും, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ യൂണിറ്റും ഉപയോഗിക്കാതെപൂട്ടിക്കിടക്കുകയാണ്. | കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുയോജ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.<br><br>ആലുവ : ..നഗരസഭ വക ക്ലോക്ക് ടവർ കെട്ടിടത്തിന്റെ II nd Floor North side ൽ 345 $m^2$ വിസ്തീർണ്ണം വരുന്ന കെട്ടിട ഭാഗം 08/5/2003 തീയതിയിൽ പണി പൂർത്തിയാക്കിയിട്ടുള്ളതും ടി കെട്ടിടത്തിൽ വിവിധ തരത്തിലുള്ള വനിതാ വികസന യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നതുമാണ്. ടി യൂണിറ്റുകൾ സ്വന്തമായി മറ്റു സ്ഥലങ്ങൾ കണ്ടെത്തി മാറിപ്പോയതിനെ തുടർന്ന് ടി കെട്ടിട ഭാഗം നഗരസഭയുടെ ഹെൽത്ത് മേഖല ഓഫീസിനും ബാക്കിയുള്ള ഭാഗം 11/1/11 ലെ 30-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സാമൂഹ്യ ക്ഷേമ വകുപ്പിന് (ഐ.സി.ഡി.എസ്) അനുവദിച്ചിട്ടുള്ളതുമാണ്. പിന്നീട് ഐ.സി.ഡി.എസ് ന് 6-ാം വാർഡിൽ കെട്ടിടം നിർമ്മിച്ചു നൽകിയതിനെ തുടർന്ന് ഈ കെട്ടിടത്തിൽ നിന്നും മാറ്റുകയും അപ്രകാരം ഒഴിഞ്ഞു കിട്ടിയ കെട്ടിടഭാഗത്തിൽ 800 sq.ft സ്ഥലം പത്രപ്രവർത്തകരുടെ സംഘടനയായ ആലുവ മീഡിയ ക്ലബ്ബിന് കൗൺസിൽ തീരുമാനം. നമ്പർ. 32 തീയതി.23/9/17 പ്രകാരം അനുവദിച്ചിട്ടുള്ളതും ബാക്കി ഭാഗം ഒഴിഞ്ഞു കിടക്കുകയുമാണ്. കസ്തൂർബാ വനിതാ വികസന കേന്ദ്രം എന്ന പേരിൽ ആലുവ നഗരസഭയുടെ കീഴിൽ കേരള വികസന പദ്ധതി പ്രകാരം വനിതകളിൽ സ്വാശ്രയ ശീലം വളർത്തിയെടുക്കുന്നതിനും സാമ്പത്തിക-മാനസിക - സാംസ്ക്കാരിക രംഗങ്ങളിൽ ഉന്നതിയിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് മേൽപ്പടി കെട്ടിടത്തിൽ വനിതാവികസന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് എന്നിരിക്കെ പുതിയ | <u>ആലുവ</u><br>ആലുവ നഗരസഭയിൽവനിത വികസന യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനായി ക്ലോക്ക് ടവറിൽനിർമ്മിച്ചിട്ടുള്ള കസ്തൂർബ വനിത വികസന കെട്ടിടവുമായി ബന്ധപ്പെട്ടാണ് പരാമർശം എന്ന നിഗമനത്തിൽമറുപടി തയ്യാറാക്കി 15.11.2017 ലെ എ3-758/16 നമ്പർ കത്ത് പ്രകാരം നൽകിയിരുന്നു. മേൽറിപ്പോർട്ട് നഗരസഭയിൽകൺകറന്റ് ഓഡിറ്റ് നടത്തുന്ന ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ്, ആലുവ നഗരസഭ കാര്യാലയത്തിൽപരിശോധനക്കായി നൽകുകയുണ്ടായി. തദവസരത്തിൽലോക്കൽഫണ്ട്, ഡെപ്യൂട്ടി ഡയറക്ടർ ഉദ്ദേശിച്ചത് പ്രൈവറ്റ് ബസ് സ്റ്റാന്റിൽനിർമ്മിച്ചിട്ടുള്ള വനിത കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂം ആണെന്നും എന്നാൽമേൽകെട്ടിടം വനിത വിപണന കേന്ദ്രം എന്ന് തെറ്റിദ്ധരിച്ചതുമൂലമാണ് 2014-15 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽമേൽപരാമർശം നടത്താൻ ഇടയായത് എന്ന് അറിയാൻ കഴിഞ്ഞു. 2014-15 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4:1:5-ൽആലുവ നഗരസഭയുമായി ബന്ധപ്പെട്ട പരാമർശത്തിൽഅവ്യക്തത ഉള്ളതിനാൽരണ്ട് കെട്ടിടങ്ങളും ഉൾപ്പെടുത്തി മറുപടി സമർപ്പിക്കുന്നു. |

| | | | |
|---|---|---|---|
| 324 | | വനിതാ സംരംഭങ്ങൾ ഒന്നും തന്നെ തുടങ്ങുന്നതിന് ആരും തന്നെ മുന്നോട്ട് വരാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടമുണ്ടാകാത്ത രീതിയിൽ മറ്റ് സംരംഭങ്ങൾ മേൽപ്പടി കെട്ടിടത്തിൽ സർക്കാർ അനുവാദത്തോടെ പ്രവർത്തിക്കുന്നതിനുള്ള അനുമതി- യ്ക്കായി മേൽപ്പടി വിഷയം കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. | 1. <u>വനിത വിശ്രമ കേന്ദ്രം - കംഫർട്ട് സ്റ്റേഷൻ</u><br>ആലുവ നഗരസഭ വനിത വികസന കോർപ്പറേഷനുമായി 17.09.2009-ൽവച്ച ഉടമ്പടി പ്രകാരം 3,18,600/- രൂപ എസ്റ്റിമേറ്റ് പ്രകാരം ഹാബിറ്റാറ്റ് ഗ്രൂപ്പിനെക്കൊണ്ട് കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂം എന്നതിന്റെ നിർമ്മാണം പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ അടുത്ത് പൂർത്തീകരിച്ച് വരുന്നതായും റിപ്പോർട്ട് ചെയ്തതായും മറ്റു രേഖകളൊന്നും വനിത വികസന കോർപ്പറേഷൻ കൈമാറിയതായി കാണുന്നില്ല. ബഹു.ചെയർമാൻ 10.10.2014-ലെ നഗരസഭ സെക്രട്ടറിയ്ക്ക് കുറിപ്പ് നണ്ടൽകിയത് പ്രകാരം 35.30m2 വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് നഗരസഭ നമ്പർ നൽകി. ടി കെട്ടിടത്തിൽരണ്ട് ടൊയ്ലെറ്റ്, ഒരു ഷട്ടർ ഇട്ട മുറി, ഒരു റെസ്റ്റ് റും എന്നിവയാണുള്ളത്. ടി വനിത വിശ്രമ കേന്ദ്രം നാളിതുവരെ ഉപയോഗിക്കാതെ കിടക്കുകയാണ്. തൊട്ടടുത്ത് ഒരു കംഫർട്ട് സ്റ്റേഷൻ നിലവിലുള്ളതാണ്. കൂടാതെ 2 ഇ-ടൊയ്ലറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിടം 13.11.2017-ലെ 7-ാം നമ്പർ കൗൺസിൽതീരുമാന പ്രകാരം ഹോമിയോ ആശുപത്രി ആക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽടി കെട്ടിടം വനിത വികസന കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതിനാലും ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നതിന് സാങ്കേതിക തടസ്സം ഉള്ളതിനാലും ഹോമിയോ ആശുപത്രി മറ്റൊരു കെട്ടിടത്തിൽതുടങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്. കൗൺസിലുമായി ചർച്ച ചെയ്ത്. ടി |

| | | | |
|---|---|---|---|
| | | | കെട്ടിടം വനിതകൾക്ക് ഉപയോഗപ്രദമായ എന്തെങ്കിലും പ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br>2. <u>വനിത വ്യവസായ വിപണന കേന്ദ്രം</u><br><br>നഗരസഭ വക ക്ലോക്ക് ടവർ കെട്ടിടത്തിന്റെ സെക്കന്റ് ഫ്ളോർ, നോർത്ത് സൈഡിൽ345$m^2$ വിസ്തീർണ്ണം വരുന്ന കെട്ടിട ഭാഗം 08.05.2003 തീയതിയിൽപണി പൂർത്തിയാക്കിയിട്ടുള്ളതും ടി കെട്ടിടത്തിൽവിവിധ തരത്തിലുള്ള വനിത വികസന യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നതുമാണ്. ടി യൂണിറ്റുകൾ സ്വന്തമായി മറ്റ് സ്ഥലങ്ങൾ കണ്ടെത്തി മാറിപ്പോയതിനെ തുടർന്ന് ടി കെട്ടിട ഭാഗം നഗരസഭയുടെ ഹെൽത്ത് മേഖല ഓഫീസിനും ബാക്കിയുള്ള ഭാഗം 11.01.2011-ലെ 30-ാം നമ്പർ കൗൺസിൽതീരുമാന പ്രകാരം സാമൂഹ്യക്ഷേമ വകുപ്പിന് (ഐ.സി.ഡി.എസ്.)-ന് അനുവദിച്ചിട്ടുള്ളതുമാണ്. പിന്നീട് ഐ.സി.ഡി.എസ്.-ന് 6-ാം വാർഡിൽകെട്ടിടം നിർമ്മിച്ച് നൽകിയതിനെ തുടർന്ന് ഈ കെട്ടിടത്തിൽ നിന്നും മാറ്റുകയും അപ്രകാരം ഒഴിഞ്ഞുകിട്ടിയ കെട്ടിടം മീഡിയ ക്ലബ്ബ് ഷിബി തോമസ്, ഐ.എൻ.റ്റി.യു.സി., മുതലായവർക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| 6.1.6 | **അടഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ**<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ചിട്ടുള്ള ആസ്തികളിൽ വലിയൊരു ശതമാനം കെട്ടിടങ്ങളാണ്.അതുകൊണ്ടു തന്നെ തദ്ദേശഭരണസ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികളിൽ വലിയൊരളവുവരെ കെട്ടിടങ്ങൾ ഉൾപ്പെടുന്നു.വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതികൾ നടപ്പാക്കുന്നതാണ് കെട്ടിടങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതിനുള്ള പ്രധാനകാരണം. പരിശോധന നടത്തിയ 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 8.21 കോടി രൂപയുടെ നിഷ്ക്രിയാസ്തികളാണ്കെട്ടിടങ്ങളുടെ രൂപത്തിലുള്ളത്. നിർമ്മാണം പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും ഉദ്ഘാടനം നടക്കാത്തവയും, ഉദ്ഘാടനംകഴിഞ്ഞിട്ടും പ്രവർത്തനം തുടങ്ങാത്തവയും, നിർമ്മാണം പാതിവഴിയിൽ നിലച്ചവയും നിഷ്ക്രിയാസ്തികളായി മാറിയകെട്ടിടങ്ങളിൽ ഉൾപ്പെടുന്നു. ഉദാഹരണങ്ങൾ;<br>➢ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2008–09 ൽ നിർമ്മാണം തുടങ്ങിയ ഓഫീസ് കെട്ടിടം താഴത്തെ നില പൂർത്തിയാക്കും മുമ്പു തന്നെ പണി തടസ്സപ്പെട്ടുകിടക്കുകയാണ്. ഇതുവരെ 6.38 കോടി രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. രാമേശ്വരം കോളനിയിൽ പണി തുടങ്ങിയ കമ്മ്യൂണിറ്റി ഹാൾ പ്രാരംഭദിശയിൽ തന്നെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 2012–13 ൽ നിർമ്മാണമാരംഭിച്ച കെട്ടിടത്തിന്റെ അടിത്തറ, പില്ലർ എന്നിവ നാശോന്മുഖമാണ്. 2,38,475/-രൂപയാണ്പദ്ധതിക്കായി ചെലവഴിച്ചത്. പുല്ലേപ്പടി സംഗമോദ്യാനത്തിൽ 2011–12 ൽ നിർമ്മാണം തുടങ്ങിയ ലൈബ്രറി കെട്ടിടംപണിപൂർത്തിയാകാത്തതിനാൽ ഉപയോഗിക്കാനാവാത്ത നിലയിലാണ്. 4,09,553/-രൂപയാണ് കെട്ടിടത്തിന് ചെലവിട്ടത്. | <u>കൊച്ചി :</u><br>രാമേശ്വരം കോളനിയിലെ കമ്മ്യൂണിറ്റിഹോളിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്.<br>കൊച്ചി നഗരസഭ ഡിവിഷൻ 63 - പുല്ലേപ്പടി സംഗമോദ്യാനത്തിൽ 2011–12 ലെ വികേന്ദ്രീകൃതാ സൂത്രണ പദ്ധതി പ്രകാരം ആകെ 400000/-രൂപ വകയിരുത്തുകയും സർക്കാർ നിർദ്ദേശ പ്രകാരം 10% above നിരക്ക് അനുവദിച്ചിട്ടുള്ളതുമാണ്. 2011–12 വർഷാവസാനത്തിലാണ് നടപടിക്രമങ്ങൾ പുർത്തി യാക്കി പ്രവൃത്തി ആരംഭിക്കാൻ സാധിച്ചത്. സോയിൽ ടെസ്റ്റ് നടത്താത്ത സൈറ്റായതിനാൽ പ്രവൃത്തി ആരംഭിച്ച് ഫൗണ്ടേഷൻ, ഭിത്തി എന്നിവയുടെ നിർമ്മാണത്തിനു ശേഷം കുറച്ചു കാലയളവിനുശേഷമാണ്തുടർനിർമ്മാണങ്ങൾ ആരംഭിച്ചത്. വകയിരുത്തിയ തുകയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള വേല പൂർത്തീകരിച്ച് ഫൈനൽ ബില്ല് 2014–15 വർഷാവസാനം അനുവദിച്ചിട്ടുണ്ട്. എന്നാൽ വകയിരുത്തിയ തുകയിൽ കെട്ടിടം പണിപൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. ടി പ്രൊജക്ടിന്റെ പൂർത്തീകര ണത്തിന് 2017–18 വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.<br>കൊച്ചി നഗരസഭയുടെ മറൈൻഡ്രൈവ് മെയിൻ ഓഫീസ് ബിൽഡിംഗിന്റെ നിർമ്മാണം 13/05/2015-ലെ G.O.(Rt)No.1411/2015/LSGD നമ്പർ ഗവൺമെന്റ് ഉത്തരവു പ്രകാരം പുനരാരംഭിച്ചിട്ടുള്ളതാണ്. മേൽ ഉത്തരവു പ്രകാരം 2012 SOR-ന്റെ 25% അധിക നിരക്കിൽ ബാലൻസ് വർക്കിന് 18,70,37,013/- രൂപയ്ക്കാണ് വർക്ക് M/S P.K.രാമചന്ദ്രൻ എന്ന കരാറുകാരന് നൽകിയിട്ടുള്ളത്. 2017 ഏപ്രിൽ മാസത്തിൽ വേല പൂർത്തീകരിക്കുന്നതിനാണ് | <u>കൊച്ചി :</u><br>കൊച്ചി നഗരസഭയുടെ പുതിയ ഓഫീസ് നിർമ്മാണത്തിനായി ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള വായ്പ തുകയും ഓഫീസ് നിർമ്മാണ പ്രവർത്തികൾ നിർത്തി വച്ചിരുന്ന സമയത്ത് ബാക്കി ഉണ്ടായിരുന്ന തുക തിരികെ അട യ്ക്കാതിരുന്നതുമൂലം പലിശ ഇനത്തിൽ നഗരസഭ യ്ക്കുണ്ടായ നഷ്ടം സംബന്ധിച്ച വിശദീകരണം - ഓഫീസ് നിർമ്മാണ പ്രവർത്തികൾ നിർത്തി വയ്ക്കുക എന്നത് നഗരസഭ എടുത്ത ഒരു തീരുമാനമായിരുന്നില്ല. കരാറുകാരനുമായി ഉണ്ടായ തർക്കത്തെ തുടർന്ന് നിലച്ചുപോയ പ്രവൃത്തികൾ ഉടനെ തന്നെ പുനരാരംഭിക്കാമെന്ന പ്രതീക്ഷയിലായിരുന്നു നഗരസഭ 2015 മെയ് മാസത്തിലാണ് ഇതേ കരാറുകാരനെക്കൊണ്ട് തന്നെ പ്രവൃത്തി പുനരാരംഭിക്കുവാൻ സാധിച്ചത്. എന്നാൽ വായ്പയുടെ തിരിച്ചടവ് കാലയളവിൽ തന്നെ മുറ തെറ്റാതെ ഹഡ്കോയുടെ നിബന്ധനകൾ പ്രകാരം വായ്പാ ഗഡുക്കൾ കൃത്യമായി തിരിച്ചടച്ചിട്ടുള്ളതും 2015 ഓഗസ്റ്റ് മാസത്തിൽ തിരിച്ചടവ് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ പുനരാംഭിച്ചതും ഇപ്പോഴും തുടരുന്നതുമായ പ്രവൃത്തിക്ക് നഗരസഭ മറ്റ് വായ്പകൾ ഒന്നും തന്നെ എടുത്തിട്ടില്ലാത്തതുമാണ്.<br>കൊച്ചി നഗരസഭ മറൈൻ ഡ്രൈവ് മെയിൻ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 2004 എസ്.ഓ.ആർ.പ്രകാരം 12.70 കോടി രൂപയുടെ അടങ്കൽ തയ്യാറാക്കി 12.09.2005 ന് പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചു.ആയതിൽ ലഭിച്ച ആറ് ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിര[illegible]യ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 8.25 % അധിക നിരക്ക് രേഖപ്പെടുത്തിയ |



കൊച്ചി നഗരസഭയിലെരാമേശ്വരം കോളനിയിൽപണിപണി തടസ്സപ്പെട്ട് കിടക്കുന്ന കൊച്ചി കോർപ്പറേഷൻ
പ്രാരംഭദിശയിൽ ഉപേക്ഷിക്കപ്പെട്ട കമ്മ്യൂണിറ്റി ഹാൾഓഫീസ് കെട്ടിടം

തീരുമാനിച്ചിരുന്നത്. എന്നാൽ മെഷർമെന്റ് പ്രകാരം 18 ലക്ഷത്തോളം രൂപ നൽകാനുള്ളതിന് കരാറുകാരൻ കേസ് ഫയൽ ചെയ്ത് 6.5 കോടിയോളം രൂപ ക്ലെയിം ചെയ്തു. ടി തുക നൽകുന്നതിന് ബഹു.എറണാകുളം സബ് കോടതി (ഒ.എസ് നം.40/2013 നമ്പർ കേസ്) ഉത്തരവായിട്ടുള്ളതും ഇതിനെതിരെ നഗരസഭ ബഹു.കേരള ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ്.

2015-ൽനിർമ്മാണംപുനരാരംഭിച്ചുവെങ്കിലും പൂർത്തീകരിക്കുന്നതിനാവശ്യമായ ചില മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കൗൺസിൽ അംഗീകാരം ലഭ്യമാക്കി സാങ്കേതിക അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് അയച്ചിട്ടുള്ളതാണ്. തുടർന്ന് ചില ഭേദഗതികൾ നിർദ്ദേശിച്ച് ചീഫ് എഞ്ചിനീയറുടെ കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി പുനസമർപ്പി ച്ചിട്ടുള്ളതാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു. സാങ്കേതിക അനുമതി ലഭ്യമാക്കുന്നമുറയ്ക്ക്പണിപൂർത്തീകരിക്കാവു ന്നതാണ്. ജി + 6 നിലകളുടെ സ്ട്രക്ച്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

M/S.പി.കെ.രാമചന്ദ്രൻ എന്നകരാറുകാരനുമായി 01/2006-07 ത എഗ്രിമെന്റ് വയ്ക്കുകയും 17.04.2006 ത വർക്ക് ഓർഡർ നൽകുകയു ചെയ്തു.എന്നാൽ പലവിധ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ല ഇപ്പോൾ സ്ട്രക്ചറൽ വർക്ക പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. 13.05.2015ത ജി.ഒ.1411/2015/എൽ.എസ്.ജി.ഡി. നമ്പ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തി നഗരസഭ കൗൺസിൽ തീരുമാനപ്രകാര 2015 നവംബറിൽ ബാലൻസ് സിവിൽ വർക്കിന്റെ 14.90 കോടി രൂപയുട എസ്റ്റിമേറ്റ് 2012 എസ്.ഓആറിന്റെ 25 ? അധിക നിരക്കിൽ കരാറുകാരൻ പ്രവൃത്ത പുനരാരംഭിച്ചു.(എഗ്രിമെന്റ് തുക 18.6 കോടി)കെട്ടിടത്തിന്റെ തൃപ്തികരമാ പൂർത്തീകരണത്തിനാവശ്യമായ അത്യാവശ്യ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് ? പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് (24.7 കോടി രൂപ)തയ്യാറാക്കിയിട്ടുള്ളതും,ആയതിന് GO(RT)1817/2018/LSGD തീയ 03.07.2018 നമ്പർ സർക്കാർ ഉത്തര പ്രകാരം പുതുക്കിയ ഭരണാനുമ ലഭിച്ചിട്ടുള്ളതും,ഇപ്രകാരം പുതുക്കി അടങ്കലിന് തദ്ദേശ സ്വയംഭരണ വകു ചീഫ് എഞ്ചിനിയറിൽ നിന്നും 10.10.20 തീയതിയിൽ സാങ്കേതികാനുമ ലഭിച്ചിട്ടുള്ളതുമാണ്.ഓഫീസ് കെട്ടിടത്തി ഇലക്ട്രിക്കൽ,ലിഫ്റ്റ്,എയർ കണ്ടീഷണി പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക നടപ്പിലാക്കുന്നതിന് പി.ഡബ്ള്യു.ഡി.വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്,പാർട്ടീഷ്യൻ എന്ന പ്രവൃത്തികൾ ഇപ്പോൾ നടന്നു വരുന്നു.

കെട്ടിടത്തിന്റെ പ്ലംബിം വർക്കിന് 1.30 കോടി രൂപയുടെ അടങ്ക


| | | | | |
|---|---|---|---|---|
| | | | | തയ്യാറാക്കിയിട്ടുള്ളതാണ്. |
| 3 | 4.1.7 | **പ്രവർത്തനമില്ലാത്ത കുടിവെള്ള പദ്ധതികൾ**<br>തദ്ദേശഭരണസ്ഥാപനങ്ങളിലെ കുടിവെള്ള/ജലവിതരണ പദ്ധതികളിൽ പലതും നിഷ്ക്രിയാസ്തികളായി മാറുന്നു.വ്യക്തമായ ആസൂത്രണവും, കൃത്യമായ നടത്തിപ്പു സംവിധാനങ്ങളും ഇല്ലാത്തതിനാലാണ് ഭൂരിപക്ഷം കുടിവെള്ള പദ്ധതികളും പ്രവർത്തനരഹിതമായി മാറുന്നത്. ഗുണഭോക്താക്കളുടെ പങ്കാളിത്തക്കുറവും, താൽപ്പര്യമില്ലായ്മയുംമൂലം പ്രവർത്തനരഹിതമാവുന്ന കുടിവെള്ള പദ്ധതികളുമുണ്ട്. മുൻ പദ്ധതികളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാതെ വീണ്ടും അതേതരംപദ്ധതികളുമായി മുന്നോട്ടു പോകുന്നത് കുടിവെള്ള പദ്ധതികളുടെ പരാജയ സാധ്യതകൾ വർദ്ധിപ്പിക്കുന്നു. വിവിധ കാരണങ്ങളാൽ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള കുടിവെള്ള/ജലവിതരണ പദ്ധതികൾക്ക് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.<br>➢ എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭ 2005 ൽ നിർമ്മിച്ച വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗശൂന്യമാണ്. 18ലക്ഷം രൂപയായിരുന്നു ചെലവ്.<br>➢ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2012 ൽ 3.01 കോടി രൂപ ചെലവഴിച്ച ജലവിതരണ പദ്ധതി, 2012-13 ൽ 65.93ലക്ഷം ചെലവഴിച്ച കുടിവെള്ള പദ്ധതി എന്നിവ വിവിധകാരണങ്ങളാൽ പണിപൂർത്തിയാവാതെ മുടങ്ങിക്കിടക്കുകയാണ്. | **പെരുമ്പാവൂർ :**<br>2004-05 MPLAD fund ഉപയോഗിച്ച് അന്ന് നിലവിലുണ്ടായിരുന്ന ഫിഷ്മാർക്കറ്റിലേയും, സ്ലോട്ടർ ഹൗസ്സിലേയും മലിനജലം ശുദ്ധീകരിക്കുന്നതിന് വേണ്ടിയാണ് KAICO മുഖാന്തിരം പ്ലാന്റ് സ്ഥാപിച്ചത്. ശുദ്ധീകരിച്ച വെള്ളം പാത്തിതോടിലേയ്ക്ക് ഒഴുക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.<br>നഗരവൽക്കരണത്തിന്റെ ഭാഗമായി ജനവാസമില്ലാതിരുന്ന ആ പ്രദേശം ജനനിബിഢമായി പരിണമിച്ചു. നിലവിൽ ആ പ്രദേശത്ത് പ്രൈവറ്റ് ബസ് ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ എതിർപ്പു മൂലം സ്ലോട്ടർ ഹൗസിന്റെ പ്രവർത്തനത്തിന് തടസ്സം നേരിടുകയും KSPCB യുടെയും തുടർ പ്രവർത്തനാനുമതി ലഭിക്കാത്തതിനാൽ പ്രവർത്തനം നിർത്തലാക്കുകയും ചെയ്തു. പാത്തിത്തോട്ടിലേയ്ക്ക് വെള്ളം ഒഴുക്കുന്നതിനും എതിർപ്പ് നിലനിന്നിരുന്നു. | **പെരുമ്പാവൂർ :**<br>2004-05 MPLAD fund ഉപയോഗിച്ച് അന്ന് നിലവിലുണ്ടായിരുന്ന ഫിഷ്മാർക്കറ്റിലേയും, സ്ലോട്ടർ ഹൗസ്സിലേയും മലിനജലം ശുദ്ധീകരിക്കുന്നതിന് വേണ്ടിയാണ് KAICO മുഖാന്തിരം പ്ലാന്റ് സ്ഥാപിച്ചത്. ശുദ്ധീകരിച്ച വെള്ളം പാത്തിതോടിലേയ്ക്ക് ഒഴുക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.<br>നഗരവൽക്കരണത്തിന്റെ ഭാഗമായി ജനവാസമില്ലാതിരുന്ന ആ പ്രദേശം ജനനിബിഢമായി പരിണമിച്ചു. നിലവിൽ ആ പ്രദേശത്ത് പ്രൈവറ്റ് ബസ് ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തിക്കുന്നുണ്ട് ജനങ്ങളുടെ എതിർപ്പു മൂലം സ്ലോട്ടർ ഹൗസിന്റെ പ്രവർത്തനത്തിന് തടസ്സം നേരിടുകയും KSPCB യുടെയും തുടർ പ്രവർത്തനാനുമതി ലഭിക്കാത്തതിനാൽ പ്രവർത്തനം നിർത്തലാക്കുകയും ചെയ്ത |

| | | | |
|---|---|---|---|
| | | ആ സാഹചര്യത്തിൽ water treatment plant പ്രവർത്തനം നിലച്ചു.<br><br>നിലവിലെ സാഹചര്യത്തിൽ drainage -ലൂടെ ഒഴുക്കുന്ന അഴുക്കുജലം ശുദ്ധീകരിക്കുന്നതിന് ഈ പ്ലാന്റ് ഉപയോഗിക്കുവാൻ കഴിയുമോയെന്ന് സംബന്ധിച്ച് M/s. KAICO യുടെ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ടപ്പോൾ സ്ഥാപിച്ചിരിക്കുന്നത് Domestic Biodegradable waste water treatment plant ആണെന്നും Vertical Hybrid Biotech Reactor fixed type ആണെന്നും ആയത് drainage water treatment ചെയ്യാൻ ഉപയോഗിക്കുവാൻ സാധിക്കുകയില്ലെന്നുമുള്ള അഭിപ്രായമാണ് ഫോണിൽ ബന്ധപ്പെട്ടപ്പോൾ അറിയുവാൻ കഴിഞ്ഞത്. fixed type plant മറ്റൊരു സൈറ്റിലേക്ക് മാറ്റി സ്ഥാപിച്ചാൽ plant alignment ന് എല്ലാം കേട് സംഭവിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ടി പ്ലാന്റ് ഉപയോഗ്യയോഗ്യമാക്കുവാൻ സാധിക്കുമോയെന്ന് ആരാഞ്ഞ് ഈ നഗരസഭയിൽ നിന്നും A4-1442/16, dt. 10/05/16 പ്രകാരം KSPCB കത്ത് നൽകിയിട്ടുണ്ട്. ഓർമ്മകുറിപ്പ് അയച്ചിട്ടുണ്ട് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല<br><br>**<u>കൊച്ചി :</u>**<br><br>കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഭാഗങ്ങൾ, മരട് മുനിസിപ്പാലിറ്റി, കുമ്പളം,കുമ്പളങ്ങി, ചെല്ലാനം എന്നീ പഞ്ചായത്തുകളാണ് ജനൂറം പദ്ധതിയുടെ പരിധിയിൽ വരുന്നത്. 2009-ൽ നിർമ്മാണം ആരംഭിച്ച പദ്ധതി വഴി 2016-ൽ 2.51 ലക്ഷം പേർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് വഭാവന | പാത്തിത്തോട്ടിലേയ്ക്ക് വെള്ളം ഒഴുക്കുന്നതിനും എതിർപ്പ് നിലനിന്നിരുന്നു. ആ സാഹചര്യത്തിൽ water treatment plant പ്രവർത്തനം നിലച്ചു.<br><br>നിലവിലെ സാഹചര്യത്തിൽ drainage -ലൂടെ ഒഴുക്കുന്ന അഴുക്കുജലം ശുദ്ധീകരിക്കുന്നതിന് ഈ പ്ലാന്റ് ഉപയോഗിക്കുവാൻ കഴിയുമോയെന്ന് സംബന്ധിച്ച് M/s. KAICO യുടെ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ടപ്പോൾ Domestic Biodegradable waste water treatment plant ആണെന്നും Vertical Hybrid Biotech Reactor fixed type ആണ് സ്ഥാപിച്ചിരിക്കുന്നതെന്നും ആയത് drainage water treatment ചെയ്യാൻ ഉപയോഗിക്കുവാൻസാധിക്കുകയില്ലെന്നുമാണ് അറിയുന്നത്.<br><br>**<u>കൊച്ചി :</u>**<br><br>കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഭാഗങ്ങൾ, മരട് മുനിസിപ്പാലിറ്റി, കുമ്പളങ്ങി, ചെല്ല.ാനം എന്നീ പഞ്ചായത്തുകളാണ് ജനോറം പദ്ധതിയുടെ പരിധിയിൽ വരുന്നത്. 2009-ൽ നിർമ്മാണം ആരംഭിച്ച പദ്ധതി വഴി 2016-ൽ 2.51 ലക്ഷം പേർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. 100 ദശലക്ഷം ശേഷിയുള്ള പദ്ധതിയുടെ പരിഷ്കരിച്ച അടങ്കൽതുക 250 കോടി രൂപയാണ്. ഈ പദ്ധതി 13 |

| | | |
|---|---|---|
| | ചെയ്തിട്ടുണ്ട്. 100 ദശലക്ഷം ശേഷിയുള്ള പദ്ധതിയുടെ പരിഷ്ക്കരിച്ച അടങ്കൽ തുക 250 കോടി രൂപയാണ്. ഈ പദ്ധതി 13 പാക്കേജുകൾ ആയിട്ടാണ് നടപ്പിലാക്കിയത്<br><br>പദ്ധതി നിർവ്വഹണം :മൂവാറ്റുപുഴയാറിലെ പിറവംപഞ്ചായത്തിലെ പാഴൂരിൽ നിർമ്മാണ പ്രവർത്തനം കഴിഞ്ഞ 12 മീറ്റർവ്യാസമുള്ള കിണറിൽ നിന്ന് ജലം ശേഖരിച്ച് ആരക്കുന്നത്തുള്ള 43 ലക്ഷം ലിറ്റർ ശേഷിയുള്ള മരട് ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് പുതിയ പമ്പ് ഹൗസിൽ എത്തിച്ച് പശ്ചിമകൊച്ചിയിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജലവിതരണം നടത്തിവരുന്നു. നിർമ്മാണഘട്ടത്തിൽ നേരിട്ട അനവധി തടസ്സങ്ങൾ കാരണം നിശ്ചിത സമയത്ത് പദ്ധതി പൂർത്തീകരിക്കുവാൻ കഴിയിൽ. പാഴൂരിൽ നിന്നും ശുദ്ധീകരണശാല വരെയുള്ള റോവാട്ടർ പൈപ്പ് ലൈൻ സ്ഥാപിക്കാൻ റോഡ് മുറിക്കാൻ അനുമതി ലഭിക്കാഞ്ഞതിനാൽ പുതിയ പാത കണ്ടെത്തേണ്ടിവന്നു. ഇതിനായി 270 ആർ ഭൂമി പുതുതായി ഏറ്റെടുക്കേണ്ടി വന്നു.കൂടാതെ ക്ലിയർ വാട്ടർ പൈപ്പ് ലൈൻ സ്ഥാപിക്കാൻ ദേശീയ പാത അതോറിറ്റിയുടെ അനുമതിയും റെയിൽപ്പാത കുറുകെ | പാക്കേജുകൾ ആയിട്ടാണ് നടപ്പിലാക്കിയത്. മൂവാറ്റുപുഴയിലെ പിറവം പഞ്ചായത്തിലെ പാഴൂരിൽ നിർമ്മാണ പ്രവർത്തനം കഴിഞ്ഞ് 12 മീ.വ്യാസമുള്ള കിണറിൽനിന്ന് ജലം ശേഖരിച്ച് ആരക്കുന്നത്തുള്ള 43 ലക്ഷം ലി.ശേഷിയുള്ള മരട് ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് പുതിയ പമ്പ് ഹൗസിൽ എത്തിച്ച് പശ്ചിമ കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജലം വിതരണം നടത്തിവരുന്നു.<br><br>നിർമ്മാണ ഘട്ടത്തിൽ നേരിട്ട അനവധ തടസ്സങ്ങൾ കാരണം നിശ്ചിത സമയത്ത പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പാഴൂരിൽ നിന്നും ശുദ്ധീകരണശാ വരെയുള്ള റോ വാട്ടർ പൈപ്പ് ലൈ സ്ഥാപിക്കാൻ റോഡ് അനുമ ലഭിക്കാഞ്ഞതിനാൽ പുതിയ പാ കണ്ടെത്തേണ്ടിവന്നു. ഇതിനായി 270 ആ ഭൂമി പുതുതായി ഏറ്റെടുക്കേണ്ടി വന്ന കൂടാതെ ക്ലിയർ വാട്ടർ പൈപ്പ് ലൈ സ്ഥാപിക്കാൻ ദേശീയ പാ അതോറിറ്റിയുടെ അനുമതിയ റെയിൽപാത കുറുകെ കടക്കാ റെയിൽവേയുടെ അനുമതി ലഭിക്കാ ഏറെ കാലതാമസം നേരിട്ടു. എങ്കില 2.2.2016-ൽ പദ്ധതി പൂർണ യ |

| | | | | |
|---|---|---|---|---|
| | | | കടക്കാൻ റെയിൽവെയുടെ അനുമതി ലഭിക്കാൻ ഏറെ കാലതാമസ്സം നേരിട്ടു. എങ്കിലും 2.2.2016 -ൽ പദ്ധതി പൂർണ്ണമായും പൂർത്തിയാക്കി നാടിന് സമർപ്പിച്ചു. | പൂർത്തിയാക്കി നാടിന് സമർപ്പിച്ചു. |
| 10. | 4.1.9 | **ഉപയോഗമില്ലാതെ കിടക്കുന്ന മത്സ്യ മാർക്കറ്റുകളും, ചന്തകളും**<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോടിക്കണക്കിന് രൂപ ചെലവിട്ടു നിർമ്മിച്ചിട്ടുള്ള മത്സ്യ മാർക്കറ്റുകൾ, ചന്തകൾ,ഫിഷ് പ്രോസസിംഗ് സെന്ററുകൾ, ഫിഷ്ലാന്റിംഗ് സെന്ററുകൾ എന്നിവയിൽ പലതും നിഷ്ക്രിയാസ്തികളായി മാറിയിട്ടുണ്ട്.ശരിയായ ആസൂത്രണത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും അഭാവമാണ് ഇത്തരം പദ്ധതികളുടെ പരാജയത്തിനുള്ളമുഖ്യകാരണം.<br>കൊച്ചി കോർപ്പറേഷനിലെ 4 ഫിഷ്ലാന്റിംഗ് സെന്ററുകൾ ഉപയോഗിക്കുന്നില്ല ;<br>13.82 ലക്ഷം രൂപയുടെ ആസ്തികൾ നിഷ്ക്രിയംകൊച്ചി മുനിസിപ്പൽ കോർപ്പറേഷൻനിർമ്മിച്ച 4 ഫിഷ്ലാന്റിംഗ് സെന്ററുകൾ ഉപയോഗിക്കാത്ത നിലയിലാണ്. ഇതുമൂലം 13,82,845/-രൂപ ചെലവിട്ടു നിർമ്മിച്ച ആസ്തികളാണ്നിഷ്ക്രിയമായിരിക്കുന്നത്.<br>2013-14 ൽ 4,96,981/-രൂപ ചെലവിൽഡോൺ ബോസ്കോ റോഡിൽ നിർമ്മിച്ച ഫിഷ്ലാന്റിംഗ് സെന്റർ നിലവിൽ ഉപയോഗിക്കുന്നില്ല.2011-12 ൽ ഇടക്കൊച്ചിയിലെ ഫിഷ്ലാന്റിംഗ്സെന്ററിന്റെ റൂഫിംഗ് നടത്തിയിരുന്നു. എന്നാൽഇതിനായി 2,53,340/- രൂപ ചെലവഴിച്ചിട്ടും ഉപയോഗമില്ലാത്ത നിലയിലാണ്.<br>മരക്കടവിലെ ഫിഷ്ലാന്റിംഗ് സെന്ററിന്റെ നവീകരണാർത്ഥം 2011-12 ൽ കോർപ്പറേഷൻ 3,39,348/-രൂപചെലവഴിക്കുകയുണ്ടായി. എന്നാൽ | **<u>കൊച്ചി :</u>**<br>ഫിഷ്ലാന്റിംഗ് സെന്ററുമായി ബന്ധപ്പെട്ട ഓഡിറ്റ്പരാമർശങ്ങളിൽ താഴെപ്പറയും പ്രകാരം വിശദീകരണം നൽകുന്നു.<br>കൊച്ചി നഗരസഭയുടെ 2011-12 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 08/03/2012-ൽ പൂർത്തീകരിച്ചതാണ് തട്ടാഴം ഫിഷ്ലാന്റിംഗ് സെന്റർ. ഡോൺബോസ്കോ റോഡിന്റെ പടിഞ്ഞാറെ അതിർത്തിയിലുള്ള ഫിഷ്ലാന്റിംഗ് സെന്റർ 2014-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 25/08/2014-ൽ പണിപൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br>മത്സ്യതൊഴിലാളികൾക്ക്, അവരുടെ വള്ളവും, ബോട്ടും അടുപ്പിക്കുന്നതിനും മത്സ്യം ഇറക്കിവെച്ച് വിതരണം ചെയ്യുന്നതിനുമായാണ് ഫിഷ്ലാന്റിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുള്ളത്. മുകൾ പരാമർശത്തിൽ ഉൾപ്പെട്ടവകൂടാതെ ഈ പ്രദേശത്ത് ഫിഷ്ലാന്റിംഗ് സെന്ററുകൾ | |

ഈ ഫിഷ്ലാന്റിംഗ് സെന്ററും നിലവിൽ ഉപയോഗിക്കുന്നില്ല. 2,93,176/-രൂപ ചെലവിട്ട് 2011-12 ൽ നിർമ്മിച്ച തട്ടാഴം ഫിഷ്ലാന്റിംഗ് സെന്ററും ഉപയോഗമില്ലാത്ത നിലയിലാണ്.



ഡോൺബോസ്കോ റോഡിലെ ഉപയോഗമില്ലാത്തഫിഷ്ലാന്റിംഗ് സെന്റർ

➢ ആലുവ നഗരസഭയിലെ ജനറൽ മാർക്കറ്റിനു സമീപം സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്പ്മെന്റ് കോർപ്പറേഷനാണ് ആധുനിക ഫിഷ്മാർക്കറ്റ് നിർമ്മിച്ച് നഗരസഭയ്ക്ക് കൈമാറിയത്. 2012 ൽ നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് ഫണ്ടിൽ നിന്നുള്ള 2.5 കോടി രൂപ വിനിയോഗിച്ചാണ് ഫിഷ്മാർക്കറ്റ് പണിതത്. എന്നാൽ കെട്ടിടത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രവർത്തനക്ഷമമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

വേറെയും നിലവിലുണ്ട്.

2011-12 വാർഷിക പദ്ധതിയിൽപ്പെടുത്തി ഇടക്കൊച്ചിയിൽ നിർമ്മിച്ച ഫിഷ്ലാന്റിംഗ് സെന്റർ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയാത്തത് നിർമ്മാണ ശേഷം ഫിഷ്ലാന്റിംഗ് സെന്ററിൽ കിഴക്കു ഭാഗത്ത് കായലിൽ നിരന്തരമായി ചെളി വന്നു കൂടിയതിനാൽ വള്ളങ്ങൾക്ക് വേലിയിറക്ക സമയത്ത് അടുക്കുവാൻ കഴിയാത്തതിനാലാണ്. കായലിൽ വളരെ ദൂരം ചെളി അടിഞ്ഞതിനാൽ ഇത് നീക്കം ചെയ്യുന്നതിന് മത്സ്യബന്ധന തൊഴിലാളികൾ പോർട്ട് ട്രസ്റ്റിലും, ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിലുംപരാതിപ്പെട്ടിട്ടുണ്ട്. ചെളി നീക്കിയാൽ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതാണ്. ഇപ്പോൾ വേലിയേറ്റ് സമയത്ത് ഉപയോഗിക്കുന്നുണ്ട്.


മത്സ്യലഭ്യത അനുസരിച്ച് എല്ലാ ഫിഷ്ലാന്റിംഗ് സെന്ററും തൊഴിലാളികൾ മാറിമാറി ഉപയോഗിച്ചു വരുന്നു.

മത്സ്യലഭ്യത കുറവാകുന്ന സമയങ്ങളിൽ ഈ സ്ഥലം മത്സ്യതൊഴിലാളികൾക്ക് ഉപയോഗിക്കേണ്ടി വരുന്നില്ല. ഈ സമയത്ത് ഇവിടെ അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടാറുണ്ട്. ആയത് നഗരസഭ ഹെൽത്ത് വിഭാഗം നീക്കം ചെയ്യാറുള്ളതു

| | | | |
|---|---|---|---|
| | | മാണ്. എന്നാൽ മത്സ്യബന്ധന സീസൺ ആവുന്ന തോടുകൂടി ഈ മാലിന്യങ്ങൾ നീക്കം ചെയ്ത് ഈ സ്ഥലംമത്സ്യതൊഴിലാളികൾ ഉപയോഗിച്ചു വരുന്നുണ്ട്.ഈ നിർമ്മാണം നിഷ്ക്രിയ ആസ്തി അല്ല എന്നും, അത് മത്സ്യതൊഴിലാളികൾ ഉപയോഗിക്കുന്നുണ്ട് എന്നും ഇവിടെ അന്വേഷണം നടത്തിയതിൽ മനസ്സിലാക്കുന്നു.<br><br>ഈ സാഹചര്യത്തിൽമേൽ പറഞ്ഞ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് താൽപര്യപ്പെടുന്നു.<br><br><u>ആലുവ</u> : Coastal Management Authority Central Govt Fund ഉപയോഗിച്ച് നിർമ്മിച്ച് 15.04.2013 തീയതിയിൽ നഗരസഭയ്ക്ക് കൈമാറിയ ഫിഷ് മാർക്കറ്റ് കെട്ടിടത്തിന്റെ താഴത്തെ നില auction hall അടക്കം 886.61 $m^2$ ഉം ഒന്നാം നില 685.51 $m^2$ ആണുള്ളത്. ടി കെട്ടിടം പണിയുന്നതിന് വേണ്ടി പൊളിച്ചു മാറ്റപ്പെട്ട കെട്ടിടത്തിൽ പച്ചമീൻ, ഉണക്കമീൻ, ആട്ടിറച്ചി, മാട്ടിറച്ചി കോഴി ഇറച്ചി എന്നീ വ്യാപാരം നടത്തിയിരുന്നവർക്ക് പുനരധിവാസ വ്യവസ്ഥ പ്രകാരം ടി കെട്ടിടത്തിന്റെ താഴത്തെ നിലയിലെ 23 മുറികൾ അനുവദിച്ചു നൽകിയിട്ടുള്ളതും ബാക്കി വരുന്ന ഒന്നാം നിലയിലെ 23 മുറികൾ 23/11/16 തീയതിയിൽ ലേലം, 14/12/16 തീയതിയിൽ പുനർ ലേലം എന്നിവ നടത്തുകയും 17/12/16 തീയതിയിൽ ഓഫർ ക്ഷണി ക്കുകയും ചെയ്തിട്ടും ആരും തന്നെ ഏറ്റെടുക്കാത്ത തിനാൽ ടി മുറികൾ കൗൺസിൽ തീരുമാനപ്രകാരം 20% | <u>ആലുവ</u> :<br><br>Coastal Management Authority Central Govt Fund ഉപയോഗിച്ച് നിർമ്മിച്ച് 15.04.2013 തീയതിയിൽനഗരസഭയ്ക്ക് കൈമാറിയ ഫിഷ് മാർക്കറ്റ് കെട്ടിടത്തിന്റെ താഴത്തെ നില auction hall അടക്കം 886.61 $m^2$ ഉം ഒന്നാം നില 685.51 $m^2$ ആണുള്ളത്. ടി കെട്ടിടം പണിയുന്നതിന് വേണ്ടി പൊളിച്ചു മാറ്റപ്പെട്ട കെട്ടിടത്തിൽ പച്ചമീൻ, ഉണക്കമീൻ; ആട്ടിറച്ചി, മാട്ടിറച്ചി കോഴി ഇറച്ചി എന്നീ വ്യാപാരം നടത്തിയിരുന്നവർക്ക് പുനരധിവാസ വ്യവസ്ഥ പ്രകാരം ടി കെട്ടിടത്തിന്റെ |

| | | | |
|---|---|---|---|
| | | ഡെപ്പോസിറ്റും വാടകയും കുറവ് വരുത്തി വീണ്ടും 28/4/17 തീയതിയിൽ ലേലവും 24/5/17 തീയതിയിൽ പുനർ ലേലവും നടത്തുകയും 14/6/17 തീയതിയിൽ ഓഫർ ക്ഷണിക്കുകയും ചെയ്തിട്ടും ആരും തന്നെ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ വീണ്ടും ഓഫർ ക്ഷണിക്കുന്നതിനുള്ള ഫിനാൻസ് കമ്മിറ്റി തീരുമാനപ്രകാരം 6/10/17 തീയതിയിൽ വീണ്ടും ഓഫർ ക്ഷണിച്ചിട്ടും ആരും തന്നെ ഏറ്റെടുക്കാത്ത തിനാൽ വിഷയം വീണ്ടും കൗൺസിലിൽ സമർപ്പിച്ചിരിക്കുന്നതാണ്. താഴത്തെ മുറികളിൽ നിന്നും പ്രതിമാസം വാടകയിനത്തിൽ 122646/- രൂപയാണ് ലഭിക്കുന്നത്. | താഴത്തെ നിലയിലെ 23 മുറികൾ അനുവദിച്ചു നൽകിയിട്ടുള്ളതും ബാക്കി വരുന്ന ഒന്നാം നിലയിലെ 23 മുറികൾ 23/11/16 തീയതിയിൽ ലേലം, 14/12/16 തീയതിയിൽപുനർ ലേലം എന്നിവ നടത്തുകയും 17/12/16 തീയതിയിൽഓഫർ ക്ഷണി ക്കുകയും ചെയ്തിട്ടും ആരും തന്നെ ഏറ്റെടുക്കാത്ത തിനാൽടി മുറികൾ കൗൺസിൽതീരുമാനപ്രകാരം 20% ഡെപ്പോസിറ്റും വാടകയും കുറവ് വരുത്തി വീണ്ടും 28/4/17 തീയതിയിൽലേലവും 24/5/17 തീയതിയിൽപുനർ ലേലവും നടത്തുകയും 14/6/17 തീയതിയിൽഓഫർ ക്ഷണിക്കുകയും ചെയ്തിട്ടും ആരും തന്നെ ഏറ്റെടുക്കാത്ത സാഹചര്യത്തിൽവീണ്ടും ഓഫർ ക്ഷണിക്കുന്നതിനുള്ള ഫിനാൻസ് കമ്മിറ്റി തീരുമാനപ്രകാരം 6/10/17 തീയതിയിൽവീണ്ടും ഓഫർ ക്ഷണിച്ചിട്ടും ആരും തന്നെ ഏറ്റെടുക്കാത്ത തിനാൽവിഷയം വീണ്ടും കൗൺസിലിൽസമർപ്പിച്ചു, 28.12.2017, 02.08.2017 തീയതികളിലും ലേലം നടത്തിയെങ്കിലും ആരും ഏറ്റെടുത്തില്ല. താഴത്തെ മുറികളിണ്ടൽനിന്നും പ്രതിമാസം വാടകയിനത്തിൽ122646/- രൂപയാണ് ലഭിക്കുന്നത്. |

| | | | | |
|---|---|---|---|---|
| 1. | 4.1.10 | **അശരണർ പെരുകുന്നു; പകൽവീടുകൾ അടഞ്ഞുകിടക്കുന്നു**<br>സമൂഹത്തിൽ എണ്ണം കൂടിവരുന്ന വൃദ്ധജനതയുടെ ക്ഷേമം ലക്ഷ്യമിടുന്ന പുതിയ സംരംഭങ്ങളാണ് പകൽവീടുകളും, വൃദ്ധസദനങ്ങളും. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വലിയൊരു ശതമാനം പകൽ വീടുകളും പ്രവർത്തനമേതുമില്ലാതെ അടഞ്ഞുകിടക്കുന്നതായാണ്ഓഡിറ്റ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങളുടെ തുടർ നടത്തിപ്പിനായി ക്രിയാത്മകമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങൾ പരാജയപ്പെടുന്നു.ഓഡിറ്റ് പരിശോധന നടത്തിയ 217 തദ്ദേശഭരണസ്ഥാപനങ്ങളിലായി 2.66 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പകൽവീടുകളും, വൃദ്ധസദനങ്ങളും, സാന്ത്വനകേന്ദ്രങ്ങളുമാണ് നിഷ്ക്രിയാവസ്ഥയിലുള്ളത്. ആവർത്തനചെലവു വരുന്ന സംരംഭങ്ങൾ എന്ന നിലയിൽ, പകൽ വീടുകളുടെ തുടർ നടത്തിപ്പ് ഏറ്റെടുക്കുവാൻ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിമുഖതകാട്ടുന്നു.<br><br>➢ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2006-07 ൽ നിർമ്മാണമാരംഭിച്ച വനിതാ വൃദ്ധസദനം രണ്ടാംനിലയുടെ കോൺക്രീറ്റിംഗ് വരെ പൂർത്തിയായ നിലയിലാണ്. 72,12,987/-രൂപ ചെലവഴിച്ച ഈ കെട്ടിടം നിലവിൽ കാടു പിടിച്ചു കിടക്കുകയാണ്.<br><br>2012-13 ൽ 16,98,885/-രൂപയ്ക്ക് നിർമ്മിച്ച ചുള്ളക്കലിലെ പകൽവീട് ഉപയോഗമില്ലാത്ത നിലയിലാണ്. ചെലവന്നൂരുള്ള പകൽവീട് പൂട്ടിയിട്ടിരിക്കുകയാണ്. 2013-14ൽ 18,02,013/-രൂപ ചെലവഴിച്ചാണ് ഈ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. | കൊച്ചി :<br>തേവര വൃദ്ധസദന കെട്ടിടത്തിന്റെ പൂർത്തീകരണം എന്ന പ്രവർത്തിയുടെ പ്രാഥമിക വേലകൾ മെ.ഹാബിറ്റാറ്റ് എന്ന ഏജൻസി മുഖാന്തിരം മോഡണൈസേഷൻ ഒഫ് ഗവൺമെന്റ് പ്രോഗ്രാം (എം.ജി.പി.) ഫണ്ടുപയോഗിച്ച് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ വർക്കുകൾ നിർമ്മിച്ചിട്ടുള്ളതാണ്. ഫണ്ടിന്റെ അപര്യാപ്തത മൂലം നിർമ്മാണം പൂർത്തിയാക്കാൻ മെ. ഹാബിറ്റാറ്റിന് സാധിക്കാതെ വരികയും കെട്ടിട നിരമ്മാണം നിർത്തിവയ്ക്കേണ്ടതായും വന്നിട്ടുള്ളതാണ്. എന്നാൽ സാമൂഹ്യക്ഷേമ കരവും മാനുഷികവുമായ പരിഗണന വൃദ്ധർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടടെ 2010-11 വർഷത്തെ വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൽ 42 ലക്ഷം രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം ലഭിച്ചു. എന്നാൽ സർക്കാർ അനുമതി വാങ്ങി പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന് SLTAG നിഷ്ക്കർഷിച്ച തിനാൽ സർക്കാർ അനുമതി ലഭ്യമാക്കി നഗരസഭ | കൊച്ചി :<br>പണിപൂർത്തീകരിച്ച് നിലവിൽ പ്രവർത്തിച്ചു വരുന്നു. |



കൊച്ചി കോർപ്പറേഷനിലെ ചുള്ളിക്കലിൽ ഉപയോഗിക്കാത്ത നിലയിലുള്ള പകൽവീട്

എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേരിട്ടുള്ള ചുമതല യിൽ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് കാലതാമസം വരുമെന്ന സാഹചര്യം പരിഗണിച്ചു കൊണ്ടും വൃദ്ധജനങ്ങളുടെ ക്ഷേമപരിപാലനം നഗരസഭയുടെ ഉത്തരവാദിത്വമാണെന്ന വിഷയം കണക്കിലെടുത്തുകൊണ്ടും പദ്ധതി എത്രയും പെട്ടെന്ന് നിർവ്വഹിക്കണമെന്ന ഉദ്ദേശ്യത്തോടെ കെട്ടിടം പണി പൂർത്തിയാക്കുന്നതിനായി കൊച്ചി നഗരസഭ സർക്കാർ ഏജൻസിയായ KSHB ക്ക് തുക ഡെപ്പോസിറ്റ് ചെയ്തു. ചെയ്യുകയാണുണ്ടായിട്ടുള്ളത്.

സാമൂഹ്യക്ഷേമകരമായ പദ്ധതി പൂർത്തിയാക്കുക എന്നത് അത്യന്താപേക്ഷിതമായതിനാൽ 25.1.2011-ലെ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യുകയും, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.2.2011-ലെ 4-ാം നമ്പർ തീരുമാന പ്രകാരവും ബഹു. കൗൺസിലി ന്റെ 22.2.2011-ലെ 4-ാം നമ്പർ തീരുമാന പ്രകാരവു മുള്ള അംഗീകാരത്തോടെ സർക്കാർ ഏജൻസിയായ KSHB-ക്ക്

| | | | |
|---|---|---|---|
| | | തുക ഡെപ്പോസിറ്റ് ചെയ്തത്. KSHB -ക്ക് തുക കൈമാറിയിട്ടും നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുവാനോ പൂർത്തീകരിക്കുവാനോ KSHB -ക്ക് സാധിക്കാത്ത സാഹചര്യത്തിൽ 2014-15 വർഷം വികേന്ദ്രീകൃതാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തി മൾട്ടി ഇയർ പ്രോജക്ടായി തേവര വൃദ്ധസദനം കെട്ടിടം നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേരിട്ടുള്ള ചുമതലയിൽ ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്.<br>കെ.എസ്.എച്ച്.ബി ൽ ഡെപ്പോസിറ്റ് ചെയ്ത 42 ലക്ഷം രൂപയിൽ നിന്നും അവരുടെ കൺസൽട്ടിംഗ് ഫീസ് ഇനത്തിലുള്ള തുക കിഴിച്ച് ബാക്കി 41,38,743/- രൂപ നഗരസഭാ ഫണ്ടിൽ തിരികെ അടവാക്കിയിട്ടുള്ളതാണ്.<br>ചുള്ളിക്കൽ പകൽവീട് നിലവിൽ നല്ല നിലയിൽ തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് എന്ന വിവരം അറിയിച്ചുകൊള്ളുന്നു. ചിലവന്നൂർ പകൽ വീടിന്റെ ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് പ്രവർത്തി | |

| | | | |
|---|---|---|---|
| | | കൾ പൂർത്തികരിച്ച് പകൽ വീടിന്റെ പ്രവർത്തനം നടന്നുവരുന്നു. | |
| 4.1.12 | **അറവുശാലകൾ നിഷ്ക്രിയ ആസ്തിയായി മാറുന്നു**<br>പുതിയ അറവുശാലകൾ സ്ഥാപിക്കുവാനും നിലവിലുള്ളവ നവീകരിക്കാനുമായി വൻതുകകളാണ് തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവിടുന്നത്. എന്നാൽ പല കാരണങ്ങളാൽ അറവുശാലകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നതിനാൽതദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള കോടിക്കണക്കിന് രൂപയുടെ നിർമ്മാണങ്ങൾ നിഷ്ക്രിയമായി മാറുകയാണ്.പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ അറവുശാല സ്ഥാപിക്കൽ, നവീകരണം, യന്ത്രവൽക്കരണം എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ളതിൽ 2.63 കോടി രൂപയുടെ ആസ്തികൾ നിഷ്ക്രിയമായതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു;<br>➢ എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭ 2000 ൽ വാങ്ങിയ ആധുനിക അറവുയന്ത്രങ്ങൾ ഉപയോഗിക്കാതെ പൂർണ്ണമായും നശിച്ച നിലയിലാണ്. 4,36,253/-രൂപയാണ് ഇതിനായി ചെലവിട്ടത്. | പെരുമ്പാവൂർ : പെരുമ്പാവൂർ നഗരസഭയിലെ അറവുശാല പ്രവർത്തിച്ചിരുന്നത് നഗരസഭ ഹൃദയഭാഗത്ത് തന്നെ താരതമ്യേന ഒഴിഞ്ഞ ഒരിടത്തായിരുന്നു. പരമ്പരാഗത രീതിയിൽ അറവുനടന്നിരുന്ന ഇവിടെ മാലിന്യ സംസ്ക്കരണത്തിന് സംവിധാനങ്ങളൊന്നും ഉണ്ടായിരുന്നില്ല. നഗരം പുരോഗമിച്ചതോടുകൂടി അറവുശാലയുടെ സമീപത്തായി പ്രൈവറ്റ് ബസ് സ്റ്റാന്റ് വരികയും കച്ചവടസ്ഥാപനങ്ങൾ വർദ്ധിക്കുകയും ചെയ്തു. ഇതോടെ സ്ഥലപരിമിതിമൂലം മാലിന്യസംസ്ക്കരണ സംവിധാനം ഫലപ്രദമല്ലാതെ വരികയും അറവുശാല പൊതുജനങ്ങൾക്ക് ശല്യവും, പൊതുജനാരോഗ്യ പ്രശ്നവുമായി മാറി. ഈ സാഹചര്യത്തിലാണ് ആധുനീക അറവുയന്ത്രം സ്ഥാപിച്ച് പട്ടണത്തിലും സമീപപ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് ശുചിത്വമുള്ളതും, നിലവാരമുള്ളതുമായ മാംസം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അറവുശാല യന്ത്രവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. മണ്ണുത്തി കാർഷിക സർവ്വകലാശാല (മൃഗസംരക്ഷണം) | പെരുമ്പാവൂർ നഗരസഭയിലെ അറവുശാല പ്രവർത്തിച്ചിരുന്നത് നഗരസഭ ഹൃദയഭാഗത്ത് തന്നെ താരതമ്യേന ഒഴിഞ്ഞ ഒരിടത്തായിരുന്നു. പരമ്പരാഗത രീതിയിൽ അറവുനടന്നിരുന്ന ഇവിടെ മാലിന്യ സംസ്ക്കരണത്തിന് സംവിധാനങ്ങളൊന്നും ഉണ്ടായിരുന്നില്ല. നഗരം പുരോഗമിച്ചതോടുകൂടി അറവുശാലയുടെ സമീപത്തായി പ്രൈവറ്റ് ബസ് സ്റ്റാന്റ് വരികയും കച്ചവടസ്ഥാപനങ്ങൾ വർദ്ധിക്കുകയും ചെയ്തു. ഇതോടെ സ്ഥലപരിമിതിമൂലം മാലിന്യസംസ്ക്കരണ സംവിധാനം ഫലപ്രദമല്ലാതെ വരികയും അറവുശാല പൊതുജനങ്ങൾക്ക് ശല്യവും, പൊതുജനാരോഗ്യ പ്രശ്നവുമായി മാറി. ഈ സാഹചര്യത്തിലാണ് ആധുനീക അറവുയന്ത്രം സ്ഥാപിച്ച് പട്ടണത്തിലും സമീപപ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് ശുചിത്വമുള്ളതും, നിലവാരമുള്ളതുമായ മാംസം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അറവുശാല യന്ത്രവൽക്കരിക്കാൻ നടപടികൾ |

| | | | |
|---|---|---|---|
| | | യുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് ടി യന്ത്രം സ്ഥാപിച്ചത്.അറവുശാല യന്ത്രവൽക്കരിക്കുന്നതിലൂടെ പരിസര വാസികൾക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുകൾ കുറയുമെന്നും എതിർപ്പുകൾ ഒഴിവാകുമെന്നുമാണ് നഗരസഭ പ്രതീക്ഷിച്ചത് . 4,36,253/- രൂപ ചെലവഴിച്ച് യന്ത്രം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.<br><br>അറവു തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകിയിരുന്നുവെങ്കിലും പരമ്പരാഗതവും, മതാചാര പ്രകാരവും, അറവുനടത്തി ശീലിച്ച തൊഴിലാളികൾക്ക് പുതിയ യന്ത്രം ഉപയോഗിച്ച് പ്രർത്തിക്കുന്നതിന് പ്രയാസം നേരിടുകയും ടിയാന്മാർ പഴയ രീതിയിലേക്ക് മാറുകയും ചെയ്തു. തൊഴിലാളികൾക്ക് ബോധവൽക്കരണം നൽകിയും, പരിശീലിപ്പിച്ചും ടി യന്ത്രങ്ങൾ ഉപയോഗിക്കാൻ പ്രാപ്തമാക്കാൻ പലശ്രമങ്ങളും നടത്തിയെങ്കിലും ഒന്നും വിജയിച്ചില്ല. തുടർന്ന് അറവുശാല പ്രവർത്തനം സംബന്ധിച്ച 2000-ത്തിലെ കേന്ദ്ര സർക്കാരിന്റെ സ്ലോട്ടർ ഹൗസ് റൂളിന്റെ അടിസ്ഥാനത്തിൽ കൃഷിവകുപ്പിന്റെ 19.11.2013-ലെ G.O/(Rt)1993/13AD നമ്പർ | സ്വീകരിച്ചിട്ടുള്ളത്. മണ്ണുത്തി കാർഷിക സർവ്വകലാശാല(മൃഗസംരക്ഷണം)യുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് ടി യന്ത്രം സ്ഥാപിച്ചത്. അറവുശാല യന്ത്രവൽക്കരിക്കുന്നതിലൂടെ പരിസര വാസികൾക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുകൾ കുറയുമെന്നും എതിർപ്പുകൾ ഒഴിവാകുമെന്ന് നഗരസഭ പ്രതീക്ഷിച്ച് 4,36,253/- രൂപ ചെലവഴിച്ച് യന്ത്രം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.<br><br>അറവു തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകിയിരുന്നുവെങ്കിലും പരമ്പരാഗതവും, മതാചാര പ്രകാരവും, അറവുനടത്തി ശീലിച്ച തൊഴിലാളികൾക്ക് പുതിയ യന്ത്രം ഉപയോഗിച്ച് പ്രർത്തിക്കുന്നതിന് പ്രയാസം നേരിടുകയും ടിയാന്മാർ പഴയ രീതിയിലേക്ക് മാറുകയും ചെയ്തു. തൊഴിലാളികൾക്ക് ബോധവൽക്കരണം നൽകിയും, പരിശീലിപ്പിച്ചും ടി യന്ത്രങ്ങൾ ഉപയോഗിക്കാൻ പ്രാപ്തമാക്കാൻ പലശ്രമങ്ങളും നടത്തിയെങ്കിലും ഒന്നും വിജയിച്ചില്ല. തുടർന്ന് അറവുശാല പ്രവർത്തനം സംബന്ധിച്ച 2000-ത്തിലെ കേന്ദ്ര സർക്കാരിന്റെ സ്ലോട്ടർ ഹൗസ് |


| | | |
|---|---|---|
| | ഉത്തരവിലൂടെ ആധുനിക അറവുശാലയുടെ സൗകര്യങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുണ്ടായി.<br>മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം കശാപ്പുശാലകളിൽ മൃഗങ്ങളെ ഇറക്കുന്നതിനും, പരിശോധിക്കുന്നതിനും, ഭക്ഷണം, വിശ്രമം എന്നിവ നൽകുന്നതിനും ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിന് 24 മണിക്കൂർ മുമ്പ് വെറ്റിനറി സർജ്ജൻ പരിശോധിച്ച് (Ante mortem) സർട്ടിഫിറ്റ് നൽകേണ്ടതാണ്. പോസ്റ്റ് മോർട്ടം കൂടി നടത്തിയശേഷം മാത്രമേ മാംസം വിൽപ്പനയ്ക്ക്/ ഉപയോഗത്തിന് നൽകാവൂ.<br>ഇതുപ്രകാരം കുറഞ്ഞത് 75 സെന്റ് സ്ഥലമെങ്കിലും അറവുശാലയുടെ പ്രവർത്തനത്തിന് ആവശ്യമാണ്. ഇത്തരത്തിലുള്ള വ്യവസ്ഥകൾ വരുന്നതിന് മുമ്പ് നഗരഹൃദയ ഭാഗത്ത് പരിമിതമായ സൗകര്യത്തിൽ ഉദ്ദേശം 10 സെന്റ് സ്ഥലത്ത് നിർമ്മിച്ച നഗരസഭയുടെ അറവുശാല പട്ടണനടുവിൽ സ്ഥിതി ചെയ്യുന്നതും മേൽ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സ്ഥലസൗകര്യമോ, കെട്ടിട സൗകര്യമോ ഇല്ലാത്തതുമാണ് എന്നതിനാൽ മലിനീകരണ | റൂളിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന്റെ 19.11.2013–ലെ G.O(Rt)/1993/13/AD നമ്പർ ഉത്തരവിലൂടെ ആധുനിക അറവുശാലയുടെ സൗകര്യങ്ങൾ സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുണ്ടായി.<br>മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം കശാപ്പുശാലകളിൽ മൃഗങ്ങളെ ഇറക്കുന്നതിനും, പരിശോധിക്കുന്നതിനും, ഭക്ഷണം, വിശ്രമം എന്നിവ നൽകുന്നതിനും ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിന് 24 മണിക്കൂർ മുമ്പ് വെറ്റിനറി സർജ്ജൻ പരിശോധിച്ച് (Ante mortem) സർട്ടിഫിറ്റ് നൽകേണ്ടതാണ്. പോസ്റ്റ് മോർട്ടം കൂടി നടത്തിയശേഷം മാത്രമേ മാംസം വിൽപ്പനയ്ക്ക്/ ഉപയോഗത്തിന് നൽകാവൂ.<br>ഉത്തരവു പ്രകാരം കുറഞ്ഞത് 75 സെന്റ് സ്ഥലമെങ്കിലും അറവുശാലയുടെ പ്രവർത്തനത്തിന് ആവശ്യമാണ്. ഇത്തരത്തിലുള്ള വ്യവസ്ഥകൾ വരുന്നതിന് മുമ്പ് നഗരഹൃദയ ഭാഗത്ത് പരിമിതമായ സൗകര്യത്തിൽ ഉദ്ദേശം 10 സെന്റ് |

| | | | |
|---|---|---|---|
| | | നിയന്ത്രണബോർഡിന്റെ പ്രവർത്തനാനുമതി തുടർന്ന് ലഭിക്കാതെ വരികയും പ്രവർത്തനം നിർത്തിവെക്കാൻ നിർബന്ധിതമായി തീരുകയും ചെയ്തു.<br>മേൽ സാഹചര്യത്തിൽ നഗരസഭാ പരിധിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി യന്ത്രങ്ങൾ മാറ്റി സ്ഥാപിച്ച് ആധുനീക അറവുശാല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ബഹു. കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. അറവുശാല നിലവിൽ പ്രവർത്തിക്കുന്നില്ല. അറവുശാല പ്രവർത്തിച്ചിരുന്ന കെട്ടിടം മത്സ്യ വിപണന ബോക്സ് സൂക്ഷിക്കുന്ന ഗോഡൗണായി പ്രതിമാസം 15,000 രൂപ വാടകക്ക് നൽകി വരുമാനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവയ്ക്കു പുറമെ അജൈവമാലിന്യ ശേഖരണത്തിനായി താല്ക്കാലിക എംആർഎഫ് സെന്ററായി മറ്റൊരുഭാഗം ഉപയോഗിച്ചുവരുന്നു. കാലപഴക്കംമൂലം യന്ത്രഭാഗങ്ങൾ തുരുമ്പിച്ചതിനെന്റെ തുടർന്ന് ഇവ ഉപയോഗിക്കുവാൻ സാധ്യമല്ലാത്തതിനാൽ ഇവ ലേലം ചെയത് കൈയൊഴിയുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധ്യപ്പിക്കുന്നു | സ്ഥലത്ത് നിർമ്മിച്ച നഗരസഭയുടെ അറവുശാല പട്ടണനടുവിൽ സ്ഥിതി ചെയ്യുന്നതും മേൽ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സ്ഥലസൗകര്യമോ, കെട്ടിട സൗകര്യമോ ഇല്ലാത്തതുമാണ് എന്നതിനാൽ മലിനീകരണ നിയന്ത്രണബോർഡിന്റെ പ്രവർത്തനാനുമതി തുടർന്ന് ലഭിക്കാതെ വരികയും പ്രവർത്തനം നിർത്തിവെക്കാൻ നിർബന്ധിതമായി തീരുകയും ചെയ്തു.<br>അറവുശാല മെഷീനറി സ്ഥാപിച്ചിട്ടും മേൽപ്പടി യന്ത്രങ്ങൾ ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം 4,26,481/- രൂപ നഗരസഭ ഭരണ സമിതി അംഗങ്ങളിൽ നിന്നും നഗരസഭ സെക്രട്ടറിയിൽ നിന്നും ഈടാക്കി റിപ്പോർട്ടു ചെയ്യുന്നതിനുള്ള നഗരകാര്യ ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കൗൺസിലർമാർക്ക് നഗരസഭയിൽ നിന്നും നോട്ടീസ് നൽകുകയുണ്ടായി ആയതിന്റെ അടിസ്ഥാനത്തിൽ കൗൺസിലർമാർ ഹൈക്കോടതയിൽ W.P. (C) 6087/16 ആയി കേസ്സ് ഫയൽ ചെയ്തിട്ടുള്ളതും, ബഹു: ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതുമാണ്. |

| | | | | |
|---|---|---|---|---|
| 14 | 4.1.13 | **കാർഷികോപകരണങ്ങൾ ഉപയോഗ ശൂന്യംതുരുമ്പെടുക്കുന്നത് കോടികളുടെ ആസ്തികൾ**<br>വിവിധ കാർഷിക പദ്ധതികളിൽപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള പല കാർഷികോപകരണങ്ങളും ശരിയായ വിധത്തിൽ ഉപയോഗിക്കാതെ നശിക്കുന്ന അവസ്ഥയുണ്ട്. കാർഷിക ഉപകരണങ്ങളുടെ ശരിയായ പ്രവർത്തനമോ മേൽനോട്ടമോ ഉറപ്പുവരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.വിവിധ പ്രദേശങ്ങൾക്ക് അനുയോജ്യമല്ലാത്ത കാർഷികോപകരണങ്ങൾ വാങ്ങിയതിനാൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവാങ്ങിയ കാർഷിക ഉപകരണങ്ങൾ ഉപയോഗമില്ലാതെനിഷ്ക്രിയമായതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു;<br>➢ എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭ 1,65,789/-രൂപ മുടക്കി 2010-11, 2011-12 ൽ വാങ്ങിയ 6 കാടുവെട്ട് യന്ത്രങ്ങൾ ഉപയോഗിക്കാതെ നശിക്കുകയാണ്. | <u>കോതമംഗലം :</u><br>കോതമംഗലം നഗരസഭ 2010-11, 2011-12-ൽ വികസന മാർഗ്ഗരേഖ അടിസ്ഥാനമാക്കി എസ് 001/11, എസ് 002/12 പദ്ധതികൾ പ്രകാരം ആകെ. 6 കാർഷികോപകരണ യന്ത്രങ്ങൾ(4 കൊയ്ത്തു യന്ത്രവും 2 കാടു വെട്ട് യന്ത്രവും) വാങ്ങി കൃഷി വകുപ്പിന് കൈമാറിയിരുന്നതാണ്. ടി യന്ത്രങ്ങൾ നിലവിൽ കൃഷി വകുപ്പാണ് കൈകാര്യം ചെയ്തു വരുന്നത്. 4 യന്ത്രങ്ങൾ കൃഷി വകുപ്പ് ഉപയോഗിച്ചിരുന്നതും, 2 യന്ത്രം ഓഡിറ്റ് റിപ്പോർട്ടിൽ<br>പറഞ്ഞിരിക്കുന്നതിനനുസൃതമായി പാടശേഖര സമിതിയ്ക്ക്<br>കൈമാറിയിട്ടുള്ളതായിരുന്നുവെന്നും, ആയത് ഇപ്പോഴും പ്രവർത്തിക്കുന്നുവെന്നും കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. എന്നാൽ കൊയ്ത്തു യന്ത്രങ്ങളുടെ ഉപയോഗത്തിലുള്ള വേഗതക്കുറവ് മൂലവും, നൂതന കൊയത്ത് യന്ത്രങ്ങൾ ബ്ലോക്കിന്റെ അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും കർമ്മ സേനകളുടെ പക്കൽ നിന്നും സ്റ്റോക്കിലുള്ള യന്ത്രങ്ങളേക്കാൾ കുറഞ്ഞ ചിലവിൽ ലഭ്യമായതിനാൽ ടി യന്ത്രങ്ങൾക്ക് ആവശ്യക്കാർ വളരെ കുറവാണെന്നും കൃഷി വകുപ്പ് മറുപടി നൽകിയിട്ടുള്ളതുമാണ് | <u>കോതമംഗലം :</u><br>നഗരസഭ 2010-11, 2011-<br>സാമ്പത്തിക വർഷങ്ങളിലാണ് 6 പുൽ വെ യന്ത്രങ്ങൾ വാങ്ങിയത്. അന്നു മുതര നാളിതുവരെ 8 വർഷങ്ങളായി ട യന്ത്രങ്ങൾ നഗരസഭയിലെ വിവി വാർഡുകളിൽ<br>ഉപയോഗപ്പെടുത്തിയിരുന്നു. ചെറിയ തകരാറുകൾ ഉണ്ടാകുമ്പോൾ റിപ്പയ ചെയ്ത് 28.9.2016 വരെ ടി യന്ത്രങ്ങ നഗരസഭയിലെ പൊതു ആവശ്യങ്ങൾക്ക വേണ്ടി ഉപയോഗിച്ചിരുന്നതാണ്. നിരന്തര ഉപയോഗത്തെ തുടർന്ന് നിലവിൽ ഇവ നന്നാക്കാൻ പറ്റാത്തവിധം ഉപയോഗ ശൂന്യമായിട്ടുള്ളതാണെന്ന വിവര റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| | 4.1.14 | **ഇ-ടോയ്ലെറ്റുകളും, ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല**<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്ലെറ്റുകൾ, ശൗചാലയങ്ങൾ എന്നിവയിൽ പലതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെ നിഷ്ക്രിയാസ്തികളായി നിലകൊള്ളുന്നുണ്ട്. ഇവയുടെ തുടർ നടത്തിപ്പ് തദ്ദേശസ്ഥാപനങ്ങൾ ആസൂത്രണം ചെയ്യാത്തതാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ | <u>ആലുവ</u> : ആലുവ നഗരസഭ 2012-13 വാർഷിക പദ്ധതിയിൽ നഗരസഭവക നെഹ്റുപാർക്ക് അവന്യൂ ഷോപ്പിംഗ് കോംപ്ലക്സിനോട് അനുബന്ധിച്ച് ഒരു ഇ-ടോയ്ലറ്റ് കെൽട്രോൺ മുഖേന നിർമ്മിക്കുകയുണ്ടായി. 1.05.14 മുതൽ 30.4.2015 വരെ മെയിന്റനൻസ് കെൽട്രോണിനെ ഏല്പിച്ചു. തുടർന്ന് എ.എം.സി. നല്കാൻ കഴിയാതെ വന്നപ്പോൾ | <u>ആലുവ നഗരസഭ</u><br>2012-13 വാർഷിക പദ്ധതിയിൽ നഗരസഭ വക നെഹ്റു പാർക്ക് അവന്യൂ ഷോപ്പിംഗ് കോംപ്ലക്സിനോട് അനുബന്ധിച്ച് ഒരു ഇ-ടോയ്ലറ്റ് കെൽട്രോൺ മുഖേന നിർമ്മിക്കുകയുണ്ടായി. 1.05.14 മുതൽ 30.4.2015 വരെ മെയിന്റനൻസ് |

നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള ഇ-ടോയ്ലെറ്റുകൾക്ക് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

➢ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ 2012-13 ൽ സ്ഥാപിച്ച 4 ഇ-ടോയ്ലെറ്റുകൾപ്രവർത്തനക്ഷമമല്ല. 14,38,547/-രൂപ ചെലവഴിച്ചാണ് ഇവ സ്ഥാപിച്ചത്.



ഉപയോഗിക്കാത്ത നിലയിലുള്ള
കൊല്ലം കോർപ്പറേഷനിലെ ഇ-ടോയ്ലെറ്റുകൾ

➢ എറണാകുളം ജില്ലയിലെ ആലുവ നഗരസഭ 2013 ൽ സ്ഥാപിച്ച ഇ-ടോയ്ലെറ്റ് പ്രവർത്തിക്കുന്നില്ല. 5,51,581/-രൂപയാണ് ഇതിനായി ചെലവിട്ടത്.

**➢ കൊച്ചി കോർപ്പറേഷനിലെ ഗ്രീൻടോയ്ലെറ്റുകൾ പ്രവർത്തനരഹിതം; 67.38 ലക്ഷത്തിന്റെ പാഴ്ചെലവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2012-13 ൽ ആറ് ഗ്രീൻ ടോയ്ലെറ്റുകളും , മൂന്ന്ഇ-ടോയ്ലെറ്റുകളും സ്ഥാപിച്ചു. ആകെ 67,38,310/-രൂപയാണ് ഇവ സ്ഥാപിക്കുവാനായിചെലവിട്ടത്. എന്നാൽ, ഇവയിൽ 5 ഗ്രീൻ ടോയ്ലെറ്റുകളും, 3 ഇ-ടോയ്ലെറ്റുകളും പ്രവർത്തിക്കുന്നില്ല. വെള്ളവും വൈദ്യുതിയുമില്ലാത്തതാണ് ഇവ പ്രവർത്തനരഹിതമാകാൻ കാരണം.

നഗരസഭ നേരിട്ട് പ്രവർത്തിപ്പിച്ചു. 2014 ഡിസംബർ മുതൽ 2015 മാർച്ച് വരെ 1800 രൂപയ്ക്കും, 2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെ 2800 രൂപയ്ക്കും ഇ- ടോയ്ലറ്റ് നടത്തിപ്പ് കുത്തകയ്ക്ക് നല്കിയിരുന്നു. എന്നാൽ നടത്തിപ്പ് കുത്തക പിന്നീട് ആരും ഏറ്റെടുത്തിട്ടില്ലാത്തതിനാൽ നഗരസഭയുടെ നേരിട്ടുള്ള പ്രവർത്ത നത്തിലാണ്.

മുനിസിപ്പൽ ബസ് സ്റ്റാന്റ് (2 എണ്ണം) മഹാത്മാ ഗാന്ധി മുനിസിപ്പൽ ടൗൺഹാളിന് മുൻവശം (2 എണ്ണം) പമ്പുകവല (1 എണ്ണം) എന്നിങ്ങനെ 5 ഇ-ടോയ്ലറ്റുകൾ ഇതിനകം സി.എം.ആർ.എൽ എന്ന സ്വകാര്യ കമ്പനി സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ (2014-15) സ്ഥാപിച്ചി ട്ടുള്ളതാണ്. ഈ ഇ-ടോയ്ലറ്റുകൾ പ്രവർത്തിപ്പിക്കുന്നത് കുത്തകയ്ക്ക് ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. അതേസമയം, വാറന്റി കാലാവധി (ഒന്നരവർഷം) പൂർത്തിയായ മുറയ്ക്ക് മെയിന്റനൻസ് എ.എം.സി. ഏറ്റെടുക്കാൻ ഇ-ടോയ്ലറ്റ് നിർമ്മിച്ച Eram Scientific Solutions എന്ന സ്ഥാപനം 5.10.16-ൽ ഓഫർ നല്കി. കൗൺസിൽ 16.1.17 ലെ 30-ാം നമ്പർ തീരുമാനപ്രകാരം 1,80,000 രൂപയ്ക്ക് (നെഗോസിയേഷനിൽ തീരുമാനിച്ചത്) എ.എം.സി. അംഗീകരിച്ചു. 14.2.17-ൽ സ്ഥാപനം നഗരസഭയുമായി കരാർ വച്ചു. 24 മണിക്കൂറിനകം ചെറിയ തകരാറുകൾ പരിഹരിക്കും, സ്പെയർ പാർട്സുകൾ ചെലവ് വഹിച്ച് മാറ്റിവെയ്ക്കും, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ കൃത്യമായ ഇടവേളകളിൽ ക്ലീനിംഗ് തുടങ്ങിയവ എഗ്രിമെന്റ് വ്യവസ്ഥകളിൽ ഉൾപ്പെടുന്നു. ടി ഇ-ടോയ്ലറ്റുകൾ നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നതാണ്.

ഇ-ടോയ്ലറ്റുകളിൽ നിന്നും ഒരു ഉപയോഗത്തിന് കോയിൻബോക്സ് മുഖേന ഒരു രൂപ നഗരസഭയ്ക്ക് ലഭിക്കുന്നു. ശരാശരി ഓരോ ഇ-ടോയ്ലറ്റിൽ നിന്നും ഇപ്രകാരം 300

കെൽട്രോണിനെ ഏല്പിച്ചു. തുടർന്ന് എ.എം.സി. നല്കാൻ കഴിയാതെ വന്നപ്പോൾ നഗരസഭ നേരിട്ട് പ്രവർത്തിപ്പിച്ചു. 2014 ഡിസംബർ മുതൽ 2015 മാർച്ച് വരെ 1800 രൂപയ്ക്കും, 2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെ 2800 രൂപയ്ക്കും ഇ- ടോയ്ലറ്റ് നടത്തിപ്പ് കുത്തകയ്ക്ക് നല്കിയിരുന്നു. എന്നാൽ നടത്തിപ്പ് കുത്തക പിന്നീട് ആരും ഏറ്റെടുത്തിട്ടില്ലാത്തതിനാൽ നഗരസഭയുടെ നേരിട്ടുള്ള പ്രവർത്ത നത്തിലാണ്.

മുനിസിപ്പൽ ബസ് സ്റ്റാന്റ് (2 എണ്ണം) മഹാത്മാ ഗാന്ധി മുനിസിപ്പൽ ടൗൺഹാളിന് മുൻവശം (2 എണ്ണം) പമ്പുകവല (1 എണ്ണം) എന്നിങ്ങനെ 5 ഇ-ടോയ്ലറ്റുകൾ ഇതിനകം സി.എം.ആർ.എൽ എന്ന സ്വകാര്യ കമ്പനി സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ (2014-15) സ്ഥാപിച്ചിട്ടുള്ളതാണ്. ഈ ഇ-ടോയ്ലറ്റുകൾ പ്രവർത്തിപ്പിക്കുന്നത് കുത്തകയ്ക്ക് ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. അതേസമയം, വാറന്റി കാലാവധി (ഒന്നരവർഷം) പൂർത്തിയായ മുറയ്ക്ക് മെയിന്റനൻസ് എ.എം.സി. ഏറ്റെടുക്കാൻ ഇ-ടോയ്ലറ്റ് നിർമ്മിച്ച Eram Scientific Solutions എന്ന സ്ഥാപനം 5.10.16-ൽ ഓഫർ നല്കി. കൗൺസിൽ 16.1.17 ലെ 30-ാം. നമ്പർ തീരുമാനപ്രകാരം 1,80,000 രൂപയ്ക്ക് (നെഗോസിയേഷനിൽ തീരുമാനിച്ചത്) . എ.എം.സി. അംഗീകരിച്ചു. 14.2.17-ൽ സ്ഥാപനം നഗരസഭയുമായി കരാർ വച്ചു. 24 മണിക്കൂറിനകം ചെറിയ തകരാറുകൾ പരിഹരിക്കും, സ്പെയർ പാർട്സുകൾ ചെലവ് വഹിച്ച് മാറ്റിവെയ്ക്കും, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ കൃത്യമായ ഇടവേളകളിൽ ക്ലീനിംഗ് തുടങ്ങിയവ എഗ്രിമെന്റ് വ്യവസ്ഥകളിൽ ഉൾപ്പെടുന്നു. ടി ഇ-ടോയ്ലറ്റുകൾ

| | | | |
|---|---|---|---|
| | | രൂപയോളം നഗരസഭയ്ക്ക് പ്രതിവർഷം ലഭിച്ചുവരുന്നു.<br><br>**കൊച്ചി : :** ഗ്രീൻ ടോയ്ലറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1) **വൈറ്റില :**<br>വൈറ്റില ജംഗ്ഷനിലെ ഗ്രീൻ ടോയ്ലറ്റ് നടത്തിപ്പിനായി ടെണ്ടർ ചെയ്ത് നൽകിയിട്ടുള്ളതാണ്.<br>2) **പാലാരിവട്ടം:**<br>വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ കണക്ഷൻ എടുക്കുന്നതിനായി PWD റോഡ് കട്ട് ചെയ്യേണ്ടതുമാണ്. റോഡ് കട്ടിംഗ് അനുമതിയ്ക്കായി PWD വകുപ്പിൽ | നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ച വരുന്നതാണ്.<br>ഇ-ടോയ്ലറ്റുകളിൽ നിന്നും ഒ( ഉപയോഗത്തിന് കോയിൻ ബോക്സ മുഖേന ഒരു രൂപ നഗരസഭയ്ക്ക ലഭിക്കുന്നു. ശരാശരി ഓരേ ഇ-ടോയ്ലറ്റിൽ നിന്നും ഇപ്രകാരം 3( രൂപയോളം നഗരസഭയ്ക്ക് പ്രതിവർഷ ലഭിച്ചുവരുന്നു.<br>എന്നാൽ ഓഗസ്റ്റ് മാസത്തിലുണ്ടാ( കനത്ത മഴയും വെള്ളപ്പൊക്കവും മൂല നെഹ്റു പാർക്കിന് സമീപമുള്ള ഈ-ടോയ്ലറ്റിലേയ്ക്കുള്ള വെള്ളവു വൈദ്യുതിയും വിച്ഛേദിക്കപ്പെട്ടിട്ടുള്ളതാണ് ആയത് പരിഹരിക്കുന്നതിനുള്ള നടപടിക( സ്വീകരിച്ചുവരുന്നു.<br><br>**കൊച്ചി :**<br>3 ഇ-ടോയ്ലറ്റ്,<br>ബി.ഒ.ടി.പാലത്തിന് സമീപം<br>തോപ്പുംപടി (കുറച്ചുനാൾ പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ അടിക്കടി റിപ്പയറിംഗ് വരുന്നത് കാരണം പ്രവർത്തനക്ഷമമാക്കി തുറക്കാൻ സാധിച്ചിട്ടില്ല. ഇപ്പോൾ പ്രവർത്തനക്ഷമമല്ല.<br>തേവര- പണി പൂർത്തിയാക്കിയിരുന്ന എന്നാൽ ഇതിന് സമീപമുള്ള കെട്ടിട ഉടമ ഓംബുഡ്സ്മാനിൽ പരാതി നല്കിയത് മൂലം ടി സ്ഥലത്ത് നിന്ന് കെട്ടിട ഉടമയുടെ ചിലവിൽ മാറ്റുവാൻ |

| | | | |
|---|---|---|---|
| | | അനുമതിയ്ക്കായി അപേക്ഷ നൽകി നടപടി സ്വീകരിച്ചു വരുന്നു. പെർമിറ്റ് ലഭിക്കാത്തതിനാൽ വാട്ടർ കണക്ഷൻ ലഭ്യമായിട്ടില്ല.<br>3) **മാർക്കറ്റ്, കച്ചേരിപ്പടി ഗ്രീൻ ടോയ്ലറ്റ്**<br>ഗ്രീൻ ടോയ്ലറ്റുകൾ പ്രവർത്തിക്കുന്നില്ല. പലതവണ ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും തന്നെ ടെണ്ടറിൽ പങ്കെടുക്കാത്തതിനാൽ ലേലം ചെയ്തു നൽകുവാൻ സാധിച്ചിട്ടില്ല.<br>4) **ഫോർട്ടുകൊച്ചി:**<br>ഫോർട്ടുകൊച്ചി ഗ്രീൻ ടോയ്ലറ്റ് കുറ്റമറ്റരീതിയിൽ പ്രവർത്തിച്ചുവരുന്നു.<br>5) ടൗൺഹാൾ നവീകരണത്തിന്റെ ഭാഗമായി ടൗൺഹാളിലെ ഗ്രീൻടോയ്ലറ്റുകൾ പൊളിച്ചുനീക്കം ചെയ്തിട്ടുള്ളതാണ് | ഉത്തരവായിട്ടുള്ളതാണ്. (കുറച്ചുനാൾ പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ അടിക്കടി റിപ്പയറിംഗ് വരുന്നത് കാരണം പ്രവർത്തനക്ഷമമാക്കി തുറക്കാൻ സാധിച്ചിട്ടില്ല. ഇപ്പോൾ പ്രവർത്തനക്ഷമമല്ല |

| | | | |
|---|---|---|---|
| 4.1.15 | നിഷ്ക്രിയാസ്തികൾ- ശ്മശാനം മുതൽ ആംബുലൻസ് വരെ<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലക്ഷ്യങ്ങൾ നേടാനാവാതെ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള മറ്റുപലസംരംഭങ്ങളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടു. ഓഫീസ് സംവിധാനങ്ങൾ, വാഹനങ്ങൾ, സ്റ്റേഡിയങ്ങൾ/പാർക്കുകൾ, ശ്മശാനങ്ങൾ, ജലസേചന സംവിധാനങ്ങൾ എന്നിവയൊക്കെ ഇതിൽപ്പെടും. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു;<br>പെരുമ്പാവൂർ നഗരസഭ2005 ൽ നിർമ്മിച്ച വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗശൂന്യമാണ്. 18 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിച്ചത്.<br><br>കൊച്ചി കോർപ്പറേഷൻ 2013-14 ൽ 7 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വലിയകുളം ഓപ്പൺ എയർ സ്റ്റേജ് ഉപയോഗിക്കാതെ കിടക്കുകയാണ്. കോർപ്പറേഷൻ 2011-12 ൽ 10,04,791/-രൂപ ചെലവഴിച്ചു വാങ്ങിയ പഞ്ചിംഗ്-അറ്റൻഡൻസ്സിസ്റ്റവും ഉപയോഗിക്കാതെ കിടക്കുകയാണ്. | **കൊച്ചി :**<br>വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രോജക്ട് നം. എസ്-1092/14 വിലിയ വിള ഓപ്പൺ സ്റ്റേജ് നിലവിൽ നഗരസഭയുടെ പരിപാടികൾ നടത്തുന്നതിനും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ രക്ത നിർണ്ണയ ക്യാമ്പ്. രോഗ നിർണ്ണയ ക്യാമ്പ്, ബോധവൽക്കരണ ക്യാമ്പ് എന്നിവ സൗജന്യമായി നടത്തുന്നതിനും ഉപയോഗിച്ചു വരുന്നു. ഇത് പ്രദേശ വാസികൾക്ക് വളരെയധികം പ്രയോജനപ്രദമായ ഒരു പദ്ധതിയാണ്. ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. | **കൊച്ചി :**<br>പഞ്ചിംഗ് മെഷീൻ നടപ്പാക്കുന്നതിന് വേണ്ടിയുള്ള സംവിധാനത്തിന് 15,58,360 രൂപയ്ക്ക് കെൽട്രോണുമായി കരാർ വെച്ചിട്ടുള്ളതാണ്. ഒരു വർഷം ഗ്യാരന്റിയും നല്കിയിട്ടുള്ളതാണ്. പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചെങ്കിലും പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാകാത്തതിനാൽ 75% തുക നല്കിയിട്ടുള്ളതാണ്. ബാക്കി തുകയായ 5,72,569/- നല്കാനുള്ളതാണ്. ടി വിഷയം സംബന്ധിച്ച് കെൽട്രോൺ കമ്പനി അധികാരികൾക്ക് വിവിധ തീയതികളിലായി ഓർമ്മക്കുറിപ്പ് നല്കിയിട്ടുള്ളതാണെങ്കിലും പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കുന്നതിന് നാളിതുവരെ കെൽട്രോണിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതാണ്. |

| | | | |
|---|---|---|---|
| | | **പെരുമ്പാവൂർ :**<br>2004-05 MPLAD fund ഉപയോഗിച്ച് അന്ന് നിലവിലുണ്ടായിരുന്ന ഫിഷ്മാർക്കറ്റിലേയും, സ്ലോട്ടർ ഹൗസ്സിലേയും മലിനജലം ശുദ്ധീകരിക്കുന്നതിന് വേണ്ടിയാണ് KAICO മുഖാന്തിരം പ്ലാന്റ് സ്ഥാപിച്ചത്. ശുദ്ധീകരിച്ച വെള്ളം പാത്തിതോടിലേയ്ക്ക് ഒഴുക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.<br>നഗരവൽക്കരണത്തിന്റെ ഭാഗമായി ജനവാസമില്ലാതിരുന്ന ആ പ്രദേശം ജനനിബിഢമായി പരിണമിച്ചു. നിലവിൽ ആ പ്രദേശത്ത് പ്രൈവറ്റ് ബസ് ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ എതിർപ്പു മൂലം സ്ലോട്ടർ ഹൗസിന്റെ പ്രവർത്തനത്തിന് തടസ്സം നേരിടുകയും KSPCB യുടെയും തുടർ പ്രവർത്തനാനുമതി ലഭിക്കാത്തതിനാൽ പ്രവർത്തനം നിർത്തലാക്കുകയും ചെയ്തു. പാത്തിത്തോട്ടിലേയ്ക്ക് വെള്ളം ഒഴുക്കുന്നതിനും എതിർപ്പ് നിലനിന്നിരുന്നു. ആ സാഹചര്യത്തിൽ water treatment plant പ്രവർത്തനം നിലച്ചു.<br>നിലവിലെ സാഹചര്യത്തിൽ drainage -ലൂടെ ഒഴുക്കുന്ന അഴുക്കുജലം ശുദ്ധീകരിക്കുന്നതിന് ഈ പ്ലാന്റ് ഉപയോഗിക്കുവാൻ കഴിയുമോയെന്ന് | |

| | | | | |
|---|---|---|---|---|
| | | | സംബന്ധിച്ച് M/s. KAICO യുടെ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ടപ്പോൾ സ്ഥാപിച്ചിരിക്കുന്നത് Domestic Biodegradable waste water treatment plant ആണെന്നും Vertical Hybrid Biotech Reactor fixed type ആണെന്നും ആയത് drainage water treatment ചെയ്യാൻ ഉപയോഗിക്കുവാൻ സാധിക്കുകയില്ലെന്നുമുള്ള അഭിപ്രായമാണ് ഫോണിൽ ബന്ധപ്പെട്ടപ്പോൾ അറിയുവാൻ കഴിഞ്ഞത്. fixed type plant മറ്റൊരു സൈറ്റിലേക്ക് മാറ്റി സ്ഥാപിച്ചാൽ plant alignment ന് എല്ലാം കേട് സംഭവിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ടി പ്ലാന്റ് ഉപയോഗ്യയോഗ്യമാക്കുവാൻ സാധിക്കുമോയെന്ന് ആരാഞ്ഞ് ഈ നഗരസഭയിൽ നിന്നും A4-1442/16, dt. 10/05/16 പ്രകാരം KSPCB കത്ത് നൽകിയിട്ടുണ്ട്. 17.11.2017 ൽ ഓർമ്മകുറിപ്പ് അയച്ചിട്ടുണ്ട്. | |

മിനിമോൾ എബ്രഹാം
ഗവ: അഡീഷണൽ സെക്രട്ടറി &
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം, ഫോൺ: 0471-2518535

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2014-15) ഇടുക്കി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | നെടുങ്കണ്ടം | 4.1.5 | **വ്യവസായ കേന്ദ്രങ്ങൾ, കെട്ടിടം നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു- നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത്.**<br><br>നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് 2011 ൽ 5 ലക്ഷം രൂപ ചെലവഴിച്ച് പണിത താന്നിമൂട്ടിലെ വികലാംഗ സ്വയംതൊഴിൽ യൂണിറ്റിൽ സംരഭങ്ങളൊന്നും ആരംഭിച്ചിട്ടില്ല. നിലവിൽ കെട്ടിടം നാശോൻമുഖമാണ്. | നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ 2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാപഞ്ചായത്ത് വിഹിതമുപയോഗിച്ച് താന്നിമൂട് വികലാംഗ സ്വയം തൊഴിൽ യൂണിററ് കെട്ടിടം എന്ന പദ്ധതി 5 ലക്ഷം രൂപ അടങ്കലിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. ടി കെട്ടിടത്തിൽ നാളിതുവരെയായും സ്വയം തൊഴിൽ സംരംഭങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടുള്ളതല്ല. ടി കെട്ടിടം എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ 2.08.2018-ൽ നേരിട്ട് പോയി പരിശോധിക്കുകയും ടി കെട്ടിടത്തിന്റെ ഭിത്തിയിൽ വിള്ളലുള്ളതായും, ഭിത്തികൾ ബലപ്പെടുത്തിയും, മറ്റ് മെയിന്റനൻസ് പ്രവർത്തനങ്ങൾ (പാച്ച് പ്ലാസ്റ്ററിംഗ്, ടൈലിംഗ്, എ.സി ഷീറ്റ് മാറ്റൽ, ജി.ഐ റൂഫിംഗ്, പെയിന്റിംഗ്) നടത്തിയും കെട്ടിടം ഉപയോഗക്ഷമമാക്കാവുന്നതാണെന്നും , കമ്മ്യൂണിറ്റി ഹാളായി ഉപയോഗിക്കാവുന്നതാണെന്നും അസിസ്റ്റന്റ് എൻജിനിയർ റിപ്പോർട്ട് നൽകിയിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 2 | മൂന്നാർ | 4.1.5 | **ജല ലഭ്യത ഉറപ്പാക്കാതെ ലോൺട്രി യൂണിറ്റ് തുടങ്ങി- 5 ലക്ഷത്തിന്റെ യന്ത്ര സാമഗ്രികൾ നിഷ്ക്രിയം- മൂന്നാർ ഗ്രാമ പഞ്ചായത്ത്**<br>ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമ പഞ്ചായത്ത് 2008-ൽ 5,06,222/- രൂപ ചിലവഴിച്ച് ഇൻഡസ്ട്രിയൽ ലോൺട്രി യൂണിറ്റ് തുടങ്ങുവാനുള്ള യന്ത്രങ്ങൾ വാങ്ങി. എന്നാൽ ജല ലഭ്യത ഉറപ്പാക്കാതെയും കഴുകിയ വസ്ത്രങ്ങൾ ഉണക്കി വിരിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താതെയുമാണ് യന്ത്ര സാമഗ്രികൾ വാങ്ങിയത്. നിലവിൽ യന്ത്രങ്ങൾ കെട്ടിടത്തിന്റെ ഒരു മൂലയിൽ ഉപയോഗശൂന്യമായി കിടക്കുന്നു. | മൂന്നാർ ഗ്രാമ പഞ്ചായത്തിലെ 2008-ൽ 5,06,222/- രൂപ ചെലവഴിച്ച് തുടങ്ങിയ ഇൻഡസ്ട്രിയൽ ലോൺട്രി യൂണിറ്റ് നിലവിൽ പ്രവർത്തനക്ഷമമാണ് ഇതിൽ സ്ഥാപിച്ചിരിക്കുന്ന യന്ത്രങ്ങൾ നിലവിൽ ഉപയോഗ യോഗ്യവും ടി യൂണിറ്റ് പ്രവർത്തിക്കുന്നതിന് ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്. കഴുകിയ വസ്ത്രങ്ങൾ ഉണക്കിതന്നെയാണ് ഈ യന്ത്രങ്ങളിൽ നിന്നും പുറത്തേക്ക് വരുന്നത് എന്നതിനാൽ ഉണക്കാനാവശ്യമായ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതില്ല എന്നുള്ള വിവരവും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 3 | വണ്ടിപ്പെരിയാർ | 4.1.14 | **<u>ഇ-ടോയ്‌ലെറ്റുകളും, ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല</u> –** ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് 2011–12ൽ സ്ഥാപിച്ച ഇ-ടോയ്‌ലറ്റ് ഉപകരണങ്ങൾ തകരാറിലായതിനാൽ പ്രവർത്തന സജ്ജമല്ല. 4,97,473/– രൂപയാണ് ഇതിനുവേണ്ടി ചിലവിട്ടത്. | 2011–12 സാമ്പത്തിക വർഷത്തിൽ 497473/– രൂപ ചിലവഴിച്ച് ഇ-ടോയ്‌ലറ്റ് സ്ഥാപിക്കുകയും എന്നാൽ 2012/13 കാലഘട്ടം വരെ ആയത് പ്രവർത്തനക്ഷമമാക്കാൻ കഴിയാതെ പോയിരുന്നതുമാണ്. 2013/14–ന് ശേഷം ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിരുന്നതും പ്രസ്തുത ഇ-ടോയ്‌ലറ്റിന്റെ ഇലക്ട്രോണിക് സംവിധാനത്തിന് കൂടെക്കൂടെ കേടുപാടുകൾ സംഭവിക്കുകയും ഒന്നിൽകൂടുതൽ പ്രാവശ്യം ഉപയോക്താക്കൾ ആയതിൽ അകപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന് ശേഷം ആളുകൾ പൊതുവെ ഇ-ടോയ്‌ലറ്റ് ഉപയോഗിക്കുന്നതിന് തയ്യാറാകുന്നില്ല. നിലവിൽ ഇലക്ട്രോണിക് സംവിധാനത്തിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കെൽട്രോണുമായി പഞ്ചായത്തിൽ നിന്നും ബന്ധപ്പെട്ടപ്പോൾ 1,50,000/–( ഒരു ലക്ഷത്തി അൻപതിനായിം രൂപ) രൂപയ്ക്ക് മുകളിൽ എ.എം.സി അടയ്ക്കേണ്ടതായി വരും എന്നുള്ളതിനാലും വണ്ടിപ്പെരിയാറിലെ പൊതുജനങ്ങൾ പൊതുവിൽ ഇ-ടോയ്‌ലറ്റ് ഉപയോഗിക്കുവാൻ മടികാട്ടുന്നതിനാലും പഞ്ചായത്ത് എ.എം.സി വയ്ക്കുവാൻ തയ്യറായിട്ടില്ല. നിലവിൽ ഇ-ടോയ്‌ലറ്റ് പ്രവർത്തനക്ഷമമല്ല. നിലവിൽ ഇ-ടൊയ്‌ലറ്റ് സ്ഥാപിച്ചിട്ടുള്ള കോമ്പൗണ്ടിൽത്തന്നെ പഞ്ചായത്ത് 4 മുറികളോട് കൂടിയ സാധാ ടോയ്‌ലറ്റിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| 4 | മാങ്കുളം ഗ്രാമ പഞ്ചായത്ത്. | 4.1.14 | **<u>ഇ-ടോയ്‌ലറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല:</u>**<br><br>2011–12–ൽ മാങ്കുളം ജംഗ്ഷനിൽ 526821/– രൂപ ചെലവഴിച്ച്. സ്ഥാപിച്ച ഇ-ടോയ്‌ലറ്റ് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. | പ്രസ്തുത ഇ-ടോയ്‌ലറ്റ് 2011–12 വർഷത്തിൽ 526821/– രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ളതാണ്. സാങ്കേതിക തകരാർ കാരണം ആയത് 2016–17 വർഷം വരെ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് തകരാർ പരിഹരിച്ചിട്ടുള്ളതും ഇ-ടോയ്‌ലറ്റും, ആയതിനോട് ചേർന്നുള്ള പൊതു ടോയ്‌ലറ്റും കടമുറിയും 2017–18 വർഷം ലേല നടപടികൾ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ വിധം തുറന്നു നൽകിയിട്ടുള്ളതാണ്. വാർഷിക കരാർ അടിസ്ഥാനത്തിലാണ് ഇ-ടോയ്‌ലറ്റ് വാടകയ്ക്ക് നൽകി വരുന്നത്. 2018–19 വർഷം 15,100/–( പതിനയ്യായിരത്തി ഒരുന്നൂറ്) രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകിയിട്ടുണ്ട്.<br>ദിവസേന നിരവധി ടൂറിസ്റ്റുകൾ കടന്ന് പോകുന്ന മാങ്കുളം ടൗണിൽ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലറ്റ് സഞ്ചാരികൾക്കും പൊതു ജനങ്ങൾക്കും പ്രയോജനപ്രദമായ രീതിയിലാണ് സ്ഥാപിച്ചിട്ടുള്ളതും പ്രവർത്തിച്ച് വരുന്നതും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വിനോദ സഞ്ചാര മേഖല മാത്രം കൈമുതലായിട്ടുള്ള മാങ്കുളം ഗ്രാമ പഞ്ചായത്തിന് ടി മേഖലയുടെ വികസനം ലക്ഷ്യമാക്കി സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലറ്റ് നിലവിൽ പ്രവർത്തനക്ഷമമാണെന്നുള്ള വിവരം ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 5 | നെടുങ്കണ്ടം | 4.1.15 | (1)നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് 2009–ൽ 19 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം 2011 –നുശേഷം പ്രവർത്തിക്കുന്നില്ല. നിലവിൽ ഇത് നാശോൻമുഖമാണ്.<br><br>(2) 2013 ൽ പഞ്ചായത്തിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ കംമ്പ്യൂട്ടർ സംവിധാനവും പ്രവർത്തന സജ്ജമല്ല. 2,95,000/– രൂപ ചെലവഴിച്ചാണ് വാങ്ങിയത്. | 1) നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ 2009–10 വാർഷിക പദ്ധതിയിൽ 19 ലക്ഷം രൂപ ചെലവഴിച്ച് ക്രിമിറ്റോറിയം സ്ഥാപിച്ചിരുന്നു. സർക്കാർ അംഗീകൃത നിർവ്വഹണ ഏജൻസിയായ റെയ്ഡ്കോ മുഖേനയാണ് ക്രിമിറ്റോറിയം സ്ഥാപിച്ചത്. എന്നാൽ സാങ്കേതിക പിഴവ് മൂലം ക്രിമിറ്റോറിയത്തിന്റെ പ്രവർത്തനം നിലച്ചുപോവുകയുണ്ടായി . 2017–18 കാലയളവിൽ ടി ക്രിമിറ്റോറിയത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിലേയ്ക്കായി നിർവ്വഹണ ഏജൻസിയായ റെയ്ഡ്കോയ്ക്ക് നോട്ടീസ് നൽകുകയും റെയ്ഡ്കോ നിയോഗിച്ച സാങ്കേതിക വിദഗ്ദരുടെ സംഘം ക്രിമിറ്റോറിയം പരിശോധിച്ച് ആയത് പുനരുദ്ധരിക്കുന്നതിനാവശ്യമായ സാങ്കേതിക ഉപദേശം 20/06/2018 തീയതിയിലെ raidco : md:md:2006:lpgc:2018-19 നമ്പർ കത്തു മുഖേന ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ളതുമാണ്. ആയത് പരിഗണിച്ച 4/7/2018 തീയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഗ്യാസ് ക്രിമിറ്റോറിയം പുനരുദ്ധരിക്കുന്നതിനാവശ്യമായ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതി തേടുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും , സംസ്ഥാന സർക്കാർ ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കുമായി വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതത്തിൽ നിന്നും ആവശ്യമായ തുക ലഭ്യമാക്കി 2018–19 കാലയളവിൽ തന്നെ ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ അറ്റകുററപണികൾ പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതിനും, 1(21)നമ്പറായി തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.<br><br>2) നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഗുണമേൻമാ സംവിധാനം (TOTAL QUALITY MANAGEMENT) നടപ്പിലാക്കിയതിന്റെ ഭാഗമായി 18/8/17 തീയതിയിൽ ISO- 9001:2015 സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളതാണ്. ആയതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സുതാര്യവും സമയബന്ധിതവുമായ സേവനം ലഭ്യമാക്കുന്നതിനായി കാര്യക്ഷമമായ ഫ്രണ്ടാഫീസ് സംവിധാനം ഏർപ്പെടുത്തുകയും ഐ കെ എം വികസിപ്പിച്ച സൂചിക, സാംഖ്യ, സങ്കേതം തുടങ്ങിയ സോഫ്റ്റ് വെയറുകൾ പ്രയോജനപ്പെടുത്തുകയും, 2013 –ൽ വാങ്ങിയ ടച്ച് സ്ക്രീൻ സംവിധാനം ഫ്രണ്ടോഫീസിൽ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് തങ്ങൾ സമർപ്പിച്ച അപേക്ഷകളേപ്പറ്റിയുള്ള വിവരങ്ങളും, ഗ്രാമ പഞ്ചായത്തിലെ എല്ലാ പ്രവർത്തനങ്ങളെ പറ്റിയുള്ള വിവരങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. |

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2014–15) ആലപ്പുഴ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| | | | | |
|---|---|---|---|---|
| 1 | ഭരണിക്കാവ് | 4.1.4 | **ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം; മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു**<br><br>ആലപ്പുഴ ജില്ലയിലെ **ഭരണിക്കാവ്** ഗ്രാമപഞ്ചായത്ത് കോയിക്കൽ ചന്തയിലെ ഷോപ്പിംഗ് കോംപ്ലക്സിൽ 4,39,607/–രൂപ ചെലവഴിച്ച് 2009–10, 2010–11 വർഷങ്ങളിൽ നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ്, അനുബന്ധസൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ പ്രവർത്തിക്കുന്നില്ല | **ഭരണിക്കാവ്** ഗ്രാമപഞ്ചായത്തിൽ 2009/10 കാലഘട്ടത്തിൽ മാലിന്യ സംസ്ക്കരണം മുൻനിർത്തി കോയിക്കൽ മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പദ്ധതി 2010/11 ൽ പൂർത്തികരിക്കുകയുണ്ടായി. ആയതിന്റെ പ്രവർത്തനം ബോദ്ധ്യപ്പെട്ട് ആ കാലയളവിൽ അന്നു നിർമ്മാണത്തിനു സഹായിച്ച കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഏജൻസിക്ക് 339607/–രൂപ നല്കുകയും ചെയ്തിരുന്നു. പ്ലാന്റിന്റെ പ്രവർത്തനത്തിൽ നിന്നും ഉണ്ടാകുന്ന ഇന്ധനം ഉപയോഗിക്കാൻ സാധ്യമായില്ല. മാർക്കറ്റിലെ തരംതിരിക്കപ്പെടാത്ത മാലിന്യങ്ങൾ പ്ലാന്റിൽ അശ്രദ്ധമായി നിക്ഷേപിച്ചതിനാൽ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാതാവുകയും ചെയ്തു. ദുർഗന്ധം ഉണ്ടാകുന്നുവെന്ന പൊതുജന പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവെയ്ക്കുകയും ചെയ്തു. എന്നാൽ ആസ്തി പ്രവർത്തനക്ഷമമാക്കണമെന്നുള്ള കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി കോമ്പൗണ്ടിൽ കുടുംബശ്രീ വനിത ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകുകയും 5 വനിതകളടങ്ങുന്ന ഒരു ഗ്രൂപ്പിനെ വനിത ക്യാന്റീൻ നടത്തുന്നതിന് ഏൽപ്പിക്കുകയും ചെയ്തു. ടി പ്ലാന്റ് കണക്ഷൻ ടി. ക്യാന്റീനിന് ഉപയോഗപ്രദമാക്കുന്നതിന് ശ്രമിച്ചപ്പോൾ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ മെയിന്റനൻസിനായി 2014–15 ൽ 90,000/–രൂപ തനത് ഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 100/16 കോയിക്കൽ മാർക്കറ്റിന് ബയോ ഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കൽ എന്ന പദ്ധതി ഏറ്റെടുക്കുകയും പദ്ധതി നിർവഹണത്തിനായി പ്ലാന്റ് സ്ഥാപിച്ച ഏജൻസിയുടെ സഹകരണം ലഭിക്കാത്തതിനാൽ 2015–16 വാർഷിക പദ്ധതിയുടെ ഭാഗമായി വി.ഇ.ഒ മുഖാന്തിരം വീടുകൾക്ക് ബയോഗ്യാസ് നൽകുന്നതിനുള്ള പദ്ധതി നിർവ്വഹണം ഏറ്റിരുന്ന അഗ്രോബയോ എനർജി ഇൻഡസ്ട്രീസ് ഏജൻസി മുഖാന്തിരം 2015–16 വർഷത്തിൽ 69393 രൂപ ചെലവഴിച്ച് പദ്ധതി പൂർത്തികരിച്ചു. പ്ലാന്റിന്റെ അകത്ത് നശിച്ചുപോയിരുന്ന പെരിഫെർ കോട്ടിംഗ് നിർമ്മാണം (ഫെറോ സിമന്റ് ഡോം കോട്ടിംഗ്) നടത്തുകയും, നാല് ലോഡോളം ചാണകം പ്ലാന്റിൽ നിറയ്ക്കുകയും ആയത് പ്രവര്ത്തിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്. പ്ലാന്റിന്റെ ഔട്ട്ലെറ്റിൽ നിന്നും പൈപ്പ് കണക്ഷൻ കുടുംബശ്രീ വനിത ക്യാന്റീനിലേക്ക് സ്ഥാപിക്കുകയും നിലവിൽ ടി ബയോഗ്യാസ് പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതും, ദുർഗന്ധം ഇല്ലാത്തതുമാണ്. കോയിക്കൽ ചന്തയിലെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ നിന്നുള്ള ജൈവമാലിന്യങ്ങൾ ടി പ്ലാന്റിലേക്ക് നിക്ഷേപിക്കുകയും, കുടുംബശ്രീ വനിതാ കാന്റീനിലേക്ക് ആവശ്യമായ ഇന്ധനം ടി പ്ലാന്റിൽ നിന്നും ലഭിക്കുകയും ചെയ്യുന്നതായി ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2 | പള്ളിപ്പാട് | 4.1.5 | <u>വ്യവസായകേന്ദ്രങ്ങൾ കെട്ടിടം നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു</u><br><br>ആലപ്പുഴ ജില്ലയിലെ **പള്ളിപ്പാട്** ഗ്രാമ പഞ്ചായത്ത് 2009–10 – ൽ നിർമ്മാണമാരംഭിച്ച സമഗ്ര ചെറുകിട വ്യവസായ സംരംഭകെട്ടിടം 22.03.2013 ൽ പൂർത്തിയായി. 13,61,361/–രൂപയാണ് കെട്ടിടം നിർമ്മാണത്തിന് ചെലവഴിച്ചത്. എന്നാൽ കെട്ടിടത്തിൽ പ്ലംബിംഗ്, വയറിംഗ് എന്നിവ നടത്തിയിട്ടില്ല. പ്ലാസ്റ്ററിംഗ് ഇളകിയ നിലയിലുള്ള കെട്ടിടവും പരിസരവും കാടുപിടിച്ച നിലയിലാണ്. | **പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ** 2009–10 പദ്ധതി പ്രകാരം എന്റെ ഗ്രാമം ഹരിത ഗ്രാമം എന്ന പേരിൽ സമഗ്രചെറുകിട വ്യവസായ സംരംഭകെട്ടിടത്തിന്റെ നിർമ്മാണം 22.03.2013 ൽ 13,61,361/–രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കെട്ടിടത്തിൽ നെല്ല് സംഭരിച്ച് അരിയും അരിയുൽപന്നങ്ങളും അടങ്ങുന്ന സമഗ്ര ചെറുകിടവ്യവസായം തുടങ്ങുന്നതിന് വേണ്ടിയാണ് കെട്ടിടം പണിതതെങ്കിലും കാർഷിക മേഖലയുടെ തകർച്ച കാരണം പദ്ധതി ലക്ഷ്യം കണ്ടില്ല. ഹരിപ്പാട് മുൻസിപ്പാലിറ്റി രൂപീകരിച്ചപ്പോൾ ടി കെട്ടിടം നിൽക്കുന്ന വാർഡ് ഹരിപ്പാട് മുൻസിപ്പാലിറ്റിയുടെ ഭാഗമാകുകയും ചെയ്തു. നിലവിൽ കെട്ടിടത്തിൽ പ്ലംബിംഗ്, വൈദ്യുതീകരണ ജോലികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതും 18.11.2016 മുതൽ കുടുംബശ്രീയുടെ വനിതാ സംരംഭക പദ്ധതിയായ അമൃതം ഫുഡ് പ്രോഡക്ട്സ് പ്രവർത്തിച്ചു വരുന്നതുമാണ്. 5 വനിതകൾ അടങ്ങിയ ഗ്രൂപ്പ് ടി യൂണിറ്റിൽ പ്രവർത്തിക്കുന്നതും, പള്ളിപ്പാട്, ചെറുതന, തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുകളിലെ അംഗനവാടികൾക്കാവശ്യമായ അനുപൂരക പോഷകാഹാരം നിർമ്മിച്ച് വിതരണം ചെയ്തു വരുന്നതും, ആയത്മൂലം 5 പേർക്ക് തൊഴിൽ ലഭിച്ചിട്ടുള്ളതുമാണ്. ടി സ്ഥാപനം ഹരിപ്പാട് മുൻസിപ്പാലിറ്റിയിലാണ് സ്ഥിതി ചെയ്യുന്നെങ്കിലും ടി കെട്ടിടവും, കെട്ടിടം നിൽക്കുന്ന സ്ഥലവും പള്ളിപ്പാട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും, സ്ഥാപനത്തിന് ഹരിപ്പാട് മുൻസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു.<br><br>**ആല ഗ്രാമപഞ്ചായത്തിലെ** 2007–08 ജനകീയാസൂത്രണ പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള S0094/08 നമ്പർ പ്രോജക്ട് പേപ്പർ, തുണിബാഗ് നിർമ്മാണം : പദ്ധതി അടങ്കൽ 3,00,000/ രൂപാ, S0095/08 നമ്പർ പ്രോജക്ട് പേപ്പർ, തുണി ബാഗ് കേന്ദ്ര യൂണിറ്റ് : പദ്ധതി അടങ്കൽ 9,00,000/, S0096/08 നമ്പർ പ്രോജക്ട് പേപ്പർ, തുണിബാഗ് നിർമ്മാണ പരിശീലന പദ്ധതി അടങ്കൽ 65000/ രൂപാ, S0097/08 നമ്പർ പ്രോജക്ട് കേറ്ററിംഗ് പരിശീലനം 100000/രൂപ എന്നീ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് ജനകീയ പ്രതിരോധ സമിതി പ്രസിഡന്റ് നൽകിയ പരാതികളുടെ അടിസ്ഥാനത്തിൽ OP No 516/2009 നമ്പറായി ബഹു.ഓംബുഡ്സ്മാനിലും VC 05/10/ALP നമ്പറിൽ വിജിലൻസ് ആന്റി കറപ്ഷനിലും കേസുകൾ നിലവിലുള്ളതാണ്.<br>കേസുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനും, ജനപ്രതിനിധികൾക്കും ചാർജ്ഷീറ്റ് നൽകിയിട്ടുള്ളതും, കോട്ടയം വിജിലൻസ് കോടതിയിൽ കേസ് വിചാരണ ആരംഭിച്ചിട്ടുള്ളതാണ്.<br>2008–09 സാമ്പത്തിക വർഷത്തിൽ വാങ്ങിയ യന്ത്ര സാമഗ്രികൾ മിക്കതും തുരുമ്പെടുത്ത അവസ്ഥയിലാണ് എന്ന വിവരവും ബോധിപ്പിക്കുന്നു |
| 3 | ആല | ൪.1.5 | **ആല ഗ്രാമപഞ്ചായത്തിൽ** 2008–09 ൽ 2,23,686/–രൂപ ചെലവഴിച്ച് പേപ്പർ കപ്പ് പ്ലേറ്റ് നിർമ്മാണ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങി. ഇതേ സാമ്പത്തിക വർഷം തന്നെ 99,985/–രൂപ ചെലവിൽ പേപ്പർബാഗ് –തുണിബാഗ് നിർമ്മാണ യൂണിറ്റിന് ഉപകരണങ്ങൾ, 83,760/–രൂപ ചെലവിൽ കാറ്ററിംഗ് യൂണിറ്റിനുള്ള സാധനസാമഗ്രികൾ എന്നിവയുംവാങ്ങുകയുണ്ടായി. എന്നാൽ ഇവയൊന്നും തന്നെ വിതരണം ചെയ്യപ്പെടാതെ ഗ്രാമ പഞ്ചായത്താഫീസിൽ സൂക്ഷിച്ചിരിക്കുകയാണ് | |

| | | | | |
|---|---|---|---|---|
| 4 | ചെന്നിത്തല-തൃപ്പെരുംതറ | 4.1.6 | <u>അടഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ</u><br><br>ആലപ്പുഴ ജില്ലയിലെ **ചെന്നിത്തല-തൃപ്പെരുംതറ** ഗ്രാമപഞ്ചായത്ത് 2010-11 മുതൽ 2012-13 വരെ 13,51,317/- രൂപ മൃഗാശുപത്രി കെട്ടിടത്തിനായി ചെലവഴിച്ചു. 2011-12 ൽ കെട്ടിടത്തിന്റെ ഉദ്ഘാടനവും നടന്നു. എന്നാൽ ഇതുവരെ പ്രവർത്തനമാരംഭിക്കാത്ത ഈ കെട്ടിടം നിലവിൽ നാശോന്മുഖമാണ്. | **ചെന്നിത്തല-തൃപ്പെരുംതറ ഗ്രാമപഞ്ചായത്തിലെ** മൃഗാശുപത്രി കെട്ടിടം 2015 ഏപ്രിൽ 19 ന് പ്രവർത്തനം ആരംഭിച്ചു. ടി കെട്ടിടത്തിന് 2016/17 ൽ ചുറ്റുമതിൽ പണിഞ്ഞിട്ടുള്ളതും മുകളിൽ ട്രെസ് വർക്ക് ചെയ്തിട്ടുള്ളതുമാണ്.കൃത്രിമ ബീജസങ്കലത്തിനുള്ള സൗകര്യം,കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് സൗകര്യങ്ങൾ ആവശ്യമായ ഓഫീസ് ഫർണിച്ചറുകൾ എന്നിവ നിലവിലുണ്ട്.എല്ലാ സാമ്പത്തിക വർഷവും സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുക വകയിരുത്തി മൃഗസംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.ടി പ്രവർത്തന മികവിന് ആലപ്പുഴ ജില്ലയിലെ ഏറ്റവും നല്ല വെറ്ററിനറി സർജനുള്ള അവാർഡ് ലഭിച്ചിട്ടുള്ളതുമാണ്. നിലവിൽ ടി കെട്ടിടം നല്ലരീതിയിൽ പ്രവർത്തിച്ച് വരുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. |
| 5 | ആല | 4.1.6 | **ആല ഗ്രാമപഞ്ചായത്ത്** 12,25,501/-രൂപ ചെലവഴിച്ച പഴുക്കാമോടി കമ്മ്യൂണിറ്റി ഹാൾ ഉപയോഗമില്ലാതെ കിടക്കുകയാണ്. വൈദ്യുതിയോ, കുടിവെള്ളമോ, ഫർണീച്ചറോ ഇതുവരെ ലഭ്യമാക്കിയിട്ടില്ല | **ആല ഗ്രാമപഞ്ചായത്തിലെ** 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പഴുക്കാമോടി കമ്മ്യൂണിറ്റി ഹാളിൽ പൈപ്പ്ലൈൻ മുഖേന കുടിവെള്ളം ലഭ്യമാക്കിയിട്ടുള്ളതും 2016-17 ലെ വാർഷിക പദ്ധതി 87/2017 നമ്പർ പ്രോജക്ട് (സ്പിൽ ഓവർ പ്രോജക്ട് നം.21/2017-18) പ്രകാരം ഹാളിന്റെ ഉപയോഗത്തിനായി 325 കസേരകൾ,2 ടേബിൾ ഉൾപ്പെടെയുള്ള ഫർണീച്ചറുകൾ ലഭ്യമാക്കിയിട്ടുള്ളതുമാണ്. ഹാളിന്റെ ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ളതും, ഗ്രാമ പഞ്ചായത്തിന്റെ 16.10.2016 ലെ 12-ാം തീരുമാന പ്രകാരം വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തെങ്കിലും ആയത് നടപ്പായിട്ടില്ലാത്തതും, പുതിയ അപേക്ഷ നൽകണമെന്ന കെ.എസ്.ഇ.ബിയിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് 03.8.2018 ൽ അപേക്ഷ നൽകുകയും അന്നേ ദിവസം തന്നെ കെ.എസ്.ഇ.ബി പരിശോധന നടത്തിയിട്ടുള്ളതുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 6 | മാരാരിക്കുളം തെക്ക് | 4.1.9 | **ഉപയോഗമില്ലാതെ കിടക്കുന്ന മത്സ്യ മാർക്കറ്റുകളും, ചന്തകളും**<br><br>ആലപ്പുഴ ജില്ലയിലെ **മാരാരിക്കുളം തെക്ക്** ഗ്രാമ പഞ്ചായത്ത് 2003 മുതൽ 2006 വരെ 60,65,330/-രൂപ ചെലവഴിച്ച്നിർമ്മിച്ച ഫിഷ് പ്രോസസിംഗ് സെന്റർ പ്രവർത്തനമില്ലാതെ പരിസരമാകെ കാടു പിടിച്ച നിലയിലാണ്. | **മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ കാട്ടൂരിൽ** കേന്ദ്ര ഗവൺമെന്റിന്റെ സ്പെഷ്യൽ എസ്.ജി.എസ്.വൈ സ്കീമിൽ 2003 - 2006 കാലയളവിൽ ആര്യാട്-കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായി മെഡിക്കോം (Micro Enterprises Development with Innovative Community and Market Linkages) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആണ് ഫിഷ് പ്രോസ്സസിംഗ് സെന്റർ കെട്ടിട നിർമ്മാണം നടത്തിയത്. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനർ, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ആര്യാട്, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന 8 ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ആര്യാട്, കഞ്ഞിക്കുഴി ബ്ലോക്കിലെ 2 അംഗങ്ങൾ, ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ എന്നിവർ ഉൾപ്പെടുന്ന സമിതിയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ വിനയ മത്സ്യ അച്ചാർ യൂണിറ്റ് ഫിഷ് പ്രോസസ്സിംഗ് ആരംഭിക്കുകയും വിവിധതരം മത്സ്യങ്ങൾ കൊണ്ടുള്ള അച്ചാർ ഉത്പാദിപ്പിച്ച് |

| | | | | |
|---|---|---|---|---|
| | | | | രണ്ടര വർഷത്തോളം പ്രവർത്തിക്കുകയും ചെയ്തു. നല്ല രീതിയിലുള്ള വിപണനം സാധ്യമാകാത്തതിനാൽ ഗ്രൂപ്പിന് സാമ്പത്തിക ബാധ്യത വരികയും തുടർന്ന് ഗ്രൂപ്പിന്റെ പ്രവർത്തനം നിലച്ച് പോകുകയും കെട്ടിടം പ്രവർത്തന രഹിതമാവുകയും ചെയ്തു. മറ്റ് കുടുംബശ്രീ തൊഴിൽ യൂണിറ്റുകൾ ഒന്നും തന്നെ ഈ മേഖലയിലേക്ക് കടന്നു വന്നിട്ടില്ലാത്തതുമാണ്.<br>ഈ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വിനയ മത്സ്യ അച്ചാർ യൂണിറ്റ് അംഗങ്ങൾ ഫിഷ് പ്രോസസ്സിംഗ് നടത്തുന്നതിന് കെട്ടിടം അനുവദിച്ച് തരണമെന്ന് കാണിച്ച് പഞ്ചായത്ത് ഭരണസമിതി മുമ്പാകെ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 11/12/2017 ലെ പഞ്ചായത്ത് ഭരണ സമിതിയുടെ 12(2) നമ്പർ തീരുമാന പ്രകാരം കെട്ടിടം വിട്ടു നൽകുകയും ചെയ്തു. തുടർന്ന് ഒന്നര മാസക്കാലത്തോളം ഗ്രൂപ്പ് പ്രവർത്തിക്കുകയും, 5/2/2018 ന് അച്ചാർ നിർമ്മിക്കുന്നതിനായി മത്സ്യങ്ങൾ കൊണ്ടു വരുന്നതുമൂലം ദുർഗന്ധം ഉണ്ടാകുന്നതായി പ്രദേശവാസികൾ പരാതിപ്പെട്ടതിനെതുടർന്ന് പ്രസ്തുത പ്രവർത്തനം നിലച്ചു. പ്രസ്തുത കെട്ടിട പ്രവർത്തന സജ്ജമാക്കുന്നതിന് സാഹചര്യം ഉണ്ടാകണമെന്ന് കാണിച്ച് ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിൽ വാട്ടർ ട്രീറ്റ്മെന്റ് സൗകര്യം ഒരുക്കുന്നതിനും ആയത് മോണിറ്റർ ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തും ആര്യാട് ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി ട്രീറ്റ്മെന്റ് സൗകര്യമൊരുക്കി അച്ചാർ യൂണിറ്റ് തുടർന്നും പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ ടി കെട്ടിടത്തിൽ ഹരിത കർമ്മ സേനയുടെ പ്ലാസ്റ്റിക്ക് സംഭരണ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ടി വസ്തുവിൽ തന്നെ 8 ലക്ഷം രൂപ മുടക്കി മെറ്റീരിയൽ കളക്ഷൻസെന്റർ സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി ടെൻഡർ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാടുകൾ വെട്ടിത്തെളിച്ച് കെട്ടിടം വൃത്തിയായി സൂക്ഷിച്ചിട്ടുള്ളതുമാണെന്ന വിവരം ബോധിപ്പിക്കുന്നു. |
| 7 | കൃഷ്ണ പുരം | 4.1.12 | **അറവുശാലകൾ നിഷ്ക്രിയ ആസ്തിയായി മാറുന്നു**<br>ആലപ്പുഴ ജില്ലയിലെ **കൃഷ്ണപുരം** ഗ്രാമപഞ്ചായത്ത് 2001-02 മുതൽ 2011-12 വരെ 23,27,543/-രൂപയാണ് അറവുശാലക്കായി ചെലവഴിച്ചിട്ടുള്ളത്. എന്നാൽ 2011 മാർച്ചു മുതൽ അറവുശാല പ്രവർത്തനമില്ലാതെ അടച്ചുപൂട്ടിയ നിലയിലാണ്. | **കൃഷ്ണപുരം** ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 70/6-2-1 സർവ്വേ നമ്പരിലുള്ള 06.07 ആർ ഭൂമിയിൽ 2003/2004 വർഷത്തിൽ പഞ്ചായത്ത് പദ്ധതി വിഹിതം ഉപയോഗിച്ച് ഒരു അറവുശാല നിർമ്മിച്ചിരുന്നു. ഇവിടെ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കാതിരുന്നതിനാൽ അറവുശാല പ്രവർത്തനക്ഷമമായില്ല. 2006/2007 വർഷം ക്ലീൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ ശുചിത്വ മിഷന്റെ ഫണ്ട് ഉപയോഗിച്ച് മാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിന് ജ്യോതി ബയോഗ്യാസ് പ്ളാന്റ് ആന്റ് റൂറൽ സോഷ്യൽ സർവ്വീസ് സെന്റർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിനും ആയതിന്റെ മേൽനോട്ട ചുമതല ശുചിത്വ മിഷനും നൽകിയിരുന്നു. പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായ ശേഷം 1/7/2008 ൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും പ്രോഗ്രാം ഓഫീസറും പ്ലാന്റ് പരിശോധിക്കുകയും പ്ളാന്റ് നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതിന്റെ |

| | | | | |
|---|---|---|---|---|
| | | | | അടിസ്ഥാനത്തിൽ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടില്ല.<br><br>ടി അറവുശാലയും മാലിന്യ നിർമ്മാർജ്ജന പ്ലാന്റും സ്ഥിതി ചെയ്യുന്നത് കായംകുളം മുനിസിപ്പാലിറ്റിയോട് അതിര് പങ്കിടുന്ന രണ്ടാംകുറ്റിയിലാണ്. ടി സ്ഥലം കൃഷ്ണപുരം- മാവേലിക്കര റോഡും കായംകുളം- പത്തനാപുരം സംസ്ഥാന പാതയും സന്ധിക്കുന്ന രണ്ടാംകുറ്റി മാർക്കറ്റിന് സമീപത്ത് ജനനിബിഡമായ ജനവാസമേഖലയിലാണ്. പ്രദേശത്ത് അറവുശാലയ്ക്കും മാലിന്യ നിർമ്മാർജ്ജന പ്ലാന്റിനും എതിരെ പരിസരവാസികളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും ശക്തമായ എതിർപ്പും പ്രക്ഷോഭ പരിപാടികളും ഉണ്ടായതിനെത്തുടർന്ന് അറവുശാലയുടെ പ്രവർത്തനം കഴിഞ്ഞ 10 വർഷമായി നിർത്തിവെച്ചിട്ടുള്ളതാണ്. നിലവിൽ ഇത് ഒരു നിഷ്ക്രിയ ആസ്തിയായി തുടരുന്നു.<br>പ്രസ്തുത സാഹചര്യത്തിൽ ടി സ്ഥലത്ത് ബഹു. സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എം.ആർ.എഫ്.സി സ്ഥാപിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഒരു കത്ത് നൽകിയിരുന്നു. ശക്തമായ ജനകീയ പ്രക്ഷോഭം കാരണം അറവുശാല പ്രവർത്തന സജ്ജമാക്കാൻ കഴിയില്ലെന്ന് പഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യപ്പെടുകയും പ്രസ്തുത സ്ഥലം എം.ആർ.എഫ്.സി സ്ഥാപിക്കുന്നതിനായി വിട്ടു നൽകുന്നത് മുതുകുളം ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകൾക്കും പ്രയോജനപ്രദമായിരിക്കും എന്ന് കാണുകയും, ആ സാഹചര്യത്തിൽ പ്രസ്തുത സ്ഥലം മുതുകുളം ബ്ലോക്ക് പഞ്ചായത്തിന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ (എം.ആർ.എഫ്.സി) സ്ഥാപിക്കുന്നതിനായി വിട്ടു നൽകുന്നതിന് ആവശ്യമായ അനുമതിയ്ക്കായി ബഹു.സർക്കാരിന് 06.07.2018 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നതുമാണ്. |
| 8 | എഴുപുന്ന | 4.1.13 | **കാർഷികോപകരണങ്ങൾ ഉപയോഗ ശൂന്യം തുരുമ്പെടുക്കുന്നത് കോടികളുടെ ആസ്തികൾ**<br><br>ആലപ്പുഴ ജില്ലയിലെ **എഴുപുന്ന** ഗ്രാമപഞ്ചായത്ത് 2011-12 ൽ 2,87,736/-രൂപ ചെലവിട്ട് 20 എച്ച്.പി.മോട്ടോർ, പറ,പെട്ടി എന്നിവ വാങ്ങിയെങ്കിലും ഇതുവരെ ഉപയോഗിച്ചിട്ടില്ല | **എഴുപുന്ന ഗ്രാമപഞ്ചായത്ത്** 2011-12 വാർഷിക പദ്ധതിയിൽ 287736/- രൂപ ചിലവിട്ട് 20 എച്ച്.പിമോട്ടോർ, പറ, പെട്ടി എന്നിവ വാങ്ങിയെങ്കിലും ആയത് ഇതുവരെ ഉപയോഗിച്ചിട്ടില്ല എന്നത്സംബന്ധിച്ച് പരാമർശത്തിൽ 02/08/2018ൽ പഞ്ചായതത് ഡെപ്യൂട്ടി ഡയറക്ടർ സ്ഥലപരിശോധനനടത്തിയതിൽ തോട്ടപ്പള്ളി പാടശേഖരത്തിന് സമീപത്ത് 20 എച്ച്.പി മോട്ടോർ, പെട്ടി, പറഎന്നിവ വെച്ചിട്ടുണ്ടെങ്കിലും ആയത് പ്രവർത്തന സജ്ജമാക്കി സ്ഥാപിച്ചിട്ടില്ലായെന്നും നിലവിൽ ടി പെട്ടിയും പറയും മോട്ടോറും നിഷ്ക്രിയ ആസ്തിയായി തന്നെ നിലനില്ക്കുന്നു എന്നും ഇവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തോട്ടപ്പള്ളി പാടശേഖരസമിതി നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടു. ആയത് |

| | | | | |
|---|---|---|---|---|
| | | | | സംബന്ധിച്ച്രേഖകൾ പരിശോധിച്ചതിൽ എഴുപുന്നഗ്രാമ പഞ്ചായത്തിൽ 2011–12 വാർഷികപദ്ധതിയിൽപ്പെടുത്തി കൃഷി ആഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 287736/– രൂപ ചെലവഴിച്ച് 20 എച്ച്.പി.മോട്ടോർ, പറ, പെട്ടി എന്നിവ വാങ്ങുകയും ആയത് ഗുണഭോക്താവായ ആലുങ്കൽ പാടശേഖരസമിതിയ്ക്ക് കൈമാറുകയും ചെയ്തിട്ടുള്ളതാണ്.ആലുങ്കൽ പാടശേഖരസമിതി പഞ്ചായത്തുമായി എഗ്രിമെന്റ് വെയ്ക്കുകയും 20 എച്ച്.പി മോട്ടോർ, പെട്ടി, പറ മുതലായവ 18/02/2012ൽ കൈപ്പറ്റിയിട്ടുള്ളതുമാണ്. എന്നാൽ പാടശേഖരസമിതി കൺവീനർ പെട്ടി, പറ, അനുബന്ധ സാധനങ്ങൾ എന്നിവ ലഭിച്ചിട്ടും മോട്ടോർഷെഡ് നിർമ്മിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ നെൽകൃഷി ചെയ്യുവാൻ ബുദ്ധിമുട്ടാണെന്ന് കാണിച്ച് 04/03/2012 ൽ കൃഷി ആഫീസർക്ക് കത്ത് നൽകുകയും, കൃഷി ആഫീസർ ആലുങ്കൽ പാടശേഖരത്തിൽ മോട്ടോർ ഷെഡ്പണിയണമെന്ന് കാണിച്ച് 09/04/2012 ൽ പഞ്ചായത്തിന് കത്ത് നൽകിയിട്ടുമുണ്ട്. തുടർന്ന് പഞ്ചായത്ത് 2015–16 വരെ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. ആയതിന് ശേഷം പെട്ടിയും പറയുംഅനുബന്ധ സാധനങ്ങളും ആലുങ്കൽ പാടശേഖരത്തിൽ നിന്നും കൃഷി ആഫീസറുടെ സാന്നിദ്ധ്യത്തിൽ തോട്ടപ്പള്ളി പാടശേഖരസമിതി കൺവീനർ 24/09/2016 ൽ കൈപ്പറ്റിയിട്ടുണ്ട്.<br><br>തോട്ടപ്പള്ളി പാടശേഖരത്തിൽ മോട്ടോർപുരസ്ഥാപിക്കുന്നതിന് 2016–17ലും 2017–18ലും150000/-രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയെങ്കിലും പ്രവർത്തി ആരുംഏറ്റെടുത്തിട്ടില്ലാത്തതാണ്. മോട്ടോർപുര സ്ഥാപിക്കുന്നതിന് കൂടുതൽ തുക വകയിരുത്തി എസ്റ്റിമേറ്റ് എടുക്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർക്ക് 25/05/2018 ൽ കത്ത് നൽകിയിട്ടുണ്ട്.. തുടർന്ന് സെക്രട്ടറി 02/08/2018 ൽ നൽകിയിരിക്കുന്ന റിപ്പോർട്ടിൽ പ്രസ്തുത പെട്ടിയും പറയും ടി പാടശേഖരത്ത്സ്ഥാപിച്ചിരുന്നു എന്നും ആയത് തകരാറായതിനാൽ തിരികെ കരയിൽ സൂക്ഷിച്ചതാണ് എന്നും പാടശേഖര സമിതിയുടെ സാമ്പത്തിക |

| | | | | |
|---|---|---|---|---|
| | | | | ബുദ്ധിമുട്ടും വെള്ളപ്പൊക്കവും തൊഴിലാളികളുടെ അഭാവവും മൂലമാണ് പെട്ടി പുന:സ്ഥാപിക്കാൻ സാധിക്കാതിരുന്നത് എന്ന്പറഞ്ഞിരിക്കുന്നു. ടി പ്രവൃത്തി 03/08/2018ന് പൂർത്തീകരിച്ച് പമ്പിംഗ് പുന:സ്ഥാപിക്കാൻ കഴിയും എന്ന് പാടശേഖര സമിതി സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 9 | ബുധ നൂർ | 4.1.14 | **ഇ–ടോയ്ലെറ്റുകളും,ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല.**<br><br>ബുധനൂർ ഗ്രാമപഞ്ചായത്ത് 6,36,034/–രൂപ വിനിയോഗിച്ച് 2011–12ൽ സ്ഥാപിച്ച ഇ–ടോയ്ലെറ്റ് ഉപയോഗമില്ലാത്ത നിലയിലാണ്. | **ബുധനൂർ** ഗ്രാമപഞ്ചായത്തിൽ എണ്ണയ്ക്കാട് ജംഗ്ഷനിൽ 2011–12 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഇലക്ട്രോണിക്ക് ടോയിലറ്റ് 6,36,034/–രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷി ഓഫീസ്, മാവേലി സ്റ്റോർ, എണ്ണയ്ക്കാട് മാർക്കറ്റ് ജംഗ്ഷൻ, ബസ് സ്റ്റാന്റ് ഉൾപ്പെടെ ജനതിരക്കുള്ള എണ്ണയ്ക്കാട് ജംഗ്ഷനിൽ പൊതുവായ ശൗചാലയങ്ങൾ ഒന്നും തന്നെയില്ലാത്തതിനാൽ ശൗചാലയത്തിനു വേണ്ടി യുള്ള ജനങ്ങളുടെ നിരന്തരമായ ആവശ്യത്തെ തുടർന്നാണ് ടി ജംഗ്ഷന് സമീപത്തായി ഇ–ടോയിലറ്റ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചത്.<br>എന്നാൽ പ്രദേശത്തുള്ള ആളുകളുടെ അറിവില്ലായ്മയും ഇ–ടോയിലറ്റ് ഉപയോഗിക്കു വാനുള്ള വിമുഖതയും കാരണം ഇ–ടോയിലറ്റിന്റെ പ്രവർത്തനം ഭരണസമിതി പ്രതീക്ഷിച്ച രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയാതെ വന്നതിനെ തുടർന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 29/01/2016 ലെ 2(4) നമ്പർ തീരുമാന പ്രകാരം കൂടുതൽ ജനങ്ങൾ വന്നു പോകുന്നതും മറ്റ് പൊതു ശൗചാലയങ്ങൾ ഇല്ലാത്ത പഞ്ചായത്ത് സ്റ്റേഡിയത്തിനു സമീപത്തേക്ക് മാറ്റി സ്ഥാപിക്കുകയും നിലവിൽ പ്രവർത്തന ക്ഷമവുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 10 | ചെട്ടി കുളങ്ങര | 4.1.4 | ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത് 2012-13 ൽ 5,00,000/-രൂപ ചെലവിട്ടു സ്ഥാപിച്ച ഇ-ടോയ്ലെറ്റ്, സ്ഥലം സംബന്ധിച്ചുള്ള തർക്കത്തെ തുടർന്ന് പൊളിച്ചു മാറ്റി | **ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്-** 2012-13 സാമ്പത്തിക വർഷത്തെ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രകാരം റീ-സർവ്വെ നമ്പർ 588/7 ൽ ഉള്ള സ്ഥലത്ത് സ്ഥാപിച്ചുവെങ്കിലും ടി വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ബഹു.ഹൈക്കോടതി 18.03.2013 ൽ ഡബ്ല്യു.എ 457/13 നമ്പറായി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഇ-ടോയ്ലെറ്റ് പൊളിച്ചുനീക്കി പഞ്ചായത്ത് ഓഫീസ് പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതാണ്. ആയതിനാൽ പൊതുജനങ്ങൾക്ക് സൗകര്യപ്രദമാം വിധം സ്ഥലം കണ്ടെത്തി ടോയ്ലെറ്റ് സ്ഥാപിക്കുന്നതിന് പഞ്ചായത്തിന് കഴിയാതെ വരികയും ടോയ്ലറ്റ് പഞ്ചായത്ത് ഓഫീസ് പരിസരത്ത് തന്നെ പുനസ്ഥാപിക്കുന്നതിന് ഭരണസമിതി തീരുമാനിക്കുകയും ആയത് നിർവ്വഹണ ഏജൻസിയായ കെൽട്രോണിനെ അറിയിക്കുകയും ചെയ്തു. കെൽട്രോൺ ആവശ്യപ്പെട്ടതനുസരിച്ച് തനത് ഫണ്ട് 130000/രൂപ വകയിരുത്തി 2014-15 സാമ്പത്തിക വർഷം പ്രോജക്ട് വച്ചിരുന്നതും, 2015-16, 2016-17 ൽ സ്പിൽഓവറായി നിലനിർത്തിയിരുന്നതുമാണ്. നിരന്തരമായി ആവശ്യപ്പെട്ടിട്ടും 2015,2016,2017 വർഷങ്ങളിൽ കെൽട്രോൺ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതാണ്, എന്നാൽ 30.07.2018 ലെ കത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടോയ്ലറ്റ് പുനസ്ഥാപിക്കുന്നതിന്. എസ്റ്റിമേറ്റ് എടുത്ത് നൽകാമെന്ന് കെൽട്രോൺ സമ്മതിച്ചിട്ടുള്ളതും, എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി ഇ-ടോയ്ലറ്റ് സ്ഥാപിക്കുന്നതുമാണെന്ന വിവരം ബോധിപ്പിക്കുന്നു. |
| 11 | വള്ളി കുന്നം | 4.1.15 | **നിഷ്ക്രിയാസ്തികൾ- ശ്മശാനം മുതൽ ആംബുലൻസ് വരെ** ആലപ്പുഴ ജില്ലയിലെ **വള്ളികുന്നം** ഗ്രാമപഞ്ചായത്ത് 2009ൽ വാങ്ങിയ മഹീന്ദ്രാ ട്രാക്ടർ ഇരുമ്പു വീലുകൾ പൊട്ടി ഉപയോഗമില്ലാതെ കിടക്കുകയാണ്. 5,24,830/-രൂപ ചെലവിലാണ് ട്രാക്ടർ വാങ്ങിയത് | **വള്ളികുന്നം ഗ്രാമപഞ്ചായത്ത്** 2008-09 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 5,24,830/- രൂപ ചെലവഴിച്ചു വാങ്ങിയിരുന്ന മഹീന്ദ്ര ഭൂമിപുത്ര ട്രാക്ടർ 10.06.2009 തീയതിയിൽ കരാർ ഉടമ്പടി പ്രകാരം വള്ളികുന്നം പുഞ്ചപാടശേഖര നെല്ലുൽപാദകസമിതി പേർക്ക് കൈമാറിയിരുന്നതാണ്. കരാർ ഉടമ്പടിയിൽ സമിതിയുടെ നിയന്ത്രണങ്ങൾക്കതീതമായ കാരണങ്ങളാലല്ലാതെ ഉണ്ടാകുന്ന അപാകതകൾ മാത്രം സമിതിയുടെ ഉത്തരവാദിത്തത്തിലും ചെലവിലും പരിഹരിച്ച് നൽകാമെന്ന് പരാമർശമുള്ളതാണ്. 29.09.2011 തീയതിയിൽ കണ്ണഞ്ചാൽ പുഞ്ചയിൽ ഉഴുതുകൊണ്ടിരിക്കെ ട്രാക്ടർ ചെളിയിൽ താഴ്ന്നപ്പോൾ ജെ.സി.ബി ഉപയോഗിച്ച് ഉയർത്തിയപ്പോൾ ഉണ്ടായ കേടുപാടും തുടർന്ന് നടന്ന മോഷണം മൂലമുണ്ടായ നഷ്ടവും സമിതിയുടെ നിയന്ത്രണത്തിന് പുറത്തായ സംഗതിയാണെന്ന് പഞ്ചായത്ത് കമ്മറ്റിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17.03.2016 ലെ തീരുമാനം 3 പ്രകാരം ട്രാക്ടറിന്റെ അറ്റകുറ്റപണി നടത്തുന്നതിന് തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 19.06.2017,1.10.2017 എന്നീ തീയതികളിലായി അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ കൃഷി വകുപ്പ് ആലപ്പുഴ പേർക്ക് കത്ത് നൽകിയിരുന്നു. 24.10.2017 ൽ ലഭ്യമായ മറുപടി പ്രകാരം അംഗീകൃത ഏജൻസിയായ KAICO യെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഏൽപ്പിക്കാവുന്നതാണെന്ന് അറിയിച്ചത് പ്രകാരം |

132

| | | | | |
|---|---|---|---|---|
| | | | | 13.02.2017 ൽ KAICO യ്ക്ക് കത്ത് നൽകുകയും 20.07.2018 ൽ പ്രസ്തുത സ്ഥാപനം പരിശോധന നടത്തി 26.07.2018 ൽ 238404/- രൂപയുടെ എസ്റ്റിമേറ്റ് പഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കിയിട്ടുള്ളതാണ്. 04.08.2018 ൽ കൂടുന്ന ഭരണസമിതിയിൽ ആയത് അംഗീകരിച്ച് അറ്റകുറ്റപ്പണി നടത്തി ആസ്തി പ്രവർത്തനക്ഷമമാക്കുന്നതുമാണെന്ന് ബോധിപ്പിക്കുന്നു.. |

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2014-15) പാലക്കാട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.**

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | വടക്കഞ്ചേരി | 4.1.5 | 2000-01 വർഷത്തിൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് 11.70 ലക്ഷം രൂപ ചെലവഴിച്ച് തുടങ്ങിയ കുട നിർമ്മാണ യൂണിറ്റ്, വസ്ത്ര നിർമ്മാണ യൂണിറ്റ് എന്നിവ പ്രയോജന രഹിതമായി മുടങ്ങിക്കിടക്കുന്നു. | പ്രോജക്ടിന്റെ ഭാഗമായി 11.70 ലക്ഷം രൂപ നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിച്ച് പ്രസ്തുത ആസ്തി സൃഷ്ടിച്ചിട്ടുള്ളതും 2005 ഏപ്രിൽ മുതൽ വസ്ത്ര നിർമ്മാണ യൂണിറ്റിന് പ്രതിമാസം 348/- രൂപ വാടകക്ക് നൽകിയിട്ടുള്ളതുമായിരുന്നു. വളരെ അധികം മൽസര സ്വഭാവമുള്ള മാർക്കറ്റിൽ തുടർന്ന് നടത്തുവാൻ ആകാതെ 2007 മാർച്ച് മാസത്തിൽ പ്രവർത്തനം നിലച്ചുപോയിട്ടുള്ളതുമാണ്. പിന്നീട് ടി സ്ഥലത്ത് അങ്കൺവാടി പ്രവർത്തിച്ചു വരുകയായിരുന്നു. അങ്കൺവാടിക്ക് പുതിയ കെട്ടിടം നിർമ്മിച്ചശേഷം ആയത് മാറ്റി സ്ഥാപിച്ചിട്ടുള്ളതും നിലവിൽ ടി കെട്ടിടത്തിന് പുനരുദ്ധാരണം ആവശ്യമായിട്ടുള്ളതും പുന:രുദ്ധാരണ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വനിത സംരഭകർക്കായി തന്നെ ഉപയോഗപ്പെടുത്തുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു. കുടനിർമ്മാണ യൂണിറ്റിന്റെ ഒന്നാം നില 2007 ഏപ്രിൽ മുതൽ വനിതകൾ തന്നെ നടത്തുന്ന പാരലൽ കോളേജിന് വാടകയ്ക്ക് നൽകിയിട്ടുള്ളതും താഴത്തെ നില സമീപത്തുതന്നെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ കർഷകർക്ക് വിതരണത്തിനായുള്ള കാർഷിക സാമഗ്രികളുടെ സംഭരണത്തിനും, സൂക്ഷിപ്പിനുമായി ഉപയോഗിച്ചു വരുന്നതുമാകുന്നു. |
| 2 | കൊഴിഞ്ഞാമ്പാറ | | **കൊഴിഞ്ഞാമ്പാറ** ഗ്രാമ പഞ്ചായത്ത് 1998-99 ൽ നിർമ്മിച്ച വനിതാ തൊഴിൽ പരിശീലന കേന്ദ്രം ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. 3 ലക്ഷം രൂപ ചെലവഴിച്ച ഈ കെട്ടിടത്തിന്റെ ജനാലുകളും മേൽക്കൂരയും തകർന്ന നിലയിലാണ് | **കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്** 1998-99 ൽ മൂന്നു ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ച വനിതാ പരിശീലന കേന്ദ്രം , ഫലപ്രാപ്തി കിട്ടാതെ വർഷങ്ങളോളം ഉപയോഗ ശൂന്യമായി കാടുപിടിച്ച് കിടന്ന് ജീർണിച്ച് സാമൂഹിക വിരുദ്ധർ താവളമാക്കിയപ്പോൾ 07.04.2014 ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി യോഗം ഇക്കാര്യം ഗൗരവമായി പരിശോധിച്ചു. വനിതാ സംരംഭം തുടങ്ങി വിജയിപ്പിക്കാനാവശ്യമായ സാഹചര്യം സമാഗതമാകുന്നതുവരെ ജീർണാവസ്ഥയിൽ കിടക്കുന്ന ഈ കെട്ടിടം, പുതിയ വാടക കെട്ടിടം അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്ന ഹോമിയോ ഡിസ്പെൻസറിക്ക് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിക്കാൻ നൽകാൻ മേൽ ഭരണ സമിതി യോഗം തീരുമാനിച്ചു. (തീരുമാന നം.1(4)). നാളിതുവരെ മറ്റൊരു കെട്ടിടം കണ്ടെത്തി കൊടുക്കാൻ കഴിയാത്തതിനാൽ ഇപ്പോഴും മേൽ പറഞ്ഞ തൊഴിൽ പരിശീലനത്തിനായി പണിതിരുന്ന കെട്ടിടത്തിൽ തന്നെയാണ് ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നത്. 20 വർഷം മുമ്പ് അന്നത്തെ ആവശ്യം പരിഗണിച്ച് പണിത നാമമാത്ര സൗകര്യമുള്ള കെട്ടിടമാണിത്. ഇന്നത്തെ നിലയിൽ |

| | | | | |
|---|---|---|---|---|
| | | | | തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങണമെങ്കിൽ ലക്ഷങ്ങൾ മുടക്കി കെട്ടിടം ഇനിയും ബലപ്പെടുത്തേണ്ടതുണ്ട്. പ്രായോഗികമാണോ എന്ന് ചിന്തിക്കാതെ പ്രാവർത്തികമാക്കിയതിന്റെ പരാജയമാണ് വർഷങ്ങളോളം കേന്ദ്രം ഉപയോഗയോഗ്യമല്ലാതെ കാടുപിടിച്ചു കിടന്നതെന്നും വനിതകൾക്ക് മാത്രമായി ഒരു തൊഴിൽ പരിശീലന കേന്ദ്രം കാർഷിക വൃത്തിക്കു പ്രാമുഖ്യമുള്ള കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് വൻ പരാജയമായിരിക്കുമെന്നതിനാലാണ് അതുവരെ നിലവിലുള്ള സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറി തുടർന്നു പോകാൻ തീരുമാനിച്ചത്. തൊഴിൽ പരിശീലനത്തിനായി ആഗ്രഹിക്കുന്ന വനിതകളിൽ നിന്നുള്ള ആവശ്യമായി ഉയർന്നു വരാത്തിടത്തോളം അവർക്കു വേണ്ടി ഒരു തൊഴിൽ പരിശീലന കേന്ദ്രം അടിച്ചേൽപ്പിക്കുന്നത് മുൻ പരാജയം ആവർത്തിക്കലും പഞ്ചായത്തിന് ബാധ്യതയും ആകുമെന്നല്ലാതെ ആർക്കും പ്രയോജനം ഉണ്ടാവില്ലെന്ന് ഭരണ സമിതിക്കുൾപ്പെടെ ബോധ്യപ്പെട്ടതുകൊണ്ടാണ് നിഷ്ക്രിയ ആസ്തിയായി കിടക്കുന്നതിനെക്കാൾ ഭേദം പുതിയ കെട്ടിടം ഉണ്ടാക്കുന്നതു വരെ ഹോമിയോ ഡിസ്പെൻസറിക്ക് പ്രവർത്തിക്കാൻ കൊടുത്തതെന്നും മേൽ സാഹചര്യം പരിഗണിച്ച് ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നും അപേക്ഷിക്കുന്നു. |
| 3 | പെരുവെമ്പ് | 4.1.6 | പാലക്കാട് ജില്ലയിലെ **പെരുവെമ്പ്** ഗ്രാമപഞ്ചായത്തിൽ 1142508/- രൂപ ചെലവഴിച്ചു നിർമ്മിച്ച കൃഷി ഇൻഫർമേഷൻ സെന്റർ തുറന്നു പ്രവർത്തിക്കുന്നില്ല | പാലക്കാട് ജില്ലയിലെ പെരുവെമ്പ് ഗ്രാമപഞ്ചായത്ത് പ്രധാനമായും കാർഷിക മേഖലയാണ്. പഞ്ചായത്ത് കൃഷിഭവന്റെ പരിധിയിൽ 850 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തി വരുന്നു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാലാകാലങ്ങളായി പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിലെ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി 2008-09 വർഷത്തെ ജനകീയാസൂത്രണ പരിപാടിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു എസ്.സി. തൊഴിൽ സേനയ്ക്ക് രൂപം നൽകുകയും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുകയും അവയുടെ സൂക്ഷിപ്പിനും കർമസേനയുടെ ആവശ്യങ്ങൾക്കുമായി പഞ്ചായത്തിന്റെ വികസനഫണ്ട് / കേന്ദ്രാവിഷ്കൃത ഫണ്ട് (RKVY രാഷ്ട്രീയ കിസാൻ വികാസ് യോജന ഫണ്ട്) / ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ ഉപയോഗിച്ച് ഒരു അഗ്രോ സർവീസ് സെന്റർ (കൃഷി ഇൻഫർമേഷൻ സെന്റർ) നിർമ്മിക്കുകയും ചെയ്തു. 2 നിലകളുള്ള അഗ്രോസർവ്വീസ് സെന്റർ കെട്ടിടത്തിലെ താഴത്തെ നില കൃഷി ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും മുകളിലത്തെ നിലയിലെ ഹാൾ കൃഷി ഇൻഫർമേഷൻ ഓഫീസ് ആയി ഉപയോഗിക്കുന്നതിനുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>മേൽ സൂചിപ്പിച്ച കൃഷി ഇൻഫർമേഷൻ സെന്റർ തുറന്നു പ്രവർത്തിക്കുന്നില്ല എന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2014-15 വർഷത്തെ സാമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ പഞ്ചായത്തിൽ വിപുലമായ രീതിയിൽ ഒരു കാർഷിക കർസേന രൂപീകരിക്കുകയും ആയിന്റെ പ്രവർത്തനം 2014-15 വർഷത്തെ രണ്ടാം വിള സീസണിൽ തുടങ്ങുകയും ചെയ്തു. |

| | | | | |
|---|---|---|---|---|
| | | | | നിലവിൽ കാർഷിക കർമസേനയുടെ പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നുണ്ട്. സമാഹൃത റിപ്പോർട്ടിൽ പരാമർശ വിധേയമായ കൃഷി ഇൻഫർമേഷൻ സെന്റർ (അഗ്രോ സർവ്വീസ് സെന്റർ) ന്റെ താഴത്തെ നില കർമസേനയുടെ കൈവശമുള്ള കാർഷിക ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും, മുകൾ നിലയിലെ ഹാൾ കാർഷിക ഇൻഫർമേഷൻ സെന്ററായും ഉപയോഗിച്ചു വരുന്നു എന്ന വിവരം ബോധിപ്പിക്കുന്നു.<br><br>മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 2014-15 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ പെരുവെമ്പ് ഗ്രാമപഞ്ചായത്തിലെ കൃഷി ഇൻഫർമേഷൻ സെന്റർ (അഗ്രോ സർവ്വീസ് സെന്റർ) സംബന്ധിച്ച പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 4 | വടക്ക ഞ്ചേരി | 4.1.6 | 2011-12 ൽ ഒറക്കുന്നംകാടിൽ 15 ലക്ഷം രൂപ ഉപയോഗിച്ചു ചെലവഴിച്ച അയ്യങ്കാളി സ്മാരകഹാൾ<br>ഉപയോഗശൂന്യമായിക്കിടക്കുന്നു. | വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലെ മംഗലം ഒറക്കുന്നംകാടിലുള്ള അയ്യങ്കാളി സ്മാരക ഹാൾ പഞ്ചായത്ത് നേരിട്ട് നടത്തിവരുന്നതും, നടത്തിപ്പു ചുമതല സംരക്ഷണസമിതിയെ ഏൽപ്പിച്ചിട്ടുള്ളതുമാകുന്നു. നല്ല രീതിയിൽ പ്രവൃത്തിച്ചു വരുന്ന ടി ഹാളിൽ നിന്ന് പഞ്ചായത്തിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വാടക ഇനത്തിൽ 135500/- രൂപ ലഭിച്ചിട്ടുള്ളതുമാകുന്നു. |
| 5 | കടമ്പഴി പ്പുറം | 4.1.6 | 462000/- രൂപ ചിലവഴിച്ച് 2009-10 ൽ നിർമാണം തുടങ്ങിയ കൃഷിഭവൻ കെട്ടിടം ഭാഗികമായി പൂർത്തിയാക്കിയ ശേഷം ഉപേക്ഷിച്ച നിലയിൽ . | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് 2007-08 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയ 1. കൃഷിഭവൻ കെട്ടിട നിർമ്മാണം 2. കൃഷിഭവൻ കെട്ടിടം അധിക വിഹിതം എന്നീ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര റൂറൽ സെന്റർ,പാലക്കാട് എന്ന സ്ഥാപനത്തിന് 3 തവണകളായി 462000/- (നാല് ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ) രൂപ അഡ്വാൻസ് ആയി നൽകിയിരുന്നു. ടി തുകയിൽ 300940/- (മൂന്ന് ലക്ഷത്തി തൊള്ളായിരത്തി നാൽപത് രൂപ) രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 05.06.2012 തീയതിയിലെ ഡി1.ബിൽ/12-13 നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിനാലും സ്വന്തം നഷ്ടോത്തരവാദിത്വത്തിൽ പണി പൂർത്തിയാക്കാൻ പലതവണ രേഖാമൂലം ആവശ്യപ്പെട്ടിട്ടും തയ്യാറാകാത്തതിനാലും കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.11.2012 ലെ 7-ാം നമ്പർ തീരുമാന പ്രകാരം Hon.Consumer Protection Forum ത്തിൽ പാലക്കാട് നിർമ്മിതി കേന്ദ്രക്കെതിരെ (183/2013 നമ്പർ) |

| | | | | |
|---|---|---|---|---|
| | | | | കേസ് കൊടുക്കുകയും Hon.Consumer Protection Forum ഈ കേസ് Hon.Consumer Protection Forum ന്റെ പരിധിയിൽ വരുന്നതല്ലെന്നും മറ്റൊരു സിവിൽ കോടതിയിൽ ഇതിന്റെ കേസ് ഫയൽ ചെയ്യേണ്ടതുമാണെന്ന് ന്യായവിധി പുറപ്പെടുവിക്കുകയും ചെയ്തു.പിന്നീട് പഞ്ചായത്ത് പ്രസിഡണ്ട്,സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ,സെക്രട്ടറി എന്നിവർ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര റൂറൽ സെന്റർ അധികൃതരുമായി ടി വിഷയം സംസാരിച്ചിരുന്നു. നിർമ്മിതി കേന്ദ്ര അധികൃതർ അഡ്വാൻസ് തുകയിൽ ബാക്കി നിൽക്കുന്ന തുകയായ 161060/- (ഒരു ലക്ഷത്തി അറുപത്തിയൊന്നായിരത്തി അറുപത് രൂപ) രൂപ പലിശ ഇല്ലാതെ തിരികെ നൽകാമെന്ന് സമ്മതിച്ചിരുന്നു. 10 വർഷത്തോളമായി ടി കെട്ടിടത്തിനു വേണ്ടി നിർമ്മിച്ച അടിത്തറയും പില്ലറും തുടർപ്രവൃത്തി ചെയ്യാനാവാതെ കിടക്കുകയാണ്. കൃഷി ഭവന്റെയും പഞ്ചായത്ത് ഓഫീസിന്റെയും പ്രവർത്തനത്തെ ഇത് സാരമായി ബാധിക്കുന്നുണ്ട്. ടി സാഹചര്യത്തിൽ അപ്പീൽ ഫയൽ ചെയ്താൽ കൃഷിഭവൻ കെട്ടിട നിർമ്മാണം വീണ്ടും വർഷങ്ങൾ നീണ്ടു പോകുമെന്നതിനാൽ അഡ്വാൻസ് തുകയിൽ ബാക്കി നിൽക്കുന്ന തുകയായ 161060/- (ഒരു ലക്ഷത്തി അറുപത്തിയൊന്നായിരത്തി അറുപത് രൂപ) രൂപ പലിശ ഇല്ലാതെ തിരികെ നൽകാമെന്ന നിർമ്മിതി കേന്ദ്രത്തിന്റെ തീരുമാനം അംഗീകരിക്കുന്നതിനും ടി വിഷയത്തിൽ ബഹു.കേരള സർക്കാരിന്റെയും നിയമസഭ സമിതിയുടെയും അംഗീകാരം തേടുന്നതിനും ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട് (24.07.2018 തീയതിയിലെ 1(2) -ാം നമ്പർ തീരുമാനം). ആയതു പ്രകാരം അഡ്വാൻസ് തുകയുടെ ബാക്കി തുക പലിശ ഇല്ലാതെ തിരികെ ലഭിക്കുന്നതിനും കൃഷിഭവൻ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുമുള്ള അനുവാദത്തിനായി സർക്കാരിനോട് അപേക്ഷിക്കുന്നതാണെന്ന സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുള്ളതും അപേക്ഷ ലഭിക്കുന്ന മുറയക്ക് സർക്കാർ ഉചിതമായ തീരുമാനം എടുക്കുന്നതുമാണെന്ന വിവരം സമർപ്പിച്ചുകൊള്ളുന്നു |
| 6 | കൊഴിഞ്ഞാമ്പാറ | 4.1.9 | <u>ഉപയോഗമില്ലാതെ കിടക്കുന്ന മത്സ്യ മാർക്കറ്റുകളും ചന്തകളും</u><br><br>പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാന്റിനു സമീപം ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ഫണ്ടായ 18 ലക്ഷം രൂപ ഉപയോഗിച്ചാണ് ഉഴവർ ചന്തയ്ക്ക് 2007-08 ൽ കെട്ടിടം നിർമ്മിച്ച് നടത്തിയ പരിശോധനയിൽ സ്ഥലവും കെട്ടിടവും ഉപയോഗമില്ലാതെ നിഷ്ക്രിയമായ നിലയിൽ കാണപ്പെട്ടു. 2008 ൽ ഉദ്ഘാടനം ചെയ്തുവെങ്കിലും നാളിതുവരെ ഉഴവർ ചന്ത പ്രവർത്തനമാരംഭിച്ചിട്ടില്ല. പരിസരമാക | പാലക്കാട് ജില്ലാ പഞ്ചായത്ത് 2006-ൽ 18 ലക്ഷം ചെലവഴിച്ച് നിർമ്മിച്ചു കൈമാറിയതാണ് ഈ ഉഴവർ ചന്ത. ഇതിന്റെ നടത്തിപ്പിനായി ഒമ്പതംഗ നിർവഹണ സമിതി രൂപീകരിക്കുകയും ജില്ലാ പഞ്ചായത്ത് ഈ സമിതിയെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ചന്ത ആരംഭിക്കുന്നതിനുള്ള നടപടികളൊന്നും സമിതി സ്വീകരിക്കാതായപ്പോൾ ഇതിനെ പുനഃസംഘടിപ്പിച്ച് അംഗീകരിച്ചു തരുന്നതിനായി ജില്ലാ പഞ്ചായത്തിന് നൽകിയെങ്കിലും അംഗീകാരം നൽകുകയോ തുടർനടപടികൾ ഉണ്ടാവുകയോ ചെയ്തില്ല.<br><br>ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകുന്നതുവരെ കാത്തുനിൽക്കാതെ കൊഴിഞ്ഞാമ്പാറ പഞ്ചായത്ത് ഭരണസമിതി 24.02.2015 ലെ 7(2) നമ്പർ തീരുമാന പ്രകാരം ചന്ത ലേലം ചെയ്തു നൽകാൻ തീരുമാനിച്ചു. 11.03.2016 ൽ നടന്ന ലേലത്തിൽ ഈശ്വരി പഴനി ചെട്ടിയാർ കല്ലാണ്ടിചള്ള , ജയരാമൻ s/o ആറുച്ചാമി , പാറക്കളം റോഡ് എന്നിവർ യഥാക്രമം പ്രതിവർഷം മുറിക്ക് 30000/- രൂപ 31200 രൂപ എന്നിങ്ങനെ ലേലം എടുക്കുകയും ചെയ്തു. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ലേലം എടുത്തവർ മുൻഗണന നൽകണമെന്നും നിർദ്ദേശവും നൽകിയിട്ടുണ്ട്. ഉഴവർ |

| | | | | |
|---|---|---|---|---|
| | | | കാടു പിടിച്ചു കിടക്കുന്നു. | ചന്തയിൽ ബാക്കി വന്ന മുറികൾ 2016 മുതൽ ലേലം നൽകിയിട്ടുണ്ട്. നിലവിൽ ഉഴവർ ചന്ത കാടുവെട്ടി വൃത്തിയായി സൂക്ഷിക്കുന്നുണ്ട്. 2017–18 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 277865 രൂപ ചെലവിൽ ഉഴവർ ചന്തയുടെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. ഉഴവർ ചന്തയിലെ കെട്ടിടങ്ങൾ കേരള ആഗ്രോ ഇൻഡസ്ട്രീസിന് വാടക നൽകാനുള്ള നടപടികളും പഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ട്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| 7 | വടക്കഞ്ചേരി | 4.1.10 | 2010–11 വർഷത്തെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് 15 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ചാമപ്പറമ്പിലെ വൃദ്ധ വിശ്രമ കേന്ദ്രം ശരിയായി പ്രവർത്തിക്കുന്നില്ല. | 2010–11 വർഷം നിർമ്മിച്ച ചാമപറമ്പ് വൃദ്ധ വിശ്രമ കേന്ദ്രം നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. പ്രദേശ് വാസികളുടെ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രദേശവാസികളായ വൃദ്ധ ജനങ്ങൾക്ക് ഉപയുക്തമാക്കിയിട്ടുണ്ട്. എല്ലാ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ കേരള സർക്കാരിന്റെ സർക്കാർ ഉത്തരവ് (സാധ) 355/2017/ സാമൂഹ്യ നീതി വകുപ്പ് തിയ്യതി. 03/06/2017 പ്രകാരം ഈ പഞ്ചായത്തിൽ പ്രസ്തുത കേന്ദ്രത്തിൽ 'സായംപ്രഭ ഹോം' 16/06/2018 മുതൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. |
| 8 | തേങ്കുറിശ്ശി | 4.1.13 | 2008–09ൽ തൊഴിൽ സേനക്കായി വാങ്ങിയ കാർഷിക ഉപകരണങ്ങൾ ഉപയോഗമില്ലാതെ വിവിധ ഇടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് | പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് പ്രധാനമായും ഒരു കാർഷിക മേഖലയിൽ ഉൾപ്പെട്ട പഞ്ചായത്താണ്. പഞ്ചായത്തിൽ നെൽകൃഷിയുടെ പുരോഗതി ലക്ഷ്യമിട്ട് 2008–09 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും വിഹിതം ഉൾപ്പെടുത്തി കാർഷിക ഉപകരണങ്ങൾ വാങ്ങി തൊഴിൽ സേനക്ക് കൈമാറുകയുണ്ടായി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാക്ടർ(കേജ് വീൽ, കൾട്ടിവേറ്റർ ഹുഡ് എന്നിവ സഹിതം)–1എണ്ണം, നടീൽ യന്ത്രം Yanchi 1 എണ്ണം , കൊയ്ത്ത് യന്ത്രം(കാംകോ)–I എണ്ണം, വീൽ ബാരോ Double Wheel 1 എണ്ണം, മെതി പാറ്റൽ യന്ത്രം–1 എണ്ണം, പെട്ടി ഓട്ടോറിക്ഷ Apell –1 എണ്ണം, പ്ലാറ്റ്ഫോം ബാലൻസ്–1, റെയിൻകോട്ട്, ഗ്ലൗസ് –1 സെറ്റ്, കോണോ വീഡർ–1 എണ്ണം, സിൽ പോളിൻ –1 സെറ്റ്, വെറ്റ് സീഡർ ഐശ്വര്യ–1, റോക്കർ സ്പ്രേയർ Aspee 1 എണ്ണം, കുറ്റിപമ്പ് Aspee 1 എണ്ണം , ചെറു കാർഷിക ഉപകരണങ്ങൾ മമ്മട്ടി (1.6 kg), അരിവാൾ (പാലക്കാടൻ), വെട്ടുകത്തി, പിക്കാസ് എന്നിവ 2008–09 ൽ തൊഴിൽസേനക്ക് കൈമാറിയിട്ടുണ്ട്.<br><br>തൊഴിൽ സേന കുറച്ചു വർഷം നല്ല നിലയിൽ പ്രവർത്തിക്കുകയും, പിന്നീട് പ്രവർത്തനം നിർജ്ജീവമാവുകയും ചെയ്തു. 03/05/2016 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുതിയ തൊഴിൽ സേനയായ കിസാൻ തൊഴിൽ സേനക്ക് ഈ ഉപകരണങ്ങൾ കൈമാറി. കൈമാറിയ ഉപകരണങ്ങളിൽ മഹേന്ദ്ര ട്രാക്ടർ, കൾട്ടിവേറ്റർ ഓരോന്നു വീതവും, കേജ് വീൽ 2 എണ്ണം എന്നിവ നിലവിൽ ഉപയോഗിച്ചു വരുന്നു. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ ആകെ നെൽകൃഷിയുടെ 95 ശതമാനത്തോളം കൃഷിയിടത്തും കംബൈൻ ഹാർവെസ്റ്റർ ഉപയോഗിച്ചാണ് കൊയ്ത്ത് നടത്തുന്നത് ആയതിനാൽ, കാംകോ |

| | | | | |
|---|---|---|---|---|
| | | | | മോഡൽ കൊയ്ത്ത് യന്ത്രം, മെതിപാറ്റൽ യന്ത്രം എന്നിവ കർഷകർ നിലവിൽ ആവശ്യപ്പെടുന്നില്ല ആയതിനാൽ ഇവ ഇപ്പോൾ ഉപയോഗിക്കാത്ത അവസ്ഥയിലാണ്. റിപ്പയറിംഗ് കണ്ടീഷണിലുള്ള പെട്ടി ഓട്ടോറിക്ഷ (അപേ 2) ഉപയോഗയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റിനായി അസിസ്റ്റന്റ് എൻജിനീയർ (മെക്കാനിക്കൽ) കോഴിക്കോട് എന്നവർക്ക് 31/07/2018 ന് കത്ത് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചയുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>നിലവിൽ തൊഴിൽ സേനയെ ശക്തിപ്പെടുത്തുന്നതിനും അതുവഴി നെൽകൃഷിയുടെ പുരോഗതിക്കുമായി പഞ്ചായത്ത് ഭരണസമിതി ഇടപെട്ട് പ്രവർത്തിക്കുന്നുണ്ട്. കാലപ്പഴക്കം കൊണ്ടും, കാലഹരണപ്പെട്ട മോഡലുകൾ ആയതു കൊണ്ടും ഉപയോഗിക്കാൻ കഴിയാത്ത യന്ത്രങ്ങളൊഴിച്ച് ഉപയോഗിക്കാൻ കഴിയുന്നവ ഉപയോഗിക്കുന്നുണ്ടെന്നും ബോധിപ്പിക്കുന്നു. മേൽ റിപ്പോർട്ട് പരിഗണിച്ച് 2014-15 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 4.1.13 പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 9 | കുഴൽ മന്ദം | 4.1.13 | കുഴൽമന്ദം ഗ്രാമപഞ്ചായത്ത് 2007-08 ൽ 1850000 രൂപ ചെലവഴിച്ച് വാങ്ങിയ കമ്പൈന്റ് ഹാർവസ്റ്റർ ഉപയോഗിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു. | 2007-08 ൽ 1850000 രൂപ ചെലവഴിച്ച് വാങ്ങിയ കമ്പൈന്റ് ഹാർവസ്റ്റർ പ്രവർത്തിപ്പിക്കുന്നതിനായി പട്ടികജാതി അഗ്രോസർവീസ് സെന്ററിന് കൈമാറിയിട്ടുള്ളതാണ്. യന്ത്രത്തിന് നിരന്തര റിപ്പയറിംഗ് ആവശ്യമായി വരുകയും പ്രവർത്തിപ്പിച്ച് ലാഭകരമായി നടത്താൻകഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ബ്ലോക്ക് തല ലേബർ ബാങ്കിന്റെ ആവശ്യത്തിനായി നെൽ കൃഷിയുമായി ബന്ധപ്പെട്ട യന്ത്രസമാഗ്രികൾ ലഭ്യമാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടതിനെത്തുടർന്ന് ബ്ലോക്ക്തല ലേബർ ബാങ്കിന് യന്ത്രം കൈമാറാൻ പഞ്ചായത്ത് തീരുമാനിച്ച് അറിയിച്ചിരുന്നു. ബോക്ക് തല ലേബർ ബാങ്ക് യന്ത്ര സാമാഗ്രികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നാളിതുവരെയും പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കംബൈന്റ് ഹാർവെസ്റ്റർ പ്രവർത്തിപ്പിക്കുന്നതിന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കൃഷി ഓഫീസറോട് നിർദേശിച്ച് 15/03/2015 ൽ 12 നമ്പറായി തീരുമാനിച്ചിരുന്നു.<br>യന്ത്ര തകരാർ മൂലം യന്ത്രം പ്രവർത്തിപ്പിക്കാൻ കഴിയാതെ നിർത്തിയിട്ടിരിക്കുന്നതിനാൽ പ്രസ്തുത യന്ത്രം പ്രവർത്തന ക്ഷമമാക്കുന്നതിന് മലമ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സഹായം തേടാൻ തീരുമാനിച്ചു. തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കംബൈന്റ് ഹാർവെസ്റ്റർ പരിശോധിച്ച് നൽകിയ റിപ്പോർട്ട് പ്രകാരം യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് മേൽയന്ത്രത്തിന്റെ നിർമ്മാതാക്കളിൽ നിന്നും ലഭ്യമാക്കി കോഴിക്കോട് PWD Mechanical Sub Division Assi. Exe. Engineer , Economy / Uneconomy സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നിർദേശിച്ചിരുന്നു. അതു പ്രകാരം റെയ്ഡ് കോ കേരള ലിമിറ്റഡിന്റെ പാലക്കാട് ശാഖയിലെ സാങ്കേതിക വിദഗ്ധർ യന്ത്രം പരിശോധന നടത്തി 136182 രൂപയുടെ റിപ്പയർ പ്രവർത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നു.<br>പ്രസ്തുത കംബൈന്റ് ഹാർവെസ്റ്റർ പ്രവർത്തന ക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയം 14/02/2018 ലെ 14(1) നമ്പർ ആയി പഞ്ചായത്ത് ഭരണ സമിതി |

| | | | | |
|---|---|---|---|---|
| | | | | ചർച്ചചെയ്യുകയും 2018-19 വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.എന്നാൽ നാളിതുവരെയായി Economy / Uneconomy സർട്ടിഫിക്കറ്റ് കോഴിക്കോട് PWD Mechanical Sub Division Assi. Exe. Engineer റിൽ നിന്നും ലഭ്യമായിട്ടില്ല.<br>02.08.2018 ന് പഞ്ചായത്തിന്റെ അടിയന്തിര ഭരണസമിതി യോഗം നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള പ്രസ്തുത വിഷയം ചർച്ചചെയ്തു. പ്രസ്തുത ഹാർവെസ്റ്റർ വളരെയെറെ ഭാരമേറിയതും പാടങ്ങളിൽ പുതഞ്ഞു പോകുന്നതും പാലക്കാടൻ പാടശേഖരങ്ങൾക്ക് അനുയോജ്യമല്ലാത്തതും തുടർ റിപ്പയർ പ്രവർത്തി നടത്തി യന്ത്രം പ്രവർത്തന ക്ഷമമാക്കുന്നത് ഭരിച്ച ചിലവ് വരുന്നതുമാണെന്നും ലേലം ചെയ്യുന്നതാണ് അഭികാമ്യമെന്നും യോഗം വിലയിരുത്തി. സമീപത്തെ ഗ്രാമ പഞ്ചായത്തുകളും പ്രവർത്തനക്ഷമമല്ലാത്ത ടി യന്ത്രം ലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ള കാര്യവും യോഗം പരിഗണിച്ചു.<br>മേൽ സാഹചര്യത്തിൽ കോഴിക്കോട് PWD മെക്കാനിക്കൽ എഞ്ചിനീയറുടെ വിദഗ്ധ അഭിപ്രായം തേടി തുടർ നടപടി സ്വീകരിക്കാൻ 02.08.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം കുഴൽമന്ദം കൃഷി ഓഫീസറോട് നിർദേശിച്ചിട്ടുണ്ട് എന്ന വിവരം സമർപ്പിക്കുന്നു . |
| 10 | കൊടുവാ യൂർ | 4.1.13 | കൊടുവായൂർ ഗ്രാമപഞ്ചായത്ത് 2008-09 ൽ 2099415/- രൂപ മുടക്കി വാങ്ങിയ കമ്പൈൻഡ് ഹാർവസ്റ്ററുകൾ ഉപയോഗിക്കാതെ നിഷ്ക്രിയാസ്തികളായി മാറിയിരിക്കുന്നു. | ഗ്രാമ,ബ്ലോക്ക് പഞ്ചായത്ത് വിഹിതവും കേന്ദ്ര വിഹിതമായ രാഷ്ട്രീയ കൃഷിവികാസ് യോജന ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവ സമാഹരിച്ചാണ് സ്വരാജ് മോഡൽ ഹാർവെസ്റ്റർ RAIDCO യിൽ നിന്നും വാങ്ങിയിട്ടുള്ളത്. മേൽ യന്ത്രം വളരെയേറെ ഭാരമേറിയതും പാടത്തിലേക്ക് ഇറക്കുമ്പോൾ മണ്ണിൽ പുതഞ്ഞ് പോകുന്ന അവസ്ഥയിലും ആയതിനാൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ടി ഹാർവെസ്റ്റർ ലേലം നടത്തുന്നതിനുവേണ്ടി 30.05.2016 ലെ 24(15) ാം നമ്പർപ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതാകുന്നു. R. K. V. Y ഫണ്ട് കൂടി വിനിയോഗിച്ചിട്ടുള്ളതിനാൽ പാലക്കാട് പ്രിൻസിപ്പിൾ കൃഷി ഓഫീസറുടെ അനുമതിക്കായി 15/07/2016 ന് KDR 66/2016-17 നമ്പർ കത്ത് കൊടുവായൂർ കൃഷിഭവനിലെ കൃഷി ഓഫീസർ നൽകിയിട്ടുണ്ട്. നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത മെഷീന് 17/11/2015 ൽ ഡി.ബി/എസ്.ആർ/2015-16 നമ്പറിൽ കോഴിക്കോട് പി.ഡബ്ല്യു ഡി മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും 12,00,000/- രൂപയുടെ വാല്യേഷൻ ലഭിച്ചിട്ടുള്ളതുമാകുന്നു. ലേലം ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് 08/09/2017 തിയതിയിലെ ടി.എ(4) 742/15 നമ്പർ കത്ത് പ്രകാരം കാർഷിക ക്ഷേമവകുപ്പ് ഡയറക്ടർക്ക് പാലക്കാട് |

140

| | | | | |
|---|---|---|---|---|
| | | | | പ്രിൻസിപ്പൽ കൃഷി ഓഫീസർ കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല എന്ന വിവരം 30/07/2018 ലെkDR 66/2016 നമ്പർ കത്ത് മുഖേന കൊടുവായൂർ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ടി കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖണ്ഡിക 4.1.5, 4.1.7, 4.1.13 എന്നീ ഖണ്ഡികകളിന്മേലുള്ള ന്യൂനത പരിഹാര നടപടി പത്രിക**

| ഓഡിറ്റ് ഖണ്ഡിക നമ്പർ ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | നിഗമനങ്ങൾ/ശുപാർശകൾ | സ്വീകരിച്ച നടപടി |
|---|---|---|
| 4.1.5<br><br>കുഴൽമന്ദം | **വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു.**<br><br>കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് 2007-08 ൽ 11,62,916/- രൂപ ചെലവഴിച്ച് നിർമ്മിച്ച എസ്.ജി.എസ്.വൈ വിപണനകേന്ദ്രത്തിൽ ലക്ഷ്യമിട്ട യൂണിറ്റുകളൊന്നും നാളിതുവരെ ആരംഭിച്ചിട്ടില്ല. | 2007-08 ൽ എസ്.ജി.എസ്.വൈ പശ്ചാത്തല സൗകര്യ വികസന ഫണ്ട് ഉപയോഗിച്ച് കുഴൽമന്ദം പഞ്ചായത്തിലെ കുളവൻമുക്കിൽ നിർമ്മിച്ച വിപണന കേന്ദ്രത്തിൽ താഴത്തെ നിലയിൽ 2 മുറികളും മുകളിലത്തെ നിലയിൽ യോഗങ്ങൾ ചേരുന്നതിനായി ഒരു ഹാളുമാണ് ഉണ്ടായിരുന്നത്.<br>2007-08 മുതൽ 5 വർഷത്തോളം പ്രസ്തുത കെട്ടിടത്തിലെ താഴത്തെ നിലയിൽ കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ സരസ്വതി എസ്.എച്ച്.ജി യും, പിന്നീട് വന്ദന എസ്.എച്ച്.ജി-യും ക്യാന്റീൻ നടത്തിയിരുന്നു. എന്നാൽ പ്രതീക്ഷിച്ച ആദായം ലഭിക്കാത്തതിനാൽ അംഗങ്ങൾ സംഘത്തിൽ നിന്നും കൊഴിഞ്ഞുപോയതിന്റെ ഫലമായി 30.5.2013 ൽ ക്യാന്റീനിന്റെ പ്രവർത്തനം നിലച്ചു.<br>പിന്നീട്, ഉൽപ്പന്ന വിപണനങ്ങൾക്കായി നിർമ്മിച്ച മുറിയിൽ സംരംഭങ്ങൾ തുടങ്ങാൻ തയ്യാറായ എസ് ജി എസ് വൈ/കുടുംബശ്രീ സംഘങ്ങളെ കണ്ടെത്തുന്നതിനായി ബ്ലോക്കിലെ വനിത ക്ഷേമ ഓഫീസറുടെ നേതൃത്വത്തിൽ എസ്.എച്ച്.ജി കളുടെ യോഗങ്ങൾ വിളിച്ച് ചേർത്ത് താൽപര്യമുള്ള സംഘങ്ങളെ കണ്ടെത്താനുള്ള ശ്രമം നടത്തിയിരുന്നതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ആരും തയ്യാറായി മുന്നോട്ട് വരാത്തതിനെ തുടർന്ന് കെട്ടിടം ഉപയോഗിക്കാതെ കിടക്കരുത് എന്ന സദുദ്ദേശത്തിലും ഓഡിറ്റ് പരാമർശങ്ങളുടെ വെളിച്ചത്തിലും, കൃഷി |

| | | |
|---|---|---|
| | | അസിസ്റ്റന്റ് ഡയറക്ടർ 2014, 2015 എന്നീ വർഷങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ജൈവ പച്ചക്കറി വിപണന മേള നടത്തിയിരുന്നു. ആയത് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടത്തിൽ വനിത ജൈവ കാർഷിക വിപണനത്തിനായി കേന്ദ്രം തുടങ്ങുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള രണ്ടു മുറികളിൽ ഒരു മുറി പ്ലാൻ ഫണ്ട് ഉപയോഗിച്ച് വിപുലപ്പെടുത്തുകയും വനിത ജൈവ കാർഷിക വിപണനകേന്ദ്രം (ഇക്കോ ഷോപ്പ്) പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ സംഘങ്ങളും കർഷകരും ഉൽപ്പാദിച്ച പച്ചകറികളും മറ്റ് കാർഷിക ഉൽപ്പന്നങ്ങളും ഈ കേന്ദ്രത്തിൽ വിപണനത്തിനു കൊണ്ടുവരുന്നു. കൃഷി അസി ഡയറക്ടറുടെ നേതൃത്വത്തിൽ വനിതകൾ ഉൾപ്പെട്ട ഒരു സംഘമാണ് പ്രസ്തുത കേന്ദ്രം പ്രവർത്തിച്ചു വരുന്നത്. ഒരു ദിവസം 3,000-3,500 രൂപയുടെ വിറ്റ് വരവ് ലഭിക്കുന്നുണ്ട്. ഈ സംവിധാനം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കർഷക സംഘങ്ങൾക്ക്, പ്രത്യേകിച്ച് വനിത സംഘങ്ങൾക്ക് വളരെയേറെ പ്രയോജനപ്പെടുന്നുണ്ട്. കൂടാതെ, നാട്ടുകാർക്ക് നാടൻ പച്ചക്കറി ഉപയോഗിക്കാൻ കഴിയുന്നുണ്ട്.<br>താഴത്തെ നിലയിൽ ശേഷിക്കുന്ന ഒരു മുറിയിൽ 2014 മുതൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തി.<br>ഈ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലുള്ള കോൺഫറൻസ് ഹാൾ സ്വയംസഹായസംഘങ്ങളുടെ ഭാരവാഹികളുടെ പ്രതിമാസ യോഗങ്ങൾക്കും, എസ്.ജി.എസ്.വൈ പരിശീലനങ്ങൾക്കുമായി വിഭാവനം ചെയ്ത് നിർമ്മിച്ചതാണ്. 2011-12 വർഷത്തോടുകൂടി എസ്.ജി.എസ്.വൈ പൂർണ്ണമായി നിർത്തലാക്കി. എൻ.ആർ.എൽ.എം പദ്ധതിയുടെ ആവിർഭാവത്തോടെ ഗ്രാമപഞ്ചായത്തുകളുടെ കുടുംബശ്രീ സംവിധാനങ്ങളുമായി സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനം സംയോജിപ്പിക്കുകയും |

| | | |
|---|---|---|
| | | ബ്ലോക്ക് പഞ്ചായത്തിൽ ഈ സംഘങ്ങളുടെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. പിന്നീട് സ്വയം സഹായ സംഘങ്ങളുടെ പരിശീലനം, യോഗങ്ങൾ എന്നിവ നടത്തുവാനുള്ള സാഹചര്യം പൂർണ്ണമായി ഇല്ലാതായി. എസ്.ജി.എസ്.വൈ പദ്ധതി നിർത്തലാക്കപ്പെട്ട സാഹചര്യത്തിലും, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾക്കോ എസ്.ജി.എസ്.വൈ സംഘങ്ങളുടെ ഭാരവാഹികളുടെ പ്രതിമാസ യോഗങ്ങൾക്കോ സാധ്യത കുറവായതിനാലാണ് മുകളിലെത്തെ നിലയിലുള്ള ഹാളിൽ സി.ഡി.പി.ഒ ഓഫീസ് പ്രവർത്തിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തിയത്. |
| 4.17<br>ചിറ്റൂർ | **<u>പ്രവർത്തനമില്ലാത്ത കുടിവെള്ളപദ്ധതികൾ</u>**<br><br>ബ്ലോക്ക് പഞ്ചായത്ത് 2012-13 ൽ പണിതീർത്ത എരുത്തേമ്പതി മലയാണ്ടി കൗണ്ടന്നൂർ മിനി കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടാതെ ഉപയോഗ ശൂന്യമായ നിലയിലാണ്. 10,45,817/- രൂപയായിരുന്നു നിർമ്മാണ ചെലവ്. | ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച എരുത്തേമ്പതി മലയാണ്ടി കൗണ്ടന്നൂർ കുടിവെള്ള പദ്ധതിയുടെ ബോർവെല്ലിൽ നിന്നും തുടക്കത്തിൽ നല്ല രീതിയിൽ കുടിവെള്ളം ലഭിച്ചിരുന്നെങ്കിലും കൊടും വരൾച്ചയുടെ ഭാഗമായി ടി കുഴൽ കിണറിൽ നിന്നുള്ള ജലലഭ്യത കുറഞ്ഞുപോയി. അതിനു മുമ്പുവരെയും ഈ കുടിവെള്ള പദ്ധതി പ്രയോജനപ്രദമായിരുന്നു.<br>കുഴൽ കിണറിൽ ജലലഭ്യത കുറഞ്ഞെങ്കിലും ഈ പദ്ധതിയ്ക്കായി നിർമ്മിച്ച ഓവർഹെഡ് ടാങ്ക്, പൈപ്പ് ലൈൻ എന്നിവ ഉപയോഗപ്പെടുത്തി എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ ഫണ്ടുപയോഗിച്ച് ഒരു കുഴൽ കിണർ കൂടി നിർമ്മിച്ച് കുടിവെള്ള വിതരണം പുന:സ്ഥാപിച്ചിട്ടുണ്ട്. അതുവഴി നിലവിൽ ടി കുടിവെള്ള പദ്ധതി ജനോപകാരപ്രദമായിട്ടുണ്ട് എന്ന വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| 4 .1.13<br>കുഴൽമന്ദം | **<u>കാർഷികോപകരണങ്ങൾ ഉപയോഗ ശൂന്യം</u>**<br><br>കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് 4,55,970/- രൂപ ചെലവഴിച്ച് വാങ്ങിയ ട്രാൻസ് പ്ലാന്റർ | 4,55,970/- രൂപ ചെലവാക്കി 2 നടീൽ യന്ത്രം ( Transplanter) കോട്ടായി ഗ്രാമപഞ്ചായത്തിന് നൽകി എന്നാണ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ളത്.<br>എന്നാൽ ആകെ 2 നടീൽ യന്ത്രം വാങ്ങിയതിൽ രണ്ടും കണ്ണാടി |

| | | |
|---|---|---|
| | നാളിതുവരെ പ്രവർത്തിക്കാത്ത നിലയിലാണ്. 2012-13 ൽ കോട്ടായി ഗ്രാമപഞ്ചായത്തിലാണ് ട്രാൻസ് പ്ലാന്റർ വാങ്ങി നൽകിയത്. | ഗ്രാമപഞ്ചായത്തിലെ യഥാക്രമം സ്റ്റാർ എസ്.എച്ച്.ജി( മന്ത്രം ,കിണാശ്ശേരി, കണ്ണാടി) ; തുല്ല്യത കുടുംബശ്രീ, (പൂളിയപ്പൻതൊടി ,കണ്ണന്നൂർ, കണ്ണാടി) എന്നീ സംഘങ്ങൾക്കാണ് നൽകിയിട്ടുള്ളത്. ആയത് കഴിഞ്ഞ സീസൺവരെയും നല്ല രീതിയിൽ കൃത്യമായി പ്രവർത്തിച്ച വന്നിരുന്നു. രണ്ട് സീസണിലും കൂടി പ്രതിവർഷം 40,000/- രൂപ വരെ വരുമാനം ലഭിച്ചിരുന്നതായും, നിലവിൽ അറ്റകുറ്റ പണികൾക്കായി സൂക്ഷിച്ചിരിക്കുകയാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് .<br>കോട്ടായി ഗ്രാമപഞ്ചായത്തിൽ ആദിത്യ( പുളിനെല്ലി, കോട്ടായി ) എന്ന സ്വയം സഹായ സംഘത്തിനാണ് ഉഴവുയന്ത്രം (Power Tiller) നൽകിയത്. പ്രസ്തുത യന്ത്രം 2012 മുതൽ കഴിഞ്ഞ സീസൺ (2017 ഒക്ടോബർ) വരെ ഉപയോഗിച്ചിരുന്നു.ഉഴവ് നടീൽ യന്ത്രങ്ങളുടെ പ്രവർത്തനം ഒരു വർഷത്തിൽ രണ്ട് കാളയളവിലായി (വിരിപ്പ്, മുണ്ടകൻ) ആണ് ഉപയോഗിക്കുന്നത്. ഓഫ് സീസണിൽ ഉഴവ് യന്ത്രം മറ്റ് പ്രദേശങ്ങളിലേക്ക് തോട്ടപ്പണിക്കായി കൊണ്ട് പോകാറുണ്ടെന്നും, ഇപ്രകാരം കൊഴിഞ്ഞാംപാറയിൽ കൊണ്ട് പോയപ്പോൾ അവിടെ വച്ച് യന്ത്രതകരാർ ഉണ്ടാവുകയും തകരാർ പരിഹരിക്കുന്നതിനായി വർക്ക്ഷോപ്പിൽ കൊടുത്തിരുക്കുകയുമാണ് എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

MINIMOL ABRAHAM
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 ൽ -17/7/17 ലെ യോഗം ആവശ്യപ്പെട്ട അധികവിവരങ്ങൾ

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശം | അധികവിവരങ്ങൾ | നടപടി വിശദീകരണപത്രിക |
|---|---|---|---|---|
| 1 | 4.1.12 | അറവുശാലകൾ നിഷ്ക്രിയ ആസ്തിയായി മാറുന്നു<br>പുതിയ അറവുശാലകൾ സ്ഥാപിക്കുവാനും നിലവിലുള്ളവ നവീകരിക്കാനുമായി വൻതുകകളാണ് തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവിടുന്നത്. എന്നാൽ പല കാരണങ്ങളാൽ അറവുശാലകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നതിനാൽതദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള കോടിക്കണക്കിന് രൂപയുടെ നിർമ്മാണങ്ങൾ നിഷ്ക്രിയമായി മാറുകയാണ്.പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ അറവുശാല സ്ഥാപിക്കൽ, നവീകരണം, യന്ത്രവൽക്കരണം എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ളതിൽ 2.63 കോടി രൂപയുടെ ആസ്തികൾ നിഷ്ക്രിയമായതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു;<br>പാലക്കാട് നഗരസഭ- 10086896/- രൂപ ചിലവഴിച്ച അറവുശാല പരിഷ്കരണ പദ്ധതി ലക്ഷ്യത്തിലെത്തിയിട്ടില്ല. 1999-മുതൽ 2003 വരെയാണ് പ്രവൃത്തികൾ നടത്തിയത് നിർമ്മാണ പ്രവൃത്തനങ്ങൾ പാതി വഴിയിൽ | 1999-2003 വരെ പ്രവൃത്തികൾ നടത്തിയ അറവുശാല പരിഷ്കരണവുമായി ബന്ധപ്പെട്ട സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് | **<u>പാലക്കാട് നഗരസഭ</u>**<br>പാലക്കാട് നഗരസഭയിൽ അറവുശാല നിർമ്മാണത്തിന് വേണ്ടി 1999-2001 വർഷത്തിൽ മെസ്സ.സിൽക്ക്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് 8894336/-രൂപ അനുവദിച്ചിട്ടുള്ളതും എന്നാൽ, ടി സ്ഥാപനം പ്രസ്തുത പ്രവൃത്തി ഭാഗികമായി ചെയ്ത ശേഷം പ്രവൃത്തി ഉപേക്ഷിച്ചു പോയിട്ടുള്ളതാണ്. പ്രസ്തുത സ്ഥാപനം ചെയ്തു തീർത്ത പ്രവൃത്തികളുടെ മൂല്യം വിശദ സമിതി തിട്ടപ്പെടുത്തുകയും ആകെ 2062413/- രൂപയുടെ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ചെയ്തിന്റെ മൂല്യമായ 2062413/- രൂപ കഴിച്ച് ബാക്കി തുക 6832773/- രൂപ തിരികെ കിട്ടുന്നതിന് പല തവണ മെസ്സ.സിൽക്ക് എന്ന സ്ഥാപനത്തിനോട് കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു എങ്കിലും യാതൊരു നടപടിയും ടി സ്ഥാപനത്തിൽ നിന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ ലഭിക്കാനുള്ള തുക പലിശ സഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 25,00,000/-രൂപ 31.10.2017-ന് രശീത് |

| | | | | |
|---|---|---|---|---|
| | | ഉപേക്ഷിക്കപ്പെട്ടു. ഉപേക്ഷിക്കപ്പെട്ട ഉപകരണങ്ങൾ ഉപയോഗ ശൂന്യമായ നിലയിലാണ്. | | നമ്പർ 01/117400500647 പ്രകാരം നഗരസഭയിൽ ഒടുക്കിയിട്ടുണ്ട് ബാക്കി തുക എത്രയും വേഗം M/s സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും R.R നടപടിയിലൂടെ ഈടാക്കിത്തരണമെന്നാവശ്യപ്പെട്ട് തൃശൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |

93 147 Set V

1

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2014-15) കണ്ണൂർ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമനം | ഖണ്ഡിക | പരാമർശം / സമിതി ശുപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 4.1.4 | **പയ്യാവൂർ ഗ്രാമപഞ്ചായത്ത്**<br>പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ 2009-10 ൽ 8,16,221/-രൂപ ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ കേന്ദ്രം അടച്ചിട്ട നിലയിലാണ് | പയ്യാവൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിച്ച് പരിസര ശുചിത്വം ഉറപ്പാക്കുകയും മാലിന്യം മുഖേന ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുകയും അതിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യം ഉറപ്പാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ 2009 - 10 സാമ്പത്തിക വർഷത്തെ 45/2010 നമ്പർ പ്രൊജക്ട് പ്രകാരം 816221/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തനമാരംഭിക്കുകയുണ്ടായി. എന്നാൽ തുടർന്നുണ്ടായ സാമൂഹികമായ എതിർപ്പുകൾ മൂലം പഞ്ചായത്ത് വിഭാവനം ചെയ്തത് പ്രകാരം കേന്ദ്രം പ്രവർത്തിപ്പിച്ച് മുന്നോട്ട് കൊണ്ടുപോവാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായി.<br>തുടർന്ന് പഞ്ചായത്തിന്റെ 2016- 17 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ (പ്രൊജക്ട് നമ്പർ 171/17) പയ്യാവൂർ ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ പ്ലാൻറ് കെട്ടിട നവീകരണ പദ്ധതി പ്രകാരം 98835/- രൂപ ചിലവഴിച്ച് പ്രസ്തുത കേന്ദ്രത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുകയും പഞ്ചായത്തിലെ 16 വാർഡുകളിലും പ്രവർത്തിച്ചുവരുന്ന ഹരിതകർമ്മ സേനാ അംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനായുള്ള പ്ലാസ്റ്റിക് മെറ്റീരിയൽ കളക്ഷൻ സെൻറർ (MCF) ആയി 2017 - 18 വർഷം മുതൽ ഉപയോഗിച്ച് വരുന്നുണ്ട്. നിഷ്ക്രിയ ആസ്തിയായി അടച്ചിട്ടിരുന്ന ഖരമാലിന്യ സംസ്കരണ കേന്ദ്രം കഴിഞ്ഞ രണ്ടു വർഷമായി നിലവിൽ പയ്യാവൂർ ഗ്രാമപഞ്ചായത്തിൻറ പ്ലാസ്റ്റിക് മാലിന്യ ശേഖരണ കേന്ദ്രമായി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| 2 | 4.1.5 | **മയ്യിൽ ഗ്രാമപഞ്ചായത്ത്**<br>മയ്യിൽ ഗ്രാമപഞ്ചായത്ത് 2011-12 ൽ 7,47,278/-രൂപ ചെലവഴിച്ച് നിർമ്മിച്ച കുടുംബ കാർഷിക ഉൽപ്പന്നങ്ങളുടെ സ്ഥിരം വിപണനകേന്ദ്രം പ്രവർത്തനം തുടങ്ങിയിട്ടില്ല. | മയ്യിൽ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡിൽ നിർമ്മിച്ച കുടുംബശ്രീ കാർഷിക ഉൽപന്നങ്ങളുടെ സ്ഥിരം വിപണന കേന്ദ്രം 2015 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച ഒരു മുറി പൂർണമായും നിർദ്ദിഷ്ട പ്രവൃത്തിക്കായി വിനിയോഗിക്കുന്നുണ്ടെന്നും നിഷ്ക്രിയ ആസ്തി ആയിട്ടില്ല. |
| 3 | 4.1.6 | **കൊളച്ചേരി ഗ്രാമപഞ്ചായത്ത്**<br>കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ 2006-07 ൽ ആരംഭിച്ച മുണ്ടേരിക്കാവ് അംഗനവാടി കെട്ടിടം നിർമ്മാണം പൂർത്തിയാവാത്ത നിലയിലാണ്. 2,38,217/-രൂപ പദ്ധതിക്ക് ചെലവിട്ടിട്ടുണ്ട്. | 14/10/2019 തീയ്യതി പരിശോധന നടത്തിയതിൽ അംഗൻവാടി കെട്ടിടം 2.25 ആർ സ്ഥലത്ത് 43 $M^2$ ഒരു നില കെട്ടിടത്തിന്റെ സ്ട്രക്ച്ചർ വർക്ക് ( Laterite Foundation , Plinth, ചുമർ, RCC, Slab, നിലം കോൺക്രീറ്റ്) എന്നിവ മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത കെട്ടിടം കനാൽ റോഡിൽ നിന്നും 45 Meter അകലെയാണ്. കെട്ടിടത്തിലേക്ക് നിലവിൽ പൊതുവഴി ഇല്ല. കെട്ടിടം നിർമ്മിച്ചത് താഴ്ന്ന പ്രദേശത്തിലാണ്. നിലവിൽ Wet Land ലും Data Bank ലും ഉൾപെട്ട സ്ഥലമാണ്. മഴക്കാലത്ത് ഫ്ലോർ ലെവൽ കഴിഞ്ഞു വെള്ളം കയറുന്ന സ്ഥലമാണ്. ഇക്കഴിഞ്ഞ പ്രളയകാലത്ത് ഫ്ലോർ ലെവലിനു മുകളിൽ 1.5 Meter ഉയരത്തിൽ പ്രസ്തുത അംഗൻവാടിയിൽ വെള്ളം കയറിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം അംഗൻവാടിയായി പ്രവർത്തിക്കാൻ അനുയോജ്യമല്ല.<br>കൊളച്ചേരി ഗ്രാമപഞ്ചായത്ത് 2006-07 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അംഗനവാടി കെട്ടിടം നിർമ്മിച്ചത്. 2008 ൽ കേരള നെൽവയൽ തണ്ണീർതട നിയമം പ്രാബല്യത്തിൽ ഇല്ലാത്തത് കൊണ്ടാണ് ലഭ്യമായ സ്ഥലത്ത് അംഗൻവാടി കെട്ടിടം പണിയാനുണ്ടായ സാഹചര്യം. മേൽ സ്ഥലത്ത് വഴി സൗകര്യം ഏർപ്പെടുത്തി കൊടുക്കാൻ സാധ്യമായതിനാലും സ്ഥലം നെൽവയൽ തണ്ണീർതട ഡാറ്റബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ച് നിലവിലുള്ള കെട്ടിടം കൈപ്പാട് കർഷകർക്ക് കാർഷിക ഉപകരണങ്ങൾ, വിത്ത്, |

| | | | |
|---|---|---|---|
| | | | വളം മുതലായവ സംഭരിക്കുന്നതിനു ഉപയുക്തമാക്കുവാൻ വേണ്ടി പഞ്ചായത്ത് ഭരണസമിതി തീരുമാനം കൈക്കൊള്ളുന്നതിനായി 15.10.2019 നു അടിയന്തിര യോഗം ചേരുന്നതിനു തീരുമാനിച്ചിട്ടുണ്ട്. |
| 4 | 4.1.8 | **<u>എരുവേശി ഗ്രാമപഞ്ചായത്ത്</u>**<br>എരുവേശി ഗ്രാമപഞ്ചായത്ത് മിനിവ്യവസായ എസ്റ്റേറ്റിനായി 2003-04 ൽ 2,44,207/-രൂപ ചെലവഴിച്ച് വാങ്ങിയ സ്ഥലത്ത് ഇതുവരെ പ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. | ഏരുവേശ്ശി ഗ്രാമപഞ്ചായത്തിലെ VI- വാർഡിൽപൂപ്പറമ്പിൽ, മിനി വ്യവസായ സംരംഭം ആരംഭിക്കുന്നതിന് 2003 -2004 ൽ 63 സെൻറ് സ്ഥലം വാങ്ങിയിരുന്നു. പ്രസ്തുത സ്ഥലത്ത് മിനി വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായി പഞ്ചായത്ത് ഫണ്ടിന്റെ അപര്യാപ്തതമൂലം കഴിയാത്തതിനാൽ, ആവശ്യമായ ഭൌതിക സാഹചര്യം ഒരുക്കുന്നതിനായി ജില്ലാ പഞ്ചായത്തിനോട് അപേക്ഷിക്കുന്നതിന് പഞ്ചായത്ത് തീരുമാനമെടുക്കുകയും, അതുപ്രകാരം 01.12.2015 ല് എ2/1012/2015 കത്ത് പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ ആയി ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടിയൊന്നും ഉണ്ടായിട്ടില്ല. 2016 -17 വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം.132/2017 പ്രകാരം 710000/- രൂപ വകയിരുത്തി, പൂപ്പറമ്പ് വ്യാവസായ എസ്റ്റേറ്റിൽമാലിന്യ സംസ്കരണ സംഭരണ കേന്ദ്രനിർമ്മാണം എന്ന പദ്ധതി ആവിഷ്കരിച്ച എങ്കിലും, തദ്ദേശ വാസികളുടെ എതിർപ്പ് മൂലം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട സാധ്യതകൾ ആരായുന്നതിന് ഈ ഓഫീസിൽനിന്നും, 11.10.2019 തീയ്യതി എ2/3163/19 നമ്പർ കത്ത് പ്രകാരം ജില്ലാ വ്യവസായ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 5 | 4.1.10 | **<u>മയ്യിൽ ഗ്രാമപഞ്ചായത്ത്</u>**<br>മയ്യിൽ ഗ്രാമപഞ്ചായത്ത് 2003-04 മുതൽ 2012-13 വരെ 12,25,092/-രൂപ ചെലവിട്ട വൃദ്ധസദനം ഉപയോഗിക്കാതെ അടച്ചിട്ട നിലയിലാണ്. | വൃദ്ധസദനം എന്ന ലക്ഷ്യത്തോടെയാണ് പ്രൊജക്ട് തയ്യാറാക്കിയതെങ്കിലും വേണ്ടത്ര ഗതാഗത സൌകര്യം ഇല്ലാത്തതിനാൽ വൃദ്ധന്മാരായ ജനങ്ങൾക്ക് പ്രസ്തുത കെട്ടിടത്തിലേക്ക് എത്തിച്ചേരുന്നതിന് സാധിച്ചില്ല. ആയതിനാൽ വൃദ്ധസദനം എന്ന അർത്ഥത്തിൽ കെട്ടിടം പ്രായോഗിക മായില്ലെങ്കിലും പ്രസ്തുത കെട്ടിടം പൂർണമായും അംഗൻവാടിക്കായി ഉപയോഗിച്ച വരുന്നുണ്ട്. പ്രസ്തുത കെട്ടിടം നിഷ്ക്രിയ ആസ്തി |

| | | | |
|---|---|---|---|
| | | | ആയിട്ടില്ല. |
| 6 | 4.1.12 | **<u>കൊളച്ചേരി ഗ്രാമപഞ്ചായത്ത്</u>**<br>കൊളച്ചേരി ഗ്രാമപഞ്ചായത്ത് 2008-09 ൽ 2,46,128/-രൂപ ചെലവഴിച്ച് നിർമ്മിച്ച അറവുശാല ഉപയോഗിക്കാതെ നാശോന്മുഖമായ നിലയിലാണ്. | 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അറവുശാല നിർമ്മിച്ചത് ഒരേ നിരപ്പിലുള്ള ഉയർന്ന പ്രദേശത്തായിരുന്നു. എന്നാൽ 14/10/2019 തീയ്യതി നടത്തിയ പരിശോധനയിൽ അറവുശാലകെട്ടിടം മൂന്നു സെൻറ് സ്ഥലത്ത് ചുറ്റുപാടും മണ്ണ് നീക്കി ഒറ്റപ്പെട്ട നിലയിൽ 27 $M^2$ ഒരുനില കെട്ടിടമായാണ് കാണാൻ സാധിച്ചിട്ടുള്ളത്. കെട്ടിടം പണിതതിനു ശേഷം പ്രസ്തുത പ്ലോട്ടിനോട് ചേർന്നു നാട്ടുകാർ വഴി സൌകര്യത്തിനായി മണ്ണ് നീക്കി നിർമിച്ച റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്ത് നല്കിയിട്ടുണ്ട്. കൂടാതെ മറ്റ് വശങ്ങളിൽ തൊട്ടടുത്ത പ്ലോട്ടുടമകൾ മണ്ണ് നീക്കിയതുകൊണ്ടുമാണ് കെട്ടിടം ഇപ്പോൾ ഒറ്റപ്പെട്ട ഉയർന്നു കിടക്കുന്നതായി കാണുന്നത്. കെട്ടിടം അറവുശാലക്ക് യോജിച്ച സ്ഥല സൗകര്യം ഇല്ലാത്തതാണ്. മാത്രവുമല്ല ടി കെട്ടിടത്തിന്റെ 90 Meter പരിധിക്കുള്ളിൽ വാസഗൃഹങ്ങൾ ഉള്ളതിനാലും ഉയർന്ന സ്ഥലമായതിനാലും ഈ കെട്ടിടം അറവുശാലക്ക് അനുയോജ്യമല്ല. അറവുശാലയ്ക്ക് എടുത്ത കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഇപ്പോഴത്തെ കിടപ്പ് പ്രകാരം മറ്റൊരു പ്രവർത്തനത്തിനും മേൽ സ്ഥലം ഉപയോഗിക്കുവാൻ സാധിക്കുകയില്ല. |

**ലോക്കൽ ഫണ്ട് ആഡിറ്റ് സമാഹൃത റിപ്പോർട്ടിന്മേൽ (2014-15) അദ്ധ്യായം 4 ലെ പരാമർശങ്ങളില് കാസർഗോഡ് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.**

| ക്രമനം | ഖണ്ഡിക | പരാമർശം / സമിതി ശുപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 4.1.4 | **പള്ളിക്കര ഗ്രാമപഞ്ചായത്ത്**<br>പള്ളിക്കര ഗ്രാമപഞ്ചായത്ത് 2005-06 ൽ 5,43,653/-രൂപ ചെലവഴിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചു. കൂടാതെ ടിപ്പർ ലോറി, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 7,41,465/-രൂപയും ചെലവാക്കി. പ്ലാൻറ് ഏതാനും മാസങ്ങൾ മാത്രം പ്രവർത്തിക്കുകയുണ്ടായി. പ്ലാന്റ് ഓപ്പറേറ്റർ, ലോറി ഡ്രൈവർ, മാലിന്യം ശേഖരിക്കാനുള്ള ജീവനക്കാർ എന്നീ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ തുടർന്ന് പ്രവര്ത്തിച്ചില്ല. നിലവില് പ്ലാന്റ് സ്ഥാപിച്ച സ്ഥലം കാടുപിടിച്ച നിലയിലാണ്. ലോറി ഗ്രാമപഞ്ചായത്തിന്റെ കാറ്റിൽ പൗണ്ടിൽ ഉപയോഗമില്ലാതെ കിടക്കുന്നു. | പള്ളിക്കര ഗ്രാമപഞ്ചായത്ത് 2005-06 സാമ്പത്തിക വർഷം ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചത് ഇപ്പോഴും പ്രവർത്തന രഹിതമാണെന്ന് ബോധിപ്പിക്കുന്നു. 2005-06,2006-07 കാലയളവിൽ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ബഹുവർഷ പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ ശേഷം പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്കാവശ്യമായ റോഡ് ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പിന്നീട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഓപ്പറേറ്റർമാരെയോ, മാലിന്യം ശേഖരിക്കുന്നതിനാവശ്യമായ തൊഴിലാളികളെയോ നിയമിക്കാത്തതും മൂലം പ്ലാന്റ് പ്രവർത്തനങ്ങളോ പുനരുദ്ധാരണ പ്രവർത്തനങ്ങളോ നടത്താത്തതിന്റെ ഫലമായി ജീർണ്ണാവസ്ഥയിലായി. പ്രസ്തുത പ്ലാന്റ് പുനരുജ്ജിവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഭരണസമിതിയുടെ നേതൃത്വത്തിൽ 2017-ൽ റെയ്ഡ്കോയുടെ വിദഗ്ധ എഞ്ചിനീയറുടെ സേവനം പ്രയോജനപ്പെടുത്തി പരിശോധിച്ചതിൽ സാധ്യമല്ലെന്ന നിഗമനത്തിൽ എത്തിച്ചേരുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ പിന്നീട് വെളുത്തോളി എന്ന സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ചിരുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാലിന്യ സംസ്കരണ പ്ലാന്റ് ആക്കി മാറ്റുകയും നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുമുണ്ട്. പ്രസ്തുത പ്ലാന്റിലേക്ക് ഹരിതകർമ്മസേന ശേഖരിച്ച് വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ടിപ്പർ ലോറി മുഖാന്തിരം ഇപ്പോഴും മാലിന്യങ്ങൾ കയറ്റി കൊണ്ടു പോകുന്നുണ്ട്. കൂടാതെ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിട്ട കഴിഞ്ഞ വേനൽക്കാലത്ത് കുടിവെള്ള വിതരണത്തിനായും ടി ലോറി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു. |
| 2 | 4.1.4 | **ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്**<br>ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് 2005-06 ൽ 13,91,834/-രൂപ ചെലവഴിച്ച് ഖരമാലിന്യ പ്ലാന്റ് പണിതു. നിർമ്മാണം നടത്തിയ ഏജൻസി, 9 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിഷ്ക്രിയമായിരിക്കുന്നതിനാൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ എസ്റ്റിമേറ്റും വിദഗ്ധോപദേശവും തരുന്നതിന് പാലക്കാട് ഐ.ആർ.ടി.സിക്ക് 21.10.2017 ന് കത്ത് നൽകിയതിൻ |

| | | | |
|---|---|---|---|
| | | മാസത്തോളം സൗജന്യമായി പ്ലാന്റ് പ്രവർത്തിപ്പിക്കുകയും, ഇവിടെ നിന്നുള്ള വൈദ്യുതി ഉപയോഗിച്ച് പഞ്ചായത്തോഫീസിനു സമീപമുള്ള തെരുവുവിളക്കുകൾ തെളിക്കുകയും ചെയ്തു. എന്നാൽ തുടർന്ന് ഗ്രാമപഞ്ചായത്ത് ഇതിന്റെ നടത്തിപ്പ് ഏറ്റെടുത്തിട്ടില്ല. നിലവിൽ പ്ലാന്റും ജനറേറ്ററുകളും പ്രവർത്തനരഹിതമായി കാടുമൂടിക്കിടക്കുന്നു. | പ്രകാരം ഐ.ആർ.ടി.സി. അധികൃതർ സ്ഥലം സന്ദർശിക്കുകയും ഗ്യാസ് പ്ലാന്റിന്റെ അനുബന്ധ ടാങ്കുകൾക്ക് കേടുപാടുകൾ സംഭവിച്ചതായും ഗ്യാസ് പ്ലാന്റിനടുത്ത് സ്ഥിതി ചെയ്യുന്ന മരങ്ങളുടെ വേരുകൾ ഇറങ്ങിയതാവാം കേടുപാടിന് കാരണമെന്നും ഇനിയും വേരുകൾ ഇറങ്ങി പ്ലാന്റിന് തകരാർ ഉണ്ടായേക്കാം എന്നും അഭിപ്രായപ്പെട്ടു. നിലവിലുള്ള അവസ്ഥ പരിഗണിച്ച് നിലവിലുള്ള പ്ലാന്റ് അറ്റകുറ്റപ്പണി ചെയ്യുന്നതാണോ പുതിയത് സ്ഥാപിക്കുന്നതാണോ ഗ്രാമ പഞ്ചായത്തിന് ഗുണകരം എന്ന് പരിശോധിക്കുന്നതിന് ഈ മാസം തന്നെ ഐ.ആർ.ടി.സി. പ്രതിനിധികൾ പ്ലാന്റ് സന്ദർശിക്കുന്നതായി ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ഐ.ആർ.ടി.സിയുടെ പരിശോധനാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| 3 | 4.1.7 | <u>വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്</u><br>വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ അഞ്ചുകുടിവെള്ള പദ്ധതികൾ പ്രവർത്തനമില്ലാതെ നിഷ്ക്രിയമാണ്. 2010-11 ൽ 3.64 ലക്ഷം രൂപ ചെലവഴിച്ച മയിലുവള്ളി കുടിവെള്ള പദ്ധതി, 9.65 ലക്ഷം രൂപ ചെലവിട്ട ചെന്നടുക്കം-മലവേട്ടുവ കോളനി കുടിവെള്ള പദ്ധതി, 1.58 ലക്ഷം രൂപയിൽ പണിതീർത്ത ഒറ്റക്കവുങ്ങ്/കുറ്റിത്താനി കുടിവെള്ള പദ്ധതി എന്നിവ പ്രവർത്തിക്കുന്നില്ല. 2011-12 ൽ 36,222/- രൂപ ചെലവിട്ട നാലുസെൻറ് കോളനി കുടിവെള്ള പദ്ധതി പൂർത്തിയായിട്ടില്ല. 2013-14 ൽ 2.30 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച മാവുവളപ്പ് കുടിവെള്ള പദ്ധതിയും നിലവിൽ പ്രവർത്തിക്കുന്നില്ല. | <u>1)മയിലുവള്ളി കുടിവെള്ള പദ്ധതി</u><br><br>2010-ൽ 3.64 ലക്ഷം രൂപ ചെലവഴിച്ച മയിലുവള്ളി കുടിവെള്ള പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതാണ്.എന്നാൽ മോട്ടോർ തകരാറിനെ തുടർന്നും, ഗുണഭോക്താക്കൾ വൈദ്യുതി ചാർജ്ജ് അടവാക്കാത്തതിനാലുമാണ് പദ്ധതി പ്രവർത്തന രഹിതമായത്. 2016-17 വാർഷിക പദ്ധതിയിൽ മോട്ടോർ തകരാർ തീർക്കുകയും വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുകയും നിലവിൽ പുതിയ പമ്പ്സെറ്റ് വാങ്ങി സ്ഥാപിച്ചിട്ടുമുണ്ട്. കുടിവെള്ള പദ്ധതി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.<br><br><u>2) ചെന്നടുക്കം-മലവേട്ടുവ കോളനി കുടിവെള്ളപദ്ധതി</u><br><br>9.65 ലക്ഷം രൂപ ചെലവഴിച്ച ചെന്നടുക്കം-മലവേട്ടുവ കോളനി കുടിവെള്ള പദ്ധതി നിലവിലും പ്രവർത്തനക്ഷമമാണെന്ന് ബോധിപ്പിക്കുന്നു.2014-15 ൽ ARWSS ഫണ്ട് ഉപയോഗിച്ച്, കേരള വാട്ടർ അതോറിറ്റി 23 കുടുംബങ്ങൾക്ക് കൂടിയുള്ള വാട്ടർ കണക്ഷൻ പ്രസ്തുത പദ്ധതിയിൽ നിന്നും വിപുലീകരിച്ച് നൽകിവരുന്നുണ്ടന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.<br><br><u>3)ഒറ്റകവുങ്ങ്/കുറ്റിത്താനി കുടിവെള്ള പദ്ധതി</u><br><br>1.58 ലക്ഷം രൂപയിൽ പണികഴിച്ച ഒറ്റകവുങ്ങ്/കുറ്റിത്താനി കുടിവെള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | നിർമ്മാണം ഏറ്റെടുത്ത ഗുണഭോക്തൃ സമിതി കൺവീനർ പഞ്ചായത്തിൽ നിന്നും തുക കൈപ്പറ്റിയെങ്കിലും പമ്പ് സെറ്റ് വാങ്ങുന്നതിന് അഡ്വാൻസ് നൽകുകയല്ലാതെ പൂർണ്ണമായും തുക നൽകി പമ്പ് സെറ്റ് സ്ഥാപിച്ചിരുന്നില്ല. നിലവിൽ കൺവീനറിൽ നിന്നും പഞ്ചായത്ത് തുക തിരികെ ഈടാക്കുകയും വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പ് ഹൗസ് നിർമ്മാണം, കുളം സൈഡ് കെട്ടൽ, വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കൽ എന്നിവ നടത്തിയതായും കുടിവെള്ള പദ്ധതി ഇപ്പോൾ പൂർണ്ണരീതിയിൽ പ്രവർത്തിച്ചു വരുന്നതായും റിപ്പോർട്ട് ചെയ്യുന്നു.<br><br><u>4)നാലു സെന്റ് കോളനി കുടിവെള്ള പദ്ധതി</u><br><br>2011-12 ൽ ആരംഭിച്ച നാലു സെന്റ് കോളനി കുടിവെള്ള പദ്ധതിയിൽ കുഴൽ കിണർ കുഴിക്കുക മാത്രമാണ് ചെയ്തിരുന്നത്. പമ്പ് സെറ്റ്, പൈപ്പ്, ടാങ്ക് എന്നിവ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുകയും പത്ത് കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകിയതായും കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണെന്നും റിപ്പോർട്ട് ചെയ്യുന്നു.<br><br><u>5)മാവുവളപ്പ് കുടിവെള്ള പദ്ധതി</u><br><br>2013-14 ൽ നിർമ്മിച്ച മാവുവളപ്പ് കുടിവെള്ള പദ്ധതി പൂർത്തിയാക്കിയെങ്കിലും പ്രസ്തുത പ്രദേശത്ത് ത്രീ ഫേസ് ലൈൻ വലിക്കുന്നതിനുള്ള പ്രവർത്തി കെ.എസ്.ഇ.ബി. അടുത്തിടെ മാത്രമാണ് പൂർത്തിയാക്കിയതെന്നും കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണെന്നും റിപ്പോർട്ട് ചെയ്യുന്നു. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 14.08.2018 തിയ്യതിയിൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ സംബന്ധിച്ച് പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും ക്രോഡീകരിച്ച ന്യൂനതാ പരിഹാര പത്രിക**

| ക്രമനം | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് / സമിതി റിപ്പോർട്ട് വർഷം | ഖണ്ഡിക | പരാമർശം / സമിതി ശുപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2014-15 | 4.1.6 | അടഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ കൃഷി ഭവൻ കെട്ടിടത്തിന്റെ പില്ലറുകൾ മാത്രം നിർമ്മിക്കുന്നതിനായി പദ്ധതി തുകയുടെ 3 ഗഡുക്കൾ കൈമാറിയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിംഗിനെയും കൂടി ഉൾപ്പെടുത്തി വിശദമായ അന്വേഷണം സർക്കാർ തലത്തിൽ നടത്തി 2 മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കുക | **<u>കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്</u>**<br>കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ 28.11.2018, 07.12.2018 തീയതികളിലെ ബി 1 നമ്പർ കത്തുകളുടെ അടിസ്ഥാനത്തിൽ പാലക്കാട് എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസർ ശ്രീ.കെ.ജി.മോഹൻദാസ് കൃഷിഭവൻ കെട്ടിടം നേരിട്ട് പരിശോധിക്കുകയും എൻ.ഡി.റ്റി ടെസ്റ്റ് നടത്തി തൽസ്ഥാനത്ത് ഇരുനില കെട്ടിടം പണിയാവുന്നതാണെന്ന സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി റിപ്പോർട്ട് 07.0102019 ലെ A6/CE/KAM/035/18 നമ്പർ കത്ത് പ്രകാരം ലഭ്യമായിട്ടുള്ളതും, അതിൻറെ അടിസ്ഥാനത്തിൽ 28.01.2019 തീയതിയിലെ 4-ാം നമ്പർ തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. കേരള സംസ്ഥാന നിർമ്മിതികേന്ദ്രത്തിന് 4,62,000/- രൂപയാണ് കൃഷിഭവൻ കെട്ടിട നിർമ്മാണത്തിനായി നൽകിയിരുന്നത്.അതിൽ 300939.73 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുള്ളതായി ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻഞ്ചിനീയർ വാല്യുവേഷൻ സ്റ്റേറ്റ്മെൻറ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.നിർമ്മിതി കേന്ദ്രം തുടർ പ്രവൃത്തി നടത്താത്ത സാഹചര്യത്തിൽ സ്ഥാപനത്തിന് അധികം നൽകിയ തുകയായ 161060.27 രൂപ പഞ്ചായത്തോഫീസ്സിൽ നേരിട്ടോ, അക്കൌണ്ട് മുഖേനയോ 15 ദിവസത്തിനുള്ളിൽ തിരിച്ചടവാക്കണമെന്ന് കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ 21.01.2019ലെ ബി1-6590/18 നമ്പർ കത്ത് പ്രകാരം റീജിണൽ എഞ്ചിനീയർക്ക് അറിയിപ്പ് നൽകിയതിൻറെ അടിസ്ഥാനത്തിൽ 01.02.2019 തീയതിയിലെ ടി4/03/08/K.S.K.N PKD/KDMBM നമ്പർ കത്തുപ്രകാരം 161060.27 രൂപയിൽ നികുതി കിഴിച്ച് 115506.85 |

| | | | | |
|---|---|---|---|---|
| | | | | രൂപയാണ് തിരികെ നൽകാനുള്ളത് എന്ന് അറിയിക്കുകയും ഈ തുക 05.08.2019 തീയതിയിലെ ചെക്ക് നമ്പർ 037776 പ്രകാരം 1,15,506/- രൂപ ( ഒരു ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റിയാറു രൂപ) 07.08.2019 തീയതിയിൽ 119010500002 രശീതിയായി ഈ ഓഫീസിൽ അടവാക്കിയിട്ടുള്ള വിവരവും ബോധിപ്പിക്കുന്നു. കൃഷിഭവൻ കെട്ടിടത്തിൽ നാളിതുവരെ നിർമ്മാണങ്ങളൊന്നും തന്നെ നടത്തിയിട്ടില്ലാത്തതും 2019-20 ൽ തുടർ പ്രവൃർത്തികൾക്കായി 22,24,000/ രൂപയുടെ പദ്ധതിക്ക് 06.09.2019 തീയതിയിലെ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൈകൊള്ളുന്നതിന്റെ ഭാഗമായി 28.09.2019 ന് ഇ-ടെൻണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 14.08.2018 തിയ്യതിയിൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ സംബന്ധിച്ച് പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും ക്രോഡീകരിച്ച ന്യൂനതാ പരിഹാര പത്രിക**

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് / സമിതി റിപ്പോർട്ട് വർഷം | ഖണ്ഡിക | പരാമർശം / സമിതി ശുപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2014-15 | 4.1.13 | കാർഷിക ഉപകരണങ്ങൾ ഉപയോഗശൂന്യം-ഉതുമ്പെട്ടുക്കുന്നത് കോടികളുടെ ആസ്തികൾ കാർഷിക ഉപകരണങ്ങൾ പ്രവർത്തന രഹിതമായി സൂക്ഷിച്ചിട്ടുള്ളവയുടെ എണ്ണം സംബന്ധിച്ച് വിവശദവിവരം ലഭ്യമാക്കുക | **<u>തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്</u>**<br>തൊഴിൽ സേനക്കായി വാങ്ങിയ കാർഷിക ഉപകരണങ്ങളിൽ നടീൽ യന്ത്രം -1, കാംകോ മോഡൽ റീപ്പർ (കൊയ്ത്ത് മാത്രം നടത്തുന്നത്), -1, മെതിപാറ്റൽ യന്ത്രം-1 തുടങ്ങിയവയെല്ലാം നിലവിൽ ഉപയോഗപ്രദമല്ലാത്ത അവസ്ഥയിലാണ്. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ ആകെ നെൽകൃഷിയുടെ 95 ശതമാനത്തോളം കൃഷിയിടത്തും കംബൈൻ ഹാർവെസ്റ്റർ ഉപയോഗിച്ചാണ് കൊയ്ത്ത് നടത്തുന്നത് ആയതിനാൽ മെതിപാറ്റൽ യന്ത്രം, കാംകോ മോഡൽ കൊയ്ത്ത് യന്ത്രം എന്നിവ നിലവിൽ ഉപയോഗിക്കുന്നില്ല. കാലപ്പഴക്കം കൊണ്ടും, കാലാഹരണപ്പെട്ട മോഡൽ ആയതു കൊണ്ടും ഉപയോഗിക്കാൻ കഴിയാത്ത യന്ത്രങ്ങളൊഴിച്ച് ഉപയോഗിക്കാൻ കഴിയുന്നവയായ മറ്റെല്ലാ ഉപകരണങ്ങളും പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. ഉപയോഗിക്കാൻ കഴിയാത്ത യന്ത്രങ്ങൾ ലേലം ചെയ്യുന്നതിന് 06/09/2019 ലെ 8(3)-ാം നമ്പര് പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം തീരുമാനിച്ചിട്ടുണ്ട്, ആയതിന്റെ തുടർ നടപടികൾക്കായി ഉപയോഗയോഗ്യമല്ലാത്ത യന്ത്രസാമഗ്രികൾക്ക് വാല്യുവേഷൻ നിശ്ചയിച്ച തരുന്നതിനായി Assistant Engineer (Machanical), Kozhikkode എന്നവർക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചയുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |

157 14

| | | | | |
|---|---|---|---|---|
| | | | | **<u>കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത്.</u>**<br>ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് വിഹിതവും കേന്ദ്രവിഹിതമായ രാഷ്ട്രീയ കൃഷിവികാസ് യോജന ഫണ്ട് , ഗുണഭോക്തൃവിഹിതം എന്നിവ സമാഹരിച്ചാണ് സ്വരാജ് മോഡൽ ഹാർവെസ്റ്റർ റെയ്ഡ്കോയിൽ നിന്നും വാങ്ങിയിട്ടുള്ളത്. മേൽ യന്ത്രം വളരെയേറെ ഭാരമേറിയതും പാടത്തിലേക്ക് ഇറക്കുമ്പോൾ മണ്ണിൽ പുതഞ്ഞ് പോകുന്ന അവസ്ഥയിലും ആയതിനാൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ടി ഹാർവെസ്റ്റർ ലേലം നടത്തുന്നതിനുവേണ്ടി 30.05.2016 ലെ 24(5)-ാം നമ്പർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാകുന്നു. ആർ.കെ.വി.വൈ ഫണ്ട് കൂടി വിനിയോഗിച്ചിട്ടുള്ളതിനാൽ പാലക്കാട് പ്രിൻസിപ്പൾ കൃഷി ഓഫീസറുടെ അനുമതിക്കായി 15/07/2016 ന് കെഡിആർ 66/2016 നമ്പർ കത്ത് കൊട്ടുവായൂർ കൃഷിഭവനിലെ കൃഷി ഓഫീസർ നൽകിയിട്ടുണ്ട്. നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത മെഷീന് 17/11/2015 ൽ ഡി.ബി./എസ്.ആർ/2015 16 നമ്പറിൽ കോഴിക്കോട് പി.ഡബ്ല്യ.ഡി മെക്കാനിക്കൽ ഡിവിഷന് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും 1200000/ രൂപയുടെ വാല്യുവേഷൻ ലഭിച്ചിട്ടുള്ളതുമാകുന്നു. ലേലം ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് 08/09/2017 തിയതിയിലെ ടി.എ(4)742/15 നമ്പർ കത്ത് പ്രകാരം കാർഷിക ക്ഷേമവകുപ്പ് ഡയറക്ടർക്ക് പാലക്കാട് പ്രിൻസിപ്പൾ കൃഷി ഓഫീസർ കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല എന്ന വിവരം 30/07/2018 ലെ കെഡിആർ 66/2016 നമ്പർ കത്ത് മുഖേന കൊട്ടുവായൂർ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ടി കാർഷികവികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4-ലെ (വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടുകൾ) - നടപടി വിശദീകരണ പത്രിക

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണപത്രിക |
|---|---|---|---|
| 1 | 4.1.4 | <u>ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം;</u><br>മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവുമധികം നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള പദ്ധതികളിലാണ്. ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികളിൽ 35.28 കോടി രൂപയുടേതും (41.50%) ഖരമാലിന്യസംസ്കരണമേഖലയാണ്.<br>വിവിധ കാരണങ്ങളാലാണ് ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകുന്നത്. ശരിയായ ആസൂത്രണമില്ലാതെ പദ്ധതികൾ ആവിഷ്കരിക്കുകയും, നടപ്പാക്കുകയും ചെയ്യുന്നതാണ് ഇവയിൽ പ്രധാനപ്പെട്ട പോരായ്മ. ഇതുമൂലം തുടർ പ്രവർത്തനങ്ങൾ നടത്താനാവാതെ പദ്ധതികൾ ഉപേക്ഷിക്കപ്പെടുന്നു. കൂടാതെ ജനങ്ങളുടെയിടയിൽ വേണ്ട രീതിയിൽ ബോധവൽക്കരണം നടത്താതെ ഖരമാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ആരംഭിക്കുന്നതിനാൽ, പ്രദേശവാസികളുടെ എതിർപ്പും നേരിടേണ്ടി വരുന്നു. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകാൻ കാരണമാവുന്നുണ്ട്.<br>*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാവസ്ഥയിലുള്ള ഖരമാലിന്യസംസ്കരണ പദ്ധതികൾക്ക് ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.*<br>കാസർഗോഡ് നഗരസഭ 2007–08 ൽ നിർമ്മാണമാരംഭിച്ച ബയോഗ്യാസ് പ്ലാന്റ് 2011–12 ൽ ആണ് പൂർത്തിയായത്. 11 ലക്ഷം രൂപയാണ് പ്ലാന്റിന്റെ നിർമ്മാണ ചെലവ്. പ്ലാന്റ് ട്രയൽ റൺ നടത്തിയെങ്കിലും തുടർന്ന് പ്രവർത്തിച്ചില്ല. എന്നാൽ | <u>കാസർകോട് നഗരസഭ</u> 2007–08 വർഷത്തിൽ മത്സ്യമാർക്കറ്റിൽ ബയോഗ്യസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് നം. 22/2007–08 പ്രകാരം 11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായതും ആയതിന് 19.11.2007ന് നടന്ന നഗരസഭാ കൗൺസിൽ യോഗം ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയതുമാണ്. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ 11,24,897/–രൂപ യുടെ പ്രോപ്പോസൽ സമർപ്പിച്ചതും ജില്ലാ ആസൂത്രണ സമിതിയുടെയും നഗരസഭാ കൗൺസി ലിന്റെയും അംഗീകാരം കിട്ടിയ 11 ലക്ഷം രൂപയിൽ ലിമിറ്റ് ചെയ്ത് പ്രവർത്തി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പ്രവർത്തി പൂർത്തീകരി ച്ചതിന്റെ അടിസ്ഥാനത്തിൽ 11 ലക്ഷം രൂപ വിവിധ ഘട്ട ങ്ങളിലായി അനുവദിച്ചി ട്ടുള്ളതുമാണ്.<br>എന്നാൽ 2013–14 സാമ്പത്തിക വർഷത്തിൽ നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെ കേരള സംസ്ഥാന കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം 2.5 കോടി ചെലവുള്ള ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയതും ആയത് നിർമ്മിക്കുന്നതിന് നഗരസഭയുടെ നിലവിലുള്ള മാർക്കറ്റ് കെട്ടിടവും ബയോഗ്യാസ് പ്ലാന്റും നിലനിൽക്കുന്ന സ്ഥലം തെരഞ്ഞെടുത്തതുമാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. 2007–08 ൽ |

| | | | |
|---|---|---|---|
| | | മത്സ്യ മാർക്കറ്റിനായി പുതിയ കെട്ടിടം പണിയുവാൻ നഗരസഭ തന്നെ പ്ലാന്റ് പൊളിച്ചുനീക്കി. ഇതിനു ചെലവഴിച്ച 11 ലക്ഷം രൂപ തീർത്തും പാഴ് ചെലവായി. | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന സമയത്ത് ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട യാതൊരു പദ്ധതികളും സർക്കാർതലത്തിൽ നിലവിലുണ്ടായി രുന്നില്ല. നഗരസഭ നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് പൊളിച്ചുമാറ്റാതെ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുവാൻ സാധിക്കുകയില്ല എന്ന അവസ്ഥയിൽ മേൽ വിഷയം 12.02.2014ന് നടന്ന നഗരസഭാ കൗൺസിൽ യോഗം വിശദമായി ചർച്ച ചെയ്തിട്ടുള്ളതും പ്രസ്തുത കൗൺസിൽ യോഗത്തിലെ 38-ാം നമ്പർ തീരുമാനമായി ബയോഗ്യാസ് പ്ലാന്റ് പൊളിച്ചു നീക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. 2007-08ൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുമ്പോൾ പുതിയ മാർക്കറ്റ് കെട്ടിടം വിഭാവനം ചെയ്യപ്പെട്ടിട്ടില്ലായെന്നും മേപ്പടി ബയോഗ്യാസ് പ്ലാന്റ് നിലനിർത്തുക യാണെങ്കിൽ 2.5 കോടി രൂപയുടെ ആധുനിക മത്സ്യമാർക്കറ്റ് എന്ന നഗരസഭയുടെ സ്വപ്നംതന്നെ ഇല്ലാതാകുമെന്നും വിലയിരുത്തിയാണ് കൗൺസിൽ ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടെയുള്ള മാർക്കറ്റ് കെട്ടിടം പൊളിച്ചുമാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളത്. മാർക്കറ്റ് കെട്ടിടം പണിയുന്നതിന് മറ്റൊരു സ്ഥലം കണ്ടെത്താൻ സ്ഥല പരിമിതി അനുഭവിക്കുന്ന നഗരസഭയ്ക്ക് സാധിക്കാത്ത അവസ്ഥയിലും കൂടിയാണ് മേൽ പ്രകാരം തീരുമാന മെടുത്തിട്ടുള്ളത്. ആസ്തി നിർമ്മാണം പൂർത്തിയായി 4 വർഷത്തിനു ശേഷമാണ് ഭരണ സമിതിയുടെ ഐകകണ്ഠേനയുള്ള തീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ പൊളിച്ചു നീക്കിയിട്ടുള്ളത്. 2.5 കോടി രൂപയുടെ ആധുനിക മത്സ്യമാർക്കറ്റ് യാഥാർത്ഥ്യ മാക്കുന്നതിനാണ് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. മാത്രമല്ല, പുതിയതായി നിർമ്മാണം പൂർത്തിയായ മത്സ്യമാർക്കറ്റിൽ മാലിന്യങ്ങൾ സംസ്കരിക്കുന്ന തിനുള്ള പദ്ധതി കൂടി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത മത്സ്യമാർക്കറ്റ് 21.08.2015 ൽ ഉദ്ഘാടനം ചെയ്തിട്ടുള്ളതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 2 | 4.1.5 | **വ്യവസായകേന്ദ്രങ്ങൾ കെട്ടിടം നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു**<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിക്കുന്ന വ്യവസായ/തൊഴിൽ സംരംഭങ്ങളിൽ ഏറെയും | **<u>കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ</u>**<br>നഗരസഭയിലെ മരക്കാർകണ്ടിയിൽ എസ്സി/എസ്ടി വനിതകൾക്കായി നിർമ്മിച്ച കെട്ടിടത്തിൽ 6 മുറികളാണു ഉള്ളത്. ആറ് മുറികളും നിലവിൽ ലൈസൻസ് വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | പരാജയമാവുകയാണ്. തദ്ദേശസ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തികളായി മാറിയവയിൽ 12.49 ശതമാനം ചെലവും (10.62 കോടി രൂപ) വ്യവസായ/സ്വയംതൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ടവയാണ്. വ്യക്തമായ കാഴ്ചപ്പാടും സാധ്യതാപഠനവും ഇല്ലാതെയാണ് വ്യവസായ സംരംഭകേന്ദ്രങ്ങൾ ആരംഭിക്കുന്നത്. തൊഴിൽ സംരംഭങ്ങൾക്ക് യാതൊരു സാധ്യതയുമില്ലാത്ത സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള വ്യവസായ കേന്ദ്രങ്ങളുമുണ്ട്. നിർമ്മിച്ച കെട്ടിടങ്ങളിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള തുടർ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളാത്തതാണ് ആസ്തികൾ നിഷ്ക്രിയമാവാൻ പ്രധാനകാരണം. വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയാസ്തികളായി മാറിയതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.<br>➢ കണ്ണൂർ നഗരസഭയുടെ വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിഷ്ക്രിയാവസ്ഥയിലാണ്. 2008-09 ൽ 15,02,607/-രൂപ ചെലവിട്ടാണിത് നിർമ്മിച്ചത്. | <u>മരക്കാർകണ്ടി എസ്.സി/എസ്.ടി മിനി വ്യവസായം</u><br><u>ക്രമ നം. പേര്</u> <u>ഏറ്റെടുത്ത തീയ്യതി</u><br>1)പ്രീത അരിങ്ങളയൻ 17/04/2015 മുതൽ<br>2)ദ്രൗപതി.എം.കെ 01/04/2018 മുതൽ<br>3)ദ്രൗപതി.എം.കെ 01/04/2018 മുതൽ<br>4)ഷൈന.കെ 26/03/2015 മുതൽ<br>5)ഷീബ.എം 01/02/2018 മുതൽ<br>6)ദീപ.എം 01/02/2018 മുതൽ<br><br>ടി കെട്ടിടങ്ങളിലെ മുറികൾ നിലവിൽ നിഷ്ക്രിയാസ്ഥിയല്ല എന്നതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. |
| 3 | 4.1.10 | അശരണർ പെരുകുന്നു; പകൽവീടുകൾ അടഞ്ഞുകിടക്കുന്നു<br>സമൂഹത്തിൽ എണ്ണം കൂടിവരുന്ന വൃദ്ധജനതയുടെ ക്ഷേമം ലക്ഷ്യമിടുന്ന പുതിയ സംരംഭങ്ങളാണ് പകൽവീടുകളും, വൃദ്ധസദനങ്ങളും. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വലിയൊരു ശതമാനം പകൽ വീടുകളും പ്രവർത്തനമേതുമില്ലാതെ അടഞ്ഞുകിടക്കുന്നതായാണ് ഓഡിറ്റ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങളുടെ തുടർ നടത്തിപ്പിനായി ക്രിയാത്മകമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങൾ പരാജയപ്പെടുന്നു. ഓഡിറ്റ് പരിശോധന നടത്തിയ 217 തദ്ദേശഭരണസ്ഥാപനങ്ങളിലായി 2.66 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പകൽവീടുകളും, വൃദ്ധസദനങ്ങളും, സാന്ത്വനകേന്ദ്രങ്ങളുമാണ് | **കാസർകോട് നഗരസഭ**<br>കണ്ണൂർ നഗരസഭാ പരിധിയിലുള്ള താളിക്കാവ് എന്ന സ്ഥലത്തെ വൃദ്ധമന്ദിരത്തിനായി നിർമ്മിച്ച കെട്ടിടം കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനു കീഴിൽ താളിക്കാവ് പകൽ വിശ്രമ കേന്ദ്രമായി പ്രവർത്തിച്ചിരുന്നത് സാമൂഹ്യനീതി (സി) വകുപ്പിന്റെ 03-06-2017 ലെ സ.ഉ (സാധ)നം.355/2017/സാ.നീ.വ ഉത്തരവിന്റെയും, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 04-06-2018 ലെ 2-ാം നമ്പർ തീരുമാന പ്രകാരവും 31-10-2018 മുതൽ സായംപ്രഭ ഹോം ആയി പ്രവർത്തിച്ചു വരുന്നുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | നിഷ്ക്രിയാവസ്ഥയിലുള്ളത്. ആവർത്തനചെലവു വരുന്ന സംരംഭങ്ങൾ എന്ന നിലയിൽ, പകൽ വീടുകളുടെ തുടർ നടത്തിപ്പ് ഏറ്റെടുക്കുവാൻ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിമുഖത കാട്ടുന്നു.<br>കണ്ണൂർ നഗരസഭ 2014 ൽ നിർമിച്ച വൃദ്ധ സദനവും പ്രവർത്തിക്കുന്നില്ല 6.50 ലക്ഷം രൂപയാണ് ഇതിനായി ചെലവിട്ടത് | |
| 4 | 4.1.11 | **ഭവനപദ്ധതികൾ നടപ്പായില്ല; 3.37 കോടി രൂപയുടെ ആസ്തികൾ നിഷ്ക്രിയം**<br>കോടിക്കണക്കിന് രൂപ ചെലവിട്ടിട്ടും ലക്ഷ്യം കൈവരിക്കാത്ത ഭവനപദ്ധതികൾ, പലതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ട്. ശാസ്ത്രീയമായും ദീർഘവീക്ഷണത്തോടെയുള്ളതുമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇത്തരം പദ്ധതികൾ വിജയിപ്പിക്കാനാകു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഭവനനിർമ്മാണ, അനുബന്ധ പദ്ധതികൾ നിഷ്ക്രിയാസ്തികളായി തുടരുന്നതിന്റെ ഉദാഹരണങ്ങൾ ഇനിപ്പറയുന്നു;<br><br>കാസർഗോഡ് നഗരസഭ ആവിഷ്ക്കരിച്ച അങ്കണ്ണൂർ എസ്.സി, ഫ്ളാറ്റ് പദ്ധതിയിൽ നിർമ്മിച്ച ഫ്ളാറ്റുകൾ താമസയോഗ്യമല്ല. 58,12,983/-രൂപയാണ് ഈ പദ്ധതിക്കായി 2011-12, 2012-13 വർഷങ്ങളിൽ ചെലവിട്ടിട്ടുള്ളത്. | <u>കാസർകോട് നഗരസഭ</u><br>കാസറഗോഡ് അണങ്കൂരിൽ നിർമ്മിച്ച എസ്.സി ഫ്ളാറ്റ് പദ്ധതിയിൽ മൊത്തം12 ഫ്ളാറ്റുകളാണുള്ളത്. ഫ്ളാറ്റിന്റെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും 2017-ൽ പൂർത്തിയായിട്ടുള്ളതും 2017-ൽ മാർച്ച് മാസത്തിൽ പ്രത്യേക വാർഡ് സഭാ യോഗങ്ങളിൽ വെച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടുള്ളതുമാണ്. പ്രസ്തുത ഗുണഭോക്താക്കൾ നഗരസഭയുമായി എഗ്രിമെന്റ് ഒപ്പുവെച്ചതിന്റെ അടിസ്ഥാനത്തിൽ 11 ഫ്ളാറ്റുകൾ ഗുണഭോക്താക്കൾക്ക് താൽക്കാലികമായി കൈമാറിയിട്ടുണ്ട്. ആയതിൽ ഒരു ഗുണഭോക്താവ് ആവശ്യമില്ല എന്ന് അറിയിച്ചതു പ്രകാരം ബാക്കി വരുന്ന 2 ഫ്ളാറ്റുകൾ കൈമാറുന്നതിന് ഉടൻതന്നെ അപേക്ഷക്ഷണിക്കുന്നതുമാണ്. ഗുണഭോക്താക്കളുടെ ജീവിത നിലവാരം ഉയർന്നുവരുന്നതിന് അനുസരിച്ച് ഒഴിഞ്ഞുപോകുന്നതിനാലാണ് ഫ്ളാറ്റുകൾ താൽക്കാലികമായി നൽകിയിട്ടുള്ളത് അതുവഴി നഗരസഭയുടെ ആസ്തികൾ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതുമാണ്. |
| 5 | 4.1.15 | നിഷ്ക്രിയാസ്തികൾ- ശ്മശാനം മുതൽ ആംബുലൻസ് വരെ<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലക്ഷ്യങ്ങൾ നേടാനാവാതെ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള മറ്റുപല സംരംഭങ്ങളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഫീസ് സംവിധാനങ്ങൾ, വാഹനങ്ങൾ, സ്റ്റേഡിയങ്ങൾ/പാർക്കുകൾ, ശ്മശാന | <u>കാസർകോട് നഗരസഭ</u><br>നഗരസഭ വിവിധ സ്ഥലങ്ങളിലായി നിർമ്മിച്ച മഴവെള്ള സംഭരണികൾ നിലവിൽ പ്രവർത്തനക്ഷമമല്ല. മഴവെള്ള സംഭരണികൾക്ക് ശാസ്ത്രീയമായ അറ്റകുറ്റപണികൾ |

| | | | |
|---|---|---|---|
| | | ങ്ങൾ, ജലസേചന സംവിധാനങ്ങൾ എന്നിവയൊക്കെ ഇതിൽപ്പെടും. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു;<br><br>കാസർഗോഡ് നഗരസഭ 2004–05 ൽ 7,88,196/–രൂപ ചെലവിട്ട് നഗരസഭയുടെ വിവിധ ഭാഗങ്ങളിലായി 40 മഴവെള്ള സംഭര ണികൾ സ്ഥാപിച്ചു. എന്നാൽ നിലവിൽ, ഇവയിൽ ഒന്നുപോലും പ്രവർത്തക്ഷമമല്ല. നഗരസഭ 2003 ൽ നിർമ്മിച്ച ചെന്നിക്കരയിലെ കാറ്റിൽ പൗണ്ടും ഉപയോഗമില്ലാതെ കിട ക്കുകയാണ്. 3,26,828/–രൂപയായിരുന്നു ഇതിന്റെ നിർമ്മാണ ച്ചെലവ്. | ലഭ്യമല്ലാത്തതിനാൽ പ്രസ്തുത മഴവെള്ള സംഭരണികൾ തീർത്തും നശിച്ചുപോയിട്ടുള്ളതാണെന്നും ഇപ്പോൾ അറ്റകുറ്റപണികൾ നടത്തിയാലും ഉപയോഗയോഗ്യമാക്കുന്നതിന് സാധിക്കുകയില്ല എന്നും നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>നഗരസഭയിൽ അലഞ്ഞുതിരിയുന്ന കന്നുകാലികളുടെ എണ്ണം വളരെ കുറവായ സാഹചര്യത്തിൽ നിലവിൽ കാറ്റിൽ പൗണ്ട് പ്രവർത്തിച്ചുവരുന്നില്ല. പൗണ്ട് കീപ്പറും നിലവിലില്ല. പ്രസ്തുത സ്ഥലത്തിന്റെ മുൻഭാഗം നിലവിൽ അനാഥ ശവങ്ങൾ മറവു ചെയ്യുന്നതിന് ഉപയോഗിച്ചുവരുന്നു. ആയത് ആധുനിക രീതിയിലുള്ള ശ്മശാനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

## പത്തനംതിട്ട ജില്ല

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-15 ) സമാഹൃത റിപ്പോർട്ട് - നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന് സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | ചിറ്റാർ | 4.1.4 | ചിറ്റാർ ഗ്രാമപഞ്ചായത്തിൽ 2007-08 മുതൽ 2010-11 വരെ 391333/- ചെലവിട്ട ഖരമാലിന്യ സംസ്കരണകേന്ദ്രം നിർമ്മാണത്തിലെ അപാകതകളാൽ ഉപയോഗിക്കാതെ നാശോന്മുഖമാണ്. | ചിറ്റാർ ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമാര്ജ്ജനത്തിനുള്ള യൂണിറ്റ് 2008 ല് പ്രവര്ത്തനം ആരംഭിച്ചിട്ടുള്ളതാണ്. മാലിന്യ സംസ്കരണത്തിനായി കുഴി എടുത്ത് വശങ്ങള് കെട്ടി മുകളില് ഇരുമ്പ് വല സ്ഥാപിച്ചാണ് ടി യൂണിറ്റിന്റെ പ്രവര്ത്തനം ആരംഭിച്ചിരുന്നത്. കാലക്രമേണ മാലിന്യം അധികരിച്ചതിനാല് ടി യൂണിറ്റിന്റെ ടാങ്ക് നിറയുകയും മാലിന്യ സംസ്കരണത്തിന് ശേഷമുള്ള അവശിഷ്ടങ്ങള് വെളിയിലേക്ക് വ്യാപിക്കുകയും ഉണ്ടായി . ആയത് വൃത്തിയാക്കുന്നതിനും യൂണിറ്റിന്റെ അറ്റകുറ്റ പണികളമായാണ് തുടര് വര്ഷങ്ങളില് തുക വകയിരുത്തി പദ്ധതി ഏറ്റെടുത്തിട്ടുള്ളത് . 5 വര്ഷക്കാലം മാലിന്യം തൃപ്തികരമായ രീതിയില് സംസ്കരണം നടത്തിയിരുന്നു. എന്നാല് വര്ദ്ധിച്ച തോതിലുള്ള മാലിന്യം ഈ യൂണിറ്റിലേക്ക് എത്തിച്ച് സംസ്കരണം നടത്തിയതിനാല് ടി യൂണിറ്റ് കാലക്രമേണ തകരാറിലായി നശിക്കുകയാണ് ഉണ്ടായത് . ആയതിനു ശേഷം കരാറടിസ്ഥാനത്തില് മാലിന്യം ശേഖരിച്ച് സംസ്കരിച്ച് വരുന്നു. 2017/18 ല് വാര്ഷിക പദ്ധതിയില് ഉള്പ്പെടുത്തി തുമ്പൂര്മുഴി മോഡല് പ്ലാന്റ് നിലവില് സ്ഥാപിക്കുന്നതിന് അടിസ്ഥാന സൌകര്യം ഒരുക്കുകയും ഐ ആര് റ്റി സി മുണ്ടൂര് പാലക്കാട് എന്ന് സ്ഥാപനവുമായി കരാറില് |

| | | | | |
|---|---|---|---|---|
| | | | | ഏര്പ്പെട്ടിട്ടുണ്ട്. ഹരിത കര്മ്മ സേന രൂപീകരിച്ച് വീടുകളില് നിന്നും അജൈവ മാലിന്യങ്ങള് ശേഖരിച്ച് നിര്മാര്ജ്ജനം ചെയ്യുന്നു. മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് 2018/19 വാര്ഷിക പദ്ധതിയില് തുക വകയിരുത്തിയിട്ടുള്ളതുമാണ്. |
| 2 | ചിറ്റാർ | 4.1.5 | ചിറ്റാർ പഞ്ചായത്തിൽ തയ്യൽ പരിശീലനത്തിനായി 2007-08 ൽ 47,400/- രൂപ ചെലവഴിച്ച് തയ്യൽ മെഷീനുകൾ വാങ്ങി ഇവ നിലവിൽ ജാഗ്രതാസമിതി ആഫീസിൽ പൊടിപിടിച്ചുകിടക്കുകയാണ്. | 2007/08 വര്ഷം പട്ടിക ജാതി വിഭാഗത്തില്പെട്ട വനിതകള്ക്ക് സ്വയം തൊഴില് പദ്ധതിക്കായി 47400 രൂപ മുടക്കി 10 തയ്യല് മെഷീനുകള് വാങ്ങി, 11 വനിതകള് ഉള്ള ഒരു പട്ടിക ജാതി ഗ്രൂപ്പിന് 8.8.2008 ല് കൈമാറിയിരുന്നു.ടി യൂണിറ്റ് 2010 വരെ പ്രവര്ത്തിച്ചിരുന്നു.എന്നാല് 2010 ല് പ്രവര്ത്തനം അവസാനിപ്പിക്കുകയും കരാര് വ്യവസ്ഥ പ്രകാരം പ്രവര്ത്തനം അവസാനിപ്പിച്ചപ്പോള് ടി യൂണിററുകള് പഞ്ചായത്തില് തിരികെ ഏല്പ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടര്ന്ന് മറ്റൊരു ഗ്രൂപ്പിനെ കണ്ടെത്തി യൂണിറ്റിനെ ഏല്പ്പിക്കാന് ശ്രമിച്ചെങ്കിലും പ്രവര്ത്തനം ലാഭകരമല്ല എന്ന കാരണത്താല് ആരും തന്നെ ടി തയ്യല് മെഷീനുകള് ഏറ്റെടുക്കുവാന് മുന്നോട്ട് വന്നില്ല.ആയതിനാല് ടി മെഷീനുകള് പഞ്ചായത്തിന്റെ ഉടമസ്ഥതയില് തന്നെ സൂക്ഷിക്കുകയാണ് ഉണ്ടായിട്ടുള്ളത്. വളരെക്കാലം ഉപയോഗിക്കാതിരുന്നതിനാല് ടി മെഷീനുകള് തുരുമ്പെടുത്ത് പ്രവര്ത്തനരഹിതമായ അവസ്ഥയിലാണ് നിലവിലുള്ളത് |

| | | | | |
|---|---|---|---|---|
| 3 | ചിറ്റാർ | 4.1.6 | ചിറ്റാർ ഗ്രാമപഞ്ചായത്ത് 9-ാംം പഞ്ചവത്സര പദ്ധതികാലത്ത് 15 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ശബരിമല ഇടത്താവളം ജീർണ്ണാവസ്ഥയിലാണ്. ശബരിമല തീർത്ഥാടന പാതയിൽ നിന്നും വളരെ അകലെ സ്ഥിതിചെയ്യുന്ന ഈ കെട്ടിടം നാളിതുവരെ പ്രയോജനപ്പെട്ടിട്ടില്ല. വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ കെട്ടിടം ചോർന്നൊലിക്കുന്നു. പരിസരം കാടുമൂടി കിടക്കുന്നു. | ചിറ്റാർ ഗ്രാമപഞ്ചായത്തിൽ ശബരിമല തീർത്ഥാടകർക്ക് വേണ്ടി പണി കഴിപ്പിച്ചിട്ടുള്ള ഇടത്താവളം പുനരുദ്ധാരണം നടത്തുകയും ശബരിമല തീർത്ഥാടക സീസൺ സമയത്ത് ചിറ്റാറിൽ എത്തിച്ചേരുന്ന അയ്യപ്പഭക്തർക്ക് വേണ്ടി ഇടത്താവളം സജ്ജമാക്കുകയും, കുടിവെള്ളം, വെളിച്ചം, ടൊയിലറ്റ്, വിരി മുതലായവ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശബരിമല സീസൺ കഴിയുമ്പോൾ ടി കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ വിവിധ മീറ്റിംഗുകൾക്കും യോഗങ്ങൾക്കും ഉപയോഗിച്ചുവരുന്നു. ടി ഇടത്താവളം ശുചിയായും പരിസരത്തെ കാടുകൾ വെട്ടിത്തെളിച്ചും വൃത്തിയാക്കിയും സൂക്ഷിക്കുന്നുണ്ട്. പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| 4 | ചിറ്റാർ | 4.1.15 | ചിറ്റാർ ഗ്രാമപഞ്ചായത്ത് പട്ടികജാതി കുടുംബങ്ങളിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 2004-05 ൽ 8 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി 399920/- രൂപയാണ് ഇതിനായി ചെലവഴിച്ചത് എന്നാൽ പദ്ധതി നിർവ്വഹണത്തിലെ വീഴ്ചമൂലം 10 വർഷത്തോളമായി ഉപയോഗിക്കാതെ കമ്പ്യൂട്ടറുകൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിൽ അവശേഷിക്കുകയാണ് | ചിറ്റാർ ഗ്രാമപഞ്ചായത്തില് 2004/05 വര്ഷത്തില് കന്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നടപടിക്രമങ്ങള് പാലിക്കാതെയുള്ള വാങ്ങലുകളിലും, അഴിമതി ആരോപണങ്ങളുമായി ബന്ധപ്പെട്ടും, വിജിലന്സ് കേസ് 2005 ല് രജിസ്റ്ററാക്കിയിട്ടുണ്ട്. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി 2005 ൽ വിജിലൻസ് ആന്റ് അന്റികറപ്ഷൻ ബ്യൂറോ ഇതുമായി ബന്ധപ്പെട്ട വൗച്ചറുകൾ, കമ്മിറ്റി മിനിട്സ് എന്നിവ കൈവശത്തിലെടുക്കുകയുണ്ടായി. വിജിലൻസ് അന്വേഷണം നടക്കുന്നതിലാണ് കമ്പ്യൂട്ടറുകൾ സുരക്ഷിതമായി സൂക്ഷിച്ചിട്ടുള്ളതും ഉപയോഗത്തിന് നൽകാതിരുന്നതും. കമ്പ്യൂട്ടറുകൾ ഉപയോഗത്തിനായി നല്കുന്നതിന് വിജിലൻസിന്റെ അനുമതിക്കായി വിജിലൻസ് പോലീസ് ഇൻസ്പെക്ടർക്ക് 18.05.2016 ന് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ മറുപടി ലഭിച്ചിട്ടില്ലാത്തതും 18/06/2018 ന് ഒരു കത്ത് കൂടി നല്കിയിട്ടുള്ളതാണ്. ഭൗതിക പരിശോധന നടത്തിയതില് നിന്നും ടി കന്പ്യൂട്ടറുകള് ഇപ്പോള് ഉപയോഗിക്കാന് കഴിയാത്ത അവസ്ഥയിലാണ് ഉള്ളത് എന്ന വിവരം ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 5. | ഓമല്ലൂർ | 4.1.10 | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് 2007-08, 2008-09 വർഷങ്ങളിലായി 405949 രൂപ ചെലവിട്ട് നിർമ്മിച്ച വൃദ്ധസദനം നാളിതുവരെ പ്രവർത്തനക്ഷമമായില്ല. | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് 2007-08, 2008-09 വർഷങ്ങളിലായി 405949/- രൂപ ചെലവഴിച്ച് നിർമ്മിച്ച വൃദ്ധ സദനത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും കെട്ടിടം നിർമിച്ച സ്ഥലം വൃദ്ധർക്ക് എത്തിച്ചേരാന് കഴിയാത്ത വിധം ഉയരത്തിലായതിനാല് പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിരുന്നില്ല. ആയത് ഉൾക്കൊണ്ട്കൊണ്ട് വൃദ്ധ സദനത്തിന് വേണ്ടി പണികഴിപ്പിച്ചിട്ടുള്ള പ്രസ്തുത കെട്ടിടത്തിൽ സർക്കാർ പുതിയതായി അനുവദിച്ച ഹോമിയോ ഡിസ്പൻസറി പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 21.03.2014 ലെ കമ്മിറ്റി തീരുമാനം കൈകൊണ്ടിട്ടുള്ളതും, ടി സ്ഥാപനത്തിലേക്ക് സർക്കാരിൽ നിന്നും മെഡിക്കൽ ഓഫീസറെ നിയമിക്കുകയും, ഇതിനെതുടർന്ന് 30.10.2014 ൽ ഹോമിയോ ഡിസ്പൻസറിയുടെ ഔപചാരിക ഉത്ഘാടനം അന്നത്തെ ആരോഗ്യ ദേവസം വകുപ്പ് മന്ത്രി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. വൃദ്ധസദനത്തിനുവേണ്ടി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ ഗ്രാമപഞ്ചായത്ത് ആഫീസിലും ഹോമിയോ ഡിസ്പൻസറിയിലും ഉപയോഗിച്ച് കൊണ്ടിരിക്കുകയാണ്. ടി പ്രദേശത്ത് തിങ്ങിപാർക്കുന്ന പട്ടികജാതി വിഭാഗത്തിലെ ജനങ്ങൾക്ക് ഈ ഡിസ്പൻസറിയുടെ സേവനം ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള വിവരം ബോദ്ധ്യപ്പെടുത്തികൊള്ളുന്നു. |

H3 167

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2014-15 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിന്മേൽ

## തിരുവല്ല നഗരസഭ സ്വീകരിച്ച നടപടി വിശദീകരണ പത്രിക

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ശുപാർശ/നിർദ്ദേശം | ശുപാർശ/നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2014--15 | 4.1.4 | തിരുവല്ല നഗരസഭ 2012-13 ൽ 548785/-രൂപ ചെലവിട്ട് നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റുകൾ ഉപയോഗശൂന്യമാണ്.<br>നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി വാങ്ങിയ പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് ഉപകരണങ്ങൾ ഉപയോഗമില്ലാതെ നഗരസഭാ കോമ്പൗണ്ടിലും, ഷോപ്പിംഗ് കോംപ്ലക്സ് കോമ്പൗണ്ടിലുമായി ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുകയാണ്.<br>344835/-രൂപ ചെലവിട്ടാണ് ഈ ഉപകരണങ്ങൾ വാങ്ങിയത്. | തിരുവല്ല നഗരസഭയിൽ 2012-13 വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയ തിന്റെ ഭാഗമായി നഗരസഭാ പ്രദേശത്തുള്ള വീടുകളിൽ ജൈവ മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സബ്സിഡി നിരക്കിൽ ഗുണഭോക്തക്കളുടെ അപേക്ഷ പ്രകാരം നല്കിയിരുന്നു.<br>നഗരസഭ പദ്ധതി നടപ്പിലാക്കിയ സമയത്ത് ക്വട്ടേഷൻ ക്ഷണിച്ച് മാലിന്യ സംസ്കരണ ഉപാധികൾ സപ്ലൈ ചെയ്യുന്ന കോഴിക്കോട് ആസ്ഥാനമായുള്ള Radiant Market Beams എന്ന കമ്പനിയുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ ബയോ ഗ്യാസ് പ്ലാന്റുകൾ കമ്പനി എത്തിക്കുകയായിരുന്നു. ഇവ ഗുണഭോക്താക്കൾക്ക് നല്കുന്ന സമയത്ത് കേടുപാടുകൾ ഉള്ളവ മാറ്റി നഗരസഭാ പരിസരത്ത് സൂക്ഷിക്കുകയും കമ്പനിയിൽ നിന്നും പഴയതിന് പുതിയവ എത്തിച്ച് ഗുണഭോക്താക്കൾക്ക് നല്കുകയും ചെയ്തിട്ടുള്ളതാണ്. കേടായ 6 ബയോഗ്യാസ് പ്ലാന്റുകൾ കമ്പനി തിരികെ കൊണ്ടുപോകാൻ കാലതാമസം നേരിട്ടതിനാലാണ് നഗരസഭാ കോമ്പൗണ്ടിൽ സൂക്ഷിച്ചിരുന്നത്<br>കേടായ പ്ലാന്റുകൾ നഗരസഭാ കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്ത് തിരികെ കമ്പനിയ്ക്ക് കൈമാറിയിട്ടുള്ളതാണ് എന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു.<br>ഗുണമേന്മയുള്ള ബയോഗ്യാസ് പ്ലാന്റുകൾ തന്നെയാണ് ഗുണഭോക്താക്കൾക്ക് നല്കിയിട്ടുള്ളത്.<br>2012-13, 2013-14 വർഷങ്ങളിലായി 4200 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും 240 ബയോഗ്യാസ് പ്ലാന്റുകളും ഗുണഭോക്താക്കൾക്ക് നല്കിയിട്ടുള്ളതും ഇവയുടെ കൈപ്പറ്റ് രസീത് നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ളതുമാണ് എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |

~~114~~ 168

| | | | | |
|---|---|---|---|---|
| 2 | | 4.1.15 | തിരുവല്ല നഗരസഭ 2011-12 മുതൽ 2013-14 വരെ 1525899/-രൂപ ചെലവഴിച്ച കുട്ടികളുടെ പാർക്ക് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടില്ല. നിലവിൽ കാടുപിടിച്ച നിലയിലാണ് പാർക്ക്. | 2016 ൽ കുട്ടികളുടെ പാർക്ക് പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി തുറന്നു കൊടുത്തിട്ടുള്ളതാണ്. പ്രവേശനം സൗജന്യമാണ്. പൊതുവേ തിരക്ക് കുറവാണെങ്കിലും അവധി ദിവസങ്ങളിൽ കുട്ടികളും രക്ഷിതാക്കളും പാർക്കിൽ എത്തിച്ചേരുന്നുണ്ട്. നിത്യവും നഗരസഭയിൽ നിന്നും പാർക്ക് വൃത്തിയാക്കുന്നുണ്ട്. |
| 3 | | 4.1.15 | **ഡംപർ പ്ലേസർ ഉപയോഗിക്കാതെ തന്നെ പ്രവർത്തനരഹിതം; 9.85 ലക്ഷത്തിന്റെ നിഷ്ക്രിയാസ്തി**<br><br>തിരുവല്ല നഗരസഭ 2003-04ൽ ശുചീകരണ വാഹനമായ ഡംപർ പ്ലേസർ 9,85,000/രൂപ ചെലവഴിച്ച് ഗുജറാത്തിൽ നിന്നും വാങ്ങി. എന്നാൽ വാഹനത്തിന്റെ സ്റ്റേറ്റ് എൻട്രി ടാക്സ് അടയ്ക്കാത്തതിനാൽ ഉപയോഗിക്കുവാൻ കഴിയാതെ വന്നു. ഹൈഡ്രോളിക് സിസ്റ്റം തകർന്ന് വാഹനം തകരാറിലുമായി. നിലവിൽ, റിപ്പയർ ചെയ്യാൻ കഴിയാത്തവിധത്തിൽ വാഹനം നഗരസഭാ വളപ്പിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. | തിരുവല്ല നഗരസഭയുടെ 10-ാം പഞ്ചവത്സര പദ്ധതിയിൻ കീഴിൽ M/009/04-ാം നമ്പർ പ്രൊജക്ട് പ്രകാരം ചവർ നീക്കം ചെയ്യുന്നതിനായി ഒരു ഡംപർ പ്ലേസറും കണ്ടെയ്നറുകളും M/s. ദുർഗ്ഗാ ട്രാക്റ്റേഴ്സ് ഗുജറാത്തിൽ നിന്നും വാങ്ങിയിട്ടുള്ളതാണ്.<br><br>ടി പ്രൊജക്ട് പ്രകാരം ഒരു ഡംപർ പ്ലേസറും 4.5m$^3$ കപ്പാസിറ്റിയുള്ള 5 M.S. കണ്ടെയ്നറുകളും വാങ്ങുന്നതിന് പത്രപരസ്യം മുഖേന ക്വട്ടേഷൻ ക്ഷണിക്കുകയും M/s. ദുർഗ്ഗ ട്രാക്ടേഴ്സ് മുഖാന്തിരം 9,85,000/- രൂപയ്ക്ക് വാങ്ങിച്ചിട്ടുള്ളതാണ്. ടി ഡംപർ പ്ലേസറിന്റെ രജിസ്ട്രേഷൻ, ഇൻഷ്വറൻസും എടുക്കുന്നതിനുവേണ്ടി വാഹനം സപ്ലൈ ചെയ്ത ദുർഗ്ഗ ട്രാക്ടേഴ്സിനെ അറിയിപ്പ് നൽകുകയും എന്നാൽ സ്ഥാപനം മറുപടി നൽകിയിട്ടില്ലാത്തതാണ്. തുടർന്ന് ഡംപർപ്ലേസർ റെജിസ്ട്രേഷനുവേണ്ടി ജോയിന്റ് ആർ.റ്റി.ഓ തിരുവല്ലയിൽ അപേക്ഷിച്ചതിൽ സ്റ്റേറ്റ് എൻട്രി ടാക്സ് അടച്ച രസീത് ഹജരാക്കിയാൽ മാത്രമേ റജിസ്ട്രേഷൻ നടത്തുവാൻ കഴിയുകയുള്ളൂ എന്ന് അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. റജിസ്ട്രേഷൻ നടപടികൾക്കായി സെയിൽടാക്സ് ഓഫീസറുടെ ഫോം 2 പ്രകാരമുള്ള സർട്ടിഫിക്കേറ്റ് ഹാജരാക്കണമെന്ന് നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് സെയിൽസ് ടാക്സ് ഓഫീസിൽ അന്വഷിച്ചപ്പോൾ M/s. ദുർഗ്ഗ ട്രാക്ടേഴ്സ് നൽകിയ ബിൽ ജനുവിൻ അല്ലാ എന്നും എൻട്രി ടാക്സ് ഒടുക്കേണ്ടതാണെന്നും അറിയിച്ചു. എൻട്രി ടാക്സ് ഒടുക്കുവാനുള്ള രേഖകൾ ഹാജരാക്കുവാൻ പ്രസ്തുത സ്ഥാപനത്തിൽ നിരന്തരം ആവശ്യപ്പെട്ടിട്ടും വീഴ്ച വരുത്തിയതിനാൽ സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് കൗൺസിൽ വക്കീലിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് 21/2/05 ൽ സ്ഥാപനം 99,523/-രൂപ എൻട്രി ടാക്സ് അടച്ച രസീത് ഹാജരാക്കുകയും വാഹനത്തിന്റെ രജിസ്ട്രേഷൻ ഫീ അടയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. വാഹനത്തിന്റെ ടെമ്പററി രജിസ്ട്രേഷൻ ദുർഗ്ഗ ട്രാക്ടേഴ്സ് ഗുജറാത്ത് ആയതിനാൽ അത് നഗരസഭയുടെ പേരിൽ റീ രജിസ്ട്രേഷൻ നടത്തുന്നതിന് ഗുജറാത്തിൽ നിന്നും എൻ.ഒ.സി ലഭിക്കേണ്ട ആവശ്യമുണ്ട് എന്ന് ജോയിന്റ് ആർ.ടി.ഒ ഓഫീസിൽ നിന്നും അറിയിച്ചു. എന്നാൽ എൻ.ഒ.സി ലഭിക്കാനുള്ള കാലതാമസം മൂലം വാഹനം പ്രവർത്തിക്കാതെ |

45 169

| | | | | |
|---|---|---|---|---|
| | | | | ഇരുന്നാൽ ഉണ്ടാകാവുന്ന നാൾനഷ്ടവും സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് KMV Act section 22 പ്രകാരം ശുചീകരണ വാഹനങ്ങൾക്ക് ടാക്സ് ഒഴിവാക്കിയതിനാൽ വാഹനം പ്രവർത്തിപ്പിക്കുവാനുള്ള നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് വാഹനം പ്രവർത്തിപ്പിച്ച് നോക്കുകയും, എന്നാൽ ആദ്യ ദിവസം തന്നെ വാഹനത്തിന്റെ ഹൈഡ്രോളിക് സിസ്റ്റം പ്രവർത്തന രഹിതമായതിനെ തുടർന്ന് ഹൈഡ്രോളിക് സിസ്റ്റത്തിന്റെ തകരാറ് പരിഹരിക്കുന്നതിന് ITIS TIME STEEL എന്ന സ്ഥാപനത്തെ കൊണ്ട് പരിശോധിപ്പിക്കുകയും എന്നാൽ തകരാറ് പരിഹരിക്കുവാൻ സാധിക്കാത്തതിനാൽ വിശദമായി ഒരു മെക്കാനിക്കൽ എഞ്ചിനീയർ വാഹനം പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും അസി എസി.എക്സി. എഞ്ചിനീയർ PWD മെക്കാനിക്കൽ വിംഗ് മാവേലിക്കരയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. PWD മെക്കാനിക്കൽ വിംഗ് നടത്തിയ പരിശോധനയിൽ ഡംപർപ്ലേസർ പ്രവർത്തന ക്ഷമമല്ലെന്നും കണ്ടെയിനർ ഉയർത്തി ഡംപിംഗ് നടത്തിയ ശേഷം ജാക്കി താഴ്ത്താൻ സാധിക്കുകയില്ലയെന്ന് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ഗവ. അംഗീകൃത സർവ്വീസ് സെന്ററിൽ നിന്നും ഹൈഡ്രോളിക് സിസ്റ്റം പരിഹരിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആരും തന്നെ പ്രതികരിക്കാൻ തയ്യാറായിട്ടില്ലാത്തതാണ്. വാഹനത്തിന്റെ ഹൈഡ്രോളിക് സംവിധാനം പ്രവർത്തന സജ്ജമാക്കുന്നതിന് അനുയോജ്യമായ വർക്ക് ഷോപ്പ് സേവനം ലഭ്യമാകാതിരുന്നത് മൂലം വാഹനം നന്നാക്കി പ്രവർത്തന ക്ഷമമാക്കാൻ കഴിയാത്ത സ്ഥിതി സംജാതമായിട്ടുണ്ട്. പ്രസ്തുത വാഹനം കൈയ്യൊഴിയുന്നതിന് വാഹനത്തിന്റെ മതിപ്പ് വില നിശ്ചയിക്കുന്നതിന് എ.ഇ.ഇ, P W D മെക്കാനിക്കൽ വിംഗ്, മാവേലിക്കരയ്ക്ക് നഗരസഭയിൽ നിന്നും ഫീസ് ഒടുക്കി അപേക്ഷ നൽകിയിട്ടുള്ളതാണ്. |

L. SINDHU
Special Secretary to Govt.
Local Self Government Dept.
Govt. Secretariat
Thiruvananthapuram
Phone: 0471-2518346, 2327292

| | | | |
|---|---|---|---|
| | | | ആഹാരം പാകം ചെയ്ത് നൽകുന്നതിനും രണ്ട് ആളുകളെ നിയമിച്ച് വേതനം നൽകുന്നതിനും വൃദ്ധ ജനങ്ങളെയും അവർക്കുള്ള ആഹാരം എത്തിക്കുന്നതിനുള്ള വാഹന വാടക നൽകുന്നതിനും വികസന ഫണ്ടിൽ നിന്നും 2,58,500/-രൂപ വകയിരുത്തിയിട്ടുണ്ട്. ടി പകൽവീട് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് 2010-11 സാമ്പത്തിക വർഷം പ്രോജക്ട് വച്ച് വാങ്ങിയിട്ടുള്ള ഫർണ്ണിച്ചറുകൾ ഉപയോഗപ്രദമാക്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു. |
| | 4.1.15 | <u>നിഷ്ക്രിയാസ്തികൾ-ശ്മശാനം മുതൽ ആംബുലൻസ് വരെ</u><br><br>കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് 2008-09 ൽ ആരംഭിച്ച മിനിസ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 2009-10 വരെ 4,80,482/- രൂപ ചെലവഴിച്ചു. എന്നാൽ ഒരു ഭാഗത്തെ മണ്ണിടിക്കൽ മാത്രമേ ഇതുവരെ പൂർത്തിയായുള്ളു. നിലവിൽ സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലം കാടുപിടിച്ചു കിടക്കുന്നു. | <u>കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്</u><br><br>കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന് സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും ലഭിച്ച ഗ്രാന്റ് ഉപയോഗിച്ചാണ് ടി കുന്നും തടവുമായിരുന്ന സ്ഥലം നിരപ്പാക്കി സ്റ്റേഡിയം നിർമ്മാണത്തിനായി 480482/- രൂപ ചെലവഴിച്ചിട്ടുള്ളത്. ആകെ 5 ലക്ഷം രൂപ മാത്രമേ ഇതിനായി ലഭ്യമായിരുന്നുള്ളു. തുടർന്ന് സർക്കാർ ഗ്രാന്റ് ലഭിക്കാതിരുന്നതിനാലായും, പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ മതിയായ പദ്ധതി വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമല്ലാത്തതിനാലുമാണ്, ടി സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തത്. സ്റ്റേഡിയമായി നിർമ്മിതി നടത്തിയില്ലെങ്കിലും പ്രസ്തുത സ്ഥലം കളിസ്ഥലമായി പഞ്ചായത്ത് ഒരുക്കിയിട്ടുള്ളതും ഗ്രാമവാസികൾ ഉപയോഗിച്ചു വരുന്നുമുണ്ട് എന്ന വിവരം സമർപ്പിക്കുന്നു. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2014-15 സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| | | | |
|---|---|---|---|
| | 4.1.5 | 4.1.5 വ്യവസായകേന്ദ്രങ്ങൾ കെട്ടിടം നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു<br><br><u>അയ്മനം ഗ്രാമ പഞ്ചായത്ത്</u><br>2008-09 400000/-രൂപ ചെലവഴിച്ചു നിർമ്മിച്ച വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഇതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല | അയ്മനം ഗ്രാമപഞ്ചായത്തിൽ 2010ൽ നിർമ്മാണം തുടങ്ങിയ വനിതാ തൊഴിൽ സംരംഭ കേന്ദ്രം നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളതാണ്. ടി കെട്ടിടത്തിൽ വനിതാ കുടുംബശ്രീ യൂണിറ്റുകളുടെ ആഴ്ച ചന്തകൾ, മാസ ചന്തകൾ, കുടുംബശ്രീ പഠന ക്ലാസ്സുകൾ, വനിതാ വ്യവസായ പരിശീലന പരിപാടി, വനിതാ ആരോഗ്യ പരിപാലന ക്ലാസ്സ്, നിയമ ബോധന ക്ലാസ്സ് തുടങ്ങി നിരവധി പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത്<br>ദീർഘവീക്ഷണമില്ലാത്ത വ്യവസായ പദ്ധതി 25,88 ലക്ഷം രൂപ പാഴായി<br>എസ് സി വ്യസായ കേന്ദ്രത്തിനായി 2007/08 മുതർ 2011/12 വരെ 2588959 രൂപ ചെലവഴിച്ചു . കുടുംബശ്രീ അംഗങ്ങളായ എസ് സി വനിതകൾക്ക് പേപ്പർ ഗ്ലാസ് .പ്ലേറ്റ് എന്നിവ നിർമിക്കാനുള്ള പദ്ധതിയാണ് വിഭവനം ചെയ്തത്.കൈ കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങളാണ് വാങ്ങിയത് . ഇവക്ക് ആധുനിക യന്ത്രങ്ങളാൽ | മുണ്ടക്കയം ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളുടെ ദാരിദ്ര നിർമ്മാർജ്ജനത്തിനു ലക്ഷ്യമിട്ട് കുടുംബശ്രീയംഗങ്ങളായ എസ്.സി വനിതകൾക്ക് തൊഴിൽ സംരഭമായി ആരംഭിച്ച വ്യവസായിക കേന്ദ്രം ഓട്ടോമാറ്റിക്ക് യന്ത്രസഹായമില്ലാതെ വ്യാവസായികമായി ഉൽപാദനം സാധ്യമല്ലാതെ വന്നതോടെയാണ് പ്രവർത്തന രഹിതമായത്. ഇത് പരിഹരിക്കുന്നതിന് തയ്യൽ പരിശീലനം പോലുള്ള യൂണിറ്റുകൾ കൂടി പ്രവർത്തനക്ഷമമാക്കുന്നതിന് 2016/17ൽ പ്രോജക്ട് നം 176/18-ായി 9 ലക്ഷം രൂപയുടെ പുഞ്ചവയൽ പട്ടിക ജാതി വ്യവസായ കേന്ദ്രത്തിന് |

| | | | |
|---|---|---|---|
| | | നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളെക്കാൾ ഗുണ മേൻമ കുറവായതിനാൽ മാർക്കറ്റിൽ ആവശ്യക്കാർ കുറവായിരുന്നു. ലാഭം ഇല്ലാത്തതിനാൽ വ്യവസായകേന്ദ്രം അടച്ചു പൂട്ടി.നിലവിൽ യന്ത്രങ്ങൾ തുരുമ്പെടുക്കുന്നു. | മെഷിനറിയും, തൊഴിൽ പരിശീലനവും എന്ന പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുകയാണ്. മറ്റ് തൊഴിൽ സംരംഭങ്ങളായ പേപ്പർ ക്യാരി ബാഗ്, ഓഫീസ് ഫയൽ നിർമ്മാണം എന്നിവയിൽ കൂടി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ പേപ്പർ ഗ്ലാസ്സും, പ്ലെയിറ്റും നിർമ്മിക്കുന്നതിന് നിലവിലുള്ള യന്ത്രങ്ങൾ മാറ്റി ഓട്ടോമാറ്റിക്ക് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് 2017/18-ലെ പദ്ധതിയിൽ തന്നെ സാധിക്കുമെങ്കിൽ തുക വകയിരുത്തുന്നതിനും, ഈ വർഷം തന്നെ പാഴ്ചെലവ് ഒഴിവാക്കി ഉൽപാദനം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ് എന്ന് പഞ്ചായതത്ത് റിപ്പോർട്ടു ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| | | **ഉദയനാപുരം ഗ്രാമപഞ്ചായത്തില്** 1121085/-രൂപ ചെലവഴിച്ച് 2009-10 ല് നിർമ്മിച്ച എസ്.സി. വർക്ക് ഷെഡില് വ്യവസായങ്ങളൊന്നും ഇതുവരെ തുടങ്ങിയിട്ടില്ല. | പട്ടികജാതി വിഭാഗത്തില്പ്പെട്ട ചെറുകിട വ്യവസായ ഗ്രൂപ്പുകൾക്ക് വ്യവസായം നടത്തുന്നതിലേക്ക് സഹായമാകുന്ന ഒരു പദ്ധതിയായിട്ടാണ് പഞ്ചായത്ത് എസ്.സി. വർക്ക് ഷെഡ് നിർമ്മിച്ചത്. ടി കെട്ടിടത്തില് എന്തെങ്കിലും വ്യവസായം ആരംഭിക്കാൻതക്ക വിധം വൈദ്യുതീകരണവും നടത്തിയിട്ടുണ്ട്. നിലവിൽ ടി വർക്ക് ഷെഡില് വ്യവസായങ്ങളൊന്നും ആരംഭിച്ചിട്ടില്ലായെന്നും, ആയത് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയില്പ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും പഞ്ചായതത്ത് റിപ്പോർട്ടു ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| | 4.1.6 | **എരുമേലി ഗ്രാമപഞ്ചായത്ത്** 2008 പണിയാരംഭിച്ച കാർഷിക വിജ്ഞാപന്കേന്ദ്രം ഇതുവരെ പൂർത്തിയായിട്ടില്ല. | എരുമേലി ഗ്രാമപഞ്ചായത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ 355000/-രൂപ ചെലവഴിച്ച് ഒരു കാർഷിക വിജ്ഞാനകേന്ദ്രം സ്ഥാപിക്കുകയു-ായി. ആയതിന് ടി പ്രോജക്ട് പ്രകാരം ഉദ്ദേശിച്ചിരുന്ന സ്ട്രക്ച്ചർ രൂപീകരണത്തിന് ആവശ്യമായ തുക മാത്രമേ അന്ന് ചെലവഴിച്ചിരുന്നുള്ളൂ. എന്നാൽ തുടർന്ന് കെട്ടിടം പൂർത്തീകരിക്കുന്നതിനായി നടപടികളൊന്നും തന്നെ സ്വീകരിച്ചിരുന്നില്ല. ആയത് പൂർത്തീകരിക്കുന്നതിനായി 2017-18 വാർഷിക പദ്ധതിയിൽ കാർഷിക വിജ്ഞാന വിപണന കേന്ദ്രം മെയിന്റനൻസ് എന്ന പേരിൽ ഒരു പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതാണ്. 1075000/-രൂപ അടങ്കൽ തുകയുള്ള ടി പ്രോജക്ടിൽ പ്ലാൻ ഇനത്തിൽ 575000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 500000/-രൂപയും ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. ഈ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുള്ളതും, ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ് എന്ന് പഞ്ചായതത്ത് റിപ്പോർട്ടു ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| | 4.1.7 | <u>അയ്മനം ഗ്രാമ പഞ്ചായത്ത്</u><br>2007-08, 882810/-രൂപ ചെലവഴിച്ച കുടിവെള്ള പദ്ധതി പ്രവർത്തന രഹിതമാണ് | അയ്മനം കുടിവെള്ള പദ്ധതി എന്ന പേരിൽ പഞ്ചായത്തിൽ ആരംഭിച്ച ഈ പദ്ധതി വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവന്നിരുന്ന ഒരു പദ്ധതിയാണ്. പഞ്ചായത്തിന്റെ 5, 13 ,14, 15 വാർഡുകളിലെ ഏതാണ്ട് 150-ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ച് വന്നിരുന്ന ഈ പദ്ധതി പഞ്ചായത്തിലെ 20 വാർഡുകളിലും കുടിവെള്ളം എത്തിക്കുവാനുള്ള പഞ്ചായത്തിലെ "ജലനിധി" എന്ന ബൃഹദ് പദ്ധതിയുടെ ആരംഭ പ്രവർത്തനഫലമായി ചില സാങ്കേതിക തടസ്സങ്ങൾ നേരിടുകയും താൽക്കാലികമായി നിലച്ചുപോയിട്ടുള്ളതാണ്. എന്നാൽ 2015-16 വർഷപദ്ധതിയിൽപ്പെടുത്തി അയ്മനം കുടിവെള്ള പദ്ധതിക്കായി 10 എച്ച്.പി. മോട്ടോർ പമ്പ് സെറ്റ് വാങ്ങുകയും, ടി പദ്ധതി പുനരാരംഭിക്കുന്നതിന് ഊർജ്ജിതമായ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| | | <u>രാമപുരം ഗ്രാമ പഞ്ചായത്ത്</u> 1997 -98 മുതൽ 2006-07 വരെയുള്ള കാലയളവിൽ | 1997-98 വർഷത്തെ പ്രോജക്ട് നമ്പർ 26/97 ആയി ടി പദ്ധതി ആരംഭിച്ചു. കുടിവെള്ള ക്ഷാമം രൂക്ഷമായ തേക്കുമലക്കുന്ന് ഭാഗത്തെ 110 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. 1997-98, 98-99 വർഷങ്ങളിലായി 6065461/-രൂപ മുടക്കി കുളം, ടാങ്ക്, പമ്പ് ഹൗസ്, പൈപ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടന്നു. തുടർന്ന് 1999-2000, 2000-01, 2002-03, 2004-06, 2006-07, വർഷങ്ങളിൽ യഥാക്രമം 68800/-, 80650/-, 38000/-, 409500/-, 92740/- രൂപ ചെലവഴിച്ചു. പദ്ധതിയുടെ ഇതുവരെയുള്ള ആകെ ചെലവ് 1296236/-രൂപയാണ്. നിലവിലുള്ള പൈപ്പും മോട്ടോറും കാലപ്പഴക്കത്താൽ തുരുമ്പെടുത്ത് ജീർണ്ണാവസ്ഥയിലാണ്. ആയവ മാറ്റി സ്ഥാപിച്ചാൽ മാത്രമേ പദ്ധതി പ്രവർത്തനക്ഷമമാകൂ. രാമപുരം പഞ്ചായത്തിലെയും ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെയും വിവിധ പദ്ധതികളിലായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 80 കുടുംബങ്ങൾക്ക് വെള്ളം ലഭ്യമാക്കുകയും ബാക്കി 76 കുടുംബങ്ങൾക്കുള്ള പദ്ധതി രൂപീകരിച്ച് ഇപ്പോൾ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. 2017-18 പദ്ധതിയിൽ 3 ലക്ഷം രൂപ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും പുതിയ മോട്ടോർ വാങ്ങുന്നതിനും വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ് എന്ന് |

| | | | |
|---|---|---|---|
| | | | പഞ്ചായത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| | 4.1.9 | **പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്** 2008–09ൽ 593325/–രൂപ ചെലവഴിച്ച് നിർമ്മിച്ച മത്സ്യ മാർക്കറ്റ് പ്രവർത്തനമില്ലാതെ കാടുപിടിച്ചു കിടക്കുന്നു. ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിനെ മത്സ്യ മാർക്കറ്റായി മാറ്റുകയായിരുന്നു. | പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് 2008–09 വർഷം നിർമ്മിച്ച മത്സ്യ മാർക്കറ്റ് മത്സ്യ വിപണനം നടത്തുന്നതിനു വേണ്ടി ക്യൂബിക്കിൾസ് തിരിച്ചായിരുന്നു നിർമ്മാണം നടത്തിയിരുന്നത്. പ്രസ്തുത കാലത്ത് മത്സ്യ മാർക്കറ്റ് നടത്തുന്നതിനെതിരെ തൊട്ടടുത്ത് പ്രവർത്തിക്കുന്ന ഡോൺ ബോസ്ക്കോ ഹയർ സെക്കന്ററി സ്കൂൾ ബഹു.കേരളാ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, സ്റ്റേ വാങ്ങുകയും ചെയ്തു. ആയതിനാലാണ് ടി കെട്ടിടം ഉപയോഗിക്കാതിരുന്നത്. മറ്റ് ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ടി കെട്ടിടം ഉപയോഗിക്കുന്നതിനു വേണ്ടി പഞ്ചായത്ത് കമ്മിറ്റിയിൽ ടി വിഷയം അജണ്ടയായി വച്ചിട്ടുള്ളതും, കമ്മിറ്റി തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | 4.1.12 | **എരുമേലി ഗ്രാമപഞ്ചായത്ത്** 2009–10ൽ നിർമ്മാണം ആരംഭിച്ച ആധുനിക അറവുശാലയുടെ നിർമ്മാണംപൂർത്തിയായിട്ടില്ല | എരുമേലി ഗ്രാമപഞ്ചായത്തിൽ ഒരു ആധുനിക അറവുശാല നിർമ്മിക്കുന്നതിലേക്കായി 2007–08ൽ 112/2008 നമ്പരായി പ്രോജക്ട് ആവിഷ്ക്കരിച്ച് 1029581/–രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ഈ അറവുശാലയിലേക്ക് ആവശ്യമായ വൈദ്യുതി കണക്ഷൻ ഉറപ്പുവരുത്തുന്നതിനായി 2007–08ൽ തന്നെ 226/2008 നമ്പരായി 400000/–രൂപ ചെലവഴിച്ച് അറവുശാല ലൈൻ നീട്ടിവലിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതാണ്. തുടർന്ന് 2008–09ൽ അറവുശാല പൂർത്തീകരണം എന്ന പേരിൽ 100/2009 ആയി പ്രോജക്ട് രൂപീകരിച്ച് 1000000/–രൂപ ചെലവഴിച്ചിട്ടുള്ളതാണ്. തുടർന്ന് 2011–12ൽ 71/2012 ആയി 478923/–രൂപ അറവുശാല പൂർത്തീകരണത്തിനായി ചെലഴിച്ചിട്ടുള്ളതാണ്. എന്നാൽ പ്രാദേശികമായ ചില എതിർപ്പുകൾ മൂലം തുടർ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. എന്നാൽ ഈ സാമ്പത്തികവർഷം 338/18 നമ്പരായി അംഗീകാരം ലഭിച്ച പ്രോജക്ടിൽ അറവുശാല പൂർത്തീകരണത്തിനായി 400000/–രൂപ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഇതു പൂർത്തീകരിക്കുന്നതിൽ നിന്നും വിഘാതമായ ഘടകങ്ങൾ ഒഴിവാക്കുകയും ചെയ്തിട്ടുള്ളതാണ്. ടി വിശദീകരണങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഗണിച്ചുകൊണ്ട് ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കി നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. |
| | 4.1.12 | **<u>മീനച്ചൽ ഗ്രാമപഞ്ചായത്ത്</u>** പൈകയിൽ നിർമ്മിച്ചമാർക്കറ്റും അറവുശാലയും നിഷ്ക്രിയ ആസ്തികളായി നിലനിൽക്കുന്നു | അറവുശാലയും മാർക്കറ്റും പ്രവർത്തിക്കുന്നതിന് എതിരെ ഫാ.സക്കറിയാസ് ആറ്റപ്പാട്ട് & അദേഴ്സ് ഫയൽ ചെയ്ത ഡബ്ല്യു.പി.(സി)നം.9297/06 കേസ് ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. ടി കേസ് സംബന്ധിച്ച് വിശദമായ കൗണ്ടർ അഫിഡവിറ്റ് പഞ്ചായത്ത് ഫയൽ ചെയ്തിട്ടുള്ളതാണ്. 18.07.2013ലെ ഐ.എ.നം.8767/13 നമ്പർ ഉത്തരവ് പ്രകാരം ടി അറവുശാലയും മാർക്കറ്റും പ്രവർത്തനം ആരംഭിക്കുന്നത് ബഹു.കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ടി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അഭിഭാഷകൻ അഡ്വ.ഷാജി തോമസ് വഴി നടപടികൾ സ്വീകരിച്ചു വരുന്നതായി പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി അറവുശാലയുടേയും മാർക്കറ്റിന്റേയും പ്രവർത്തനം കോടതി സ്റ്റേ ചെയ്തിട്ടുണ്ടെങ്കിലും ടി ആസ്തികൾ പഞ്ചായത്ത് ഉചിതമായി സംരക്ഷിച്ചുവരുന്നുണ്ട്. ടി അറവുശാലയ്ക്ക് 10.11.2007ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപനാനുമതിയും 09.11.2012 മുതൽ പ്രവർത്തനാനുമതിയും നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഓരോ 3 വർഷം കൂടുമ്പോഴും നിശ്ചിത ഫീസ് ഒടുക്കി ടി പ്രവർത്തനാനുമതിപത്രം പുതുക്കി വാങ്ങുന്നുണ്ടെന്നും, നിലവിൽ 30.06.2018 വരെ ആയതിന് കാലാവധിയുണ്ടെന്നും പഞ്ചായത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം സമർപ്പിക്കുന്നു. |
| | 4.1.15 | **<u>അയ്മനം ഗ്രാമ പഞ്ചായത്ത്</u>**–1997/98 മുതൽ 2005/06 വരെ 5 ലക്ഷം രൂപ ചിലവഴിച്ച് പൊതുകളി സ്ഥലം നിർമ്മിച്ചു. കളിസ്ഥലത്തിന് കരിങ്കൽ ഭിത്തി ഭാഗികമായി കെട്ടി എർത്ത് ഫില്ലിംഗുംനടത്തി. നിലവിൽ ഭിത്തി ഭാഗികമായി തകർന്ന് കളിസ്ഥലം പാഴ്ച്ചെടികൾ നിറഞ്ഞ അവസ്ഥയിലാണ്. | ടി കളിസ്ഥലം നിർമ്മാമം പൂർത്തിയായതിനുശേഷം , ആയതിന്റെ നിർമ്മാണത്തിനെതിരെ വിജിലൻസ് അന്വേഷണം ഉണ്ടാവുകയും ആയതു പ്രകാരം കരാറുകാരനിൽ നിന്നും 12948/ രൂപ ഈടാക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച്, ഇ എം ഡി യിൽ നിന്നും ടി തുക ഈടാക്കുന്നതിനെതിരെ കരാറുകാരൻ മുൻസിഫ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ വേലകൾ മുടങ്ങി പോകുകയുമാണ് ഉണ്ടായത്.<br>സർക്കാരിൽ നിന്നും 5 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചതുപയോഗിച്ച് ടി സ്ഥലത്ത് ഇൻഡോർ സ്റ്റേഡിയം , സ്വിമ്മിംഗ് പൂൾ എന്നിവ നിർമ്മിക്കുന്നതിനായി കിഡ്കോ എസ്റ്റിമേറ്റ് |

തയ്യാറാക്കുകയും സോയിൽ ടെസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിക്കുന്നതായും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

① 175 121 54

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2014-2015 ലെ ഖണ്ഡികകളിന്മേൽ നൽകുന്ന ന്യൂനത പരിഹാര നടപടി പത്രിക

| ഖണ്ഡിക നം | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | നിഗമനങ്ങൾ/ശുപാർശകൾ | സ്വീകരിച്ച നടപടി |
|---|---|---|---|
| 4.1.5 | ആര്യാട്, മാടപ്പള്ളി, ഏറ്റുമാനൂർ | <u>വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു.</u><br><br><u>ആര്യാട് ബ്ലോക്ക് പഞ്ചായത്ത്</u><br><br>2000-01ൽ 19 ലക്ഷം രൂപ ചെലവഴിച്ച് പണി തീർത്ത് കയർ കോമൺ ഫെസിലിറ്റി സെന്റർ പ്രവർത്തനരഹിതമാണ്.<br><br>മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 201-13 ൽ 2449935/-രൂപ ചെലവഴിച്ച നിർമ്മിച്ച എസ്.സി.വനിത പരിശീലനകേന്ദ്രം ഇതുവരെ ലക്ഷ്യം നേടിയിട്ടില്ല.രണ്ടുനില കെട്ടിടത്തിൽ | <u>ആര്യാട് ബ്ലോക്ക് പഞ്ചായത്ത്</u><br>ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥിതി ചെയ്യുന്ന 1 ഏക്കർ 5 സെന്റ് സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടം കേന്ദ്രീകരിച്ച് ജനകീയാസൂത്രണ പദ്ധതി പ്രകാരം വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 20 ലക്ഷം രൂപയുടെ പ്രോജക്ട് പ്രകാരം ഗ്രൂപ്പുകൾക്ക് ചകിരി വിതരണം ചെയ്ത് പ്രസ്തുത പദ്ധതി പ്രകാരം 5000/-രൂപ വീതം 5 അംഗങ്ങൾ അടങ്ങുന്ന കയർ മേഖലയിൽ പ്രവർത്തിക്കുന്ന 50 ഗ്രൂപ്പുകൾക്ക് 20 ലക്ഷം രൂപ നൽകി 2015-16 സാമ്പത്തിക വർഷം ഇതേ പ്രോജക്ട് കോമൺ ഫെസിലിറ്റി സെന്റർ വഴി വിതരണം ചെയ്യുന്നതിലൂടെ ഉദ്പാദിപ്പിക്കുന്ന കയറിന്റെ മാർക്കറ്റിംഗ് ഈ പ്രദേശത്തെ 450 വനിതകൾക്ക് ചെറുകിട കൈത്തൊഴിലുകൾ ചെയ്യുന്നതിന് ഉതകുന്ന ചകിരി ബ്ലീച്ച് ചെയ്ത കയർ മറ്റ് അനുബന്ധ സാമഗ്രികൾ നൽകുന്നതിനും അവർക്ക് വേണ്ട പരിശീലനം നൽകുന്നതിനും അതു വഴി അവരുടെ പൊതുവായ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഗണിക്കുന്ന തിനുള്ള ഒരു കേന്ദ്രമായി ഈ കോമൺ ഫെസിലിറ്റി സെന്ററിനെ ഉയർത്തുന്നതിനും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ,സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><u>മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്</u><br>വനിതാ വ്യവസായ പരിശീലന കേന്ദ്രമായിട്ടാണ് മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ പ്ലാൻ ഫണ്ട് കേന്ദ്രാവിഷ്കൃത ഫണ്ടും ഉൾപ്പെടുത്തി കെട്ടിടം നിർമ്മിച്ചത്. നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽ നടത്തുന്ന എല്ലാ |

76 / 58

| | | | |
|---|---|---|---|
| | | വൈദ്യുതീകരണം പൂർത്തിയായിട്ടില്ല. നിലവിൽ മുകളിലത്തെ നിലയിലെ ഹാൾ കൗൺസിൽ ഹാളായി ഉപയോഗിക്കുന്നു. | പരിശീലന പരിപാടികളും [illegible] കെട്ടിടത്തിലാണ് നടത്തുന്നത്. ഇൻടസ്ട്രിയൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവയും പട്ടികജാതി വികസന ഓഫീസിന്റെ പ്രവർത്തന പരിധിയിൽ വരുന്ന വിവിധ പദ്ധതികളോടനുബന്ധിച്ച് നടത്തുന്ന എല്ലാ വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, മറ്റു പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതും ടി പരിശീലന കേന്ദ്രത്തിലാണ്. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ എക്സ്റ്റൻഷൻ ഓഫീസ്, കൃഷി കാര്യാലയം (എഡിഎ) എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സെമിനാറുകൾ, പരിശീലന ങ്ങൾ എന്നിവക്ക് വേദിയാക്കുന്നത് ടി ഹാളാണ്. ഐ.സി.ഡി.എസ്. മാടപ്പള്ളിയുടെ കീഴിലുള്ള അംഗന വാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്കുള്ള പ്രതിമാസ കോൺഫറൻസുകൾ നടത്തുന്നതും ഈ ഹാളിലാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ/നോൺ പ്ലാൻ സ്കീമുകളുമായി ബന്ധപ്പെട്ട സെമിനാറുകൾ, വർക്ക് ഷോപ്പുകൾ മറ്റു പരിപാടികൾ എന്നിവ നടത്തുന്നതും ടി ഹാളിലാണ്. ബ്ലോക്ക് പഞ്ചായത്തും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും നടത്തുന്ന എല്ലാ സെമിനാറുകളും, വർക്ക് ഷോപ്പുകളും, പരിശീലന പരിപാടികളും നടത്തുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഈ കെട്ടിടത്തിലായതിനാൽ വാടകയിനത്തിലുണ്ടാകാവുന്ന ഒരു വലിയ ബാദ്ധ്യത ഇതു മൂലം ഇല്ലാതാകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഈ കെട്ടിടം പൂർണ്ണമായും ഉപയോഗിച്ച് വരുന്നതായി മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | **26 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച 5 വനിതാ വ്യവസായ കേന്ദ്രങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ**<br>കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് 2010.2011 വർഷങ്ങളിലായി വിവിധ ഗ്രാമ പഞ്ചായത്തുകളിൽ പണികഴിപ്പിച്ച 5 വനിതാ വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തനമില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.26 ലക്ഷം രൂപയാണ് ഈ കേന്ദ്രങ്ങളുടെ നിർമ്മാണത്തിന് ചെലവിട്ടത് .<br><br>ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ 2010 ആഗസ്റ്റിൽ ഉദ്ഘാടനം ചെയ്ത തൊഴിൽ സംരംഭക /വനിതാ വ്യവസായകേന്ദ്രം ഇതുവരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല.5 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച ഈ കെട്ടിടം ഉപേക്ഷിക്കപ്പെട്ട നിലയിലാണ് പരിശോധനയിൽ കണ്ടത് .അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ 2011 ൽ പണി പൂർത്തിയായ പട്ടികജാതി വനിതാ വ്യവസായ കേന്ദ്രവും പ്രവർത്തിക്കുന്നില്ല.9 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച കെട്ടിടത്തിലെ രണ്ടുമുറികൾ പരിസരവാസികൾ സ്വകാര്യ ആവശ്യങ്ങൾക്കുപയോഗിക്കുന്നു.ഈ കെട്ടിടവും ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.<br>നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റിൽ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ നിർമ്മിച്ച കെട്ടിടവും അടഞ്ഞുകിടക്കുന്നു.2010 നിർമ്മിച്ച ഈ കെട്ടിടത്തിന്റെ ചെലവ് 5 ലക്ഷം രൂപയാണ്.ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ 2011 ൽ 5 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച വനിതാ വ്യവസായ കേന്ദ്രങ്ങളും ഉപേക്ഷിക്കപ്പെട്ട | <u>ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്</u>.<br>ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് വനിതാ വ്യവസായ കേന്ദ്രങ്ങളിൽ അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച വനിതാ വ്യവസായകേന്ദ്രം എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണെന്നും ഈ കേന്ദ്രത്തിൽ സംരംഭം തുടങ്ങുന്നതിന് എസ്.സി. വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നില്ലായെന്നും ഇപ്പോൾ ഒരു വനിതാ ഗ്രൂപ്പ് സംരംഭം തുടങ്ങാൻ തയ്യാറാക്കിയിട്ടുണ്ടെന്നും ഏറ്റവും അടുത്ത് പ്രവർത്തനം സജ്ജമാക്കാൻ സാധിക്കുമെന്നും നീണ്ടൂർ ഗ്രാമ പഞ്ചായത്തിലെ കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറി യിരുന്നതാണെന്നും ഗ്രാമ പഞ്ചായത്ത് ഇത് വിനി യോഗിക്കാൻ വീഴ്ച വരുത്തിയിരുന്നുവെന്നും ആയത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമ പഞ്ചായത്തു മായി ബന്ധപ്പെടുന്നതാണെന്നും പ്രവർത്തനമില്ലാത്ത മറ്റ് മൂന്ന് കെട്ടിടങ്ങളെ 2015-16 വർഷത്തെ വാർഷിക പദ്ധതിയിലൂടെ പ്രത്യേക പ്രോജക്ടുകളിലൂടെ ഗ്രൂപ്പുകളെ കണ്ടെത്തി സ്വയം തൊഴിൽ സംരംഭം തുടങ്ങി പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാകുന്നതാണെന്നും ഏറ്റു മാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |